www.malankaralibrary.com



# മരിയദർശനം മാർത്തോമ്മാ മുതൽ ഇന്നുവരെ

ഡോ: ജോസഫ് ഞായല്ലൂർ

316

www.malankaralibrary.com

# മരിയദർശനം

## —മാർത്തോമ്മാ മുതൽ ഇന്നുവരെ—

DIOCESE OF PATHANAMTHITTA * ST. THOMAS MINOR SEMINARY *

ഡോ. ജോസഫ് ഞായല്ലൂർ

*Distribution :*

Bethany Publications, Trivandrum.

www.malankaralibrary.com

Maria darsanam

Marthoma Muthal Innuvare

*Malayalam*

a historical study of the Devotion
to Blessed Virgin Mary
of the St. Thomas Christians
from the beginnings to the
Present day.

by

Doctor Joseph Gnayalloor

First edition 1990

Copies 1000

Printed at St. Mary's Press,
Pattom, Trivandrnm

Price Rs. 25/-

Rights reserved

---

*Imprimatur :-*

✠ Most Rev. Benedict Mar Gregorios
Archbishop of Trivandrum.

Trivandrum,
14-7-1990.

www.malankaralibrary.com

# സമർപ്പണം

'സ്നേഹം മമ ദീപം' എന്ന
ആദർശസൂക്തവുമായി
കഴിഞ്ഞ മുപ്പത്തേഴുവർഷങ്ങളായി
ദൈവസ്നേഹത്തിന്റെയും
മനുഷ്യസ്നേഹത്തിന്റെയും
അഴിമുഖത്ത്, ഉദയനക്ഷത്രത്തിന്റെ
പ്രഭാപൂരത്തിൽ, നീതിയിൻ
സൂര്യന്റെ പ്രകാശധോരണിയിൽ,
മലങ്കരമക്കൾക്കു സ്നേഹത്തിന്റെയും
സേവനത്തിന്റെയും
പ്രകാശധാര ചൊരിയുന്ന
ആചാര്യശ്രേഷ്ഠനായ **ആബൂൻ**
**മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ**
പാവന പാദാരവിന്ദങ്ങളിൽ
''മരിയദർശനം—മാർത്തോമ്മാ
മുതൽ ഇന്നുവരെ'' എന്ന എളിയ
ഗ്രന്ഥം സവിനയം സമർപ്പിച്ചുകൊള്ളുന്നു.

www.malankaralibrary.com

# അവതാരിക

പരിശുദ്ധ ദൈവമാതാവിനോടുള്ള പുത്രനിർവിശേഷമായ സ്നേഹം പുരാതനസഭകളുടെ മുഖമുദ്രയാണ്. പൗരസ്ത്യ ക്രൈസ്തവസമൂഹങ്ങൾ ദൈവമാതൃഭക്തിയിൽ എന്നും മുൻപന്തിയിൽ തന്നെയായിരുന്നു. ഭാരതത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്കാകട്ടെ, മാർത്തോമ്മാ ശ്ലീഹായുടെ ഒരു പ്രത്യേക സംഭാവനയാണ് പരിശുദ്ധ കന്യകയോടുള്ള ആദരവും ഭക്തിയും.

ദൈവാവിഷ്ക്കരണവും രക്ഷാകരപ്രവർത്തനവും അവയിൽ തന്നെ കാലഘട്ടങ്ങൾക്കും, സംസ്കാരങ്ങൾക്കും, ഭൗതികമായ എല്ലാ സാഹചര്യങ്ങൾക്കും അതീതമാണ്. എന്നാൽ രക്ഷാകര ചരിത്രത്തിൽ, ദൈവം സ്വജനത്തോട് സംസാരിക്കുവാനും, ബന്ധം പുലർത്തുവാനും ഒരു പ്രത്യേക സംസ്കാരത്തിന്റേതായ ഭാഷയും ഭാവങ്ങളുമാണ് സ്വീകരിച്ചത്. കാലത്തിന്റെ പൂർണ്ണതയിൽ തന്റെ ഏകജാതൻവഴി ദൈവം സ്വയം വെളിപ്പെടുത്തുകയും രക്ഷാകർമ്മം നിറവേററുകയും ചെയ്തതും അതേ സംസ്കാരത്തിന്റെ സങ്കേതങ്ങളിലൂടെയത്രെ. ഒരർത്ഥത്തിൽ, പരോക്ഷമായിട്ടാണെങ്കിലും, ഈ പ്രത്യേക സംസ്കാരത്തിന്റെ രൂപങ്ങളും ഭാവങ്ങളും ക്രൈസ്തവജീവിത ശൈലിയിൽ അവിഭാജ്യമായി അലിഞ്ഞുചേർന്നിട്ടുണ്ട്. ബൈബിളിലും, യേശുവിന്റെ ഭൗതിക ചരിത്രത്തിലുംകൂടെ ലോകമാസകലമുള്ള എല്ലാ ക്രൈസ്തവരും ഒരളവിൽ ഈ സംസ്കാരത്തിന്റെ മക്കളാണ്. ധന്യമായ ഈ ഭാഷയും ഈ സംസ്കാരവുമായി, തോമസ് അപ്പോസ്തലൻവഴി, ജന്മനാ പ്രത്യേകമായി ബന്ധപ്പെടുവാൻ കേരള ക്രൈസ്തവർക്ക് ഭാഗ്യം ലഭിച്ചു. ഇത് ദൈവപരിപാലനയുടെ അമൂല്യ സംഭാവന തന്നെയാണ്. ഇപ്രകാരം ദൈവദത്തമായി നമുക്കു ലഭിച്ച പാരമ്പര്യത്തിന്റെ ഗണ്യമായ ഒരു ഭാഗമാണ് ദൈവമാതാവിനോടുള്ള നമ്മുടെ സഭാവിശേഷമായ ഭക്തി.

www.malankaralibrary.com



മാർത്തോമ്മാ ശ്ലീഹായുടെ സന്താനങ്ങളിൽ ദൈവമാതൃഭക്തി എന്നും നിലനിൽക്കുകയും ക്രമാനുഗതമായി വളരുകയും ചെയ്തു. ചരിത്രത്തിന്റെ ഗതിവിഗതികളിലൂടെ അനുസ്യൂതം നിറവേറുന്ന ഈ പ്രക്രിയ മനസ്സിലാക്കുന്നത് സന്തോഷാവഹമെന്നു മാത്രമല്ല, വളരെ ഉപകാരപ്രദവുമാണ്.

ഫാദർ ജോസഫ് ഞായല്ലൂർ ഈ വഴിക്ക് തന്റെ ശ്രദ്ധ തിരിക്കുകയും, ദീർഘനാളുകളോളം പരിശ്രമിക്കുകയും ചെയ്തതിന്റെ ഫലമാണ് "മരിയദർശനം മാർത്തോമ്മാ മുതൽ ഇന്നുവരെ" എന്ന ഈ ഗ്രന്ഥം. ഇതിനകം പല സംഭാവനകളും കൈരളിക്കും സഭയ്ക്കും പ്രദാനം ചെയ്തിട്ടുള്ള ജോസഫച്ചന്റെ പ്രയത്നത്തെ ഞാൻ അഭിനന്ദിക്കുന്നു. പരിശുദ്ധകന്യകമറിയാമിനെ കൂടുതലായി അറിയുന്നതിനും, സ്നേഹിക്കുന്നതിനും, അനേകർക്ക് ഇതു ഇടയാകട്ടെ എന്നു ഞാൻ ആശംസിക്കുകും ചെയ്യുന്നു.

വിശുദ്ധ ഗ്രന്ഥത്തിന്റെ ആരംഭത്തിൽതന്നെ ദൈവമാതാവിനെപ്പററിയുള്ള വ്യക്തമായ സൂചന നാം കാണുന്നുണ്ട്. രക്ഷയെപ്പററി ആദ്യമായി ദൈവം നൽകുന്ന സദ്വാർത്ത (Proto-Evangelion) സ്ത്രീയെ കൊണ്ടാണ് ആരംഭിക്കുന്നത്. "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ (തിന്മയുടെ ശക്തിയെ) തകർക്കും" (ഉൽപ്പത്തി 3: 15). സ്ത്രീമൂലം ആരംഭിച്ച നാശത്തിന് സ്ത്രീമൂലം തന്നെ ദൈവം പരിഹാരം കുറിക്കുകയാണ്. ആദാമിന്റെ പാപമാണ് യഥാർത്ഥത്തിൽ നയ്യാമികമായി മനുഷ്യവംശത്തെ അധഃപതിപ്പിച്ചതെങ്കിലും സ്ത്രീ (ഹൗവ്വാ) യാണ് ആദ്യമായി പാപം ചെയ്തത്. പുരുഷനേയും അവരാ അതിൽ ഉരംപ്പെടുത്തി.

ഇതിന് പരിഹാരമായി രണ്ടാമത്തെ ഹൗവ്വാ, പരിശുദ്ധ കന്യകമറിയം, വിനയപൂർവ്വം ദൈവതിരുമനസ്സിന് കീഴ്പ്പെട്ടു. "ഇതാ നിന്റെ ദാസി, നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ". (ലൂക്കോസ് 1: 38). ഈ വാക്കുകളെ തുടർന്ന് രക്ഷകൻ മനുഷ്യനായി അവതരിച്ചു. "വചനം മാംസമായി നമ്മുടെയിടയിൽ കുടിയിരുന്നു" (യോഹ. 1: 14).

www.malankaralibrary.com



ആദ്യത്തെ ഹൗവ്വാ ആദാമിൽ നിന്ന് ഉരുവാക്കപ്പെട്ടു. എന്നാൽ രണ്ടാമത്തെ ഹൗവ്വാ പരിശുദ്ധാത്മാവിൻെറ ശക്തിയാൽ, രക്ഷകന് (രണ്ടാം ആദാമിന്) മാനുഷികമായ അസ്തിത്വം നൽകി.

നന്മതിന്മയുടെ വൃക്ഷത്തിനു ചുവട്ടിൽ നിന്നുകൊണ്ട്, ഹൗവ്വാ, വിലക്കപ്പെട്ട ഫലം അനുഭവിക്കുകയും അത് ആദാമിനു നൽകുകയും ചെയ്തു. കുരിശുമരത്തിനു ചുവട്ടിൽ നിന്നുകൊണ്ട്, രക്ഷണീയ കർമ്മത്തിൽ പരിപൂർണ്ണമായി പങ്കുചേർന്ന്, മറിയം സഭയുടെയും എല്ലാ മനുഷ്യരുടെയും ആദ്ധ്യാത്മിക മാതാവായി.

അന്ന് ആരംഭിച്ച തൻെറ മാതൃനിർവിശേഷമായ പരിപാലന, പെന്തിക്കൊസ്തിയിലും, ആദിമസഭയുടെ ജീവിതത്തിലും മറിയം പ്രത്യക്ഷമാക്കി. ചരിത്രത്തിലൂടെ ഇന്നോളം ഈ പ്രക്രിയ തുടരുകയാണ്. നിത്യരക്ഷയുടെ വാഗ്ദാനവും ഉറപ്പുമായിട്ടാണ് ദൈവമാതൃഭക്തി വിശുദ്ധ പിതാക്കന്മാർ കരുതുന്നത്.

രണ്ടായിരം വർഷത്തെ സുദീർഘമായ സഭാചരിത്രത്തിൽ, പ്രധാന ഘട്ടങ്ങളിലെല്ലാം പരിശുദ്ധ ദൈവമാതാവിൻെറ സാന്നിദ്ധ്യവും സ്വാധീനവും പ്രത്യക്ഷമാണ്. പരിശുദ്ധ കന്യകയെ ദൈവജനനിയായി (തെയോട്ടോക്കോസ്) പ്രഖ്യാപിച്ച എഫേസോസ് സൂന്നഹദോസ്, Lepanto-യിൽ തുർക്കികളുടെ ആക്രമണത്തെ ചെറുത്തു തോൽപിച്ച നിർണ്ണായകമായ വിജയം, ലൂർദ്ദ്, ഫാത്തിമ മുതലായ സ്ഥലങ്ങളിൽ പരിശുദ്ധ കന്യക നൽകിയ ദർശനവും ദൗത്യവും എല്ലാം ഇതിന് ദൃഷ്ടാന്തങ്ങളാണ്.

രക്ഷകൻെറ ജനനത്തിൻെറ രണ്ടായിരം വാർഷികത്തിന് നാന്ദിയായി അടുത്ത അവസരത്തിൽ ലോകവ്യാപകമായി കൊണ്ടാടിയ പരിശുദ്ധ കന്യകയുടെ ജനനത്തിൻെറ രണ്ടാം സഹസ്രാബ്ദി, ലോകചരിത്രം മാററി എഴുതുന്നതിന് പോരുന്ന സംഭവവികാസങ്ങളുടെ ആരംഭമായിരുന്നു.

www.malankaralibrary.com



1917-ൽ റഷ്യൻ വിപ്ലവം ആരംഭിക്കുന്നതിന് ഏതാനും മാസങ്ങൾക്ക് മുമ്പ്, ആ മഹാദുരന്തത്തെപ്പററിയും കാലാന്തരത്തിൽ അതിൻെറ ഭവിഷ്യത്തുകളെപ്പററിയും പര്യവസാനത്തെപ്പററിയും പരിശുദ്ധ ദൈവമാതാവ് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ട് മൂന്ന് പൈതങ്ങൾക്ക് മുന്നറിയിപ്പുനൽകി. മാനുഷികമായ, എല്ലാ ചിന്തകൾക്കും പരിശ്രമങ്ങൾക്കും അതീതമായി, ആശ്ചര്യകരമായി ഈ മുന്നറിയിപ്പ് നിറവേററിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ "മരിയദർശനം മാർത്തോമ്മാ മുതൽ ഇന്നുവരെ" ഏററം പ്രസക്തമാണ്. ദൈവപരിപാലന മനസ്സിലാക്കുന്നതിനും പരിശുദ്ധകന്യകയുടെ പരിലാളനയിൽ രക്ഷയുടെ ഫലം സമൃദ്ധമായി അനുഭവിക്കുന്നതിനും ഇത് നമ്മെ സഹായിക്കട്ടെ.

✠ **Benedict Mar Gregorios**
Archbishop of Trivandrum.

www.malankaralibrary.com

# ആമുഖം

## മറിയം—എന്റെ അമ്മ

ദീർഘനാളത്തെ തപസ്യയുടെ പരിണതഫലമാണ് ഈ എളിയഗ്രന്ഥം. എന്റെ സ്വർഗ്ഗീയഅമ്മയെക്കുറിച്ചുള്ള എന്റെ ദർശനം മാത്രമല്ല ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. നൂററാണ്ടുകളിലൂടെ ഈ ഭാരതഭൂവിൽ അലിഞ്ഞുചേർന്ന വിശ്വാസത്തിന്റെ ചുടുചോരയും നീരും കേരളസഭാതരുവിനെ പരിപുഷ്ടിപ്പെടുത്തിയതിന്റെ യഥാർത്ഥ നിദർശനമാണ് മാർത്തോമ്മാമക്കളുടെ മരിയദർശനമെന്നതിൽ തെല്ലും അത്ഭുതപ്പെടേണ്ടതില്ല.

ദൈവപുത്രൻ മരിയപുത്രനായി അവതരിച്ച് മനുഷ്യമക്കളുടെ പരിത്രാണനത്തിനായി സ്വയം അർപ്പിച്ചു; ഈ അർപ്പണം ലോകാന്ത്യം വരെ തുടർന്നുകൊണ്ടുപോകുന്നതിന് നമുക്കൊരമ്മയെ അവിടുന്നു നല്കി: വിശുദ്ധ സഭാമാതാവ്. അവരം കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സാർവ്വത്രികസഭയാകുന്നു. ഈ സഭാമാതാവിന് നാം മാമോദീസാവഴി മക്കളായിതീരുന്നതോടൊപ്പം അവളുടെ വിശ്വാസവീക്ഷണങ്ങളും വികാരവായ്പുകളും നാം നമ്മുടേതാക്കി മാററുന്നു; അതിലൊരു പ്രധാന ബിന്ദുവാണ് യേശുവിന്റെ അമ്മയെക്കുറിച്ചുള്ള ദർശനം. സഭാമാതാവിനോടൊപ്പം, അവളിൽ നിന്നും ഉയർന്ന്, ഉന്നതയായി, വ്യത്യസ്തയായി നിലയുറപ്പിക്കുന്ന കന്യകമാതാവും എനിക്ക്, നമുക്ക്, ദൈവത്തിന്റെ അമൂല്യദാനമാണ്. ''ദൈവത്തിന്റെ ദാനം എന്തെന്ന് നീ അറിഞ്ഞിരുന്നുവെങ്കിൽ'', യേശു ശമറായസ്ത്രീയോട് പറഞ്ഞ വാക്കുകളാണ് ഓർമ്മയിൽ വരിക. ഈ ''അമൂല്യദാനം'' എന്തെന്നറിയുവാനുള്ള ഒരു തീവ്രമായ ശ്രമമാണ് ഈ ഗ്രന്ഥത്തിലൂടെ ഞാൻ നടത്തിയിട്ടുള്ളത്.

''മരിയദർശനം, മാർത്തോമ്മാ മുതൽ ഇന്നുവരെ'' എന്ന ശീർഷകം തന്നെ സൂചിപ്പിക്കുന്നത് ഈ തീവ്രമായ ശ്രമത്തെക്കുറിച്ചാണ്. ഇതൊരു ചരിത്രപരമായ പഠനമാണ്;

www.malankaralibrary.com



അതോടൊപ്പം തന്നെ കേരളമക്കളുടെ പ്രത്യേകിച്ചും മലങ്കര മക്കളുടെ "ദൈവമാതാവിനെ"ക്കുറിച്ചുള്ള വിശ്വാസത്തെ വെളിവാക്കുന്നതിനുവേണ്ടിയാണ് കന്യക മറിയത്തെക്കുറിച്ച് ജോൺ പോപ്പ് രണ്ടാമൻേറയും പോപ്പ് ആറാമൻേറയും ചാക്രികലേഖനങ്ങളെ ആസ്പദമാക്കി പഠനം നടത്തിയിട്ടുള്ളത്. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ പ്രമാണരേഖകളിൽ കന്യകമറിയത്തെക്കുറിച്ചുള്ള പ്രതിപാദനങ്ങളും പഠനവിഷയമാക്കിയിട്ടുണ്ട്. സഭാപിതാക്കൻമാരുടെ പ്രബോധനങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പഠനങ്ങൾ വളരെ സുവിദിതമായി തെളിയിക്കുന്നത് സാർവ്വത്രികസഭയ്ക്ക് കന്യകമറിയാമിനെക്കുറിച്ചുള്ള കാഴ്ചപ്പാടാണ്; ഇതിൽ നിന്നും വ്യത്യസ്തമല്ല ഏതൊരു കത്തോലിക്കൻേറയും, അയാൾ അമേരിക്കക്കാരനായാലും ആസ്ത്രേലിയക്കാരനായാലും സാരമില്ല, വിശ്വാസവും മരിയദർശനവും.

ആർഷഭാരതത്തിൻെറ മണ്ണിൽ, പ്രത്യേകിച്ചും മലകളെ മുടിചൂടി അലയാഴിയെ തഴുകി പുളകം കൊള്ളുന്ന കേരള മണ്ണിൽ ഈ മരിയ ദർശനം എങ്ങനെ വേരൂന്നി, എങ്ങനെ വളർന്നു എന്നെല്ലാം വ്യക്തമാക്കുന്നതിനുവേണ്ടിയുള്ള ഒരു തെരച്ചിലാണ് കേരളസഭാചരിത്രത്തിലൂടെ ഞാൻ നടത്തിയിട്ടുള്ളത്. നമ്മുടെ "മരിയദർശനം" മാർത്തോമ്മാശ്ലീഹായുടെ മഹത്തായ പൈതൃകമാണെന്നു നിസ്സംശയം പറയാം. കാലചക്രത്തിരിവിൽ, സംഭവപരമ്പരകളുടെ ഗതിവിഗതികളിൽ, ഈ പൈതൃകത്തിന് ആഘാതമേററിട്ടുണ്ടെന്നൊരുപക്ഷം; ഇല്ലായെന്നു മറുപക്ഷം. വിശ്വാസവിഷയങ്ങളുടെ അവതരണത്തിലും ശൈലീഭാവങ്ങളിലും ന്യൂനതകൾ കടന്നിട്ടുണ്ടാവാം, പക്ഷേ "അമ്മയോടുള്ള കൂറിന്" ഒരു കുറവും ഉണ്ടായിട്ടില്ലായെന്നുള്ളതിന് ചരിത്രസ്മാരകങ്ങൾ തന്നെ സാക്ഷി. കന്യകമറിയാമിൻെറ നാമത്തിൽ നൂററാണ്ടുകളിലൂടെ ഉയർന്നു വന്നിട്ടുള്ള ദേവാലയങ്ങൾ മരിയദർശനത്തിനും സ്മരണയ്ക്കും എന്നും മുതൽക്കൂട്ടായി നിന്നിട്ടുണ്ട്. മാർത്തോമ്മാശ്ലീഹായുടെ കാലംമുതൽ ഇന്നുവരെ യേശുവിൻെറ അമ്മയെ സ്മരിക്കാത്ത കേരളക്രൈസ്തവരില്ല,

www.malankaralibrary.com



ഓരോ നൂററാണ്ടിലും പുതിയ പുതിയ ദേവാലയങ്ങളും തീർത്ഥാടനകേന്ദ്രങ്ങളും ഉയർന്നുവന്നു, സഭാമക്കാം തദ്വാരാ കൃതകൃതാർത്ഥരായി.

മാർത്തോമ്മാമക്കാം വേദനയോടെ രണ്ടായി പിരിയുന്നതിനെക്കുറിച്ചു ഈ എളിയ ഗ്രന്ഥത്തിൽ സൂചിപ്പിച്ചിട്ടുണ്ട്—പഴയകൂറും പുതിയകൂറും. കൂറു രണ്ടായി മാറിയെങ്കിലും "അമ്മ"യോടുള്ള കൂറുമാററമില്ലാതെ, പുത്തൻകൂറിലെ യാക്കോബായ—ഓർത്തഡോക്സ് സഭാവിഭാഗങ്ങളും അവയിൽനിന്നും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ട മലങ്കരമക്കളും, അന്യൂനം തങ്ങളുടെ വിശ്വാസത്തിലും പ്രാർത്ഥനകളിലും തിരുനാളുകളിലെ സവിശേഷപ്രാർത്ഥനകളിലുമെല്ലാം മാതാവിനെ നിർലോപം അനുസ്മരിക്കുകയും അവളെപ്രതി ദൈവത്തെ പുകഴ്ത്തുകയും ചെയ്യുന്നതായി നാം കാണുന്നു.

പുനരൈക്യപ്പെട്ട മലങ്കരമക്കാം പ്രത്യേകം അനുഗൃഹീതരാണ്—പുനരൈക്യപ്രസ്ഥാനത്തിന്റെ ഊടും പാവുമായി വർത്തിച്ച മഹാനായ മാർ ഈവാനിയോസ് തിരുമേനി തികഞ്ഞ മരിയ ഭക്തനായിരുന്നു, അദ്ദേഹത്തിന്റെ പിൻഗാമി ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനിയും. ഈ രണ്ടു വന്ദ്യ പിതാക്കന്മാരും തങ്ങളുടെ ജീവിതത്തിലൂടെയും പ്രബോധനങ്ങളിലൂടെയും മലങ്കരമക്കളെ വിശ്വമരിയദർശനത്തിൽ ഉത്ബുദ്ധരാക്കുന്നതിന് അനവരതം ശ്രമിച്ചിട്ടുണ്ട്. അവരുടെ കാലടികളെ പിന്തുടരുന്ന മലങ്കരമക്കളുടെ കാലുകാം ഒരിക്കലും ഇടറുകയില്ല—ദർശനത്തിൽ ന്യൂനത സംഭവിക്കുകയുമില്ല. നീതിയിൻസൂര്യനായ യേശുവിനുമുമ്പ് പ്രത്യക്ഷപ്പെടുന്ന ഉദയകാലനക്ഷത്രംപോലെ കന്യകമറിയം നമ്മുടെ ജീവിതവിഹായസ്സിൽ മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുമെന്നുള്ളതിൽ ഒട്ടും സംശയം ആവശ്യമില്ല. എന്റെ നെടുവീർപ്പിലും എന്റെ കണ്ണീരിലും യേശുവിന്റെ അമ്മ എന്റെ അമ്മയായി സമീപത്തുണ്ടായിരിക്കും-അതാണെന്റെ മരിയദർശനം.

www.malankaralibrary.com



ഈ ഗ്രന്ഥം രചിക്കുന്നതിൽ എനിക്കു പ്രചോദനം നൽകിയിട്ടുള്ള അനേകരുണ്ട്; നിർദ്ദേശങ്ങളും തിരുത്തലുകളും തന്നിട്ടുള്ളവരും ഒട്ടും വിരളമല്ല. എല്ലാവരെയും കൃതജ്ഞതയോടെ സ്മരിക്കുന്നു. ഇത്തരുണത്തിൽ അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനിയോടുള്ള എൻെറ അകമഴിഞ്ഞ കടപ്പാട് പ്രത്യേകം എടുത്തുപറയുവാനാഗ്രഹിക്കുന്നു. വളരെയേറെ സ്ഥലങ്ങളിൽ അടുത്തും അകലെയും, അഭിവന്ദ്യ പിതാവിനോടൊപ്പം യാത്രചെയ്യുന്നതിന് അവസരം ലഭിച്ചിട്ടുണ്ട്. യാത്രയ്ക്കിടയിൽ ഒരുമിച്ച് ജപമാലപ്രാർത്ഥന ചൊല്ലുന്നതിന് വന്ദ്യ പിതാവ് കാണിച്ചിട്ടുള്ള ശുഷ്കാന്തിയും നൽകിയിട്ടുള്ള പ്രചോദനവും ഇന്നും എനിക്ക് മാർഗ്ഗദീപമാണ്. അതുല്യമായ ഒരവതാരികവഴി ഈ ഗ്രന്ഥത്തിനും തദ്വാരാ, മരിയദർശനത്തിനും ഔന്നത്യമേകുന്ന അഭിവന്ദ്യതിരുമേനിക്ക് കൃതജ്ഞതയുടെ ആയിരം നറുമലരുകൾ.

പട്ടം സെൻറ്മേരീസ് പ്രസ് മാനേജർ ഫാ. ജോർജ്ജ് ജോൺ നൽകിയ പ്രോൽസാഹനത്തിനും യഥാസമയം ഈ ഗ്രന്ഥം അച്ചടിച്ചു നൽകിയതിനും നന്ദി. ഇതിൻെറ കയ്യെഴുത്തുപ്രതി സശ്രദ്ധം വായിച്ച് തക്ക നിർദ്ദേശങ്ങൾ നൽകിയ ഫാ. ഫിലിപ്പ് ചെമ്പകശ്ശേരിയച്ചനേയും നന്ദിയോടെ സ്മരിക്കുന്നു.

ഈ ഗ്രന്ഥം മരിയവേദശാസ്ത്രപഠനത്തിനുള്ള കാൽവയ്പുമാത്രമാണ്. മലങ്കരമക്കൾ ഈ ഗ്രന്ഥത്തെ സഹർഷം സ്വാഗതം ചെയ്യുമെന്നുള്ള വിശ്വാസത്തോടെ,

എൻെറ സ്വർഗ്ഗീയ അമ്മയുടെ സ്നേഹത്തലോടലോടെ,

**ഡോ. ജോസഫ് ഞായല്ലൂർ**

www.malankaralibrary.com

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | സമർപ്പണം | iii |
| | അവതാരിക | iv |
| | ആമുഖം | ix |
| | ഉള്ളടക്കം | |
| i | രക്ഷകന്റെ അമ്മ (ജോൺ പോൾ II മാർപാപ്പാ) | 1 |
| ii | മരിയഭക്തി (പോൾ VI മാർപാപ്പാ) | 6 |
| iii | വത്തിക്കാൻരേഖകളിൽ | 16 |
| iv | സഭാപിതാക്കൻമാർ മറിയത്തെക്കുറിച്ച് | 25 |
| v | മാർത്തോമ്മാക്രിസ്ത്യാനികൾ | 69 |
| | ഉദയംപേരൂർ സുന്നഹദോസ് | 103 |
| vi | മലങ്കര ഓർത്തഡോക്സ്സഭ മരിയഭക്തി | 114 |
| vii | മാർത്തോമ്മാക്രിസ്ത്യാനികളുടെ മരിയഭക്തി ദേവാലയപ്രതിഷ്ഠകളിലൂടെ | 138 |
| viii | മലങ്കരസഭയിലെ മരിയൻദേവാലയങ്ങൾ | 174 |
| ix | മരിയൻഭക്തിചൈതന്യം മലങ്കരസഭയുടെ ഔദ്യോഗികപ്രാർത്ഥനകളിൽ | 185 |
| x | മലങ്കരസഭയുടെ ആരാധനക്രമം — തിരുനാളുകൾ | 202 |
| xi | മാർ ഈവാനിയോസും കന്യകമറിയാമിനോടുള്ള ഭക്തിയും | 217 |
| xii | മാർ ഗ്രിഗോറിയോസ് തിരുമേനിയും മരിയഭക്തിയും | 243 |
| xiii | പരിശുദ്ധ കന്യകമാതാവിനെ സംബന്ധിച്ചുള്ള വേദശാസ്ത്രം | 258 |


★

www.malankaralibrary.com

# I

# രക്ഷകന്റെ അമ്മ

## ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായുടെ ചാക്രികലേഖനം

പരിശുദ്ധ കന്യകമറിയത്തോടുള്ള സഭയുടേയും വ്യക്തിപരമായി തന്റേയും ആദരവും സ്നേഹവും വിളിച്ചറിയിക്കുന്ന ഒന്നാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ എഴുതിയ "രക്ഷകന്റെ അമ്മ" എന്ന ചാക്രികലേഖനം. ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പായുടെ ദീർഘവീക്ഷണവും പ്രവചനാപരമായ സിദ്ധികളും ആറാം പൗലോസ് മാർപ്പാപ്പായുടെ ഉൾക്കാഴ്ചയും വിശ്വാസദാർഢ്യവും ഒത്തിണങ്ങിയ ഒരുന്നത ജീവിതത്തിന്റെ ഉടമയാണ് ജോൺ പോൾ രണ്ടാമൻ. പഴയ ഇസ്രായേലിന്റെ ചുവടു പിടിച്ച് പുതിയ യെറുശലേമിനെ കൺമുമ്പിൽ കണ്ടുകൊണ്ട് തീർത്ഥാടനം നടത്തുന്ന പുതിയഇസ്രായേലായ സഭയുടെ ചൈതന്യം അതേപടി ഉൾക്കൊള്ളുന്ന ജോൺപോൾ രണ്ടാമൻ തിരുമേനി ഒരു തീർത്ഥാടകനായി മാറിയിരിക്കുകയാണ്; പരിശുദ്ധ കന്യകമാതാവിനോടുള്ള ഭക്തിയിൽ മുന്നിട്ടുനില്ക്കുന്ന പോളണ്ടിലെ സഭ അതിന്റെ വീര്യവും ധൈര്യവും പകർന്നെടുക്കുന്നത് പോളണ്ടിലെ മാതൃതീർത്ഥാടന കേന്ദ്രമായ "സെക്കോസ്റ്റോവാ"യിൽ നിന്നാണ്. ജോൺപോൾ രണ്ടാമന്റെ തീർത്ഥാടനോത്സാഹത്തിനും ദൈവമാതൃഭക്തിയ്ക്കും തുടക്കം കുറിച്ചിട്ടുള്ളതും പ്രസ്തുത തീർത്ഥാടന കേന്ദ്രത്തിൽനിന്നാണെന്നത് നിസംശയം പ്രസ്താവ്യമത്രേ.

പരിശുദ്ധ കന്യകമറിയത്തോടുള്ള ഭക്തിയും സ്നേഹവും ഒരു വ്യക്തിയുടേയോ ഒരു രാഷ്ട്രത്തിന്റെയോ സ്വകാര്യസ്വത്തല്ല, സാർവ്വത്രിക സഭയുടെ പൊതുസ്വത്താണത്. അതുകൊണ്ടുതന്നെ വിശുദ്ധ പത്രോസിന്റെ നൗകയെ നിയന്ത്രിക്കുന്ന അമരക്കാരനു അടങ്ങിയിരുന്നു

www.malankaralibrary.com



കൂടാ; പൊതുമുതൽ എല്ലാവർക്കുമായി കാര്യക്ഷമമായി വർദ്ധമാനമാകുമാറ് പങ്കുവയ്ക്കണം; അതിനാണ് തൻെറ തീർത്ഥാടനങ്ങളിലെല്ലാം വിശ്വാസികളെ മരിയ ഭക്തിയിൽ ഉത്ബുദ്ധരാക്കുന്നതിന് മാർപ്പാപ്പാ തിരുമേനി ശ്രമിക്കുന്നത്. "രക്ഷകൻെറ അമ്മ"യെന്ന ഔദ്യോഗിക പ്രബോധനത്തിലൂടെയും അദ്ദേഹം വിശ്വാസികളെ അനുസ്മരിപ്പിക്കുന്നത് മറെറാന്നല്ല; യേശുവിൻെറ അമ്മ നമ്മുടെ അമ്മയാണ്; യേശു ആ അമ്മയെ സ്നേഹിച്ചതുപോലെ, നാമും സ്നേഹിക്കണം; ആ അമ്മ നമ്മെ സ്നേഹിക്കും, നമ്മെ സഹായിക്കും, നമ്മോടുകൂടെ എന്നും ഉണ്ടാകും."

സ്വതവേ തീർത്ഥാടകനായിത്തീർന്നിരിക്കുന്ന ജോൺ പോാം മാർപ്പാപ്പാ, സഭയേയും കന്യകമറിയത്തെയും തീർത്ഥാടകരായിക്കാണുന്നു. സഭയുടെ തീർത്ഥാടനം പരിശുദ്ധ കന്യകയോടുകൂടെയാണെന്നദ്ദേഹം എടുത്തുപറയുന്നു. മനുഷ്യവംശത്തിൻെറ ചരിത്രത്തിലും സഭയിലും മറിയത്തിനുള്ള സ്ഥാനത്തെ മാർപ്പാപ്പാ വിവരിക്കുന്നതോടൊപ്പം, വിശ്വാസത്തിൻെറ തീർത്ഥാടനത്തിൽ മറിയം വഹിക്കുന്ന പങ്കിനേയും, സഭയ്ക്ക് അവളുടെ കന്യാത്വത്തിലും മാതൃത്വത്തിലും എന്നും മാതൃകയായ മറിയത്തിൻെറ പ്രോജ്ജ്വലമായ നിലയേയും അദ്ദേഹം വിശദീകരിക്കുന്നു.

വത്തിക്കാൻ കൗൺസിലിൻെറ പ്രബോധനങ്ങളുടെയും സഭയുടെ പുരാതനമായ വിശ്വാസസത്യങ്ങളുടെയും വെളിച്ചത്തിൽ മറിയത്തെ നീതിസൂര്യനായ ക്രിസ്തുവിൻെറ മുന്നോടിയായ ഉഷകാലനക്ഷത്രമായും തീർത്ഥാടകമനുഷ്യവംശത്തിനു പ്രത്യാശ നല്കുന്ന സാഗരതാരമായും അദ്ദേഹം വർണ്ണിക്കുന്നു.

"അവതീർണ്ണവചനത്തിൻെറ രഹസ്യത്തിൽ മാത്രമേ മനുഷ്യൻെറ രഹസ്യം പ്രകാശിതമാകൂ" എന്ന വത്തിക്കാൻ കൗൺസിൽരേഖയിലെ ചിന്തയുടെ ചുവടുപിടിച്ചുകൊണ്ട് മാർപ്പാപ്പാ പറയുന്നു: "ഇത് മനുഷ്യപുത്രിയെക്കുറിച്ച് എത്ര അന്വർത്ഥം" എന്ന്.

മറിയത്തിൻെറ ഉത്ഭവവും ജീവിതവും മരണവും ഉത്ഥാനവും ഉയർച്ചയുമെല്ലാം ക്രിസ്തു-രഹസ്യവുമായുള്ള

www.malankaralibrary.com



അവളുടെ ഉററബന്ധത്തിലൂടെ മാത്രമേ നമുക്ക് മനസ്സിലാക്കാൻ ആവൂ. അവരം കൃപനിറഞ്ഞവളായതും അനുഗൃഹീതയായതുമെല്ലാം യേശുവിൻെറ മനുഷ്യാവതാരരഹസ്യം ഉരംക്കൊണ്ടതുകൊണ്ടാണു്. "മംഗലവാർത്ത" മറിയത്തെ ക്രിസ്തു-സംഭവവുമായി പൂർണ്ണമായി ബന്ധിക്കുന്നു. മാലാഖയുടെ വചനിപ്പ് അതേപടി വിശ്വസിച്ചുകൊണ്ട് അവരം ഭാഗ്യവതിയായി.

ജോൺപോരം രണ്ടാമൻ മറിയത്തിൻെറ ഉൽകൃഷ്ടമായ ഈ വിശ്വാസത്തെ ധ്യാനനിരതനായി വിവരിക്കുന്നു. മറിയത്തിൻെറ ഈ വിശ്വാസത്തെ വിശ്വാസികളുടെയെല്ലാം പിതാവായ അബ്രഹാമിൻെറ വിശ്വാസത്തോടുപമിക്കുന്നു. ദൈവത്തിൻെറ തെരഞ്ഞെടുപ്പോടും വിളിയോടുംകൂടെ അബ്രഹാമിൻെറ തീർത്ഥാടനം ആരംഭിക്കുന്നെങ്കിൽ, മറിയത്തിൻെറ തീർത്ഥാടനം മംഗലവാർത്തയോടാരംഭിക്കുന്നു. യേശുവുമായി ബന്ധപ്പെട്ട ഓരോ സംഭവവും മറിയത്തിൻെറ ആത്മാവിലും ജീവിതത്തിലും എത്രമാത്രം വിശ്വാസത്തിൻെറ ചൈതന്യം പകർന്നുവെന്ന് മാർപ്പാപ്പാ അനുസ്മരിക്കുന്നു; ഉദാഹരണമായി, ശെമഓൻെറ പ്രവചനം, ഈജിപ്തിലേക്കുള്ള പലായനം, അവിടെനിന്നുള്ള തിരിച്ചു വരവ്, ദേവാലയത്തിലെ കണ്ടെത്തൽ; വേദനയുടേയും സന്തോഷത്തിൻേറയും ഈരടികരക്ക് ഈണം പകരുന്ന സംഭവങ്ങരം ഓരോന്നും മറിയത്തെ ക്രിസ്തുവുമായി കൂടുതൽ ഐക്യപ്പെടുത്തുന്നതിനും അവിടുത്തെ സ്വയംശൂന്യവല്ക്കരണത്തിൽ താദാത്മ്യം പ്രാപിക്കുന്നതിനും അവളെ പ്രാപ്തയാക്കി, വിശ്വാസത്തിലൂടെ അവരം വളർന്നു; വിശ്വാസത്തിൻെറ തീർത്ഥാടനം അവളെ കൊണ്ടുചെന്നെത്തിക്കുന്നത് കുരിശിൻചുവട്ടിലാണു്.

പറുദീസായിലെ മരത്തിൻചുവട്ടിൽവച്ചാണ് മാനവരാശിക്കു ശിക്ഷ ലഭിക്കുന്നതു്. മോചനം വാഗ്ദാനം ചെയ്യുന്നതും ഈ മരത്തിൻചുവട്ടിൽവച്ചാണു്. പാപത്തിനു കാരണമായ ആദ്യത്തെ ആദാമും ഹവ്വായും ഈ മരത്തിൻചുവട്ടിലുണ്ടു്. "സ്ത്രീയുടെ സന്തതി സർപ്പത്തിൻെറ തലയെ തകർക്കുമെ"ന്ന അസുലഭമായ മോചനവാഗ്ദാനം ആദി

www.malankaralibrary.com



യിൽ മുഴങ്ങിക്കേൾക്കുന്ന പറുദീസായിലെ മരച്ചുവട്! മോചനവാഗ്ദാനം നിറവേററുന്ന അസുലഭനിമിഷമാണ് കുരിശിൻചുവട്. "സ്ത്രീ", അന്ന് വാഗ്ദാനത്തിൽ വരച്ചുകാട്ടപ്പെട്ട സ്ത്രീ, മറിയം കുരിശിൻചുവട്ടിൽ നില്ക്കുന്നു; സ്ത്രീയുടെ സന്തതി വാഗ്ദാനം നിറവേററുന്നതിനായി കുരിശിൽ തൂങ്ങി മാനവരക്ഷയ്ക്കായി സ്വയം അർപ്പിക്കുന്നു! ക്രിസ്തുവിൻെറ പരസ്യജീവിതത്തിൻെറ ആരംഭമാണു് കാനായിലെ കല്യാണസമയത്ത് പ്രവർത്തിച്ച അത്ഭുതം. അതിൽ "സ്ത്രീ"യ്ക്കു, മറിയാമിന് പങ്കുണ്ട്; അവിടുത്തെ പരസ്യജീവിതത്തിൻെറ അവസാനമാണ് കുരിശു്. അവിടേയും ആ "സ്ത്രീ" തന്നെ; എല്ലാവർക്കും അമ്മയായി, യോഹന്നാന് യേശു ഭരമേല്പിച്ചുകൊടുക്കുന്ന മറിയത്തെ മറെറാരു സ്ത്രീ വർണ്ണിക്കുന്നത് സാവധാനം കേട്ടുകൊണ്ട്, യേശു പണ്ടൊരിക്കൽ പറഞ്ഞു—"ദൈവവചനം സ്വീകരിക്കുകയും അവ പാലിക്കുകയും ചെയ്യുന്നവനാണ് അനുഗൃഹീതൻ" എന്ന്. "നിന്നെ പാലൂട്ടിയ സ്തനങ്ങളും നിന്നെ വഹിച്ച ഉദരവും എത്ര വാഴ്ത്തപ്പെട്ടവ"യെന്ന് ആ സ്ത്രീ വർണ്ണിച്ചപ്പോൾ യേശു നൽകിയ ഉത്തരമാണ് മേലുദ്ധരിച്ചത് (Lk. 11/27); ഈ സംഭവം മനസ്സിലോർത്തുകൊണ്ട് മാർപ്പാപ്പാ പറയുന്നു, മാതൃത്വത്തിനും സാഹോദര്യത്തിനും കൈവരുന്ന പുതിയ മാനങ്ങൾ എത്ര വിസ്മയാവഹമാണെന്നു്.

മറിയവും സഭയും തമ്മിലുള്ള ബന്ധത്തെ സവിസ്തരം വർണ്ണിക്കുന്ന മാർപ്പാപ്പാ, തീർത്ഥാടകസഭയുടെ കേന്ദ്രബിന്ദുവായി മറിയത്തെ ചിത്രീകരിക്കുന്നു. യേശുവിൻെറ അവതാരം പരിശുദ്ധാത്മശക്തികൊണ്ടെന്നപോലെതന്നെ സഭയുടെ ജനനവും പെന്തിക്കൊസ്തിനാളിൽ പരിശുദ്ധാത്മാവിൻെറ ശക്തിയാലാണെന്ന് മാർപ്പാപ്പാ അനുസ്മരിക്കുന്നു. തീർത്ഥാടകസഭ ആഗോളവ്യാപകമായ ദൈവജനമാണു്. തീർത്ഥാടനം വിശ്വാസത്തിൻേറതാണു്. ആദ്യം വിശ്വസിച്ചവൾ ഭാഗ്യവതിയാണ്. അവളും പുതിയ ഇസ്രായേലിൻെറ സന്തതിതന്നെ. ദൈവത്തിൻെറ അമ്മയായ മറിയാം ഒരർത്ഥത്തിൽ സഭയുടെ അമ്മയും മറെറാരർത്ഥത്തിൽ സഭയുടെ പുത്രിയുമാണു്. സഭയുടെ തീർത്ഥാടനത്തിൽ

www.malankaralibrary.com



ആ അമ്മ കൂടെയുണ്ടു്, തൻെറ വിശ്വാസത്തിൻെറ മാതൃക വഴി, തൻെറ മാദ്ധ്യസ്ഥം വഴി. മറിയാം സഭയുടേയും ഓരോ ക്രൈസ്തവൻേറയും ജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുവെന്നതിൽ സംശയമില്ല. സഭയുടെ പ്രയാണം സമാധാനപരവും ശാന്തിപൂർണ്ണവുമായിരിക്കുന്നതിനും ആ അമ്മയെ സ്നേഹിക്കുകയും അവളിൽ വിശ്വാസമർപ്പിക്കുകയും ചെയ്യുന്ന എല്ലാ ക്രിസതീയസഹോദരങ്ങളും സൗഹാർദ്ദതയിലും ഐക്യത്തിലും ജീവിക്കുന്നതിനും ഈ അമ്മയുടെ മാദ്ധ്യസ്ഥം അനുപേക്ഷണീയമാണെന്നു് ജോൺ പോൾ രണ്ടാമൻ ഏററുപറയുന്നു. രക്ഷകൻെറ അമ്മ ദൈവജനത്തിൻെറ അമ്മയാണ്, അവൾ സഭയുടെ അമ്മതന്നെ.

ജോൺ പോൾ രണ്ടാമൻെറ ചാക്രികലേഖനം മരിയഭക്തിയിൽ ഒരു നാഴികക്കല്ലാണ്. ദൈവവചനത്തിലും തിരുസഭാപ്രബോധനത്തിലും സഭാപിതാക്കന്മാരുടെ ഉദ്ബോധനങ്ങളിലും അന്തർലീനമായി ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന മരിയൻചിന്തകളെ ഏകീകരിച്ച്, ആധുനികജീവിതത്തിൻെറ അടിയൊഴുക്കുകളിൽപെട്ട് ഉഴലുന്ന മനുഷ്യജീവിതങ്ങൾക്ക് പ്രത്യാശയുടെ പ്രകാശപൂർണ്ണമായ ചിത്രമായി നല്കുന്ന ഈ മരിയഭക്തിയുടെ പ്രമാണരേഖ, ഏററവും വിലപ്പെട്ടതാണെന്നുള്ളതിൽ തെല്ലും സംശയമില്ല.

www.malankaralibrary.com

# II

# മരിയഭക്തി

## (Cultus Marialis) *

### പോൾ ആറാമൻ മാർപ്പാപ്പാ

ആധുനികസഭയുടെ ചരിത്രത്തിൽ അനുഭവപ്പെട്ട ഏററവും ഉൽക്കടമായ പ്രതിസന്ധികളെ തരണംചെയ്യുന്നതിന് ദൈവത്താൽ പ്രത്യേകം നിയോഗിക്കപ്പെട്ട കർമ്മധീരനും യോഗീവര്യനുമായ ഒരു മാർപ്പാപ്പായാണ് പോൾ ആറാമൻ. ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പാ സ്വതസിദ്ധമായ ശൈലിയിൽ നവീകരണത്തിൻെറ മന്ദമാരുതനെ സഭയുടെ വാതായനങ്ങളിൽക്കൂടി കടന്നുപോകുന്നതിന് അനുവദിക്കുമ്പോൾ, അത് നാശകരമായ കൊടുങ്കാററായി രൂപാന്തരപ്പെടുമെന്ന് തെല്ലും നിനച്ചിരിക്കില്ല. കൊടുംകാററായി രൂപം കൊള്ളുന്ന പശ്ചാത്തലത്തിലാണ് പോൾ ആറാമൻെറ തെരഞ്ഞെടുപ്പ്. അഗാധമായ എളിമ, വിശാലമായ വീക്ഷണം, ആഴത്തിലുള്ള വിശ്വാസം, പാരമ്പര്യത്തോടുള്ള കൂറ്, നവീകരണത്തോടുള്ള ഉന്മുഖത, ഇവയെല്ലാം അദ്ദേഹത്തിൽ സമഞ്ജസമായി സമ്മേളിച്ചിരുന്നതുകൊണ്ട്, കുഴപ്പങ്ങളൊന്നും കൂടാതെ കൗൺസിൽ കാര്യക്ഷമമായി നടത്തുന്നതിനും സമാധാനപരമായ പരിസമാപ്തിയിൽ എത്തിക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു. വത്തിക്കാൻ കൗൺസിലിൻെറ ഡിക്രികളെല്ലാംതന്നെ അദ്ദേഹം ഒപ്പിടുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണു്. പരിശുദ്ധ കന്യകമറിയത്തിന് തിരുസഭയിലും ദൈവജനത്തിൻെറ ഇടയിലുമുള്ള സ്ഥാനത്തെക്കുറിച്ച് കൗൺസിലിൻെറ പ്രമാണരേഖകൾ ചർച്ചചെയ്യുന്നുണ്ടു്; എങ്കിലും, പരിശുദ്ധ മാതാവിനോടുള്ള തൻെറ ഭക്തിയുടേയും സ്നേഹത്തിൻേറയും നിത്യ

---

* താഴെക്കൊടുത്തിട്ടുള്ള പേജ്, ഖണ്ഡിക ഇവ ഫാ. ആൻറണി ഒ. സി. ഡി. യുടെ വിവർത്തനത്തിൽനിന്നാണ്.

www.malankaralibrary.com



സ്മാരകമായി ഈ ചാക്രികലേഖനം നിലകൊള്ളുമെന്ന തിൽ തെല്ലും സംശയമില്ല.

മരിയഭക്തിയുടെ പരമ്പരാഗതമായ അഭ്യാസങ്ങളെ മറക്കാതെയും പുതിയ തലമുറയ്ക്കു് ആവേശം പകരുന്ന ആശയങ്ങളേയും തന്ത്രങ്ങളേയും ആവിഷ്ക്കരിച്ചും പ്രസ്തുത ഭക്ത്യാഭ്യാസങ്ങൾക്ക് പുതിയ അർത്ഥവും ആഭിമുഖ്യവും നൽകുന്നതിനാണ് മാർപ്പാപ്പാ ശ്രമിക്കുക.

ആരാധനക്രമവും മരിയഭക്തിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് ചാക്രികലേഖനത്തിന്റെ ആദ്യഭാഗം പ്രതിപാദിക്കുക. റോമൻ ലിററർജിയിൽ മറിയാമിനുള്ള സ്ഥാനത്തെക്കുറിച്ചാണ് മുഖ്യമായും പ്രതിപാദിക്കുന്നത്. ആദ്യഭാഗത്തിന്റെ രണ്ടാം ഘട്ടത്തിൽ ദൈവാരാധനയിൽ പരിശുദ്ധ കന്യക തിരുസഭയ്ക്ക് മാതൃകയാണെന്ന് മാർപ്പാപ്പാ പ്രസ്താവിക്കുന്നു.

a) മറിയാം വിശ്വസിക്കുന്ന കന്യകയായും
b) ,, പ്രാർത്ഥനാനിരതയായ കന്യകയായും
c) ,, കന്യകയായ മാതാവായും
d) ,, കാഴ്ചയർപ്പിക്കുന്ന കന്യകയായും

ചിത്രീകരിക്കപ്പെടുന്നു. കന്യകമറിയത്തിന്റെ വിശ്വാസവും പ്രാർത്ഥനയും കാഴ്ചയർപ്പണവും മാതൃത്വവുമെല്ലാം തിരുസഭയ്ക്ക് എന്നും മാതൃകയും പ്രചോദനവും നൽകുന്നു. വിശ്വാസികൾ മറിയത്തിന്റെ ഈ ഉൽകൃഷ്ടമായ മാതൃക തങ്ങളുടെ ജീവിതത്തിലും അനുകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇവിടെ വിസ്തരിച്ചു പറയേണ്ടതില്ലല്ലോ.

ചാക്രികലേഖനത്തിന്റെ രണ്ടാംഭാഗം മാതൃഭക്തിയുടെ നവീകരണത്തെക്കുറിച്ചാണ്. പരിഷ്ക്കരണത്തിനുള്ള നിർദ്ദേശങ്ങളാണ് മാർപ്പാപ്പാ വയ്ക്കുക. ഈ നിർദ്ദേശങ്ങൾ മുഖ്യമായും ലക്ഷ്യമാക്കുന്നത് ദേവമാതൃഭക്തിക്ക് പുതിയ അർത്ഥവും ഭാവവും നൽകുകയെന്നുള്ളതാണ്. മരിയഭക്തി ക്രിസ്തീയ വിശ്വാസത്തിന്റേയും സമാപരമായ

www.malankaralibrary.com



ജീവിതത്തിന്റേയും പ്രകടമായ നിദർശനമാണ്—ഈ ഭക്തിക്ക് ത്രിമാനങ്ങളുണ്ട് (a) ത്രിയേക ദൈവാത്മകം (b) ക്രിസ്തുപരം (c) സഭാപരം. ഇവ ഓരോന്നും മാർപ്പാപ്പാ വിവരിക്കുന്നു.

### a) മരിയഭക്തിയിൽ ത്രിയേകദൈവവും ക്രിസ്തുവും

"കന്യകമറിയത്തോട് പ്രദർശിപ്പിക്കുന്ന ഭക്ത്യഭ്യാസങ്ങളിൽ ത്രിയേകദൈവത്തിന്റേയും ക്രിസ്തുവിന്റേയും ഛായ പതിഞ്ഞിരിക്കണമെന്നുള്ളത് ആ അഭ്യാസങ്ങളുടെ അന്തസത്തയെ ബാധിക്കുന്ന കാര്യമാണെന്ന് ആദ്യം തന്നെ പറഞ്ഞുകൊള്ളട്ടെ.

വാസ്തവം പറഞ്ഞാൽ ക്രൈസ്തവാരാധന മുഴുവനും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും അർപ്പിക്കുന്ന—ലിററർജിയുടെ വാക്കുകളിൽ പറഞ്ഞാൽ, പിതാവിന് ക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിൽ അർപ്പിക്കുന്ന ആരാധനയത്രേ. ഈ വിധത്തിൽ നോക്കുമ്പോൾ, ആരാധന പ്രഥമവും പ്രധാനവുമായി ദേവമാതാവിലേക്കും, അനന്തരം വിശുദ്ധരിലേക്കും—തികച്ചും വ്യത്യസ്തമായ രീതിയിലാണെങ്കിലും വ്യാപിക്കുന്നു; കാരണം, അവരെയാണല്ലോ പെസഹാരഹസ്യത്തിന്റെ സാക്ഷ്യവാഹകരായി സഭ പ്രഖ്യാപിക്കുന്നത്, അവർ ക്രിസ്തുവിനോടുകൂടെ സഹിക്കുകയും മഹത്വം പ്രാപിക്കുകയും ചെയ്തവരാണ്. കന്യകമറിയത്തിലുള്ള സർവ്വവും ക്രിസ്തുവിനോട് ബന്ധപ്പെട്ടും അവിടുത്തെ ആശ്രയിച്ചുമിരിക്കുന്നു. ക്രിസ്തുവിനുവേണ്ടിയാണ്, പിതാവായ ദൈവം അനാദിമുതൽ അവളെ പരമപരിശുദ്ധയായ മാതാവാക്കാൻ നിശ്ചയിച്ചതും മററാർക്കും നൽകപ്പെട്ടിട്ടില്ലാത്ത വിധത്തിൽ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾകൊണ്ട് അവളെ നിറച്ചതും" (no. 25). pg. 21, 22.

**—മരിയഭക്തിയുടെ ക്രിസ്തോൻമുഖ സ്വഭാവത്തെ**ക്കുറിച്ച് വളരെ മനോഹരമായ ആശയങ്ങളവതരിപ്പിക്കുന്നുണ്ട് പോൾ ആറാമൻ. ക്രിസ്തുവും മറിയവും തമ്മി

www.malankaralibrary.com



ലുള്ള ബന്ധത്തിന്റെ വിവിധ ഭാവങ്ങളും മരിയഭക്തിയുടെ അന്തരാർത്ഥവും വിവരിച്ചുകൊണ്ടദ്ദേഹം പറയുന്നു:

> "ദാസിക്കു നൽകുന്നതെല്ലാം നാഥനു പോകുന്നു.
> അമ്മയ്ക്കു നൽകപ്പെടുന്നവ മകനിൽ കവിഞ്ഞൊഴുകുന്നു.
>
> രാജ്ഞിക്ക് അർപ്പിക്കപ്പെടുന്ന വിനീതമായ ആചാരം രാജാവിനോടുകാണിക്കുന്ന ബഹുമതിയായി മാറുന്നു"
> (no. 25. pg. 20).

ചുരുക്കത്തിൽ ഏതു മരിയഭക്ത്യാഭ്യാസവും വിശ്വാസിയെ ക്രിസ്തുവിനോടടുപ്പിക്കുന്നതിനു് ഉതകുന്നതാണു്. മാതാവിനെ കേന്ദ്രീകരിച്ചുള്ള എല്ലാ ഭക്തിപ്രകടനവും ആത്യന്തികമായി യേശുവെന്ന ലക്ഷ്യത്തിലെത്തുന്നു.

## b) മരിയഭക്തിയും പരിശുദ്ധാത്മാവും

മറിയം കൃപ നിറഞ്ഞവളായിത്തീർന്നത് പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനത്താലാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. അവളോടുള്ള അടുപ്പവും സ്നേഹവും വിശ്വാസിയിലും പരിശുദ്ധാത്മ പ്രവർത്തനങ്ങൾക്ക് വഴി തെളിക്കും. കൃപാവരപൂരിതയായ അമ്മ ഓരോ വിശ്വാസിയേയും വരപ്രസാദജീവിതത്തിലേക്ക് തന്റെ ഉന്നതമായ മാതൃകകൊണ്ടും ഉദാരമായ സഹായം കൊണ്ടും ഉജ്ജ്വലത്തായ പ്രചോദനംകൊണ്ടും നിരന്തരമായ മാദ്ധ്യസ്ഥംകൊണ്ടും നയിക്കുമെന്നതിലും സംശയമില്ല. മരിയഭക്തികൊണ്ട് ലക്ഷ്യമാക്കുന്നതും മറ്റൊന്നല്ല. മാർപ്പാപ്പാ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചു് ഇപ്രകാരം പറയുന്നു: "നസ്രത്തിലെ കന്യകയിൽ പരിശുദ്ധാത്മാവ് നിർവ്വഹിച്ച വിശുദ്ധീകരണപ്രക്രിയ രക്ഷാകരചരിത്രത്തിൽ അവിടുന്നു ചെയ്ത പ്രവൃത്തികളുടെ അത്യുച്ചകോടി ആയിരുന്നുവെന്നു ദൈവവിജ്ഞാനീയവിചിന്തനവും ആരാധനക്രമവും ഒന്നുപോലെ അഭിപ്രായപ്പെടുന്നു" (pg. 26).

www.malankaralibrary.com



## c) മരിയഭക്തിയും തിരുസഭയും

തിരുസഭയിൽ മറിയത്തിനുള്ള സ്ഥാനമെന്തെന്നതിനെക്കുറിച്ച് വലിയ ചർച്ചയാവശ്യമില്ല. മാർപ്പാപ്പാ പറയുന്നു "ദേവമാതാവിന് തിരുസഭയിലുള്ള സ്ഥാനമാഹാത്മ്യത്തെ വ്യക്തമായിക്കാണിക്കുന്നതായിരിക്കണം അവളെ ബഹുമാനിക്കുന്നതിനായി രൂപംകൊള്ളുന്ന ഭക്ത്യാഭ്യാസങ്ങൾ. അവളുടെ സ്ഥാനം ക്രിസ്തുവിൻേറതു കഴിഞ്ഞാൽ ഏററവും സമുന്നതവും നമ്മുടേതിനോട് ഏററവും അടുത്തതുമത്രേ" (no. 28. pg. 26).

മറിയത്തിൻെറ ജീവിതം സഭയ്ക്ക് എന്നും ഒരു സാധന പാഠം ആണെന്നും അത് നവംനവങ്ങളായ കർമ്മപരിപാടികൾക്ക് സഭയ്ക്ക് പ്രേരണ നൽകുന്നെന്നും മാർപ്പാപ്പാ പ്രസ്താവിക്കുന്നു.

"നസ്രത്തിലെ എലിസബേത്തിൻെറ ഗൃഹം, കാനാ, കാൽവരി ഇവിടങ്ങളിലെല്ലാം മറിയം ക്രിയാത്മകമായ സഹോദരസ്നേഹം പ്രകടിപ്പിച്ചു. അപ്പോഴൊക്കെ നടന്ന രക്ഷാകരസംഭവങ്ങൾ സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്നവയത്രേ. എല്ലാ മനുഷ്യരും സത്യത്തിൻെറ ജ്ഞാനത്തിലേക്കു വരണമെന്ന് (1തിമോ. 12/4) സഭ ആഗ്രഹിക്കുന്നു. താഴ്ന്ന നിലയിലുള്ളവർ, നിർദ്ധനർ, ബലഹീനർ എന്നിവരെപ്പററി സഭയ്ക്ക് ഉൽക്കണ്ഠയുണ്ടു്. സമാധാനത്തിനും സാമൂഹികസമത്വത്തിനുംവേണ്ടി അവർ നിരന്തരം ആത്മാർപ്പണം ചെയ്യുന്നു. യേശുക്രിസ്തുവിൻെറ മരണം എല്ലാ മനുഷ്യർക്കുമായി നേടിയെടുത്ത രക്ഷയിൽ അവർക്കെല്ലാം പങ്കുചേരാൻ കഴിയുമെന്ന സത്യത്തിന് സഭ ഉറപ്പ് നൽകുന്നു. ഈ വിധത്തിൽ സഭയോടുള്ള സ്നേഹം മറിയത്തോടുള്ള സ്നേഹമായും മറിയത്തോടുള്ള സ്നേഹം സഭയോടുള്ള സ്നേഹമായും മാറുന്നു" (no. 28. pg. 27).

തുടർന്നു മാർപ്പാപ്പാ അക്വിലായിലെ വിശുദ്ധ ക്രോമോസിയോസിൻെറ ഹൃദ്യമായ വാക്കുകൾ ഇപ്രകാരം ഉദ്ധരിക്കുന്നു. "യേശുവിൻെറ മാതാവായ മറിയത്തോടും അവി

www.malankaralibrary.com



ടുത്തെ സഹോദരരോടും കൂടെ സെഹിയോൻ മാളികയിൽ സഭ സമ്മേളിച്ചു. അതിനാൽ കർത്താവിൻെറ അമ്മയായ മറിയത്തിൻേറയും അവിടത്തെ സഹോദരരുടേയും ഒത്തൊരുമിച്ചുള്ള സാന്നിദ്ധ്യം കൂടാതെ സഭയെപ്പററി ചിന്തിക്കുക വയ്യ" (no. 28. pg. 27).

മരിയഭക്തി നവീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് പോാം ആറാമൻ രണ്ടാംഭാഗത്തിൽ നൽകുന്നതു്. പ്രസ്തുത ഭക്തിയുടെ നാലുവശങ്ങളെക്കുറിച്ചും മാർപ്പാപ്പാ സൂചിപ്പിക്കുന്നു.

### *മരിയഭക്തി*

## (1) വി. ഗ്രന്ഥത്തിൽ ഊന്നണം

"അത് ബൈബിളിൽനിന്ന് ചൈതന്യമാർജ്ജിക്കണം"

(pg. 29).

"പരിശുദ്ധ കന്യകയോടുള്ള ഭക്തി ക്രൈസ്തവസന്ദേശത്തിൻെറ കാതലായ വിഷയങ്ങളിൽ ലയിക്കണം. ഏവംവിധം ബോധജ്ഞാനത്തിൻെറ സിംഹാസനമായ മറിയത്തിന് നൽകുന്ന വണക്കം ദിവ്യവചനത്തിലേക്ക് നമ്മെ നയിക്കുകയും നമ്മുടെ ജീവിതം അവതീർണ്ണമായ ദിവ്യജ്ഞാനത്തിൻെറ കല്പനകളാൽ പ്രചോദിപ്പിക്കപ്പെടുകയും ചെയ്യും" (pg. 30).

## (2) ലിററർജിയുമായുള്ള ബന്ധം

"ലിററർജിയിൽ നിന്ന് ചൈതന്യം ഉൾക്കൊള്ളണം; ആരാധനയിലേക്ക് നയിക്കുകയും വേണം" (pg. 31).

## (3) എക്യുമെനിക്കൽപ്രസ്ഥാനത്തിന് മുതൽക്കൂട്ട്

യാക്കോബായ ഓർത്തഡോക്സ് സഭകൾക്ക് മാതാവിനോടുള്ള ഭക്തി വളരെ അടിസ്ഥാനപരവും ഉൽകൃഷ്ടമായതുമാണു്. ദൈവത്തിൻെറ മാതാവും എല്ലാ ക്രിസ്ത്യാനികളുടേയും അമ്മയുമാണ് മറിയാം. അവളോടുള്ള ഭക്തി,

www.malankaralibrary.com



അവളുടെ പുത്രനിൽനിന്ന് ജ്ഞാനസ്നാനപ്പെട്ട എല്ലാ ദൈവജനത്തിന്റെയും ഐക്യം സാധിച്ചുതരുന്നതിന് അവളോടുതന്നെ അഭ്യർത്ഥിക്കുന്നതിനുള്ള സാധാരണവും നിരന്തരവുമായ സന്ദർഭങ്ങളെ നമുക്കു പ്രദാനം ചെയ്യുന്നു (pg. 32); മരിയഭക്തി ക്രിസ്തുവിലേക്ക് നയിക്കുന്ന ഒന്നാണ്—കർത്താവും ദൈവവും രക്ഷകനും ഏക മദ്ധ്യസ്ഥനുമായ ക്രിസ്തുവിലേക്ക് നാം ഒന്നാകുന്നതിനുവേണ്ടി.

മരിയഭക്തി എക്യുമെനിക്കൽ പ്രസ്ഥാനത്തിന് സഹായകമാണെന്നു വരികിലും ചില പ്രതിബന്ധങ്ങളം പോറം ആറാമൻ അനുസ്മരിക്കുന്നു (pg. 34). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, നമ്മുടെ മരിയഭക്തിയും വേർപിരിഞ്ഞു നിൽക്കുന്ന സഹോദരങ്ങളുടെ മരിയഭക്തിയും തമ്മിൽ സാരമായ വ്യത്യാസങ്ങളുണ്ട്—പ്രത്യേകിച്ച് രക്ഷാകരകർമ്മത്തിൽ മറിയം വഹിച്ച പങ്കിന്റെ സ്വഭാവത്തെക്കുറിച്ചു്.

പോറം മാർപ്പാപ്പാ എക്യുമെനിക്കൽ പ്രസ്ഥാനത്തെ വളരെ പ്രതിബദ്ധതയോടെ വീക്ഷിക്കുന്നു. മറിയത്തിന്റെ സഹായം ക്രൈസ്തവസഹോദരങ്ങളുടെ ഇടയിലുള്ള ഐക്യത്തിന് വലിയ ആക്കം നൽകുമെന്നുതന്നെയാണ് അദ്ദേഹത്തിന്റെ പ്രതീക്ഷ. ക്രിസ്തീയ ഐക്യത്തെക്കുറിച്ചും മറിയത്തിന്റെ മാദ്ധ്യസ്ഥത്തെക്കുറിച്ചും മഹാനായ ലെയോൻ പതിമൂന്നാമൻ "Adjutricem Populi" എന്ന വിശ്വലേഖനത്തിൽ എഴുതിയിട്ടുള്ളത് അദ്ദേഹം ഉദ്ധരിക്കുന്നു:

"ക്രൈസ്തവരുടെ ഐക്യം കൈവരുത്തുകയെന്നത് മറിയത്തിന്റെ ആദ്ധ്യാത്മികമാതൃത്വത്തിന്റെ ചുമതലയത്രേ; കാരണം, ക്രിസ്തുവിന്റെ സ്വന്തമായിത്തീരുന്നവരെ ഒരേ വിശ്വാസത്തിലും ഒരേ സ്നേഹത്തിലുമല്ലാതെ മറിയം ജനിപ്പിച്ചിട്ടില്ല, ജനിപ്പിക്കുകയുമില്ല; അഥവാ ക്രിസ്തു വിഭജിക്കപ്പെട്ടുപോയോ? (1കോറി. 1/13). ഒരേയൊരു ശരീരത്തിൽ ദൈവത്തിനായി ഫലം പുറപ്പെടുവിക്കത്തക്കവണ്ണം നാമെല്ലാവരും ഒരുമിച്ച് ക്രിസ്തുവിന്റെ ജീവിതം ജീവിക്കണം" (1തിമോ. 7/4) (no. 33). (pg. 34).

www.malankaralibrary.com



## (4) ആധുനികമനുഷ്യശാസ്ത്രവുമായുള്ള ബന്ധം

എല്ലാക്കാലത്തും മറിയം മാനവരാശിക്ക് മാതൃകയാണെന്ന് സഭ പറയുന്നു. പക്ഷേ അതിന്റെ അർത്ഥവും ഇന്നിന് അതിന്റെ പ്രസക്തിയും മററും എന്താണെന്ന് മാർപ്പാപ്പാ വിവരിക്കുന്നു.

"എല്ലാ വിശ്വാസികളും അനുകരിക്കേണ്ട ഒരു ഉത്തമമാതൃകയായി സഭ കന്യകമറിയത്തെ എന്നും ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ അവരം അവലംബിച്ച ജീവിതരീതിയിലോ അതിനുമുപരി, അവരം ജീവിച്ചിരുന്നതും ഇന്ന് ഒരിടത്തും കാണപ്പെടാത്തതുമായ സാമുദായിക സാംസ്ക്കാരികനിലകളിലോ അവളെ അനുകരിക്കണമെന്നല്ല അതിന്റെ അർത്ഥം. സ്വജീവിതത്തിൽ മറിയാം പൂർണ്ണമായും കർത്തവ്യബോധത്തോടുംകൂടി ദൈവതിരുമനസ്സിന് സ്വയം വിധേയമായി. (ലൂക്കോ. 1/38). ഈ വിധേയത്വത്തിൽ വിശ്വാസികരം മറിയത്തെ മാതൃകയായി സ്വീകരിക്കണമെന്നാണ് സഭ ആവശ്യപ്പെടുന്നത്. സ്നേഹവും അർപ്പണചൈതന്യവും അവളുടെ പ്രവൃത്തികളുടെ ചേതനകളായിരുന്നു; തന്മൂലം അവരം ദൈവവചനത്തെ ശ്രവിച്ചു, അതനുസരിച്ചു പ്രവർത്തിച്ചു. തീർച്ചയായും അവരം അനുകരിക്കപ്പെടേണ്ടവരം തന്നെ. ക്രിസ്തുവിന്റെ ശിഷ്യരിൽ പ്രഥമയും പരിപൂർണ്ണയും അവരം ആയിരുന്നുവല്ലോ. ഇങ്ങനെ മറിയത്തിൽ സ്ഥായിയും സാർവ്വത്രികവുമായ അനുകരണമൂല്യം നാം ദർശിക്കുന്നു" (No 35. Pg. 37-38).

## മരിയഭക്തിയുടെ അന്തിമലക്ഷ്യം

പോരം ആറാമൻ തന്റെ ചാക്രികലേഖനത്തിന്റെ അവസാനഭാഗത്ത് ഒരിക്കൽകൂടി വ്യക്തമാക്കുകയാണ് മരിയഭക്തിയുടെ അന്തിമലക്ഷ്യമെന്താണെന്ന്,

www.malankaralibrary.com



"അവസാനമായി, പരിശുദ്ധ കന്യകയോടുള്ള ഭക്തിയുടെ ആത്യന്തികലക്ഷ്യം എന്താണെന്ന് ഒന്നുകൂടി പറഞ്ഞു കൊള്ളട്ടെ. ദൈവത്തെ മഹത്വപ്പെടുത്തുക, ദൈവത്തിന്റെ തിരുച്ചിത്തത്തിന് തങ്ങളെ നിരുപാധികം വിധേയരാക്കി അവിടുത്തേക്ക് ആത്മാർപ്പണം ചെയ്യുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശം നൽകുക എന്നിവയാണ് ഈ ഭക്തിയുടെ നിർദ്ദിഷ്ടലക്ഷ്യങ്ങൾ. സുവിശേഷത്തിലെ ആ അജ്ഞാതയായ സ്ത്രീയുടെ സ്വരത്തോടുകൂടി സഭാസന്താനങ്ങൾ തങ്ങളുടെ സ്വരവും ചേർത്ത് "അങ്ങയെ വഹിച്ച ഉദരങ്ങളും പാലൂട്ടിയ സ്തനങ്ങളും അനുഗ്രഹീതങ്ങളാകുന്നു" (ലൂക്കാ. 11/27) എന്നുൽഘോഷിച്ചുകൊണ്ട് ഈശോയുടെ അമ്മയെ മഹത്വപ്പെടുത്തണം. എല്ലാററിലും നാം ദൈവമഹിമ ആരായണം; അപ്പോൾ ദൈവത്തിന്റെ വചനത്തെ ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാരാകുന്നു എന്ന് ദിവ്യഗുരു നൽകിയ ശ്രദ്ധാർഹമായ പ്രത്യുത്തരത്തിന്റെ അന്തരാർത്ഥം നമുക്ക് അനുഭവവേദ്യമാകും. ക്രിസ്തുവിന്റെ ഈ വാക്കുകൾ ഉജ്ജ്വലമായ ഒരു മരിയസ്തുതിയാണെന്ന് സഭാചിന്തകന്മാരും രണ്ടാംവത്തിക്കാൻ കൗൺസിലും കരുതുന്നു.

"ദൈവകല്പനകളനുസരിച്ച് ജീവിക്കുന്നതിനുള്ള ഒരു മുന്നറിയിപ്പുകൂടിയാണ്. "കർത്താവേ, കർത്താവേ, എന്ന് എന്നെ വിളിക്കുന്നവനല്ല, പ്രത്യുത, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേററുന്നവനത്രേ എന്നെ സ്നേഹിക്കുന്നവൻ" (മത്താ. 7/21) എന്നും "ഞാൻ കല്പിക്കുന്നതനുസരിച്ച് പ്രവർത്തിച്ചാൽ നിങ്ങൾ എന്റെ സ്നേഹിതന്മാരായിരിക്കും" (യോഹ. 15/13) എന്നും മററവസരങ്ങളിൽ രക്ഷകൻ ചെയ്ത പ്രസ്താവനകളുടെ പ്രതിധ്വനികൂടിയാണ് മേലുദ്ധരിച്ച അവിടുത്തെ പ്രത്യുത്തരം". (No. 39, Pg. 46-47).

www.malankaralibrary.com



യുഗാന്തരങ്ങളായി സഭയിൽ നിലനിന്നുപോരുന്ന മരിയഭക്തിയുടെ വിവിധ ഭാവങ്ങളിലേക്കും അന്തിമലക്ഷ്യത്തിലേക്കുമുള്ള ഒരെത്തിനോട്ടമാണ് ചാക്രികലേഖനത്തിലൂടെ പോൾ മാർപ്പാപ്പാ നമുക്ക് നൽകുന്നതു്. ക്രിസ്തീയ ആരാധനയ്ക്കും സാഹോദര്യത്തിനും ഐക്യത്തിനും മരിയഭക്തി എത്രമാത്രം പ്രയോജകീഭവിക്കുമെന്നും നമ്മെ അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. മരിയഭക്തിയുടെ വിവിധ അഭ്യാസങ്ങൾ ആവർത്തനംകൊണ്ട് വിരസമാകാതിരിപ്പാൻ, പ്രസ്തുത ഭക്തിയുടെ അന്തർധാരകളെയും അന്തരാർത്ഥത്തേയും താത്വികമായ പ്രബോധനങ്ങളോടും ഊർജ്ജസ്വലമായ ഉൾക്കാഴ്ചയോടുംകൂടെ പോൾ ആറാമൻ നമുക്കു തുറന്നുകാട്ടുന്നു. മരിയഭക്തി സഭയുടെ തിരുമുൽക്കാഴ്ചയാണ്, ഇന്നിന്റെ അർപ്പണവും ആവശ്യവുമാണ്.

www.malankaralibrary.com

# III

# കന്യകമറിയം വത്തിക്കാൻ കൗൺസിലിൻെറ പ്രമാണരേഖകളിൽ

"ലൂമെൻ ജെൻസിയും" ["ജനതകളുടെ പ്രകാശം"] എന്ന സഭയെക്കുറിച്ചുള്ള ഘടനാപരമായ പ്രമാണരേഖയിൽ എട്ടാം അദ്ധ്യായം ദീർഘമായി, സഭയിൽ മാതാവിനുള്ള സ്ഥാനം, രക്ഷാകരപദ്ധതിയിൽ അവളുടെ പങ്ക്, സഭയിൽ മരിയഭക്തി ഇവയെക്കുറിച്ചെല്ലാം പ്രതിപാദിക്കുന്നുണ്ട്. വത്തിക്കാൻ കൗൺസിലിൻെറ ആധികാരികമായ മററു രേഖകളിലും പരിശുദ്ധ കന്യകമറിയത്തെക്കുറിച്ചു മററു വീക്ഷണകോണുകളിലുള്ള പ്രതിപാദനവുമുണ്ട്.* വിസ്താരഭയത്താൽ "ജനതകളുടെ പ്രകാശം" (ലൂമെൻ ജെൻസിയും) എന്ന പ്രമാണരേഖയിൽമാത്രം ഒതുങ്ങിനില്ക്കുന്നതാണ് ഈ പഠനം.

## ആമുഖം

കോൺസ്റ്റാൻറിനോപ്പിളിൽവച്ചു രൂപംനൽകിയ വിശ്വാസപ്രമാണം, എഫേസൂസ് കൗൺസിൽ, കൽക്കദോനിയ സുന്നഹദ്ദോസ്, കോൺസ്റ്റാൻറിനോപ്പിളിൽ വച്ചുകൂടിയ രണ്ടാം സുന്നഹദ്ദോസ് ഇവയെല്ലാം ചർച്ചചെയ്തു നമ്മുക്കു നൽകിയിട്ടുള്ള വിശ്വാസമനുസരിച്ചു പുത്രൻ തമ്പുരാൻെറ മനുഷ്യാവതാരം പരിശുദ്ധാത്മ പ്രവർത്തനംവഴി കന്യകമറിയത്തിൽ നിന്നാണെന്നു വത്തിക്കാൻ കൗൺസിൽ നമ്മെ അനുസ്മരിപ്പിക്കുന്നു. അതോടൊപ്പം, ക്രിസ്തുവിനോടും വിശുദ്ധന്മാരോടും ചേർന്നു വിശ്വാസികരം, നമ്മുടെ കർത്താവും ദൈവവുമായ യേശുവിൻെറ അമ്മയും

---

*ആരാധനക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയിലും സന്ന്യസ്തജീവിതത്തെക്കുറിച്ചുള്ള പ്രമാണരേഖകളിലും പ്രത്യേകം ചർച്ചകളുണ്ട്.

www.malankaralibrary.com



നിത്യകന്യകയുമായിരിക്കുന്ന മറിയാമ്മിന്റെ ഓർമ്മയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കണമെന്ന് കൗൺസിൽ ആഹ്വാനം ചെയ്യുന്നു.

കന്യകമറിയം രക്ഷകനായ യേശുവിന്റെ അമ്മയാണ്; ദൈവപുത്രന്റെ അമ്മയെന്നുള്ള നിലയിൽ പ്രത്യേകം ആദരിക്കപ്പെടുന്നു; പുത്രന്റെ പ്രത്യേക നന്മകളാലാണ് അവൾ രക്ഷിക്കപ്പെട്ടിട്ടുള്ളത്. എല്ലാ സൃഷ്ടവസ്തുക്കളേക്കാളും ഉന്നതമായ സ്ഥാനം അലങ്കരിക്കുന്നു, കൃപയുടെ ആവാസം അവളെ ധന്യയാക്കിയിരിക്കുന്നു; പക്ഷേ, ആദാമിന്റെ പുത്രി രക്ഷിക്കപ്പെടേണ്ട മററെല്ലാവരുമായി ബന്ധപ്പെട്ടിരിക്കുന്നു; അവരുടെ അമ്മയാണ്, സഭാമക്കളുടെ ആത്മീയ ജനനത്തിൽ അവൾ സഹകരിക്കുന്നു; സഭയുടെ പ്രത്യേക പദവിയുള്ള അംഗം, സഭയുടെ പ്രതീകം, വിശ്വാസത്തിലും സ്നേഹത്തിലും ഉന്നതമായ മാതൃക, ഈ രീതികളിൽ അവൾ പ്രശോഭിക്കുന്നു. സഭയുടെ അമ്മയായും അവൾ ആദരിക്കപ്പെടുന്നു.

പരിശുദ്ധ കന്യകമറിയത്തിന് മനുഷ്യാവതാര ദിവ്യരഹസ്യത്തിലും മൗതിക ശരീരത്തിലുമുള്ള പദവി, രക്ഷിക്കപ്പെട്ടവർക്കു ദൈവമാതാവിനോടുള്ള കടമ ഇവയെ വിശകലനം ചെയ്യുന്നതിനുള്ള പരിശ്രമമാണ് കൗൺസിൽ നടത്തുന്നത്

## രക്ഷാകരപദ്ധതിയിൽ പരിശുദ്ധ കന്യകയുടെ പദവി

പഴയനിയമവും പുതിയനിയമവും പാരമ്പര്യവും രക്ഷാകരപദ്ധതിയിൽ പരിശുദ്ധ കന്യകയ്ക്കുള്ള സ്ഥാനത്തെക്കുറിച്ചു വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. പഴയനിയമം രക്ഷാകരചരിത്രം കുറിക്കുന്നു, ക്രിസ്തുവിന്റെ ആഗമനത്തെ സൂചിപ്പിക്കുന്നു; രക്ഷകന്റെ അമ്മയായ സ്ത്രീയുടെ രൂപം പൂർണ്ണതപ്രാപിക്കുന്ന വെളിപാടിലൂടെ കൂടുതൽ കൂടുതൽ വ്യക്തമാകുന്നു. ആദിമ മാതാപിതാക്കൾക്കു നൽകിയ വാഗ്ദാനത്തിൽ സൂചിപ്പിക്കപ്പെടുന്ന സ്ത്രീ മറിയമാണ് (ഉൽപ്പത്തി 3/15); കന്യക

www.malankaralibrary.com



ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കുമെന്നുള്ള പ്രവചനം അവളെക്കുറിച്ചാണ് (ഏശയ്യാ 8/14; മിഖ 5/2-3; മത്തായി 1/22-23); കർത്താവിൻെറ എളിയവരും ദരിദ്രരുമായവരുടെയിടയിൽ അവൾ പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നു, അവനിൽ നിന്നു രക്ഷ ലഭിക്കുമെന്ന പ്രത്യാശയോടെ കാത്തുനില്ക്കുന്ന കർത്താവിൻെറ എളിയവരും ദരിദ്രരും. കാത്തിരിപ്പിൻെറ കാലം കഴിഞ്ഞപ്പോൾ സെഹിയോൻെറ ഉൽകൃഷ്ടയായ പുത്രി ഉയർത്തപ്പെട്ടു, രക്ഷയുടെ പുതിയ പദ്ധതി രൂപപ്പെട്ടു, ദൈവപുത്രൻ മനുഷ്യനായി അവളിൽനിന്നും ജനിച്ചു, അവൻെറ ശരീരത്തിൻെറ പീഡകൾവഴി മനുഷ്യനു സ്വാതന്ത്ര്യം നൽകുന്നതിനുവേണ്ടി.

ഹവ്വാ മരണത്തിൻെറ വിത്തുവിതച്ചതുപോലെ യേശുവിൻെറ അമ്മ ജീവൻ നൽകുന്നതിൽ കൂട്ടുത്തരവാദിയായി. കൃപനിറഞ്ഞവളും വിശുദ്ധയുമായി അവളെ രൂപാന്തരപ്പെടുത്തിയത് പരിശുദ്ധാത്മാവിൻെറ ദാനങ്ങളാണ്; ഒരു പുതിയ സൃഷ്ടിതന്നെയായി അവൾ. മാലാഖാ അവളെ 'കൃപനിറഞ്ഞവളെ'യെന്നു സംബോധനചെയ്യുമ്പോൾ, അവളുടെ മറുപടി "ഇതാ ഞാൻ കർത്താവിൻെറ ദാസി". അങ്ങനെ ആദാമിൻെറ പുത്രി, മറിയം, യേശുവിൻെറ അമ്മയായി. യേശു എന്ന വ്യക്തിയോടും അവൻെറ രക്ഷാകര പ്രവർത്തനത്തോടും പരിപൂർണ്ണമായി യോജിച്ചുകൊണ്ട് എല്ലാ അർത്ഥത്തിലും അവൾ കർത്താവിൻെറ ദാസിയായി പരിണമിച്ചു. വിശുദ്ധ ഇറനേവൂസ് പറയുന്നു: "അവൾ അനുസരണയുള്ളവളായിതീർന്നതുകൊണ്ട്, അവളുടേയും മനുഷ്യരാശിയുടേയും രക്ഷയ്ക്കു കാരണമായി".

രക്ഷാകരപ്രവർത്തനത്തിൽ അമ്മയും മകനും തമ്മിലുള്ള ഈ ഐക്യം കന്യകയായി അവൾ യേശുവിനെ ഗർഭംധരിച്ചതുമുതൽ അവൻെറ മരണംവരെയുള്ള സംഭവങ്ങളിൽനിന്നും വ്യക്തമാകുന്നു. എലിസബേത്തിനെ സന്ദർശിക്കുന്നത്, എലിസബേത്തിൻെറ ഉദരത്തിലുള്ള പൈതൽ വിശുദ്ധീകരിക്കപ്പെടുന്നത്, മറിയത്തിൻെറ കന്യാത്വം ഭജ്ഞിക്കപ്പെടാതെ യേശു ജനിക്കുന്നത്, ആട്ടിടയന്മാരുടെ സന്ദർശനം, മ്ഗുശേന്മാരുടെ വരവ് ഇങ്ങനെ ഓരോ സംഭവത്തിലും

www.malankaralibrary.com



രക്ഷാകരപദ്ധതിയുടെ വിവിധവശങ്ങൾ വെളിവാകുന്നതോടെ, മറിയത്തിന്റെ ഉന്നതമായ പദവിയും നാം കാണുന്നു. ശിമയോന്റെ പ്രവചനം, യേശുവിനെ ദൈവാലയത്തിൽ കണ്ടെത്തുന്നത് ആദിയായ സംഭവങ്ങളും മറിയത്തെ ചിന്താധീനയും ധ്യാനനിരതയുമാക്കുന്നു.

യേശുവിന്റെ പരസ്യജീവിതത്തിന്റെ ആരംഭംമുതൽ മറിയം പ്രത്യേകമായ സ്ഥാനം സ്വീകരിക്കുന്നു, കാനായിലെ കല്യാണവിരുന്നിൽ അവളുടെ മാദ്ധ്യസ്ഥം, യേശുവിന്റെ ആദ്യത്തെ അത്ഭുതം. മറിയത്തെത്തന്നെ സ്തുതിച്ചുകൊണ്ടുള്ളതാണ് യേശുവിന്റെ പ്രഘോഷണം. ദൈവവചനം സ്വീകരിക്കുകയും അതുപാലിക്കുകയും ചെയ്യുന്നവർ അനുഗ്രഹീതർ എന്നത് മറിയത്തെ സംബന്ധിച്ചു എത്ര അന്വർത്ഥം! അവളുടെ വിശ്വാസത്തിന്റെ തീർത്ഥാടനം കുരിശുവരെ തുടരുന്നു—പുത്രനുമായുള്ള ഐക്യം കുരിശിൻചുവട്ടിലെത്തിക്കുന്നു. ഓമനമകന്റെ വേദനകളിൽ ആത്മീയമായി ഭാഗഭാക്കാകുന്ന അവൾ ആന്തരികമായി എല്ലാം നിത്യപിതാവിനു പുത്രനുമായി ചേർന്നർപ്പിക്കുന്നു. ശിഷ്യന് കുരിശിൽക്കിടക്കുന്ന ഗുരു സ്വന്തം അമ്മയെ ഏല്പിച്ചുകൊടുക്കുന്നു—ശിഷ്യന്റെ അമ്മയായി, മനുഷ്യരാശിയുടെ അമ്മയായി.

മനുഷ്യവംശത്തിന്റെ രക്ഷയെക്കുറിച്ചുള്ള പദ്ധതി പൂർണ്ണമായി മനസ്സിലാക്കുന്നതിന് ക്രിസ്തുവിന്റെ വാഗ്ദാനം അനുസരിച്ച് പെന്തിക്കുസ്തിവരെ ശിഷ്യന്മാർ കാത്തിരിക്കേണ്ടിവന്നു. പ്രാർത്ഥനാ നിരതരായി പരിശുദ്ധാത്മാവിന്റെ വരവിനായും നൽവരങ്ങൾക്കായും കാത്തിരിക്കുന്നവരുടെ മദ്ധ്യത്തിൽ യേശുവിന്റെ അമ്മേയുമുണ്ട്; പരിശുദ്ധാത്മാവിന്റെ ദാനത്തിനായി അവൾ അകമഴിഞ്ഞു പ്രാർത്ഥിക്കുന്നു. അവസാനമായി, പാപക്കറ ലേശംപോലും തീണ്ടാത്ത അവൾ ശരീരവും ആത്മാവുമായി സ്വർഗ്ഗീയമഹത്വത്തിലേക്കു ആനയിക്കപ്പെടുന്നു; ഐഹികജീവിതം അവസാനിച്ചു എടുക്കപ്പെടുകയാണ്; അങ്ങനെ സ്വപുത്രന് അവൾ പൂർണ്ണമായും അനുരൂപയായിത്തീരുന്നു.

www.malankaralibrary.com



## പരിശുദ്ധ കന്യകയും സഭയും

ക്രിസ്തു ഏകമദ്ധ്യസ്ഥനാണ് (1 തിമോ. 2/5-6); മനുഷ്യരുടെ അമ്മ എന്നുള്ള നിലയിൽ മറിയത്തിന്റെ മദ്ധ്യസ്ഥപ്രവൃത്തി ഒരു വിധത്തിലും യേശുക്രിസ്തുവിന്റെ മാദ്ധ്യസ്ഥത്തെ കുറയ്ക്കുകയോ മറയ്ക്കുകയോ ചെയ്യുന്നില്ല. മറിയത്തിന് മനുഷ്യരിലുള്ള സ്വാധീനം ദൈവഹിതത്തിനു കീഴ്പ്പെട്ടതാണ്; ക്രിസ്തുവിന്റെ നന്മകളിൽനിന്നും അതു ഉറവയാർജ്ജിക്കുന്നു, അവന്റെ മദ്ധ്യസ്ഥത്തിൽ താങ്ങിനില്ക്കുന്നു, അതിൽനിന്നും ശക്തിയാർജ്ജിക്കുന്നു. ക്രിസ്തുവുമായി വിശ്വാസികൾക്കു നേരിട്ടുള്ള ഐക്യത്തെ അതു തടസ്സപ്പെടുത്തുന്നില്ല, പ്രത്യുത, സഹായിക്കുന്നു.

കന്യകമറിയം ദൈവമാതാവായി നിശ്ചയിക്കപ്പെട്ടത് പുത്രൻതമ്പുരാന്റെ മനുഷ്യാവതാരവുമായി ബന്ധപ്പെട്ടാണ്. ദൈവ പരിപാലനയിൽ ദിവ്യരക്ഷകന്റെ അമ്മയായി ഈ ഭൂമിയിൽ ജീവിച്ചു. അതുപോലെ കർത്താവിന്റെ വിനീത ദാസിയായും പ്രത്യേക സഹകാരിണിയായും പ്രവർത്തിച്ചു. ദിവ്യരക്ഷകന്റെ ജനനം, വളർച്ച, പരസ്യജീവിതം, പീഡാനുഭവം, ക്രൂശുമരണം, ഇവയിലെല്ലാം പ്രത്യേകവിധത്തിൽ അവൾ സഹകരിച്ചു, പ്രത്യേകിച്ച് വിശ്വാസം, ശരണം, സ്നേഹം എന്നീ പുണ്യങ്ങളിലൂടെ ദിവ്യരക്ഷകന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ അവൾ സഹകരിച്ചു; ഇക്കാരണത്താൽ നമുക്ക് ദൈവകൃപ സംബന്ധിച്ച് അമ്മയാണവൾ. ഈ പദവിയും അതിനനുസൃതമായ അവളുടെ മാദ്ധ്യസ്ഥ പ്രവർത്തനവും അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണ് മറിയം. എല്ലാവരും നിത്യസൗഭാഗ്യത്തിൽ എത്തുന്നതുവരെ മാതൃസഹജമായ താല്പര്യത്തോടെ നമ്മുക്കുവേണ്ടി മാദ്ധ്യസ്ഥം യാചിച്ചുകൊണ്ടവൾ വിരാജിക്കുന്നു. തന്മൂലം സഭ അവളെ മദ്ധ്യസ്ഥ, സഹായി, ഉപകാരിണി, എന്നെല്ലാം സംബോധന ചെയ്യുന്നു. പക്ഷേ ഇതുവഴി ഏകമദ്ധ്യസ്ഥനായ ക്രിസ്തുവിന്റെ പ്രവർത്തനങ്ങൾക്കു ന്യൂനതയോ അധികരണമോ ഉണ്ടാകുന്നില്ല.

www.malankaralibrary.com



ക്രിസ്തുവിന്റെ പൌരോഹിത്യത്തിൽ വിവിധ പദവികളിലും അളവുകളിലും വൈദികരും അത്മായരും പങ്കുചേരുന്നതുപോലെയും, ദൈവത്തിന്റെ ഒരേയൊരു നന്മ വിവിധ രീതികളിൽ തന്റെ സൃഷ്ടികളിൽക്കൂടി പ്രകാശിക്കുന്നതുപോലെയും, രക്ഷകന്റെ ഏക മാദ്ധ്യസ്ഥം ഒന്നിനേയും ഒഴിവാക്കുന്നതിനുപകരം പലവിധ സഹകരണങ്ങൾക്കു അവസരം നൽകുന്നു; അവയെല്ലാം ഈ ഒരു പ്രഭവത്തിന്റെ പങ്കുവയ്ക്കൽ മാത്രമാണ്.

ക്രിസ്തുവിന് കീഴ്പ്പെട്ടുകൊണ്ടുള്ള മറിയത്തിന്റെ പങ്ക് ഏററുപറയുന്നതിന് സഭ ഒരിക്കലും മടിക്കുന്നില്ല; അവൾക്ക് ഇതു നിരന്തരം അനുഭവപ്പെടുന്നു. വിശ്വാസികളുടെ അകമഴിഞ്ഞ ശ്രദ്ധ ഇതിലേക്കു ക്ഷണിക്കുന്നു; അങ്ങനെ മാതൃസഹജമായ ഈ പ്രോത്സാഹനം സ്വീകരിച്ച് വിശ്വാസികൾ കൂടുതലായി രക്ഷകനും മദ്ധ്യസ്ഥനുമായ യേശുവിനോട് അടുക്കുന്നതിനു ഇടയാകും.

അവളുടെ ദിവ്യമാതൃത്വവും (യേശുവിനോട് ഇതുവഴി അവൾ വളരെയേറെ ഐക്യപ്പെട്ടിരിക്കുന്നു) അവളുടേതായ പദവിയും അനുഗ്രഹങ്ങളും വഴി, പരിശുദ്ധ കന്യക സഭയോട് പ്രത്യേകമായ വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. വിശുദ്ധ അംബ്രോസ് പഠിപ്പിച്ചതുപോലെ, ദൈവമാതാവ് വിശ്വാസം, ശരണം, സ്നേഹം എന്നീ പുണ്യങ്ങളുടെ തലത്തിലും യേശുവിനോടുള്ള പൂർണ്ണമായ ഐക്യത്തിലും സഭയുടെ പ്രതീകമാണ്. സഭതന്നെ മാതാവെന്നും കന്യകയെന്നും വിളിക്കപ്പെടുന്ന പശ്ചാത്തലത്തിൽ, കന്യകമറിയാംതന്നെ, സഭയുടെ ദിവ്യരഹസ്യത്തിൽ, കന്യകയുടേയും അമ്മയുടേയും ഏററവും വലിയ നിദർശനമാണ്. തന്റെ പരിപൂർണ്ണവിശ്വാസം മാലാഖയുടെ വചനിപ്പിൽ അർപ്പിച്ചുകൊണ്ട്, മനുഷ്യസമ്പർക്കംകൂടാതെ, ദൈവപുത്രന് അമ്മയായിത്തീർന്നതുപോലെ, അവന്റെ സഹോദരങ്ങളായ വിശ്വാസികളുടെ ജനനത്തിനും നവീകരണത്തിനുമായി, ഒരമ്മയുടെ സ്നേഹവാത്സല്യത്തോടെ അവൾ സഹകരിക്കുന്നു.

സഭയും കന്യകമറിയത്തിന്റെ നിഗൂഢമായ വിശുദ്ധിയെ ധ്യാനിച്ചുകൊണ്ടും അവളുടെ ഉപവിയെ അനുകരിച്ചു

www.malankaralibrary.com



കൊണ്ടും, പിതാവായ ദൈവത്തിൻെറ തിരുമനസ്സ് വിശ്വാസ്തതയോടെ നിറവേററിക്കൊണ്ടും, ദൈവവചനം വിശ്വാസത്തിൽ സ്വീകരിച്ചുകൊണ്ട് സ്വയം അമ്മയായിതീരുന്നു. ദൈവവചന പ്രഘോഷണംവഴിയായും മാമ്മോദീസാവഴിയായും, പരിശുദ്ധാത്മാവിനാൽ ഉരുവാക്കപ്പെട്ട് ദൈവത്തിൽ നിന്നും ജനിക്കുന്ന മക്കൾക്ക് അവൾ പുതിയ, മരണരഹിതമായ ജീവിതത്തിലേക്കു ജന്മംനൽകുന്നു. പ്രാണനാഥന് വാഗ്ദാനംനൽകിയ വിശ്വാസം കറയററതായി, പൂർണ്ണമായി കാക്കുന്ന ഒരു കന്യകതന്നെയാണവൾ. കർത്താവിൻെറ അമ്മയെ അനുകരിച്ചും, പരിശുദ്ധാത്മാവിൻെറ ശക്തിയാലും പൂർണ്ണവിശ്വാസം, ഉറപ്പുള്ള പ്രത്യാശ, ആത്മാർത്ഥമായ ഉപവി ഇവ അവൾ കാത്തുസൂക്ഷിക്കുന്നു.

കന്യകമറിയാമിൽ സഭ ഉന്നതമായ പദവിയിലും പരിശുദ്ധിയിലും എത്തിക്കഴിഞ്ഞെങ്കിലും, വിശ്വാസികൾ പാപത്തെ കീഴടക്കുന്നതിനും വിശുദ്ധിയിൽ വളരുന്നതിനും ഇനിയും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. വിശ്വാസികൾ കന്യകമറിയാമിൻെറ പക്കലേക്ക് കണ്ണുകൾ തിരിക്കുന്നു— എല്ലാ പുണ്യങ്ങളുടേയും മാതൃക അവളിൽ അവർ കാണുന്നു. കന്യകമറിയാമിനെക്കുറിച്ച് സഭ കൂടുതൽ ധ്യാനിക്കുകയും ചിന്തിക്കുകയും ചെയ്യുമ്പോൾ, മനുഷ്യാവതാര രഹസ്യത്തെക്കുറിച്ചു കൂടുതൽ മനസ്സിലാക്കുന്നതിനു സാധിക്കുന്നു. രക്ഷാകരചരിത്രവുമായി മറിയാം ആഴത്തിൽ ബന്ധപ്പെട്ടിട്ടുള്ളതുകൊണ്ട്, വിശ്വാസസംബന്ധമായ സത്യങ്ങൾ സ്വവ്യക്തിത്വത്തിൽ യോജിപ്പിച്ചുകൊണ്ട് അതു പ്രതിധ്വനിപ്പിക്കുന്നതിനു അവൾക്കു കഴിയുന്നു. അവളെക്കുറിച്ച് പ്രസംഗിക്കുകയും പ്രതിപാദിക്കുകയും ചെയ്യുന്നതു വഴി വിശ്വാസികളെ തൻെറ ദിവ്യപുത്രനിലേക്കു അവൾ കൂടുതൽ ആകർഷിക്കുന്നു. സ്വപ്രതീകമായ മറിയത്തെപോലെ സഭയും ക്രിസ്തുവിൻെറ മഹത്വത്തെ അന്വേഷിച്ചുകൊണ്ട്, വിശ്വാസം, ശരണം, സ്നേഹം എന്നീ ദൈവികപുണ്യങ്ങളിൽ പുരോഗമിക്കുന്നു. മറിയത്തിലൂടെ ക്രിസ്തു ലോകത്തിലേക്കു വന്നതുപോലെ, സഭവഴി ക്രിസ്തു വീണ്ടും വിശ്വാസികളുടെ ഹൃദയങ്ങളിൽ ജനിക്കുന്ന

www.malankaralibrary.com



തിന് സഭ ആഗ്രഹിച്ചുകൊണ്ട്, മറിയത്തിലേക്ക് ദൃഷ്ടികളെ തിരിച്ചുവിടുന്നു. ഒരമ്മയുടെ സ്നേഹം മറിയത്തിൽ പ്രതിബിംബിച്ചതുപോലെ, അവളുടെ ഉത്തമമാതൃസ്നേഹം സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ ചേരുന്ന എല്ലാവർക്കും ചൈതന്യം പകരണം.

## സഭയിൽ മറിയത്തിനുള്ള വന്ദന

ദൈവകൃപയാൽ മറിയം മനുഷ്യരുടേയും മാലാഖമാരുടേയും മുകളിലായി ഉയർത്തപ്പെട്ടു; ദൈവപുത്രൻ കഴിഞ്ഞാൽ രണ്ടാംസ്ഥാനം അവരംക്കാണ്, ദൈവത്തിൻെറ അമ്മയെന്നുള്ള നിലയിൽ, ക്രിസ്തുവിൻെറ എല്ലാ ദൈവികരഹസ്യങ്ങളിലും ഉരംപ്പെട്ടവരം എന്ന നിലയിൽ. പ്രത്യേക വന്ദനവും ബഹുമാനവും അവരംക്കു സഭയിൽ നൽകപ്പെടുന്നത് ഇതുകൊണ്ടാണ്. സഭയുടെ ആദിമകാലംമുതലേ ദൈവത്തിൻെറ അമ്മയെന്ന നിലയിൽ അവരം വന്ദിക്കപ്പെടുന്നു, ആപത്തുകളിലും ആവശ്യങ്ങളിലും വിശ്വാസികരം പ്രാർത്ഥനയിൽ ഉററിരുന്ന് അവളുടെ പക്കലേക്കു തിരിയുന്നു. എഫേസൂസിൽ നടന്ന സുന്നഹദ്ദോസിൻ ചുവടു പിടിച്ചുകൊണ്ട് അവളുടെനേർക്കുള്ള സ്നേഹവും ബഹുമാനവും വിശ്വാസികളിൽ, എല്ലാ തലമുറകളിലുമുള്ള വിശ്വാസികളിൽ, വളർന്നുവന്നു. സഭയിൽ മറിയത്തിനു നൽകുന്ന വന്ദനം ദൈവത്തിനു നൽകുന്ന ആരാധനയിൽനിന്നും തുലോം വ്യത്യസ്തമാണ്. ദൈവപുത്രന് നൽകുന്ന ആരാധന ദൈവത്തിനുതന്നെ നൽകുന്ന ആരാധനയാണ്, അവനിൽ പിതാവിൻെറ എല്ലാ പൂർണ്ണതയും അടങ്ങിയിരിക്കുന്നു; മറിയത്തിനു നൽകപ്പെടുന്ന വന്ദന ക്രിസ്തുവിനു നല്കുന്ന ആരാധനയെ കുറിയ്ക്കുന്നില്ല, അവിടുന്ന് അറിയപ്പെടുവാനും മഹത്വപ്പെടുവാനും അവിടുത്തെ കല്പനകരം പാലിക്കപ്പെടുവാനും അതുവഴിയായി കൂടുതൽ സാധിക്കുന്നു.

സഭയുടെ അംഗീകാരത്തോടുകൂടി മറിയത്തിനു നൽകപ്പെടുന്ന എല്ലാ ഭക്തി, ബഹുമാനാദരവുകളും ഭക്ത്യഭ്യാസങ്ങളും തുടർന്നുകൊണ്ടു പോകണമെന്ന് സുന്നഹദോസ് വ്യക്തമാക്കുന്നു. അതേസമയംതന്നെ ദൈവശാസ്ത്രജ്ഞ

www.malankaralibrary.com



ന്മാരും പ്രബോധകന്മാരും വളരെ കരുതലോടെ, മറിയത്തിനുള്ള പ്രത്യേക സ്ഥാനത്തെ കാണണമെന്നും വിശ്വാസത്തിനെതിരായി, അതിശയോക്തിപരമായ എല്ലാവിധ പ്രതിപാദനങ്ങളും ഉപേക്ഷിക്കണമെന്നും കൗൺസിൽ അഭ്യർത്ഥിക്കുന്നു. വിവാദങ്ങൾക്കിടയാകാത്തവിധത്തിലും സഭാപ്രബോധനത്തിനനുസരണമായും മറിയത്തോടുള്ള ഭക്ത്യഭ്യാസങ്ങൾ പാലിക്കണമെന്നു സഭ നിർദ്ദേശിക്കുന്നു. വെറും വൈകാരികവും ഉപരിപ്ലവവുമായ ഒരു ഭക്തിപ്രകടനമല്ല, അഭിലഷണീയം. വേർപിരിഞ്ഞുപോയ സഹോദരങ്ങളെ ക്രിസ്തുവിലേക്കു ആകർഷിക്കുന്നതിനുതകത്തക്കവിധത്തിലായിരിക്കണം മരിയൻഭക്തി.

## തീർത്ഥാടനം ചെയ്യുന്ന ദൈവജനത്തിന് മറിയം യഥാർത്ഥ പ്രത്യാശയുടേയും ആശ്വാസത്തിന്റെയും പ്രതീകം

വരാനിരിക്കുന്ന ലോകത്തിൽ സഭയ്ക്കുണ്ടാകുന്ന മഹത്വത്തിന്റെ സൂചനയാണ് ആത്മാവും ശരീരവുമായി സ്വർഗ്ഗത്തിൽ മഹത്വത്തോടുകൂടി കഴിയുന്ന മറിയം നൽകുന്നത്. തീർത്ഥാടനം നടത്തുന്ന ദൈവജനത്തിന് യഥാർത്ഥ പ്രത്യാശയുടേയും ആശ്വാസത്തിന്റേയും പ്രതീകമായി അവൾ പ്രകാശിക്കുന്നു. ക്രിസ്തീയ ഐക്യം പരിപോഷിപ്പിക്കുന്നതിൽ മറിയത്തിന് വലിയ പങ്കുണ്ടെന്ന് അവളെ അകമഴിഞ്ഞ് സ്നേഹിക്കുന്ന എല്ലാ ദൈവമക്കളും, ഏതെല്ലാം സഭാവിഭാഗത്തിൽ പെട്ടവരായാലും സമ്മതിക്കുമെന്നുള്ളതിന് സംശയമില്ല.

www.malankaralibrary.com

# IV

# സഭാപിതാക്കൻമാർ

[മറിയത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലേഖനങ്ങൾ ആദിയായവ.]

## വിശുദ്ധ അഗസ്തീനോസ്

വിശുദ്ധ യോഹന്നാൻശ്ലീഹാ എഴുതിയ സുവിശേഷത്തെക്കുറിച്ചുള്ള പ്രതിപാദനം (വി. യോഹന്നാൻ 8, 9).

### ശരീരത്തിൽ മറിയത്തിൻെറ പുത്രൻ, മഹത്വത്തിൽ മറിയത്തിൻെറ നാഥൻ

എന്നിരുന്നാലും (കാനായിലെ വിവാഹവിരുന്നിൽ വച്ച്) മകൻ അമ്മയോടു പറഞ്ഞു "എനിക്കും നിനക്കും എന്ത്? എൻെറ സമയം ഇനിയും വന്നിട്ടില്ല" (യോഹ. 2, 4) നമ്മുടെ കർത്താവ് യേശുക്രിസ്തു ദൈവവും മനുഷ്യനും ആയിരുന്നു. ദൈവമെന്ന നിലയിൽ അവിടുത്തേക്കു അമ്മയില്ലായിരുന്നു. മനുഷ്യനെന്നുള്ള സ്ഥിതിക്ക് തീർച്ചയായും. അവൻെറ ശരീരത്തിൻെറ, മനുഷ്യസ്വഭാവത്തിൻെറ ബലഹീനതയുടെ അമ്മയായിരുന്നു അവൾ. അവൻ നമുക്കുവേണ്ടി ബലഹീനനായിത്തീർന്നു. അവൻ പ്രവർത്തിക്കുവാൻ പോകുന്ന അത്ഭുതം അവൻെറ ദൈവത്വത്തിൻെറ സവിശേഷതയായിരുന്നു, ബലഹീനതയുടേതായിരുന്നില്ല— ദൈവമെന്നുള്ള നിലയ്ക്കായിരുന്നു, അല്ലാതെ ബലഹീനനായി ജനിച്ചുവെന്നതുകൊണ്ടല്ലാ. ദൈവത്തിൽ ബലഹീനർ എല്ലാ മനുഷ്യശക്തിയെക്കാളും കഴിവുള്ളവരാണ് (1 കോറി 1, 25). അവൻെറ അമ്മ അവനിൽനിന്നും ഒരത്ഭുതപ്രവൃത്തി ആവശ്യപ്പെടുന്നു; ദൈവികപ്രവൃത്തി ചെയ്യാൻ പോകുന്ന ആ നിമിഷത്തിൽ, യേശു, മാനുഷികവികാരങ്ങളെ പരിഗണിക്കുന്നതായി കാണപ്പെടുന്നില്ല—അവിടുന്നു പറയുന്നതുപോലെ തോന്നുന്നു! "എന്നിൽ ദൈവികപ്രവൃത്തി ചെയ്യുന്നവന് നീ ജന്മംനൽകിയിട്ടില്ല, എൻെറ ദൈവിക

www.malankaralibrary.com



പ്രകൃതി നീ ജനിപ്പിച്ചില്ല; എന്റെ ബലഹീനപ്രകൃതിയെ നീയാണ് ജനിപ്പിച്ചത്, അതുകൊണ്ട് ഈ എന്റെ ബലഹീന പ്രകൃതി കുരിശിൽ തൂങ്ങിക്കിടക്കുമ്പോൾ, നിന്നെ പരിഗണിക്കാം.'' ''എന്റെ സമയം ഇനിയും വന്നിട്ടില്ല'' എന്നു പറയുന്നതിന്റെ അർത്ഥം ഇതാണ്. തന്റെ അമ്മയെ എന്നും നന്നായി അറിഞ്ഞിട്ടുള്ള ആ മകൻ, അപ്പോൾ അവളെ തിരിച്ചറിയും.

അവിടുന്ന് അവളിൽനിന്നു ജനിക്കുന്നതിനുമുമ്പ്, ദൈവത്തിന്റെ മുൻനിർണ്ണയത്തിൽത്തന്നെ അവളെ തന്റെ അമ്മയായി അവിടുന്ന് അറിഞ്ഞിരുന്നു; ദൈവമെന്നനിലയിൽ ആദ്യമേ അവളെ അവിടുന്നു സൃഷ്ടിച്ചു, പിന്നീട് അവളിൽനിന്ന് അവിടുന്നു മനുഷ്യനായി പിറക്കും. ദൈവിക രഹസ്യപൂർണ്ണമായ പദ്ധതിയനുസരിച്ചു ഒരു നിശ്ചിത നിമിഷത്തിൽ അവിടുന്ന് അവളെ തിരിച്ചറിയുന്നില്ല; ഇനിയും ആഗതമായിട്ടില്ലാത്ത മറ്റൊരു നിമിഷത്തിൽ, അതേ രഹസ്യപൂർണ്ണമായ പദ്ധതിയനുസരിച്ച് അവിടുന്നു അവളെ തിരിച്ചറിയുന്നു. അവൾ ജന്മംനൽകിയ ആ മനുഷ്യപ്രകൃതി മരിച്ചുകൊണ്ടിരിക്കുമ്പോൾ അവിടുന്ന് അവളെ തിരിച്ചറിയും. മറിയം ഒരുപകരണമായി ഉരുവാക്കപ്പെട്ടതല്ല മരിക്കുന്നത്, പ്രത്യുത മറിയം ഉരുവാക്കിയതാണ്—അവിടുത്തെ നിത്യദൈവത്വമല്ല മൃതിയടയുന്നത്, നേരെമറിച്ച്, ശരീരത്തിന്റെ ബലഹീനത. ആ മറുപടിവഴി ക്രിസ്തുനാഥൻ അവിടുന്ന് ആരാണെന്നും, താൻ എങ്ങനെ വന്നുവെന്നും അനുയായികളുടെ വിശ്വാസത്തിൽ വിവേചിക്കുന്നതിന് ആഗ്രഹിച്ചു. ഒരു സ്ത്രീവഴി അവിടുന്നു വന്നു, അവൾ അവിടുത്തേയ്ക്കു അമ്മയാണ്. അവിടുന്നാകട്ടെ ദൈവവും ആകാശത്തിന്റേയും ഭൂമിയുടേയും കർത്താവുമാകുന്നു. അവിടുന്ന് ലോകത്തിന്റേയും ആകാശത്തിന്റേയും ഭൂമിയുടേയും നാഥനെന്ന നിലയിൽ മറിയത്തിന്റേയും നാഥൻതന്നെ; ആകാശത്തിന്റേയും ഭൂമിയുടേയും സ്രഷ്ടാവെന്നനിലയിൽ മറിയത്തിന്റേയും സ്രഷ്ടാവു തന്നെ. എന്നിരുന്നാലും, പറയപ്പെടുന്നതുപോലെ, നിയമത്തിനു വിധേയനായി സ്ത്രീയിൽനിന്നും ജനിച്ചതുകൊണ്ട്

www.malankaralibrary.com



(ഗലാ. 4, 4) അവിടുന്ന് മറിയത്തിന്റെ മകനാണ്. ഒരേ സമയംതന്നെ അവിടുന്ന് മറിയത്തന്റെ നാഥനും പുത്രനുമാകുന്നു, അതുപോലെ മറിയത്തിന്റെ സ്രഷ്ടാവും മറിയത്തിൽനിന്നു ഉരുവാക്കപ്പെട്ടവനുമാകുന്നു. അവിടുന്ന് നാഥനും പുത്രനുമെന്ന് വിളിക്കപ്പെടുന്നതിൽ അത്ഭുതപ്പെടേണ്ടാ; അവിടുന്നു മറിയത്തിന്റെ പുത്രനെന്നു വിളിക്കപ്പെടുന്നതുപോലെ, ദാവീദിന്റെ പുത്രനെന്നു വിളിക്കപ്പെടുന്നു; അവിടുന്ന് മറിയത്തിന്റെ പുത്രനായതുകൊണ്ട് ദാവീദിന്റെ പുത്രനാണ്.

അപ്പസ്തോലന്റെ വ്യക്തമായസാക്ഷ്യം ശ്രദ്ധിക്കുക, ദാവീദിന്റെ തണ്ടിൽനിന്ന് ശരീരപ്രകാരം ജനിച്ചു (റോമ 1,3) പക്ഷേ, അവിടുന്ന് തീർച്ചയായും ദാവീദിന്റെ നാഥനാണ്. ദാവീദ് തന്നെയാണ് ഇതു പറയുന്നത്; ശ്രവിക്കുവിൻ; ദൈവം എന്റെ നാഥനോടു പറയുന്നു: എന്റെ വലതുഭാഗത്ത് ഇരിക്കുക (സങ്കീ. 109/1). യഹൂദന്മാരുടെ മുമ്പിൽ യേശുതന്നെയാണ് ഈ സാക്ഷ്യം എടുത്തുകാട്ടുന്നതും അതുവഴിയായി അവരെ നിശബ്ദരാക്കുന്നതും. അവിടുന്ന് എങ്ങനെ ഒരേസമയം തന്നെ ദാവീദിന്റെ നാഥനും പുത്രനുമായിരിക്കുന്നുവോ, ശരീരപ്രകാരം ദാവീദിന്റെ പുത്രനും ദിവ്യത്വംവഴി ദാവീദിന്റെ നാഥനും, അങ്ങനെ, ശരീരപ്രകാരം മറിയത്തിന്റെ മകനും മഹത്വപ്രകാരം മറിയത്തിന്റെ നാഥനുമാണ്. അവറം ദൈവത്വത്തിന്റെ അമ്മ അല്ലാത്തതുകൊണ്ടും അവറം ആവശ്യപ്പെടുന്ന അത്ഭുതം ദൈവത്വത്തിന്റെ പ്രവൃത്തിയായതുകൊണ്ടും, അവിടുന്നു മറിയത്തോട് ഇപ്രകാരം പ്രതിവചിച്ചു: അല്ലയോ സ്ത്രീ, എനിക്കും നിനക്കും തമ്മിൽ എന്ത്? "എന്നാൽ, മറിയമേ, അവിടുന്ന്, അമ്മയെന്നുള്ള നിലയിൽ നിന്റെ അപേക്ഷ നിരസിക്കയില്ലായെന്ന് നീ വിശ്വസിച്ചതുകൊണ്ടാണ് ഇപ്രകാരം കൂട്ടിച്ചേർത്തത്: "എന്റെ സമയം ഇനിയും വന്നിട്ടില്ല." നീ അമ്മയായിരിക്കുന്ന അവിടുത്തെ ബലഹീനത കുരിശിൽ തൂങ്ങികിടക്കുമ്പോറം, അവിടുന്ന് നിന്നെ തിരിച്ചറിയും.

എല്ലാം നിജമാണോയെന്ന് നമ്മുക്കു പരിശോധിക്കാം; കർത്താവിന്റെ പീഡാനുഭവത്തെക്കുറിച്ചു വിവരിക്കു

www.malankaralibrary.com



മ്പോൾ, കർത്താവിന്റെ അമ്മയെ നന്നായി അറിയുന്ന അതേ സുവിശേഷകൻ, കാനായിലെ വിരുന്നാഘോഷങ്ങളിൽ മറിയാമിനെ അവതരിപ്പിക്കുന്നതും അദ്ദേഹംതന്നെ, ഇപ്രകാരം പറയുന്നു: കുരിശിനു സമീപം യേശുവിന്റെ അമ്മ നില്പുണ്ടായിരുന്നു, യേശു അമ്മയോടുപറയുന്നു: "സ്ത്രീയേ, ഇതാ നിന്റെ മകൻ," ശിഷ്യനോട് അവിടുന്നു പറയുന്നു "ഇതാ നിന്റെ അമ്മ" (യോഹ. 19/25-27). അവിടുന്നു അമ്മയെ ശിഷ്യനു ഭരമേല്പിക്കുന്നു; അവൾക്കുമുമ്പേ മരിക്കുകയും അവൾ മരിക്കുന്നതിനുമുമ്പേ ഉയിർക്കുകയും ചെയ്യുന്ന അവിടുന്നു അമ്മയെ ഏല്പിക്കുന്നു— ഒരു മനുഷ്യവ്യക്തിയെന്നുള്ള നിലയിൽ മററൊരു മനുഷ്യന്, മനുഷ്യസൃഷ്ടിക്ക് ഏല്പിക്കുന്നു ഇതാണ് മറിയാം ജന്മംനൽകിയ മനുഷ്യപ്രകൃതി. അവിടുന്നു മുൻകൂട്ടി സൂചിപ്പിച്ച "ഇനിയും എന്റെ സമയം വന്നിട്ടില്ല" എന്ന സമയം ഇതാ വന്നു കഴിഞ്ഞു!

## അരുളപ്പാടുകൾക്കനുസൃതമായി ക്രിസ്തുവിന്റെ ജനനം

"അവസാന നാളുകളിൽ ഭൂമിയിലേക്കിറങ്ങിവന്നു, ചെറുതായി കാണപ്പെട്ടു, ഒരു പുതിയ പ്രകാശമായി കന്യകമറിയത്തിന്റെ മടിയിൽനിന്നും പ്രത്യക്ഷപ്പെട്ടു. സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന്, അവിടുന്ന് മനുഷ്യരൂപം സ്വീകരിച്ചു". ആദ്യം ഗബ്രിയേൽ അവിടുത്തെ ശക്തവും ശുദ്ധവുമായ രൂപം സൂചിപ്പിച്ചു, അതിനുശേഷം മുഖ്യദൂതൻ കന്യകയോട് ഈ വാക്കുകൾ സംസാരിച്ചു: "അല്ലയോ കന്യകയേ, ദൈവത്തെ നിന്റെ കറയററ ഉദരത്തിൽ സ്വീകരിച്ചാലും". ദൂതൻ ഇപ്രകാരം പറഞ്ഞുകൊണ്ട് ദൈവത്തിന്റെ കൃപ ശാലീനയായ കന്യകയുടെമേൽ ഊതി. എന്നിരുന്നാലും ആശയക്കുഴപ്പവും അത്ഭുതവും അവൾക്കനുഭവപ്പെട്ടു, മാലാഖാ പറഞ്ഞതു ശ്രദ്ധിച്ചു, പക്ഷേ ഭയപ്പെടാൻ തുടങ്ങി. അവളുടെ മനസിനെ വിചാരങ്ങൾ ഇളക്കി, കേട്ടിട്ടില്ലാത്ത സുവാർത്ത ശ്രവിച്ച് അവളുടെ ഹൃദയം കൂടുതലായി

www.malankaralibrary.com



ഭ്രമിച്ചു. എങ്കിലും അവൾ വേഗത്തിൽ സ്വയം നിയന്ത്രിച്ചു, അവളുടെ ഹൃദയം, മാലാഖയുടെ ശബ്ദത്താൽ ഉജ്ജ്വലമായി; ഒരു പത്നിയെപ്പോലെ അവൾ പുഞ്ചിരിച്ചു. അവളുടെ കവിൾത്തടങ്ങൾ ചുവന്നു, സന്തോഷം അവളെ ഉല്ലസിപ്പിച്ചു, വിനയം അവൾക്കു മോടിയായി, ധൈര്യം തിരികെവന്നു. വചനം അവളുടെ ശരീരത്തിലേക്കു പറന്നുവന്നു, സമയത്തിൽ ശരീരമെടുത്തു, അവളുടെ ഗർഭത്തിൽ ജീവൻ സ്വീകരിച്ചുകൊണ്ട്, മാനുഷികരൂപം കൈവരുന്നതുവരെ സ്വയം രൂപവൽകൃതമായി. ഈ വിധത്തിൽ കന്യകയുടെ ഉദരത്തിൽനിന്നു ഉണ്ണി പിറന്നു. മനുഷ്യരെ സംബന്ധിച്ചിടത്തോളം എത്ര വലിയ അത്ഭുതമാണിത്, പക്ഷേ പിതാവായ ദൈവത്തേയും പുത്രനായ ദൈവത്തേയും സംബന്ധിച്ചിടത്തോളം ഒന്നും വലിയ അത്ഭുതങ്ങളല്ല! നവജാതനായ ശിശുവിനെ ഭൂമി സസന്തോഷം സ്വീകരിച്ചു. സ്വർഗ്ഗീയസിംഹാസനം പ്രകാശം ചൊരിഞ്ഞു, പ്രപഞ്ചം സന്തോഷം പൂണ്ടു. ദിവ്യനക്ഷത്രം പുതുതായി പ്രത്യക്ഷപ്പെട്ടു; വിദ്വാന്മാർ അതിനെ ബഹുമാനിക്കുന്നു, കല്ലടാവിൽ കിടക്കുന്ന ഉണ്ണിയെ ഭയചകിതരായ ഇടയന്മാർക്കു— കോലാടുകളുടേയും ചെമ്മരിയാടുകളുടേയും ഇടയന്മാർക്കു കാണിച്ചുകൊടുക്കുന്നു. ദൈവവചനം മുൻകൂട്ടി, തെരഞ്ഞെടുത്ത ജന്മനാടായിത്തീർന്നു ബേത്ലഹേം.

(ക്രിസ്ത്യൻ ഓറക്കിൾസ്)

## ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തെക്കുറിച്ചുള്ള പ്രതിപാദനം

റുഫീനോ ദി അക്വിലേയാ

## കന്യകയിൽനിന്നുള്ള ജനനംവഴി ദൈവപുത്രൻ മലിനീകരിക്കപ്പെട്ടില്ല

ദൈവികമഹത്വം സ്ത്രീയുടെ ജനനേന്ദ്രിയങ്ങളിലൂടെ കടന്നുപോകുകയെന്നു പറയുന്നത് ചിലർക്ക് തീരെ മോശമായി തോന്നിയേക്കാം; പുരുഷബീജവുമായി ബന്ധപ്പെടുന്ന ഹീനത അതിനില്ലായെങ്കിലും ജനനത്തിന്റെ അശ്ലീല

www.malankaralibrary.com



ങ്ങൾ അതിലുണ്ടായിരിക്കാം (ഭിന്നാഭിപ്രായം പുലർത്തുന്ന ഈ വ്യക്തികൾക്ക്) അവരുടെ ആശയങ്ങൾ അനുസരിച്ചു തന്നെ മറുപടികൊടുക്കാം.

ശക്തനും പ്രതാപവാനുമായ ഒരു മനുഷ്യൻ, ഒരു പൈതൽ ചെളിക്കുണ്ടിൽവീണു മരിച്ചുകൊണ്ടിരിക്കുന്നതു കണ്ടാൽ, ചെളിക്കുമുകളിൽ കാലുകുത്തിക്കൊണ്ട്, മരിച്ചു കൊണ്ടിരിക്കുന്ന കുഞ്ഞിനെ രക്ഷിച്ചാൽ, അയാൾ അല്പം ചെളിയിൽ ചവിട്ടി അഴുക്കുപുരണ്ടു എന്നതിനു ഞാൻ അയാളെ കുററപ്പെടുത്തുമോ അതോ; മരിച്ചുപോകുമായിരുന്ന ജീവനെ രക്ഷിച്ചുവെന്നതിന് അയാളെ ഞാൻ ശ്ലാഘിക്കുമോ? ഇതു സാധാരണ ഒരു മനുഷ്യവ്യക്തിയെ സംബന്ധിച്ചാണ്. എന്നാൽ നവജാതനായ ശിശുവിനെക്കുറിച്ച് നമ്മുക്ക് ചിന്തിക്കാം. അവനെക്കാൾ എത്രമാത്രം താഴ്ന്ന നിലയിലുള്ളതാണ് സൂര്യൻെറ പ്രകൃതി എന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടോ? സംശയരഹിതമാണ്, തൻെറ സ്രഷ്ടാവിൻെറ മുമ്പിൽ സൃഷ്ടിയെപ്പോലെയാണ്. ഒരുനിമിഷം ശ്രദ്ധിക്കൂ: സൂര്യൻെറ ഒരു രശ്മി ചെളിക്കുണ്ടിൽ പതിച്ചാൽ അത് മലിനീകരിക്കപ്പെട്ടു എന്നു പറയാമോ? മാലിന്യത്തെ പ്രകാശിപ്പിക്കുന്നത് സൂര്യന് ചേർന്നതല്ലെന്നു പറയാമോ? അഗ്നി, അതിൻെറ പ്രകൃതിയനുസരിച്ച്, നാം പറയുന്ന വ്യക്തിയിൽനിന്നും എത്രയോ താഴ്ന്നനിലയിലാണ്. അഗ്നിയെ മലിനപ്പെടുത്താൻ എത്ര ചീത്തസാധനത്തിനും സാധിക്കുകയില്ലായെന്ന് നമ്മുക്ക് അറിയാം.

ഭൗതികമായ വസ്തുക്കളുടെ ഇടയിൽ ഇതാണ് സ്ഥിതിയെങ്കിൽ, അഗ്നിയേക്കാളും എല്ലാ പ്രകാശത്തെക്കാളും ഉന്നതമായ ഭൗതികാതീതമായ പ്രകൃതിയിൽ എന്തെങ്കിലും മാലിന്യമോ അഴുക്കോ ഉളപ്പെടാൻ സാദ്ധ്യതയുണ്ടോ? താഴെപ്പറയുന്നതുകൂടി ശ്രദ്ധിക്കുക: മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് മണ്ണുകുഴച്ചാണ് എന്നു നാം പറയുന്നു. തൻെറ കരസൃഷ്ടിയെ അന്വേഷിക്കുന്നതിനിടയിൽ ദൈവം സ്വയം മലിനപ്പെടുന്നുവെന്നു പറയുന്നുണ്ടെങ്കിൽ ആദ്യമെ സൃഷ്ടിക്കുന്ന അവസരത്തിൽ അവിടുന്ന് എത്രമാത്രം മലിനപ്പെട്ടുകാണും? ഹീനമായവയെ എന്തിനു അവിടുന്നു

www.malankaralibrary.com



സൃഷ്ടിച്ചുവെന്നു ചോദിക്കാൻ പാടില്ലാത്തതുപോലെ, എന്തുകൊണ്ട് ഹീനമായ ഒരു കടന്നുവരികൽ അവിടുന്നു സ്വീകരിച്ചുവെന്നും ചോദിക്കാൻ പാടില്ലാ. ഇതുവഴി അവിടുന്നു നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: പ്രകൃത്യാ ഹീനമായി ഒന്നുമില്ല; ഉപയോഗിക്കുന്നതനുസരിച്ചു ഹീനമാക്കുന്നു. ശരീരത്തിൻെറ എല്ലാ ഭാഗങ്ങളും അതേ മണ്ണിൽനിന്നാണ് ഉരുവാക്കപ്പെട്ടിട്ടുള്ളത്, അവയുടെ സ്വാഭാവികമായ പ്രവർത്തനങ്ങളും ഉപയോഗങ്ങളുംവഴി വ്യതിരക്തമാക്കപ്പെടുന്നു.

## ദൈവമാതാവ്

### പ്രയോഗത്തിൻെറ അർത്ഥം

### *വിൻസൻറ് ഓഫ് ലെറിൻസ്*

ക്രിസ്തുവെന്ന വ്യക്തിയിലെ ഐക്യം രൂപപ്പെടുകയും പൂർണ്ണതയിലെത്തുകയും ചെയ്യുന്നത് തീർച്ചയായും കന്യകയിൽനിന്നുള്ള ജനനത്തിനുശേഷമല്ല, പ്രത്യുത, കന്യകയുടെ ഗർഭപാത്രത്തിൽ വച്ചുതന്നെയാണ്; ഏററവും കൂടിയ ശ്രദ്ധയോടും നിഷ്കർഷയോടും നാം നമ്മുടെ വിശ്വാസം ഏററുപറയണം: ക്രിസ്തു എന്ന വ്യക്തി ഒന്നാണ് എന്നു മാത്രമല്ല, എന്നും ഒന്നായിരുന്നു. ക്രിസ്തു ഒന്നാണ്, പക്ഷേ അവൻ ഒന്നാകാതെ രണ്ടായിരുന്ന സമയമുണ്ടായിരുന്നു, അതായത് മാമ്മോദീസായ്ക്കുശേഷം ഒന്ന്, ജനനസമയത്ത് രണ്ട്, എന്നിങ്ങനെ നാം സമ്മതിച്ചു പറയുകയാണെങ്കിൽ ഒരിക്കലും സ്വീകാര്യമല്ലാത്ത ദൈവദൂഷണമാണ് അത്. അവനിൽ ദൈവവും മനുഷ്യനും ഐക്യപ്പെട്ടിരുന്നില്ലായെന്ന് നാം പറഞ്ഞാൽ ഏററവും വലിയ ദൈവദൂഷണം നമ്മുക്ക് ഒഴിച്ചുകൂടാൻ പാടില്ലാതെവരും, വ്യക്തിത്വത്തിലുള്ള പ്രസ്തുത ഐക്യം, സ്വർഗ്ഗാരോഹണം മുതലല്ലാ, ഉയിർപ്പു മുതലല്ലാ മാമ്മോദീസാ തൊട്ടുമല്ലാ പ്രത്യുത, അമ്മയിൽ, അമ്മയുടെ ഉദരത്തിൽ, കന്യകയുടെ ഗർഭധാരണം മുതൽതന്നെ, സംഭവിക്കുന്നു. ഈ വ്യക്തിത്വത്തിലുള്ള ഐക്യം വഴി, ദൈവത്തിൻെറ ഗുണ

www.malankaralibrary.com



ങ്ങൾ മനുഷ്യനും ചേർക്കപ്പെടുന്നു, പ്രത്യേക നിഷ്കർഷ കളോ ഒന്നും കൂടാതെ, പരസ്പരം കലർത്തപ്പെട്ട്; ശാരീരിക ഗുണങ്ങൾ അതുപോലെ ദൈവത്തിനും പ്രസ്താവിക്കപ്പെടുന്നു. ഇക്കാരണത്താൽ, മനുഷ്യപുത്രൻ സ്വർഗ്ഗത്തിൽനിന്നിറങ്ങി വന്നുവെന്നു ദൈവികമായി എഴുതപ്പെട്ടിരിക്കുന്നു (യോഹ. 3/13); മഹത്വത്തിൻെറ നാഥൻ ഭൂമിയിൽ ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നും (1 cor. 2/8). കർത്താവിൻെറ ശരീരം രൂപപ്പെടുത്തിയപ്പോൾ അതു സൃഷ്ടിക്കപ്പെട്ടപ്പോൾ, ദൈവവചനം രൂപീകൃതമായി, ദൈവജ്ഞാനം പൂർത്തീകരിക്കപ്പെട്ടു. അറിവ് ഉളവാക്കപ്പെട്ടു എന്നെല്ലാം ഇതിനാൽ പറയപ്പെടുന്നു; അവൻെറ കൈകളും കാലുകളും ഇളക്കപ്പെട്ടു എന്നും പ്രവചനമുണ്ടായി. ഈ വ്യക്തിത്വത്തിലുള്ള ഐക്യം നിമിത്തം, അതിഗഹനമായ ഈ ദൈവിക രഹസ്യം കാരണം, വചനമായ ദൈവത്തിൻെറ ശരീരം കന്യകയിൽനിന്നും പൂർണ്ണമായും ജനിച്ചു; അതേ ദൈവമായ വചനം കന്യകയിൽനിന്നും ജാതനായി ഇത് സത്യവും തെററില്ലാത്തതുമായ കത്തോലിക്കാ വിശ്വാസത്തിനനുസൃതമായി സ്വീകരിക്കപ്പെട്ടിരിക്കുന്നു, ഇത് നിഷേധിക്കുന്നത് ഏററവും വലിയ ദൈവദൂഷണമാണ്.

കാര്യങ്ങൾ ഈ വിധത്തിലായിരിക്കുമ്പോൾ, പരിശുദ്ധ കന്യകമറിയത്തിൻെറ പ്രത്യേക ദൈവകൃപയുടേയും പ്രത്യേക മഹിമയുടേയും പദവികൾ ആരെങ്കിലും നിഷേധിക്കുമെന്നു തോന്നുന്നില്ല. ഉന്നതമായ പരമാർത്ഥതയോടും ആനന്ദത്തോടുംകൂടെ, അവൾ, തൻെറ പുത്രനും നമ്മുടെ നാഥനുമായ ദൈവത്തിൻെറ ദാനംവഴി ദൈവത്തിൻെറ അമ്മയാണെന്നു നാം പ്രഖ്യാപിക്കണം; വളരെ നിന്ദാർഹമായ പാഷണ്ഡത ഈ രീതിയിലല്ല വിശ്വാസം പ്രഖ്യാപിക്കുന്നത്—ദൈവത്തിൻെറ അമ്മയെ നാം സംബോധന ചെയ്യേണ്ടത്, അവളുടെ നേരായ പദവിവച്ചാണ്, അതായത് പിന്നീട് ദൈവമായിത്തീർന്ന മനുഷ്യന് ജന്മം നൽകിയതിനെക്കുറിച്ച്—അതിപ്രകാരമാണ്: ഒരു വൈദികൻെറ അമ്മയേയോ ഒരു വൈദികമേലദ്ധ്യക്ഷൻെറ അമ്മയേയോ നാം സംബോധനചെയ്യുന്നത്, അവൾ ഒരു പുരോഹിതന് അഥവാ പുരോ

www.malankaralibrary.com



ഹിത ശ്രേഷ്ഠന് ജന്മംകൊടുത്തു എന്നു പറഞ്ഞല്ല, പ്രത്യുത പിന്നീട് പുരോഹിതനും പുരോഹിത ശ്രേഷ്ഠനും ആയ മനുഷ്യവ്യക്തിക്ക് അഥവാ വ്യക്തികൾക്ക് ജന്മം കൊടുത്തു എന്നു ചിന്തിച്ചാണ്. പക്ഷേ ഇതുപോലെയല്ല, ദൈവമാതാവിനെക്കുറിച്ച് നാം ചിന്തിക്കുക. അവളുടെ ഉദരത്തിൽ അത്യുന്നതവും അതിഗഹനവുമായ ദൈവിക രഹസ്യം രൂപംകൊണ്ടു—പ്രത്യേകവും ഒരിക്കൽ മാത്രമുള്ളതുമായ വ്യക്തിപരമായ ഐക്യത്തിലൂടെ ശരീരം സ്വീകരിച്ച വചനം ശരീരമായതുപോലെ ദൈവത്തിലുള്ള മനുഷ്യൻ ദൈവമാണ്.

## *ക്രിസ്തുവിന്റെ ശാരീരിക ജനനത്തിന്റെ അർത്ഥം*

അലക്സാന്ത്രിയായിലെ വിശുദ്ധ കൂറിലോസ്

### നെസ്തോറിയസിനു എഴുതിയ 2–ാംകത്ത്

ശരീരവുമായി ഐക്യപ്പെട്ട ദൈവത്തിന് പരിശുദ്ധ കന്യക ശാരീരികമായി ജന്മം നൽകിയ നിമിഷംമുതൽ, അക്കാരണത്താൽതന്നെ അവൾ ദൈവത്തിന്റെ അമ്മയാണെന്ന് നാം മനസിലാക്കുന്നു. ശരീരത്തിൽനിന്നല്ല വചനത്തിന്റെ പ്രകൃതി ഉത്ഭവിച്ചിട്ടുള്ളത്; സത്യമായും ആദിയിൽ വചനമുണ്ടായിരുന്നു, വചനം ദൈവമായിരുന്നു, വചനം ദൈവത്തോടുകൂടിയായിരുന്നു (യോഹ 1/1); അവിടുന്നു ലോകങ്ങളുടെയെല്ലാം സ്രഷ്ടാവാകുന്നു, പിതാവായ ദൈവവുമായി നിത്യതയിൽ സമൻ, പ്രപഞ്ചകർത്താവാകുന്നു അവിടുന്ന്. പക്ഷേ, അവിടുന്ന് തന്റെ വ്യക്തിത്വത്തിൽ തന്നെ മനുഷ്യസ്വഭാവം യോജിപ്പിക്കുമ്പോൾ, അമ്മയുടെ ഗർഭത്തിൽനിന്നും ശാരീരിക ജനനത്തിന് വിധേയനായി. അവിടുത്തേക്ക് കാലപരിധിയിലോ സമയത്തിന്റെ പൂർണ്ണതയിലോ ഒരു ജനനം സ്വാഭാവികമായും ആവശ്യമായിരുന്നില്ല. പക്ഷേ, നമ്മുടെ അസ്തിത്വത്തിന്റെ ആരംഭങ്ങളെ ആശീർവദിക്കുന്നതിനായിരുന്നു. ശരീരത്തിൽ ഐക്യപ്പെട്ട

www.malankaralibrary.com



ദൈവത്തിന് സ്ത്രീ ജനനം നൽകിയതുവഴി, മനുഷ്യവംശം മുഴുവനുമെതിരായി പ്രഖ്യാപിക്കപ്പെട്ടിരുന്ന ശിക്ഷ നിറുത്തണമായിരുന്നു, നമ്മുടെ നശ്വരമായ ശരീരങ്ങൾ മരണത്തിനു നൽകപ്പെടുന്ന വിധി അവൾ മുഖാന്തിരം നിറുത്തണമായിരുന്നു. "പ്രസ്തുത വിധി: നീ വേദനയോടെ പ്രസവിക്കും (ഉല്പത്തി 3/16). പ്രവാചകൻ പറഞ്ഞത് അവൾ വഴി സാക്ഷാത്കരിക്കപ്പെടണം; അവിടുന്ന് മരണത്തെ എന്നന്നേക്കുമായി ഇല്ലാതാക്കും, എല്ലാ മുഖങ്ങളിൽനിന്നും അവിടുന്ന് കണ്ണീർ തുടയ്ക്കും" (ഏശയ്യ. 25/8), ഈ കാരണത്താൽ, അവിടുന്ന് നമ്മുടെ രക്ഷയ്ക്കായി കാനായിലെ വിവാഹവിരുന്ന് ആശീർവദിച്ചു; ഗലീലിയിലെ കാനായിൽ പോകുന്നതിന് ശിഷ്യന്മാരുമൊത്ത് ക്ഷണം സ്വീകരിച്ചത് അതിനായിരുന്നു.

## ക്രിസ്തുവിന്റെ ജനനത്തിന്റെ പ്രത്യേകസ്വഭാവം

അലക്സാന്ത്രിയായിലെ വിശുദ്ധ കൂറീലോസ്

[മറിയാം ദൈവത്തിന്റെ അമ്മ അല്ലായെന്നു പറയുന്നവർക്കെതിരെ]

ക്രിസ്തു ഒരു നിമിഷം പോലും മററു മനുഷ്യരെപ്പോലെയായിരുന്നില്ല; ദൈവവുമായി ഐക്യപ്പെടാതെയും യോജിക്കാതെയും ഇരുന്നിട്ടുള്ള ഒരു നിമിഷവും ഉണ്ടായിട്ടില്ല. നേരേമറിച്ച് ഭാഗ്യവതിയായ കന്യകയിൽനിന്ന് ശരീരം സ്വീകരിച്ച അതേ വചനം, അവളുടെ ശരീരത്തെ തന്റെ ആലയമാക്കിത്തീർത്തു. ബാഹ്യമായ നോട്ടത്തിൽ, അവളിൽനിന്നു പുറത്തുവന്നവൻ ഒരു മനുഷ്യനായിരുന്നു, പക്ഷേ, യഥാർത്ഥത്തിൽ സത്യദൈവവും. തന്റെ ജനനത്തിനുശേഷവും തന്റെ അമ്മ ഒരു കന്യകയായിരുന്നു; ഇത് മറെറാരു വിശുദ്ധരുടേയും കാര്യത്തിൽ ശരിയല്ല: കാരണം, അവർ മനുഷ്യരല്ലാതെ മറെറാന്നുമല്ലാത്തതുകൊണ്ട്, അവർ എല്ലാവർക്കും ഒരേ രീതിയിലുള്ള മാനുഷിക ജനനമാണുള്ളത്.

www.malankaralibrary.com



അവിടുന്ന് സത്യമായും ദൈവമായിരുന്നതിനാൽ, സമയത്തിന്റെ പൂർണ്ണതയിൽ അവിടുന്ന് മനുഷ്യസ്വഭാവം സ്വീകരിക്കുമ്പോൾ, മററുള്ളവരുടേതിൽനിന്നും വ്യത്യസ്തമായൊരു ജനനം തനിക്കുവേണ്ടിതന്നെ തീരുമാനിച്ചിരുന്നു. അവൾ ന്യായമായും അനുഗൃഹീതയായി പരിഗണിക്കപ്പെട്ടിരിക്കുന്നു. കാരണം, അവൾ "ദൈവമാതാവാ"യും "കന്യകമാതാവാ"യും വിളിക്കപ്പെടണം. അവിടുന്നു, അവളിൽനിന്നും ജനിച്ച യേശു, മറെറാരു മനുഷ്യനേയുംപോലെ ആയിരുന്നില്ല.

### *മറിയത്തിന്റെ അനുഗ്രഹങ്ങൾക്കു നിദാനം*

വിശുദ്ധ അഗസ്തീനോസ് (യോഹ. 10/3)

അവിടുത്തെ അമ്മയും സഹോദരന്മാരും വെളിയിൽ കാത്തുനില്ക്കുന്നുവെന്ന്, തന്റെ ശിഷ്യന്മാരുമായി സംഭാഷണത്തിലേർപ്പെട്ടിരിക്കുന്ന യേശുവിനോട് പറഞ്ഞപ്പോൾ, അവിടുന്നു പറയുന്നു: ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരന്മാർ? അവിടുത്തെ കൈകൾ ശിഷ്യന്മാരുടെ നേരെ നീട്ടിക്കൊണ്ട് അവിടുന്നു പറയുന്നു: എന്റെ സഹോദരങ്ങളെ കണ്ടാലും, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാരോ, അവനാണ് എന്റെ സഹോദരൻ, സഹോദരി, അമ്മ (മത്താ. 12/46-50); അതുപോലെ മറിയവും, കാരണം, അവളും പിതാവിന്റെ ഇഷ്ടം ചെയ്തു. ഇത് ദൈവം ശ്ലാഘിക്കുന്നു, തന്റെ പുത്രന്റെ ശരീരം അവളുടെ ശരീരത്തിൽനിന്നും രൂപീകരിച്ചു എന്നുള്ളതല്ല, പ്രത്യുത ഇത്രമാത്രം പിതാവിന്റെ ഇഷ്ടം ചെയ്തുവെന്നതിനെയാണ് പ്രകീർത്തിക്കുന്നത്. ശ്രദ്ധിച്ചാലും!

അവിടുന്നു പ്രവർത്തിച്ച അത്ഭുതപ്രവൃത്തികൾ കണ്ട് ജനക്കൂട്ടം മുഴുവൻ കർത്താവിനെ ആദരിക്കുകയായിരുന്നു. ഈ അത്ഭുതങ്ങൾ അവിടുത്തെ ശരീരത്തിൽ ഒളിഞ്ഞിരുന്ന ശക്തിയെ സൂചിപ്പിക്കുന്നു. എങ്കിലും കൂട്ടത്തിൽ ആരോ വിളിച്ചുപറയുന്നു: "നിന്നെ വഹിച്ച ഉദരവും എത്ര

www.malankaralibrary.com



അനുഗൃഹീതം! യേശു പ്രതിവചിക്കുന്നു: ദൈവവചനം ശ്രവിക്കുകയും അതു പാലിക്കുകയും ചെയ്യുന്നവർ കൂടുതൽ അനുഗൃഹീതരാകുന്നു" (ലൂക്കാ. 11/27)—അതായത് "നീ അനുഗൃഹീതയെന്നു വിളിക്കുന്ന എന്റെ അമ്മയും അനുഗൃഹീതയാണ്; കാരണം, അവൾ ദൈവവചനം കാത്തു, വചനം അവളിൽനിന്നും ശരീരമെടുത്തു നമ്മുടെയിടയിൽ വസിച്ചതുകൊണ്ടല്ല; എന്നാൽ ഏതു ദൈവവചനത്താൽ അവൾ സൃഷ്ടിക്കപ്പെട്ടുവോ ആ വചനം അവൾ കാത്തു. അതു അവളിൽ ശരീരമെടുത്തു. മനുഷ്യർ, ശാരീരികമായി മാത്രമുള്ള മനുഷ്യമക്കൾ സന്തോഷിക്കില്ല, ദൈവവുമായി ആത്മാവിൽ ഐക്യപ്പെട്ടെങ്കിലും അവർ സന്തോഷിക്കട്ടെ."

## മറിയത്തിൽനിന്നും ക്രിസ്തുവിന്റെ ജനനം

മാർ അപ്രേം, തിരുജനനകീർത്തനങ്ങൾ

നിങ്ങളുടെ കണ്ണുകളെ മറിയത്തിലേക്കു തിരിക്കുവിൻ! ഗബ്രിയേൽ ദൂതൻ അവളുടെ പക്കൽവന്നു സംസാരിച്ചു തുടങ്ങിയപ്പോൾ അവൾ ചോദിച്ചു: ഇതെങ്ങനെ സംഭവിക്കും? പരിശുദ്ധാത്മാവിന്റെ ദൂതൻ അവളോടു പറഞ്ഞു: ദൈവത്തിന് അതെളുപ്പമാണ്, കാരണം അവിടുത്തേയ്ക്ക് എല്ലാം സാദ്ധ്യമാണ്. "താൻ കേട്ടതിൽ പരിപൂർണ്ണമായി വിശ്വാസം അർപ്പിച്ചുകൊണ്ട് അവൾ പറഞ്ഞു: ഇതാ, ഞാൻ കർത്താവിന്റെ ദാസി." വചനം ഉടൻ താഴേക്കിറങ്ങി, അവിടുത്തെ ഇഷ്ടംപോലെ അവളുടെ മേൽ താണിറങ്ങി, അവളിൽ പ്രവേശിച്ചു, അവളുടെ ഉള്ളിൽ പാർത്തു. അവൾക്ക് യാതൊന്നും സംഭവിച്ചതുമില്ല. യാതൊരു രീതിയിലുമുള്ള വേദനയോ സഹനമോ ഇല്ലാതെ അവൾ അവനെ ഗർഭം ധരിച്ചു; സർവ്വലോകവും അവനെക്കൊണ്ടു നിറഞ്ഞുനില്ക്കുമ്പോൾ, അവളുടെ ഗർഭത്തിൽ അവൻ ഒരു പൈതലായി, പഴകിപ്പോയ ആദാമിന്റെ രൂപം നവീകരിക്കുവാൻ സ്വന്തം രൂപം അവിടുന്നു അവിടെ പതിച്ചു. ദൈവത്തിന്റെ ജനനത്തെക്കുറിച്ചു നീ പറഞ്ഞുകേൾക്കുമ്പോൾ, നിശബ്ദമായിരിക്കുക. ഗബ്രിയേൽ പറഞ്ഞത് നിന്റെ ആത്മാ

www.malankaralibrary.com



വിൽ പതിഞ്ഞിരിക്കട്ടെ. അത്യുന്നതായവന് യാതൊന്നും പ്രയാസമായിട്ടില്ല, അവിടുന്ന് നമ്മുക്കുവേണ്ടി നമ്മുടെ ഇടയിലും നമ്മിൽനിന്നും ഭൂജാതനാവുന്നതിന് സ്വയം താഴ്ത്തി!

ഇന്നു മറിയാം നമ്മുക്ക് ഒരു സ്വർഗ്ഗമാണ്, കാരണം അവരം ദൈവത്തെ വഹിക്കുന്നു. അത്യുന്നതനായ ദൈവം സ്വയം താഴ്ത്തി അവളിൽ വാസമുറപ്പിച്ചു; അവളിൽ അവൻ ചെറിയവനായി, നമ്മെ വലിയവരാക്കുന്നതിനുവേണ്ടി; സ്വാഭാവികമായി അവൻ ചെറിയവനല്ല; അവളിൽനിന്നും അവൻ ഒരു വസ്ത്രം സ്വീകരിച്ചു, നമ്മുടെ രക്ഷ സാധിച്ചു കിട്ടുന്നതിനുവേണ്ടി. മറിയത്തിൽ പ്രവാചകന്മാരുടേയും നീതിമാന്മാരുടേയും പ്രവചനങ്ങരം സാക്ഷാത്കരിക്കപ്പെട്ടു നമ്മുക്കുവേണ്ടി അവളിൽനിന്നും ഒരു പ്രകാശം ഉദിച്ചു, അജ്ഞാനികളുടെ അന്ധകാരം മാറിപ്പോയി. അവരംക്കു പല പേരുകളുമുണ്ട്; അവയെല്ലാം അവളെ വിളിക്കുന്നതിന് എനിക്ക് ആനന്ദമുണ്ട്. രാജാക്കന്മാരുടെ ശക്തനായ രാജാവ് വസിക്കുന്ന കോട്ടയാണവരം.

അവൻ അവിടേയ്ക്ക് പ്രവേശിച്ചതുപോലെ, തിരിച്ച് ഇറങ്ങിയില്ല, അവളിൽനിന്നും ശരീരം സ്വീകരിച്ചുകൊണ്ട് അവൻ പുറത്തേക്കുവന്നു. രാജാക്കന്മാരുടെ രാജാവ് വസിക്കുന്ന പുതിയ സ്വർഗ്ഗമാണ് അവരം. അവൻ അവിടെ പ്രവേശിച്ചു, ബാഹ്യലോകത്തിനു സമമായ രീതിയിൽ വസ്ത്രമണിഞ്ഞു പുറത്തേക്കുവന്നു. ഒരു മുന്തിരിങ്ങാ ഫലമായി പുറപ്പെടുവിച്ച മുന്തിരിച്ചെടിയാണവരം, പക്ഷേ, അതു പ്രകൃതിയ്ക്കനുസൃതമല്ല—മുന്തിരിച്ചെടിയിൽ നിന്നും വ്യത്യസ്തമായതുകൊണ്ട്, മുന്തിരിങ്ങ നിറംപൂണ്ടു, പുറത്തേക്കുവന്നു. ദാഹിക്കുന്നവർക്കുവേണ്ടി ജീവന്റെ ജലം പൊട്ടിയൊഴുകുന്ന ഉറവയാണവരം. ഈ പാനീയം രുചിച്ചിട്ടുള്ളവ നൂറുമേനി ഫലം പുറപ്പെടുവിക്കും.

സൃഷ്ടിയുടെ ആദ്യദിവസം പോലെയല്ല ഈ ദിവസം. അന്നേദിനം സൃഷ്ടവസ്തുക്കരം അസ്തിത്വത്തിലേക്കു വിളിക്കപ്പെട്ടു—ഇന്നേദിനം ഭൂമി ആരേപ്രതി ശപ്തമായോ ആ ആദാമിനുവേണ്ടി നവീകരിക്കപ്പെടുകയും അനുഗ്രഹി

www.malankaralibrary.com



കപ്പെട്ടുകയും ചെയ്തു. പാപത്തോടുകൂടെ ആദാമും ഹവ്വായും ലോകത്തിൽ മരണം വഹിച്ചു, ലോകനാഥൻ മറിയത്തിൽ നമ്മുക്കു പുതുജീവൻ നൽകി. ദുഷ്ടനായവൻ, സർപ്പത്തിന്റെ പ്രവൃത്തിയോടെ, ഹവ്വായുടെ ചെവിയിലേക്ക് വിഷം തിരിച്ചുവിട്ടു; ഉദാരമതി, തന്റെ കരുണയിൽ സ്വയം താഴ്ത്തികൊണ്ട്, ചെവിയിലൂടെ, മറിയാമിൽ പ്രവേശിച്ചു, മരണം പ്രവേശിച്ച വാതിലിലൂടെ ജീവനും പ്രവേശിച്ചു, ജീവൻ മരണത്തെ കൊന്നു. ക്രോബകരം വഹിക്കുന്നവനെ മറിയാമിന്റെ കരങ്ങൾ വഹിച്ചു. പ്രപഞ്ചം മുഴുവൻ ഒതുക്കുവാൻ കഴിയാത്തവനെ മറിയാം ആശ്ലേഷിക്കുകയും വഹിക്കുകയും ചെയ്തു. ആരുടെ മുമ്പിൽ അഗ്നിയുടേയും ആത്മാവിന്റേയും സൃഷ്ടികളായ മാലാഖമാർ വിറയ്ക്കുന്നുവോ, ആ രാജാവ് കന്യകയുടെ മടിയിൽ കിടക്കുന്നു, അവരവനെ ഒരു ചെറിയ പൈതലിനെയെന്നപോലെ താലോലിക്കുന്നു. മഹിമപ്രതാപവാന്റെ സിംഹാസനമാണ് സ്വർഗ്ഗം, അവിടുന്ന് മറിയാമിന്റെ മുട്ടുകളിൽ ഇരിക്കുന്നു. അവിടുത്തെ പാദപീഠമാണ് ഭൂമി, ഒരു പൈതലിനെപ്പോലെ അതിൽ ചാടിനടക്കുന്നു. അവിടുത്തെ നീട്ടപ്പെട്ട കരമാണ് മണലിന്റെ അളവ്, മണലിൽ ഒരു പൈതലിനെപ്പോലെ കളിക്കുന്നു.

ക്രിസ്തുവിന്റെ ജനനത്തിൽ പൊയ്പ്പോയ തന്റെ മഹത്വം തിരികെക്കണ്ടവനായ ആദാം സന്തോഷിക്കുന്നു! കുശവന് കളിമണ്ണ് ഒരു വസ്ത്രമായി ആര് കണ്ടിട്ടുണ്ട്? മുറിവുവെച്ചുകെട്ടുന്ന തുണിയിൽ അഗ്നിയെ പൊതിഞ്ഞ് ആരു കണ്ടിട്ടുണ്ട്? മനുഷ്യനോടുള്ള സ്നേഹത്തെ പ്രതി ദൈവം ഇതിനെല്ലാം സ്വയം താഴ്ത്തി. തന്റെ അടിമയോടുള്ള സ്നേഹത്തെ പ്രതി ഇതിനെല്ലാം ദൈവം സ്വയം എളിമപ്പെടുത്തി; മനുഷ്യഘാതകനായ ദുഷ്ടന്റെ ഉപദേശത്തിനു വഴങ്ങി അടിമ അഹങ്കാരത്തോടെ എഴുന്നേററ്, ദൈവകല്പന ധിക്കരിച്ചു. കല്പന നൽകിയവൻ സ്വയം എളിമപ്പെട്ടു, നമ്മെ ഉയർത്തുന്നതിനുവേണ്ടി, ഭൂവാസികളുടെ ഇടയിലേക്കു സ്വയം ഇറങ്ങിവന്ന കരുണാസമ്പന്നന് കൃതജ്ഞത; ഭൂമിയിലേക്കു ഇറങ്ങിവരുന്ന ഭിഷഗ്വരൻവഴി രോഗത്തിനടി

www.malankaralibrary.com



പ്പെട്ട ലോകം സൗഖ്യം പ്രാപിക്കുന്നതിനു അവിടുന്നുവന്നു. അവനു സ്തുതി, അവനെ അയച്ച പിതാവിനും, പരിശുദ്ധാത്മാവിനും എന്നും എന്നേക്കും സ്തോത്രമുണ്ടായിരിക്കട്ടെ.

## *പരിശുദ്ധ ദൈവമാതാവിനോടുള്ള കീർത്തനം*

എഡേസ്സായിലെ മെത്രാൻ റാബുള

അതിവിശുദ്ധയായ ദൈവമാതാവേ, സർവ്വലോകത്തിൻെറയും അത്ഭുതകരവും അതിമനോഹരവുമായ അമൂല്യനിധിയേ, പ്രകാശം ചൊരിയുന്നവളേ, അഗ്രാഹ്യനായവൻെറ വാസസ്ഥാനമേ, സർവ്വ വസ്തുക്കളുടെയും സ്രഷ്ടാവിൻെറ വിശുദ്ധ ആലയമേ, മറിയമേ, സ്വസ്തി! സമാധാനം! കാരണം, ലോകത്തിൻെറ പാപങ്ങളെ എടുത്തുകളയുന്നവനെ നീ വഴിയായിട്ടാണ് ഞങ്ങൾക്ക് പ്രഘോഷിക്കപ്പെട്ടത്; അവൻ അതിനെ വീണ്ടെടുക്കുകയും ചെയ്തു. അല്ലയോ വിനയാന്വിതനേ, അതിവിശുദ്ധയും എല്ലാ വിശ്വാസികൾക്കും ശക്തിയും സഹായവും നൽകുന്നവളും ആയ നിന്നെ ഞങ്ങൾ എങ്ങനെയാണ് പ്രകീർത്തിക്കേണ്ടത്? എളിമപ്പെട്ടവളേ, ഈ ലോകത്തിൽ ജീവിക്കുന്ന ഞങ്ങളെല്ലാവരും ഉന്നതങ്ങളിലേക്കു കണ്ണുകൾ തിരിക്കുന്നു, നിന്നിൽനിന്നും ഞങ്ങൾ രക്ഷ പ്രതീക്ഷിക്കുന്നു. ഞങ്ങളുടെ വിശ്വാസത്തെ ബലപ്പെടുത്തേണമെ, സമസ്ത ലോകത്തിനും സമാധാനം നൽകണമെ. ഇക്കാരണത്താൽ ക്രോബേന്മാർ വഹിക്കുന്ന സിംഹാസനമായും കാലപരിധിയിൽ ദൈവത്തിൻെറ ആലയമായും വിശ്വാസികളായ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. വരാനിരിക്കുന്ന കോപത്തിൽ നിന്നും ഞങ്ങളുടെ ആത്മാക്കൾ രക്ഷപ്പെടുവാൻവേണ്ടി, നീ ഞങ്ങൾക്കായി നിരന്തരം അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമെ!

ഏററം പരിശുദ്ധയായ അമ്മേ, നീ സാധാരണ ചെയ്യാറുള്ളതുപോലെ, ദരിദ്രരായ ഞങ്ങളെ സഹായിക്കണമെ. ഭൗമിക മക്കളായ ഞങ്ങൾ, ഞങ്ങളുടെ അന്ത്യത്തോടടുക്കുമ്പോൾ എപ്രകാരം വഴിതെററിപ്പോകുന്നുവെന്നു നീ കാണു

www.malankaralibrary.com



ന്നുവല്ലോ. നിർമ്മലയും വിശുദ്ധയുമായ കന്യകയേ, നിൻെറ മാദ്ധ്യസ്ഥംവഴി ഞങ്ങൾക്കു കൃപ ലഭിച്ചുതരണമെ. ഞങ്ങളുടെ ദുഷ്ടത ഞങ്ങളെ നാശത്തിലേക്കു നയിക്കാതിരിക്കുവാൻ ഞങ്ങൾക്കുവേണ്ടി തുടർച്ചയായി പ്രാർത്ഥിക്കണമെ. നിന്നിൽനിന്നും പിറന്ന നിൻെറ ഏകജാതൻ നിൻെറ പ്രാർത്ഥനവഴി ഞങ്ങളുടെ മേൽ ദയതോന്നുന്നതിനായി, നിൻെറ പുത്രനോടു നീ പ്രാർത്ഥിക്കുമ്പോൾ, അനുഗൃഹീതയായ അമ്മേ, ഞങ്ങളുടെ നേരേ തിരിയണമെ. പുതുജീവൻ മനുഷ്യമക്കൾക്കു കൊണ്ടുവരുന്ന നൗകയേ, സമാധാനം. രാജാക്കന്മാരുടെ രാജാവ് പാർക്കുവാനായി ഇറങ്ങിവന്ന വിശുദ്ധ ശിലയേ, സ്വസ്തി! എളിമയുള്ള കന്യകയേ സമാധാനം! ദൈവത്തിൻ മാതാവേ, അനുഗൃഹീതയേ, വരിക, സന്തുഷ്ടയായവളേ വരിക! നിൻെറ പരിശുദ്ധമായ പ്രാർത്ഥനവഴി ഞങ്ങളുടെമേൽ കൃപ ഉണ്ടാകുവാനായി, നിന്നിൽനിന്നും ജാതനായ, നിൻെറ ഏകപുത്രൻെറ സന്നിധിയിൽ, നിൻെറ അപേക്ഷകൾ സമർപ്പിക്കണമെ.

നിൻെറ പക്കൽ സങ്കേതം തേടുന്ന പാപികൾക്കുവേണ്ടി, അല്ലയോ പരിശുദ്ധേ! നിൻെറ ഏകപുത്രൻെറ അടുക്കൽ മാദ്ധ്യസ്ഥം യാചിക്കണമെ. മുമ്പുള്ള തലമുറ ഏതെല്ലാം പീഡനങ്ങൾവഴി പ്രഹരിക്കപ്പെട്ടുവോ അതേ പീഡനങ്ങളും ഞങ്ങൾക്കായി കാക്കപ്പെട്ടിരിക്കുന്നു, അവ ഞങ്ങളെ ഞെരിക്കുന്നു. ദുഷ്ടൻ ഏതുവിധത്തിൽ വില്ലു വളയ്ക്കുകയും അമ്പുകൾ മുറിവുകളുടെ നേരേ തൊടുത്തുവച്ചിരിക്കുകയും ചെയ്തിരിക്കുന്നു! മുന്നറിയിപ്പിൻെറ ഈ അടയാളങ്ങൾ ആകാശത്തിലും ഭൂമിയിലും നീ കാണുന്നു, ഹൃദയത്തെ ഞെരുക്കുന്ന മുറിവുകളെയും നീ കാണുന്നു. നിൻെറ പ്രിയമകനോടു വിളിച്ചപേക്ഷിക്കുന്നതിനുവേണ്ടിയാണ് ഞങ്ങൾ നിൻെറയടുക്കൽ ശരണം പ്രാപിക്കുന്നത്. ഇപ്രകാരം നിൻെറ പ്രിയപുത്രനോടു പ്രാർത്ഥിക്കുക: അഹങ്കരിക്കുന്ന ഹൃദയങ്ങളെ ശിക്ഷിക്കുന്ന ക്രിസ്തുവേ, പീഡിപ്പിക്കുകയും സുഖപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്തുവേ, നിൻെറ കരുണയിൽ ഞങ്ങളെ തിരുത്തേണമെ, നിൻെറ കൃപയിൽ ഞങ്ങളെ വീണ്ടെടുക്കണമെ, ഞങ്ങളോടു ദയ കാട്ടണമെ, ഞങ്ങളുടെ മേൽ കൃപ തോന്നണമെ.

www.malankaralibrary.com



## പ്രാർത്ഥനകളും കീർത്തനങ്ങളും

സുറിയാനിക്കാരൻ ബാലായി

അല്ലയോ മറിയമേ, നീ അനുഗൃഹീതയാകുന്നു, കാരണം, പ്രവാചകന്മാർ പ്രഘോഷിച്ച പ്രശ്നങ്ങൾക്കും ദൈവിക രഹസ്യങ്ങൾക്കും ഉള്ള പരിഹാരം നിന്നിൽ കണ്ടിരിക്കുന്നു. മോശ നിന്നെ എരിയുന്ന മുൾപ്പടർപ്പിലും മേഘപടലത്തിലും കണ്ടു, യാക്കോബ് നിന്നെ ഗോവേണിയിൽ ചിത്രീകരിച്ചു, ഉടമ്പടിയുടെ പേടകമായി ദാവീദ് നിന്നെ കണ്ടു. അടയ്ക്കപ്പെട്ടതും മുദ്രവെച്ചതുമായ വാതിലിൽ ഹസ്കീയേൽ നിന്നെ കണ്ടു. നിൻെറ ജനനത്തോടുകൂടെ, എല്ലാ ദിവ്യരഹസ്യങ്ങളും നിറവേറിയിരിക്കുന്നു. മറിയാമിൽനിന്ന് ഉദിക്കുകയും നമ്മെ തെററുകളിൽനിന്നു വിടുവിക്കുകയും ആകാശത്തിലും ഭൂമിയിലും അവളുടെ ഓർമ്മ കൊണ്ടാടുകയും ചെയ്യുന്ന ഏകജാതനെ അയച്ച പിതാവിനു സ്തുതി.

അവനെ ഗർഭംധരിച്ച നീ, അല്ലയോ മറിയമേ, നീ വാഴ്ത്തപ്പെട്ടവളാകുന്നു; അവനെ പ്രസവിച്ച നീ വാഴ്ത്തപ്പെട്ടവളാകുന്നു, എല്ലാററിനേയും പോഷിപ്പിക്കുന്നവനെ പരിപോഷിപ്പിച്ച നീ വാഴ്ത്തപ്പെട്ടവളാകുന്നു. തൻെറ ശക്തിയാൽ ലോകത്തെ വഹിക്കുകയും എല്ലാററിനേയും നിയന്ത്രിക്കുകയും ചെയ്യുന്ന ശക്തനായവനെ നിൻെറ ഉദരത്തിൽ നീ വഹിച്ചതിനാൽ നീ ഭാഗ്യവതിയാകുന്നു. ആദാമിൻെറ വംശത്തിലെ പുത്രന്മാരെ നശിപ്പിക്കുന്ന അഗ്നിയെ അധരങ്ങൾ കൊണ്ടു ചുംബിച്ച നീ അനുഗൃഹീതയാകുന്നു. നിന്നെ ഇപ്പോൾ ഭാഗ്യവതിയെന്നു കീർത്തിക്കുന്ന ഭൂമി മുഴുവൻ പ്രകാശം ചൊരിഞ്ഞതു നിൻെറ ഉദരത്തിൽനിന്നും പുറപ്പെട്ട തേജസ് ആയതിനാൽ, നീ അനുഗൃഹീതയാകുന്നു. നിൻെറ പാൽകൊണ്ട് നീ ദൈവത്തെ പോററി, അതിനാൽ നീ വാഴ്ത്തപ്പെടുന്നു. അവിടുന്നു തൻെറ കരുണയാൽ ചെറിയവനായി, എളിയവരെ വലിയവരാക്കാൻ.

ഞങ്ങളുടെ സങ്കേതമേ, നിനക്കു മഹത്വം, ഞങ്ങളുടെ അഭിമാനമേ, നിനക്കു കീർത്തനം, കാരണം, നിൻെറ പ്രവർത്തനം വഴി ഞങ്ങളുടെ ഗോത്രത്തെ സ്വർഗ്ഗം വരെ ഉയർത്തി.

www.malankaralibrary.com



തൻെറ സഭയ്ക്ക് സമാധാനവും ശാന്തിയും അയച്ചുതരാൻ, നിന്നിൽ നിന്നും ജാതനായ ദൈവത്തോടു പ്രാർത്ഥിക്കണമെ. നിൻെറ പ്രാർത്ഥനയുടെ ശക്തിയാൽ, അത്യുന്നതൻെറ അമ്മേ, അവിടുന്ന് ഭൂമിക്കും അതിലെ നിവാസികൾക്കും പൂർണ്ണസമാധാനം തരുമാറാകട്ടെ; മറിയത്തിൽനിന്ന് ഉദയം ചെയ്യുകയും അവളെ അമ്മയാക്കുകയും അവളുടെ പൈതലാകുകയും ചെയ്തവന് കീർത്തനം. മനുഷ്യനായിത്തീരുകയും പറുദീസയുടെ ഔന്നത്യത്തിലേക്ക് മനുഷ്യവംശത്തെ ഉയർത്തുകയും ചെയ്ത രാജാക്കന്മാരുടെ രാജാവ് വാഴ്ത്തപ്പെട്ടവനാകട്ടെ. നമ്മുടെ വീണ്ടെടുപ്പിനായി അവനെ അയച്ചവന് സ്തുതി, നമ്മുടെ പാപങ്ങൾ നീക്കുന്ന പരിശുദ്ധാത്മാവിന് മഹത്വം.

## ഏഴാം പരിശുദ്ധകന്യകയെക്കുറിച്ചുള്ള ഗീതം

ബാത്ത്നായിലെ യാക്കോബ്.

അല്ലയോ കന്യകയുടെ പുത്രാ, നിൻെറ അമ്മയെക്കുറിച്ചുപറയുന്നതിന് എന്നെ അനുവദിച്ചാലും! അവളെക്കുറിച്ചുസംസാരിക്കുന്നത് ഞങ്ങൾക്ക് എത്താൻ സാധിക്കാത്ത ഒരു വിഷയമാണെന്ന് എനിക്കറിയാം! എൻെറ ചിന്തകളെ പൂർണ്ണമായി പ്രകാശിപ്പിക്കുന്നതിന്, എൻെറ ഹൃദയത്തിൽ അത്ഭുതം പേറുന്ന പ്രതിപാദനം മുന്നോട്ടു ആഞ്ഞുകൊണ്ടിരിക്കുന്നു.

ബുദ്ധിശാലികളേ, നിങ്ങളുടെ ആത്മാക്കളുടെ ശ്രവണങ്ങളെ തിരിക്കുക; മറിയത്തിൻെറ കീർത്തനം എന്നിൽ അത്ഭുതകരമായി ഉയർന്നുകൊണ്ടിരിക്കുന്നു, അത് പ്രകാശിപ്പിക്കപ്പെടണം. നിങ്ങളുടെ ഹൃദയങ്ങളെ ബുദ്ധിപൂർവ്വമായി ഒരുക്കുക. പരിശുദ്ധ കന്യക അവളെക്കുറിച്ചു ഞാൻ പറയുന്നതിനുവേണ്ടി എന്നെ ക്ഷണിക്കുന്നു. സൗകര്യപ്രദമായി നിങ്ങളെത്തന്നെ ഈ ഉൽകൃഷ്ട പ്രഭാഷണത്തിനൊരുക്കുവിൻ, കാരണം, കന്യകമറിയാം അനാദരിക്കപ്പെടാൻ പാടില്ല.

www.malankaralibrary.com



അവാം രണ്ടാം സ്വർഗ്ഗമാണ്. അവളുടെ ഉദരത്തിൽ സ്വർഗ്ഗങ്ങളുടെ നാഥൻ പാർക്കുകയും എല്ലാ ഭാഗങ്ങളിൽനിന്നും അന്ധകാരത്തെ നീക്കുവാനായി പ്രത്യക്ഷപ്പെടുകയും ചെയ്തു. അവാം സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു, അവളുടെ പ്രവൃത്തിവഴി ഭൂമിയുടെ ശാപം നീക്കപ്പെട്ടു, ശിക്ഷ അവസാനിക്കുകയും ചെയ്തു. അവാം നിർമ്മലയാണ്; എളിയവളാണ്, വിശുദ്ധിയുടെ പ്രകാശത്തെ ചൊരിയുന്നവളാണ്, അവളെക്കുറിച്ചു പറയുന്നതിന് എന്റെ വായ് തീരെ ചെറുതാണ്. രാജാവിന്റെ അമ്മയായി തീർന്ന ദരിദ്രയാണവാം. ജീവൻ സമ്പാദിക്കുവാൻ പ്രാപ്തമാകുവാൻ വേണ്ടി ദാഹാർത്തമായ ലോകത്തിന് ധനങ്ങാം അവാം നൽകി. അമൂല്യവസ്തുക്കളെയും സമ്പത്തുകളെയും പിതാവിന്റെ ഭവനത്തിൽ നിന്നും കൊണ്ടുവന്ന കപ്പലാണവാം; പ്രസ്തുത സമ്പത്തുകാം നമ്മുടെ ഊഷര ഭൂമിയിലേക്കവാം വിതറി. ധാന്യം വിതയ്ക്കാതെ ധാരാളം വിളവ് നൽകിയ നല്ല നിലമാണവാം; ഉഴാതെ നല്ല വിളവ് ഉല്പാദിപ്പിക്കുകയും ചെയ്തു. മരണമുള്ളവരുടെയിടയിലേക്ക് ജീവൻ കൊണ്ടുവന്ന രണ്ടാം ഹവ്വായാണവാം; അവളുടെ അമ്മയായ ഹവ്വായുടെ കടത്തെ അഴിക്കുകയും നീക്കികളയുകയും ചെയ്തു. വീണുപോയ അമ്മയ്ക്ക് കൈനീട്ടികൊടുത്ത മകളാണവാം; സർപ്പം തള്ളിയിട്ട കുഴിയിൽ നിന്നും അവളെ കരേററുകും ചെയ്തു. വൃക്ഷത്തിന്റെ കീഴിൽ നഗ്നനായി ഇരുന്ന പിതാവിന് അയാം സ്വയം ആവരണം ചെയ്യുന്നതിന് മഹത്വത്തിന്റെ വസ്ത്രം നെയ്തുകൊടുത്ത പുത്രിയാണവാം. ശാരീരികമായ സംയോഗമില്ലാതെ അത്ഭുതകരമായി അമ്മയായിത്തീർന്ന കന്യകയാണവാം. ശാരീരിക സ്പർശം ഏല്ക്കാതെ അമ്മയായ കന്യകയാണ് മറിയം. രാജാവ് പണിത വലിയകോട്ട, അതിൽ അദ്ദേഹം പാർത്തു, പുറത്തുപോയപ്പോാം അതിന്റെ വാതിൽ തുറക്കപ്പെട്ടില്ല. സ്വർഗ്ഗീയ രഥമെന്നപോലെ ദാസി സർവ്വശക്തനെ വഹിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തു; അവിടുന്ന് എല്ലാ സൃഷ്ടികളെയും പരിപാലിക്കുന്നവനാകുന്നു. അവാം

www.malankaralibrary.com



ഭർത്താവിനെ ഒരിക്കൽ പോലും കാണാതെ ഗർഭം ധരിക്കുകയും പിതാവിൻെറ വാസസ്ഥലം കാണാതെ പുത്രനെ പ്രസവിക്കുകയും ചെയ്തു.

ഏററവും ആകർഷണീയമായ ചായക്കൂട്ടുകൾ പോലും പോരാതെ വരുന്ന ഈ അത്ഭുതകരമായ ചിത്രം സാധാരണ നിറക്കൂട്ടുകൾകൊണ്ട് ഞാനെങ്ങനെ രചിക്കും? നിൻെറ സൗന്ദര്യത്തിൻെറ ചിത്രം എൻെറ ചായക്കൂട്ടുകൾക്കതീതമാണ്; വിശ്വസ്തമായ ഒരു പ്രതിഛായ നൽകാൻ എൻെറ അന്തരാത്മാവിന് കഴിയുമെന്നു വിശ്വസിക്കാൻപോലും ഞാൻ തുനിയുന്നില്ല. സൂര്യൻെറ ഉജ്ജ്വല തേജസും പ്രഭയും വരച്ചുകാട്ടുന്നതാണ് മറിയത്തിൻെറ മഹത്വത്തെ വാക്കുകളിൽ അറിയിക്കുന്നതിനേക്കാൾ എളുപ്പം, മറിയത്തെ പൂർണ്ണമായി പ്രഘോഷിക്കുന്നതിന് ഒരു പ്രഭാഷണവും മതിയാകയില്ല, അതിനേക്കാൾ എളുപ്പം പ്രഭാപൂരിതമായ രശ്മിചക്രം ചായക്കൂട്ടിൽ പകർത്തുകയാണ്. ആരെങ്കിലും അതിനൊരുമ്പെടുകയാണെങ്കിൽ, ഏതു വ്യക്തികളുടെ ഗണത്തിലോ ഗ്രൂപ്പിലോ അവളെ ഉൾപ്പെടുത്തി, അവളുടെ ചിത്രമെടുക്കും, അവളെക്കുറിച്ചു പാടും? കന്യകയുടെ ഗണത്തിലോ, ശുദ്ധരും എളിയവരുമായ നാരികളുടെ നിരയിലോ, അതോ ഭാര്യമാരുടേയും അമ്മമാരുടേയും ഇടയിലോ? കണ്ടാലും, കന്യാത്വവും മാതൃത്വവും അത്ഭുതകരമായ ജനനത്തിലും മുദ്രിതമായ ഗർഭത്തിലും ഒന്നിച്ചുചേരുന്നു. ആർക്കു അവളെ അർഹമായ രീതിയിൽ സ്തുതിക്കാൻ കഴിയും? (വിവാഹം കഴിക്കാത്ത) പെൺകൊടികളുടെ ഗണത്തിലവൾപ്പെടുന്നുവെന്നു ഞാൻ ചിന്തിക്കുമ്പോൾ, അവളുടെ മകന് ആഹാരം നൽകുന്ന അമ്മയായി ഞാൻ കാണുന്നു.

ഭർത്താവായി യൗസേപ്പ് അവളുടെകൂടെ പാർക്കുന്നുവെന്നു ഞാൻ കേട്ടു, പക്ഷേ, അവർ തമ്മിൽ ശാരീരിക സംയോഗം നടത്തുന്നതിൽനിന്നും അവൾ തടയപ്പെട്ടിരിക്കുന്നതായി ഞാൻ കാണുന്നു. യൗസേപ്പിനെ കണ്ടപ്പോൾ അവളെ ഭാര്യയെന്നു വിളിക്കണമെന്നുതോന്നി; പക്ഷേ, മർത്ത്യരാരും അവളെ ലൈംഗികമായി സ്പർശിച്ചിട്ടില്ലായെന്നു വിശ്വാസം എന്നെ പഠിപ്പിക്കുന്നു. ഒരമ്മയെപ്പോലെ മകനെ മാറോ

www.malankaralibrary.com



ടണയ്ക്കുന്നതു ഞാൻ കണ്ടു, പക്ഷേ കന്യകകളുടെ ഗണത്തിൽ മഹത്വമുള്ളവളായി അവൾ പ്രത്യക്ഷപ്പെടുന്നു. അവൾ കന്യകയും അമ്മയുമാണ്, ഭാര്യയും സ്പർശമേല്ക്കാത്തവളുമാണ്. അവൾ അഗ്രാഹ്യയാണെന്ന് പറഞ്ഞു കഴിഞ്ഞാൽപിന്നെ, എന്താണ് കൂട്ടിച്ചേർക്കാനുള്ളത്?

## സമസ്തഭൂവിനേക്കാൾ കൂടുതൽ നിർമ്മലമായ ഒരാലയത്തിലാണ് ക്രിസ്തു തൻെറ വാസമുറപ്പിച്ചത്

— ബാത്നായിലെ യാക്കോബ്.

അത്ഭുതംകൂറുന്ന വ്യക്തിയെക്കുറിച്ചു സംസാരിക്കുവാൻ സ്നേഹം എന്നെ പ്രേരിപ്പിക്കുന്നു, പക്ഷേ, വിഷയത്തിൻെറ ഔന്നത്യം എനിക്കതീതമാണ്; ഞാൻ എങ്ങനെ ആരംഭിക്കും? എല്ലാററിലുമുപരി, ഞാൻ സർവ്വലോകത്തോടും വിളിച്ചുപറയും, ഇപ്പോഴോ ഒരിക്കലുമോ അവളെ പ്രകീർത്തിക്കാൻ ഞാൻ യോഗ്യനല്ല, എങ്കിലും സ്നേഹത്തെപ്രതി, അത്യുൽകൃഷ്ടയായവളെക്കുറിച്ചു കീർത്തിക്കാൻ എന്നെത്തന്നെ അർപ്പിക്കും; സംസാരിക്കുമ്പോൾ, സ്നേഹത്തിനുമാത്രമേ ദൈവദൂഷണങ്ങൾ ദൂരീകരിക്കാൻ സാധിക്കൂ, കാരണം അവളെക്കുറിച്ചുള്ള ചിന്തകൾ ശ്രവിക്കുന്നവനെ ഉദ്ദീപിപ്പിക്കും, ധന്യനാക്കും.

ഭയത്തോടും അത്ഭുതത്തോടും ഞാൻ മറിയാമിനെക്കുറിച്ച് പ്രസ്താവിക്കാം, ഈ ഭൂമിയുടെ പുത്രി എത്രമാത്രം ഉന്നതമായ സ്ഥാനത്തേക്കാണ് കരേറിയതെന്ന് ഞാൻ പറയാം. ദൈവത്തിൻെറ കൃപകൊണ്ടു മാത്രമാണോ പുത്രൻ അവളിലേക്കിറങ്ങിയത്? ഏററം പരിശുദ്ധനായ പുത്രൻെറ അമ്മയാകാൻ അവൾ അത്രമാത്രം പരിശുദ്ധയും ദൈവത്തിനു പ്രീതിപ്പെട്ടവളുമാണ്. കൃപകൊണ്ടുമാത്രമാണ് ദൈവം ഭൂമിയിലേക്കിറങ്ങിവന്നത്. പക്ഷേ, മറിയം അവളുടെ അത്യധികമായ നൈർമ്മല്യംവഴി അവിടുത്തെ സ്വീകരിക്കുന്നതിന് അർഹയായിരുന്നു. അവിടുന്ന് അവളുടെ എളിമയെനോക്കി, അവളുടെ ഓമനത്തവും നൈർമ്മല്യവും കണ്ടു, അങ്ങനെ അവളിൽ വസിച്ചു. സ്വമേധയാ അവിടുന്നു എളിയവരുടെ ഇടയിൽ വസിച്ചു, അവിടുന്നു പറയുന്നതുപോ

www.malankaralibrary.com



ലെതന്നെ; എളിയവരേയും വിനയമുള്ളവരേയും അല്ലെങ്കിൽ പിന്നെ ആരെയാണ് ഞാൻ നോക്കേണ്ടത്? (ഏശായാ 57/15). മനുഷ്യമക്കളിൽ ഏററവും വിനയാന്വിതയാണവരം എന്ന് അവിടുന്നു കണ്ടു, അതിനാൽ അവളിൽ പാർത്തു. അവരം തന്നെ സാക്ഷിക്കുന്നു: അവിടുന്നു തൻെറ എളിമയെ തൃക്കൺപാർത്തു; അവളിൽ വസിച്ചു (ലൂക്കാ 1/48). അവരം ദൈവത്തിന് പ്രീതിയുള്ളവളായതുകൊണ്ട്, നാം അവളെ പ്രകീർത്തിക്കണം. പൂർണ്ണതയുടെ ഉച്ചസ്ഥാനമാണ് എളിമ. ദൈവത്തെ ഒരുവൻ കൂടുതൽ അടുത്തുനിന്നു കാണുന്തോറും, അയാരം കൂടുതൽ എളിമപ്പെട്ടവനായി തീരുന്നു. എളിമനിമിത്തം എല്ലാക്കാലങ്ങളിലുമുള്ള വിശുദ്ധൻമാർ ദൈവത്തിനു പ്രീതിപ്പെട്ടവരായിരുന്നു; മനുഷ്യൻ ദൈവത്തിൽ എത്തിച്ചേരുന്ന പ്രധാന വീഥി അതാണ്. മറിയത്തെപ്പോലെ ആരംഭം മുതൽ ഇത്രമാത്രം എളിമപ്പെട്ട മറെറാരു വ്യക്തി കാണുകയില്ല. അവളെപ്പോലെ ഇത്രമാത്രം ഉയർത്തപ്പെട്ട മറെറാരു വ്യക്തിയും കാണുകയില്ലായെന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. എളിമപ്പെടലിൻെറ തോതിനനുസരണമായി ഒരുവനെ മഹത്വപ്പെടുത്തുന്ന കർത്താവ് അവളെ തൻെറ അമ്മയാകുവാൻവേണ്ടി ഉയർത്തി. അവളുടെ എളിമപ്പെടുത്തലിനെ എന്തിനോടുപമിക്കുവാൻ കഴിയും? മറിയത്തിനെക്കാരം കൂടുതൽ ഓമനത്തമുള്ളവളായും നൈർമ്മല്യമുള്ളവളായും വേറൊരാളെ കണ്ടിരുന്നെങ്കിൽ, ദൈവം അവളിൽ പാർക്കുമായിരുന്നു; തൻെറ അമ്മയെ അങ്ങനെയെങ്കിൽ ഉപേക്ഷിക്കുമായിരുന്നു, അവളുടെ പക്കൽ താമസിക്കുമായിരുന്നില്ല. കൂടുതൽ പുണ്യമുള്ളതും നിർമ്മലവുമായ മറെറാരാത്മാവിനെ കണ്ടിരുന്നെങ്കിൽ, അമ്മയെ ഉപേക്ഷിച്ചു, ഈ ആത്മാവിനെ സ്വീകരിക്കുമായിരുന്നു.

കർത്താവ് ഭൂമിയിലേക്കിറങ്ങിവന്നപ്പോരം, എല്ലാ സ്ത്രീകളേയും നോക്കി, ഒരാളെമാത്രം തെരഞ്ഞെടുത്തു— അവരിൽ ഏററവും കൂടുതൽ പ്രീതിപ്പെട്ടവളായി അവളെ കണ്ടു, അവിടുന്ന് അവളെ പരിശോധിച്ചു, അവളിൽ എളിമയും വിശുദ്ധിയും നിഷ്കളങ്കമായ ചൈതന്യവും ദൈവസ്നേഹവും നിർമ്മലഹൃദയവും ഉൽകൃഷ്ടമായ ചിന്ത

www.malankaralibrary.com



കളും കണ്ടെത്തി. ഇക്കാരണത്താൽ, അവിടുന്ന് ഈ വിശുദ്ധിയെ, ഈ മനോഹാരിതയെ സ്വീകരിച്ചു, അവിടുത്തെ ഇടംവിട്ടിട്ട് സ്ത്രീകളിൽ ഏററം അനുഗൃഹീതയായവളുടെ പക്കൽ വാസമുറപ്പിച്ചു. കാരണം, അവളോടു താരതമ്യപ്പെടുത്തുവാൻ ഈ ലോകത്ത് മററാരുംതന്നെ ഇല്ല. അവരം മാത്രം ഏകമായ വിധത്തിൽ എളിമയുള്ളവളായിരുന്നു, നിർമ്മലയും നിഷ്കളങ്കയും കറതീണ്ടാത്തവളും ആയിരുന്നു; അവരം ദൈവത്തിന്റെ അമ്മയാകുന്നതിന് അർഹയായിത്തീർന്നു. തിന്മയിൽനിന്നും എത്രമാത്രം അകന്നവളാണെന്നും അമലയാണെന്നും അവിടുന്നു അളന്നു; അവളിൽ കാപട്യത്തിനു യാതൊരു ചായ്‌വും ഉണ്ടായിരുന്നില്ല; അശുദ്ധിയ്ക്കു യാതൊരുവിധത്തിലും അവകാശപ്പെടാവുന്ന രീതിയിൽ ഒരു ചിന്തയും അവളിൽ ഇല്ലായിരുന്നു, അതുപോലെ ഈ ലോകത്തിന്റെ ദുഷിപ്പുമായി ബന്ധപ്പെടുന്ന രീതിയിൽയാതൊരു പ്രവൃത്തിയും ഉണ്ടായില്ല. ലോകത്തോടുള്ള യാതൊരു താല്പര്യവും അവളിൽ ജ്വലിച്ചില്ല, കുഞ്ഞുങ്ങരംക്കു ഹരമായിട്ടുള്ള യാതൊന്നിനോടും അവരംക്ക് പ്രത്യേക മമതയും അനുഭവപ്പെട്ടില്ല. അവരംക്കു തുല്യമായോ അവളെപ്പോലെയോ ആരെങ്കിലും ഈ ലോകത്തിൽ കാണുകയില്ലായെന്നു മനസിലായതുകൊണ്ട്, അവളിൽനിന്നും നിർമ്മലമായ പാൽ കുടിക്കുന്നതിന് അവളെ അമ്മയായി തെരഞ്ഞെടുത്തു. അവരം അറിവുള്ളവളായിരുന്നു, ദൈവസ്നേഹത്താൽ നിറഞ്ഞിരുന്നു, കാരണം, സ്നേഹമില്ലാത്തിടത്ത് കർത്താവ് പാർക്കുകയില്ല. മഹാനായ രാജാവ് നമ്മുടെ ദേശം കാണാൻ തീരുമാനിച്ചപ്പോരം, സമസ്ത ഭൂമിയേക്കാളും പരിശുദ്ധമായ ഒരാലയത്തിൽ വാസമുറപ്പിക്കുന്നതിനു താല്പര്യപ്പെട്ടു, അതായത്, വിശുദ്ധിയേക്കുറിച്ചും കന്യാത്വത്തെക്കുറിച്ചുമുള്ള കൂടുതൽ ഉൽകൃഷ്ടമായ ചിന്തകരംകൊണ്ടലങ്കരിക്കപ്പെട്ട പരിശുദ്ധമായ ഉദരത്തിൽ വസിക്കുന്നതിന് ആഗ്രഹിച്ചു. സ്വഭാവംകൊണ്ടും മനസുകൊണ്ടും സൗന്ദര്യം നിറഞ്ഞവളായിരുന്നു അവരം; യാതൊരുവിധമായ ദുശ്ചിന്തകളും അവളെ മലിനപ്പെടുത്തിയില്ല, ശൈശവത്തിലായിരുന്നപ്പോരം മുതലേ, അവരം നിർമ്മലയായി

www.malankaralibrary.com



രുന്നു. അവളുടെ പ്രകൃതിയും മനസും നന്മയിലേക്കു ചാഞ്ഞിരുന്നു, അതുപോലെ ശരീരത്തിന്റെ ചാരിത്ര്യവും ആത്മാവിന്റെ വിശുദ്ധിയും.

ദൈവം അവളിൽ പൂർത്തിയാക്കിയ ഈ വേല ഏററവും അർഹയും ആദരിക്കപ്പെട്ടവളുമായ ഈ കന്യകയെക്കുറിച്ച് പ്രഘോഷിക്കുന്നതിന് എന്നെ അധികാരപ്പെടുത്തുന്നു. അവൾ ദൈവപുത്രന്റെ അമ്മയായി എന്ന കാരണത്താൽ, ഭൂമിയിലുള്ള എല്ലാററിനേയുംകാൾ നിർമ്മലയായ സ്ത്രീരത്നമാണവളെന്നു ഞാൻ അംഗീകരിക്കുന്നു, നിർണ്ണയിക്കുന്നു. നൻമയെ തിൻമയിൽ നിന്നും വേർതിരിച്ചറിയുവാൻ സാദ്ധ്യമായ സമയം മുതൽ ഹൃദയത്തിന്റെ ശുദ്ധിയിലും ചിന്തകളുടെ നേർപാതയിലും അവൾ പിടിച്ചുനിന്നു. ദൈവകല്പനയുടെ നീതിയിൽനിന്നും അവൾ വ്യതിചലിച്ചില്ല. ജഡത്തിന്റെ ദുരാഗ്രഹങ്ങളാൽ അവൾ ചഞ്ചലചിത്തയുമായില്ല. പകരം, ചെറുപ്പം മുതൽതന്നെ, വിശുദ്ധിയെക്കുറിച്ചുള്ള താല്പര്യത്തിൽ അവൾ ലയിച്ചു, ശ്രദ്ധയോടും സൂക്ഷ്മതയോടുംകൂടെ അതിനായി അവൾ പരിശ്രമിച്ചു. എല്ലാ ദിവസവും കൺമുമ്പിൽ കർത്തനെ പ്രതിഷ്ഠിക്കും, അവനാൽ പ്രകാശിതയാകാനും നിറയപ്പെടാനും വേണ്ടി അവനിൽ മിഴികൾ അർപ്പിക്കും. അവളുടെ ആത്മാവ് എത്രമാത്രം നിർമ്മലവും തുറവിയുള്ളതുമാണെന്ന് ദൈവം കണ്ടപ്പോൾ, എല്ലാ തിന്മയിൽനിന്നും സ്വതന്ത്രയായ അവളിൽ വസിക്കുന്നതിനു അവിടുന്നിഷ്ടപ്പെട്ടു, എല്ലാ മഹിമയിൽനിന്നും ഉന്നതമായ, അത്ഭുതകരമായ വേല അവളിൽ നിവർത്തിക്കാൻ ഇടയായത്, അവളെപ്പോലെ മറെറാരു സ്ത്രീയെ കാണാഞ്ഞതിനാലാണ്. എല്ലാ സ്ത്രീകളുടെ ഇടയിൽനിന്നും ഒരേ ഒരു മനുഷ്യപുത്രിയെമാത്രം അന്വേഷിച്ചു, തെരഞ്ഞെടുത്തു, കാരണം അവൾ എല്ലാവരേക്കാളും സുന്ദരിയായിരുന്നു. അതിവിശുദ്ധനായ പിതാവ് തന്റെ പുത്രനുവേണ്ടി ഒരമ്മയെ ഒരുക്കുന്നതിനാഗ്രഹിച്ചു, ഇവൾക്കു തുല്യയായി വേറെ ആരേയും കണ്ടില്ല; അക്കാരണത്താൽ അവന് അമ്മയാകാൻ അവളെ തെരഞ്ഞെടുത്തു. അകത്തും പുറത്തും ഈ കന്യക ഒളിഞ്ഞുകിടക്കുന്ന സൗന്ദര്യം നിറഞ്ഞ

www.malankaralibrary.com



വളായിരുന്നു; അവളുടെ ഹൃദയനൈർമ്മല്യംമൂലം ദൈവത്തിൻെറ ദിവ്യരഹസ്യങ്ങൾ തന്നിൽ നിറവേറുന്നതു കാണുവാൻ അർഹയായി.

## *മറിയത്തിൻെറ ആത്മാവിൻെറ സൗന്ദര്യം*

ബാത്നായിലെ യാക്കോബ്

മനുഷ്യപുത്രിയിൽ നിന്നും ശരീരമെടുക്കുവാൻ ദൈവം ഇറങ്ങിവന്നു. അവളുടെ സൗന്ദര്യത്താൽ ആകൃഷ്ടനായി, അവളിൽ നിന്നും ജനിക്കുവാൻ അവിടുന്നു തീരുമാനിച്ചു. എല്ലാ മനുഷ്യർക്കും നൽകപ്പെട്ടിട്ടുള്ള അനുഗ്രഹങ്ങളെ കീഴ്പ്പെടുത്തുന്ന ഒന്നായിരുന്നു അവൾക്കു നൽകപ്പെട്ട അനുഗ്രഹമെങ്കിൽ, അത്രയും കൂടുതൽ മറിയത്തിൻെറ ആത്മാവിൻെറ സൗന്ദര്യത്തെ ആദരിച്ചേ മതിയാവൂ. അത് അവളെ ദൈവത്തിൻെറ അമ്മയാക്കിതീർത്തു. അവളുടെ എളിമ, വിശുദ്ധി, നീതി, സന്മനസ് ഇവ വഴി അവൾ ദൈവത്തെ പ്രീതിപ്പെടുത്തി, അവിടുന്ന് അവളെ തെരഞ്ഞെടുത്തു. വേറൊരുവൾ മറിയത്തേക്കാൾ സുന്ദരിയായിരുന്നെങ്കിൽ, അവൾ തെരെഞ്ഞെടുക്കപ്പെടുമായിരുന്നു, കാരണം ദൈവം തുല്യത പാലിക്കുന്നു, നീതിനിഷ്ഠനും നേർവഴി കാക്കുന്നവനുമാണ്. മറിയത്തിൽ അല്പം മാലിന്യമോ ചെറിയ കുറവോ ഉണ്ടായിരുന്നെങ്കിൽ, പൂർണ്ണമായും നിർമ്മലമായ മറ്റൊരമ്മയെ അവിടുന്നു തെരഞ്ഞെടുക്കുമായിരുന്നു.

ഓരോരുത്തരും ഇക്കാരണത്താൽ ഈ അനുഗൃഹീത സ്ത്രീയെക്കുറിച്ചു അത്ഭുതപ്പെടണം, ഇത്രമാത്രം സൗന്ദര്യവതിയായതുകൊണ്ട് ദൈവം അവളെ അമ്മയായിതെരഞ്ഞെടുത്തു. പ്രകൃതിയ്ക്കു നിരക്കുമായിരുന്ന രീതിയിൽ അത്രമാത്രം സൗന്ദര്യം നിറഞ്ഞവളായിരുന്നു അവൾ; അവളുടെ സ്വന്തമനസ്സാൽ ഇത്രമാത്രം ഉന്നതമായ സ്ഥാനത്ത് അവൾ എത്തുമായിരുന്നില്ല. ഒരു പരിധിവരെ മനുഷ്യനു സാദ്ധ്യമായ രീതിയിൽ പൂർണ്ണതയിലെത്തുന്നതിനു അവൾ പരിശ്രമിച്ചു, പക്ഷേ അവളുടെ നന്മകൾകൊണ്ടുമാത്രം ദൈവം അവളിൽ നിന്നു ജാതനാവുകയില്ലായിരുന്നു. നീതിമാനായ

www.malankaralibrary.com



ഒരു മനുഷ്യനു ദൈവത്തെ എത്രമാത്രം പ്രാപിക്കാമോ, അതുപോലെ, അവളുടെ ആത്മാവിന്റെ ഔന്നത്യത്തിൽ ഈ സൗന്ദര്യവതി അവിടുത്തോടടുത്തു, പക്ഷേ, അവളിൽ നിന്നും ക്രിസ്തു ശരീരമെടുത്തുവെന്നത് വെറും കൃപ മാത്രം. അതിന് അവന്റെ കരുണയെ നാം പുകഴ്ത്തണം, ഈ ഉന്നതസ്ഥാനംവരെ മറിയത്തിന്റെ സൗന്ദര്യം അവളെ എത്തിച്ചു. ലോകത്ത് മററാരും ഈ സ്ഥാനംവരെ എത്തിയിട്ടില്ല. ഇതിനുപുറമേ, കർത്തനു നമ്മുക്ക് നന്ദികൂറാം, ഒരു സൃഷ്ടിയിൽ അളവില്ലാതെ അനുഗ്രഹം ചൊരിഞ്ഞതിന് ഈ കൃതജ്ഞത അവിടുത്തേയ്ക്കർഹമാകുന്നു. കൃതജ്ഞതയോടെ ഒരു ലോകത്തിനും തിരിച്ചുനൽകാൻ കഴിയാത്തവിധത്തിൽ പുത്രൻ ചൊരിഞ്ഞ നന്മയെക്കുറിച്ചുചിന്തിക്കുക, മറിയത്തിന്റെ നന്മകളെക്കുറിച്ചു ചിന്തിക്കുക, മനുഷ്യമക്കളുടെ ഇടയിൽ മററാർക്കും ഇതിൽകൂടുതൽ നന്മയുണ്ടാവില്ല. ഈ ഉൽകൃഷ്ട സൃഷ്ടി നടന്നു നീങ്ങിയിട്ടുള്ള പടികഠം, അവളുടെ സൗന്ദര്യവും, പരിശുദ്ധനായവന്റെ പുത്രന്റെ അമ്മയാകാനുള്ള തെരഞ്ഞെടുപ്പുമാണ്. പുണ്യപൂർണ്ണതയുടെ ഉച്ചകോടിയിലേക്ക് അവഠം സ്വയം ഉയർത്തി, തന്മൂലം അനന്ത നന്മ അവളിൽ വാസമുറപ്പിച്ചു. വിശുദ്ധിയുടെ തിളക്കമൊർന്ന അവളെ കർത്തൻ കണ്ടു, അവളുടെ ഉദരത്തിൽ പാർക്കുന്നതിന് അവിടുന്ന് ആഗ്രഹിച്ചു.

സ്വർഗ്ഗീയ സൈന്യങ്ങളിൽനിന്നും ഒരു മാലാഖയെ അവിടുന്നു അയച്ചു, സൗന്ദര്യവതിയും വിശുദ്ധയുമായവളുടെ പക്കൽ സദ്വാർത്ത കൊണ്ടുവരുന്നതിനുവേണ്ടി. സ്വർഗ്ഗീയ സേനകളുടെ ശക്ത നായകനായ ഗബ്രിയേൽ ദൈവത്താൽ അയയ്ക്കപ്പെട്ടു, യാത്രയായി, അവളുടെ പക്കൽ വന്നിറങ്ങി, ദൈവീക വെളിപാടുവഴിയായി അവളുമായി പങ്കിട്ട വലിയ ദൈവീകരഹസ്യത്തിനു അവഠം മാത്രമായിരുന്നു അർഹയായിട്ടുണ്ടായിരുന്നത്. പ്രാർത്ഥനയിൽ തുറവിയോടും ലാളിത്യത്തോടുംകൂടെ, മറിയാം ദൈവിക വെളിപാടു സ്വീകരിച്ചു. അവഠം ദൈവമുമ്പാകെ ഭയഭക്തിയിൽ നിറഞ്ഞുനിന്നു, ദൈവസ്നേഹം തുളുമ്പിനിന്ന

www.malankaralibrary.com



ഹൃദയം പ്രാർത്ഥനയോടുകൂടെ അവിടത്തേക്കർപ്പിച്ചു. മാലാഖ അഗ്നിജ്വാലയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ദാനിയേൽ പ്രാർത്ഥനയിൽ നിമഗ്നനായിരുന്നു. ദൈവസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടുനില്ക്കുന്ന പുരോഹിതനായ സഖറിയായെയാണ് മാലാഖ ബലിപീഠത്തിനു സമീപംകണ്ടത്. അതുപോലെ വെളിപാടിനു അർഹയായ ഈ കന്യകയും പ്രാർത്ഥനയിൽ മുഴുകിയിരിക്കുമ്പോഴാണ് മാലാഖയെ സ്വീകരിച്ചത്. നിർമ്മലമായ പ്രാർത്ഥന ഒരുവനെ ദൈവത്തോട് അഗ്രാഹ്യമായ രീതിയിൽ ബന്ധിക്കുന്നു, അവിടുത്തോട് സംഭാഷിക്കുന്നു, അവിടുത്തെ മറുപടി ശ്രദ്ധിക്കുന്നു, അവിടുത്തെ പക്കൽ നിന്നും ശക്തിപ്രാപിക്കുന്നു.

മറിയം പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് മാലാഖ ഇറങ്ങിവന്നത്, അത്യുന്നതന്റെ പക്കൽനിന്നുമുള്ള അഭിവാദനങ്ങൾ നൽകി "മറിയമേ സമാധാനം, നമ്മുടെ കർത്താവ് നിന്നോടുകൂടെ, അനുഗൃഹീതയേ! നീ ഭാഗ്യവതിയാകുന്നു, കാരണം, നിന്റെ കന്യാത്വത്തിന്റെ ഫലം അനുഗൃഹീതമാകുന്നു." ഇതുകേട്ടപ്പോൾ, വളരെ ശ്രദ്ധാപൂർവ്വം ആലോചിച്ചു, ഇത്രമാത്രം അസാധാരണമായ ഒരഭിവാദനത്തിന്റെ ലക്ഷ്യമെന്ത്? മാലാഖ അവളോടു പറഞ്ഞു: "അല്ലയോ അനുഗ്രഹങ്ങൾ നിറഞ്ഞ സ്ത്രീയേ, നീ കലങ്ങേണ്ട, നിന്റെ കന്യാത്വത്തിൽ നീ കർത്തന്റെ അമ്മയാകണമെന്ന് അവിടുന്നാഗ്രഹിക്കുന്നു. കണ്ടാലും, ശാശ്വതമായ രാജ്യത്തിന്റെ രാജാവിനെ നീ ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്യും." മറിയം മറുപടി പറഞ്ഞു: നീ പറഞ്ഞത് എപ്രകാരം സംഭവിക്കും? ഞാൻ പുരുഷനെ അറിയാതിരിക്കുമ്പോൾ, ഞാനെങ്ങനെ ഗർഭവതിയാകും? ഞാൻ ഭർത്തൃബന്ധത്തിൽനിന്നും ഒഴിഞ്ഞുനില്ക്കുമ്പോൾ,ഞാൻ പുത്രനെ പ്രസവിക്കുമെന്നു നീ പറയുന്നു. വിവാഹബന്ധങ്ങളില്ലാത്ത ഒരു ജനനത്തെക്കുറിച്ചാണ് നീ പറയുന്നതെന്ന് തോന്നുന്നു.

ഗബ്രിയേലുമായി മറിയം സംവാദത്തിലേർപ്പെട്ട ധന്യമായ നിമിഷമാണ് അത്. ദരിദ്രയായ പെൺകൊടിയും മാലാഖയും മനോഹരമായ സംഭാഷണത്തിലേർപ്പെട്ടു. നിർമ്മ

www.malankaralibrary.com



ലയായ കന്യകയും പ്രഭാപൂരിതനായ മാലാഖയും ഒരു സംവാദത്തിലേർപ്പെടുന്നു—അത് സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള സമാധാനം തിരികെ കൊണ്ടുവന്നു. ലോകത്തിൻെറ അനുരഞ്ജനത്തിനുവേണ്ടിയുള്ള ഉടമ്പടി മാലാഖമാരുടെ ഗണത്തിൻെറ നായകനും, ഈ ഭൂമിയിൽ സ്ത്രീകളിൽപെട്ട ഒരുവളും തമ്മിലാണ് നടന്നത്. ഭൗമികവും സ്വർഗ്ഗീയവുമായ വസ്തുതകളുടെ അനുരഞ്ജനപാലകരായി രണ്ടുപേരും വളരെ ഭയഭക്തിയോടെ ഇരുന്നു; രണ്ടുപേരും സംഭാഷണത്തിലേർപ്പെട്ടു. പരസ്പരം ശ്രദ്ധിച്ചു. തർക്കത്തിലേർപ്പെട്ടിരുന്നവരുടെയിടയിൽ സമാധാനം സ്ഥാപിച്ചു. ദൈവവും ആദാമും തമ്മിലുണ്ടായ ഉരസൽവഴി ക്രമം നഷ്ടപ്പെട്ട എല്ലാററിനെയും കന്യകയും മാലാഖയും ഒരുമിച്ചു ചേർന്നു ക്രമാധീനമാക്കി. മരത്തിനു കീഴെ നടന്ന കേസുവിചാരണ ഒരു തീരുമാനത്തിലെത്തുന്നതിനും പൂർണ്ണമായി പരിഹരിക്കപ്പെടുന്നതിനും ഇടയായി, അങ്ങനെ സമാധാനം നിലവിൽവന്നു. സ്നേഹത്തിൽ സ്വർഗ്ഗവും ഭൂമിയും പരസ്പരം സംഭാഷണത്തിലേർപ്പെട്ടു. ഇരുകൂട്ടരും തങ്ങളുടെ വഴക്കുകറം ഉപേക്ഷിച്ചു സമാധാനത്തിലെത്തി.

ഇപ്രകാരം ആദാമിനെ വകവരുത്തിയ ദോഷകാലം അവസാനിച്ചു. അവനെ പൂർവ്വസ്ഥിതിയിലെത്തിച്ച നല്ലകാലം കടന്നുവന്നു. സർപ്പത്തിനു പകരം ഗബ്രിയേൽ ആദ്യം സംസാരിച്ചു. ഹവ്വായ്ക്കു പകരം മറിയം ശ്രദ്ധിച്ചു. തൻെറ തന്ത്രം വഴി മരണം കൊണ്ടുവന്ന ചതിയനുപകരം, തൻെറ സദ്വാർത്തവഴി ജീവൻ കൊണ്ടുവരുന്നതായി സത്യശീലൻ വ്യക്തമാക്കി. വൃക്ഷത്തിനു സമീപം കടപ്പത്രത്തിനു ഒപ്പുവച്ച അമ്മയ്ക്കുവേണ്ടി മകറം പകരം നിന്ന്, പിതാവായ ആദാമിൻെറ എല്ലാ കടങ്ങളും വീട്ടി. സർപ്പത്തിനും ഹവ്വായ്ക്കും പകരം മാലാഖയും മറിയാമും നിന്നു, ആരംഭം മുതലേ കലുഷിതമായിരുന്ന ചുററുപാട് തിരികെ ക്രമാധീനപ്പെടുത്തി. എന്തെളുപ്പത്തിലാണ് ഹവ്വാ സർപ്പത്തിനു ചെവികൊടുത്തത്! അസത്യം പറയുന്നവൻെറ ശബ്ദം ശ്രദ്ധിച്ചത്! അവൻെറ തന്ത്രങ്ങളിൽ വിശ്വാസം അർപ്പിച്ചത്! ഇപ്പോറം വന്നു സന്തോഷിക്കുക! മറിയത്തിൻെറ ചെവിയിലേക്ക് മാലാഖ ജീവൻ പകരുന്നു, സർപ്പത്തിൻെറ

www.malankaralibrary.com



ചുററിക്കെട്ടുകളിൽനിന്ന് അവളെ സ്വതന്ത്രയാക്കുന്നു, സമാശ്വാസം അവരാക്കു നൽകുന്നു. സർപ്പം തട്ടിമറിച്ചിട്ട ഭവനം ഗബ്രിയേൽ വീണ്ടും പണിയുന്നു; പറുദീസായിൽ ഹവ്വാ നശിപ്പിച്ച വീട് മറിയം വീണ്ടും ഉയർത്തുന്നു.

## ഏററം പരിശുദ്ധ കന്യകയുടെ ബഹുമാനാർത്ഥമുള്ള സ്തോത്രഗീതം

ബാത്നായിലെ യാക്കോബ്

ദൈവപുത്രൻെറ അമ്മയാകുവാൻ മറിയം വിളിക്കപ്പെട്ടപ്പോരം, അവിടുന്നു അവളിൽ പാർക്കുന്നതിനുമുമ്പ് പരിശുദ്ധാത്മാവ് അവളെ വിശുദ്ധീകരിച്ചു. എല്ലാ തെററുകളിൽനിന്നും അവിടുന്നു അവളെ സ്വതന്ത്രയാക്കി, അവരം എല്ലാ തിന്മകരംക്കും ഉപരിയായി ഉയർത്തപ്പെടുന്നതിനുവേണ്ടിയും അവിടുന്നു അവളിൽ വിശുദ്ധമായ രീതിയിൽ പാർക്കുന്നതിനുവേണ്ടിയുമാണത്. അവിടുന്നു പരിശുദ്ധാത്മാവുവഴി തൻെറ അമ്മയെ ശുദ്ധീകരിച്ചു, കാരണം അവളിൽ പാർത്തുകൊണ്ട്, നിർമ്മലവും പാപരഹിതവുമായ ഒരു ശരീരം അവളിൽനിന്ന് സ്വീകരിക്കുന്നതിനുവേണ്ടിയാണത്. കന്യകയിൽനിന്നും സ്വീകരിക്കുന്ന ചൈതന്യവത്തായ ശരീരം ഒരു രീതിയിലും മലിനപ്പെടാതിരിക്കുന്നതിനുവേണ്ടി, അവിടുന്ന് അവളെ പരിശുദ്ധാത്മാവിനാൽ ശുദ്ധീകരിച്ചു, അതിനുശേഷമാണ് അവളിൽ പാർത്തത്. മനുഷ്യവർഗ്ഗത്തിൽ വേരൂന്നുന്നതിന് ദൈവപുത്രൻ അവളെ നിയോഗിച്ചു; അതിനായി പരിശുദ്ധാത്മപ്രവർത്തനംവഴി ശരീരത്തെ പാപരഹിതമാക്കി. വചനം ശരീരിയാകുന്നതിനു ഇറങ്ങിവന്നു, ആരിൽനിന്നും ശരീരം സ്വീകരിക്കുമോ അവളെ ആത്മാവിൻെറ പ്രവർത്തനത്താൽ ശുദ്ധീകരിച്ചു, അവിടുത്തെ വരവിൽ ഒന്നൊഴികെ എല്ലാററിലും നമ്മുക്കു സമനായിത്തീരുവാൻ— അവിടുത്തെ നിർമ്മലമായ ശരീരം പാപവിമുക്തമാകാൻ. ദൈവം മനുഷ്യനാകുന്നതിനാഗ്രഹിച്ചപ്പോരം, അവിടുന്ന് ഒരേയൊരു കന്യകയെ തൻെറ ആത്മാവിൻെറ ചൈതന്യത്താൽ ശുദ്ധീകരിച്ചു, അവളെ സ്വന്തം അമ്മയാക്കി; അതുവഴി ദൈവത്താൽ

www.malankaralibrary.com



അയയ്ക്കപ്പെട്ട ഒരു രണ്ടാം ആദത്തെ അവനിൽ ലോകം കാണണം; സർപ്പത്തിൻെറ പാദത്തിൽ വീണുപോയ ആദ്യത്തെ ആദത്തിന് ഒരു കൈ നീട്ടിക്കൊടുത്തുകൊണ്ട് അവനെ ഉയർപ്പിക്കുന്നതിനും, ഈ ലോകത്തിൻെറ രാജകുമാരനെ വിധിക്കുന്നതിനു വിളിക്കുമ്പോഠം, തന്നിൽ പാപം ഒന്നും കാണാതിരിക്കുന്നതിനും (അതു മരണത്തിലേക്കുള്ള വാതിൽ തുറക്കും) മനുഷ്യനായി ദൈവം മനുഷ്യപുത്രിയിൽനിന്നും പ്രത്യക്ഷപ്പെടുമ്പോഠം, ആദ്യത്തെ ശിക്ഷാവിധിക്കു അടിപ്പെടാതിരിക്കുന്നതിനും വേണ്ടിയാണത്. ഇതിനായി, അവിടുന്ന് പരിശുദ്ധാത്മാവിൻെറ സഹായത്തോടെ, സന്തോഷവതിയും കീർത്തിപ്പെട്ടതും അനുഗൃഹീതയും നിർമ്മലയുമായ ഈ കന്യകയെ ശുദ്ധീകരിച്ച്, അവളെ, സർപ്പവുമായി സംഭാഷണത്തിലേർപ്പെടുന്നതിനുമുമ്പ് ഹവ്വാ എത്രമാത്രം നിർമ്മലയും നിഷ്കളങ്കയും അനുഗൃഹീതയുമായിരുന്നോ, അതുപോലെയാക്കി. മരണകരമായ മരത്തിൻെറ ഫലം രുചിയ്ക്കുന്നതിനുമുമ്പ് ആദ്യത്തെ അമ്മയ്ക്കുണ്ടായിരുന്ന ആദ്യസൗന്ദര്യം അവഠക്കു തിരികെ കൊടുത്തു. സർപ്പത്തിൻെറ ഉപദേശവും അവൻെറ വിദ്വേഷകരമായ സംഭാഷണവും കേഠക്കുന്നതിനുമുമ്പ് ഹവ്വാ എപ്രകാരമായിരുന്നോ അതുപോലെ പരിശുദ്ധാത്മാവ് അവളുടെ മേൽ ഇറങ്ങി അവളെ രൂപപ്പെടുത്തി. പാപത്തിനുമുമ്പ് ആദാമും ഹവ്വായും ഏതു തട്ടിൽ നിന്നിരുന്നുവോ അവിടെ അവിടുന്ന് അവളെ നിർത്തി, അതിനുശേഷം അവളിൽ പാർത്തു. പരിശുദ്ധാത്മാവുവഴി, ആദാം പൂർവ്വീകമായി അനുഭവിച്ച ദൈവികപുത്രത്വം മറിയാമിനു നൽകി, കാരണം, അവളിൽ വസിക്കുന്നതിനാഗ്രഹിച്ചു. "ഇതുമുതൽ സകല വംശങ്ങളും എന്നെ ഭാഗ്യവതിയെന്നു കീർത്തിക്കും," പുത്രനെക്കുറിച്ചു ചിന്തിക്കുന്ന മറിയത്തിൻെറ ആത്മാവ് പ്രചോദിതയായി പറഞ്ഞു. എത്രമാത്രം ഉന്നതമായ സ്ഥാനത്തേക്കാണ് അവഠ ഉയർത്തപ്പെട്ടതെന്നു നോക്കുക, അത്ഭുതത്തോടുകൂടി അവളെ ലോകം എത്രമാത്രം മഹത്വപ്പെടുത്തുന്നുവെന്നു നോക്കുക! ലോകത്തിലെ എല്ലാ ജനതകളും തൻെറ കന്യാത്വത്തെ അനുഗൃഹീതമെന്നു ഘോഷിക്കുമെന്ന് അവഠ അപ്പോഠമുതൽ ഭാവിയിലേക്ക് എത്തിനോക്കിക്കണ്ടു. തൻെറ

www.malankaralibrary.com



പുത്രൻ എല്ലാ ജനതകളേയും ഭരിക്കുമെന്നു് പരിശുദ്ധാത്മാവിന്റെ സഹായത്താൽ അറിഞ്ഞു; ഇക്കാരണത്താൽ എല്ലാ നാവുകളിൽനിന്നും അനുയോജ്യമായ കീർത്തിയും ആദരവും അവരം അഭ്യർത്ഥിച്ചു.

ഇതിനാൽ നാമും ഭാഗ്യവതിയായ ഈ സ്ത്രീരത്നത്തെ സ്തുതിക്കുന്നു, അവളുടെ ഭാഗ്യത്തെ കീർത്തിക്കുക ഭൂമിയിലുള്ള എല്ലാ നാവുകരംക്കും അതീതമായ ഒന്നാണു്, തന്നിൽതന്നെ പരിശുദ്ധാത്മാവിനെ അടച്ചതുകൊണ്ടു് അവരം അനുഗൃഹീതയായി; അവിടുന്നു അവളെ ശുദ്ധീകരിച്ചു, വെടിപ്പാക്കി, അവളെ ഒരു വിശുദ്ധ ആലയമാക്കി, അതിനുള്ളിൽ അത്യുന്നതനായ ദൈവം വസിക്കുന്നതിനു ഒരുങ്ങി. കന്യാത്വത്തിന്റെ അത്ഭുതകരമായ തിളക്കം അവരം കാത്തുസൂക്ഷിച്ചതുകൊണ്ടു് അവരം ഭാഗ്യവതിയാണു്, അവളുടെ നാമം എല്ലാക്കാലങ്ങളിലും തിളക്കമാർന്നിരിക്കും. ആദാമിന്റെ വംശത്തെ നവീകരിക്കുകയും പിതൃഭവനത്തിൽനിന്നും തള്ളപ്പെട്ട, വീണുപോയവരെ ഉയർത്തുകയും ചെയ്തതുകൊണ്ടു് അവരം ഭാഗ്യവതിയാകുന്നു. ഭർതൃസംയോഗത്തിൽനിന്നും ഉയർത്തപ്പെട്ടതുമൂലം, മററെല്ലാ അമ്മമാരേയുംപോലെ, ലജ്ജിക്കാതെ, മകനെക്കുറിച്ചു ചിന്തിക്കുന്നതിനു സാധിച്ചതുകൊണ്ടു് അവരം ഭാഗ്യവതിയാണു്. അവരം ഭാഗ്യവതിയാണു്, കാരണം അവളുടെ ശരീരത്തെ ഒരിക്കലും ദുരാശകരം മലിനപ്പെടുത്തിയിട്ടില്ല, പ്രത്യുത, അവളുടെ കന്യാത്വത്തിന്റെ ഫലമായി അവരം വിശുദ്ധീകരിക്കപ്പെട്ടു.

അവളുടെ ഇടുങ്ങിയതും ഫലദായകവുമല്ലാത്ത ഗർഭപാത്രത്തിൽ അളവിനതീതമായവൻ പാർത്തു; അവരംക്കു് സ്വന്തമായി നിലനിർത്താൻ പാടില്ലാത്തവിധത്തിൽ സ്വർഗ്ഗത്താൽ നിറയപ്പെട്ടു, അതിനാൽ അവരം ഭാഗ്യവതിയാണു്. ആദാമിനു ആരംഭം നൽകിയവനായ ഏററവും പുരാതനനു് അവരം ജന്മംനൽകി, പഴമകൊണ്ടു് ക്ഷീണിതരായ സൃഷ്ടവസ്തുക്കളെ അവരം നവീകരിച്ചു ഉന്മേഷപ്പെടുത്തി, അവരം അനുഗൃഹീതയാണു്. ആഴിയിലെ അലകരം ആരുടെ ആംഗ്യത്താൽ ഇളകി മറിയുന്നുവോ, അവനു് അവരം പാൽ നൽകി

www.malankaralibrary.com



യതിനാൽ അവൾ ഭാഗ്യവതിയാണ്. തന്റെ നിഗൂഢമായ ശക്തിയാൽ ലോകത്തെ മുഴുവൻ താങ്ങിനിറുത്തുന്ന നിത്യനായ വീരനായകനെ സ്വന്തം മകനായി വഹിക്കുകയും ആശ്ലേഷിക്കുകയും ആലിംഗനം ചെയ്യുകയും ചെയ്തതിനാൽ അവൾ ഭാഗ്യവതിയാണ്. ബന്ധിതരായവർക്ക് അവളിൽകൂടി മോചകൻ ഉദയംചെയ്തതുകൊണ്ട് അവൾ അനുഗൃഹീതയാണ്. അവിടുന്നു സ്വശക്തിയാൽ ചങ്ങലകളെ പൊട്ടിച്ചു, ഭൂമിയിൽ സമാധാനം കൈവരുത്തി. ആരുടെ പ്രഭാപ്രസരത്തിൽ ശ്രേസാപ്പേമാലാഖമാർ സ്വരക്ഷയ്ക്കു പ്രതിരോധം സൃഷ്ടിക്കണമൊ, അവിടുത്തെ വായിൽ സ്വന്തം അധരങ്ങൾകൊണ്ട് ഉമ്മവയ്ക്കുവാൻ അവൾക്കു കഴിഞ്ഞതിനാൽ അവൾ ഭാഗ്യവതിയാണ്. വലിയ മാതൃസ്തനങ്ങളിൽ നിന്നെന്നപ്പോലെ ആരിൽനിന്നും സമസ്തലോകവും ജീവന്റെ നീർ പാനം ചെയ്യുന്നുവോ, അവനെ പരിശുദ്ധമായ പാൽകൊണ്ട് പോഷിപ്പിച്ചതിനാൽ അവൾ ഭാഗ്യവതിയാണ്. എല്ലാ വിശുദ്ധന്മാരും തങ്ങളുടെ വിശുദ്ധികാരണം ആരുടെ പുത്രന് നന്ദിപറയുന്നുവോ, അവൾ ഭാഗ്യവതിയാണ്. നമ്മിൽകൂടി തന്റെ നൈർമ്മല്യത്തെ പ്രസരിപ്പിക്കുവാൻ താല്പര്യപ്പെട്ടവന് സ്തുതിയുണ്ടായിരിക്കട്ടെ

### *മാതാവിന്റെ സ്വർഗ്ഗാരോപണം*

വിശുദ്ധ ജോൺ ദാമസേനോ

## സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ദൈവമാതാവ് ലോകത്തിനനുഗ്രഹം

ജീവന്റെ പ്രഭവസ്ഥാനം മരണത്തിലൂടെ ജീവനിലേക്ക് എടുക്കപ്പെട്ടിരിക്കുന്നു. അമ്മയാകുന്ന നിമിഷത്തിൽ ആർ പ്രകൃതിയുടെ നിയമത്തെ മറികടന്നുവോ, അവൾ അതിന് സ്വയം അർപ്പിക്കുന്നു, തന്റെ അമലമായ ശരീരത്തെ മരണത്തിനേല്പിച്ചുകൊണ്ട് ഒരിക്കൽ ഈ നശ്വരമായ വസ്ത്രത്തെ (ശരീരത്തെ) നീക്കികളഞ്ഞാൽ, നാമെല്ലാവരും അനശ്വരമായ വസ്ത്രം ധരിക്കും (I Cor. 15/53). ചുരുക്ക

www.malankaralibrary.com


ത്തിൽ, ഒരുവൻെറ നാശത്തെ പുനർജീവൻെറ ഉറവയായി തീർക്കുക. പ്രപഞ്ചസ്രഷ്ടാവ്, മനുഷ്യാവതാരംചെയ്ത ദൈവം ആരുടെ ആത്മാവിൽ പാർത്തുവോ, ആ ആത്മാവിനെ സ്വകരങ്ങളിൽ സ്വീകരിക്കുന്നു. മനുഷ്യരോടുള്ള തൻെറ അനന്തമായ സ്നേഹത്തിലും, രക്ഷാകരപദ്ധതിക്കനുസരണമായും മനുഷ്യശരീരം സ്വീകരിച്ച്, ഒരുമിച്ചു മനുഷ്യരുമായി സഹവസിക്കുകയും അവരം സൃഷ്ടിയായിരുന്നിട്ടും അവളെ തൻെറ അമ്മയായി സ്വീകരിക്കുകയുംചെയ്ത് അവരക്ക് അർഹമായ ആദരവ് നൽകി.

സ്വാഭാവികമായി ചിന്തിക്കാവുന്നതുപോലെ, നീ മനുഷ്യരിൽ നിന്നും പിരിയുന്ന അവസരവും കാത്ത്, മാലാഖമാരുടെ ഗണങ്ങരം നോക്കിനില്ക്കുകയായിരുന്നു. എത്ര അത്ഭുതകരമായ മരണം, പ്രസ്തുത നിമിഷം മുതൽ ദൈവത്തിലേക്കുള്ള നിൻെറ വഴി അവൻ നിരപ്പാക്കുകയായിരുന്നു! ദൈവേഷ്ടത്താൽ, നിന്നോടു വിശ്വസ്തരായിട്ടുള്ള എല്ലാ മനുഷ്യരുടേയും നന്മയ്ക്കായി അപ്രകാരം സംഭവിച്ചെങ്കിൽതന്നെ അത് ആ വിധത്തിൽതന്നെ നടന്നെന്നു ഞങ്ങരം വിശ്വസിക്കുന്നു, ദൈവത്തിൻെറ ദാസന്മാരും അവിടത്തെ അമ്മയും തമ്മിലുള്ള അന്തരം അനന്തമാണ്.

നീ ഉരംപ്പെടുന്ന നിഗൂഢമായ ദൈവിക രഹസ്യത്തെ ഞങ്ങരം എങ്ങനെ വിളിക്കണം? ഒരു പക്ഷേ "മരണ"മെന്ന പേരാണോ അതിന് നൽകേണ്ടത്?

പ്രകൃതിനിയമം അനുസരിച്ചു, നിൻെറ പ്രത്യേക പദവിയുള്ളതും നിർമ്മലവുമായ ശരീരത്തിൽനിന്ന് അനുഗൃഹീതവും വിശുദ്ധവുമായ ആത്മാവ് വേർപിരിയുകയും പ്രസ്തുത ശരീരം നിയമാനുസൃതമായ സംസ്കാരത്തിനു നൽകപ്പെടുകയും ചെയ്തുവെങ്കിലും, അതുമരണത്തിൽ നിലനില്ക്കുന്നില്ല, ദുഷിച്ച് അഴുകിപ്പോകുന്നുമില്ല. കന്യാത്വത്തെ കാത്തുസൂക്ഷിച്ച വ്യക്തിയുടെ ശരീരം, ജനിച്ചതാണെങ്കിലും, മരണമുണ്ടായിട്ടും, അഴുകാതെ കാക്കപ്പെട്ടു, അല്ല, മരണത്തിനതീതവും എന്നെന്നേക്കും നിലനില്ക്കുന്നതുമായ, കൂടുതൽ മഹത്വപൂർണ്ണവും ദൈവികവുമായ സക്രാരിയായി രൂപാന്തരപ്പെടുത്തുന്നതിനുവേണ്ടിയാണ്

www.malankaralibrary.com


അത്. വേറൊരുവിധത്തിൽ, സൂര്യൻ, ഏററവും തിളങ്ങുന്നതും ഇടതടവില്ലാതെപ്രകാശം ഉള്ളതുമാണെങ്കിലും, ചന്ദ്രൻ അതിനെ മറയ്ക്കുന്നു, അപ്രത്യക്ഷമാകുന്നതായി കാണുന്നു, കറുത്തും ഇരുട്ടുകൊണ്ട് സ്വന്തം തിളക്കം മാററുന്നതായിട്ടും കാണപ്പെടുന്നു, പക്ഷേ, യഥാർത്ഥത്തിൽ അപ്രകാരം സംഭവിക്കുന്നില്ല, പ്രകാശത്തിൻെറ പ്രഭവമായി ഇടതടവില്ലാതെ വിരാജിക്കുന്നുവെന്നു മാത്രമല്ല, തിളക്കത്തിൻെറ ഒരിക്കലും കുറയാത്ത ഉത്ഭവസ്ഥാനമായി കാണപ്പെടുകയും ചെയ്യുന്നു, കാരണം അതിൻെറ സ്രഷ്ടാവ് അപ്രകാരം അതിനെ സൃഷ്ടിച്ചു; വ്യത്യസ്തമല്ലാതെ, തീർച്ചയായും സത്യപ്രകാശത്തിൻെറ ഒരു നിത്യപ്രഭവസ്ഥാനമാണ് നീ; ജീവൻെറ ഒരിക്കലും തീർന്നുപോകാത്ത കലവറയും അനുഗ്രഹങ്ങളുടെ ഫലദായകമായ സ്രോതസും ഞങ്ങളുടെ സുസ്ഥിതിയുടെ ആദികാരണവും ഉത്ഭവവും നീ തന്നെ. മരണം താല്ക്കാലികമായി നിൻെറ ശരീരത്തെ കുറച്ചുവെങ്കിലും, നിന്നിൽനിന്നും തിളക്കമാർന്ന പ്രകാശധാരയുടെ പ്രസന്നവും വററാത്തതുമായ ഉറവകരം നിർഗ്ഗളിക്കുന്നു. അതുപോലെ അനശ്വര ജീവൻേറയും നിർവ്യാജമായ ആനന്ദത്തിൻേറയും ഉറവകളും, കൃപാ നദികളും, സ്വസ്ഥമാക്കുന്ന നീർച്ചാലുകളും പൊട്ടിപ്പുറപ്പെടുന്നു, എല്ലാം അന്ത്യമില്ലാത്ത അനുഗ്രഹങ്ങരം. കാട്ടുപ്രദേശത്തെ തരുക്കളുടെയിടയിൽ ആപ്പിരംമരം പോലെയാണ് നീ; വിശ്വാസികളുടെ രുചിക്കു നിൻെറ ഫലം മാധുര്യമുള്ളതാണ്. നിൻെറ വിശുദ്ധ കടന്നുപോക്കിനെ ഞങ്ങരം "മരണം" എന്നു വിളിക്കില്ല; പ്രത്യുത "മയക്കം", "യാത്ര" അല്ലെങ്കിൽ ഒന്നുകൂടി മെച്ചപ്പെട്ട് "ആഗമനം". ശരീരത്തെ ഉപേക്ഷിച്ച്, നല്ലകാര്യങ്ങളുടെ ഇടയിൽ നീ ജീവിക്കുന്നതിനു പോകുന്നു.

പ്രധാന മാലാഖമാരോടൊപ്പം മാലാഖമാർ നിന്നെ വഹിച്ചു. നീ സ്വർഗ്ഗത്തിലേക്കു പോകുന്നതുകണ്ട് അശുദ്ധാത്മാക്കരം ഭയപ്പെട്ടു. നിൻെറ കടന്നുപോക്കിലൂടെ വായു അനുഗൃഹീതമായി; അന്തരീക്ഷം പ്രതിഷ്ഠിക്കപ്പെട്ടു. സന്തോഷത്തോടെ സ്വർഗ്ഗം നിൻെറ ആത്മാവിനെ സ്വീകരി

www.malankaralibrary.com



ക്കുന്നു. സ്വർഗ്ഗശക്തികൾ നിന്നെ സ്തുതിഗീതങ്ങളോടെയും ആഘോഷമായ പരിപാടികളോടെയും എതിരേല്ക്കുന്ന അക്കൂട്ടത്തിൽ അവർ പാടി ചോദിക്കുന്നു, ചന്ദ്രനെപ്പോലെ മനോഹരിയും സൂര്യനെപ്പോലെ തെരഞ്ഞെടുക്കപ്പെട്ടവളുമായി പ്രഭാതംപോലെ ആരാണ് വരുന്നത്? എത്ര മനോഹരിയും മാധുര്യമുള്ളവളാണ് നീ! വയലിലെ പൂപോലെ, മുള്ളുകളുടെ ഇടയിലെ ലില്ലിപ്പൂപോലെ; ഇതിനാൽ പൈതങ്ങൾ നിന്നെ സ്നേഹിക്കുന്നു. നിൻെറ സൗരഭ്യം ഞങ്ങൾ കണ്ടറിയുന്നു. സ്വർഗ്ഗീയ ശക്തികൾ നിനക്ക് കാവലിരിക്കുമ്പോൾ, രാജാവ് തൻെറ അകത്തളത്തിലേക്കു നിന്നെ പ്രവേശിപ്പിച്ചിരിക്കുന്നു, സേനാവ്യൂഹങ്ങൾ നിന്നെ വാഴ്ത്തുന്നു, സിംഹാസനങ്ങൾ നിനക്ക് പെരുനാൾ ഒരുക്കുന്നു, ക്രോബേന്മാർ അത്ഭുതത്തിലും സന്തോഷത്തിലും നിർന്നിമേഷരായി നിലകൊള്ളുന്നു; ദൈവത്തിൻെറ അമ്മയായ നിൻെറ കീർത്തനങ്ങൾ സ്രോപ്പേന്മാർ പാടുന്നു. ഏലിയായെപ്പോലെയല്ല നീ സ്വർഗ്ഗത്തിലേക്കു പോയത്, മൂന്നാം സ്വർഗ്ഗത്തിലേക്കു ഉയർത്തപ്പെട്ട പൗലോസിനെപ്പോലെയല്ല നീ എടുക്കപ്പെട്ടത്. നിൻെറ പുത്രൻെറ രാജകീയ സിംഹാസനത്തെ നീ സമീപിച്ചത് നിൻെറ മൃദുലമായ കണ്ണുകളോടെ സന്തോഷപൂർവ്വം അവനെ നോക്കിക്കൊണ്ടാണ്. അസാധാരണ കുലീനതയുടേയും ഔന്നത്യത്തിൻേറയും ഉടമയാണ് നീ; മാലാഖമാർക്കും സ്വർഗ്ഗീയശക്തികൾക്കും അവാച്യമായ ആനന്ദത്തിനു കാരണമാണ് നീ; പിതാക്കന്മാർക്കു അനന്തമായ സന്തോഷം, നീതിമാന്മാർക്ക് അവർണ്ണനീയ ആനന്ദം, ദീർഘദർശിമാർക്ക് ശാശ്വതമായ ഉല്ലാസം, ലോകത്തിനു അനുഗ്രഹം ഇവയെല്ലാമാണ് നീ. നീ എല്ലാററിനേയും വെടിപ്പാക്കുന്നു. ക്ഷീണിതർക്ക് വിശ്രമം, കരയുന്നവർക്കു ആശ്വാസം, രോഗികൾക്ക് ശാന്തി, കൊടുങ്കാററടിച്ച് ചതഞ്ഞവരായിവരുന്ന എല്ലാവർക്കും തുറമുഖം, പാപികൾക്ക് പൊറുതി, ദുഃഖിതരുടെ ആശ്വാസം, ആവശ്യം അനുഭവപ്പെടുന്ന എല്ലാവർക്കും തക്കസഹായം, ഇതെല്ലാമാണ് നീ.

നിൻെറ ആത്മാവ് പാതാളത്തിലേക്കിറങ്ങിയില്ല, നിൻെറ മാംസം അഴുകിയിട്ടുമില്ല. അമലവും എല്ലാ മാലിന്യത്തിൽനിന്നും സുരക്ഷിതവുമായ നിൻെറ ശരീരം ഭൂമിയിൽ

www.malankaralibrary.com



ഉപേക്ഷിക്കപ്പെട്ടില്ല, പ്രത്യുത, നീ, അല്ലയോ രാജ്ഞീ, നാഥേ, അഭ്യുദയകാംക്ഷീ, ദൈവത്തിന്റെ സത്യമാതാവേ, സ്വർഗ്ഗീയവും രാജകീയവുമായ വാസസ്ഥലത്തേക്കു എടുക്കപ്പെട്ടു. സ്വർഗ്ഗം അവളെ തന്നിലേക്കുതന്നെ സ്വീകരിച്ചു, യഥാർത്ഥത്തിൽ അവളുടെ വലിമ സ്വർഗ്ഗങ്ങളുടേതിനും ഉപരിതന്നെ.

### സമർപ്പണപ്രാർത്ഥന

വിശുദ്ധ ജോൺ ഡാമസേനോ

ഓ നാഥേ, കന്യകയേ, ദൈവത്തിൻ മാതാവേ, നിന്റെ പക്കലേക്കു ഇന്നു ഞങ്ങൾ തിരിയുന്നു. ഉറച്ചതും സുരക്ഷിതവുമായ നങ്കൂരമെന്നപോലെ നിന്റെ ശരണത്തിൽ ഞങ്ങൾ ഞങ്ങളെത്തന്നെ ബന്ധിക്കുന്നു. ഞങ്ങളുടെ മനസ്, ആത്മാവ്, ശരീരം, അല്ല, ഞങ്ങളെത്തന്നെ മുഴുവനായി നിനക്ക് ഞങ്ങൾ അർപ്പിക്കുന്നു. സങ്കീർത്തനങ്ങളോടും സ്തുതിഗീതങ്ങളോടും ആത്മീയകീർത്തനങ്ങളോടുംകൂടെ, ഞങ്ങളുടെ കഴിവിനൊത്ത്, നിന്നെ ഞങ്ങൾ ആദരിക്കുന്നു. ഈ കടമ കൂടുതൽ സൗകര്യപ്രദമായ വിധത്തിൽ നിർവ്വഹിക്കുന്നതിനു ഞങ്ങൾക്കു നിവർത്തിയില്ല. വിശുദ്ധ വിശ്വാസപ്രമാണങ്ങൾ ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളതുപോലെ, ദാസരോടു കാണിക്കുന്ന ആദരവ് നാഥനോടുള്ള സ്നേഹത്തിന്റെ പ്രകടനമാണെങ്കിൽ, നാഥനെ പ്രസവിച്ച നിന്നോട് ആർ ആദരവ് കാണിക്കാതിരിക്കും? ആർ ഉത്സാഹഭരിതനായി ശ്രമിക്കാതിരിക്കും!

അല്ലയോ നാഥേ, നല്ലവനായ കർത്താവിന്റെ അമ്മേ, ഞങ്ങളെ നീ സഹായിക്കുക; നിനക്കു ഇഷ്ടമുള്ള സ്ഥലത്തേക്കു ഞങ്ങളുടെ വിധിയെഴുത്തിനെ തിരിച്ചുവിടുക. ഞങ്ങളുടെ അധമവികാരങ്ങളുടെ ബലാൽക്കാരത്തെ തടയുക; കൊടുങ്കാററു ശമിക്കുമ്പോൾ അവിടെനിന്നും ദൈവേഷ്ടമാകുന്ന സമാധാന തുറമുഖത്തേക്കു ഞങ്ങളെ നയിക്കുക, ഞങ്ങൾ നിത്യാനന്ദത്തിന് അർഹരാണെന്നു കരുതുക, നിന്നിൽ

www.malankaralibrary.com



നിന്നും ശരീരമെടുത്ത വചനമായ ദൈവത്തിന്റെ ദർശനം പ്രാപ്യമാക്കുക! ശാന്തമായ പ്രകാശമാണ് പ്രസ്തുത നിത്യസന്തോഷം. അവന് പിതാവിനോടും ഏററം പരിശുദ്ധനും നല്ലവനും ജീവിപ്പിക്കുന്നവനുമായ ആത്മാവോടും കൂടെ സ്തോത്രവും മഹത്വവും രാജ്യവും വലിമയും ഇപ്പോഴും എപ്പോഴും എന്നെന്നേക്കും ഉണ്ടായിരിക്കട്ടെ.

## മാതാവിനോടുള്ള പ്രാർത്ഥന

വിശുദ്ധ ജോൺ ഡാമസേനോ

ഞങ്ങളുടെ കഴിവുകൾക്കതീതമായ സന്മനസിനെ ദയവായി സ്വീകരിച്ചാലും. ഞങ്ങൾക്കു രക്ഷതന്നാലും, ആത്മാവിന്റെ തിന്മകളിൽനിന്ന് ഞങ്ങളെ വിടുവിക്കുക; ശരീരത്തിന്റെ ദോഷങ്ങളിൽനിന്നും സൗഖ്യം നൽകുക, ഞങ്ങളുടെ ശത്രുക്കളെ തോല്പിക്കുക; ശാന്തമായ ജീവിതം നയിക്കുന്നതിനു ഞങ്ങൾക്കു സഹായം തരേണമെ, ആത്മാവിന്റെ ചൈതന്യത്തെ പ്രദാനം ചെയ്യേണമെ. നിന്റെ പുത്രനോടുള്ള സ്നേഹത്തെ ഞങ്ങളിൽ കത്തിജ്വലിപ്പിക്കണമെ, ഞങ്ങളുടെ ജീവിതം അവന് പ്രിതീകരമാകുന്നതിനു ഇടവരുത്തേണമെ. അവന്റെ നിത്യാനന്ദത്തിൽ ഞങ്ങൾ പങ്കാളികളായ ശേഷം നിന്റെ പുത്രന്റെ മഹിമ നിന്നിൽ തിളങ്ങുന്നതു കണ്ടുകൊണ്ട് ശാശ്വത സന്തോഷത്തിൽ സ്തുതികീർത്തനങ്ങൾ പാടുവാൻ ഇടയാക്കേണമെ. നീ മുഖാന്തിരം ഞങ്ങളുടെ രക്ഷ ഒരുക്കിയ ക്രിസ്തുവിന്റെ ബഹുമാനാർത്ഥം ആത്മാവിന്റെ മഹത്വത്തെ കീർത്തിക്കുന്നവരോടുകൂടെ ഞങ്ങളും സ്തുതിഗാനങ്ങൾ ആലപിക്കട്ടെ. ദൈവപുത്രനും ഞങ്ങളുടെ ദൈവവുമായ ക്രിസ്തുവിന് പിതാവിനോടും ഏററം പരിശുദ്ധനും ജീവിപ്പിക്കുന്നവനുമായ ആത്മാവിനോടുംകൂടെ മഹത്വവും ശക്തിയും ഇപ്പോഴും എപ്പോഴും എന്നെന്നേക്കുമുണ്ടായിരിക്കട്ടെ.

www.malankaralibrary.com



## മറിയം—യഥാർത്ഥത്തിൽ ദൈവത്തിൻെറ അമ്മ

ദൈവത്തിൻെറ പദ്ധതിപ്രകാരം ദാവീദിൻെറ വംശത്തിൽ നിന്നുള്ള മറിയം നമ്മുടെ ദൈവമായ യേശുക്രിസ്തുവിനെ തൻെറ ഉദരത്തിൽ വഹിച്ചു; അവൻ പരിശുദ്ധാത്മാവിൻെറ ശക്തിയാലാണ് ഗർഭം ധരിക്കപ്പെട്ടത്, അവൻ ജനിക്കയും മാമ്മോദീസാ സ്വീകരിക്കുകയും ചെയ്തു, തൻെറ പീഡാനുഭവംവഴി വെള്ളത്തെ ശുദ്ധീകരിക്കുന്നതിനുവേണ്ടി. അന്ത്യോക്യായിലെ വി. ഇഗ്നാത്തിയോസ് [AD. 107]. (R. 42)*

കന്യകയായ മറിയത്തിൽ നിന്നും ജനിക്കുന്ന വചനം ആദാമിനെ തന്നിൽതന്നെ പുനർനിർണ്ണയം ചെയ്തുകൊണ്ട് പുനർചിന്തനം ചെയ്യപ്പെടുന്ന ആദാമിൻെറ ജനനത്തെ സ്വീകരിക്കുകയായിരുന്നു. വിശുദ്ധ ഇറെനേവൂസ് [AD 140-202]. (R. 223)

മറിയത്തിൻെറ ഉദരത്തിൽ, നിത്യനായ പിതാവിനോട് സമനായവൻ, ഒരു ചെറുപൈതലായി. അവൻെറ വലിമ അവൻ നമ്മുക്കു നൽകി, നമ്മുടെ ബലഹീനതയെ സ്വീകരിച്ചു; നമ്മോടുകൂടെ അവൻ മരണമുള്ളവനായി, നമ്മിൽ ജീവൻ ചൊരിഞ്ഞശേഷം, നാം ഒരിക്കലും മരിക്കാതിരിക്കുന്നതിനുവേണ്ടി....... കന്യാത്വം പാലിച്ചുകൊണ്ടും കന്യാവ്രതമുദ്രകൾ കാത്തുകൊണ്ടും ഈ കന്യക അമ്മയായി, ഗർഭസ്ഥ ശിശുവിനെ ഉദരത്തിൽ വഹിക്കുന്നു, കന്യാമുദ്ര അഭംഗം കാത്തിരിക്കുന്നു, ദൈവത്തിൻെറ അമ്മയും അവൻെറ ദാസിയും ജ്ഞാനത്തിൻെറ കൈവേലയും ആയിത്തീർന്നു ......... പൈതലിൻെറ പ്രവേശം അനുഭൂതികൊണ്ടുമാത്രം അറിയത്തക്കവിധംമാത്രം മറിയം ഗർഭംധരിക്കുകയുണ്ടായി. ഉദരത്തിൽ അഗ്നിയും ആത്മാവും ഉണ്ടായിരുന്നിടത്തോളം അവൻ, പൂർണ്ണദൈവമായിരുന്നുകൊണ്ടുതന്നെ, അമ്മയുടെ ഉദരത്തിൽ മനുഷ്യനായിതീർന്നു. വിശുദ്ധ അപ്രേം. (R. 711)

---

* താഴെകൊടുത്തിട്ടുള്ള ഉദ്ധരണികൾ (R) Rouet Journal എന്ന സംശോധകഗ്രന്ഥത്തിൽനിന്നാണ്.

www.malankaralibrary.com



മനുഷ്യപുത്രന്മാർ, അതായത് ആദാമിൻെറ പുത്രന്മാർ, ദൈവത്തിൻെറ പുത്രന്മാരായിത്തീരുന്നതിനു വേണ്ടിയാണ് ദൈവപുത്രൻ മനുഷ്യപുത്രനായിത്തീർന്നത്. പിതാവിൽ നിന്ന് നിത്യതയിൽ, അവാച്യമായ, അവർണ്ണനീയമായ, അഗ്രാഹ്യമായ വിധത്തിൽ ജനിച്ച അതേ വചനം, കാലപരിധിയിൽ കന്യകയായ ദൈവമാതാവായ മറിയാമിൽനിന്ന് ജനിച്ചു, ഇവിടെ താഴെ (ഭൂമിയിൽ) ജനിച്ചവർ, ഉയരങ്ങളിൽ വീണ്ടും ജനിക്കുന്നതിനുവേണ്ടി. അവിടുത്തേക്ക് ഭൂമിയിൽ അമ്മമാത്രമേയുള്ളൂ, നമ്മുക്ക് സ്വർഗ്ഗത്തിൽ പിതാവും മാത്രം. വിശുദ്ധ അത്തനേഷ്യസ് [AD 295-373]. (R. 788)

പരിശുദ്ധ മറിയം ദൈവത്തിൻെറ അമ്മയല്ലായെന്ന് ആരെങ്കിലും വിശ്വസിക്കുകയാണെങ്കിൽ, അയാരം ദൈവികകൂട്ടായ്മയ്ക്ക് പുറത്താണ്. കന്യകയിൽനിന്നും ക്രിസ്തു ഒരു മാർഗ്ഗത്തിലൂടെയെന്ന വിധത്തിൽ മാത്രമാണ് വന്നിട്ടുള്ളതെന്നും, അല്ലാതെ, ദൈവികമായും മാനുഷികമായുമുള്ള വിധത്തിലല്ലാ [അതായത്, ദൈവികമായി ഭർത്തൃസംയോഗമില്ലാതെ, മാനുഷികമായി, സാധാരണ സ്വാഭാവിക നിയമങ്ങരംക്കനുസരണമായി ഗർഭംധരിക്കപ്പെട്ട്] യെന്നു പറഞ്ഞാൽ അവൻ ഒരു നിരീശ്വരവാദിയാണ്. ആദ്യമെ മനുഷ്യൻ രൂപംകൊണ്ടു, അതിനുശേഷം ദൈവം പ്രവേശിച്ചുവെന്നു ആരെങ്കിലും പറഞ്ഞാൽ, അവൻ തള്ളപ്പെടണം. ദൈവത്തിൻെറ ജനനമല്ലായത്, ജനനത്തിൽനിന്നുള്ള പിന്തിരിയലാണത്. വിശുദ്ധ ഗ്രിഗറി നസിയാൻസെൻ [AD 329-389]. (R. 1017)

സ്വർഗ്ഗത്തിൽനിന്നിറങ്ങി, കന്യകയുടെ ഉദരത്തിൽ നമ്മുടെ രക്ഷയെ നിർവ്വഹിക്കുവാൻ സന്മനസ് തോന്നിയ നമ്മുടെ വിശുദ്ധ പരിപാലകൻ ഇവനാണ്.... മനുഷ്യപ്രകൃതി സ്വീകരിച്ചെങ്കിലും സ്വഭാവത്തിൽ അവിടുത്തേക്കു മാററമുണ്ടായില്ലാ.... ശരീരവും മനുഷ്യാത്മാവും സ്വീകരിക്കുകയും, പിതാവിനോടു സമനാണെങ്കിലും (ബാഹ്യമായ രൂപത്തിൽ മാത്രമല്ല), സത്യത്തിൽ മനുഷ്യാവതാരം ചെയ്യുക

www.malankaralibrary.com



യും പരിശുദ്ധാത്മാവിനാൽ ദൈവമാതാവായ മറിയാമിൽ നിന്ന് പൂർണ്ണ മനുഷ്യനായിത്തീരുകയും ചെയ്തു. വിശുദ്ധ എപ്പിഫാനിയൂസ് [AD 315-403]. (R.108 d)

അവർ ചോദിക്കുന്നു : മറിയം മനുഷ്യൻെറ അമ്മയോ ദൈവത്തിൻെറ അമ്മയോ? നമ്മളം പറയുന്നു: രണ്ടും. ആദ്യത്തേത് പ്രകൃതിയനുസരിച്ച്, രണ്ടാമത്തേത് ബന്ധമനുസരിച്ച്; പ്രകൃതിയ്ക്കനുസരണമായി മനുഷ്യൻെറ അമ്മ, കാരണം മറിയത്തിൻെറ ഉദരത്തിലുണ്ടായിരുന്നതും പുറത്തേക്കുവന്നതും മനുഷ്യനാണ്: ദൈവത്തിൻെറ അമ്മ, കാരണം, മറിയം പ്രസവിച്ച മനുഷ്യനിൽ ദൈവമുണ്ടായിരുന്നു, പ്രകൃതിയ്ക്കനുസരിച്ച് അവനിൽ അടയ്ക്കപ്പെട്ടതല്ല, മനസ്സിൻെറ ബന്ധത്തിൽ അവനിൽ കുടികൊണ്ടിരുന്നു. തെയൊഡോറസ് മൊപ്സുവെസ്തേനുസ് [+ 428]. (R. 113 d)*

## *ഗർഭധാരണത്തിൽ അവൾ കന്യകയായിരുന്നു*

ക്രിസ്ത്യാനികളം അവരുടെ ആരംഭം നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്നാണ് സ്വീകരിക്കുന്നത്. അവിടുന്ന് അത്യുന്നതനായ ദൈവത്തിൻെറ പുത്രനാണെന്നു വിശ്വസിക്കപ്പെടുന്നു, മനുഷ്യരെ രക്ഷിക്കുന്നതിനുവേണ്ടി താഴേക്കിറങ്ങി ബീജം കൂടാതെയും നാശം കൂടാതെയും പരിശുദ്ധ കന്യകയിൽ നിന്നും ജനിച്ചു, ശരീരം സ്വീകരിച്ചു മനുഷ്യനായി മനുഷ്യർക്കു പ്രത്യക്ഷപ്പെട്ടു, അവരെ ബഹുദൈവാരാധനയുടെ അബദ്ധത്തിൽനിന്നും തിരികെ വിളിക്കുന്നതിനുവേണ്ടി. അരിസ്റ്റിഡസ് [− +140]. (R. 112)

ലോകത്തിൻെറ അതിർത്തികളം വരെ വ്യാപിച്ചുകിടക്കുന്ന സഭ, അപ്പസ്തോലന്മാരിൽനിന്നും ശിഷ്യന്മാരിൽനിന്നും അവരുടെ വിശ്വാസം സ്വീകരിച്ചുമിരിക്കുന്നു, അതായത് സ്വർഗ്ഗത്തേയും ഭൂമിയേയും ആഴിയേയും അതിലുള്ള എല്ലാററിനേയും സൃഷ്ടിച്ച ഏകദൈവത്തിലുള്ള വിശ്വാ

---

* ഈ ഖണ്ഡിക കരുതലോടെ മനസിലാക്കേണ്ടതാണ്.

www.malankaralibrary.com



സം; നമ്മുടെ രക്ഷയ്ക്കായി മാംസം സ്വീകരിച്ച ദൈവപുത്രനായ യേശുക്രിസ്തുവിലുള്ള വിശ്വാസം; ദീർഘദർശിമാർവഴി ദൈവത്തിന്റെ പദ്ധതികൾ പ്രത്യേകിച്ചു അവിടുത്തെ വരവും കന്യകയിൽനിന്നുള്ള ജനനവും, മുൻകൂട്ടി അറിയിച്ച പരിശുദ്ധാത്മാവിലുള്ള വിശ്വാസം.... (R. 191)

"കന്യകയിൽ നിന്നുമുള്ള അമ്മാനുവേലിനെ മറക്കുന്നവർക്ക് നിത്യജീവനാകുന്ന അവന്റെ സമ്മാനം നൽകപ്പെടുകയില്ല." (R.222)

എന്നിരുന്നാലും, ഒരു ഭർത്താവുണ്ടായിരുന്ന ഹവ്വാ ഒരു കന്യകയായിരുന്നു (പറുദീസായിൽ ഇരുവരും നഗ്നരായിരുന്നു, അവർക്കു ലജ്ജയില്ലായിരുന്നു, അല്പം മുമ്പ് സൃഷ്ടിക്കപ്പെട്ട അവർക്കു 'സന്താനോല്പാദനത്തെക്കുറിച്ചുള്ള ചിന്തയില്ലായിരുന്നു, അവർ ആദ്യം വളർന്നു പക്വമതികളാകണമായിരുന്നു, പിന്നീട് മാത്രമേ വർദ്ധനവിനുള്ള ചിന്തയുണ്ടാകൂ), അവൾ അനുസരണക്കേടു കാണിച്ചു, അതുവഴി അവൾക്കും മനുഷ്യവംശത്തിനും മരണകാരണമായി. അങ്ങനെതന്നെ, മറിയാമിനും വിവാഹനിശ്ചയം ചെയ്യപ്പെട്ട ഒരു ഭർത്താവുണ്ടായിരുന്ന കന്യകയായിരുന്നു, അനുസരണമുള്ളവളായി, തനിക്കും മനുഷ്യവംശത്തിനു മുഴുവനും രക്ഷയ്ക്കു കാരണമായി. (R. 224)

ഇക്കാരണത്താൽ, കന്യകയായിരുന്നിട്ടും, ഭർത്താവിനു വിവാഹം ചെയ്യപ്പെട്ടവൾ, വിവാഹം ചെയ്ത ആളിന്റെ ഭാര്യയെന്നു നിയമം പരിഗണിക്കുന്നു, അങ്ങനെ മറിയത്തിൽ നിന്നും ഹവ്വായിലേക്കുള്ള തിരിച്ചുപോക്കിനെ സൂചിപ്പിക്കുവാനായി .. വിശുദ്ധ ഇറേനേവൂസ് [AD 140-202]. (R. 224)

"ദൈവം തന്റെ പുത്രനെ അയച്ചു," അപ്പസ്തോലൻ പറയുന്നു, 'അതുവഴി സ്ത്രീയിൽനിന്നും ജനിച്ചു' (ഗലാ. 4/4;) അവൾ ഒരു കന്യകയായിരുന്നുവെന്നു വ്യക്തമാണ്. ഹെബിയോൺ അതിനെ എതിർക്കുന്നുണ്ടെങ്കിലും; ഗബ്രിയേൽമാലാഖ കന്യകയുടെ പക്കലേക്കാണ് അയയ്ക്കപ്പെട്ടതെന്ന് ഞാൻ മനസിലാക്കുന്നു; പക്ഷേ അവളെ വാഴ്ത്തു

www.malankaralibrary.com



മ്പോൾ, സ്ത്രീകളുടെ ഇടയിലേക്കാണ് അവളെ നിയോഗിക്കുന്നത്, അല്ലാതെ കന്യകകളുടെ ഇടയിലല്ല. ''നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു'' (ലൂക്കാ 1/28). സ്ത്രീയെ കന്യകയെന്നും സംബോധനചെയ്യുമെന്ന് മാലാഖയ്ക്കു അറിയാമായിരുന്നു. ഇവിടെ ദീർഘദർശനപരമായി ഭാവിയെക്കുറിച്ച് ഒന്നും സൂചിപ്പിക്കുന്നില്ല, അതായത്, വിവാഹംചെയ്യപ്പെട്ടവളെന്നർത്ഥത്തിൽ അപ്പസ്തോലൻ ഭാവിയെ സൂചിപ്പിക്കുന്നില്ല, 'സ്ത്രീയിൽനിന്നും ജനിച്ചവൻ' എന്നു പറയുമ്പോൾ പിന്നീട് ഭർത്താവുമായി സംയോഗത്തിലേർപ്പെട്ട ഒരു സ്ത്രീയെക്കുറിച്ചല്ല മാലാഖ പറയുന്നത്, അവളിൽനിന്നല്ല ക്രിസ്തു ജനിക്കാനും പോകുന്നത് പ്രത്യുത, മാലാഖയുടെ മുമ്പിൽ നില്ക്കുന്നവളെക്കുറിച്ചാണ്, അവൾ കന്യകയാണ്; അവൾ സ്ത്രീയെന്നു വിളിക്കപ്പെടുന്നത്, ആ പദത്തിന്റെ ചാരുതയ്ക്കനുസൃതമായി, കന്യകയുടേയും മുഴുവൻ സ്ത്രീവംശത്തിന്റേയും നൻമയ്ക്കായി കാക്കപ്പെട്ട ആദിമരൂപം സൂക്ഷിക്കപ്പെടുന്നതിനു വേണ്ടിയാണ്. (R. 330)

പിശാച് പിടിച്ചെടുത്ത ദൈവത്തിന്റെ സാദൃശ്യം ഒരു പ്രത്യേക പ്രവൃത്തി പദ്ധതിയിലൂടെ അവിടുന്നു വീണ്ടെടുത്തു. കന്യകയായിരുന്ന ഹവ്വായിൽ മരണകാരണമായ വചനം കയറിപ്പററി. അതുപോലെ ജീവൻ സംവഹിക്കുന്ന വചനം കന്യകയിൽ അവതരിപ്പിക്കണമായിരുന്നു. സ്ത്രീത്വംവഴി നഷ്ടപ്പെട്ടുപോകുമായിരുന്നതിനെ സ്ത്രീത്വംവഴിതന്നെ രക്ഷയിലേക്കു കൊണ്ടുവരണമായിരുന്നു. ഹവ്വാ സർപ്പത്തെ വിശ്വസിച്ചു, മറിയം ഗബ്രിയേലിനെ വിശ്വസിച്ചു. ഒരുവൾ വിശ്വസിച്ചു കുററമായിചെയ്തതിനെ മററവൾ വിശ്വസിച്ചു മായിച്ചുകളഞ്ഞു. തെർത്തുല്യൻ [AD 160-222/3]. (R. 358)

പ്രിയ സഹോദരങ്ങളെ, അപ്പസ്തോലന്മാരിൽനിന്നും നമ്മുക്കു ലഭിച്ചിട്ടുള്ള പാരമ്പര്യമനുസരിച്ചു നമ്മുക്കു വിശ്വസിക്കാം; വചനമായ ദൈവം സ്വർഗ്ഗത്തിൽനിന്നും താഴെ പരിശുദ്ധ കന്യകാമറിയത്തിലേക്കിറങ്ങി, അവളിൽനിന്നും മനുഷ്യാവതാരം ചെയ്തു. ബുദ്ധിവൈഭവം ഉൾക്കൊ

www.malankaralibrary.com



ളളുന്ന മനുഷ്യാത്മാവിനെ സ്വീകരിച്ചു, പാപമൊഴിച്ച് എല്ലാററിലും മനുഷ്യനെപ്പോലെയായി, അങ്ങനെ വീണവരെ രക്ഷിക്കുവാനും തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്ക് അമർത്യത നൽകുവാനുമായിട്ട്..... മുൻകൂട്ടി പറഞ്ഞിട്ടുള്ളതുപോലെ, ഇപ്രകാരം സന്നിഹിതനായികൊണ്ട് കന്യകയിൽനിന്നും പരിശുദ്ധാത്മാവിനാലും പുതിയ മനുഷ്യനായി സ്വയം വെളിപ്പെടുത്തി. വിശുദ്ധ ഹിപ്പൊളിററസ് (രണ്ടും മൂന്നും നൂററാണ്ടുകളുടെ ഇടയിൽ). (R. 394)

ആദ്യജാതൻ ഗർഭത്തിൽ പ്രവേശിച്ചു, നിർമ്മലയായ കന്യകയ്ക്ക് യാതൊരു കേടും ഉണ്ടായില്ല. അവൻ പ്രവേശിക്കുകയും ജനനത്തിലൂടെ പുറത്തുവരികയും ചെയ്തു; അതു പുകഴ്ചയ്ക്കു കാരണമാകുന്നു. കണ്ടാലും, അവിടുത്തെ മഹത്വപൂർണ്ണവും രഹസ്യത്തിലുള്ളതുമായ പ്രവേശനം, നിത്യവും പരസ്യവുമായ പുറത്തുവരലും; ദൈവം പ്രവേശനത്തിലുണ്ട്, നിർഗ്ഗമനത്തിൽ മനുഷ്യനും. (R. 730)

ഓ, നാഥേ, കന്യകയേ, നിർമ്മലയായ ദൈവമാതാവേ, എന്റെ ഏററം മഹത്വമേറിയ, ഔദാര്യനിധിയായ നാഥേ, സ്വർഗ്ഗങ്ങളേക്കാൾ ഔന്നത്യമുള്ളവളേ, സൂര്യന്റെ തിളക്കം, രശ്മികൾ, പ്രഭാപൂരം ഇവയേക്കാൾ നൈർമ്മല്യമുള്ളവളേ, അഹറോന്റെ തളിർക്കുന്ന വടിയേ, നീ തണ്ടായി പ്രത്യക്ഷപ്പെട്ടു, അതിലെ പുഷ്പമോ ഞങ്ങളുടെ ദൈവവും ക്രിസ്തുവും എന്റെ സ്രഷ്ടാവുമായ നിന്റെ പ്രിയപുത്രൻ, ശാരീരികമായി നീ വചനമായ ദൈവത്തിന് ജനനം നൽകി; നിന്റെ കന്യാത്വത്തെ ജനനത്തിനുമുമ്പും ജനനശേഷവും നീ പാലിച്ചു; ഞങ്ങൾ നിന്റെ പുത്രനും ഞങ്ങളുടെ ദൈവവുമായ ക്രിസ്തുവിനോട് രഞ്ജിപ്പിലെത്തി. വിശുദ്ധ അപ്രേം [AD. 306-373]. (R. 745)

## മറിയം—പുതിയ ഹവ്വാ

അപ്പസ്തോലൻമാരുടെ വ്യാഖ്യാനങ്ങളിൽ ക്രിസ്തു ദൈവപുത്രനാണെന്നു നാം വായിക്കുന്നതുകൊണ്ട്, നാം അവനെ പുത്രനെന്നു വിളിക്കുന്നു, അപ്രകാരമെന്നു നാം

www.malankaralibrary.com



കരുതുകയും ചെയ്യുന്നു; അവൻ സ്വശക്തികൊണ്ടും മനസുകൊണ്ടും പിതാവിൽ നിന്നും എല്ലാ സൃഷ്ടവസ്തുക്കൾക്കും മുമ്പു പുറപ്പെട്ടിരിക്കുന്നു (അവൻ ജ്ഞാനം, ദ്യോവ്, പൂർവ്വദിക്ക്, ഖഡ്ഗം, ശില, ദണ്ഡ്, യാക്കോബ്, ഇസ്രയേൽ എന്നും മററും ദീർഘദർശിമാരുടെ പുസ്തകങ്ങളിൽ വിളിക്കപ്പെട്ടിരിക്കുന്നു), കന്യകയിൽനിന്നും മനുഷ്യനായി, ഏതുവഴിയിലൂടെ അനുസരണക്കേട് സർപ്പത്തിൽ നിന്നും തുടക്കം സ്വീകരിച്ചുവോ, ആ വഴിയിലൂടെതന്നെ മോചനവും ഉണ്ടാകണം. ഹവ്വാ, കന്യകയും ദുഷിപ്പില്ലാത്തവളുമായിരുന്നു, സർപ്പത്തിൻെറ വചനം ഉള്ളിൽ സ്വീകരിച്ച് അനുസരണക്കേടും മരണവും ഉളവാക്കി, മറിയം, കന്യകയായിരുന്നു, സദ്വാർത്ത അറിയിക്കുന്ന ഗബ്രിയേൽ മാലാഖയിൽ വിശ്വാസവും സന്തോഷവും കണ്ടെത്തി—അതായത്: ദൈവത്തിൻെറ ആത്മാവ് അവളിൽ ഇറങ്ങിവരുമെന്നും അത്യുന്നതൻെറ ശക്തി അവളിൽ ആവസിക്കുമെന്നും അതിനാൽ അവളിൽനിന്നും പിറക്കുന്നത് ദൈവപുത്രനാണെന്നുമുള്ള അറിയിപ്പ്. അതിനവൾ മറുപടിപറയുന്നു: 'നിൻെറ വചനംപോലെ എന്നിൽ ഭവിക്കട്ടെ'. വിശുദ്ധ ജസ്റ്റിൻ [AD. 100-163]. (R. 141)

www.malankaralibrary.com

# V

# മാർത്തോമ്മാ ക്രിസ്ത്യാനികളും മരിയഭക്തിയും

ക്രിസ്തുവിൻെറ പന്ത്രണ്ട് ശിഷ്യൻമാരിൽ ഒരാളായ മാർ തോമ്മാ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനഫലമായി ക്രിസ്തീയവിശ്വാസം സ്വീകരിച്ചിട്ടുള്ള അനേകം സമൂഹങ്ങൾ പശ്ചിമേഷ്യൻ ദേശങ്ങളിലും പൂർവ്വേഷ്യൻ ദേശങ്ങളിലും വ്യാപിച്ചുകിടന്നിരുന്നു. പല ചരിത്രകാരൻമാരും മാർത്തോമ്മാ ശ്ലീഹായുടെ പ്രസ്തുത പ്രവർത്തനങ്ങളെക്കുറിച്ച് ആധികാരികങ്ങളും വിശ്വസനീയങ്ങളുമായ തെളിവുകൾ നൽകുന്നുണ്ട്. ചില പ്രദേശങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ചു വേണ്ടത്ര "ചരിത്രപരം" എന്നു ചിലർ വിശേഷിപ്പിക്കുന്ന രീതിയിലുള്ള തെളിവുകൾ കണ്ടെന്നും വരില്ല. വെരി. റവ. ഡോക്ടർ പ്ലാസിഡ് പൊടിപ്പാറ മാർത്തോമ്മാ ക്രിസ്ത്യാനികളായ കേരള സുറിയാനിക്കാരെക്കുറിച്ചു വളരെ ഗൗരവതരമായ പഠനങ്ങൾ നടത്തി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഡോ. തോമസ് നങ്ങച്ചിവീട്ടിൽ "ഏഷ്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ" എന്ന മഹത്തായ ഗ്രന്ഥം രണ്ടു വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗഹനമായ പഠനത്തിൻേറയും നിസ്തന്ദ്രമായ അധ്വാനത്തിൻേറയും ഫലമാണ് പ്രസ്തുത ഗ്രന്ഥം. കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളെക്കുറിച്ചും മാർത്തോമ്മായുടെ പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ചും യുഗാന്തരങ്ങളിലൂടെ ചരിത്രകാരൻമാർ വളരെയധികം എഴുതിയിട്ടുണ്ട്. അവയെക്കുറിച്ചുള്ള വലിയ പരാമർശങ്ങളൊന്നും ഇവിടെ ആവശ്യമില്ലാ.

"കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ" എന്ന അഭിധാനത്തിൽ വെരി റവ. പ്ലാസിഡ് പൊടിപ്പാറ എഴുതിയിട്ടുള്ള ഗ്രന്ഥത്തിൽ വളരെ ശ്രദ്ധേയമായിട്ടുള്ളതാണ്

www.malankaralibrary.com



മുഖവുര. എം. ഒ. ജോസഫ് നെടുങ്കുന്നം വിവർത്തനം ചെയ്തിട്ടുള്ളതാണ് പ്രസ്തുത ഗ്രന്ഥം. മൂലഗ്രന്ഥ കാരന്റെ മുഖവുരയാണ് ഇവിടെ പ്രസ്താവ്യം.

"മാർത്തോമ്മാ ക്രിസ്ത്യാനികൾ അഥവാ സെന്റ് തോമസ് ക്രിസ്ത്യാനികൾ അപ്പസ്തോലനായ മാർത്തോമ്മായിൽനിന്നു തങ്ങളുടെ ക്രിസ്തീയമായ ഉൽപത്തി അവകാശപ്പെടുന്നവരാണ്. മുൻകാലങ്ങളിൽ ഇൻഡ്യയുടെ പല ഭാഗങ്ങളിലും പേർഷ്യായിലും മാർത്തോമ്മാ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. എന്നാൽ ഇൻഡ്യയുടെ തെക്കുപടിഞ്ഞാറു ഭാഗത്തുള്ളവർ മാത്രമെ ആധുനിക കാലത്തു ഉണ്ടായിരിക്കുന്നുള്ളൂ. അവർ മാത്രമാണ് ഈ പ്രതിപാദനത്തിന്റെ വിഷയം. മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന പദംകൊണ്ട് അവരെ മാത്രമാണ് ഉദ്ദേശിച്ചിരിക്കുന്നതും."

"മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വസതിയും വാസസ്ഥാനവുമായ ഇൻഡ്യയുടെ തെക്കുപടിഞ്ഞാറേ തീരപ്രദേശം മലബാർ, മലങ്കര, മലനാട്, മലവാരം, മലയാളം, കേരളം എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെടുന്നു.

"അതു വടക്കു മംഗലാപുരം മുതൽ തെക്കു കന്യാകുമാരിവരെ ഏറെക്കുറെ നീണ്ടുകിടക്കുന്നു. വളരെക്കാലത്തേക്ക് ഇതിന്റെ മദ്ധ്യപ്രദേശമായിരുന്നു മാർത്തോമ്മാ ക്രിസ്ത്യാനികളുടെ നിവാസഭൂമി. അവിടെനിന്നും ഇൻഡ്യയുടെ ഇതരഭാഗങ്ങളിലേക്കു അവരിപ്പോൾ വ്യാപിച്ചുവരുന്നു."

"ആരംഭവും ആദ്യകാലചരിത്രവും" എന്ന ആദ്യ അദ്ധ്യായത്തിൽ ഡോ. പ്ലാസിഡ് പൊടിപാറ വളരെ വിശദമായി മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അസ്തിത്വത്തെ സംബന്ധിച്ച ചരിത്രപരമായ ഉറവകളെക്കുറിച്ചു പ്രതിപാദിക്കുന്നു. "ഇൻഡ്യയുടെ തെക്കുപടിഞ്ഞാറുതീരത്ത് കേരളത്തിലുള്ള അതിപ്രാചീന ക്രൈസ്തവസമൂഹമാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ. അപ്പസ്തോലനായ മാർത്തോമ്മായുടെ പ്രേഷിതപ്രവർത്തനങ്ങളിൽ നിന്നാണ് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആരംഭമെന്ന് ചിലർ ഉറപ്പിച്ചു പറയുന്നു; ചിലർ സംശയിക്കുന്നു; ചിലർ നിഷേധിക്കുന്നു. അപ്പസ്തോലനായ മാർത്തോമ്മാ ഈ പ്രദേശങ്ങളിൽ

www.malankaralibrary.com



പ്രേഷിതപ്രവർത്തനം നടത്തുകയും മദ്രാസിനടുത്തുവച്ചു മരണം പ്രാപിക്കുകയും മദ്രാസിനടുത്തുള്ള മൈലാപ്പൂരിൽ സംസ്കരിക്കപ്പെടുകയും ചെയ്തുവെന്നുള്ള പാരമ്പര്യം ദക്ഷിണേന്ത്യയിൽ, പ്രത്യേകിച്ചു കേരളത്തിലും മദ്രാസിനടുത്തുള്ള ചോഴമണ്ഡലത്തിലും ശക്തിമത്തും നിരന്തരവുമാണ്. കേരളത്തിൽ, മാർത്തോമ്മശ്ലീഹാ മാനസാന്തരപ്പെടുത്തിയവരുടെ പിൻഗാമികളെന്ന് അവകാശപ്പെടുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുമെ ഇടയിൽ ഈ പാരമ്പര്യം സജീവവുമാണ്. ചോഴമണ്ഡലതീരത്ത് ഈ പാരമ്പര്യം മൈലാപ്പൂർ ശവകുടീരത്തെ കേന്ദ്രീകരിച്ചിരിക്കുന്നു.

"ആ ശവകുടീരം ഇന്നു ശൂന്യമാണെങ്കിലും, അതു ശ്ലീഹായുടേതാണെന്നത്രേ വിശ്വസിക്കപ്പെടുന്നത്. ഈ പാരമ്പര്യം സഭാപിതാക്കന്മാരുടേയും മററും സാക്ഷ്യങ്ങളുടെ വെളിച്ചത്തിൽ നാം പരിശോധിക്കുന്നതാണ്. സമകാലികങ്ങളായ സ്മാരകങ്ങൾകൊണ്ടോ ശിലാശാസനങ്ങൾകൊണ്ടോ സാധൂകരിക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു പാരമ്പര്യത്തെയാണ് നാം ഇവിടെ കൈകാര്യം ചെയ്യുന്നത്."

(op. cit. Placid 1-2)

ഈ പാരമ്പര്യത്തിൻെറ ചരിത്രപരവും സാമൂഹികവും അസ്തിത്വപരവുമായ വിവിധ വശങ്ങളെക്കുറിച്ച് അപഗ്രഥനം ചെയ്ത് വിശദമായി പഠിക്കുകയും വിദഗ്ധമായി പ്രതിപാദിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്ത ഡോ. തോമസ് നങ്ങച്ചിവീട്ടിലിൻെറ സ്തുത്യർഹമായ സേവനത്തെ ഇവിടെ കൃതജ്ഞതയോടെ സ്മരിക്കുന്നു. അദ്ദേഹത്തിൻെറ വിലപ്പെട്ട ഗ്രന്ഥം ഒന്നാം വാല്യത്തിൽ ഏഴാം അദ്ധ്യായത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യത്തെക്കുറിച്ചു സമർത്ഥിക്കുന്നു (pg. 464). 1977-ൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തെ ഖണ്ഡിക്കുകയും (ജീവധാര, സത്യദീപം.....) പാരമ്പര്യത്തിനുള്ള ചരിത്രപരമായ മൂല്യത്തെ വിലയിരുത്തുകയും ചെയ്യുന്നതാണ് മേലുദ്ധരിച്ച അദ്ധ്യായത്തിൻെറ പ്രധാന തന്തു.

"ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നത്, മാർത്തോമ്മാശ്ലീഹാ കേരളത്തിൽ മാത്രമല്ല, ഇന്ത്യയുടെ മററു ഭാഗങ്ങളിലും

www.malankaralibrary.com



വന്നുവെന്നുള്ള ചരിത്രസത്യം പാരമ്പര്യത്തെത്തന്നെ അടിസ്ഥാനമാക്കി സ്ഥാപിക്കാനാണ്. അതുകൊണ്ട് മററു തെളിവുകൾ ഇല്ലെന്നല്ല അർത്ഥം, മററു തെളിവുകൾ ഇന്ത്യയ്ക്കകത്തും പുറത്തും ധാരാളമുണ്ട്. പലതും ഈ ഗ്രന്ഥത്തിൻെറ ഓരോ ഭാഗത്തും യഥാക്രമം കാണാം. ലേഖന കർത്താക്കൾ "രേഖകളില്ല, ഇല്ലാ" എന്നു ചേർത്തും ചേർത്തും പാടുന്നതിൻെറ അർത്ഥം തെളിവുകൾ ഇല്ലായെന്നാണോ എന്ന് അറിഞ്ഞുകൂടാ". (pg. 467)

"തെക്കേയിന്ത്യയിൽ മാർത്തോമ്മാശ്ലീഹാ വന്നിട്ടുണ്ടെന്ന് തെളിവുകൾ നൽകുന്ന ചരിത്രകാരൻമാരുണ്ട്; വടക്കേയിന്ത്യയിൽ വന്നിട്ടുണ്ടെന്നുള്ളതിനും തെളിവുകൾ നൽകുന്നവരുണ്ട്. ഈ രണ്ടുകൂട്ടർക്കും അവരുടേതായ തെളിവുകളും ന്യായങ്ങളും ദശാബ്ദങ്ങളായിട്ടുണ്ട്. എന്നാൽ അവയിൽ ഒന്നിനെപ്പോലും ഖണ്ഡിക്കുകയോ സ്പർശിക്കുക തന്നെയോ ചെയ്യാതെയാണ് ലേഖനകർത്താക്കൾ രണാങ്കണത്തിലേക്ക് ചാടിയിറങ്ങിയിരിക്കുന്നത്...." (pg. 467)

"....ഇന്നത്തെ ചരിത്രശാസ്ത്രജ്ഞൻമാർ ചരിത്രപരമായ തെളിവുകളുടെ കൂട്ടത്തിൽ വളരെ വിലമതിക്കുന്ന ഒന്നാണ് പാരമ്പര്യം. ആ പാരമ്പര്യം സ്ഥലകാലബദ്ധമായി നൂററാണ്ടുകളായി നിലനില്ക്കുമ്പോൾ, പറയാനുമില്ല. മാത്രമോ, പ്രമുഖവും പ്രബലവുമായ ഒരു സമൂഹത്തിൻെറ അസ്തിത്വത്തിനും വളർച്ചയ്ക്കും അതിൻെറ സാമൂഹ്യവും മതപരവുമായ ദൈനംദിനാചാരങ്ങൾക്കും നിദാനമായി ഭവിക്കുമ്പോൾ, പാരമ്പര്യം അപ്രതിരോദ്ധ്യമായ ഒരു ചരിത്രവസ്തുവായി മാറുകയാണ്. ..." (pg. 470)

"പത്തൊൻപതാം നൂററാണ്ടിലെ ചരിത്രശാസ്ത്രജ്ഞന്മാരിൽ പ്രമുഖനായിരുന്ന J. Lelwel അദ്ദേഹത്തിൻെറ Historika അഥവാ Methodology of History എന്ന ഗ്രന്ഥത്തിൽ മൂലപ്രമാണങ്ങളെ മൂന്നായി തരംതിരിക്കുന്നു.

1) പാരമ്പര്യം (വായ്മൊഴിയായി കിട്ടുന്ന അറിവ്).
2) അലിഖിതപ്രമാണങ്ങൾ (കഴിഞ്ഞകാലത്തെ സ്മാരകങ്ങൾ).
3) രേഖകൾ." (pg. 471)

www.malankaralibrary.com



"മറെറാരു ചരിത്രശാസ്ത്രജ്ഞനായ J. Bernheim മൂലപ്രമാണങ്ങളെ രണ്ടായിട്ടാണ് വിഭജിക്കുന്നത്.

1) സ്മാരകങ്ങരം 2) പാരമ്പര്യം. വേറൊരു ചരിത്രശാസ്ത്രജ്ഞനായ J. Giedymin പാരമ്പര്യത്തെ അറിവിൻെറ കൈമാററ്റ് എന്ന തത്ത്വത്തെ ആസ്പദമാക്കി അംഗീകരിച്ചിരിക്കുന്നു. വായ്മൊഴിയിൽ കൈമാറുന്ന ചരിത്രമാണ് പാരമ്പര്യമെന്നു മറെറാരു ചരിത്രശാസ്ത്രജ്ഞൻ പറയുന്നു."

"വേറൊരു ചരിത്രശാസ്ത്രജ്ഞൻ പറയുന്നത്, മനുഷ്യൻെറ പുരോഗതിയെ തടയാത്തിടത്തോളംകാലം പാരമ്പര്യം പ്രകൃതിയുടെ ഒന്നാന്തരം സ്ഥാപനവും മനുഷ്യജാതിക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്തതുമാണ്." (pg. 472)

"ചരിത്രശാസ്ത്രജ്ഞൻമാർ പാരമ്പര്യംതന്നെ ഒരു തെളിവായി സ്വീകരിക്കുമ്പോരം, പാരമ്പര്യത്തിനു തെളിവുവേണമെന്നു പറയുന്നത്, തെളിവിനു തെളിവുവേണമെന്നു പറയുന്നതുപോലെ വിചിത്രമാണ്. കേരളത്തിലെ മാർത്തോമ്മാ സമൂഹം പുരാതനമായ ഇവിടുത്തെ സവർണ്ണ ഹിന്ദുസമുദായത്തിൽനിന്നും ശതാബ്ദങ്ങളായി വേർതിരിച്ചറിയപ്പെടുന്നത് മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നിരുന്നുവെന്നുള്ള വസ്തുതമാത്രം ആസ്പദമാക്കിയാണ്. മറെറാന്നുകൊണ്ടും അവരെ വേർതിരിച്ചറിയുവാൻ സാദ്ധ്യമല്ലെന്ന് വിദേശമിഷ്നറിമാർക്കും ബോദ്ധ്യപ്പെട്ടിരുന്നു. മിഷ്നറിമാരുടെ രേഖകളും ഉദയംപേരൂർ സുന്നഹദ്ദോസിൻെറ നിശ്ചയങ്ങളും അതിനു സാക്ഷ്യങ്ങളാണ്." (pg. 472)

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രപരമായ ഉത്ഭവം, അസ്തിത്വം, അതേക്കുറിച്ചുള്ള ചരിത്രകാരന്മാരുടെ പഠനം, എന്നിവയെക്കുറിച്ചുള്ള ചെറിയൊരു പഠനമാണ് മുകളിൽ കുറിച്ചിട്ടുള്ളത്. നമ്മുടെ ഗ്രന്ഥത്തിൻെറ പ്രധാനമായ ലക്ഷ്യം, മേലുദ്ധരിച്ച വിഷയങ്ങളെക്കുറിച്ചുള്ള വിശദമായ ചർച്ചയോ പഠനമോ അല്ലാ, പ്രത്യുത മാർത്തോമ്മാശ്ലീഹായിൽനിന്നും ക്രിസ്തീയവിശ്വാസം ഉരംക്കൊണ്ടുകൊണ്ട്, ഒരു പ്രത്യേക സമൂഹമായി, സമുദായമായി ക്രിസ്താബ്ദം ആദ്യ നൂററാണ്ടുമുതൽ ഇൻഡ്യയുടെ

www.malankaralibrary.com



തെക്കുപടിഞ്ഞാറേതീരത്തും മററുമായി അധിവസിച്ചിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ദൈവമാതൃഭക്തിയുടെ ഊടും പാവും എന്താണ്, അതിൻെറ ഉത്ഭവം, വളർച്ച, സാന്ദ്രത, ആഴവും പരപ്പും, നൂററാണ്ടുകളിലൂടെ പ്രസ്തുത ഭക്തിക്ക് മാർത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിലുണ്ടായിട്ടുള്ള ഉയർച്ചയും താഴ്ചയും എന്നീ വിഷയങ്ങളെ അവലോകനം ചെയ്യുവാനും വിശകലന വിധേയമാക്കുവാനുമാണ് ഈ കൃതിയുടെ മുഖ്യോദ്ദേശ്യം.

മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു ലഭിച്ചിട്ടുള്ള വിശ്വാസപൈതൃകത്തിൽ ദൈവമാതൃഭക്തി ഉൾപ്പെടുന്നെന്നുള്ളതിനു യാതൊരു സന്ദേഹവുമില്ല. അതേക്കുറിച്ച് പഠനം നടത്തുന്നതിനുമുമ്പ് മാർത്തോമ്മാശ്ലീഹായുടെ ദൈവമാതൃഭക്തിയെക്കുറിച്ച് ഒരു വിചിന്തനം ആവശ്യമില്ലെങ്കിലും അപ്രസക്തമല്ല.

## മാർത്തോമ്മാശ്ലീഹായും ദൈവമാതൃഭക്തിയും[1]

നമ്മുടെ കർത്താവിൻെറ ചാർച്ചക്കാരനായിരുന്നു ദിദിമൂസ് എന്നു വിളിക്കപ്പെട്ടിരുന്ന തോമ്മാ എന്നു പാരമ്പര്യം. അതുകൊണ്ടുതന്നെ കന്യകമറിയാമിനോടു പ്രത്യേക താല്പര്യവും സ്നേഹവും ഉണ്ടായിരുന്നിരിക്കണം. ഈ സ്നേഹവും താല്പര്യവും, തോമ്മാ യേശുക്രിസ്തുവിൻെറ ശിഷ്യനായതോടുകൂടി ഇരട്ടിച്ചിട്ടുണ്ടാവും.

കാനായിലെ കല്യാണവേളയിൽ യേശുക്രിസ്തുവും ശിഷ്യൻമാരും പ്രത്യേകം ക്ഷണിക്കപ്പെട്ടിരുന്നു. അവിടെ പരിശുദ്ധ കന്യകമറിയാമും സന്നിഹിതയായിരുന്നു. യേശുക്രിസ്തുവിൻെറ പരസ്യജീവിതത്തിലെ ആദ്യത്തെ അത്ഭുതം നടക്കുന്നത് അവിടെവച്ചാണ്—അതും കന്യകമറിയാമിൻെറ അഭ്യർത്ഥനയെ മാനിച്ചും വിശ്വാസത്തെ സ്ഥിരീകരിച്ചും പ്രത്യാശയ്ക്ക് പ്രകാശം പകർന്നും. ഈ അത്ഭുതം കണ്ട് ശിഷ്യന്മാർ ക്രിസ്തുവിൽ വിശ്വസിച്ചു

1 പ്രത്യേക തെളിവുകളുടെ അഭാവത്തിൽ കാല്പനികത കൂടുതലായി അനുഭവപ്പെടുന്ന ഒരദ്ധ്യായമാണിത്.

www.malankaralibrary.com



വെന്ന് യോഹന്നാൻ സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. തോമ്മാശ്ശീഹാ ഈ അത്ഭുതത്തിൽ പ്രത്യേകം സന്തോഷിച്ചിട്ടുണ്ടാവാം, കന്യകമറിയാമിൻെറ അഭ്യർത്ഥനയെ പ്രഥമത നിരാകരിക്കുന്നതുപോലെ തോന്നിയെങ്കിലും യേശു സ്വന്തം അമ്മയുടെ അഭിലാഷം സാധിച്ചുകൊടുത്തത് ആ അമ്മയുടെ അന്തസ്സ് വർദ്ധിപ്പിക്കാനുതകിയെന്നുള്ളതിനു പക്ഷാന്തരമില്ല, കന്യകമറിയാമിന് അമ്മയെന്നുള്ള നിലയിൽ എത്രമാത്രം സ്വാധീനം യേശുവിൻെറ മേൽ ചെലുത്താൻ സാധിക്കും എന്നുള്ളതിൻെറ സൂചനയായി ഈ സംഭവത്തെ തോമ്മാ കണ്ടിരിക്കും.

പ്രത്യേക ചില അവസരങ്ങളിലും യേശു സ്വന്തം അമ്മയോടുള്ള സ്നേഹം കുറച്ചുകാട്ടുന്നതായി തോമ്മായ്ക്കു തോന്നിയിട്ടുണ്ടാവും.—പക്ഷേ, പ്രസ്തുത അവസരങ്ങളിൽ യേശു നൽകിയിട്ടുള്ള പ്രസ്താവനകളുടെ ആന്തരീകാർത്ഥം മറെറാരു തലത്തിൽ മനസിലാക്കുന്നതിനു തോമ്മായ്ക്കു കഴിഞ്ഞിട്ടുണ്ടാവും. വിശ്വാസത്തിൻെറ തലത്തിൽ, വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള ബന്ധത്തിൻെറ തലത്തിൽ, യേശുവിൻെറ പ്രസ്തുത വചനങ്ങൾക്ക് അർത്ഥവ്യാപ്തിയും ആദർശഗാംഭീര്യവും ഉണ്ടെന്നും തോമ്മാ മനസിലാക്കിയിരിക്കണം.

ദേവാലയത്തിൽ ജനങ്ങളുടെ മദ്ധ്യേ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന യേശുവിനു എന്തോ സന്ദേശം നൽകുന്നതിനു വന്നതാണ് കന്യകമറിയാമും ചാർച്ചക്കാരും; സ്വന്തം അമ്മ വെളിയിൽ കാത്തുനില്ക്കുന്നുവെന്നു യേശുവിനോടു ആരോ പറഞ്ഞപ്പോൾ, എല്ലാവരോടുമായി യേശു പറഞ്ഞ മറുപടി വിസ്മയജനകമാണ്: ആരാണ് എൻെറ അമ്മ, ആരാണ് എൻെറ സഹോദരന്മാർ, ദൈവത്തിൻെറ ഇഷ്ടം ചെയ്യുന്നവൻ ആരോ, അവൻതന്നെ എൻെറ സഹോദരനും സഹോദരിയും അമ്മയും.

മറെറാരവസരത്തിൽ, യേശു ചെയ്യുന്ന അത്ഭുതങ്ങൾ കണ്ടും അവിടുന്നു നൽകുന്ന സാരോപദേശങ്ങൾ കേട്ടും അത്ഭുതം കൂറിക്കൊണ്ട് ഒരു സ്ത്രീ ജനക്കൂട്ടത്തിൽനിന്നു വിളിച്ചുപറയുന്നു — "നിന്നെ പ്രസവിച്ച ഉദരവും നിന്നെ

www.malankaralibrary.com



കുടിപ്പിച്ച സ്തനങ്ങളും ഭാഗ്യമുള്ളവ.'' മറുപടി യേശു പെട്ടെന്നു നൽകി ദൈവവചനം സ്വീകരിച്ച് അതു പാലിക്കുന്നവർ അതിലും ഭാഗ്യമുള്ളവരാണ്.

ഈ രണ്ടവസരങ്ങൾക്കും തോമ്മായും സാക്ഷിയായിരുന്നിരിക്കണം. എന്തിനാണ് യേശു സ്വന്തം അമ്മയെ ഇത്രയും ഇടിച്ചു താഴ്ത്തിക്കാണിക്കുന്നത് എന്ന് സ്വാഭാവികമായി തോന്നാം! ഇടിച്ചുതാഴ്ത്തുകയല്ല, ഉയർത്തിക്കാട്ടുകയാണ് ചെയ്യുന്നത്. മറിയാം സ്വാഭാവികമായും അമ്മയാണ്. അമ്മയോടുള്ള സ്നേഹത്തിന്റെ മാററു കുറയുകയുമില്ല. പക്ഷേ യേശു എല്ലാവർക്കും വേണ്ടിയാണ് ഒരമ്മയെ തെരഞ്ഞെടുത്ത് അവളിലൂടെ ജാതനായത്. ആ അമ്മയുമായുള്ള ബന്ധം വെറും സ്വാഭാവിക ബന്ധം മാത്രമല്ല, അതിനേക്കാളുപരി, വചനമായ ദൈവത്തെ ഉൾക്കൊള്ളുകയും ആ വചനത്തിന് സ്വയം അർപ്പിക്കുകയും പ്രസ്തുത വചനത്തിന് വളരാനും മററുള്ളവർക്കു സ്വീകാര്യമായിത്തീരാനും വേണ്ട എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുകയും ചെയ്ത മറിയാം ഭാഗ്യവതിയാണ്, അനുഗൃഹീതയാണ്, സകല വംശങ്ങളും അവളെ ഭാഗ്യവതിയെന്നു കീർത്തിക്കുകയും ചെയ്യും. പക്ഷേ, അവൾ വിശ്വാസിയാണ്, വചനം ഉൾക്കൊള്ളുന്നവൾ, അതനുസരിച്ചു ജീവിക്കുന്നവൾ. അവളോടൊപ്പം മററുള്ളവർക്ക് ഒരിക്കലും ഉയരാൻ കഴികയില്ല— എന്നാൽ അവളെ അനുകരിക്കാം, പിൻചെല്ലാം, അതുവഴി യേശുവുമായുള്ള ബന്ധം സ്ഥാപിക്കാം, നിലനിർത്താം, വളർത്തിയെടുക്കാം. ഇതാണ് യേശുവിന്റെ മേലുദ്ധരിച്ച പ്രസ്താവനകളുടെ ആന്തരീകാർത്ഥം. ഇതു മനസിലാക്കിയ തോമ്മായ്ക്ക് യേശുവിനോടും യേശുവിന്റെ അമ്മയോടും ഒടുങ്ങാത്ത സ്നേഹവും ആവേശവും തോന്നിയിട്ടുണ്ടാവും.

യേശുവുമൊത്തുള്ള തന്റെ മൂന്നു വർഷക്കാലത്തെ ജീവിതത്തിൽ കൂടെക്കൂടെ കന്യകമറിയാമിനെ കാണുവാനും അവളോടൊത്തു സഹകരിക്കുവാനും ചാർച്ചക്കാരനായ തോമ്മായ്ക്കു കഴിഞ്ഞിട്ടുണ്ടാവും. യേശു തന്റെ മരണത്തെക്കുറിച്ചു പറഞ്ഞിട്ടുള്ള ഓരോ അവസരത്തിലും തോമ്മായുടെ

www.malankaralibrary.com



ഉള്ളിൽ വേദനയുടെ കൂർത്തകുന്തം മുറിവുകൾ ഉണ്ടാക്കിയി ട്ടുണ്ടാവും. സ്വന്തം മകൻെറ വരാനിരിക്കുന്ന ദുരന്തങ്ങളെ ക്കുറിച്ച് മറിയാമിനോട് ചാർച്ചക്കാരനെന്ന നിലയിൽ തോ മ്മാ പറഞ്ഞിട്ടുണ്ടാവും, അവളെ സമാശ്വസിപ്പിച്ചിട്ടുണ്ടാ വും—തോമ്മാശ്ലീഹായ്ക്കു യേശുവിനോടും അവിടുത്തെ അമ്മയോടുമുണ്ടായിരുന്ന അത്യഗാധ സ്നേഹത്തിൻെറ ബഹിർസ്ഫുരണമായിരുന്നിരിക്കണം, ലാസറിൻെറ മരണ വാർത്തയറിഞ്ഞപ്പോൾ, അവിടേക്കു യാത്രയാവാൻ തുനി ഞ്ഞ ഗുരുനാഥനെ തടയുന്ന കൂട്ടുശിഷ്യന്മാരോടു തോമ്മാ പറയുന്ന വാക്കുകൾ "നമ്മുക്കും അവനോടുകൂടെ പോയി മരിക്കാം!"

യേശുവിനെ ശത്രുക്കൾ പിടിച്ചപ്പോഴും ക്രൂശിൽ തറ ച്ചു കൊല്ലുന്നതിനു കൊണ്ടുപോയപ്പോഴും മററു ശിഷ്യന്മാ രോടൊപ്പം തോമ്മായും സംഭവങ്ങൾ ദൂരെനിന്നു വീക്ഷിച്ചിട്ടു ണ്ടാവും—ഒന്നും ചെയ്യാനാവാത്ത നിസ്സഹായത! മറിയാമി നെക്കുറിച്ചു വേദനയോടും നിരാശയോടും ചിന്തിച്ചിട്ടുണ്ടാ വും—സഹതപിക്കാനല്ലാതെ സമാശ്വസിപ്പിക്കാൻ തനിക്കു കഴിയാത്ത അവസ്ഥാവിശേഷം!

കുരിശിൻ ചുവട്ടിൽ യേശുവിൻെറ അമ്മയോടൊപ്പം നി ന്നത് യോഹന്നാനായിരുന്നു. അതിനുള്ള് അനുഗ്രഹം യോ ഹന്നാനു ലഭിച്ചു—ആ അമ്മയെ യോഹന്നാൻ സ്വന്തം ഗൃഹ ത്തിലേക്കു കൂട്ടിക്കൊണ്ടുപോയി, എങ്കിലും അവൾ എല്ലാ വർക്കും അമ്മയാണ്, എല്ലാ ശിഷ്യന്മാരും അവളോട് ആദര വോടെ പെരുമാറി, സ്നേഹത്തിനു തെല്ലും കുറവു കാട്ടി യില്ല. യേശുവിൻെറ മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം ഇവ ശിഷ്യൻമാരിൽ വരുത്തിയ മാററങ്ങൾ അവർണ്ണനീയമാ ണ്; അതോടൊപ്പം അവർക്കു തമ്മിൽ തമ്മിലുണ്ടായിരുന്ന ബന്ധങ്ങൾക്കും വലിയ രൂപാന്തരങ്ങളുണ്ടായിട്ടുണ്ടാവണം. യേശുവിൻെറ മരണം ശിഷ്യരെ ഭഗ്നാശയരാക്കി, ചിതറി ച്ചു; ഉയിർപ്പ് അവരെ കൂട്ടിച്ചേർത്തു, പ്രത്യാശനൽകി; സ്വർഗ്ഗാരോഹണം അവരുടെ കൂട്ടായ്മയെ ഊട്ടിയുറപ്പിക്കു ന്നതിനു ഹേതുവായി, പശ്ചാത്തലം ഉളവാക്കി. സെഹി യോൻ മാളികയിൽ പരിശുദ്ധാത്മപ്രാപ്തിക്കായി കന്യ

www.malankaralibrary.com



കമറിയാമിന്റെ അദ്ധ്യക്ഷതയിലാണവർ സമ്മേളിച്ചത്; ഗുരുവിന്റെ അമ്മ ശിഷ്യൻമാരുടെ അമ്മയായി, അവരുടെ മാനുഷികവും ആത്മീയവുമായ ശക്തിയുടെ കേന്ദ്രബിന്ദുവായി പരിണമിച്ചു. ഗുരുവിന്റെ ശാരീരികമായ അസാന്നിദ്ധ്യം അവരെ കന്യകമറിയാമിനോടു കൂടുതൽ അടുപ്പിച്ചു. ആ അമ്മയിൽ അവർ തങ്ങളുടെ ഗുരുവിനെ ദർശിച്ചു സംതൃപ്തരായി. സെഹിയോൻമാളികയിൽ പ്രാർത്ഥനയ്ക്കും ധ്യാനത്തിനും നേതൃത്വം കൊടുത്തത് കന്യകമറിയാമായിരുന്നു. പെന്തിക്കൊസ്തിതിരുനാളിൽ പരിശുദ്ധാത്മാവിന്റെ സ്വീകരണത്തിനുശേഷം ആദിമസഭയുടെ പിച്ചവെച്ചുള്ള നടപ്പിലും പ്രവർത്തനങ്ങളിലും പരിശുദ്ധ അമ്മയായിരുന്നിരിക്കണം മാർഗ്ഗനിർദ്ദേശം നൽകിയിരുന്നത്. ശിഷ്യൻമാർ വിവിധ സ്ഥലങ്ങളിലേക്കു സുവിശേഷ പ്രഘോഷണങ്ങൾക്കു ആദ്യമായി നിയോഗിക്കപ്പെട്ടതും പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യത്തിലായിരുന്നിരിക്കണം. മാർത്തോമ്മാശ്ലീഹാ പരിശുദ്ധ കന്യകമറിയത്തിന്റെ മരണവാർത്തയറിഞ്ഞശേഷം ഭാരതത്തിൽനിന്നും വാനമേഘങ്ങളിൽ യെറുശലേമിലേക്കു എടുക്കപ്പെട്ടുവെന്നാണ് ഐതീഹ്യം. അദ്ദേഹം വീണ്ടും സുവിശേഷ പ്രഘോഷണത്തിനായി വരുമ്പോൾ വിശുദ്ധ ലൂക്കാ വരച്ച പരിശുദ്ധ കന്യകമറിയത്തിന്റെ ഒരു ചിത്രം കൂടെക്കൊണ്ടുവന്നുവെന്നും ഐതീഹ്യമുണ്ട്.

മാർത്തോമ്മാശ്ലീഹായുടെ പത്തൊമ്പതാം ചരമശതാബ്ദി സ്മാരകമായി 1972-ൽ ഫാദർ ജോർജ്ജ് പാലാട്ടി പ്രസിദ്ധീകരിച്ച "മാർത്തോമ്മാശ്ലീഹാ"യെന്ന ലഘുഗ്രന്ഥത്തിൽ ഈ ഐതീഹ്യത്തെപ്പറ്റി സൂചനയുണ്ട്. "കച്ചവടത്തിനായി ധാരാളം യഹൂദൻമാർ അന്ന് കേരളത്തിന്റെ പ്രധാന പട്ടണങ്ങളായ കൊടുങ്ങല്ലൂർ, പാലയൂർ, പുറക്കാട് മുതലായ സ്ഥലങ്ങളിൽ താമസിച്ചിരുന്നു. തോമ്മാശ്ലീഹാ വിശുദ്ധ മാതാവിനോടുള്ള സ്നേഹവും ഭക്തിയും മൂലം വിശുദ്ധ ലൂക്കോസ് വരച്ച മാതാവിന്റെ ഒരു പടവും കൂടെക്കൊണ്ടുവന്നെന്നു പറയപ്പെടുന്നു" (op. cit. pg. 9).

www.malankaralibrary.com



വിശുദ്ധ തോമ്മാശ്ലീഹായ്ക്ക് മാതാവിനോടുള്ള ഭക്തിയും സ്നേഹവും എത്രമാത്രമുണ്ടെന്നു കാണിക്കുന്നതാണ് മററൊരൈതീഹ്യം. മേലുദ്ധരിച്ച ലഘുഗ്രന്ഥത്തിൽ വേറൊരിടത്ത് ഇപ്രകാരം പറയുന്നു:

''നമ്മുടെ കർത്താവിൻെറ മാതാവായ വിശുദ്ധ കന്യക മറിയാമിൻെറ സ്വർഗ്ഗാരോപണവിശ്വാസത്തിലും തോമ്മാശ്ലീഹാ പ്രധാന പങ്കുവഹിച്ചിട്ടുള്ളതായി വിശുദ്ധപിതാക്കൻമാരുടെ എഴുത്തുകളിൽ കാണുന്നു. മാതാവ് യറുശലേമിൽവച്ചു നിര്യാതയായപ്പോഠം ശ്ലീഹൻമാർ ഒരോരുത്തരും അവരവരുടെ സുവിശേഷസ്ഥലങ്ങളിലായിരുന്നു. മാർത്തോമ്മാ ഒഴികെ എല്ലാ ശ്ലീഹന്മാരും പരിശുദ്ധാത്മാവിൽ പ്രേരിതരായി മാതാവിൻെറ സംസ്ക്കാരത്തിന് യറുശലേമിൽ എത്തി. അവർ യഥാവിധി മാതാവിനെ കബറടക്കി. തോമ്മാശ്ലീഹായും ഇൻഡ്യയിൽ നിന്നും കുറച്ചുതാമസിച്ചെങ്കിലും വന്നെത്തി. മററ് ശ്ലീഹന്മാർ മാതാവിനെ അടക്കിയ സ്ഥലം തോമ്മായെ കാണിച്ചു. നിർബ്ബന്ധബുദ്ധിക്കാരനെന്നു തോന്നുമാറ് തോമ്മാശ്ലീഹാ മാതാവിൻെറ ശരീരം കാണുന്നതിനു ശാഠ്യം പിടിച്ചു. അദ്ദേഹത്തിൻെറ ആവശ്യപ്രകാരം അവർ മാതാവിനെ അടക്കിയ കബർ തുറന്നപ്പോഠം സംസ്ക്കരിച്ചിരുന്ന മൃതദേഹം അവിടെ കണ്ടില്ല. എല്ലാവർക്കും വലിയ ഭീതിയും സങ്കടവുമായി. അവർ അങ്ങനെ വിഷമിച്ചു നിൽക്കുമ്പോഠം ആകാശവിതാനത്തിൽ ഒരു സ്വർഗ്ഗീയാരവം കേട്ടു. എല്ലാവരും വിസ്മയഭരിതരായി മേല്പോട്ടു നോക്കിയപ്പോഠം, ഒരു ശരീരം മാലാഖാർ വഹിച്ചു കൊണ്ടുപോകുന്നതായി കണ്ടു. അപ്പോഠം അവർ പറഞ്ഞു, അതു മാതാവിൻെറ ശരീരമാണെന്ന്. എന്നാൽ സംശയാലുവായി ഭാവിച്ച മാർത്തോമ്മാ അതുസമ്മതിച്ചില്ല. ആ ശരീരം എൻെറ കർത്താവിൻെറ അമ്മയുടേതെങ്കിൽ, തെളിവിനായി എനിക്കെന്തെങ്കിലും അടയാളം ഉണ്ടായിരിക്കുമെന്ന് ശഠിക്കയും പ്രാർത്ഥിക്കയും ചെയ്തു. അദ്ദേഹത്തിൻെറ ആവശ്യപ്രകാരവും മററുള്ളവരുടെ ഉറപ്പിനും സാക്ഷ്യത്തിനുമായി മാതാവിൻെറ ഇടക്കെട്ട് താഴെവീണു. അപ്പോഠം എല്ലാവർക്കും ബോദ്ധ്യമായി, മാതാവിൻെറ ശരീരം സ്വർഗ്ഗീയ

www.malankaralibrary.com



സ്രേനകളാൽ സ്വർഗ്ഗത്തിലേക്ക് തന്റെ ഏകപുത്രന്റെ സന്നിധിയിലേക്ക് എടുക്കപ്പെട്ടതാണെന്ന്. അങ്ങനെ മാതാവിന്റെ സ്വർഗ്ഗാരോപണ സത്യത്തിനും തോമ്മാശ്ലീഹായുടെ സംശയനിവാരണം ഒരു തെളിവായി കരുതാം''. (op. cit. 4,6,7).

ഈ ഐതിഹ്യം സത്യമോ സത്യത്തിന്റെ അംശം കലർന്നതോ ആണോ എന്ന ചോദ്യംപോലും ഉന്നയിക്കേണ്ട ആവശ്യമില്ല. മാർത്തോമ്മാശ്ലീഹാ കർത്താവിന്റെ ഉത്ഥാനത്തെ സംശയത്തോടുകൂടെവീക്ഷിച്ചു എന്ന തോന്നൽ വേദപുസ്തകത്തിൽ നിന്നും ലഭിക്കുന്നതുപോലെ, മാതാവിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ചും സംശയിച്ചു എന്നു വരുത്താനാവാം ഐതിഹ്യത്തിന്റെ അന്ത്യഭാഗം ഉദ്ധരിച്ചിട്ടുള്ളത്. തോമ്മാശ്ലീഹാ യേശുവിനെ അകമഴിഞ്ഞു സ്നേഹിച്ചതുപോലെ യേശുവിന്റെ അമ്മയേയും സ്നേഹിച്ചു, ആ സ്നേഹകാരണമാണ് മാതാവിന്റെ കബറടക്കത്തിനുശേഷവും വിദൂരസ്ഥമായ ഇന്ത്യയിൽ നിന്നും തോമ്മാശ്ലീഹായെ യെറുശമലമിലേക്കു കൊണ്ടുവന്നതെന്നും അമ്മയുടെ കബർ തുറന്നുകാണണമെന്ന് അദ്ദേഹം ശാഠ്യം പിടിച്ചതെന്നും നമുക്കു നിസംശയം പറയാം.

നമ്മുടെ കർത്താവിന്റെ ബന്ധുവായിരുന്ന തോമ്മാശ്ലീഹാ അപ്രകാരം ശാഠ്യം പിടിച്ചിട്ടുണ്ടെങ്കിൽ അതു തെററായി നമുക്കു വീക്ഷിക്കാൻ സാധിക്കയില്ല.

പരിശുദ്ധ കന്യകമറിയത്തിന്റെ കബറിടം തുറന്നു കണ്ട തോമ്മാശ്ലീഹാ ഒരിക്കൽകൂടി ദൈവത്തിന്റെ അത്ഭുതകരമായ പരിപാലനയെക്കുറിച്ചും മനുഷ്യർക്കുവേണ്ടിയുള്ള രക്ഷാകര പദ്ധതിയെക്കുറിച്ചുമൊക്കെ കൂട്ടുശിഷ്യൻമാരുമായി ഉറക്കെ ചിന്തിച്ചിട്ടുണ്ടാവണം. തങ്ങളോടുകൂടെ വിദൂരസ്ഥലങ്ങളിൽപ്പോലും യേശുവിന്റെ സാന്നിദ്ധ്യവും അനുഗ്രഹങ്ങളും അനുഭവപ്പെട്ടിരുന്നുവെന്നവർ പരസ്പരം ഏററുപറഞ്ഞിരിക്കണം. പരിശുദ്ധമാതാവിന്റെ ശാരീരികസാന്നിദ്ധ്യം തങ്ങൾക്കു എത്രമാത്രം പ്രയോജനപ്പെട്ടിരുന്നുവെന്നും അവർ പരസ്പരം പറഞ്ഞിരിക്കണം. ഇനിയും മാതാവിന്റെ ശാരീരികസാന്നിദ്ധ്യം തങ്ങൾക്കുണ്ടാകുക

www.malankaralibrary.com



യില്ലല്ലോ എന്നുമവർ ദുഃഖത്തോടുകൂടി പ്രസ്താവിച്ചിരിക്കണം. ഇതിനിടയിൽ ശിഷ്യൻമാർ തങ്ങളുടെ മിഷൻ പ്രവർത്തനരംഗങ്ങളിലേക്ക് തിരിച്ചുപോകുന്നതിന് തയ്യാറെടുക്കുകയുമായിരുന്നിരിക്കണം. അപ്പോഴാണ് മാതാവിൻെറ മനോഹരമായ ചിത്രങ്ങൾ വരച്ചിട്ടുള്ള ലൂക്കോസ് സുവിശേഷകനെ തോമ്മാശ്ലീഹായും പരിചയപ്പെടുന്നത്. മാതാവിൻെറ ഒരു ചിത്രം മാർത്തോമ്മാശ്ലീഹാ തൻെറ കൂടെ ഭാരതത്തിലേക്കു കൊണ്ടുവന്നതായി പറയപ്പെടുന്നത് ഈ പശ്ചാത്തലത്തിലായിരിക്കാം. മററു ശിഷ്യൻമാരെപ്പോലെ മാതാവിനെ അത്യധികം സ്നേഹിച്ചിരുന്ന മാർത്തോമ്മായ്ക്ക് ലൂക്കോസ് സുവിശേഷകൻ വരച്ചചിത്രം വലിയ പ്രചോദന ഹേതുവായിരുന്നുവെന്നു പറയുന്നതിൽ ഒട്ടും തെററില്ല. അദ്ദേഹം എവിടെയെല്ലാം ചെറിയ ആരാധനസ്ഥലങ്ങൾ സ്ഥാപിച്ചുവോ, അവിടെയെല്ലാം മാതാവിൻെറ ചിത്രം പ്രതിഷ്ഠിക്കുവാനും മാതാവിനോടുള്ള തൻെറ ആഴത്തിലുള്ള സ്നേഹം പ്രകടമാക്കുവാനും ശ്രമിച്ചിരുന്നുവെന്നതിൽ തെല്ലും സംശയിക്കേണ്ടതില്ല.

നമ്മുടെ ഈ നിഗമനം ശരിയാണെന്നു സൂചിപ്പിക്കുന്ന ഒരൈതീഹ്യവുമുണ്ട്. നിലയ്ക്കലിനെ സംബന്ധിച്ചാണത്. "കേരളക്രിസ്ത്യാനികൾ" എന്ന പുസ്തകത്തിൽ ശ്രീ എം. ഒ. ജോസഫ് നെടുങ്കുന്നം അതു രേഖപ്പെടുത്തിയിരിക്കുന്നു. "നിലയ്ക്കൽ ഒരു കാലത്ത് ഐശ്വര്യസമൃദ്ധമായ ഒരു വാണിജ്യകേന്ദ്രമായിരുന്നു. കൊള്ളക്കാരായ പാണ്ടിപ്പറയന്മാരുടെ ആക്രമണത്തിന് ഈ പ്രദേശം ഇരയായി. ജനങ്ങൾ പ്രാണരക്ഷാർത്ഥം നാടുവിട്ടോടിപ്പോയി. ആക്രമണകാലത്ത് തൊമ്മി എന്നു പേരുള്ള ഒരു കാരണവർ ദൈവാലയത്തിലെ പരിശുദ്ധ കന്യകമറിയത്തിൻെറ രൂപവും എടുത്തുകൊണ്ട് പാലായനം ചെയ്തു കാഞ്ഞിരപ്പള്ളിയിൽ ചെന്നുചേർന്നുവെന്ന് ഒരു പുരാവൃത്തമുണ്ട്." (pg. 79)· also: V. C. George. Apostolate & Martyrdom St. Thomas pg. 122)·

മാർത്തോമ്മാശ്ലീഹായ്ക്കു പരിശുദ്ധ മാതാവിനോടുണ്ടായിരുന്ന അത്യാദരത്തിനും അതീവസ്നേഹത്തിനും

www.malankaralibrary.com



പ്രതിഫലമായി മാതാവിൻെറ ദർശനമുണ്ടായിട്ടുണ്ടെന്നു ഐതീഹ്യം സൂചിപ്പിക്കുന്നു. "കേരളക്രിസ്ത്യാനികൾ" എന്ന ഗ്രന്ഥത്തിൽ ഇപ്രകാരമുള്ള ഒരൈതീഹ്യം ഉദ്ധരിക്കപ്പെടുന്നു. "ചോഴമണ്ഡലത്തിൽ നിന്നും മാർത്തോമ്മാ വീണ്ടും കേരളത്തിലേക്കു പുറപ്പെട്ടു. ഇത്തവണ മലയാററൂർ വഴിയായിരുന്നു യാത്ര. അവിടെ രണ്ടുമാസത്തോളം താമസിച്ചു മതപ്രചരണം നടത്തി. ഈ കാലയളവിൽ അദ്ദേഹം മലയാററൂർ മലമുകളിൽ കയറി അവിടെ ധ്യാനനിരതനായി കഴിച്ചുകൂട്ടിയെന്നും പരിശുദ്ധ കന്യകമറിയാം അദ്ദേഹത്തിനു പ്രത്യക്ഷനായി എന്നുമാണ് ഐതീഹ്യം" (pg. 58).

മാർത്തോമ്മാശ്ലീഹാ ഭാരതസഭയ്ക്ക് ആകമാനവും കേരള ക്രൈസ്തവസഭയ്ക്ക് പ്രത്യേകിച്ചും നൽകിയിട്ടുള്ള പൈതൃകമിതാണ്—ദൈവപുത്രൻെറ മനുഷ്യാവതാരവും പാപികളായ മനുഷ്യരുടെ വീണ്ടെടുപ്പും-ഇതാണ് അദ്ദേഹം പ്രഘോഷിച്ച സുവിശേഷത്തിൻെറ കാതൽ, അതോടൊപ്പം പരിശുദ്ധ കന്യകമറിയത്തോടുള്ള ആഴമേറിയ സ്നേഹത്തിലും ഭക്തിയിലും പിടിച്ചുനിൽക്കുന്നതിന് മാർത്തോമ്മാക്രിസ്ത്യാനികൾക്ക് കഴിഞ്ഞിട്ടുണ്ട്.

മാർത്തോമ്മാശ്ലീഹാ കേരളക്കരയിൽ ആദ്യമായി വന്നിറങ്ങുന്നത് A. D. 52-ലാണ്. രക്തസാക്ഷിയായി ഐഹികജീവിതം വെടിയുന്നത് A. D. 72-ലും. കേരളത്തിൽ സുവിശേഷപ്രഘോഷണം നടത്തിക്കൊണ്ട് ഏഴ് പള്ളികൾ സ്ഥാപിച്ചതായിട്ടാണ് പാരമ്പര്യം. കൊടുങ്ങല്ലൂർ, കോട്ടയ്ക്കാവ്, കോക്കമംഗലം, നിരണം, കൊല്ലം, നിലയ്ക്കൽ, തിരുവിതാംകോട് എന്നീ സ്ഥലങ്ങളിലാണ് വിശുദ്ധ അപ്പസ്തോലൻ സഭാ സമൂഹങ്ങൾക്കു രൂപം നൽകിയിട്ടുള്ളത്. ഇന്നു നാം മനസിലാക്കുന്ന രീതിയിലുള്ള പള്ളികളൊന്നും അദ്ദേഹം പണിതിട്ടുണ്ടാവില്ല, പ്രത്യുത കുരിശു സ്ഥാപിച്ച് ആരാധനാലയങ്ങൾക്ക് രൂപംകൊടുത്തിട്ടുണ്ടാവും, അതോടൊപ്പം പരിശുദ്ധ കന്യകമറിയത്തിൻെറ ചിത്രങ്ങളും പ്രതിഷ്ഠിച്ചിട്ടുണ്ടാവും.

www.malankaralibrary.com



വിശുദ്ധ ശ്ലീഹായുടെ ഭാരത പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ച് ആധികാരികവും ലിഖിതങ്ങളുമായ രേഖകൾ ഒട്ടും ഇല്ലതന്നെ. രണ്ടാം നൂററാണ്ടിൻെറ അന്ത്യത്തിലോ മൂന്നാം നൂററാണ്ടിൻെറ ആരംഭത്തിലോ എഴുതപ്പെട്ടിട്ടുള്ള "തോമ്മായുടെ നടപടിക്രമങ്ങൾ" എന്ന ഒരു ചെറുഗ്രന്ഥം ഉണ്ട്. വടക്കേ ഇൻഡ്യയിലേയും തെക്കേ ഇൻഡ്യയിലേയും മാർത്തോമ്മായുടെ പ്രവർത്തനങ്ങളെക്കുറിച്ചു പ്രസ്തുത ഗ്രന്ഥം പ്രതിപാദിക്കുന്നു. ദക്ഷിണേന്ത്യയിൽ നിലവിലുള്ള പാരമ്പര്യങ്ങളുമായി പല അംശങ്ങളിലും സാദൃശ്യവും സമന്വയവും ഉണ്ടെങ്കിലും, പ്രസ്തുത ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള പല നാമങ്ങളും വ്യത്യസ്തങ്ങളായി കാണപ്പെടുന്നു; സിറിയായിലോ ബാബിലോണിയായിലോ മറേറാ വച്ച് പാരമ്പര്യങ്ങളെ കോർത്തിണക്കിയുണ്ടാക്കിയിട്ടുള്ള ഒന്നായതുകൊണ്ടുതന്നെ പേരുകൾക്കു വ്യത്യാസം സംഭവിക്കും, കൂടാതെ ഊതിവീർപ്പിച്ചും പെരുപ്പിച്ചും കാണിക്കുന്നതാണ് ചില സംഭവങ്ങളെന്നുതോന്നും; സ്വാഭാവികതയിലും കുറവുണ്ടെന്നു ചിലർ കരുതുന്നു. "തോമ്മായുടെ നടപടിക്രമങ്ങൾ" വിവരിക്കുന്ന പല കാര്യങ്ങളും നിലവിലുള്ള പാരമ്പര്യങ്ങളോടൊത്തു പോകുന്നവയായതുംകൊണ്ട് ഒരു ചരിത്രത്തെളിവെന്നതിനപ്പുറമായി നിലവിലുള്ള പാരമ്പര്യങ്ങളുടെ സ്ഥിരീകരണമായി പ്രസ്തുത ഗ്രന്ഥത്തെ സ്വീകരിക്കാവുന്നതാണ്.

മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിനുശേഷമുള്ള ഭാരതസഭയെക്കുറിച്ചു നമ്മുക്കു നാമമാത്രമായിട്ടുള്ള ചരിത്രരേഖകൾ മാത്രമേയുള്ളൂ—അതും പലപ്പോഴും ഒന്നും തെളിയിക്കുന്നില്ലതാനും. പോർച്ചുഗീസുകാർ കേരളത്തിൽ വരുന്ന പതിനാറാം നൂററാണ്ടുവരെയുള്ള ചരിത്രത്തിൻെറ ചിത്രം വളരെ മങ്ങിയതും ഇഴകൾ അകന്നുകിടക്കുന്നതുമായ ഒന്നാണ്.

കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാഭരണം നിർവ്വഹിച്ചിരുന്നത് വിദേശീയരായ മെത്രാൻമാരായിരുന്നുവെന്നതിനു യാതൊരു സംശയവുമില്ല; പേർഷ്യയിൽ നിന്നും സെലൂക്യായിൽ നിന്നുമുള്ള മെത്രാൻമാർ,

www.malankaralibrary.com



കേരളസഭയിൽ ആത്മീയാധികാരം ഉപയോഗിച്ച് സഭാമക്കളുടെ നന്മയ്ക്കായി പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതിനും തെല്ലും സംശയമില്ല. പൗരസ്ത്യദിക്കിലെ സഭകളുടെയെല്ലാം മാതൃസ്ഥാനം വഹിച്ചിരുന്നത് അന്തിയോക്കിയൻ സഭയായിരുന്നു. ഇക്കാരണത്താൽ കേരളീയ സഭയും അന്തിയോക്കിയൻ സഭയ്ക്ക് ഒരർത്ഥത്തിൽ കീഴ്പെട്ടിരുന്നുവെന്നു പറയാം. അന്തിയോക്യായെന്നു പറയുന്നത് യാക്കോബായ സഭയുടെ അസ്തിത്വത്തെ മാത്രമല്ലാ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട പ്ലാസിഡച്ചൻെറ അഭിപ്രായത്തിൽ അന്തിയോക്കിയാ സഭയുടേയോ, സെലൂക്കിയാ സഭയുടേയോ, പേർഷ്യാ സഭയുടേയോ ഒരു വിഭാഗമല്ലായിരുന്നു കേരളീയ സഭ. കേരളീയസഭയ്ക്ക് തികഞ്ഞ ഒരു പ്രാദേശികസഭയുടെ സ്ഥാനവും ഒരു ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടു എന്ന വിശേഷതയും ഉണ്ടായിരുന്നു.

പ്രാദേശികസ്വഭാവം കേരളീയസഭ കൈവെടിഞ്ഞില്ലെങ്കിലും പൗരസ്ത്യസ്വഭാവം അടിസ്ഥാനപരമായി നിലനിർത്തിയിരുന്നതിനാലും മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മററു പ്രാദേശികസഭകൾ മദ്ധ്യപൂർവ്വദേശങ്ങളിലുണ്ടായിരുന്നതിനാലും സഭാപരവും ഭരണപരവുമായ ബന്ധം മദ്ധ്യപൂർവ്വദേശങ്ങളിലുണ്ടായിരുന്ന മററു സഭകളുമായി പുലർത്തിയിരുന്നുവെന്നതിനും കാതലായ തർക്കമുണ്ടാകാൻ ഇടയില്ല. സെലൂക്യൻ സഭയും പേർഷ്യൻസഭയും മാറി മാറി മെത്രാന്മാരെ അയച്ചിരുന്നുവെന്നു പറയുകയും സാദ്ധ്യമല്ല. രണ്ടു സഭകളും തമ്മിൽ കടുത്ത മാത്സര്യമുണ്ടായിരുന്ന അവസരങ്ങളിൽ ഇരുസഭകളിൽ നിന്നും മെത്രാന്മാർ കേരളത്തിൽ വന്നിരുന്നുവെന്നു പറയുന്നതിലും തെററില്ല. പേർഷ്യയും ഇൻഡ്യയും തമ്മിലുള്ള പൗരാണിക ബന്ധത്തിൻെറ തെളിവ് നമ്മുടെ പുരാതനപള്ളികളിൽ കാണപ്പെടുന്ന പല്ലവിക്കുരിശുകൾ തന്നെ; ആലങ്ങാട്, മുട്ടുചിറ, കോട്ടയം, കടമററം മുതലായ സ്ഥലങ്ങളിൽ ഇവ ഇന്നും പൂജ്യമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഒൻപതാം ശതാബ്ദത്തിലേതെന്നു ചിലർ കരുതുന്ന കൊല്ലം ചെപ്പേടിൽ ഒൻപതു പേർഷ്യൻ നാമങ്ങൾ കാണപ്പെടുന്നു. പേർഷ്യ

www.malankaralibrary.com



യിലെ വർദശീർ മെത്രാപ്പോലീത്തയായ ശെമഊൻ സെലൂക്കി യാസഭയോട് മത്സരിച്ചതുകൊണ്ട് ഇൻഡ്യയിൽ മെത്രാന്മാരില്ലാതായിത്തീർന്നുവെന്നു ഏഴാംശതാബ്ദത്തിൽ സെലൂക്കി യായിലെ ഈശോയാബ് പാത്രിയർക്കീസ് പ്രസ്താവിച്ച തായി കാണുന്നു. വർദശീർ മെത്രാപ്പോലീത്തായായമ്ആനാ 470-ൽ വൈദികപ്രസംഗങ്ങളും ഗാനങ്ങളും തിയദോറിൻേറ യും ദിയദോറിൻേറയും കൃതികളുടെ ഒരു സുറിയാനി വിവർത്തനവും ഇൻഡ്യയിലേക്കു അയച്ചുകൊടുത്തു."[1] സെലൂക്കിയായും അന്തിയോക്യയും തമ്മിലുള്ള ബന്ധം ആദിമശതകങ്ങളിൽതന്നെ ഉറച്ചതായിരുന്നെങ്കിലും പല കാരണങ്ങൾ, രാഷ്ട്രീയവും സഭാപരവുമായവകൊണ്ട്, ബന്ധങ്ങൾ ഉലഞ്ഞു. 424-ൽ സെലൂക്കിയായിലെ ദാദീശോ മർക്കബെത്തായിൽ നടത്തിയ സുന്നഹദോസിൽ വച്ച് സെലൂക്കിയാസഭ അന്തിയോക്കിയായുടെ മേധാവിത്വം പരിത്യജിച്ചു (Fortescue pg. 51).[2] അതേത്തുടർന്ന് സെലൂക്കിയായുടെ കാതോലിക്കാ, "പാത്രിയർക്കീസ്" എന്ന സംജ്ഞ സ്വീകരിക്കുകയും ആ സഭ നെസ്തോറിയത്വത്തിനു വശഗയാകുകയും ചെയ്തു. സെലൂക്കിയായും പേർഷ്യായും തമ്മിലുള്ള വടംവലിയും ഇടയ്ക്കിടെ ശക്തമായിക്കൊണ്ടിരുന്നു. സെലൂക്കിയായുമായുള്ള മത്സരം നിമിത്തം പേർഷ്യായ്ക്കു ഇൻഡ്യയിലുണ്ടായിരുന്ന അധികാരത്തിനു സാരമായ ഹാനി തട്ടുവാൻ ഇടവന്നു. സെലൂക്കിയാ പാത്രിയർക്കീസായിരുന്ന സ്ലീബാസ്കാ (714 — 728) ഇൻഡ്യൻസഭയ്ക്കു മെത്രാപ്പോലീത്തൻ സ്ഥാനം പ്രദാനം ചെയ്തു. ആറുകൊല്ലത്തിലൊരിക്കൽ ഐക്യലേഖനവും തലവരിപ്പണവും അയച്ചുകൊടുക്കണമെന്ന വ്യവസ്ഥയിൽ സെലൂക്കിയായിലെ തെയൊദോസിയൂസ് പാത്രിയർക്കീസ് (852—858) സ്ലീബാസ്കയുടെ തീരുമാനത്തെ ശക്തിപ്പെടുത്തി. ഇവയ്ക്കെല്ലാം പ്രാരംഭമായി മുൻപറഞ്ഞ തിമോത്തിയോസ് പാത്രിയർക്കീസ് (650—660) ഇൻഡ്യാസഭ സെലൂക്കിയാസഭയ്ക്കു മാത്രം

1 ഫാ. പ്ലാസിഡ് കൂനൻകുരിശിനുമുമ്പ് (pg. 119).

2 ഫാ. പ്ലാസിഡ് കൂനൻകുരിശിനുമുമ്പ് (pg. 122).

www.malankaralibrary.com



വിധേയമായാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ടായിരുന്നു. (Assemani II pg.433).[3] ഇപ്രകാരം നിയമിക്കപ്പെട്ട ഇന്ത്യാ മെത്രാപ്പോലീത്താ ഏകനായിരുന്നു. "അഖിലേന്ത്യാമെത്രാപ്പോലീത്തായും വാതിലും" (മെത്രാപ്പോലീത്താ ഉതറഓദ് കൂൽ ഹെൻന്തോ) എന്നായിരുന്നു സ്ഥാനപ്പേര്. 635 മുതൽ ഇൻഡ്യയിലേക്കു മെത്രാന്മാരെ അയച്ച പതിമൂന്നു സെലൂക്കിയ പാത്രിയർക്കീസന്മാരുടെ പേരുകരം റെനൗഡോസിയൂസ് എടുത്തുകാണിക്കുന്നു. സെലൂക്കിയാ പാത്രിയർക്കീസ് ഇപ്രകാരം ഇൻഡ്യയിൽ അധികാരം നടത്തിയ സമയത്തുതന്നെ, അന്ത്യോക്യാമൽക്കായപാത്രിയർക്കീസും ഇൻഡ്യയെ അവകാശപ്പെട്ടിരുന്നു. ഇന്ത്യ അന്ത്യോക്യായുടെ കീഴിലായിരുന്നെന്നും അവിടേക്ക് അന്ത്യോക്യാപാത്രിയർക്കീസ് ഒരു കാതോലിക്കായെ നിയോഗിച്ചിരുന്നെന്നും ചരിത്രകാരന്മാർ സൂചിപ്പിക്കുന്നു. ഒമ്പതാംശതാബ്ദത്തിലൊ പത്താം ശതാബ്ദത്തിലോ സാബോർ, പ്രോത്ത് എന്ന രണ്ടു മെത്രാന്മാർ കേരളത്തിൽ വന്നു. അവരുടെ സമകാലീനനായ സെലൂക്കിയായിലെ നെസ്തോറിയൻ പാത്രിയർക്കീസ് ഇൻഡ്യയിലേക്കയച്ചമെത്രാന്മാരുടെ പട്ടികയിൽ സാബോറിൻേറയും പ്രോത്തിൻേറയും പേരുകരം കാണപ്പെടുന്നില്ല. ആകയാൽ അവർ അന്തിയോക്കിയാ മല്ക്കായാ പാത്രിയർക്കീസിൻെറ അധികാരത്താൽ കേരളത്തിൽ വന്നു എന്നു വിചാരിക്കാവുന്നതാണ്. 12-ാം നൂററാണ്ടിൽ ഇൻഡ്യയുടെ മെത്രാപ്പോലീത്തയായ ഒരു മാർ യോഹന്നാൻ കോൺസ്റ്റാൻറിനോപ്പിൾ വഴി റോമ്മായിലെത്തി കല്ലിസ്റ്റോസ് മാർപ്പാപ്പായിൽ നിന്നും പാലിയം സ്വീകരിച്ചതായി രേഖയുണ്ട്. ഈ മാർ യോഹന്നാൻ തോമ്മാശ്ലീഹായുടെ കബറിടത്തിൽ നടന്നിരുന്ന സംഭവങ്ങളെ റോമ്മായിൽ വച്ചു വിവരിച്ചതിൽ നിന്ന് കേരളവുമായി അദ്ദേഹത്തിനു ബന്ധമുണ്ടായിരുന്നെന്നു നമുക്കു ഊഹിക്കാം."[4]

"14-ാം ശതാബ്ദത്തിനുമുമ്പുള്ള സംഗതികളാണ് നാം ഇപ്പോരം പ്രതിപാദിച്ചുകഴിഞ്ഞത്. കേരളീയസഭ സെലൂ

---

3 ഫാ. പ്ലാസിഡ് കൂനൻകുരിശിനുമുമ്പ് (pg. 123).

4 ഫാ. പ്ലാസിഡ് കൂനൻകുരിശിനുമുമ്പ് (pg. 124-125).

www.malankaralibrary.com



ക്കിയായിലെ നെസ്തോറിയൻ പാത്രിയർക്കീസിന് വിധേയമായിരുന്നുവെന്നു ഖണ്ഡിച്ചു പറയത്തക്ക യാതൊരു രേഖയും നമ്മുടെ കൈവശമില്ല. അന്തിയോക്കിയായിലുള്ള മല്ക്കായ കത്തോലിക്കാ പാത്രിയർക്കീസിൻെറ കീഴിലുള്ള കാതോലിക്കാമാരാൽ കേരളീയസഭ ഭരിക്കപ്പെട്ടിരുന്നുവെന്നും രേഖപ്പെടുത്തിയിട്ടുള്ള ചില പ്രാമാണിക ചരിത്രകാരൻമാരുണ്ട്. 14-ാം ശതാബ്ദത്തിനു മുമ്പ് കേരളീയസഭയ്ക്ക് കത്തോലിക്കാ ഐക്യം ഉണ്ടായിരുന്നുവെന്ന് മാർ യോഹന്നാൻെറ ചരിത്രം വ്യക്തമാക്കുന്നുണ്ട്....[5]

പതിന്നാലാം ശതാബ്ദത്തിനുമുമ്പ് സെലൂക്കിയായിലെ നെസ്തോറിയൻ പാത്രിയർക്കീസിന് കേരളീയസഭ പൂർണ്ണമായും വിധേയമായിരുന്നുവെന്നു വിചാരിച്ചാൽത്തന്നെയും അതു പലതും തെളിയിക്കുന്നില്ല. റോമ്മാ മാർപ്പാപ്പായ്ക്കു സെലൂക്കിയൻസഭ കീഴ്പ്പെട്ടിരിക്കുന്നുവെന്ന വിശ്വാസമാണ് കേരളീയസഭ ഭരണവിഷയങ്ങളിൽ സെലൂക്കിയൻസഭയെ ആശ്രയിക്കുന്നതിനു പ്രേരിപ്പിച്ചത്. നെസ്തോറിയൻ തത്വങ്ങളെ സ്വീകരിക്കാനോ റോമ്മാസഭയോടു മത്സരിക്കുവാനോ അല്ല, പ്രത്യുത ഭരണവിഷയമായി മാത്രമായിരുന്നു പ്രസ്തുത ആശ്രയത്വം. ഒരു പ്രാദേശികസഭയെന്നുള്ള നിലയിൽ കേരളീയസഭ സെലൂക്കിയായുടേയോ മററു പൗരസ്ത്യസഭകളുടേയോ വിഭാഗമല്ലായിരുന്നു. സെലൂക്കിയായേയോ വേറെ ഏതെങ്കിലും പൗരസ്ത്യസഭയേയോ ആശ്രയിച്ചുമല്ലായിരുന്നു അതിൻെറ ഉത്ഭവം. തികഞ്ഞ പ്രാദേശികത്വം നിലനിർത്തുകയും അതേസമയം റോമ്മായ്ക്കു കീഴ്പ്പെട്ടിരുന്നുവെന്നു വിശ്വസിച്ചിരുന്ന സെലൂക്കിയൻസഭയെ ഭരണകാര്യങ്ങളിൽ ആശ്രയിക്കുകയും ചെയ്തതുവഴി കേരളീയസഭ ഒരു നാളും പാഷണ്ഡതയിലായിരുന്നില്ല. സെലൂക്കിയായുടെ അബദ്ധങ്ങരം കേരളത്തിൽ കടന്നുകൂടുവാൻ ഇടയായിട്ടുണ്ടെങ്കിൽ പാഷണ്ഡതാപരമായ മനസ്ഥിതിയോ പാഷണ്ഡതയെപ്പററിയുള്ള അറിവോ കേരളത്തിലില്ലായിരുന്നു. സെലൂക്കിയാ റോമ്മായുടെ കീഴിൽതന്നെ നിലനില്ക്കുന്നുവെന്ന വിശ്വാസം കേരളീയ

5 ഫാ. പ്ലാസിഡ് കൂനൻകുരിശിനുമുമ്പ് (pg. 126).

www.malankaralibrary.com



സഭയിൽ വ്യാപകമായിരുന്നു. കത്തോലിക്കാഐക്യം കൈവെടിയുന്നതിനും സെലൂക്കിയായ്ക്ക് പ്രത്യേകമായുണ്ടായിരുന്ന നെസ്തോറിയൻ പാഷണ്ഡത സ്വീകരിക്കുന്നതിനും സഭാപരമായി കേരളീയസഭ ഒരിക്കലും മുതിർന്നിട്ടില്ലായെന്നു തറപ്പിച്ചു പറയുവാൻ സാധിക്കും.

കേരളീയസഭ അതിന്റെ പ്രാദേശികത്വത്തിൽ എന്നും അഭിമാനിച്ചിരുന്നു. സെലൂക്കിയൻ നെസ്തോറിയത്വത്തിന് കേരളീയ സഭയുടെ കത്തോലിക്കാ ഐക്യത്തിനു ഒരു പോറൽപോലും ഏല്പിക്കുന്നതിനു കഴിഞ്ഞിരുന്നുമില്ല. അതിവിദൂരമായ കേരളീയ സഭയ്ക്ക് 14-ാം നൂററാണ്ടിനുമുമ്പ്, മാർപ്പാപ്പായുടെ കീഴാണെന്നുള്ള ധാരണയുണ്ടാകുകയല്ലാതെ, തദനുയോജ്യമായ കത്തിടപാടുകൾ നടത്തുക അസാദ്ധ്യമായിരുന്നു. തന്നിമിത്തം ധാരാളം അബദ്ധങ്ങൾ അതിൽ നുഴഞ്ഞുകയറുകയെന്നതും അസംഭവ്യമല്ല. ആകയാൽ 14-ാം ശതാബ്ദത്തിനു മുമ്പ് കേരളീയ സഭ നെസ്തോറിയൻ പാത്രിയർക്കീസിനെ അനുസരിച്ചിരുന്നുവെന്നു വന്നാൽ തന്നെയും, ആ കാരണത്താൽ ആ സഭ റോമ്മാ ഐക്യത്തിൽനിന്നു ഭിന്നമായിരുന്നു എന്നു സിദ്ധിക്കുന്നതല്ല.

മിശിഹാ സ്ഥാപിച്ച ഏകസത്യസഭ, റോമ്മാ മാർപ്പാപ്പാ അദ്ധ്യക്ഷനായിരിക്കുന്ന കത്തോലിക്കാസഭ മാത്രമായാൽ, മാർത്തോമ്മാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച കേരളീയ സുറിയാനിസഭ ആരംഭം മുതൽതന്നെ വിശുദ്ധ പത്രോസിന്റേയും പിൻഗാമികളായ റോമ്മാമാർപ്പാപ്പാമാരുടേയും പരമാധികാരം സ്വീകരിച്ചിരുന്നു എന്നു തീർത്തുപറയാതെ ഗത്യന്തരമില്ല. റോമ്മാമാർപ്പാപ്പായുടെ പരമാധികാരം സ്വീകരിച്ചിരുന്ന കേരളീയസഭ, അതേ പരമാധികാരത്തിനു സ്വയം വിധേയയാണെന്നും കരുതിയിരുന്ന സെലൂക്കിയാ സഭയെ ഭരണവിഷയകമായി ആശ്രയിച്ചതുകൊണ്ട്, റോമ്മായോട് കേരളീയ സഭയ്ക്കുണ്ടായിരുന്ന വിധേയത്വം ശക്തിപ്പെടുകയേ ചെയ്തിട്ടുള്ളു. സെലൂക്കിയായുടെ നെസ്തോറിയത്വം സ്വീകരിച്ചുകൊണ്ട് സ്വതന്ത്രയാകുവാനല്ലല്ലോ കേരളം സെലൂക്കിയായെ ആശ്രയിച്ചത്.

www.malankaralibrary.com



പതിനാലാം ശതാബ്ദത്തിന്റെ മുമ്പും അതിന്റെ ശേഷവും കേരളസഭയെ ഭരിച്ചിരുന്ന മെത്രാൻമാരുടെ അനുസ്യൂതമായ ഒരു പരമ്പരയെ എടുത്തുകാണിക്കുവാൻ നമ്മുക്കു സാധിക്കുന്നതല്ല. പലപ്പോഴും ദീർഘകാലത്തേക്ക് കേരളത്തിൽ മെത്രാന്മാരും ഇല്ലായിരുന്നു. 16-ാം ശതാബ്ദത്തിനുമുമ്പ് ഇൻഡ്യയെ ഭരിച്ചിരുന്ന കുറെ മെത്രാന്മാരുടെ പേരുകൾ നമ്മുടെ കൈവശമുണ്ട്. അവരിൽ ചിലർ ഇൻഡ്യയിൽ വന്നത് ഏതധികാരത്താലാണെന്ന് ഖണ്ഡിച്ചു പറയുക സാദ്ധ്യമല്ലെന്നു മുകളിൽ പറഞ്ഞവയിൽനിന്നു വിശദമായിട്ടുണ്ടല്ലോ. അവരെല്ലാവരും സെലൂക്കിയായിലെ നെസ്തോറിയൻ പാത്രിയർക്കീസുമാരാൽ അയയ്ക്കപ്പെട്ടവരാണെന്നുള്ള ചില ചരിത്രകാരൻമാരുടെ പ്രസ്താവന നിസ്സംശയം സ്വീകരിക്കത്തക്കതാണെന്നുതോന്നുന്നില്ല. ഇൻഡ്യായിലെ മെത്രാന്മാരായി കാണുന്നവരെല്ലാം കേരളത്തിൽ അധികാരം നടത്തിയിരുന്നുവെന്നു വിചാരിച്ചതും ശരിയായിരിക്കണമെന്നില്ല—ഏതായാലും മെത്രാന്മാരുടെ അഭാവത്താൽ പല അബദ്ധങ്ങളും ക്രിസ്തീയ ചൈതന്യവിഹീനതയും കേരളത്തിൽ ഉണ്ടായിരുന്നു എന്നു സമ്മതിക്കണം. എന്നാൽ അവ കത്തോലിക്കാ ഐക്യത്തെ നശിപ്പിച്ചിരിക്കണമെന്ന് പറയാവുന്നതല്ല''.[6]

കേരള ക്രൈസ്തവർ നെസ്തോറിയൻ പക്ഷക്കാരോ നെസ്തോറിയൻ പാഷണ്ഡത ബോധപൂർവ്വം സ്വീകരിച്ചവരോ ആയിരുന്നില്ലായെന്ന് അവരുടെ പുരാതനകാലം മുതലുള്ള ചരിത്രം വെളിവാക്കുന്നു. ''പൗരസ്ത്യ സുറിയാനി ഭാഷയിലുള്ള ചില ഗ്രന്ഥങ്ങൾ വിദേശത്തുനിന്ന് ഇവിടെ കൊണ്ടുവന്നിരുന്നതിൽ നെസ്തോറിയൻ എന്നു സംശയിക്കത്തക്ക പദപ്രയോഗങ്ങളുണ്ടായിരുന്നുവെന്നത് ശരിതന്നെയാണ്. അതുപോലെ തന്നെ പാഷാണ്ഡതയുടെ നേരിയ കലർപ്പുള്ള ചില പ്രാർത്ഥനകൾ കേരള ക്രിസ്ത്യാനികളുടെ പ്രാർത്ഥനക്രമത്തിൽ കടന്നു കൂടിയിരിക്കാം. എന്നാൽ ഈ പദപ്രയോഗങ്ങളും പ്രാർത്ഥനാഭാഗങ്ങളും ഏതെങ്കിലും തരത്തിൽ അവരുടെ വിശ്വാസത്തെ സ്വാധീനി

6 ഫാ. പ്ലാസിഡ് കൂനൻകുരിശിനുമുമ്പ് (pg. 128-129)

www.malankaralibrary.com



ച്ചിരുന്നോയെന്നതാണ് പ്രശ്നം. മറിച്ചു, പാഷണ്ഡതയുടെ കലർപ്പുള്ള ഭാഗങ്ങളെ അവർ തങ്ങളുടെ പരമ്പരാഗതമായ സത്യവിശ്വാസത്തിൻെറ വെളിച്ചത്തിൽ വ്യാഖ്യാനിക്കുകയും മനസ്സിലാക്കുകയും ചെയ്യുകയല്ലേ സ്വാഭാവികം.

"അതിനുള്ള ഏററവും വ്യക്തമായതെളിവു കേരളത്തിലെ അതിപ്രാചീനങ്ങളായ ദൈവാലയങ്ങൾ തന്നെയാണ്. നെസ്തോറിയർ നിരസിക്കുന്നുവെന്നു പറയപ്പെടുന്ന ദൈവമാതൃഭക്തി കേരളത്തിൽ മുന്നിട്ടുനിന്നിരുന്നുവെന്നതിന് ആ ദേവാലയങ്ങൾ പലതും സാക്ഷികളാണ്. ക്രിസ്താബ്ദം അഞ്ചാം നൂററാണ്ടിനും പതിനാലാം നൂററാണ്ടിനുമിടയ്ക്കു സ്ഥാപിതങ്ങളായ കുറവിലങ്ങാട്, കല്ലൂർക്കാട്, മൂഴിക്കുളം, നെടിയശാല, ആരക്കുഴ, കാഞ്ഞാർ, ചങ്ങനാശ്ശേരി, കുടമാളൂർ, ഭരണങ്ങാനം, നാഗപ്പുഴ, കൊരട്ടി, ആലങ്ങാട് മുതലായ പ്രാചീന ദേവാലയങ്ങളെല്ലാം ദൈവമാതാവായ കന്യാമറിയത്തിൻെറ നാമത്തിലാണ് സ്ഥാപിതമായിരിക്കുന്നതെന്ന വസ്തുത ഒരു ചരിത്രകാരനു വിസ്മരിക്കാവുന്നതല്ല. കേരളക്രിസ്ത്യാനികൾ നെസ്തോറിയൻ പക്ഷപാതികളായിരുന്നെങ്കിൽ ദൈവമാതാവിൻെറ നാമത്തിൽ അവർ പള്ളികൾ സ്ഥാപിക്കുമായിരുന്നോ?"[7]

## കേരളീയസഭ—അതിൻെറ നിജസ്ഥിതി[8]

പോർത്തുഗീസുകാരുടെ വരവോടുകൂടെ കേരളസഭയുടെ ചരിത്രത്തിൽ സമൂലമായ പരിഷ്ക്കാരങ്ങൾക്കു നാന്ദികുറിക്കപ്പെട്ടു. അവരുടെ വരവിനുമുമ്പ് കേരളസഭ എന്തായിരുന്നു? മാർത്തോമ്മശ്ലീഹാ സ്ഥാപിച്ച വിശുദ്ധസഭ കാതോലിക ഐക്യത്തിൽനിന്നും വഴുതിമാറിപ്പോയോ?

---

7 കേരള ക്രിസ്ത്യാനികൾ, എം. ഓ. ജോസഫ്, നെടുകുന്നം (pg. 200-200).

8 മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ലഘുചരിത്രം ഇവിടെ നല്കപ്പെടുന്നത് പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണ്. മരിയഭക്തിയെന്ന വിഷയവുമായി പ്രസ്തുത വിവരണത്തിനു ബന്ധമില്ലായെന്ന് ഒററനോട്ടത്തിൽ തോന്നുമെങ്കിലും മരിയഭക്തിയുമായി ആത്യന്തികമായി പ്രസ്തുത ചരിത്രം ബന്ധപ്പെട്ടിരിക്കുന്നു.

www.malankaralibrary.com



ഇല്ലായെന്നുള്ളതാണ് സത്യസന്ധമായ വിലയിരുത്തൽ എന്ന് ചരിത്രകാരന്മാർ സമ്മതിക്കുന്നു. മാർത്തോമ്മാശ്ലീഹായുടെ സഭ മുഴുവനായി നെസ്തോറിയൻ പാഷണ്ഡതയിൽ വഴുതിവീണുപോയായെന്ന ചോദ്യത്തിനു ചിലർ സമ്മതം മൂളുന്നു, ചിലർ നിഷേധാത്മകമായി തെളിവുകഠം നൽകുന്നു. സെലൂക്കിയായിൽനിന്നും പേർഷ്യായിൽനിന്നും വന്ന മേല്പട്ടക്കാരിൽ ചിലർ കൊണ്ടുവന്ന പുസ്തകങ്ങളിൽ പാഷണ്ഡതയുടെ ധൂമപടലങ്ങഠം തങ്ങിനിന്നിരുന്നു; പക്ഷേ, കാതോലികമായ ഐക്യത്തിൽനിന്നു ഔപചാരികമായി, ബാഹ്യമായയാതൊരു രീതിയിലും, വേർപെട്ട യാതൊരു സ്ഥിതിവിശേഷവും ഉണ്ടായിട്ടില്ലായെന്ന് പോർത്തുഗീസ് ചരിത്രകാരൻമാർ പോലും സമ്മതിക്കും.

താരതമ്യേന ശാന്തമെങ്കിലും കേരളസഭയിൽ ചില സന്ദർഭങ്ങളിൽ പൊന്തിവന്നിട്ടുള്ള ചരിത്രപരമായ കോളിളക്കങ്ങഠം മുതലെടുക്കുന്നതിനു ശ്രമിച്ചുകൊണ്ട്, ഓരോ കൂട്ടർ കേരളസഭയെ തങ്ങളുടെ പക്ഷത്തേക്കു പിടിച്ചുചായിക്കുന്നതിന് തീവ്രശ്രമം നടത്തിയിട്ടുണ്ട്. കേരളസഭ ആദിമുതൽ തന്നെ യാക്കോബായയായിരുന്നുവെന്നു സ്ഥാപിക്കുന്നതിന് അതീവ താല്പര്യം കാട്ടിയിട്ടുള്ളവരുണ്ട്. ബഹുമാനപ്പെട്ട പ്ലാസിഡച്ചന്റെ "കൂനൻകുരിശിനുമുമ്പ്" എന്ന പുസ്തകം വിശദമായി ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. നിതാന്തവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ "സീറോ-മലങ്കരസഭ" എന്ന പ്രബന്ധത്തിൽ അന്ത്യോക്യായിലെ യാക്കോബായ സഭയുമായി മെനഞ്ഞെടുത്ത ബന്ധത്തെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. നമ്മുടെ ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം ഈവക കാര്യങ്ങളുടെ വിശദമായ ചർച്ചയല്ലാത്തതുകൊണ്ട് വിവരിച്ചുള്ള ഒരു പ്രതിപാദനം ഇവിടെ അപ്രസക്തമായി തീരുന്നു. ബഹുമാനപ്പെട്ട പ്ലാസിഡച്ചന്റെ അഭിപ്രായത്തിൽ "പതിന്നാലാം ശതാബ്ദത്തിനു മുമ്പും അതിന്റെ ശേഷവും കേരളീയസഭയ്ക്കു വിദേശത്തെ യാക്കോബായ സഭയുമായി ബന്ധമുണ്ടായിരുന്നു എന്ന് ചിലർ വാദിക്കു

www.malankaralibrary.com



ന്നത് സ്വീകാര്യമല്ല. ഇൻഡ്യയിൽ അധികാരമുണ്ടെന്ന് വാദിച്ചിരുന്ന അന്തിയോക്കിയാ പാത്രിയർക്കീസ് യാക്കോബായ പാത്രിയർക്കീസാണെന്നു ഒരു തെളിവുമില്ല പ്രത്യുത, അത് മല്ക്കായ പാത്രിയർക്കീസാണെന്ന് മുകളിൽ എടുത്തുകാണിച്ചിട്ടുണ്ട് (അന്തിയോക്കിയാ എന്നു കേട്ടുകൊണ്ട് യാക്കോബായ എന്നു അനുമാനിക്കുന്നതിൽ യുക്തിഭംഗമുണ്ടെന്നും അറിഞ്ഞിരിക്കണം. കാരണം ഒന്നിലധികം അന്തിയോക്കിയ പാത്രിയർക്കീസുമാർ വിവാദവിഷയമായ കാലഘട്ടത്തിൽ ഉണ്ടായിരുന്നു.[9] പതിന്നാലാം ശതാബ്ദത്തിനുമുമ്പ് ഇൻഡ്യാസഭയുടെമേൽ സെലൂക്കിയാ പാത്രിയർക്കീസ് അധികാരം നടത്തിയിരുന്നുവെന്നും യാക്കോബായ പാത്രിയർക്കീസിനോ മപ്രിയാനോ (കാതോലിക്കായിക്കോ) തദധികാരമില്ലായിരുന്നെന്നും യാക്കോബായ മപ്രിയാനും 1286-ൽ മരണമടഞ്ഞ ദേഹവുമായ ബാർ എബ്രായയുടെ കൃതിയിൽ നിന്ന് അനുമാനിക്കാവുന്നതാണ്.

നമ്മുടെ വിഷയവുമായി നേരിട്ടു ബന്ധപ്പെട്ട ഒന്നല്ല യാക്കോബായസഭ കേരളത്തിൽ എന്നാരംഭിച്ചുവെന്നുള്ളത്. യാക്കോബായ വിശ്വാസസംഹിതയിൽ പരിശുദ്ധ കന്യക മറിയാമിന് ഉന്നതമായ സ്ഥാനം നൽകുന്നുവെന്നതിനും പക്ഷാന്തരമില്ല. കാലാന്തരത്തിൽ മാർത്തോമ്മാശ്ലീഹായുടെ കേരളസഭയിൽ പിളർപ്പുണ്ടാകുകയും ഒരുപക്ഷം കത്തോലിക്കാ ഐക്യത്തിൽനിന്നും വേർപെട്ടുപോകുകയും ചെയ്തു. കൂനൻകുരിശിനുശേഷമുള്ള സംഭവങ്ങളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. കേരളസഭാചരിത്രത്തിൽ കറുത്ത പാടുകാം ഉണ്ടാക്കിക്കൊണ്ട് കൂനൻകുരിശുസംഭവം കടന്നുപോയി. ഒരു നൂററാണ്ടിൽകൂടുതലെടുത്തു മലങ്കരയിൽ ഒരു തദ്ദേശീയ മെത്രാൻ സാധുവായി വാഴിക്കപ്പെടുവാൻ ഇടയായി. കൂനൻകുരിശു സംഭവംമുതൽ കേരളസഭയിൽ ഉണ്ടായിക്കൊണ്ടിരുന്ന പിളർപ്പ് എത്രമാത്രം സംഭവബഹുലവും വേദനാജനകവുമായിരുന്നെന്ന് പുനരൈക്യപ്പെടാൻ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് മാർത്തോമ്മാ അഞ്ചാമൻ 1748-ൽ മാർപ്പാപ്പായ്ക്കയച്ച കത്തിൽനിന്നും വ്യക്തമാ

9 ഫാ. പ്ലാസിഡ് കൂനൻകുരിശിനുമുമ്പ് (pg. 129).

www.malankaralibrary.com



ണ്. "ഇതിനുശേഷം ഞങ്ങളിൽ ചിലർ കർമ്മലീത്തരെ അനുഗമിച്ചു, മററുചിലർ പോർട്ടുഗീസുകാരെയും. അങ്ങനെ ഒന്നായിരുന്ന ഞങ്ങളുടെ ഭദ്രാസനാംഗങ്ങൾ മൂന്നു ഗ്രൂപ്പായി; ഐക്യവും സ്നേഹവും ഞങ്ങളിൽനിന്ന് നഷ്ടമായി. ഒടുവിൽ ഒരു മെത്രാൻവന്നു. അദ്ദേഹം എവിടെനിന്നു വന്നെന്നോ, എന്താണദ്ദേഹത്തിൻെറ പരിപാടിയെന്നോ അറിയാതെ ഞങ്ങളിൽ ചിലർ അദ്ദേഹത്തേയും അനുഗമിച്ചു."[10]

പതിനാറാം നൂററാണ്ടിൽ പോർത്തുഗീസ് മിഷനറിമാരുടെ വരവോടുകൂടി വിശേഷവിധമായ ഉണർവ്വും ഉത്സാഹവും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ ദൃശ്യമായി. മിഷനറിമാരെ ഹൃദ്യമായി തങ്ങളുടെ ദേവാലയങ്ങളിൽ സ്വീകരിക്കുകയും കർമ്മാനുഷ്ഠാനങ്ങൾ നടത്തുന്നതിന് അവർക്കുവേണ്ട എല്ലാ ഒത്താശകളും നൽകുകയും ചെയ്തു.

**മാർത്തോമ്മാ** ക്രിസ്ത്യാനികളുടെ സഹകരണം മിഷനറിമാർക്കു വളരെയേറെ സന്തോഷം പകർന്നു. അതോടൊപ്പം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മതപരമായ ജീവിതം സാഹചര്യങ്ങളുടെ ചുഴികളിൽപെട്ട് ചൈതന്യരഹിതമായിത്തീർന്നുവെന്നും നെസ്തോറിയൻ പാഷണ്ഡതയും ഹൈന്ദവാചാരങ്ങളും അവരുടെ ആത്മീയജീവിതത്തെ നാശോൻമുഖമാക്കിതീർത്തുവെന്നും മിഷനറിമാർ ചിന്തിച്ചു. മാർത്തോമ്മാ ക്രിസ്ത്യാനികളിൽ കടന്നുകയറിയിട്ടുള്ള തെററുകളെ തിരുത്തുന്നതിനുള്ള തീരുമാനവുമായി മിഷനറിമാർ പദ്ധതികൾ ആവിഷ്കരിച്ചു. പേർഷ്യാ—സെലൂക്കിയാ പ്രദേശങ്ങളിൽനിന്നുള്ള മെത്രാൻമാരുടെ വരവ് തടയുക, തെററുകൾ കടന്നുകൂടിയിട്ടുള്ള പുസ്തകങ്ങൾ ചുട്ടുകരിക്കുക, സുന്നഹദ്ദോസ് കൂടി മഹറോനെന്ന വജ്രായുധത്തിൻെറ മാററുകൂട്ടി മാർത്തോമ്മാ ക്രിസ്ത്യാനികളെ വിറപ്പിക്കുക, പിന്തിരിപ്പിക്കുക, ഇങ്ങനെയുള്ള നവീകരണ ശുദ്ധീകരണപ്രസ്ഥാനങ്ങൾ രൂപംകൊണ്ടപ്പോൾ മിഷനറിമാർക്കെതിരെ മാർത്തോമ്മാ ക്രിസ്ത്യാനികൾ തിരിഞ്ഞു! അവസാനം കൂനൻകുരിശായി, ശീശ്മയായി, സാധുവായ

10 സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ....
സീറോ-മലങ്കരസഭ (pg. 60).

www.malankaralibrary.com



കൈവെയ്പില്ലാതെ അത്മായ മെത്രാൻമാർ ഒന്നിനുപുറകെ ഒന്നായി ആറുപേർ, അവസാനം യാക്കോബായ മെത്രാൻമാരുടെ ആഗമനവും അന്തിയോക്കിയൻ ബന്ധത്തിൻെറ സ്ഥിരീകരണവും, കാലാന്തരത്തിൽ പിളർപ്പിൻെറ വേലിയേററങ്ങൾ. നവീകരണപ്രസ്ഥാനങ്ങൾ, മാർത്തോമ്മാ പ്രോട്ടസ്റ്റൻറ് സഭകളുടെ ആവിർഭാവം. കേരളസഭ പിളർപ്പിൽ കുടുങ്ങി; മാർത്തോമ്മാ ക്രിസ്ത്യാനികൾ പല തട്ടുകളിൽ, സഭാവിഭാഗങ്ങളിൽ. ഒരു വശത്ത് വിവിധ സ്ഥാപിത താല്പര്യക്കാരും സ്വകക്ഷികളും ചേർന്ന് മാർത്തോമ്മാശ്ലീഹാ ത്യാഗങ്ങൾ സഹിച്ച് സ്ഥാപിക്കുകയും രക്തം ചിന്തി ഉറപ്പിക്കുകയും ചെയ്ത കേരളസഭയെ പിളർക്കുകയും ഐക്യത്തിൽനിന്നു അകററുകയും ചെയ്യുമ്പോൾ, മറുവശത്ത് കത്തോലിക്കാസഭയുമായി ഐക്യത്തിനു ശ്രമിക്കുകയും പൂർണ്ണമായ ഐക്യത്തിൽ എത്താൻ കഴിയാതെ നിരാശിതരാകയും ചെയ്യുന്നവരുടെ നീണ്ട പട്ടിക നമ്മുക്കു കാണുവാൻ സാധിക്കും. കൂനൻകുരിശിനുശേഷം കോളിളക്കങ്ങളിലൂടെ സഭൈക്യത്തിൽ പിടിച്ചുനിന്ന ഒരുകൂട്ടം മാർത്തോമ്മാ ക്രിസ്ത്യാനികളുണ്ട്—"പഴയ കൂററുകാർ" എന്നറിയപ്പെടുന്ന അവർ ഇന്ന് "സീറോ മലബാർ റീത്തും ആരാധനക്രമവും സ്വീകരിച്ച് വിവിധ രൂപതകളിലായി ഇന്ത്യയൊട്ടുക്ക് വ്യാപിച്ചുകിടക്കുന്നു. സഭൈക്യത്തിൽനിന്നും പതറുകയും ചിതറുകയും ചെയ്തശേഷം ഒരു സഭാവിഭാഗമായി കത്തോലിക്കാ ഐക്യത്തിൽ സുഭഗസ്മരണാർഹനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ തിരികെവന്ന ഒരുകൂട്ടം മാർത്തോമ്മാ ക്രിസ്ത്യാനികളുണ്ട്. ഈ മൂന്നു രൂപതകളിലായി തങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ അന്തിയോക്യൻ ക്രമമനുസരിച്ചു നടത്തുന്ന ഇവർ" സീറോ-മലങ്കരറീത്തുകാർ എന്നറിയപ്പെടുന്നു. പുത്തൻകൂററുകാർ എന്നറിയപ്പെടുന്നവരിൽ ഒരു ചെറിയ വിഭാഗമാണ് ഇപ്രകാരം കത്തോലിക്കാസഭയുടെ ഐക്യത്തിൽ നൂററാണ്ടുകളുടെ പിളർപ്പിൻേറയും തളർച്ചയുടേയും അനുഭവങ്ങൾക്കുശേഷം തിരികെ വന്നിട്ടുള്ളത്. പുത്തൻകൂററുകാരിൽ ഒരു വിഭാഗം അന്തിയോക്കിയാ യാക്കോബായ പാത്രിയർക്കീസിൻെറ കീഴിൽ ഇന്നും നിലയുറപ്പിച്ചിരിക്കുന്നു.

www.malankaralibrary.com



മററൊരു പ്രബലവിഭാഗം സ്വതന്ത്ര സഭാ വാദവുമായി പൗരസ്ത്യ കാതോലിക്കായുടെ ഭരണത്തിൻകീഴിൽ മാർത്തോമ്മായുടെ സിംഹാസനം തങ്ങളുടേതെന്നവകാശപ്പെട്ടുകൊണ്ട് മുന്നേറുന്നു. കേരളത്തിന്റെ സാമൂഹിക സാമ്പത്തികതലങ്ങളിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു നിർണ്ണായകമായൊരു സ്ഥാനമുണ്ട്. പ്രസ്തുത സ്ഥാനം നിലനിർത്തുന്നതിൽ പുത്തൻകൂററു വിഭാഗത്തിൽപെട്ട ഓർത്തഡോക്സുകാർ നല്ലൊരുപങ്ക് വഹിക്കുന്നുണ്ട്. യാക്കോബായസഭയിൽ നിന്നും കാലാന്തരത്തിൽ പലകാരണങ്ങൾകൊണ്ട് പിരിഞ്ഞുപോയിട്ടുള്ളവരാണ് മാർത്തോമ്മാസഭയിൽപെട്ടവർ. അവരിൽനിന്നും പ്രോട്ടസ്റ്റൻറ് സ്വാധീനത്തിൽ പിരിഞ്ഞുപോയവരാണ് സി. എം. എസ്. ഇങ്ങനെ മാർത്തോമ്മാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച സഭ കാലക്രമേണ പിളരുകയും തളരുകയും ചെയ്ത വിവിധ സഭാ സമൂഹങ്ങളായി രൂപാന്തരപ്പെട്ടിട്ടുണ്ടെങ്കിലും, അടിസ്ഥാനപരമായി മാർത്തോമ്മായുടെ പാരമ്പര്യത്തെക്കുറിച്ച് അഭിമാനംകൊള്ളുന്നവരും വീമ്പ് പറയുന്നവരുമാണ് എല്ലാക്കൂട്ടരും. മാർത്തോമ്മാസഭ, സി. എം. എസ്., സി. എസ്. ഐ. ഇവ ചേർന്നു ഒരു പൊതു ക്രമീകരണവും ഐക്യപ്രസ്ഥാനവും അവരുടെ ഇടയിൽ തന്നെ ഉണ്ടാക്കിയിട്ടുണ്ട്, അവർക്കു അതു അത്ര ശ്രമകരവുമല്ല. സഭാസംബന്ധവും വിശ്വാസപരവുമായ കാര്യങ്ങളിൽ അവർക്കു ഏകീകരണത്തിനു സാദ്ധ്യത വളരെ കൂടുതലുണ്ടുതാനും, കാരണം പ്രോട്ടസ്റ്റൻറ് നവീകരണപ്രസ്ഥാനത്തിന്റെ അടിയൊഴുക്ക് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പല അനുഷ്ഠാനങ്ങളേയും ആചാരങ്ങളേയും വിശ്വാസസംബന്ധമായ പല പ്രബോധനങ്ങളേയും കടപിഴുത് എറിഞ്ഞുകളഞ്ഞു. ഇപ്പോൾ മേലുദ്ധരിച്ച സഭാവിഭാഗങ്ങൾ പ്രോട്ടസ്റ്റൻറ് ചിന്താശൈലിയും പ്രബോധനാ പാഠങ്ങളും വിശ്വാസസംബന്ധമായ വിചാരങ്ങളും ഉൾക്കൊള്ളുന്നവയാണ്. നമ്മുടെ വിഷയത്തിന്റെ പരിധിക്കു വെളിയിലാണ് അവയുടെ നില്പ്. തന്മൂലം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പൈതൃകത്തേയും മാതൃഭക്തിയേയും കുറിച്ചുള്ള ലേഖനത്തിൽ ഈ സഭാവിഭാഗങ്ങളെ നാം ഉൾപ്പെടുത്തുന്നില്ല.

www.malankaralibrary.com



യാക്കോബായ, ഓർത്തഡോക്സ് സഭാവിഭാഗങ്ങൾ അതേസമയം കത്തോലിക്കാസഭയുടെ പാരമ്പര്യങ്ങളേയും പ്രബോധനങ്ങളേയും ഒരളവുവരെ ഉൾക്കൊള്ളുന്നതുകൊണ്ട്, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മരിയഭക്തിയെക്കുറിച്ചുള്ള അവലോകനത്തിൽ പ്രസ്തുത സഭകളുടെ പാരമ്പര്യത്തേയും നാം പരിഗണിക്കുന്നു.

കത്തോലിക്കാ ഐക്യത്തിൽനിന്നും കൂനൻകുരിശു സംഭവത്തോടുകൂടി പിരിഞ്ഞുപോയവർ വീണ്ടും താമസംവിനാ പ്രസ്തുത ഐക്യത്തിലേക്കു തിരിഞ്ഞുവന്ന് "പഴയകൂററ്" എന്ന അഭിധാനത്തോടുകൂടി നിലയുറപ്പിച്ചു. തിരികെവരാതെ തെററിൽ അകപ്പെട്ടവർ ഒററക്കെട്ടായി നിന്നുകൊണ്ട് തിരിച്ചുവരവിനു ശ്രമിച്ചുവെങ്കിലും മേൽ സൂചിപ്പിച്ചതുപോലെ തിരിഞ്ഞും പിരിഞ്ഞും മറിഞ്ഞും മുറിഞ്ഞും പലതട്ടുകളിൽ ഐക്യമില്ലാതെനിന്നു. ഏകദേശം മൂന്നൂററുവർഷങ്ങൾക്കുശേഷം ഐക്യത്തിൻെറ പ്രവാചകനായ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ പിരിഞ്ഞുനിന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് കത്തോലിക്കാ കൂട്ടായ്മയിലേക്കും കൂദാശാപരമായ സഹകരണത്തിലേക്കുമുള്ള പ്രവേശനവാതിൽ തുറന്നുകിട്ടി—മലങ്കര സഭ, പുനരൈക്യപ്രസ്ഥാനം ഒരു നിർണ്ണായകമായ ചരിത്രസംഭവമായി അരങ്ങേറി. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ശിഥിലീകരണത്തിൻെറ പ്രവണതയ്ക്ക് ഒരളവിൽ ശമനമുണ്ടായി.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മരിയഭക്തിയെക്കുറിച്ചുള്ള പഠനത്തിൽ മാർത്തോമ്മാശ്ലീഹായുടെ കാലംമുതൽ ഇന്നുവരെ, മലങ്കരസഭയെ പ്രത്യേകം മനസിൽകണ്ടുകൊണ്ട്, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിശ്വാസത്തിലും ജീവിതശൈലിയിലും ചിന്താരീതിയിലും പ്രതിഫലിച്ചിട്ടുള്ള മരിയഭക്തിയെക്കുറിച്ചാണ് പ്രതിപാദനം.

നെസ്തോറിയൻ പാഷണ്ഡിതയ്ക്കോ, കാലചക്രത്തിൻെറ തിരിവിൽ തേയ്മാനപ്പെട്ട് അററകുററങ്ങളോടുകൂടെ കാണപ്പെട്ട വികലമായ ആചാരങ്ങൾക്കോ അനുഷ്ഠാന

www.malankaralibrary.com



ങ്ങളോ ഒന്നുംതന്നെ മാർത്തോമ്മാശ്ലീഹാ നട്ടുവളർത്തിയ മരിയഭക്തിയാകുന്ന തരുവിനെ തളർത്താനോ നാശോന്മുഖമാക്കാനോ കഴിഞ്ഞിട്ടില്ല.

മാർത്തോമ്മാ ക്രിസ്ത്യാനികൾ ഇന്നും സംപൂജ്യമായി തങ്ങളുടെ രക്ഷകനും ദൈവപുത്രനുമായി ആരാധിക്കുന്ന യേശുവിൻെറകൂടെ അവിടുത്തെ പ്രിയപ്പെട്ട അമ്മയുമുണ്ട്. കാനായിലെ കല്യാണവിരുന്നിൽ യേശുവിനെ ക്ഷണിച്ചിരുന്നു, അവൻെറ അമ്മയും അവിടെയുണ്ടായിരുന്നു—യേശുവിൻെറ രക്ഷാകരപ്രവർത്തനങ്ങളുടെ തുടക്കം അവിടെയാണ്. ത്യാഗപൂർണ്ണമായ ജീവിതത്തിനു തിരശ്ശീലവീഴുന്ന ആ ധന്യമുഹൂർത്തത്തിൽ യേശുവിൻെറ അമ്മ കുരിശിൻ ചുവട്ടിലുമുണ്ടായിരുന്നു. ഗോഗുൽത്തായിലേക്കുള്ള ക്ലേശപൂർണ്ണമായ യാത്രയിൽ യേശുവിൻെറ അമ്മ അവിടത്തെ അനുധാവനം ചെയ്തിരുന്നു—ആ അമ്മയോടുള്ള ഭക്തിചൈതന്യം മാർത്തോമ്മാശ്ലീഹാവഴി മലങ്കരയിലെ പ്രിയപ്പെട്ട മക്കൾക്കും ലഭിച്ചിട്ടുള്ളതാണ്. നൂററാണ്ടുകളുടെ പ്രഹരമോ വിശ്വാസപരമായ ജീവിതത്തിൽവന്നിട്ടുള്ള വ്യതിയാനങ്ങളോ മാർത്തോമ്മാ ക്രിസ്ത്യാനികളിൽ ഏററിയ പങ്കിൻേറയും മരിയഭക്തിയിൽ കോട്ടംവരുത്തിയിട്ടില്ല.

## പോർട്ടുഗീസ് കാലഘട്ടം—നിർണ്ണായകമായ ചേരിതിരിവുകൾ

മാർത്തോമ്മാ ക്രിസ്ത്യാനികൾ പോർട്ടുഗീസുകാരെ താല്പര്യപ്പെട്ടു, ഇഷ്ടപ്പെട്ടു; പരസ്പരം സഹകരിച്ചു; "1503-ൽ കേരളീയസഭയെ ഭരിക്കുവാൻ വന്ന വിദേശീയരായ സുറിയാനി മെത്രാന്മാരെ പോർത്തുഗീസുകാർ സാദരം സ്വീകരിച്ചു, സ്വന്തം പ്രാർത്ഥനാലയത്തിൽ കുർബാനചൊല്ലിച്ചു, അവർക്കു വിലയേറിയ സമ്മാനങ്ങൾ നൽകി. ഈ മെത്രാന്മാരിൽ ഒരാളാണ് വിശുദ്ധ ശൗര്യാരിൻെറ ആത്മമിത്രമായ മാർ യാക്കോബ്".[1]

1 ഫാ. പ്ലാസിഡ് നമ്മുടെ റീത്ത് pg. 46

www.malankaralibrary.com



"പോർത്തുഗീസുകാരുടെ മൈത്രീബന്ധം നാംക്കു നാം വർദ്ധിച്ചു—പള്ളികരം പണിയുക, നവീകരിക്കുക, പുനരുദ്ധരിക്കുക, മെത്രാന്മാർക്കു ധനസഹായം ചെയ്യുക, പള്ളികളിൽ പ്രസംഗിക്കുക, പഠിപ്പിക്കുക......"[2]

"നസ്രാണികളും പോർട്ടുഗീസുകാരും തമ്മിലുണ്ടായ മൈത്രി നിമിത്തം വൈദിക ശുശ്രൂഷകരം ഒരേ പള്ളിയിൽ തന്നെ രണ്ടുറീത്തിലും നടത്തപ്പെട്ടിരുന്നു ...."[3]

"കുറെ കഴിഞ്ഞപ്പോരം പോത്തുഗീസുകാരുടെ മനഃസ്ഥിതി പാടെ വ്യത്യാസപ്പെട്ടു. ഗോവാ മെത്രാന് സുറിയാനിക്കാരുടെ മേൽ അധികാരമുണ്ടെന്നായിരുന്നു അവരുടെ ധാരണ. ബാബേൽ പാത്രിയർക്കീസിൻെറ അധികാരം കേരളത്തിൽനിന്നും നീക്കംചെയ്യുവാനാണ് തുടർന്നുണ്ടായ പരിശ്രമം. സുറിയാനിക്കാരെ ലത്തീൻകാരാക്കണമെന്നും അവർ നിശ്ചയിച്ചു. സുറിയാനിക്കാരുടെ അജ്ഞതയും പുസ്തകങ്ങളിൽ കടന്നുകൂടിയിരുന്ന അബദ്ധങ്ങളും 'ബാബേലിലെ' കത്തോലിക്കരായ പാത്രിയർക്കീസുമാരോടു മത്സരിച്ചു നിന്നിരുന്ന ഒരു കക്ഷിയിൽപെട്ട ചില മെത്രാന്മാരുടെ കേരളപ്രവേശനവും പോർട്ടുഗീസുകാരുടെ ആഗ്രഹങ്ങരംക്കും പരിശ്രമങ്ങരംക്കും കൂടുതൽ സഹായകങ്ങളായി പരിണമിച്ചു."[4]

"1503 മുതൽ 1550 വരെ ഭരണംനടത്തിയ മാർ യാക്കോബിൻെറ കാലത്ത് ലത്തിനീകരണത്തിൻെറ ആക്കം വർദ്ധിച്ചു. പലരും ലത്തീൻകാരായി. ചിലർ തങ്ങളുടെ സുറിയാനി പാരമ്പര്യങ്ങളിൽ ഉറച്ചുനിന്നു. ലത്തീൻ റീത്തിനോടു യോജിക്കാതിരുന്നതെല്ലാം പാഷണ്ഡതയും അബദ്ധവുമാണെന്ന് കരുതിക്കൊണ്ട് പല നടപടികളും ആരംഭിച്ചതിൽ ഖിന്നരായി, കൊടങ്ങല്ലൂർ താമസിച്ചിരുന്ന സുറിയാനിക്കാർ മലകളിലേക്കു ഓടി രക്ഷപ്രാപിച്ചു."[5]

---

2 ഫാ. പ്ലാസിഡ് നമ്മുടെ റീത്ത് pg. 46

3 Castetes S. J. Examiner 1922 pg. 203. നമ്മുടെ റീത്ത് pg 47.

4 ഫാ. പ്ലാസിഡ് നമ്മുടെ റീത്ത് pg. 48.

5 Schurhammer, Cited by Fr. Placid നമ്മുടെ റീത്ത് pg. 49.

www.malankaralibrary.com



"16-ാം ശതാബ്ദത്തിനുശേഷം, പ്രത്യേകം ലത്തീൻ ഭരണം പ്രാബല്യത്തിലിരുന്ന 18 ഉം 19 ഉം ശതാബ്ദങ്ങളിൽ ചില സുറിയാനിപ്പള്ളികളും കുറെയധികം സുറിയാനിക്കാരും ലത്തീൻകാരായിട്ടുണ്ട്. അന്നു ചില സ്ഥലങ്ങളിൽ ചില സുറിയാനിക്കാർ തങ്ങളുടെ സുറിയാനി റീത്തു പാലിക്കേണ്ടതിനായി ഇടവക മാറുകയോ പുതിയ പള്ളി പണിയുകയോ ചെയ്കയുണ്ടായിട്ടുണ്ടെന്നു കേട്ടിട്ടുണ്ട്."[6]

"1549-ൽ മാർ യാക്കോബ് മരണം പ്രാപിച്ചു. 1554-ൽ മാർ യൗസേപ്പ്, മാർ ഏലിയാ എന്ന രണ്ടു മെത്രാൻമാർ 'ബാബേലിൽനിന്ന്' കേരളത്തിലേക്കു പുറപ്പെട്ടു. മാർ ഏലിയാ അന്നത്തെ പാത്രിയർക്കീസിന്റെ പ്രതിപുരുഷനായിരുന്നു. അവരുടെകൂടെ ഡൊമിനിക്കൻ സന്യാസികളായ അംബ്രോസിസ് മെത്രാനും അന്തോനീനൂസ് പട്ടക്കാരനും കേരളത്തിലേക്കുതന്നെ യാത്ര തിരിച്ചു.... എന്നാൽ 18 മാസത്തേക്ക് ഇവരെയെല്ലാവരേയും പോർട്ടുഗീസുകാർ തടഞ്ഞു നിർത്തി. മാർ യൗസേപ്പിനേയും മാർ ഏലിയായേയും ലത്തീൻ പഠിപ്പിച്ച് ലത്തീനിൽ കുർബാന ചൊല്ലിക്കുകകൂടി അവർ ചെയ്തു. ഗോവാ മെത്രാപ്പോലീത്തായുടെ സമ്മതമില്ലാതെ യാതൊന്നും പ്രവർത്തിക്കരുതെന്നു ധരിപ്പിച്ച ശേഷം മാത്രമേ പോർട്ടുഗീസുകാർ ഇവർക്കു കേരളത്തിലേക്കുപോകുവാൻ അനുമതി നൽകിയുള്ളൂ."[7]

"മാർ യൗസേപ്പ് 1569-ൽ റോമ്മായിൽവച്ച് നിര്യാതനായി...."[8]

"അന്തോനീനൂസ് റോമ്മായിലേക്കു വിളിക്കപ്പെട്ട അവസരത്തിൽ നെസ്തോറിയൻ പാഷണ്ഡത ആരോപിച്ചുകൊണ്ട് മാർ യൗസേപ്പിനെ പോർട്ടുഗീസുകാർ പോർട്ടുഗലിലേക്കു കൊണ്ടുപോയി. അവിടെ നടന്ന വിസ്താരത്തിൽ നിരപരാധിയാണെന്നു തെളിയുകയാൽ അദ്ദേഹം റോമ്മായിൽകൂടി കേരളത്തിലേക്കു തിരികെവന്നു...... കുറെകഴിഞ്ഞ് മാർ യൗസേപ്പ് പാഷണ്ഡനാണെന്നു പ്രസ്താവി

6 നമ്മുടെ റീത്ത് pg. 51.
7 നമ്മുടെ റീത്ത് pg. 54.
8 നമ്മുടെ റീത്ത് pg. 55.

www.malankaralibrary.com



ച്ചുകൊണ്ട്, അദ്ദേഹത്തെ വിസ്താരത്തിനായി പോർട്ടുഗീസുകാർ റോമ്മായിലേക്കു കൊണ്ടുപോയി. അപ്പോഴും കുററം തെളിഞ്ഞില്ല. അദ്ദേഹം കർദ്ദിനാറം സ്ഥാനത്തിന് അർഹനാണെന്നു മാർപ്പാപ്പാ തീരുമാനിച്ചെന്നുകൂടി പോർട്ടുഗീസുകാർ പറയുന്നുണ്ട്. ആ സ്ഥാനം പ്രാപിക്കുന്നതിനുമുമ്പ് റോമ്മായിൽവച്ച് അദ്ദേഹം നിര്യാതനായി.''[9]

## മാർ അബ്രാഹം

''മാർ യൗസേപ്പിൻെറ സമകാലികനും അദ്ദേഹം മരിച്ച ശേഷം കേരളീയ സുറിയാനിക്കാരെ എല്ലാവരേയും ഭരിച്ച ആളും ആണ് മാർ അബ്രാഹം. പോർട്ടുഗീസുകാരും ഈശോസഭക്കാരും തന്നെയും തൻെറ ആളുകളേയും ലത്തീൻ റീത്തുപ്രകാരം നടത്തുവാൻ ശ്രമിക്കുന്നെന്ന് 1578-ൽ മാർപ്പാപ്പായെ ധരിപ്പിച്ചു, 1582-ൽ ഈശോസഭക്കാരുടെ സഹായത്തോടെ നടത്തിയ അങ്കമാലി സുന്നഹദ്ദോസിൽവച്ച് മാർ അബ്രാഹം പുസ്തകങ്ങറം തിരുത്തുകയും വൈദികരുടെ വസ്ത്രധാരണരീതി, ചാരിത്ര്യം ആദിയായവ സംബന്ധിച്ച് നിയമങ്ങറം സൃഷ്ടിക്കുകയും ചെയ്തു.''[10]

''1585-ൽ നടന്ന ഗോവാ സുന്നഹദോസിൽ മാർപ്പാപ്പായുടെ കല്പനപ്രകാരം മാർ അബ്രാഹം സംബന്ധിച്ചു. മെത്രാന്മാരും പട്ടക്കാരും കൂദാശകറം മുതലായവ ശുശ്രൂഷ ചെയ്യുന്നതിനുപയോഗിക്കുന്ന പുസ്തകങ്ങറം (Pontifical, Ritual), ലത്തീൻ തക്സാ, ലത്തീൻ കാനോൻജപം എന്നിവ കേരളീയസഭയുടെ ഉപയോഗത്തിന് ലത്തീനിൽനിന്നു സുറിയാനിയിലേക്ക് വിവർത്തനം ചെയ്യണമെന്ന് ആ സുന്നഹദോസിൽ തീരുമാനിക്കപ്പെട്ടു.''[11]

''മാർ അബ്രാഹം നെസ്തോറിയനാണെന്നും മററും റോമ്മായിൽ ബോധിപ്പിക്കപ്പെട്ടു. അബ്രാഹത്തേയും കുററക്കാരായി വല്ലവരുമുണ്ടെങ്കിൽ അവരേയും വിസ്തരിച്ചു റിപ്പോർട്ടയക്കുവാനും കുററക്കാരനാണെങ്കിൽ അദ്ദേഹത്തെ

---

9 നമ്മുടെ റീത്ത് footnote പ്രകാരം pg. 55 no. 21.

10 നമ്മുടെ റീത്ത് pg. 57.

11 നമ്മുടെ റീത്ത് pg. 57.

www.malankaralibrary.com



തടവിലാക്കുവാനും പകരം ലത്തീൻകാരനായ ഒരാളെവികാരി അപ്പസ്തോലിക്കാ ആക്കുവാനും 1595-ൽ എട്ടാം ക്ലീമ്മീസ് മാർപ്പാപ്പാഗോവാമെത്രാപ്പോലീത്തായെ അധികാരപ്പെടുത്തി. ഈ വികാരി അപ്പസ്തോലിക്കായ്ക്കു പട്ടം കൊടുക്കുവാൻ അധികാരമില്ലായിരുന്നു. എന്നാൽ അതേ മാർപ്പാപ്പ തന്നെ 1595ൽ-ൽ ഗോവാ മെത്രാപ്പോലീത്തായ്ക്കു വേറൊരു കല്പന കൊടുത്തു. അബ്രാഹം മരിച്ചശേഷം ഒരു പിൻഗാമി (റോമ്മായിൽ നിന്ന്) നിശ്ചയിക്കപ്പെടുന്നതുവരെയുള്ള കാലയളവിൽ സുറിയാനിക്കാരെ ഭരിക്കുവാൻ ഒരു വികാരി അപ്പസ്തോലിക്കായെ നിശ്ചയിക്കണമെന്നു മാത്രമെ അതിൽ കാണുന്നുള്ളൂ. ഈ രണ്ടു കല്പനകളിൽ ആശ്രയിച്ചുകൊണ്ടും താൻ പൗരസ്ത്യദേശങ്ങളിലെ "പ്രിമാത്തൂസ്" ആണെന്നു പ്രസ്താവിച്ചുകൊണ്ട് ഗോവയിലെ മെനേസിസ് മെത്രാപ്പോലീത്താ കേരളത്തിൽ വന്ന് പട്ടം കൊടുക്കുകയുംപ്പെടെ എല്ലാ വിധത്തിലുള്ള അധികാരങ്ങരം പ്രയോഗിക്കുകയും ചരിത്രപ്രസിദ്ധമായ ഉദയംപേരൂർ സുന്നഹദോസ് നടത്തുകയും ചെയ്തു"[12] (1599).

പതിനാറാം നൂററാണ്ടുവരെയുള്ള കേരളസഭാചരിത്രത്തിൻെറ, പൂർണ്ണമല്ലെങ്കിലും വികലമെങ്കിലും, ഒരു സാമാന്യരൂപം ലഭിക്കുന്നതിന് മേലുദ്ധരിച്ച ഭാഗങ്ങരം തീർച്ചയായും സഹായകമായിട്ടുണ്ട്. സെലൂക്കിയൻ ബന്ധങ്ങളുടെ പേരിൽ കേരളസഭയുടെ വിശ്വാസങ്ങളെ വളച്ചൊടിക്കാനും സുറിയാനി മെത്രാന്മാരുടെ ആഗമനത്തേയും അധികാരവിനിയോഗങ്ങളേയും തടയാനും "നെസ്തോറിയൻ" ചായ്വുകളുടെ ഉമ്മാക്കി ഉയർത്തിപ്പിടിച്ച് സുറിയാനിക്കാരെ പീഡിപ്പിക്കാനും മെരുക്കിയെടുക്കാനുമെല്ലാമുള്ള ശ്രമങ്ങരം അഭംഗുരം തുടർന്നുവെന്നു പറയുന്നതിൽ തെല്ലും തെററുണ്ടാകുകയില്ല. അതിൻെറ തുടർക്കഥയാണ് ഉദയംപേരൂർ സുന്നഹദോസ്. കേരളസുറിയാനിസഭയെ "സംശുദ്ധീകരിക്കുന്നതിനുള്ള" ശ്രമത്തിൽ, ഭിന്നിപ്പിൻേറയും എതിർപ്പിൻേറയും വിത്തുകരം പാകുന്നതിനു ഒരളവുവരെ ഉദയംപേരൂർ സുന്നഹദോസ് കരുവായിട്ടുണ്ട്.

---

12 നമ്മുടെ റീത്ത് pg. 58.

www.malankaralibrary.com



ഇതുവരെ നാം നടത്തിയ പ്രതിപാദനങ്ങളിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. മാർത്തോമ്മാക്രിസ്ത്യാനികൾ പോർട്ടുഗീസുകാരുടെ വരവിനു മുമ്പുണ്ടായിരുന്ന തങ്ങളുടെ വിശ്വാസപ്രമാണങ്ങളിൽ കാതലായ മാററങ്ങൾ വരുത്തിയിട്ടില്ല; അവരുടെ വരവിനു ശേഷം ബലാല്ക്കാരമായി നടത്തിയിട്ടുള്ള പുസ്തകതിരുത്തലുകൾ വഴി കാര്യമായ മാററങ്ങൾ തങ്ങളുടെ പ്രായോഗിക ജീവിതത്തിൽ വന്നിട്ടുമില്ല. മാതാവിനോടുള്ള അവരുടെ ഭക്തിക്ക് ഏതെങ്കിലും രീതിയിൽ വ്യതിയാനം ഉണ്ടായതായിട്ടും തോന്നുന്നില്ല. പോർട്ടുഗീസുകാർക്ക്, പ്രത്യേകിച്ച് ഗോവാ മെത്രാപ്പോലീത്തയായ മെനേസിസിനും അദ്ദേഹത്തിൻെറ അനുചരന്മാർക്കും ഉണ്ടായിരുന്ന ഒരേയൊരു ചിന്ത ഇത്രമാത്രമായിരുന്നു—മുടന്തൻന്യായങ്ങൾ ഉന്നയിച്ചും ആരോപണങ്ങൾ നടത്തിയും സുറിയാനിസഭയുടെ ആത്മവീര്യം കെടുത്തുക; അതോടൊപ്പം ലത്തിനീകരണത്തിനുള്ള എല്ലാ കരുക്കളും ഒരുക്കുക, മാർത്തോമ്മാശ്ലീഹാ തൻെറ രക്തസാക്ഷിത്വം വഴി നേടിയെടുത്ത സഭയെ പത്രോസിൻെറ സിംഹാസനത്തിൻ കീഴാക്കുകയെന്നവ്യാജേന പോർട്ടുഗീസ്പദ്രോവാദോ ക്രമീകരണത്തിൻെറ കീഴിലാക്കുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങളാണ് അവർക്കുണ്ടായിരുന്നത്. ശക്തികൊണ്ടും ശേഷികൊണ്ടും വിശ്വാസികളെ തങ്ങളുടെ ഇഷ്ടാനുവർത്തികളാക്കുന്നതിനുള്ള ഏകമാനതന്ത്രമാണ് അവർ സ്വീകരിച്ചത്. ഭിന്നിപ്പിൻേറയും ശീശ്മയുടേയും പാഷണ്ഡതകളുടെയും വഴികളിലേക്ക് എതിർത്തവർ തിരിഞ്ഞെങ്കിൽ ഒട്ടും അതിശയിക്കാനാവില്ല.

കന്യകമാതാവിനോടുള്ള ഭക്തിയെ സംബന്ധിച്ചിടത്തോളം ഏതെല്ലാം വ്യതിയാനങ്ങളാണ് ഉദയംപേരൂർ സൂന്നഹദോസ് വരുത്തിയതെന്ന് അടുത്ത ഭാഗത്ത് നമുക്കു കാണാം.

www.malankaralibrary.com



## ഉദയംപേരൂർ സുന്നഹദോസ്

1599-ൽ ഗോവായുടെ മെനെസിസ് മെത്രാപ്പോലീത്താ ഉദയംപേരൂർ എന്ന സ്ഥലത്ത് വിളിച്ചുകൂട്ടിയ സുന്നഹദോസ് "....നമ്മുടെ റീത്തിലും കാനോൻ നിയമത്തിലും, സാമുദായികാചാരങ്ങളിലും ഒരു സമൂലപരിവർത്തനം വരുത്തി, നിവൃത്തിയുള്ളപക്ഷം സുറിയാനിഭാഷകൂടെയും നിർത്തലാക്കണമെന്നായിരുന്നു മെനേസിസിൻെറ ഉദ്ദേശ്യം...."[13] ഉദയംപേരൂർ സുന്നഹദോസിനെക്കുറിച്ചുള്ള വിവരണത്തിന് ആമുഖമായി ഫാദർ പ്ലാസിഡ് പൊടിപ്പാറ എഴുതിയിട്ടുള്ളതാണ് മേലുദ്ധരിച്ച ഖണ്ഡിക. ഈ വിവരണങ്ങൾക്ക് സമാപനമായി അദ്ദേഹം എഴുതുന്ന ഒരു ഖണ്ഡികയും സുന്നഹദോസിനെ വിലയിരുത്തുന്നതിന് നമുക്ക് വളരെസഹായകമാണ്. "സുന്നഹദോസും റീത്തും" എന്ന ഖണ്ഡികയിൽ പ്രതിപാദിക്കുന്നതിപ്രകാരമാണ്. "ഉദയംപേരൂർ സുന്നഹദോസിൽവച്ച് മെനേസിസ് മെത്രാപ്പോലീത്താ സ്തുത്യർഹങ്ങളായ പല പ്രവൃത്തികൾ ചെയ്തെന്ന് നന്ദിപൂർവ്വം സ്മരിക്കേണ്ടതാണ്. നമ്മൾ റോമ്മായോട് ബന്ധപ്പെട്ടിരുന്നെങ്കിലും അജ്ഞത നിമിത്തം നമ്മുടെയിടയിൽ നുഴഞ്ഞുകയറിയിരുന്ന അബദ്ധങ്ങളും ദുരാചാരങ്ങളും അദ്ദേഹം മുഖേന ഉന്മൂലനം ചെയ്യപ്പെടുകയും, നമ്മിൽ കത്തോലിക്കാചൈതന്യം നവീകരിക്കപ്പെടുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിൻെറ അതിതീക്ഷ്ണതയും പൗരസ്ത്യസംഗതികളിലുള്ള അജ്ഞതയും ഹേതുവാൽ നമ്മുടെ റീത്തിനെ വാസ്തവത്തിൽ അംഗഭംഗപ്പെടുത്തി. സ്തുത്യർഹങ്ങളായ നമ്മുടെ പല സാമുദായികാചാരങ്ങളും അബദ്ധങ്ങളെന്ന് കരുതി അദ്ദേഹം നമ്മിൽനിന്ന് ദൂരീകരിച്ചു. നമ്മൾ ശീശ്മക്കാരായിരിക്കണമെന്നുള്ള ധാരണ ലോകം മുഴുവനും പ്രചരിക്കുവാൻ അദ്ദേഹം കാരണഭൂതനും ആയിത്തീർന്നു. മെനേസിസ് മെത്രാപ്പോലീത്താ ഉദയംപേരൂർ സുന്നഹദോസിൽവച്ച് പ്രവർത്തിച്ചവയെല്ലാം — നന്മയ്ക്കായാലും തിൻമയ്ക്കായാലും— അധികാരമില്ലാതെയാണ് പ്രവർത്തിച്ചതെന്നുകൂടി പറയേ

---

13 നമ്മുടെ റീത്ത് pg. 59.

www.malankaralibrary.com



ണ്ടതായിട്ടുണ്ടു്. നമ്മുടെയിടയിൽ ഒരു 'രൂപതാസുന്നഹദോസ്''നടത്തുവാൻഅദ്ദേഹത്തിന് അധികാരമില്ലായിരുന്നു. ഇങ്ങനെയാണ് നമ്മുടെഇന്നത്തെ റീത്തിൻെറ ഉത്ഭവം....''[14]

ഉദയംപേരൂർ സുന്നഹദോസ് ക്രൈസ്തവസഭയിൽ നവീകരണപ്രക്രിയ ആരംഭിച്ചത് നല്ലതുതന്നെ; അതോടൊപ്പം കടന്നുകൂടിയ തെററായ പ്രവർത്തനങ്ങൾ പിളർപ്പിനു തന്നെ വഴിതെളിച്ചു. കൂനൻകുരിശ് അതിൻെറ പരിണാമ ഫലമാണ്.

മാതാവിനെ സംബന്ധിക്കുന്ന വിശ്വാസങ്ങൾക്ക് ഉദയംപേരൂർ സുന്നഹദോസ് രൂപാന്തരം നല്കുന്നു. വിശ്വാസങ്ങളിലുള്ള അന്തരമെന്നതിനേക്കാൾ, പ്രസ്തുത വിശ്വാസങ്ങളുടെ പ്രകാശനം പ്രയോഗികതലത്തിൽ തെററിദ്ധാരണകൾക്ക് ഒരുപക്ഷേ അവസരങ്ങൾ നൽകിയിട്ടുണ്ടാവും. തെററിദ്ധാരണകൾ കാരണം തെററും ശരിയും ഒരുപോലെ തിരുത്തൽപ്രസ്ഥാനത്തിന് ഇരയായിപ്പോയിട്ടുണ്ടെന്നുള്ളതും സുവ്യക്തമാണ്.

***സുന്നഹദോസ് തീരുമാനങ്ങളിൽ കന്യകമാതാവിനെക്കുറിച്ച് നടത്തിയിട്ടുള്ള പ്രതിപാദനങ്ങൾ ഒന്നൊന്നായി ചുവടെ ചേർക്കുന്നു.***

**രണ്ടാം മൌതാ–രണ്ടാം യോഗവിചാരം**
**ഒന്നാം കാനോനാ.**

ഈ കാനോനാ ഒരു വിശ്വാസപ്രമാണം പോലെയാണ്. ചെയ്യേണ്ടുന്ന ഓരോ നടപടിക്രമങ്ങളെക്കുറിച്ചും ചർച്ചചെയ്തുകൊണ്ട് അത് പ്രായോഗികവിശ്വാസപ്രമാണത്തിൻെറ ഭാഗമായി ചേർക്കുകയാണ് ചെയ്തിട്ടുള്ളത്.[15] കന്യാസ്ത്രീ ഉമ്മാ തമ്പുരാൻെറ പട്ടാങ്ങയായ അമ്മയെന്നും വിശ്വസകാരര ഈവണ്ണം ഉമ്മായെ വിളിക്കുന്നത് യോഗ്യമത്രേ ആയതെന്നും വിശ്വസിക്കുന്നേൻ. പട്ടാങ്ങയായ

14 നമ്മുടെ റീത്ത് pg. 85.

15 കെ. എം. ഡാനിയേൽ ഉദയംപേരൂർ സുന്നഹദോസ് pg. 27.

www.malankaralibrary.com



മാനുഷൻ ദൈവസുഖത്തിനും പുത്രനെ ഏതും ഒരു നോവും കൂടാതെ പട്ടാങ്ങയാലെ പെററു എന്നതിനെക്കൊണ്ടും എന്നാൽ ഈ ഉമ്മാ പെറും മുമ്പെയും പെററപ്പോഴും പെററാറെയും എപ്പോഴും കന്യ ഉമ്മാ ആകുന്നത് എന്നും, നിരൂപണകൊണ്ടും വചനങ്ങരം കൊണ്ടും പ്രവൃത്തികൊണ്ടും ദോഷത്തിൻെറ കറ ഉമ്മായിക്ക് ഒരുനാളും ഉണ്ടായില്ല എന്നും വിശ്വസിക്കുന്നേൻ''.

## രണ്ടാംമൗതാ—രണ്ടാം സഹ

''ബാവാക്കും റൂഹാദക്കുദശാക്കും ശരിയാകുന്ന, വാവായോടും കൂടെ എപ്പോളും ഒണ്ട എന്ന, അവരോടുകൂടെ ഒരുകാതൽ ആകുന്ന തംപുരാൻെറ ഒരുവൻ പുത്രൻ ആദത്തിൻെറ ദോഷത്തിൽനിന്നും ശേഷം പെഴകളിൽ നിന്നും മനുഷരെ രക്ഷിപ്പാനായിട്ടു തംപുരാൻെറ അനുഗ്രഹത്തിനുടെ മേൽപട്ട വിചാരം കൽപിച്ചപ്പോരം, ശുദ്ധമാന എപ്പോളും കന്യയായ മറിയത്തുമ്മാടെ വയററിൽ റൂഹാദക്കുദശായാൻ മാനുഷസുഖം എടുത്തമനുഷനായി എന്നതിൻെറ അർത്ഥം ആയതദൃഢതയുള്ള ആത്മാവും ശരീരവും കൂടെ തംപുരാൻെറ പുതൻ എടുത്ത തന്നിൽത്തന്നെ ഒന്നിക്കുകയും ചെയ്തു.

''ഇതിനെക്കൊണ്ട മിശിഹാ ഒരുവനായിട്ടു പട്ടാങ്ങയായതം പുത്രനും പട്ടാങ്ങയായ മാനുഷനും തംപുരാൻെറ പുത്രനും മർത്തമറിയത്തുമ്മാടെ പുത്രനും..... .''[16]

## മൂന്നാംസഹ

''ദൈവത്തിനുടെ പുത്രൻ പട്ടാങ്ങയായ മാനുഷസുഖം എടുത്ത എപ്പോഴും കന്യാസ്ത്രീമറിയത്തിൽ നിന്നു പട്ടാങ്ങയാൽ പെറന്നു എന്നുവിശ്വസിക്കുന്നേൻ. എന്നാൽ ദൈവത്തിനുടെ പുത്രൻ ഉമ്മാടെ പട്ടാങ്ങയായ പുത്രൻ ആയതിനെക്കൊണ്ടും തംപുരാൻെറ പട്ടാങ്ങയായ അമ്മ മർത്തമറിയത്തുമ്മാ എന്നു വിശ്വസിക്കുന്നേൻ. ഇഹേതുവിനാൽ പട്ടാ

16 കെ. എം. ഡാനിയേൽ op. cit. pg. 33-34

www.malankaralibrary.com



ങ്ങടയായ നസ്രാണികരം ഒക്കെയും മർത്തമറിയത്തുമ്മാനെ തംപുരാൻെറ അമ്മ എന്നു വിളിച്ചു ഞായം, അങ്ങനെ അത്രേ വിളിക്കേണ്ടതാനും.''[17]

## ആറാം കാനോനാ

''സുറിയാനിയിൽ ചെല പൊസ്തകങ്ങളിൽ, വിശ്വാസത്തിന്ന മറുത്തുള്ള പെണക്കങ്ങളിൽ, മർത്തമറിയത്തുമ്മായെക്കൊണ്ടും ചെല പെണക്കങ്ങളെ പെണക്കങ്ങരം എന്നറിഞ്ഞ അതിനെ വിശ്വസിക്കായ്‌വാൻ ശുദ്ധമാന കത്തോലിക്കാ വിശ്വാസം മർത്തമറിയത്തുമ്മായെക്കൊണ്ടു പഠിപ്പിക്കുത ഇത. ദോഷത്തിൻെറ കറ ഒരു നാളും ഉമ്മായ്ക്കു ഒണ്ടായില്ലെന്നും പെറുംമുൻപെയും പെറുന്നപ്പോളും പെററാറെയും ഒരിക്കലും കന്യാസുഖം അഴിഞ്ഞില്ല എന്നും നോവും വെടിപ്പുകേടും ആയി ഒരു പ്രസമം ഉമ്മായിക്ക് ഒണ്ടായില്ലെന്നും താൻ മരിച്ചപ്പോരം തന്നെ ആകാശമോക്ഷത്തിൽ ആയി എന്നും ഉയർത്ത ആത്മാവോടും ശരീരത്തോടും കൂടെ ആകാശമോക്ഷത്തിൽ ഇരിക്കുന്നുവെന്നും അത എന്തെ? ദൈവത്തിനുടെ പുത്രനെ ചൊമന്നുപെററ ഉമ്മാടെ ശുദ്ധമാന ഉടൽ മററ എല്ലാവരുടേയും ഉടൽ പോലെ പൊടിയായിപ്പോകുന്നത ചെതം അല്ലായ്കകൊണ്ട തംപുരാൻ ഉമ്മാനെ ഉയിർപ്പിച്ച ആകാശമോക്ഷത്തിൽ മാലാഹമാർക്കു ഒക്കെക്കും മീതെ എടത്തിൽ ഉമ്മാന ഇരുത്തുകയും ചെയ്തു. എന്ന ശുദ്ധമാന പള്ളി പഠിപ്പിക്കുന്നു. ഇവണ്ണം നാം എല്ലാവരും വിശ്വസിക്കുകയും വേണം.''[18]

## പതിമൂന്നാം കാനോനാ[19]

ശുദ്ധമാന നല്ല പഠിത്വങ്ങളെ പഠിപ്പിപ്പാനുള്ള പുസ്തകങ്ങളെ വിശ്വാസത്തിൻെറ മുഴുപ്പ് വരുത്തുന്നതുപോലെ തന്നെ ദോഷമാകുന്ന വസ്തുക്കളെ പഠിപ്പിക്കുന്ന പൊസ്തകവും വിശ്വാസത്തിൻെറ അന്തരവും നല്ല മര്യാദകളെ മാററുകയും ചെയ്യുന്നു. എന്നാൽ സുറിയാനിയിൽ പല പുസ്ത

---

17 കെ. എം. ഡാനിയേൽ op. cit. pg. 36.
18 ibid. pg. 51.
19 ibid. pg. 58.

www.malankaralibrary.com



കങ്ങളിൽ വിശ്വാസത്തിനുമറുത്തു പലവസ്തുക്കാം എഴു ത്തുപെട്ടിട്ടുണ്ട് എന്ന ഈ ശുദ്ധമാന സുനഹദോസ് അറി ഞ്ഞതമൂലം ഇത്താഴെ ഓരോന്നിൻെറ പേര് തിരിച്ച് എഴുത പെടുന്ന പുസ്തകങ്ങാം അതിൽ പിണക്കങ്ങാം തീർക്കാതെ ആരും അവുത്താൽ ഒന്നും വച്ചുകൊള്ളുകയും ആരും വാ യിക്കുകയും കണ്ടുപേർത്തു എഴുതുകയും മററ ആരാനും വായിച്ച കേറംക്കുകയും അതുതന്നെ വഴക്കത്തിൻെറ ശക്തി യാലെയും ഇപ്രമാണം കടക്കുംപോളെ ഒള്ള മഹറോൻ എന്ന പ്രാശ്ചിതത്തിൻെറ ശക്തിയാലെയും എല്ലാവരോടും ശുദ്ധമാനസുന്നഹദ്ദോസ് പ്രമാണിക്കുന്നു. പുത്തകങ്ങാം ഇത: പ്രമ്മസ: മർത്തമറിയത്തുമ്മാടെ വിശേഷങ്ങളെ എഴു ത്തുപെട്ട പുസ്തകത്തിൽ എഴുത്തുപെട്ടതു ഇത: ഗൌറി യേൽമാലാഖാ ഉമ്മായോട വചനിപ്പാൻ വന്നപ്പോറം ഉമ്മ ഒറ ശിലെത്തു ഇരുന്ന അവുടെ ആ മാലാഖാ വജനിച്ചു എന്നു ള്ളതു ലൂക്കാടെ അറിയിപ്പിൽ എഴുത്തപെട്ടതിന്ന എടത്തുട. നസറാസ എന്ന നകരിയിൽ നിന്ന വചനിച്ചു എന്ന അത്രേ ആകുന്നു. യൌസെപ്പ് എന്ന പുരുഷന്ന മർത്തമറിയത്തു മ്മായെ വഴങ്ങപ്പെട്ടപ്പോറം യൗസേപ്പിന്നു മറെറാരു കെട്ടിയ വളും മക്കളും ഉണ്ടായിരുന്ന എന്ന ഈശോമിശിഹാകർത്താ വിനെ ചെറുപ്പത്തിൽ യൌസെപ്പു എന്തെ നീ ഇ ദുഷ്ടത യായ വസ്തുക്കളെ ചെയ്യുന്ന എന്ന മിശിഹാകർത്താവിനെ കുററപ്പെടുത്തി എന്നും യോഹന്നാൻെറ അറിയിപ്പിനു എടു ത്തുട. റബിമാരൊടു പഠിച്ചു എന്നും മത്തായിയുടെ അറി യിപ്പ് എടുത്തട. മിശിഹാ കർത്താവ നാല്പതു നൊയംപു എത്തിക്കും. മുംപെ സാത്താൻ വന്ന പരൂക്ഷിച്ചു എന്നും മർ ത്തമറിയത്തുമ്മയ്ക്ക് അവരാസമുണ്ടോ ഇല്ലയോ എന്ന് യൗ സേപ്പ് സംശയിച്ച അതിന്ന പരൂക്ഷിപ്പാൻ പഴെ മാർഗ്ഗത്തിൽ ഉണ്ടായിരുന്ന ഒരു വെള്ളം അന്നത്തെ പട്ടക്കാരോടു പറഞ്ഞ ഉമ്മയെക്കൊണ്ട ആ വെള്ളം കുടിപ്പിച്ചു എന്നും മർത്തമറിയ ത്തുമ്മാ നൊൻപരത്തോടുകൂടെ പെററു എന്നു മാർത്തമറിയ ത്തുമ്മായും മററു പുണ്യവാളരാകുന്നവരും ആരും മോക്ഷ ത്തിൽപോയില്ല. വിധിപ്പിനുടെ ദിവസത്തോളം പറുദീസാ യിൽ ഇരിക്കും അത്രേ എന്നും ഇവണ്ണം മററും പല അറി

www.malankaralibrary.com



വുകേടും പൊളിയും ആകുന്നകതകറ ഒണ്ടു യോഹന്നാൻ പറകൽദോൻ എന്ന വേർപെട്ട പുസ്തകത്തിൽ പെട്ടതിൽ മിക്കതും വിശ്വാസത്തിന്ന എടത്തുട........

"മാർഗ്ഗാനിസ്സാ എന്ന പുസ്തകത്തിൽ വിശ്വാസത്തോടു മറുത്ത എഴുത്ത പെട്ടത ഇത: മർത്തമറിയത്തുമ്മാ തംപുരാന്റെ അമ്മ അല്ല, പിന്നെയോ മിശിഹാടെ അമ്മയത്രേ ഒന്നിച്ചു എന്നും മിശിഹാ ഇരുവരാകുന്നു എന്നും ഇരുവരു ഐമസ്ത്യം കൊണ്ടത്രേ ഒന്നിച്ചു വിശ്വാസംതന്നെ മൂന്നായിതിരിഞ്ഞിട്ട ഒണ്ടെന്നും. ഒന്നാമത—നെസ്തോറിസ്കാരരിടെത. യാക്കോവായക്കാരരുടേതും റോമ്മായെക്കാരിടെതും". ........ മിശിഹാ മനുഷ്യൻ തന്നെ അത്രേ എന്നും ഇഹലോകത്തുംകൽ മുഷ്കരത്തോടുംകൂടെ രാജാവായി വാഴുമെന്നും യൂദന്മാരെ വിശ്വസിക്കയും നെനക്കയും ചെയ്തവണ്ണം തന്നെ അത്രെ മർത്തമറിയത്തുമ്മായും മിശിഹാമേൽ വിശ്വസിക്കകെയും നെനക്കയും ചെയ്തു. എന്നും" നുഹറാ എന്ന പുസ്തകത്തിൽ പലടത്തും വിശ്വാസത്തിന്നു മറുത്തഒണ്ട." "കാമീസ എന്ന പുസ്തകത്തിൽ വിശ്വാസത്തിന്ന മറുത്ത ഒള്ളത ഇത: മർത്തമറിയത്തുമ്മാ നൊമ്പരത്തോടുകൂടെ പെററു എന്നും ഉമ്മാ പെററ ശരീരവും ദൈവത്തിനുടെ പുത്രനും ഇരുവരും അത്രെ ആകുന്നു. എന്നും എംഗർത്താ ഒക്കെയും വിശ്വാസത്തിന്ന മറുത്തത അത്രേ ആകുന്നത. മർത്തമറിയത്തുമ്മാ തംപുരാന്റെ അമ്മ അല്ലന്നും അതിന പല പല ശാദൃശങ്ങളും ഒപ്പാരികളും കൊണ്ട് സാക്ഷിക്കപ്പെടുക്കയും —[20]

## പതിനേഴാം കാനോനാ [21]

"മലംകര ഒള്ള പട്ടക്കാരും എണ്ണങ്ങരും ഈ ശുദ്ധമാന സുന്നഹദ്ദോസുകളുടെ ശുദ്ധമാന മാതാവായ പള്ളി കൈക്കൊണ്ട ശുദ്ധമാനസുന്നഹദ്ദോസുകളും അതിലെ കല്പനകളും നാം കൈക്കൊള്ളുന്നു. ആ സുന്നഹദ്ദോസുകറ ഉപേക്ഷിച്ചതും മഹറോൻ ചൊല്ലിയതും നാം അവണ്ണം തന്നെ ഉപേക്ഷിക്കുകയും മഹറോൻ ചൊല്ലുകയും ചെയ്യുന്നു.

20 കെ. എം. ഡാനിയേൽ op. cit. pg. 61, 62, 63.
21 ibid. pg. 67.

www.malankaralibrary.com



"വിശേഷിച്ചും ഇരുന്നൂറുമെത്രാന്മാരുടെ യോഗംകൂടി. ഉണ്ടാക്കിയ ശുദ്ധമാന അപ്പെസോസ എന്ന സുന്നഹദോസ് നാം കൈക്കൊള്ളുകയും വഴങ്ങുകയും ചെയ്യുന്നു. ആ സുന്നഹദൊസ കല്പിച്ചത ഒക്കയും നാം കല്പിക്കുന്നു. അതു ഉപേക്ഷിക്കയും മഹറോൻ ചൊല്ലുകയും ചെയ്തത നാം ഉപേക്ഷിക്കയും മഹറൊൻ ചൊല്ലുകയും ചെയ്യുന്നു. വിശേഷിച്ചും മർത്തമറിയാത്തുമ്മ തംപുരാൻെറ അമ്മ അല്ലെന്നും മിശിഹാ തംപുരാൻെറ ഹൈക്കാ അത്രെ എന്നും മററും തംപുരാനെക്കൊണ്ടു പല പല ദുഷിപ്പദവും പറഞ്ഞതണ്യ നെസ്തോറീസിനെയും അവൻെറ കൂട്ടത്തെയും അവൻെറ ചൈത്താനായ പഠിതത്തെയും ഉപേക്ഷിക്കയും മഹറോൻ ചൊല്ലുകയും ചെയ്യുന്നു."[22]

## Section V[23]

### എട്ടാം കാനോനാ

...."വിശേഷിച്ചും മിശിഹാടെയും മർത്തമറിയത്തുമ്മാടെയും ശ്ലീഹന്മാരുടെയും പെരുന്നാളുകളിൽ പള്ളിക്കൽ കൂടുന്ന ശെമ്മാശ്ശൻമാരെ ഒക്കെയും കുർബാന കൊള്ളുകയും വേണം."

(കുർബാനയിൽ ഓർമ്മിക്കേണ്ട വിധം)

മർത്തമറിയത്തുംമായെ മിശിഹാടെ അമ്മ എന്നു വിളിക്കുന്നിടത്ത തംപുരാൻെറ അമ്മ എന്നു വിളിക്കണം."[24]

### നാലാം മൗതബാ-ഏഴാം കാനോന

"പള്ളികറക്കു ദൂരെ രണ്ടുകാസംവഴി ഇരിക്കുന്ന ഏണങ്ങരെ കുറഞ്ഞത തിങ്ങളിൽ ഒരിക്കലും മിശിഹാടെ പെരുനാളുകളിലും അവരവന്നെ മതിയാവു എന്ന അവരെക്കൊണ്ടു തോന്നിച്ചപ്പള്ളിക്കൽ വരുത്തി കുർബാന കാണിക്കണം എന്നു കല്പിക്കുന്നു."[25]

---

22 കെ. എം. ഡാനിയേൽ op. cit. pg. 68.
23 ibid. pg. 93
24 ibid. pg. 94
25 ibid. pg. 100-1

www.malankaralibrary.com



## ഏഴാം മൌത്വാ എട്ടാം കാനോന

മലംകര എടവകയിൽ കൊള്ളേണ്ടുന്ന പെരുന്നാംകരം കൊണ്ടെ അനേകം കൊഴപ്പം ഒണ്ടെ എന്നതിനെക്കൊണ്ടെ ശുദ്ധമാനസുന്നഹദോസ് കൊള്ളേണ്ടുന്ന പെരുന്നാളുകളും ആ പെരുന്നാളുകളിൽ ഹേമപ്രവൃത്തിയും കാഴ്ചപ്പാടും അരുത് എന്നതും ഇന്ന ദിവസങ്ങളിൽ കല്പിക്കുന്നു.[26]

....കുംഭ ഞായർ 2-ാനു- മാലാഖാ വന്ന വചനിച്ച ദിവസം കർക്കടക ഞായറ 2-നു- മർത്തമറിയത്തുമ്മയും ഏലീശ്വാ ഉമ്മയും തങ്ങളിൽ കണ്ടെ ദിവസം ചിങ്ങ. ഞായറ 15-ാംനു- മർത്തമറിയത്തുമ്മാ ആകായത്ത എഴുന്നെള്ളിയ ദിവസം. കന്നി ഞായറ 8-ാനു- മർത്തമറിയത്തുമ്മാ പെറന്ന ദിവസം ധനുവ ഞായറ 8-ാം മർത്തമറിയത്തുമ്മാ അന്ന ഉമ്മാടെ വയററിൽ ജനിക്കപ്പെട്ട ദിവസം.

## ഒൻപതാം കാനോനാ (നൊയമ്പുകൾ)

ചിങ്ങാ ഞായറ 24-ാംനു- 25-ാം നു- മർത്തമറിയത്തുമ്മാ ആകാശത്ത എഴുന്നെള്ളിയ പെരുന്നാളിന്റെ നൊയംപ. കന്നി ഞായറ 7-ാനു- 8-നു- മർത്തമറിയത്തുമ്മ പിറന്ന പെരുന്നാളിന്റെ നൊയംപ.[27]

## നൻമനിറഞ്ഞമറിയമെ എന്ന പ്രാർത്ഥന

"മലംകര എടവകയിലെ വിശ്വാസികരംക്കെയും തങ്ങടെ നമസ്കാരം എല്ലാ പള്ളിയോടും കൂടെ ഒരുപോലെ ഒരും പെടുവാൻ തണ്യ നെസ്തോറീസകാരുടെ പഠിത്വവും കൂടാതെ ശ്ലാമ്മലെവ മറിയം എന്ന നമസ്കാരത്തിൽ ഒടുക്കത്തെ മൊഴികരം ഇല്ല. അതിനെക്കൊണ്ടെ ശുദ്ധമാനസുന്നഹദോസ അറിയിക്കുന്നു. ഇവണ്ണം അത്രേ ചൊല്ലേണ്ടു എന്ന നൻമനെറഞ്ഞ മറിയമെ നിന്നൊടു സ്വത്വം, കർത്താവ നിന്നൊടു കൂടെ, സ്ത്രീകളിൽ വാസ്തപ്പെട്ടതും നീയ്യേ. നിന്റെ വയററിലെ ഫലം ആയ ഈശോ വാസ്തപ്പെട്ട ശുദ്ധമാന

26 ibid. pg. 157

27 ibid. pg. 159

www.malankaralibrary.com



മറിയമെ തംപുരാൻെറ അമ്മെ (ഞങ്ങരം ദോഷക്കാരർക്കു വേണ്ടി) ഇപ്പോഴും ഞങ്ങളുടെ മരിപ്പുനേരത്തും തംപുരാനൊട അപേക്ഷിച്ചുകൊരം, ആമ്മേൻ ഈശോ.[28]

ഉദയംപേരൂർ സുന്നഹദോസ് ശ്ലാഘനീയമായ പല പരിവർത്തനങ്ങളും കേരളസഭയിൽ വരുത്തിയെന്നുള്ളത് നിസ്തർക്കമായ ഒരു സത്യമാണ്. പരിശുദ്ധ കന്യകമറിയാമിനെക്കുറിച്ച് മാർത്തോമ്മാക്രിസ്ത്യാനികളുടെയിടയിൽ അവികലമായ ധാരണകളും അവിശ്വസനീയമായ ആശയങ്ങളും അടിസ്ഥാനവിശ്വാസസംഹിതയിൽ അപൂർണ്ണതകളും നേരിട്ടുള്ള നെസ്തോറിയൻ സ്വാധീനം വഴിയോ അവരുടെ പുസ്തകങ്ങരം മുഖാന്തിരമോ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവ ദൂരീകരിക്കുന്നതിന് ആത്മാർത്ഥമായ ശ്രമം സുന്നഹദോസിൽ നടന്നിട്ടുണ്ട്. മേലുദ്ധരിച്ച തീരുമാനങ്ങളും നടപടിക്രമങ്ങളുമെല്ലാം അത് വ്യക്തമായി സൂചിപ്പിക്കുന്നു.

ഉദയംപേരൂർ സുന്നഹദോസ് പല പരിഷ്ക്കാരങ്ങളും തീവ്രമായ എതിർപ്പുകളെ വകവയ്ക്കാതെയാണ് നടപ്പിൽ വരുത്തിയത്. വിശ്വാസസംബന്ധമായ തെററുകളെ ന്യായമായും തിരുത്തേണ്ടത് ആവശ്യമാണ്. അവ തിരുത്തുന്നതിനുള്ള ശ്രമത്തിനിടയിൽ മാർത്തോമ്മാ ക്രിസ്ത്യാനികരം നൂററാണ്ടുകളായി പ്രിയങ്കരമായി കരുതിയിരുന്ന പലതും നിർബന്ധപൂർവ്വം ഉപേക്ഷിക്കേണ്ടതായി വന്നു. നൂററാണ്ടുകളായി നിലവിലിരുന്ന അവരുടെ ഭരണക്രമങ്ങളും നടപടിക്രമങ്ങളും പാടേ തിരുത്തിക്കുറിക്കപ്പെട്ടു. ഒന്നിനുപുറകെ ഒന്നായി വന്ന പരിഷ്കാരങ്ങരം മനഃക്ലേശത്തിനും ആത്മവേദനയ്ക്കും വിധേയരായ അവരെ കൊണ്ടുചെന്നെത്തിച്ചത് കൂനൻകുരിശ് സത്യത്തിലേക്കാണ്.

ഈ ദൃശ്യ സംഭവങ്ങളുടെ വ്യക്തമായ ചിത്രം ''നമ്മുടെ റീത്ത്'' എന്ന പുസ്തകത്തിൽ ഫാദർ പ്ലാസിഡ് വരച്ചുകാട്ടുന്നുണ്ട്. ഒമ്പതാം അദ്ധ്യായത്തിൽ ''പതിനേഴാം ശതാബ്ദ''മെന്ന ശീർഷകത്തിൽ സുറിയാനിക്കാരുടെ മേൽ അടിച്ചേല്പിക്കപ്പെട്ട ലത്തീൻ ഭരണത്തെക്കുറിച്ചും പരിഷ്കാരങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു.

---

28 ibid. pg. 166

www.malankaralibrary.com



1653-ൽ നടന്ന കൂനൻ കുരിശുസത്യത്തോടുകൂടെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ പിളർപ്പിൻെറ വിത്തുകരം പാകിക്കഴിഞ്ഞു. പ്രസ്തുത സംഭവത്തിൻെറ അനന്തരഫലങ്ങളെ ഭയന്ന് ഒരു വിഭാഗം ഉദയം പേരൂർ സുന്നഹദോസിൻെറ എല്ലാ പരിഷ്കാരങ്ങളും അംഗീകരിച്ചു പോർട്ടുഗീസ് സഭാഭരണത്തിനു സ്വയം വിധേയരായി. പഴയ കൂററുകാരെന്നറിയപ്പെടുന്ന ഇന്നത്തെ സീറോ-മലബാർ റീത്തിൽ പെട്ട വിശ്വാസികളുടെ പൂർവ്വികരാണ് പരമ്പരാഗത വിശ്വാസപ്രമാണങ്ങളിലും ഉദയംപേരൂർ സൂന്നഹദോസിൻെറ തീരുമാനങ്ങളിലും നിലയുറപ്പിച്ചത്. അതേസമയം ഇനിയും "പഴയ തൊഴുത്തി"ലേക്കില്ലായെന്നു ശഠിച്ചുകൊണ്ടും പോർട്ടുഗീസുകാരുടെ ലത്തിനീകരണത്തെ ചെറുത്തുകൊണ്ടും മാറിപ്പോയ ഒരു കൂട്ടം മാർത്തോമ്മാ ക്രിസ്ത്യാനികളാണ് പുത്തൻകൂററുകാരെന്നറിയപ്പെടുന്നത്. അവർ ഇന്ന് യാക്കോബായ ഓർത്തഡോക്സ് സഭകളിലും മാർത്തോമ്മാ സഭയിലും പെട്ടിരിക്കുന്നു. അവരോടൊപ്പം സീറോ-മലങ്കരറീത്തിൽ പെട്ട കത്തോലിക്കാവിശ്വാസികളും ഈ ഗണത്തിൽപെടുന്നു.

നമ്മെ സംബന്ധിച്ചിടത്തോളം, കൂനൻകുരിശുസത്യത്തിനുശേഷം നടന്നിട്ടുള്ള ചരിത്രപരവും സഭാഭരണപരവുമായ സംഭവങ്ങളെ ഇവിടെ അപഗ്രഥിക്കേണ്ട ആവശ്യമില്ല. പിളർപ്പിനുശേഷം ഒന്നാം മാർത്തോമ്മാ മുതൽ ആറാം മാർത്തോമ്മാ വരെ പുത്തൻകൂററിനെ ഭരിച്ചിരുന്ന ആ കാലയളവിൽ വിശ്വാസസംബന്ധമായി കാതലായ വ്യതിയാനങ്ങളൊന്നും പ്രസ്തുത സഭാവിഭാഗത്തിലുണ്ടായിട്ടില്ല. കേരളത്തിൽ യാക്കോബായ സഭയുടെ ആവിർഭാവത്തോടും ക്രമാനുഗതമായ വളർച്ചയോടുംകൂടെ ആരാധനക്രമത്തിലും ആചാരാനുഷ്ഠാനങ്ങളിലും അതുവരെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിലുണ്ടായിരുന്ന ആരാധനക്രമങ്ങരം, ആചാരാനുഷ്ഠാനങ്ങരം എന്നിവയിൽനിന്നും വിഭിന്നമായ രീതിയിൽ വ്യതിയാനങ്ങളുണ്ടായിട്ടുണ്ടെങ്കിലും താരതമ്യേന വിശ്വാസപ്രമാണത്തിലോ പരിശുദ്ധ മാതാവിനെയോ വിശുദ്ധന്മാരെയോ സംബന്ധിക്കുന്ന ആശയങ്ങളിലോ വ്യതിയാനങ്ങളുണ്ടായിട്ടില്ല.

www.malankaralibrary.com



യാക്കോബായ—ഓർത്തഡോക്സ് വിശ്വാസസംഹിതയും ആരാധനക്രമങ്ങളും കത്തോലിക്കാ വിശ്വാസങ്ങൾക്കു പരിപൂർണ്ണമായും എതിരല്ലായെങ്കിലും ചില അടിസ്ഥാനപരമായ ആശയങ്ങളിൽ വൈരുദ്ധ്യമുണ്ട് എന്നുള്ളത് സുവിദിതമാണ്. പരിശുദ്ധ മാതാവിനോടുള്ള ഭക്തിയിലും മാതാവിൻെറ വിവിധ പദവികളെക്കുറിച്ചുള്ള വിശ്വാസത്തിലും കത്തോലിക്കാ വിശ്വാസവുമായി കാതലായ വ്യത്യാസങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. മാർപ്പാപ്പായുടെ അപ്രമാദിത്വത്തെക്കുറിച്ചുള്ള ധാരണപ്പിശകുകൾ കത്തോലിക്കാ സഭയിൽ നിന്നും ഭിന്നിച്ചുനില്ക്കുന്ന എല്ലാ സഭാവിഭാഗങ്ങളിലുമുണ്ട്; തന്മൂലം പത്തൊൻപതാം നൂററാണ്ടിൽ അമലോത്ഭവത്തെക്കുറിച്ചുള്ള വിശ്വാസപ്രഖ്യാപനവും മാതാവിൻെറ സ്വർഗ്ഗാരോപണത്തെക്കുറിച്ചു 1950-ൽ നടത്തിയ വിശ്വാസപ്രഖ്യാപനവും അതേപടി സ്വീകരിക്കുന്നതിനു ഓർത്തഡോക്സുകാരും അവരെപ്പോലെ മററു സഭാവിഭാഗങ്ങളും വിസമ്മതം പ്രകടിപ്പിക്കുന്നു. യാക്കോബായ—ഓർത്തഡോക്സ് സഭാവിഭാഗങ്ങൾക്കിടയിൽ പരിശുദ്ധ മാതാവിനെക്കുറിച്ചു വിശ്വാസസംബന്ധമായി മററു ധാരണപ്പിശകുകൾ ഒന്നുംതന്നെ ഇല്ലാത്തതുകൊണ്ട് പുത്തൻകൂററിലും പഴയകൂററിലുംപെട്ട കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മരിയഭക്തിയും മാതാവിനെക്കുറിച്ചുള്ള വിശ്വാസചിന്തകളും നൂററാണ്ടുകളിലൂടെ, കേരളസഭയിൽ കാലക്രമേണ ഉണ്ടായിട്ടുള്ള പിളർപ്പുകളുടെ മദ്ധ്യത്തിൽപോലും, വ്യതിയാനമില്ലാതെ നിലനില്ക്കുന്നുവെന്നു പറയുന്നതിൽ തെററില്ല.

എങ്കിലും യാക്കോബായ—ഓർത്തഡോക്സ് സഭകളിൽ മരിയഭക്തിക്കുകൊടുത്തിട്ടുള്ള ഊന്നൽ എന്താണെന്നു മനസ്സിലാക്കുന്നത്, മലങ്കരസഭയിൽ മരിയഭക്തിക്കുള്ള ഔന്നത്യം അളക്കുന്നതിനു പ്രയോജനപ്പെടുമെന്നുള്ളതിനാൽ, അടുത്ത അദ്ധ്യായത്തിൽ, യാക്കോബായ ഓർത്തഡോക്സ് സഭകളിൽ നിലവിലുള്ള മരിയഭക്തിയെക്കുറിച്ചുള്ള അവരുടെ വിശ്വാസസംഹിത പരിശോധിക്കുന്നതാണ്.

www.malankaralibrary.com

# VI

# മലങ്കര ഓർത്തഡോക്സ് സഭയും മരിയഭക്തിയും

യാക്കോബായ വിശ്വാസം സ്വീകരിച്ചിട്ടുള്ള മലങ്കര ഓർത്തഡോക്സ് സഭ കന്യകമറിയാമിനെക്കുറിച്ച് പരമ്പരാഗതമായ വിശ്വാസമാണ് സ്വീകരിച്ചിട്ടുള്ളത്. കൽക്കദൂനിയാസുന്നഹദ്ദോസിനുമുമ്പ് നടന്നിട്ടുള്ള പൊതുസുന്നഹദ്ദോസുകരം യാക്കോബായസഭ സ്വീകരിച്ചു. എഫേസൂസിൽ വച്ച് നടന്ന സുന്നഹദ്ദോസ് പരിശുദ്ധ കന്യക മറിയാം ദൈവമാതാവാണെന്ന് അസന്നിഗ്ദ്ധമായി പ്രസ്താവിച്ചു. നെസ്തോറിയസിൻെറ അബദ്ധോപദേശങ്ങളെ നിശിതമായി വിമർശിക്കുകയും ഖണ്ഡിക്കുകയുംചെയ്തു; നെസ്തോറിയൻ സിദ്ധാന്തങ്ങരം അതേപടി തള്ളുകയും ചെയ്തു. എഫേസൂസ് സുന്നഹദ്ദോസിൻെറ തീരുമാനങ്ങരം സ്വീകരിക്കുന്ന യാക്കോബായക്കാർ സ്വാഭാവികമായും പരിശുദ്ധ കന്യകമറിയാമിനെ ദൈവത്തിൻെറ അമ്മയായി അംഗീകരിക്കുന്നു, കാരണം, അവരം ദൈവപുത്രനായ യേശുവിൻെറ അമ്മയാണ്; യേശു മനുഷ്യനായി അവതരിച്ച ദൈവപുത്രനാണ്.

പരിശുദ്ധ കന്യകമറിയത്തെ സംബന്ധിച്ച് കത്തോലിക്കാസഭയുടെ പ്രബോധനങ്ങളും യാക്കോബായ-ഓർത്തഡോക്സ് സഭകളുടെ പ്രബോധനങ്ങളും തമ്മിൽ സാരമായ സാമ്യവും ബന്ധവുമുണ്ട്; എന്നാൽ കത്തോലിക്കാസഭ പ്രഖ്യാപിച്ചിട്ടുള്ള രണ്ടു വിശ്വാസസത്യങ്ങരം യാക്കോബായ-ഓർത്തഡോക്സ് സഭാവിഭാഗങ്ങരംക്ക് അല്പം അരോചകമാണെന്ന് അഭിപ്രായപ്പെടുന്നു—കാരണം അത് ആദിമ കൗൺസിലുകളിൽ ചർച്ചാവിഷയമായിട്ടുള്ളവയല്ലാ, പരമ്പരാഗതമായ വിശ്വാസതത്വസംഹിതയിൽപ്പെട്ടിട്ടുള്ളവയുമല്ലായെന്നാണ് അവരുടെ ഭാഷ്യം. മാർപ്പാപ്പായുടെ അപ്രമാദിത്വത്തെ ചോദ്യംചെയ്യുന്ന അവർ തീർച്ചയായും അദ്ദേഹം

www.malankaralibrary.com



തൻെറ അപ്രമാദിത്വവരം വിനിയോഗിച്ച് വിശ്വാസസത്യമായി പ്രഖ്യാപിച്ചിട്ടുള്ള രണ്ടു വിശ്വാസസത്യങ്ങളും അതേപടി അംഗീകരിക്കാൻ വൈമുഖ്യം കാട്ടുന്നു.

മലങ്കര ഓർത്തഡോക്സ്സഭയിൽ പരിശുദ്ധ കന്യകമറിയാമിനെക്കുറിച്ച് ദീർഘമായി പ്രതിപാദിക്കുന്ന ദൈവശാസ്ത്രഗ്രന്ഥങ്ങൾ വിരളമാണ്. പക്ഷെ അവരുടെയിടയിലുള്ള വിശ്വാസം വളരെ സജീവമാണ്. പരിശുദ്ധ കന്യകമാതാവിൻെറ ബഹുമാനാർത്ഥം യാക്കോബായ–ഓർത്തഡോക്സ് സഭാവിഭാഗങ്ങളിൽപെട്ട വിശ്വാസികൾ ആചരിക്കുന്ന നോമ്പുകൾ, ആഘോഷിക്കുന്ന പെരുന്നാളുകൾ, ആലപിക്കുന്ന കീർത്തനങ്ങൾ ഇവയെല്ലാം അവരുടെ ചൈതന്യവത്തായ വിശ്വാസത്തെ പ്രസ്പഷ്ടമാക്കുന്നു.

പരിശുദ്ധ കന്യകമാതാവിനെക്കുറിച്ചുള്ള ദൈവശാസ്ത്രപരമായ ഗ്രന്ഥങ്ങൾ അന്വേഷിക്കുന്നതിനിടയിൽ മലങ്കര ഓർത്തഡോക്സ് സഭയിൽ പ്രസിദ്ധീകരിക്കുന്ന ''പുരോഹിതൻ'' എന്ന ത്രൈമാസികപതിപ്പ് ലഭിക്കുകയുണ്ടായി. മേയ്-ജൂലൈ 1988-ലെ ലക്കത്തിൽ ''ദൈവമാതാവ്''' പ്രതിപാദ്യവിഷയമായി. കത്തോലിക്കാസഭയിൽ മരിയൻവർഷമായി 1987 ജൂൺ മുതൽ 1988 ആഗസ്റ്റ് വരെ ആഘോഷിച്ചതിനനുസരണമായി, പരിശുദ്ധ കന്യകമറിയാമിനെക്കുറിച്ച് തങ്ങളുടെ വിശ്വാസികളെ ഉത്ബുദ്ധരാക്കുന്നതിനുവേണ്ടി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതാകാം മേല്പറഞ്ഞ ലക്കത്തിലെ ലേഖനങ്ങൾ. കാലോചിതവും പണ്ഡിതോചിതവുമായ പ്രസ്തുത ലേഖനങ്ങൾ ഓർത്തഡോക്സ്സഭ പരിശുദ്ധ കന്യകമറിയാമിനു കല്പിച്ചു നല്കുന്ന ഉന്നതമായ സ്ഥാനം വെളിവാക്കുന്നു. ''ഓർത്തഡോക്സ് വേദശാസ്ത്രത്തിൽ കന്യകമറിയാമിനുള്ള സ്ഥാനം'' എന്ന ലേഖനം റവ. ഫാ. ഡോ. എം. എ. മത്തായിയുടേതാണ്. കത്തോലിക്കാ വിശ്വാസവുമായുള്ള ഒരു താരതമ്യപഠനമല്ല ഈ ലേഖനമെന്ന് അദ്ദേഹം മുഖവുരയിൽ തന്നെ എടുത്തുപറയുന്നു—ഈ ലേഖനത്തിൽ പറയുന്നവയെല്ലാം നമുക്ക് അതേപടി സ്വീകാര്യമായിത്തോന്നിയില്ലെങ്കിൽത്തന്നെയും, കന്യകമറിയാമിനു്

www.malankaralibrary.com



എന്തുകൊണ്ടാണ് ഉന്നതമായ സ്ഥാനം കല്പിച്ചുകൊടുക്കുന്നതെന്നും രക്ഷാകരപദ്ധതിയിൽ അവളുടെ ഭാഗഭാഗിത്വം എന്താണെന്നും മററും അവരുടെ വീക്ഷണകോണിൽകൂടെ വിശദമായി ബഹുമാനപ്പെട്ട മത്തായി അച്ചൻ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത ലേഖനം അതേരീതിയിൽ തന്നെ ഈ ഭാഗത്ത് ഉദ്ധരിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. ഒന്നു രണ്ടു കാരണങ്ങളാണ് ഈ ശ്രമത്തിനു പിന്നിൽ. എന്താണ് കന്യകമറിയാമിനെക്കുറിച്ച് യാക്കോബായ-ഓർത്തഡോക്സ് സഭാവിഭാഗങ്ങളുടെ പ്രബോധനം എന്ന് മലങ്കരകത്തോലിക്കരും മററുള്ളവരും അറിയണം, മററുതരത്തിൽ അറിവു നൽകുന്ന വേണ്ടത്ര വേദശാസ്ത്രപുസ്തകങ്ങളില്ല; രണ്ടാമത്, മലങ്കര കത്തോലിക്കാ സഭയുടെ വിശ്വാസത്തിന് ആധാരമായിട്ടുള്ളത് കത്തോലിക്കാസഭയുടെ പ്രബോധനങ്ങളും പാരമ്പര്യവുമാണ്. മലങ്കര കത്തോലിക്കർക്ക് പാരമ്പര്യത്തിൻെറ ഒരു ഉറവിടം തീർച്ചയായും യാക്കോബായ— ഓർത്തഡോക്സ് സഭാപാരമ്പര്യങ്ങളാണ്. ഓർത്തഡോക്സ്വിഭാഗത്തിലെ വേദശാസ്ത്രപരമായ നിരവധി പുസ്തകങ്ങൾ നമ്മുടെ പക്കൽ ലഭ്യമല്ലെങ്കിലും അവരുടെ പ്രാർത്ഥനപ്പുസ്തകങ്ങളും ആരാധനക്രമങ്ങളും നമുക്ക് അവശ്യം വേണ്ട ഉറവിടമായി മാറുന്നു.

ബഹു. ഡോ. മത്തായി അച്ചൻെറ ലേഖനം പോലെ തന്നെ ഉദ്ധരിക്കപ്പെടാവുന്ന മറെറാരു ലേഖനമാണ് "വിശുദ്ധ മറിയാമിനോടുള്ള ആദരവ്: ഓർത്തഡോക്സ് സഭാജീവിതത്തിൽ''. ഫാ. ഡോ. ജേക്കബ് കുര്യനാണ് ലേഖിതാവ്. പ്രസ്തുത ലേഖനവും അതേപടി ഈ അദ്ധ്യായത്തിൽ പകർത്തുകയാണ്. മലങ്കര കത്തോലിക്കാസഭയുടെ ആരാധനയുടേയും പ്രാർത്ഥനകളുടേയുംഉറവിടം അന്ത്യോക്യൻ പാരമ്പര്യവും ആദ്ധ്യാത്മികതയുമാണ്; അതേ പാരമ്പര്യം ഓർത്തഡോക്സുകാർ തങ്ങളുടെ വിശ്വാസശൈലികളും പ്രയോഗങ്ങളും ഉൾക്കൊള്ളിച്ച് സ്വീകരിച്ചിരിക്കുന്നെന്നുമാത്രം. യാക്കോബായ-ഓർത്തഡോക്സു സഭാവിഭാഗങ്ങളിൽനിന്നും മലങ്കരകത്തോലിക്കാസഭയിലേക്ക് വന്നിട്ടുള്ളവർക്ക് സുപരിചിതങ്ങളാണ് പ്രസ്തുത പ്രാർത്ഥനകളും ആരാധനക്രമവും.

www.malankaralibrary.com



ഉദ്ധരിക്കപ്പെട്ട രണ്ട് ലേഖനങ്ങളും ഓർത്തഡോക്സ് സഭ പരിശുദ്ധ കന്യകമറിയാമിനോടുള്ള ആദരവും ഭക്തിയും വ്യക്തമാക്കുന്നതോടൊപ്പം മാർത്തോമ്മാശ്ലീഹായുടെ മക്കളായ വിശ്വാസികരം, കത്തോലിക്കാസഭാവിശ്വാസത്തിന് അന്യരെങ്കിലും, മാർത്തോമ്മാശ്ലീഹാ കേരളക്രൈസ്തവർക്ക് പൊതുവിൽ നല്കിയ മരിയഭക്തി അഭംഗുരം കാത്തുസൂക്ഷിക്കുന്നതിന് ശ്രമിക്കുന്നതായും വെളിപ്പെടുത്തുന്നു. കേരളത്തിൽ ഉടലെടുത്ത മലങ്കരകത്തോലിക്കാറീത്തിൻെറ അലംഘനീയമായ കണ്ണിയാണ് അന്ത്യോക്യൻ ആരാധനക്രമം സ്വീകരിച്ചിട്ടുള്ള യാക്കോബായ-ഓർത്തഡോക്സ് ആരാധനക്രമം. മാർത്തോമ്മാശ്ലീഹാ നട്ടുപിടിപ്പിച്ച മരിയഭക്തിയെന്ന തരു നൂററാണ്ടുകളിലൂടെ ചരിത്രത്തിൻെറ കാററും കോളും അതിജീവിച്ച് ഈ നൂററാണ്ടിലെ മഹത്തായ പുനരൈക്യപ്രസ്ഥാനത്തിൻെറ മക്കരംക്ക് ആശ്വാസമേകാൻ, താങ്ങും തണലുമാകാൻ, വളർന്ന് പന്തലിച്ചു നില്ക്കുന്നത് മനം കവരുന്ന കാഴ്ചതന്നെ, സംശയമില്ല. ആ തണലിലേക്കാണ് ഈ എളിയ ഗ്രന്ഥം വിരൽ ചൂണ്ടുന്നതും.

## ഓർത്തഡോക്സ് വേദശാസ്ത്രത്തിൽ കന്യകാമറിയാമിനുള്ള സ്ഥാനം

(ഫാ. ഡോ. എം. എ. മത്തായി)

### മുഖവുര

ഓർത്തഡോക്സ്—റോമൻ കത്തോലിക്കാ സഭകളുടെയും പൗരസ്ത്യകൽദായ സുറിയാനി സഭയുടേയും വേദശാസ്ത്രത്തിൽ യേശുക്രിസ്തുവിൻെറ മാതാവായ കന്യകമറിയമിനെക്കുറിച്ച് വ്യത്യസ്തമായ വീക്ഷണമാണുള്ളത്. പ്രൊട്ടസ്റ്റണ്ട്സഭകരംക്ക് ഈ വിഷണത്തിൽ ഇവയിൽ നിന്നെല്ലാം വ്യതസ്തമായ കാഴ്ചപ്പാടുകളാണുള്ളത്. ഒരു താരതമ്യ പഠനത്തേക്കാളുപരി ഓർത്തഡോക്സ് സഭാപാരമ്പര്യം കന്യകമറിയാമിനെക്കുറിച്ച് മനസ്സിലാക്കുന്ന കാര്യങ്ങരം വ്യക്തമാക്കുകയാണ് ഈ ലേഖനത്തിൻെറ ഉദ്ദേശം.

www.malankaralibrary.com



## 1. ക്രിസ്തു ശാസ്ത്രവുമായുള്ള ബന്ധം !

കന്യകമറിയാമിനെക്കുറിച്ചുള്ള മുഴുവൻ വേദശാസ്ത്രവും 'ദൈവമാതാവ്' (Theotokos) നിത്യകന്യക (Aparthenos) എന്നീ രണ്ടു വാക്കുകളിൽ സംഗ്രഹിക്കുവാൻ കഴിയും. പൊതുസഭയുടെ പാരമ്പര്യത്തിൽ ഈ രണ്ടു വാക്കുകൾക്കും അംഗീകരണം കിട്ടിയിട്ടുള്ളതാണ്. യേശുക്രിസ്തുവിൻെറ കന്യകാജനനം (Virgin birth) പുതിയ നിയമത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നതും സഭാപാരമ്പര്യം അന്നുമുതൽ മുറുകെപിടിക്കുന്നതുമായ ഒരു സത്യമാകുന്നു. 'പരിശുദ്ധാത്മാവിനാൽ കന്യകമറിയാമിൽ നിന്നും ശരീരിയായിത്തീർന്നു' എന്ന വിശ്വാസപ്രമാണ വാചകം ഒരു ചരിത്രസത്യം മാത്രമല്ല ഒരു വിശ്വാസപ്രഖ്യാപനം കൂടിയാണ്. ദൈവമാതാവ് എന്നത് കന്യകമറിയാമിനു ബഹുമാന സൂചകമായി നല്കുന്ന ഒരു നാമമെന്നതിനെക്കാരം ഒരു വാക്കിലുള്ള ഒരു വേദശാസ്ത്ര നിർവചനമാകുന്നു. എഫേസൂസ് സുന്നഹദോസിനു (431) മുമ്പുതന്നെ ഈ സംജ്ഞ സത്യവിശ്വാസത്തിൻെറ ഉരകല്ലായി അറിയപ്പെട്ടിരുന്നതാണ്. 'കന്യകമറിയാമിനെ ദൈവമാതാവെന്ന് വിളിക്കാത്തവൻ ദൈവത്തിൽ നിന്ന് അകന്നവനാണ്' എന്ന് A D 380ൽ നസ്സിയൻസിലെ വി. ഗ്രിഗോറിയോസ് ക്ലേദോണിയോസ്സിന് എഴുതിയലേഖനത്തിൽ പറയുന്നു. ഒറിഗൻെറ (മൂന്നാം നൂററാണ്ട്) കാലം മുതൽക്കുതന്നെ സഭാപിതാക്കന്മാർ ദൈവമാതാവ് (Theotokos) എന്ന് കന്യകമറിയാമിനെ വിളിച്ചിരുന്നതായി കാണാം. ആയതിനാൽ നെസ്തോറിയസും കൂട്ടരും ഈ പദത്തെ എതിർക്കുന്നതിനുമുൻപു തന്നെ സഭാപാരമ്പര്യത്തിൽ ഈ പദത്തിന് സ്ഥാനം ലഭിച്ചിരുന്നു. Homoousios എന്ന പദം പോലെ തന്നെ ദൈവമാതാവ്, നിത്യകന്യക എന്നീ പദങ്ങളും തിരുവെഴുത്തിൽ കാണുന്നില്ല. എന്നാൽ നിഖ്യായിലും എഫെസോസിലും നേരത്തെ പാരമ്പര്യമായി നിലവിലുണ്ടായിരുന്ന ഒരു വിശ്വാസസത്യത്തെ വ്യക്തമാക്കുവാൻ തിരുവെഴുത്തിൽ ഇല്ലാത്ത ഒരു സാങ്കേതികപദം ഗ്രീക്കുഭാഷയിൽ നിന്നും എടുത്തു ഉപയോഗിച്ചുവെന്നേയുള്ളൂ. കന്യകമറിയമായിരുന്നില്ല,

www.malankaralibrary.com



ക്രിസ്തുശാസ്ത്രമായിരുന്നു എഫേസൂസിലെ വിഷയമെങ്കിലും ദൈവമാതാവെന്ന സംജ്ഞ ക്രിസ്തുശാസ്ത്രത്തിൻെറ സത്യവിശ്വാസനിർവ്വചനമായി രൂപം പ്രാപിക്കയാണുണ്ടായത്. അതിൽനിന്നും വ്യക്തമാകുന്ന ഒരു സംഗതി ക്രിസ്തുശാസ്ത്രം വ്യക്തമായും സൂക്ഷ്മമായും പ്രസ്താവിക്കണമെങ്കിൽ കന്യകമറിയാമിനെകുറിച്ചുള്ള ഒരു പഠനം കൂടിയെ തീരുയെന്നാണ്. ഒരു വിധത്തിൽ പറഞ്ഞാൽ ക്രിസ്തുശാസ്ത്രത്തിലുള്ള അവ്യക്തതയാണ് പലർക്കും കന്യകമറിയാമിനെക്കുറിച്ചുള്ള തെററിധാരണയ്ക്ക് കാരണമാകുന്നത്. ഉപരിപ്ലവമോ പരിമിതമോ ആയ ഒരു ക്രിസ്തുശാസ്ത്രത്തിൽ കന്യകമറിയാമിന് സ്ഥാനമുണ്ടായിരിക്കുകയില്ല. 'നമ്മുടെ സഹോദരനായ ക്രിസ്തു' വെന്നു മാത്രം മനസ്സിലാക്കുന്ന പ്രൊട്ടസ്റ്റണ്ടു ക്രിസ്തുശാസ്ത്രത്തിന് കന്യകമറിയം ഒരു വിഷയമല്ലെന്നുള്ളത് വ്യക്തമാണ്. എന്നാൽ മാതാവിനെ മറക്കുന്നവർ പുത്രനേയും തെററിദ്ധരിച്ചിരിക്കുന്നു. ഒരു ശരിയായ ക്രിസ്തുശാസ്ത്ര വീക്ഷണത്തിനു മാത്രമെ കന്യകമറിയാമിനെക്കുറിച്ചുള്ള പഠനം ഉൾക്കൊള്ളാൻ സാധിക്കൂ. 'മറിയസിദ്ധാന്തം' (Mariology) എന്നൊരു പുതിയ വേദശാസ്ത്ര ശാഖയില്ല; കന്യകമറിയാമിനെക്കുറിച്ചുള്ള വേദശാസ്ത്രം ക്രിസ്തുശാസ്ത്രത്തിൻെറ ഒരു ഭാഗം മാത്രമാണ്. ദൈവപുത്രൻെറ മനുഷ്യജന്മമെടുക്കലിനെക്കുറിച്ചുള്ള വേദശാസ്ത്രത്തിൽ മാത്രമെ തൻെറ ജനയിത്രിയെക്കുറിച്ചുള്ള പഠിപ്പിക്കലിന് സ്ഥാനമുള്ളു. ദൈവമാതാവിനോടുള്ള ഭക്തിയും വിശ്വാസവും മദ്ധ്യസ്ഥപ്രാർത്ഥനയും എല്ലാം ക്രിസ്തുശാസ്ത്രത്തിൻെറ പരിധിക്കപ്പുറമായി കണക്കാക്കുവാൻ സാദ്ധ്യമല്ല. ഇക്കാരണത്താൽ കന്യകമറിയാമിൻെറ ഗ്രീക്ക്—റഷ്യൻ ഓർത്തഡോക്സ് ഐക്കണുകൾ എപ്പോഴും യേശുക്കുഞ്ഞിനോടുകൂടെയേ കാണാറുള്ളു. യേശുക്കുഞ്ഞില്ലാതെയുള്ള കന്യകമറിയാമിൻെറ പടങ്ങൾ പാശ്ചാത്യറോമൻ കത്തോലിക്കാപാരമ്പര്യത്തിൽ പില്ക്കാലത്ത് ഉണ്ടായിട്ടുള്ളതാണ്. ഈ വസ്തുത മനസ്സിലാക്കാതെയാണ് നമ്മുടെ (മലങ്കരസഭയിലെ) പള്ളികളിൽ ഈ പടങ്ങൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. വിശുദ്ധന്മാരിൽ അഗ്രഗണ്യ എന്ന

www.malankaralibrary.com



നിലയിൽ ക്രിസ്തുശാസ്ത്രത്തിന്റെ ഒരു അവാന്തരവിഭാഗമായ സഭാശാസ്ത്രത്തിലും (Ecclesiology) കന്യകമറിയാമിന് സ്ഥാനം നല്കുവാൻ കഴിയും.

## 2. ദൈവമാതാവ് എന്ന സംജ്ഞയുടെ അർത്ഥം

ദൈവമാതാവ്—Theo tokos—എന്ന സംജ്ഞയർത്ഥമാക്കുന്നത് മറിയാം പ്രസവിച്ച ശിശു ഒരു സാധാരണ മനുഷ്യനല്ല, പ്രത്യുത മനുഷ്യനായി ജന്മമെടുത്ത ത്രിത്വത്തിൽ ഒരുവനായ ദൈവപുത്രനാകുന്നു എന്നാണ്. ഇത് ഓർത്തഡോക്സ് വിശ്വാസത്തിന്റെ മൂലക്കല്ലാകുന്നു. ''പിതാവിന്റെ ഏകപുത്രൻ കന്യകമറിയാമിൽനിന്നും ശരീരിയായിത്തീർന്നു മനുഷ്യനായി'' എന്ന നിഖ്യാവിശ്വാസപ്രമാണം പറയുമ്പോൾ ഒരേ പുത്രന്റെ ദ്വിവിധജന്മമാണ് ഏററുപറയുന്നതും; അല്ലാതെ ഒരേ വ്യക്തിയുടെ രണ്ടു പുത്രത്വം അല്ല. കന്യകമറിയാം പ്രസവിച്ചത്, ഒരു പുതിയ പുത്രനെയല്ല, മനുഷ്യജന്മമെടുത്ത ദൈവപുത്രനെത്തന്നെയാകുന്നു. ആയതിനാലിവിടെ പുതിയ വ്യക്തിയോ പുതിയ പുത്രത്വമോ ഇല്ല, കന്യകമറിയാം ഒരു മനുഷ്യപുത്രന്റെ മാതാവുമല്ല, ദൈവപുത്രന്റെ മാതാവാണ്. ആയതിനാൽ കന്യകമറിയാമിന്റേത് ദൈവീകമാതൃത്വമാണ്. പക്ഷേ കന്യകമറിയാം ഒരു മനുഷ്യസ്ത്രീയായതിനാൽ അവളിൽനിന്നും മനുഷ്യജൻമമെടുത്ത ദൈവപുത്രൻ ദൈവമനുഷ്യനായി Theanthropos-God man-അറിയപ്പെടുന്നു. ക്രിസ്തുവിലെ ദൈവമനുഷ്യ-ആളത്വ-ഏകത്വം മനസ്സിലാകുമ്പോൾ മാത്രമേ കന്യകമറിയാമിന്റെ ദൈവീകമാതൃത്വം നമുക്കു വ്യക്തമാകൂ. യേശുക്രിസ്തുവിന്റെ മനുഷ്യജന്മമെടുക്കൽ കേവലം അപരിമിതിയും പരിമിതിയും തമ്മിലുള്ള ബന്ധമെന്നോ ചില മാനുഷികമൂല്യങ്ങളുടെ മാതൃകകാട്ടിയ വക്താവ് എന്ന നിലയിലൊക്കെ കാണുന്നവർക്ക് ദൈവമാതാവ് എന്ന സംജ്ഞ അനുപേക്ഷണീയമായി തോന്നിയെന്ന് വരികയില്ല. എന്നാൽ വചനം ജഡമായി, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. (യോഹ. 1:14) എന്ന സത്യം അവർ വേണ്ടവിധം മനസ്സിലാക്കുന്നില്ലെന്നേ പറയുവാൻ സാധിക്കൂ.

www.malankaralibrary.com



### 3. മാനുഷികമാതൃത്വം

എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നും ജനിച്ചവനായി........ ജനിച്ചു (ഗലാ. 4: 4) എന്ന വേദവാക്യം യോഹ. 1:4 പോലെതന്നെ വളരെ പ്രാധാന്യമുള്ളതാകുന്നു. എന്താണ് ഈ ഭാഗത്തിന്റെ അർത്ഥമെന്ന് നോക്കാം. സ്വാഭാവികമായ ഒരു ശാരീരിക ഗർഭോല്പാദനം നടന്നില്ല എന്നുള്ളതുകൊണ്ട് കന്യകമറിയാമിന്റെ മാതൃത്വത്തിന് എന്തെങ്കിലും കുറവുണ്ടെന്ന് പറയുവാൻ സാധിക്കുകയില്ല. ഗർഭോല്പാദനം തന്നെ മാതാവും പുത്രനുമായുള്ള ഒരു ശാരീരികബന്ധത്തെക്കാളുപരി സ്നേഹത്തിൽ അധിഷ്ഠിതമായ ഒരാത്മീയബന്ധം അവർ തമ്മിൽ ഉണ്ടാകുന്നതാണല്ലോ. യേശു നിത്യദൈവമാണെങ്കിലും കന്യകയിൽനിന്നു ജനിച്ചു എന്ന വാസ്തവം നിഷേധിക്കുവാൻ സാധിക്കുന്നതല്ല. ഈ അർത്ഥത്തിൽ മറിയാം, പൂർണ്ണ അർത്ഥത്തിൽ, അവന്റെ മാതാവായിരുന്നു. അല്ലെങ്കിൽ മനുഷ്യജന്മമെടുക്കൽ യഥാർത്ഥമാകുമായിരുന്നില്ല. എല്ലാ സ്ത്രീകൾക്കും താൻ കർത്താവും രക്ഷിതാവുമായിരുന്നെങ്കിൽ കന്യകമറിയാമിന് താൻ പുത്രൻകൂടിയായിരുന്നു. ശിശുവായ യേശുവിന്റെ മാതാവായിരുന്നു എന്നത് കന്യകമറിയാമിന് ദൈവീക മാതൃത്വത്തിൽനിന്ന് ഒട്ടും വ്യത്യസ്ഥമല്ലാത്ത ഒരു സ്ഥാനമായിരുന്നു. യേശു ദൈവപുത്രനായിരുന്നു എന്നത് മറിയാമും യേശുവും തമ്മിലുള്ള സാധാരണ മാതൃപുത്രബന്ധത്തിന് ഇതരമായിരുന്നില്ല. അമ്മയ്ക്ക് കുഞ്ഞിനോടുള്ള സ്നേഹവാത്സല്യവും കുഞ്ഞിന് മാതാവിനോടുള്ള സ്നേഹവും അടുപ്പവും സാധാരണരീതിയിൽത്തന്നെ അവർ തമ്മിലും ഉണ്ടായിരുന്നുവെന്നുതന്നെവേണം മനസ്സിലാക്കുവാൻ. മനുഷ്യജന്മമെടുക്കലിന്റെ യാഥാർത്ഥ്യത്തിന് ഇക്കാര്യം ഊന്നിപ്പറയേണ്ടതുതന്നെയാണ്. അതിനു വിപരീതമായി ദൈവത്തിന്റെ പുത്രൻ മനുഷ്യവേഷത്തിൽ കാണപ്പെടുക മാത്രമായിരുന്നുവെന്നും തന്റെ ചരിത്രത്തിലേക്കുള്ള പ്രവേശനത്തിൽ കന്യകമറിയാമിൽകൂടി ഒരു കുഴലിൽകൂടി വെള്ളം

www.malankaralibrary.com



കടന്നുപോകുന്നവിധം അവളിൽനിന്ന് ശരീരം സ്വീകരിക്കാതെ ജനിക്കുകയായിരുന്നുവെന്നുള്ള അഭിപ്രായം രണ്ടാം നൂററാണ്ടുമുതലേ സഭ തിരസ്ക്കരിച്ചിട്ടുള്ളതാണ്.

## 4. ദൈവീകരക്ഷാപദ്ധതിയിലുള്ള ഭാഗഭാഗിത്വം

കന്യകമറിയാം ദൈവത്തിൻെറ കൃപ ലഭിച്ചവളാണ്. (നന്മനിറഞ്ഞ മറിയാമല്ല) കൃപനിറഞ്ഞ മറിയാമാണ് (ലൂക്കോ. 1:30). ദൈവപുത്രൻെറ മനുഷ്യജന്മരഹസ്യത്തിൽ പങ്കാളിയാകുവാൻ അവരം മുന്നമേ തെരഞ്ഞെടുക്കപ്പെട്ടവളായിരുന്നു. ഇപ്രകാരം മനുഷ്യവർഗ്ഗത്തിൽത്തന്നെ അവരം പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടിരുന്നുവെന്ന് മനസ്സിലാക്കാം. മററെല്ലാവരേക്കാളും ഉയർന്ന ഒരു സ്ഥാനം ദൈവം അവരംക്ക് നല്കിയിരുന്നു. അവൻ മനുഷ്യവർഗ്ഗത്തിൻെറ പ്രതിനിധിയും അതേസമയം വേർതിരിക്കപ്പെട്ടവനുമായിരുന്നു. ദൈവപുത്രൻെറ മനുഷ്യജന്മമെടുക്കൽ ദൈവത്തിൻെറ നിത്യപദ്ധതിയിൽപ്പെട്ട (എഫേ. 1:14) ഒരു സംഭവമാണ്; അല്ലാതെ സാന്ദർഭികമായി സംഭവിച്ച ഒരു സംഗതിയല്ല. ആയതിനാൽ മററെല്ലാ മനുഷ്യരെക്കാളും വി. ത്രിത്വത്തിൻെറ മനുഷ്യരക്ഷാപദ്ധതിയിൽ കന്യകമറിയാം അനുപമമായ രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യൻെറ വീഴ്ച മുഖാന്തരം നശിച്ച മനുഷ്യ-ദൈവകൂട്ടായ്മ മനുഷ്യസ്വഭാവത്തിന് വീണ്ടുകിട്ടുവാൻ ദൈവത്തിൻെറ ജന്മമെടുക്കൽ ആവശ്യമായിരുന്നു. ആപത്തിലുള്ള വിടവു നികത്തുവാൻ ക്രിസ്തുവിൻെറ വിശുദ്ധ മനുഷ്യത്വം ആവശ്യമായിരുന്നു. ഈ മനുഷ്യത്വം കന്യകമറിയാമിൽനിന്ന് തനിക്ക് എടുക്കേണ്ടിയിരുന്നു. ദൈവപുത്രൻെറ മനുഷ്യജന്മമെടുക്കൽ തന്നെ പുതിയ മനുഷ്യവർഗ്ഗത്തിൻെറ പുതിയ ആരംഭമായിരുന്നു. രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽനിന്നുള്ളവനായിരുന്നു (1കൊരി. 15:47) എന്നത് ദൈവ-മനുഷ്യാവസ്ഥയെ കാണിക്കുന്നു. ഈ രണ്ടാം മനുഷ്യൻെറ മാതാവെന്ന നിലയിൽ കന്യകമറിയാം ലോകപുനനിർമ്മിതിയുടെ വീണ്ടെടുപ്പുരഹസ്യത്തിൽ ഭാഗഭാക്കായിത്തീരുന്നു. അവരംക്കും രക്ഷ ആവശ്യമായിരുന്നു എന്നതിനാൽ കന്യകമറിയാമും രക്ഷിക്ക

www.malankaralibrary.com



പ്പെട്ടവരുടെ കൂട്ടത്തിൽത്തന്നെ എണ്ണപ്പെടുന്നു. തന്റെ പുത്രൻ ലോകത്തിന്റെ വീണ്ടെടുപ്പുകാരനും കർത്താവുമാണ്. പക്ഷേ ലോകരക്ഷിതാവായ യേശു ഒരു പുത്രനായിരിക്കുന്നതുതന്നെ യഥാർത്ഥമായി പ്രസവിച്ച കന്യകമറിയാമിനു മാത്രമാണ്. ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല ദൈവത്തിൽ നിന്നത്രേ (അവൻ) ജനിച്ചത്. (യോഹ 1: 13-ഈ വാക്യം ക്രിസ്തുവിന്റെ മനുഷ്യജന്മമെടുക്കലായും ക്രിസ്തീയ മാമോദീസയായും സഭാപിതാക്കന്മാർ വ്യാഖ്യാനിക്കാറുണ്ട്— ഉദാ: മാബുഗിലെ വി. പീലക്സിനോസ്) പക്ഷെ അവൻ കന്യകമറിയാമിന്റെ ഉദരഫലമാകുന്നു. മാമ്മോദിസായിൽക്കൂടി നാം അവന്റെ ഈ പുതിയ മനുഷ്യവർഗ്ഗത്തിലേക്ക് ജനിച്ച് തന്റെ വിശുദ്ധ മനുഷ്യത്വത്തിൽ പങ്കാളികളാകുന്നു. (മാബൂഗിലെ വി. പീലക്സിനോസ് ക്രിസ്തുവിന്റെ വി. ആളത്വം 'ക്നൂമ്മോ കാദീശോ' എന്ന് ഇതിനെ വിശേഷിപ്പിക്കുന്നു). അവന്റെ പുത്രത്വത്തിൽ പങ്കാളികളാകുമ്പോഠം നാമും ദൈവപുത്രന്മാരാകുന്നു. (യൊഹ 1: 12) ഈ രണ്ടാം മനുഷ്യന്റെ മാതാവ് രക്ഷാപദ്ധതിയിൽ മറ്റെല്ലാവരേക്കാളും വ്യത്യസ്തമായ നിലയിൽ, ശാരീരിക ആളത്വബന്ധത്തിൽ കൂടി ഭാഗഭാക്കാകുന്നു. ഒരർത്ഥത്തിൽ അവളുടെ വീണ്ടെടുപ്പ് ദൈവപുത്രന്റെ അവളിൽ നിന്നുള്ള ജഡമെടുക്കലിൽ മുന്നിയമിക്കപ്പെട്ടിരുന്നുവെന്നുപറയാം. അവളുടെമേൽ അത്യുന്നതന്റെ ശക്തി നിഴലിടുകയും പരിശുദ്ധാത്മാവു വരുകയും ചെയ്തു. ഗബ്രിയേൽ മാലാഖയുടെ അറിയിപ്പ് (ലൂക്കോ. 11: 35) യഥാർത്ഥത്തിൽ അവരാക്ക് പെന്തിക്കൊസ്തിയുടെ ഒരു മുന്നാസ്വാദനമായിരുന്നു. കന്യകമറിയാമിന്റെ ഈ കൃപാനുഭവം അവളുടെ യാതൊരു പ്രവൃത്തിയുടേയും ഫലമായി നല്കിയതല്ല; പരിപൂർണ്ണമായും ദൈവോദ്ദേശത്തിലുണ്ടായ സ്വാതന്ത്ര്യവും വ്യവസ്ഥകാംക്ഷിതവുമായ ഒരു തെരഞ്ഞെടുപ്പിൽകൂടിയാകുന്നു. മറിയാം ഒരു സാധാരണ കന്യകയല്ല, കന്യകയായ മാതാവാണ്. പാപത്താൽ വികലമാക്കപ്പെട്ട മനുഷ്യവർഗ്ഗത്തിന്റെ തുടർച്ചയും ക്രിസ്തുവിലുള്ള വീണ്ടെടുക്കപ്പെട്ട പുതിയ മനുഷ്യവർഗ്ഗത്തിന്റെ ആരംഭവുമാണ്. ഇപ്രകാരം കന്യകമറിയാ

www.malankaralibrary.com



മിനെ രണ്ടാം ഹവ്വാ എന്ന രീതിയിൽ വി. ഐറേനിയോസ് വിശേഷിപ്പിക്കുന്നു. ഒന്നാം ഹവ്വാ അനുസരണക്കേടിനാൽ കുരിക്കിട്ട കെട്ട് രണ്ടാം ഹവ്വാ അനുസരണത്തിൽ അഴിച്ചു വെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. രക്ഷാദിവസത്തിന്റെ പ്രഭാതമായി കന്യകമറിയാമിനെ ചിലർ വിശേഷിപ്പിക്കുന്നത് രക്ഷാപദ്ധതിയിലുള്ള അവരുടെ ആരംഭ ഭാഗ ഭാഗിത്വംമൂലമാകുന്നു.

## 5. ദൈവികതെരഞ്ഞെടുപ്പിന്റെ പരിധി

മനുഷ്യജന്മമെടുത്ത ദൈവപുത്രന്റെ മാതാവാകുവാൻ കന്യകമറിയം ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളാണ്. ദിവ്യമായ ഈ ദൗത്യം നിർവ്വഹിക്കുവാൻ ദൈവത്താൽ അവരം ഒരുക്കപ്പെട്ടിരുന്നു. ഇത് ദൈവം എപ്രകാരം നിർവ്വഹിച്ചു എന്നത് ഒരു രഹസ്യമാണ്. കന്യകമറിയം വീണുണ്ടായ മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയാകുന്നു. അതേസമയം തന്നെ രണ്ടാം ഹവ്വായുമാണ്. ദൈവം അവളെ തന്റെ ആലോചനയാൽ വിളിച്ചു വേർതിരിച്ചുവെങ്കിലും ബാക്കി മനുഷ്യ വർഗ്ഗത്തോടുള്ള ബന്ധത്തിൽ നിന്നവരംക്ക് വ്യത്യാസമില്ല. ഈ വിഷമസന്ധിക്ക് യുക്തിപരമായി നമുക്ക് എന്തു പരിഹാരം നിർദ്ദേശിക്കുവാൻ സാധിക്കും? അമലോത്ഭവ സിദ്ധാന്തം എന്ന 'പാവന' തത്വം വഴി റോമൻ കത്തോലിക്കാസഭ ഇതിനൊരു പരിഹാരം കൊണ്ടുവന്നു. കന്യകമറിയാം ജന്മപാപമില്ലാത്തവളായി ജനിച്ചുവെന്നു രത്നച്ചുരുക്കമായി പറയുന്നു. ഈ സിദ്ധാന്തം ജന്മപാപമെന്നാൽ മാതാപിതാക്കളുടെ ലൈംഗികബന്ധമെന്ന പാപം സന്തതികളിലേക്കു വ്യാപിക്കുന്നതാകുന്നുവെന്ന അഗസ്തീനോസിന്റെ തെററായ പഠിപ്പിക്കലിന്റെ പശ്ചാത്തലത്തിൽ മാത്രമേ നിലനില്ക്കൂ. എന്നാലീ സിദ്ധാന്തം മുഖാന്തരം റോമൻ കത്തോലിക്കാസഭ അനാവശ്യമായ പ്രശ്നങ്ങളം കാതോലികസഭയുടെ കന്യകമറിയാമിനെക്കുറിച്ചുള്ള വിശ്വാസത്തിൽ വരുത്തിവയ്ക്കുകയാണു ചെയ്തത്. വളരെ നിർഭാഗ്യകരമായ ഒരു സിദ്ധാന്തരൂപീകരണമായിരുന്നു ഇതെന്നതിൽ രണ്ടുപക്ഷമില്ല. കന്യകമറിയാമിന്റെ ദൈവികമാതൃത്വം ജന്മപാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തെ ആശ്ര

www.malankaralibrary.com



യിച്ചില്ല. അവരം കൃപനിറഞ്ഞവളായിത്തീരുകയും ഈ കൃപ യാൽ പരിശുദ്ധാത്മാവിൻെറ വ്യാപാരപ്രകാരം എന്നും വിശുദ്ധിയിൽ കാത്തു സംരക്ഷിക്കപ്പെടുകയും ചെയ്തു. പക്ഷെ ഇത് പാപത്തിൻെറ നിർമ്മാർജ്ജനം ആയിരുന്നില്ല. പാപത്തിൻെറ ഉന്മൂലനാശം വരുന്നത് ക്രിസ്തുവിൻെറ കുരിശിലാണ്. അത് സർവ്വ മനുഷ്യവർഗ്ഗത്തിൻെറയും അവസ്ഥയായിരുന്നതുകൊണ്ട് അതിൽ നിന്ന് ആർക്കും പ്രത്യേക പരിഗണന കൊടുക്കുവാൻ സാദ്ധ്യമല്ലായി രുന്നു. ദൈവപുത്രൻെറ മനുഷ്യജന്മമെടുക്കൽ പുതിയ സൃഷ്ടിയുടെ ആരംഭമായിരുന്നെങ്കിൽപ്പോലും അവിടെയും പാപത്തിൻെറ നാശം വരുന്നില്ല. അത് രക്ഷാപദ്ധതിയുടെ ആരംഭമെന്നേയുള്ളു. രണ്ടാം ആദാം തൻെറ മരണത്തിലൂടെ യാണ് പൂർണ്ണ മഹത്വീകരണത്തിലേക്കു പ്രവേശിക്കുന്നത്. ദൈവത്തിൻെറ രക്ഷാപദ്ധതിയിൽ മനുഷ്യജന്മമെടുക്കൽ നിശ്ചിതമാണെങ്കിലും അതിൻെറ എല്ലാ നിമിഷങ്ങരംക്കും പ്രാധാന്യമുണ്ട്. ദൈവചിന്തയാൽ ഇവയെല്ലാം മുന്നൊരു ക്കിയിരിക്കുന്നുവെങ്കിലും രക്ഷാപദ്ധതിയിൽ അതിന് ഒരു ചരിത്രമുണ്ട്. ദൈവപുത്രനു മാതാവാകാനുള്ള കൃപയിൽ അവരം നിറഞ്ഞുവെങ്കിലും മനുഷ്യവർഗ്ഗത്തിലെ മറേറതൊ രാളെപ്പോലെയുള്ള ഒരംഗമെന്ന നിലയിൽ മനുഷ്യസ്വഭാവ ത്തിൽ അലിഞ്ഞുചേർന്ന പാപത്തിൻെറ ശിക്ഷയിൽ നിന്നു ള്ള വിടുതലും രക്ഷയും ഇതോടുകൂടി അവരംക്കു ലഭിക്കു ന്നില്ല. കാരണം ക്രിസ്തുവിലൂടെയുള്ള പാപത്തിൽ നിന്നുള്ള മനുഷ്യവർഗ്ഗത്തിൻെറ പൂർണ്ണവീണ്ടെടുപ്പ് ക്രൂശി ലെ തൻെറ മഹത്വീകരണത്തോടെയാണ് സാധിതമായത്. പക്ഷെ അവരുടെ വ്യക്തിപരമായ വിശുദ്ധി സംരക്ഷി ക്കുവാൻ രക്ഷാപുരോഗതിയിലായിരുന്ന ഈ ലോകത്തിൽ അവരംക്കു സാദ്ധ്യമായിരുന്നു. കന്യകമറിയാമും പുത്രനും രക്ഷാപദ്ധതിയിൽ അനുപമമായ അർത്ഥത്തിലാണ് ബന്ധപ്പെട്ടിരിക്കുന്നത് പഴയരും പുതിയരും അവിടെ സമ്മേളിക്കുന്നുണ്ട്. അതെപ്രകാരം എന്നത് ദൈവികരഹ സ്യമായി നില്ക്കുന്നു.

www.malankaralibrary.com



## 6. നിത്യകന്യാത്വം

കന്യകമറിയാമിൻെറ യഥാർത്ഥാനുഭവം നമുക്കു മറവായിരിക്കുന്ന ഒന്നാണ്. ഇപ്രകാരമുള്ള ഒരനുഭവത്തിൽ മനുഷ്യചരിത്രത്തിൽ ആരുംതന്നെവന്നിട്ടില്ല. കന്യകമറിയാം പ്രത്യേകമായ ഒരനുഭവത്തിൽ ദൈവകൃപയുടെ നിറവു പ്രാപിച്ചു. അതവൾക്കു മാത്രമായിരുന്നു; അനുപമവുമാണ്. ഈ കൃപയിലേക്കുള്ള വളർച്ച കന്യകമറിയാമിന് ഉണ്ടായിരുന്നു. രക്ഷയുടെ രഹസ്യം പൂർണ്ണമായി അവളറിഞ്ഞത് ക്രമേണ മാത്രമാണ്. ക്രിസ്തുവിൻെറ കുരിശിലെ യാഗത്തിൽ അവളും പങ്കാളിയായിത്തീർന്നു (ലൂക്കോ.2,35). എന്നാൽ ക്രിസ്തുവിൻെറ ഉയിർത്തെഴുന്നേല്പുവരെയും ഈ മഹത്വം പൂർണ്ണമായിരുന്നില്ല. അതിനുശേഷം ശിഷ്യന്മാരോടൊപ്പം കന്യകമറിയാമും വളരുന്ന സഭയുടെ ഭാഗഭാക്കായി പ്രവർത്തിക്കുന്നുണ്ട്. ക്രിസ്തുവിൻെറ കന്യകാജനനത്തെക്കുറിച്ചുള്ള അറിയിപ്പ് അവളിൽ കാര്യമായ വ്യതിയാനം ഉണ്ടാക്കി. എന്നാൽ ഈ അനുഭവം നമുക്ക് മറയപ്പെട്ടു കിടക്കുന്നു (ലൂക്കോ. 2, 19) എങ്കിലും കന്യക മറിയാമിനെ സംബന്ധിച്ചിടത്തോളം തൻെറ വ്യക്തിപരമായ ജീവിതത്തിൻെറ ആകെത്തുകയായിരുന്നു. നിത്യകന്യകാത്വം ഇതിൽ നിന്ന് ഉണ്ടായ അവരുടെ ജീവിതാനുഭവമായി നമുക്കു കണക്കാക്കാം; അവളാണ് കന്യക. കന്യകാത്വം കേവലം ശാരീരികമായ പാതിവ്രത്യം മാത്രമല്ല അവയിലെല്ലാമുപരി ആത്മീകവും ആന്തരികവുമായ ഒരുനിലപാടാണ്. ഇതുകൂടാതെയുള്ള ശാരീരികകന്യാത്വം കേവലം അർത്ഥശൂന്യമാണ്. നിത്യകന്യകയെന്ന സംജ്ഞ തീർച്ചയായും ഒരു ശാരീരികാവസ്ഥയിൽ ഉപരിയാണ്. അത് യേശുക്രിസ്തുവിനെ കന്യകാത്വത്തിൽ വിവാഹബന്ധം കൂടാതെ പ്രസവിച്ചു; കൂടാതെ കന്യകാത്വത്തിൽതുടർന്നിരുന്നുവെന്നു മാത്രവുമല്ല; പ്രഥമമായും ഈസംജ്ഞകൊണ്ടു ഹൃദയംകൊണ്ടും മനസ്സുകൊണ്ടുംഇന്ദ്രിയങ്ങൾ കൊണ്ടുമുള്ള എല്ലാവിധ കാമാസക്തികളിൽനിന്നുംസ്വതന്ത്രയായിരുന്നു,എന്നുകൂടിഅർത്ഥമാക്കുന്നു. ശാരീരികവിശുദ്ധിയെന്നുപറയുന്നതുആന്തരികവിശുദ്ധിയുടെ ഒരു ബഹിഷ്പുരണം മാത്രമാണല്ലോ. പ്രധാന

www.malankaralibrary.com



സംഗതി ഹൃദയവിശുദ്ധിയിൽ കൂടി ദൈവത്തെ കാണുന്ന അവസ്ഥയാണ്. മോഹങ്ങളിൽനിന്നുള്ള വിടുതൽഇതാണ്. ആത്മീയ ജീവിതത്തിന്റെ അടിസ്ഥാനഘടകവും ഇതു തന്നെയാണല്ലോ. ഇപ്രകാരം കന്യകമറിയം എല്ലാ തലങ്ങളിലും നിത്യകന്യകയായിരുന്നുവെന്നു പഠിപ്പിക്കുന്നു. ഒരു യഥാർത്ഥകർത്താവിന്റെ ദാസി നിത്യകന്യകയായിരിക്കണമല്ലോ. അവരാ ആത്മീകമായ കന്യകാത്വം കാത്തുസൂക്ഷിച്ചുവെങ്കിലും പൂർണ്ണതയിലേക്കു വന്നുവെന്നോ സാത്താന്റെ പരീക്ഷകളിൽ നിന്ന് ഒഴിവാക്കപ്പെട്ടവരാ എന്നോ അർത്ഥമാകുന്നില്ല. യേശുക്രിസ്തുവും പരീക്ഷകളെ നേരിട്ട് തോല്പിച്ചു എന്നതുപോലെ നിത്യകന്യകയായിരുന്നതിനാൽ അവരാക്കും പരീക്ഷകളെതോല്പിച്ച് വിജയം വരിക്കുവാൻ കഴിഞ്ഞിരുന്നുവെന്ന്നമ്മരാ പഠിപ്പിക്കുന്നു. കന്യകമറിയാം അവളുടെ ഈ ഭാഗ്യാവസ്ഥയെക്കുറിച്ച് ബോധ്യമുള്ളവളായിരുന്നു (ലൂക്കോ.1, 46-55). അവരാ തന്റെ രക്ഷകനോടുള്ള വിശ്വസ്ഥതയിൽ ശാരീരികവും മാനസികവും ആന്തരികവുമായ ഏകതാഭാവത്തിൽ ജീവിച്ചുവെന്നുള്ളതാണ് അവളുടെ നിത്യകന്യകാത്വം. വി. പൗലോസിന്റെ കന്യകാത്വത്തെക്കുറിച്ചുള്ള വീക്ഷണവും (1കൊരി 7, 34) കന്യകമറിയാമിൽ വ്യക്തമാകുന്നു.

## 7. വിശുദ്ധൻമാരുടെ സംഘത്തിൽ

സഭയുടെ വിശുദ്ധൻമാരുടെ ഗണത്തിൽ ദൈവമാതാവായ കന്യകമറിയാം അഗ്രഗണ്യയാണ്. കൗദാശികഭാഗഭാഗിത്വത്തിൽ സംസർഗ്ഗം ചെയ്യുന്ന വിശുദ്ധന്മാരുടെ സംഘത്തിൽ സഭാഗാത്രത്തിൽ കന്യകമറിയാം പൂർണ്ണതേജസ്വനിയും മഹത്വമുള്ളവളുമായി പ്രത്യക്ഷപ്പെടുന്നു. വിശുദ്ധിയുടെ സോപാനത്തിൽ അവരാ എത്തിയെന്നു തന്നെയാണ് സഭയുടെ വിശ്വാസം. പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന പുത്രനോട് സംയോജിക്കപ്പെട്ടവളായി അവരാ നില്ക്കുന്നതായി നാം വിശ്വസിക്കുന്നു. സഭയുടെ ജീവിതത്തിൽ മദ്ധ്യസ്ഥതയണക്കുന്നതിലും മാതാവിന്റെ സ്നേഹവായ്പിലും കന്യകമറിയാം ഇന്നും നമുക്ക് ആരാധിക്കുന്ന

www.malankaralibrary.com



സഭയിൽ നില്ക്കുന്നു. ക്രിസ്തുവിൻെറ ശരീരമായ സഭയോട് ചേരുന്നത് മനുഷ്യവർഗ്ഗത്തിനുവേണ്ടിയുള്ള ക്രിസ്തീയയാഗത്തിലൂടെയും സ്നേഹത്തിലൂടെയുമാണ്. ഇവിടെ രക്ഷകനായ ക്രിസ്തുവിനോടൊപ്പം മനുഷ്യവർഗ്ഗത്തിനുവേണ്ടി താൻ നിർവ്വഹിച്ച ത്യാഗസ്നേഹയാഗത്തിൽ കന്യകമറിയാമിനും തൻെറ പുത്രനോടുള്ള സ്നേഹഭക്തിബന്ധത്തിൽ ഒരു പങ്കുണ്ട്. ദൈവികവിശുദ്ധീകരണം ആരാധനയിൽകൂടി ക്രിസ്തുവിനോടും അവൻെറ സർവ്വവിശുദ്ധൻമാരുടെ സംഘത്തോടും സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതൻമാരുടെ സർവ്വസംഘത്തോടും (എബ്രാ. 12, 23) ഒപ്പം നേടിയെടുക്കുവാനാണ് സഭ നമ്മെ പഠിപ്പിക്കുന്നത്. ഈ സ്വർഗ്ഗീയ വിശുദ്ധ സംഘത്തിൽ നമ്മുടെ രക്ഷകനും കർത്താവുമായ മനുഷ്യാവതാരം ചെയ്ത ദൈവപുത്രനെ പ്രസവിച്ച മാതാവിനെ കൃപയും സ്നേഹവും അനുകമ്പയും വാത്സല്യവും നിറഞ്ഞവളായി നാം കാണുന്നു. ഈ ദർശനത്തിൻെറയും വിശ്വാസത്തിൻെറയും വെളിച്ചത്തിൽ നമുക്ക് കന്യകമറിയാമിനെക്കുറിച്ചുള്ള വീക്ഷണം വ്യക്തമായി കാണുവാൻ കഴിയും. അത് ദൈവപുത്രൻെറ മനുഷ്യജൻമമെടുക്കലിൻെറ രഹസ്യത്തെ മനസ്സിലാക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു.

## ഉപസംഹാരം

ദൈവപുത്രൻെറ മനുഷ്യജൻമമെടുക്കലിനെക്കുറിച്ചുള്ള വേദശാസ്ത്രം അഥവാ ക്രിസ്തുശാസ്ത്രവും കന്യകമറിയാമിനെക്കുറിച്ചുള്ള സഭയുടെ പഠിപ്പിക്കലും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവകൃപമൂലം ദൈവീകരണപ്രക്രിയയിൽ ഏററവും മുൻപന്തിയിലിരിക്കുന്ന മനുഷ്യവർഗ്ഗത്തിലെ അംഗം എന്നതാണ് വി. കന്യകമറിയാമിനു സഭയിലുള്ള സ്ഥാനം.

www.malankaralibrary.com

# വി. മറിയാമിനോടുള്ള ആദരവ്: ഓർത്തഡോക്സ് സഭാജീവിതത്തിൽ

(ഫാ. ഡോ. ജേക്കബ് കുര്യൻ)

വിവിധ ക്രൈസ്തവ പാരമ്പര്യങ്ങളിൽ വി. മറിയാമിനുള്ള സ്ഥാനം വ്യത്യസ്ത രീതിയിലാണ്. ഓർത്തഡോക്സ് റോമൻ കത്തോലിക്കാ സഭാപാരമ്പര്യങ്ങളിൽ മറിയാമിനെ സംബന്ധിച്ച് വേദശാസ്ത്രപരമായ ചില വ്യത്യാസങ്ങളുണ്ടെങ്കിൽതന്നെ വി. മറിയാമിന് 'ദൈവമാതാവ്' എന്ന അഭിമാനത്തോടെ, പരസ്പര സാമ്യമുള്ള സ്ഥാനവും ആദരവുമാണ് നൽകപ്പെടുന്നത്. നവീകരണ പാരമ്പര്യത്തിൽ പൊതുവെ ക്രിസ്തുവിൻെറ മാതാവ് എന്ന നിലയിൽ കടന്നുപോയ ചരിത്രത്തിലെ ഒരുത്തമ സാക്ഷിയായി മാത്രം വി. മറിയാമിനെ കാണുന്നു. ആദ്യത്തെ രണ്ടു സഭാ പാരമ്പര്യങ്ങളിലും, വി. മറിയാം ഇന്നും എന്നുമുള്ള സഭാ ജീവിതത്തിലെ സജീവ സാന്നിദ്ധ്യമാണെങ്കിൽ, നവീകരണ പാരമ്പര്യത്തിൽ മാതൃകായോഗ്യമായ ഒരു സ്മരണ മാത്രമാണ്.

ഓർത്തഡോക്സ് സഭാജീവിതത്തിൽ വി. മറിയാമിനോടുള്ള ആദരവ് രണ്ടു വസ്തുതകളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

1. മനുഷ്യാവതാരരഹസ്യം പഴയ സംഭവമല്ല പ്രത്യുത എന്നത്തേയ്ക്കുമുള്ള ആനുകാലികാനുഭവമാണ്.

2. ക്രിസ്തുശരീരമായ സഭയുടെ ചരിത്രപരമായ സമ്പൂർണ്ണപ്രകാശനം ആരാധനാ സമൂഹത്തിലാണ്.

വി. മറിയാമിനോടുള്ള ആദരവ്, മേല്പറഞ്ഞ വസ്തുതകളോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കുറച്ചുകൂടി വ്യക്തമാക്കാം:

## 1. മനുഷ്യാവതാര രഹസ്യവും വി. മറിയാമും

മനുഷ്യാവതാര രഹസ്യത്തിൽ നാം കാണുന്നത്, സർവ്വ പ്രപഞ്ചത്തിനും അടുത്തറിയുവാൻ സ്വയം വിധേയപ്പെടുന്ന ദൈവത്തെയാണ്. ഒരു മനുഷ്യസ്ത്രീയിൽ പരിശുദ്ധാ

www.malankaralibrary.com



ത്മാവിനാൽ ഉരുവായി, പിറന്നുവീണ്, മുലകുടിച്ചു വളർന്ന യേശുക്രിസ്തുവെന്ന മനുഷ്യനിൽ ദൈവത്തിൻെറ സർവസമ്പൂർണ്ണതയും ദേഹരൂപമായി' വെളിപ്പെട്ടതായി പഴയ ക്രൈസ്തവതലമുറമാത്രം മനസ്സിലാക്കിയാൽ പോരാ, ഇന്നും എന്നുമുള്ള പ്രപഞ്ചത്തിന് (അതിൽ മനുഷ്യനും സർവ ചരാചരങ്ങളും ഉൾപ്പെടും) അത് അനുഭവമാകണം. അതിനുവേണ്ടി, പലരും ചെയ്യുന്നത് ക്രിസ്തുവിനെ ചരിത്രത്തിൽനിന്ന് അടർത്തിയെടുത്ത് സ്വന്തം ആശയപ്രത്യയശാസ്ത്രങ്ങൾകൊണ്ട് ആടയണിയിക്കുകയാണ്. വാതകം നിറച്ച ബലൂൺപോലെ സാവധാനം ആ ക്രിസ്തു ഉയർന്നുപോകുന്നു. ജീവിതയാഥാർത്ഥ്യങ്ങളിലേയ്ക്ക് കടന്നുവരാനുള്ള ചരിത്രപരമായ ആധികാരികതയ്ക്ക് പകരം, സ്വപ്നലോകത്തിലേയ്ക്ക് ഉയർത്തുന്ന സങ്കല്പനൗകമാത്രമായി അവൻ ആയിത്തീരുന്നു, ഈ അപകടത്തിൽനിന്ന് ഒഴിവാകുവാനുള്ള ചരിത്രബന്ധത്തിൻെറ പ്രതീകാത്മകമായ ഒരു ചിത്രീകരണമാണ്, വി. മറിയാമിൻെറ കൈകളിലിരിക്കുന്ന യേശുക്രിസ്തു. ക്രിസ്തുവിജ്ഞാനീയത്തിൻെറ എക്കാലവുമുള്ള പശ്ചാത്തല വിഭാഗമായിട്ടാണ് മറിയവിജ്ഞാനീയത്തെ ഓർത്തഡോക്സ് സഭകൾ കാണുന്നത്. അതുകൊണ്ട് ഓർത്തഡോക്സ് വീക്ഷണത്തിൽ, മനുഷ്യാവതാരരഹസ്യം എന്നും വി. മറിയാമിൻെറ സജീവസാന്നിദ്ധ്യത്തിൽ മാത്രമാണ് അർത്ഥപൂർണ്ണവും ആനുകാലികവും ആകുന്നത്. വി. മറിയാമാണ്, ക്രിസ്തുവിനെ ചരിത്രവുമായി ബന്ധിപ്പിക്കുന്ന പ്രധാന കണ്ണി. പക്ഷേ അങ്ങനെ ബന്ധിപ്പിക്കുമ്പോഴും, ദൈവപുത്രൻെറ മഹത്വപൂർണ്ണമായ അവസ്ഥയെ പരിമിതപ്പെടുത്തരുത് എന്നുമാത്രമല്ല, അതിനെ കൂടുതൽ അടുത്ത് അനുഭവിക്കണം എന്നുള്ളത് നിർബന്ധമാണുതാനും. ഉദാഹരണത്തിന്, ആരാധനയിൽ ഒരിടത്ത് ഇപ്രകാരം പറയുന്നു:

> ''മറിയാം പറഞ്ഞതെന്തെന്നാൽ, നീ എന്നെ ശക്തിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ വഹിച്ചു. കല്പടാവിൽ ഞാൻ നിന്നെ പ്രസവിച്ചപ്പോൾ നിൻെറ മഹത്വം എന്നെ കാണിച്ചു. ചെറിയ പുൽക്കൂടിനെ അഗ്നിജ്വാല

www.malankaralibrary.com



ചുററിയിരിക്കുന്നു. അതിനുമുകളിലായി ആറാറു ചിറകുള്ള സ്രോപ്പേന്മാർ പറക്കുന്നു. ഞാൻ പ്രവേശിച്ചു മുട്ടുകുത്തി വന്ദിച്ച് നിനക്കുഹിതകരമായ മുലപ്പാൽ നൽകുവാൻ തക്കവണ്ണം അവരുടെ ചിറകുകൾ മാററിത്തരുവാനായിട്ട് കല്പിക്കണമെ.'' (കാനോനാ നമസ്ക്കാരം, ബുധൻ സന്ധ്യ)

ചുരുക്കത്തിൽ, മനുഷ്യാവതാരരഹസ്യം എന്നത്തേയ്ക്കുമുള്ള ആനുകാലിക സംഭവമായി ഓർത്തഡോക്സ് സഭാജീവിതം കാണുന്നത് വി. മറിയാമിന്റെ സാന്നിദ്ധ്യത്തിലാണ്. സഭ വി. മറിയാമിൽ, ചരിത്രത്തോടുള്ള ദൈവപുത്രന്റെ നിത്യ ബന്ധത്തെ ദർശിക്കുമ്പോൾ വി. മറിയാം ചരിത്രത്തിന്റെ പ്രതിനിധിയായി മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ സ്വർഗ്ഗീയ മഹത്വത്തെ ദർശിക്കുന്നുവെന്നതാണ് ശ്രദ്ധേയം.

## 2. സഭയുടെ ആരാധനാനുഭവവും വി. മറിയാമും

ക്രിസ്തുശരീരമായ സഭയും, ക്രിസ്തുവിനെപ്പോലെതന്നെ, ചരിത്രത്തിൽ മാത്രം പരിമിതപ്പെടുന്ന ഒന്നല്ല. ക്രിസ്തുവിന്റെ രക്ഷയിലുള്ള പങ്കാളിത്തം, ഭൂതകാലത്തും, വർത്തമാനകാലത്തും, ഭാവികാലത്തും ഉള്ളവരെ സഭയിലെ സജീവ കൂട്ടായ്മയിൽ ഒന്നിച്ചുചേർക്കുന്നു. ഈ സഭ ക്രിസ്തുവിന്റെ ഗാത്രവും, മണവാട്ടിയും, മന്ദിരവുമായി അവനോടൊപ്പം സമയ, കാല പരിമിതി കൂടാതെ നിലനില്ക്കുന്നു. ഈ അവസ്ഥയ്ക്ക് ചരിത്രപരമായ ഒരു പ്രകാശനം സാധിക്കും എന്നാണ് ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നത്. പ്രഥമമായി, ക്രിസ്തുവിന്റെ മനുഷ്യാവതാര സാന്നിദ്ധ്യത്തിന്റെ പ്രകാശനം, വി. കുർബാനയിലാണ്. രണ്ടാമതായി, സഭാരഹസ്യത്തിന്റെ പ്രകാശനം വി. കുർബാനയിൽ പങ്കുചേരുന്ന ആരാധനാസമൂഹത്തിലാണ്. അപ്പോൾ, ആരാധനയ്ക്ക് (പ്രത്യേകിച്ച് വി. കുർബാനയുടെ കൂട്ടായ്മയിൽ) സമ്മേളിക്കുന്ന സഭ ശരീരത്തോടെയിരിക്കുന്നവരുടെയും ശരീരം വിട്ടവരുടെയും ക്രിസ്തുവിലുള്ള കൂട്ടായ്മയാണ്. പ്രസ്തുത കൂട്ടായ്മയിൽ, വി. മറിയാമിന്റെ സാന്നിദ്ധ്യം അഗ്രഗണ്യമാണ്. അവളുടെ

www.malankaralibrary.com



സാന്നിദ്ധ്യം സ്മരിക്കുമ്പോഴം, ചരിത്രത്തിന്റെ തിരശീല നീങ്ങുകയാണ്. അവളോടുകൂടി, ഭൂതകാല സന്നിദ്ധ്യം മുഴുവൻ ആരാധനാനുഭവത്തിൽ യാഥാർത്ഥ്യമാവുന്നു. അതുകൊണ്ട്, ഓർത്തഡോക്സ് (സുറിയാനി) ആരാധനയിൽ അനുതാപത്തിന്റെ പ്രാർത്ഥനയ്ക്കുശേഷം എപ്പോഴുമുള്ളത്, വി. മറിയാമിന്റെ സാന്നിദ്ധ്യാനുസ്മരണമാണ്. അതിനുശേഷം ശ്ലീഹന്മാരുടെയും, സഹദേന്മാരുടെയും പരിശുദ്ധന്മാരുടെയും വാങ്ങിപ്പോയവരുടെയും അനുസ്മരണയാണ്. ബുധനാഴ്ചയുടെ പ്രാർത്ഥനകൾക്കും ഉപവാസത്തിനും വി. മറിയാമുമായി പ്രത്യേക ബന്ധമുണ്ട്. എല്ലാ ദിവസത്തേയും കാനോനിക നമസ്ക്കാരത്തിൽ, രാത്രി പ്രാർത്ഥനയുടെ ഒന്നാം കൗമാ വി. മറിയാമിനെ അനുസ്മരിച്ചുകൊണ്ടുള്ളതാണ് (വെള്ളിയാഴ്ചമാത്രം ഇതിനുപകരമായി വേണമെങ്കിൽ സ്ലീബായെ അനുസ്മരിക്കണം എന്നുമാത്രം).

സഭയുടെ പെരുന്നാളുകളിൽ യേശുക്രിസ്തുവിനോട് ബന്ധപ്പെട്ടവ കഴിഞ്ഞാൽ ഏററവും കൂടുതൽ വി. മറിയാമിനോട് ബന്ധപ്പെട്ടവയാണ്. സഭയുടെ പഞ്ചാംഗപ്രകാരം വർഷത്തിൽ, അഞ്ചു പെരുന്നാളുകളെങ്കിലും വി. മറിയാമിനെ അനുസ്മരിക്കുന്നവയാണ് (ആഗസ്റ്റ് 15 വാങ്ങിപ്പിന്റെ പെരുന്നാൾ; ഡിസംബർ 26 പുകഴ്ചയുടെ പെരുന്നാൾ; മാർച്ച് 25 വചനിപ്പ് പെരുന്നാൾ; ജനുവരി 15 വിത്തുകൾക്കുവേണ്ടി–വി. മറിയാമിന്റെ പെരുന്നാൾ) വി. മറിയാമിന്റെ ജനനപ്പെരുന്നാൾ അനുസ്മരണം ഓർത്തഡോക്സ് പാരമ്പര്യത്തിൽ, കത്തോലിക്കാ സ്വാധീനം വന്നിടത്തുമാത്രം കടന്നുകൂടിയിട്ടുള്ളതാണ്. ഓർത്തഡോക്സ് പാരമ്പര്യത്തിന്, കന്യകമറിയാമിന്റെ ജനനപ്പെരുന്നാൾ ആചരണം, തനതായി ഉണ്ടാകാഞ്ഞതിന് ഒരു കാരണമുണ്ട്. യേശുക്രിസ്തുവിന്റെയല്ലാതെ, മനുഷ്യരാരുടെയും ജനനം സഭാപാരമ്പര്യത്തിൽ ആഘോഷിക്കുക സാധ്യമല്ല (ആരാധനാചക്രത്തിൽ കർത്താവിന്റെ ജനനപ്പെരുനാളിനുമുമ്പു നടക്കുന്ന ഒരു സംഭവമായി, ജനനപ്പെരുന്നാളിലേയ്ക്ക് നയിക്കുവാൻവേണ്ടിമാത്രം യോഹന്നാൻ സ്നാപകന്റെ ജനനം അനുസ്മരിക്കുന്നത് വിസ്മരിച്ചുകൊണ്ടല്ല ഇതു പറ

www.malankaralibrary.com



യുന്നത്). കാരണം മനുഷ്യർ അവരുടെ ക്രിസ്തീയ ജീവിതസാക്ഷ്യം മരണത്തിൽകൂടി പൂർത്തിയാക്കുമ്പോൾ മാത്രമേ, അവരുടെ 'ജീവിതാവസാനം ഓർത്ത് വിശ്വാസം അനുകരിക്കുന്നതിൽ' (എബ്രാ. 13:7) പ്രസക്തിയുണ്ടാകുന്നുള്ളു. കന്യകമറിയാമിനെ സഭ കാണുന്നത്, രക്ഷ ആവശ്യമുള്ള, പാപമുള്ള, മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയായിട്ടാണ്. അതോടൊപ്പം, വി. മറിയാമിനെ സഭ ആദരിക്കുന്നത് പ്രസ്തുത നിലപാടിൽ നിന്നുകൊണ്ട് രക്ഷയുടെ വാഗ്ദാനം പ്രാപിക്കുവാൻ അനന്യമായ നിലയിൽ സ്വയസമർപ്പണം ചെയ്തതിനാലുമാണ്. ഇങ്ങനെ, ആരാധനാസമൂഹത്തിൽ വി. മറിയാമിന്റെ സാന്നിധ്യം ചരിത്രത്തെ നിത്യതയോടും, വിശ്വാസിയെ അവന്റെ സമർപ്പണവെല്ലുവിളിയോടും ബന്ധിക്കുന്ന സുപ്രധാന ഘടകമായിത്തീരുന്നു.

## ആരാധനാസാഹിത്യത്തിൽ വി. മറിയാം

സുറിയാനി ആരാധനാസാഹിത്യത്തിൽ ഏററവും സുന്ദരമായ ചിത്രീകരണമാണ് വി. മറിയാമിനു ലഭിച്ചിട്ടുള്ളത്. യേശുക്രിസുതുവിനെ സംബന്ധിച്ച് പ്രസക്തമാക്കുന്ന മിക്കവാറും എല്ലാ പഴനിയമ സങ്കല്പങ്ങളോടും ബന്ധിച്ച് വി. മറിയാമിനെയും വിശേഷിപ്പിക്കാൻ ആരാധനാസാഹിത്യത്തിൽ ശ്രമിച്ചിട്ടുണ്ട്. യേശുക്രിസ്തു രണ്ടാം ആദാം ആകുന്നുവെങ്കിൽ, വി. മറിയാം രണ്ടാം ഹവ്വായായി വിശേഷിപ്പിക്കപ്പെട്ടു. അതുപോലെതന്നെ, അഗ്നിയെ വഹിച്ച മുറംപ്പടർപ്പായിട്ടും, നിയമത്തെ ഉറംക്കൊണ്ട പെട്ടകമായിട്ടും, മന്നായിട്ടുവച്ച ചെപ്പായിട്ടും, അഹറോന്റെ തളിർത്ത വടിയായിട്ടും വെള്ളം ഒഴുക്കിയ തീക്കൽപ്പാറയിലും ഗിദയോന്റെ രോമക്കെട്ടിനാലും, എലീശയുടെ പുതിയ കടത്താലും, ഹസക്കിയേൽ കണ്ട രഥത്താലും അടയ്ക്കപ്പെട്ട വാതിലാലും ഏശായാ കണ്ട വൃദ്ധനായ കഴുകനെ വളർത്തിയ മാടപ്രാവായും ശലോമോന്റെ ബന്ധിക്കപ്പെട്ട തോട്ടത്താലും, മുദ്രയിടപ്പെട്ട ഉറവയാലും, ദാവീദു വർണ്ണിച്ച ഉറപ്പുള്ള പട്ടണത്താലും ഒക്കെ പഴയനിയമ പശ്ചാത്തലത്തിൽ വി. മറിയാമിനെ ആരാധനാസാഹിത്യത്തിൽ ചിത്രീകരിക്കുന്നു.

www.malankaralibrary.com



ദൈവം കന്യകയിൽനിന്നു ജനിക്കുന്നതിനെ സമർത്ഥിക്കുവാനും ഇതുപോലെ പഴയനിയമത്തിൽനിന്നും പുതിയനിയമത്തിൽനിന്നും ഉപമകരം എടുത്തുകാണുന്നു. ഉദാഹരണത്തിന് 'കുഞ്ഞാടിനെ ജനിപ്പിച്ച' വൃക്ഷവും, വെള്ളം പുറപ്പെടുവിച്ച തീക്കൽപ്പാറയും, വെള്ളിപ്പണം കൊടുത്ത മത്സ്യവും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. (ബുധനാഴ്ച മൂന്നാം മണി നമസ്ക്കാരം, രണ്ടാം കോലോ) കാവ്യഭാവനയിൽ ഉരുത്തിരിഞ്ഞ പല ഉപമകളും സാദൃശ്യങ്ങളുംകൂടി ആരാധനാസാഹിത്യത്തിൽ വി. മറിയാമിനായി ഉപയോഗിച്ചിട്ടുണ്ട്.

ഉദാ: അഖിലാണ്ഡങ്ങളുടെയും നാഥനായ കപ്പിത്താനെ വഹിച്ച പടവ് (തിങ്കരം, സന്ധ്യ, ധൂപകോലോ)

രാജാവിനെ വഹിച്ച രഥം
(തിങ്കരം രാത്രി, ഒന്നാം കൗമ, രണ്ടാം കോലോ)

രണ്ടാമത്തെ ആകാശം
(തിങ്കരം രാത്രി, ഒന്നാം കൗമ, യാക്കോബിന്റെ ബോവൂസാ)

ലോകപരാക്രമിയെ വഹിച്ച ലഘുവായ മേഘം
(ചൊവ്വപ്രഭാതം, ധൂപകോലോ)

വ്യാപാരി ഇറങ്ങി വഹിച്ച അലങ്കരിക്കപ്പെട്ട കപ്പൽ
(ബുധൻപ്രഭാതം, ധൂപാനന്തര കോലോ)

സ്വർഗ്ഗീയ ശില്പിയെ സ്വീകരിച്ച മനോഹര കൊട്ടാരം
(ബുധൻ പ്രഭാതം, ധൂപാനന്തര കോലോ)

ജീവിതം ഉരംക്കൊണ്ട ആത്മീയ തൂവാല
(ബുധൻ ഉച്ച, ന്നോം കോലോ)

പുതിയ ജീവനെ വഹിച്ച കപ്പൽ; രാജാവു വസിച്ച കൊട്ടാരം; നീട്ടപ്പെട്ട ചെങ്കോലുള്ള തോട്ടം; രഹസ്യങ്ങരം സൂക്ഷിക്കപ്പെട്ട വാസസ്ഥലം (വ്യാഴം രാത്രി, ഒന്നാം കൗമ, ബോവൂസാ) പുതിയ ആകാശം കാണപ്പെട്ട ഭൂമി (ശനി ഉച്ച, ഒന്നാം കൗമ).

ഇങ്ങനെ അനേകം ആലങ്കാരിക വിശേഷണങ്ങരം വി. മറിയാമിനു നൽകുമ്പോഴും, ആരാധനാകർത്താക്കരം ശ്രദ്ധിച്ചതായ ഒരു വസ്തുതയുണ്ട്. യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ (തന്മൂലം സഭയായിട്ടുള്ള ബന്ധത്തിലും)

www.malankaralibrary.com



അല്ലാതെ സ്വതന്ത്രമായ ഒരു സ്ഥാനം വി. മറിയാമിനില്ല എന്നു വ്യക്തമാക്കുവാൻ. വി. മറിയാമിനെ വിശുദ്ധന്മാരുടെ രാജ്ഞിയായും, സ്വർഗ്ഗരാജ്ഞിയായും ഒക്കെ വിശേഷിപ്പിക്കുന്ന സമ്പ്രദായം പിൽക്കാലത്തെ അമിതമായ മറിയഭക്തിയിൽ ഉടലെടുത്തതാണെന്നാണ് ഈ ലേഖകൻെറ അഭിപ്രായം. ക്രിസ്തുവുമായുള്ള ബന്ധത്തിൽ വി. മറിയാമിന് അനന്യവും അഗ്രഗണ്യവുമായ ഒരു സ്ഥാനം ഉണ്ട്. പക്ഷേ ക്രിസ്തുവിൽനിന്ന് സ്വതന്ത്രമായിട്ട് കന്യകമറിയാമിന് തനതായി ദൈവത്തോട് സാമീപ്യമുള്ള രീതിയിൽ എഴുതപ്പെട്ടിട്ടുള്ള പ്രാർത്ഥനകളും, രൂപീകരിക്കപ്പെടുന്ന ഭക്തിമാർഗ്ഗങ്ങളും തിരുത്തപ്പെടേണ്ടവതന്നെയാണ്.

## വി. മറിയാമിനോടുള്ള ആദരവും സാധാരണ ജനങ്ങളും

വി. മറിയാമിനോടുള്ള ആദരവിൻെറ അടിസ്ഥാനതത്വങ്ങളെക്കുറിച്ച് പരാമർശിച്ചു കഴിഞ്ഞു. അവയെ സൗകര്യത്തിനുവേണ്ടി താഴെപ്പറയുന്ന വിധത്തിൽ സംഗ്രഹിക്കാം:

1. മനുഷ്യാവതാര രഹസ്യത്തിൻെറ ഭാഗമായിട്ടാണ് വി. മറിയാം സഭയുടെ ശ്രദ്ധയിൽ വരുന്നത്.
2. ക്രിസ്തുശാസ്ത്രത്തിൻെറ പൂരകഘടകമായിട്ടാണ് വി. മറിയാമിനെ സംബന്ധിച്ചുള്ള വേദശാസ്ത്ര ചിന്ത പ്രാധാന്യമർഹിയ്ക്കുന്നത്.
3. ക്രിസ്തു ശാസ്ത്രത്തിന്, ആനുകാലിക പ്രസക്തി നൽകുവാൻ ദൈവപുത്രൻെറ ചരിത്രപരമായ ജഡധാരണ സംഭവം മൗലികമാണ്. അതിൻെറ കേന്ദ്രികമായ കണ്ണി വി. മറിയാം ആണു താനും.
4. വി. മറിയാമിൽ ദൈവപുത്രൻ എന്നും ചരിത്രത്തോടു ബന്ധപ്പെട്ടിരിക്കുമ്പോഠം, വി. മറിയാമിൽ കൂടി ചരിത്രം ആ ദൈവപുത്രൻെറ മഹത്വത്തെ ദർശിയ്ക്കുവാൻ തുടങ്ങുന്നു.
5. ആരാധന, സമൂഹത്തിന്, വി. മറിയാമിൻെറ സാന്നിധ്യം സഭയുടെ സമ്പൂർണ്ണാനുഭവത്തെ വിളിച്ചറിയിയ്ക്കുന്നു.

www.malankaralibrary.com



6. ദൈവപുത്രന് സൃഷ്ടിയുമായി സമന്വയിയ്ക്കുവാൻ വേണ്ടി വി. മറിയാം അനന്യമായ ഒരു പങ്കാളിത്തത്തിലേയ്ക്ക് വിളിയ്ക്കപ്പെട്ടതുപോലെ, സൃഷ്ടിയ്ക്ക് ദൈവപുത്രനുമായി ബന്ധപ്പെടുവാൻ വി. മറിയാം അനന്യമായ ഒരു ദൗത്യം നിർവ്വഹിക്കുന്നു. യേശുക്രിസ്തുവാകുന്ന ഏക മദ്ധ്യസ്ഥനുമായുള്ള ബന്ധത്തിലെ ഈ മദ്ധ്യസ്ഥത ദൗത്യം അനന്യമെങ്കിലും, ആപേക്ഷികവും സഭയ്ക്ക് പൊതുവായിട്ടുള്ളതുമാണ്.

ഈ തത്വങ്ങളെല്ലാം മനസിലാക്കികൊണ്ടായിരിക്കണം എന്നില്ല സാധാരണജനങ്ങളുടെ സഭാജീവിതം എങ്കിലും, ഈ തത്വങ്ങളുടെ കേന്ദ്രിക സംഗതി വളരെ ലളിതവും, സാധാരണജനങ്ങൾ ഉൾക്കൊള്ളേണ്ടതുമാണ്. അതായത് ദൈവപുത്രനോടും തന്മൂലം വി. ത്രിത്വത്തോടുമുള്ള ബന്ധത്തിന് അനുകൂലമായ ഏററവും ഉത്തമഘടകമാണ് വി. മാതാവിനോടുള്ള ആദരവ് എന്നാൽ വി. മാതാവിന് സ്വന്തവും, സ്വതന്ത്രവുമായ ഒരു അനുഗ്രഹകലവറ ഇല്ല. നേരേമറിച്ച് അങ്ങനെയുണ്ട് എന്ന രീതിയിലുള്ള ആദരവും വ്യാഖ്യാനങ്ങളും വിശേഷണങ്ങളും തിരുത്തപ്പെടേണ്ടതാണ്. സഭയുടെ ഉത്തരവാദിത്തമായ ആധ്യാത്മികബോധനത്തിൽ ഈ തിരുത്തൽ നിർവ്വഹിക്കപ്പെടേണ്ടതുമാണ്. അജ്ഞതയിലോ പരമാർത്ഥതയിലോ സാധാരണജനങ്ങളുടെ ഭക്ത്യാദരവുകളിൽ കടന്നുകൂടുന്ന സംഗതികൾ തികച്ചും അപരാധങ്ങളാണെന്നല്ല ഇതിൻെറയർത്ഥം. അതേയവസരത്തിൽ, അവരുടെ അജ്ഞതയെയോ, നിഷ്കളങ്കതയെയോ സാമ്പത്തികവും മററുമായ വിധത്തിൽ ചൂഷണംചെയ്യുന്നത് അപരാധം തന്നെയാണ്. ജനങ്ങളുടെ യാതനകളും വേദനകളും അറിയിയ്ക്കുവാനും, സ്വയപരിശോധനയും സമർപ്പണത്തിനും വേണ്ടിയും, ദൈവത്തോട് കൂടുതൽ അടുക്കുവാനുംവേണ്ടി മാതാവിൻെറയും വിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയിൽ അവർ ചെയ്യുന്ന അനുഷ്ഠാനങ്ങൾക്ക് നിശ്ചയമായും ഫലവും, പ്രസക്തിയും ഉണ്ട്. ഇതിനുവേണ്ടി എട്ടുനോമ്പോ മററ് ഏതൊരു നോമ്പോ അനുഷ്ഠിയ്ക്കുന്നതും പ്രയോജ

www.malankaralibrary.com



നകരമായിരിയ്ക്കും. എന്നാൽ ഇപ്രകാരമുള്ള അനുഷ്ഠാനങ്ങളുടെ ആഴവും അർത്ഥവും ശരിയായപാതയിൽ ക്രമീകരിയ്ക്കുവാനുള്ള ഉത്തരവാദിത്തം സഭയ്ക്കുണ്ട്.

ഏററവും പ്രധാനമായി, സാധാരണജനങ്ങളുടെ മറിയ-ഭക്തിയിൽ ഓർത്തഡോക്സ് പാരമ്പര്യം ഊന്നിപ്പറയുന്നത് രണ്ടു കാര്യങ്ങളാണ്.

1. ദൈവപുത്രനുമായുള്ള ബന്ധത്തിൽ മാത്രമേ, മറിയാമിനോടുള്ള ആദരവിനു പ്രസക്തിയുള്ളൂ.

2. ലോകപ്രകാരം കാര്യങ്ങൾ നേടിയെടുക്കുവാനുള്ള കുറുക്കുവഴിയല്ല മറിയ-ഭക്തി; പ്രത്യുത, സഭയുടെ പൂർണ്ണതയും വിശുദ്ധന്മാരുടെ സംസർഗ്ഗവും അനുഭവിയ്ക്കുവാനുള്ള ഒരു പ്രധാന മുഖാന്തിരമാണത്.

"കന്യകമറിയാം മിശിഹായെ പ്രസവിച്ചപ്പോൾ
പറഞ്ഞതെന്തെന്നാൽ" എന്റെ പുത്രാ നിന്നെ
ഞാൻ എങ്ങനെ പേരുവിളിക്കണമെന്ന് അറിയുന്നില്ല.
ശിശു എന്നു നിന്നെ വിളിച്ചാലോ നീ തലമുറകളെക്കാൾ
മൂപ്പുള്ളവനാകുന്നു. വൃദ്ധൻ എന്നു ഞാൻ വിളിക്കാമെന്നുവച്ചാൽ, നീ ശിശുവായി സ്ഥിതിചെയ്യുന്നുവല്ലോ.
പിതാവിൽനിന്നു ശോഭിക്കുകയും, അവിടെനിന്നും
വന്ന് സകല സൃഷ്ടികളെയും ശോഭിപ്പിക്കുകയും ചെയ്ത
കതിരെന്നു ഞാൻ നിന്നെ വിളിക്കുന്നു, നിന്റെ
പ്രകാശം വാഴ്ത്തപ്പെട്ടതും നിന്റെ ഉദയം
മഹത്വമുള്ളതും ആകുന്നു. ഞങ്ങളുടെ രക്ഷയ്ക്കായി
നിന്നെ അയച്ച പിതാവു വാഴ്ത്തപ്പെട്ടവനാകുന്നു."

(വ്യാഴാഴ്ച രാത്രിനമസ്ക്കാരം, ഒന്നാം കൗമ, രണ്ടാം കോലോ)

www.malankaralibrary.com

# VII

# മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മരിയഭക്തി

## ദേവാലയപ്രതിഷ്ഠകളിലൂടെ

മാർത്തോമ്മാശ്ലീഹാ നമുക്കു പൈതൃകമായി നൽകിയ മരിയഭക്തി അഭംഗുരമായി തുടർന്നുകൊണ്ടു പോകുന്നതിനും സ്വർഗ്ഗീയ അമ്മയുടെ ഓർമ്മ സ്വജീവിതത്തിലും ആരാധനയിലും ചൈതന്യവത്തായി കാത്തുസൂക്ഷിക്കുന്നതിനും മാർത്തോമ്മാമക്കൾ അനവരതം ശ്രദ്ധിച്ചിട്ടുണ്ട്. ആദിമകാലംമുതൽതന്നെ രക്ഷകന്റെ അമ്മയെ സ്മരിക്കുന്നതിന് ആരാധനാലയങ്ങൾ ആ അമ്മയുടെ നാമത്തിൽ സ്ഥാപിക്കുന്നതിൽ ക്രിസ്ത്യാനികൾ ഉത്സുകരായിരുന്നിട്ടുണ്ട്. കേരളത്തിലുള്ള എല്ലാ മരിയൻ ദേവാലയങ്ങളും, നൂററാണ്ടുകളിലൂടെ കേരള ക്രൈസ്തവരുടെ പൈതൃകമായി നിലനിന്നിട്ടുള്ളതും ഇന്നോളം നിലനില്ക്കുന്നതുമായ മരിയൻ ദേവാലയങ്ങൾ, സ്വർഗ്ഗീയ അമ്മയോടുള്ള പ്രതിബദ്ധതയും സ്നേഹബന്ധവും ആദരവും ഭക്തിയും വെളിവാക്കുന്നവയാണ്. ഈ ദേവാലയങ്ങളെ രണ്ടു ഗണങ്ങളായി തിരിക്കുകയാണ്.

വിഖ്യാതങ്ങളും പുരാതനങ്ങളുമായ ദേവാലയങ്ങളുടെ ഒരു നീണ്ട പട്ടികതന്നെ ഇവിടെ നിരത്തുകയാണ്. ഇവയിൽ പലതും തീർത്ഥാടനകേന്ദ്രങ്ങളോ തത്തുല്യമായ പദവിയ്ക്കർഹമായവയോ ആണ്. മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ, പ്രത്യേകിച്ചു കേരളത്തിൽ സുവിശേഷപ്രഘോഷണം ആരംഭിച്ചതുമുതൽ കൂനൻകുരിശുവരെ, സ്ഥാപിക്കപ്പെട്ടിട്ടുള്ള മരിയൻ ദേവാലയങ്ങളുടെ പട്ടികയാണ് ഇവിടെ കൊടുത്തിട്ടുള്ളത്. ഇന്നത്തെ വിവിധ രൂപതാതിരൂപതകളിൽ ചിതറിക്കിടക്കുന്നവയാണെങ്കിലും അന്ന് എല്ലാ മാർത്തോമ്മാക്രിസ്ത്യാനികളുടേയും പൊതുവായ പൈതൃകമായിരുന്നു അവ എന്നുള്ളതിനു തെല്ലും സംശയമില്ല. മാർത്തോമ്മാ

www.malankaralibrary.com



ക്രിസ്ത്യാനികൾക്ക് പരിശുദ്ധ കന്യകമാതാവിനോടുണ്ടായിരുന്ന സ്നേഹത്തിന്റേയും ആദരവിന്റേയും അതിരററ ആശ്രയത്തിന്റേയും പ്രതീകമാണ് ഈ ദേവാലയങ്ങൾ എന്നതിനും തർക്കമില്ല. ഈ ദേവാലയങ്ങൾ ഓരോന്നും ഏതു വർഷമാണ് സ്ഥാപിതമായത്, എന്താണ് അവയുടെ പശ്ചാത്തലം എന്നും മററും ദ്യോതിപ്പിക്കുന്ന കുറിപ്പുകളാണ് ഓരോ ദേവാലയനാമത്തോടു അനുബന്ധമായി നൽകിയിട്ടുള്ളത്.

ഈ നീണ്ട പട്ടികയ്ക്കും കുറിപ്പുകൾക്കും നാം കടപ്പെട്ടിരിക്കുന്നത് ശ്രീമാൻ ഫിലിപ്പ് പാൽമറോടാണ്. ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തിനാലിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രസിദ്ധപ്പെടുത്തിയ "The Catholic Directory of Malabar" (Little Flower Press, Thevara, Ernakulam) എന്ന ഗ്രന്ഥത്തിൽനിന്നാണ് പ്രസ്തുത നാമങ്ങളും കുറിപ്പുകളും നാം ഉദ്ധരിച്ചിട്ടുള്ളത്. വളരെ വലിയ ഒരു സേവനമാണ് അദ്ദേഹം മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുവേണ്ടി ചെയ്തിട്ടുള്ളത് എന്നു നമുക്കു നിസ്സംശയം പറയാം.

കൂനൻകുരിശിനു ശേഷം യാക്കോബായസഭ കേരളത്തിൽ കാലൂന്നി. അവരുടേയും വിഖ്യാതങ്ങളായ പല പള്ളികളും പരിശുദ്ധ കന്യകമറിയത്തിന്റെ നാമത്തിലാണ് പണിയപ്പെട്ടിട്ടുള്ളത്. അങ്കമാലി, തൃപ്പൂണിത്തുറ, കോതമംഗലം, നിരണം, മണർകാട് ഇവിടങ്ങളിലുള്ള യാക്കോബായക്കാരുടെ ദേവാലയങ്ങൾ പ്രസിദ്ധങ്ങളാണ്. പരിശുദ്ധ കന്യകമറിയാമിന്റെ നാമത്തിൽ മണർകാട്ടുള്ള പള്ളി ഒരു വലിയ തീർത്ഥാടനകേന്ദ്രംകൂടിയാണ്. യാക്കോബായ-ഓർത്തഡോക്സ് വിഭാഗക്കാർ മാത്രമല്ല അവിടെ തീർത്ഥാടനത്തിനെത്തുന്നത്—മററു ക്രൈസ്തവരും അന്യമതസ്ഥരും ഇവിടെ പരിശുദ്ധ മാതാവിന്റെ മാദ്ധ്യസ്ഥം തേടുന്നു.

പരിശുദ്ധ കന്യകമറിയത്തിന്റെ പേരിലുള്ള വിവിധ ദേവാലയങ്ങളെക്കുറിച്ച് ശ്രീമാൻ എം. കെ. ദേവസി (I.A.S. Retd) പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥം വളരെ വിലപ്പെട്ട

www.malankaralibrary.com



താണ്, "കേരളീയ ക്രൈസ്തവദേവാലയങ്ങളിലെ ശില്പ-ചിത്രകലകൾ" എന്ന പുസ്തകം ശ്രീമാൻ ദേവസിയുടെ ദീർഘനാളത്തെ പരിശ്രമത്തിൻെറ ഫലമാണ്. മരിയൻ ദേവാലയങ്ങളെക്കുറിച്ചു മാത്രമല്ല പ്രസ്തുത ഗ്രന്ഥം പ്രതിപാദിക്കുന്നത്, പ്രത്യുത, ശില്പ—ചിത്രകലാ മൂല്യങ്ങളുണ്ടെന്ന് അദ്ദേഹത്തിനു ബോദ്ധ്യംവന്നിട്ടുള്ള എല്ലാ പ്രധാന ദേവാലയങ്ങളും ഈ പ്രതിപാദനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലത്തീൻ, സീറോ-മലബാർ, സീറോ-മലങ്കര റീത്തുകളിലേയും, യാക്കോബായ സഭാവിഭാഗത്തിലേയും പ്രധാന മരിയൻ ദേവാലയങ്ങളെ ഈ പട്ടികയിൽ ചേർത്തിട്ടുണ്ട്. നമ്മുടെ ഗ്രന്ഥപരിമിതിയും ഏകലക്ഷ്യസാക്ഷാൽക്കാരവും അദ്ദേഹത്തിൻെറ നീണ്ടപട്ടിക ഈ ചെറുഗ്രന്ഥത്തിൽ ഉൾപ്പെടുത്തുന്നതിന് അനുവദിക്കുന്നില്ല. കൂടാതെ, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പൊതുപൈതൃകമായി താഴെ വിവരിക്കുന്ന ദേവാലയങ്ങളിൽ പലതും ഈ പട്ടികയിലുമുള്ളതിനാൽ ഇരട്ടിപ്പുണ്ടാകാനിടയുമുണ്ട്.

ഒരുകാര്യം വ്യക്തമാണ്: പരിശുദ്ധ കന്യകമറിയാം ക്രിസ്തുവിശ്വാസികൾക്ക് എന്നും ഉദയകാല നക്ഷത്രമാണ്, പ്രതീക്ഷയുടേയും പ്രത്യാശയുടേയും പ്രതീകമാണ്. വേദനയുടേയും കണ്ണുനീരിൻേറയും ഈ താഴ്‌വരയിൽ വശ്യസുന്ദരമായ ആശാകേന്ദ്രമാണ്. യോഹന്നാൻസ്നാപകൻെറ അമ്മയായ എലിസബേത്തിനെ സന്ദർശിച്ചയവസരത്തിൽ മറിയം പ്രവചിച്ചു: ഇതുമുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യംതരും. അന്നു മുതൽ ഇന്നുവരെ യേശുവിൻെറ അമ്മയെ പ്രകീർത്തിച്ചിട്ടുള്ളവരുടെ ഗണത്തിൽ മാർത്തോമ്മാമക്കൾക്കും പങ്കുചേരാം. തങ്ങളുടെ ആരാധനകളിലും പ്രാർത്ഥനകളിലും രക്ഷകൻെറ അമ്മയെ അനുസ്മരിക്കാത്ത അവസരമില്ല—തങ്ങളുടെ പ്രക്ഷുബ്ധതനിറഞ്ഞ അനുദിന ജീവിതത്തിൽ ആശാകേന്ദ്രമായ "എത്രയും ദയയുള്ള" ആ അമ്മയുടെ സഹായം മാർത്തോമ്മാ മക്കൾ നിതരാം അപേക്ഷിക്കുന്നു. ആ അമ്മയുടെ സൽപേരിനു കീർത്തിചാർത്തിക്കൊണ്ട് കൊച്ചുകേരളത്തിലെ കൊച്ചുകൊച്ചു ഗ്രാമങ്ങളി

www.malankaralibrary.com



ലും പട്ടണങ്ങളിലും തലയുയർത്തിനില്ക്കുന്ന മനോഹരങ്ങളായ ദേവാലയങ്ങൾ മാർത്തോമ്മാശ്ലീഹാ നമുക്കു പൈതൃകമായിതന്ന മരിയഭക്തിയ്ക്ക് നിത്യസ്മാരകങ്ങളാണ്.

പരിശുദ്ധ കന്യകമറിയത്തിന്റെ സൽസ്മരണയ്ക്കായി മലങ്കര കത്തോലിക്കാസഭയിലെ മൂന്നുരൂപതകളിലായി സ്ഥാപിക്കപ്പെട്ടിട്ടുള്ള പള്ളികളുടെ സമഗ്രമായ ഒരു പട്ടികയും ഈ അദ്ധ്യായത്തിൽതന്നെ ചേർത്തിട്ടുണ്ട്. കൂനൻകുരിശിനുശേഷം പുത്തൻകൂർ രൂപപ്പെട്ടു—മാർത്തോമ്മാമക്കൾ പല ചേരികളിലായി. യാക്കോബായ സഭയുടെ ആവിർഭാവത്തോടുകൂടെ അന്തിയോഖ്യൻ ആരാധനാരീതിയും അന്തിയോഖ്യൻ ആദ്ധ്യാത്മികതയുമെല്ലാം മാർത്തോമ്മാമക്കളുടെ ഇടയിൽ വേരൂന്നി, പരിശുദ്ധ കന്യാസ്ത്രീ മറിയത്തോടുള്ള ഭക്തിയിൽ ഉറച്ചുനിന്നിരുന്ന പുത്തൻകൂററുകാരായ മാർത്തോമ്മാ ക്രിസ്ത്യാനികൾ അന്തിയോഖ്യൻ ആരാധനക്രമം, പ്രാർത്ഥനകൾ, നോമ്പ്, അനുഷ്ഠാനങ്ങൾ ഇവ സ്വീകരിച്ചതോടൊപ്പം പരിശുദ്ധ മാതാവിനോടുള്ള ഭക്ത്യാനുഷ്ഠാനങ്ങൾ നിലനിർത്തുകയും പുതിയവ സ്വീകരിക്കുകയും ചെയ്തു.

മുഖ്യമായും യാക്കോബായസഭയിൽനിന്നും പുനരൈക്യപ്പെട്ട മലങ്കര കത്തോലിക്കാ സഭാംഗങ്ങൾക്ക് റോമൻ കത്തോലിക്കാ സഭയുടേയും അന്തിയോഖ്യൻ സഭയുടേയും പാരമ്പര്യങ്ങൾ, പ്രത്യേകിച്ചു പരിശുദ്ധ കന്യകമറിയാമിനോടുള്ള ഭക്ത്യാഭ്യാസങ്ങൾ സംബന്ധമായവ ഉൾക്കൊള്ളുന്നതിന് പ്രയാസമുണ്ടായില്ല.

മലങ്കര റീത്തിൽ തിരുവനന്തപുരത്തെ ആദ്യത്തെ പ്രൊ-കത്തീഡ്രൽ പരിശുദ്ധ കന്യകമറിയാമിന്റെ നാമത്തിലാണ് സ്ഥാപിക്കപ്പെട്ടത്. വൈദികവിദ്യാർത്ഥികൾക്കു പരിശീലനം കൊടുക്കുന്ന മേജർ സെമിനാരി മലങ്കര റീത്തിലെ മൂന്നു രൂപതകളുടേയും ആഭിമുഖ്യത്തിൽ അഭിനവമായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത മേജർ സെമിനാരി പരിശുദ്ധ മാതാവിന്റെ നാമത്തിലാണ് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളത്. 1930 സെപ്തംബർ 20-ാം തീയതി രൂപം കൊണ്ട പുനരൈക്യപ്രസ്ഥാനം ഘട്ടംഘട്ടമായി വളർന്നു

www.malankaralibrary.com



ഇന്നു മൂന്നു രൂപതകളിലായി ലോകത്തിന്റെ പല കോണുകളിലായി വളർന്നു പുഷ്ടിപ്പെട്ടുവരുന്നു. പിന്നിട്ട 59 വർഷം ആരാധനാ ജീവിതത്തിൽ പുരോഗതി കൈവരുത്തിയതുപോലെ, പരിശുദ്ധ കന്യകമറിയത്തോടുള്ള ഭക്തിയിലും അവർ മുന്നിട്ടുനിന്നു. സ്വർഗ്ഗീയ അമ്മയുടെ സൽസ്മരണയ്ക്കായി അവർ പടുത്തുയർത്തിയിട്ടുള്ള ദേവാലയങ്ങൾ, സ്ഥാപനങ്ങൾ, പ്രവർത്തനകേന്ദ്രങ്ങൾ ഇവയെല്ലാം വ്യക്തമാക്കുന്നത് മലങ്കര കത്തോലിക്കാ വിശ്വാസികൾ മാർത്തോമ്മാശ്ലീഹാ തങ്ങളെ ഏല്പിച്ച അനശ്വര പൈതൃകം അഭംഗുരം കാത്തുസൂക്ഷിക്കുന്നുവെന്നാണ്.

"78) പള്ളിപ്പുറം വി. കന്യാസ്ത്രീമറിയത്തിന്റെ പള്ളി, തൈയ്ക്കാട്ടുശ്ശേരി. *

സ്ഥാപനകാലം ഏ. ഡി. 52.

പള്ളിപ്പുറം പഴയ കാലം തുടങ്ങിയേ ധനാഢ്യന്മാരും കലാശ്രേഷ്ഠൻമാരും ആയ ആളുകളുടെ നിവാസസ്ഥാനമാണ്. അവിടത്തെ പള്ളി മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതല്ലെങ്കിലും അദ്ദേഹം കേരളത്തിൽ മതപ്രസംഗം നടത്തുന്നതിനു സഞ്ചരിച്ചിരുന്ന കാലത്തുതന്നെ സ്ഥാപിച്ചിട്ടുള്ളതാകുന്നു. അദ്ദേഹം അവിടെ സമീപമുള്ള കോക്കമംഗലം കരയിൽ ഒരു കുരിശ് സ്ഥാപിക്കുകയും നായൻമാർ അതു പിഴുതു കായലിൽ എറിയുകയും ചെയ്തു. ആ കുരിശു എങ്ങനെയോ അവിടെ പള്ളിക്കു കിഴക്കു വശമുള്ള തുരുത്തിൽ വന്നുറയ്ക്കുകയും ഒരു ചെറിയ പള്ളി പണി ചെയ്തു സംപൂജ്യമായി അതിൽ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. ആണ്ടുതോറും ജൂലൈ 3-ാം തീയതി മാർത്തോമ്മാശ്ലീഹായുടെ തിരുനാൾ ഇവിടെ വളരെ വളരെ ആഘോഷമായി കൊണ്ടാടുന്നു.

പറമ്പിൽ ചാണ്ടി മെത്രാന്റെ 'കൊജ്യുത്തോരാ'യിരുന്ന റഫേൽ ഫിഹരേഡോ മെത്രാനച്ചനെ സംസ്ക്കരിച്ചിരുന്നത് പള്ളിപ്പുറത്തു പള്ളിയിലാണ്. അവിടെ വൈദികവിദ്യാ

* വ്യത്യസ്ത നമ്പർ ഇട്ട് പേരുകളും വിവരണങ്ങളും അടങ്ങിയ പള്ളികളുടെ പട്ടിക പാൽമറുടെ പുസ്തകത്തിൽനിന്ന്.

www.malankaralibrary.com



ഭ്യാസം ചെയ്യുന്നതിനു, മുമ്പു ഒരു സെമിനാരിയുണ്ടായിരുന്നു. പുളിക്കൽ എന്ന കുടുംബാഭിധാനത്തിൽ അറിയപ്പെടുന്ന ഒരു മല്പാനായിരുന്നു വൈദികവിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്നതു്. ഇന്നു ധനം പൌരാണികത്വം ഇവകൊണ്ടു പ്രസിദ്ധിയുള്ള രണ്ടു കുടുംബങ്ങൾ ഈ ഇടവകയിൽ പാലയ്ക്കനും കല്ലറയ്ക്കനുമായിരുന്നു.

36) കാഞ്ഞിരപ്പള്ളി വി. ദൊമിനിക്കോസിൻെറ പള്ളി, കാഞ്ഞിരപ്പള്ളി

സ്ഥാപനകാലം എ. ഡി. 1450

കാഞ്ഞിരപ്പള്ളിയിൽ പഴയപള്ളി എന്നും പുത്തൻ പള്ളിയെന്നും പറയപ്പെടുന്ന രണ്ടു പള്ളികൾ ഉണ്ടു്. ഇപ്പോൾ ഇടവകക്കാർ മതകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനുപയോഗപ്പെടുത്തിപ്പോരുന്നതു പുത്തൻപള്ളിയാണു്. പഴയപള്ളി പുത്തൻപള്ളിയുടെ ഭരണത്തിലിരിക്കുന്ന ഒരു സ്ഥാപനമായി സ്ഥിതി ചെയ്യുന്നതേയുള്ളു. പഴയ പള്ളിയിൽ ചില ദിവസങ്ങളിൽ നേർച്ചകുർബാനകൾ അർപ്പിക്കാറുണ്ടെങ്കിലും മാതാവിൻെറ ജനനത്തിരുനാൾ, വി. സെബസ്ത്യാനോസിൻെറ തിരുനാൾ എന്നീ രണ്ടു തിരുനാളുകളും ആണ്ടുതോറും മുടക്കം കൂടാതെ ആഘോഷിച്ചുവരുന്നുണ്ട്. പഴയ പള്ളിയിൽ നേർച്ചകാഴ്ചകൾ സമർപ്പിക്കുന്നതിൽ കത്തോലിക്കർ മാത്രമല്ല നാനാജാതിമതസ്ഥരും അത്യധികമായ ഔത്സുക്യവും വിശ്വാസവും പാരമ്പര്യമായി പ്രദർശിപ്പിച്ചുവരുന്നു.

പഴയ പള്ളി

മാർത്തോമ്മാ ശ്ലീഹായാൽ കേരളത്തിൽ സ്ഥാപിക്കപ്പെട്ട സപ്തദേവാലയങ്ങളിൽ ഒന്നായ നിലയ്ക്കൽ അഥവാ ചായൽപള്ളി, ഇപ്പോഴത്തെ പത്തനംതിട്ട താലൂക്കിൽപ്പെട്ട ശബരിമലയ്ക്കും പമ്പാനദിക്കും തെക്കുള്ള വനമദ്ധ്യത്തിൽ "നിലയ്ക്കൽ താവളം" എന്ന പ്രദേശത്തു് സ്ഥിതി ചെയ്തിരുന്നു. ക്രിസ്തവബ്ദം 14-ാം നൂററാണ്ടുവരെ ആ സ്ഥലത്തു് ഹിന്ദുക്കളും ക്രിസ്ത്യാനികളും സുഭിക്ഷതയോടെ അധിവസിച്ചുപോന്നിരുന്നു. ആ കാലത്തിൽ അതാ

www.malankaralibrary.com



യതു 1350-ാം മാണ്ടിനോടടുത്തു "ഫ്ക്കീർ പോലിഗാർ" എന്നും "പെരുമ്പാററു" അഥവാ "പറപ്പററു" എന്നും പറയപ്പെടുന്ന പാണ്ഡ്യദേശ്യരായ അക്രമസംഘത്തിൻെറ ഉപദ്രവംമൂലം അനേകർക്കും ജീവനാശവും ധനനഷ്ടവും നേരിടുകയാൽ ശേഷിച്ചവർ സ്വയരക്ഷണാർത്ഥം നാനാദേശങ്ങളിലേക്കും ഓടി രക്ഷപെട്ടു. "വക്രിപ്പുലി, പെരുമ്പാററാ" എന്ന ജന്തുക്കളുടെ ഉപദ്രവമാണുണ്ടായതെന്നു് ഐതീഹ്യമുണ്ടെങ്കിലും അങ്ങനെയുള്ള ജന്തുക്കാം ലോകത്തിൽ അറിയപ്പെട്ടിട്ടില്ലാത്തതുകൊണ്ട് അതു് അടുത്തുള്ള പാണ്ടിദേശത്തുനിന്നു ആഗമിച്ച മേൽപറഞ്ഞ കൊള്ളക്കാർ തന്നെയാണെന്നനുമാനിക്കുന്നതിൽ അബദ്ധമില്ല. മേൽപ്രകാരംകുടിപുറപ്പെട്ടുപോന്നവരിൽനിലയ്ക്കപ്പെള്ളിയുടെ കൈക്കാരനും ഇടവകപ്രമാണിയുമായിരുന്ന തൊമ്മി എന്ന പൂർവികൻ ഏതാനും അനുചരൻന്മാരോടുകൂടി ദൈവമാതാവിൻെറ രൂപവും എടുത്തുകൊണ്ട് കാഞ്ഞിരപ്പള്ളി പകുതിയിൽ ഉൾപ്പെട്ട പാലപ്രകരയിലുള്ള പഴൂർ മലയിൽ ചെന്നു പാർത്തു. (ടി സ്ഥലം ഇപ്പോഠം കുട്ടനാട് റബർ കമ്പനി വക പഴൂത്തടം തോട്ടമാണു്). (പ്രസ്തുത തൊമ്മി എന്ന ആളിൻെറ അഞ്ചു തലമുറവരെയുള്ള പിൻഗാമികാം തങ്ങളുടെ മതകാര്യങ്ങാം അനുഷ്ഠിച്ചുപോന്നതും പഴൂർ മലയിൽനിന്നും എട്ടു മൈലോളം ദൂരം വരുന്ന അരുവിത്തുറ പള്ളിയിൽനിന്നുമായിരുന്നു എന്നു കാണുന്നു. അപ്രകാരം നടന്നുവരവെ അഞ്ചാം തലമുറക്കാരനായിരുന്ന തൊമ്മി എന്നൊരാഠം കാഞ്ഞിരപ്പള്ളി മഹമ്മദീയ പേട്ടയ്ക്കു കിഴക്കു വശമുള്ള മങ്കാശേരി പുരയിടത്തിൽ പാർത്തിരുന്നു. അക്കാലത്തിൽ ഈ നാടുകളുടെ അധിപനായിരുന്ന തെക്കുംകൂർ വീരകേരളപ്പെരുമാഠം തമ്പുരാൻ മങ്കാശേരി പുരയിടത്തിൽ ഒരു ഗണപതിക്ഷേത്രം പണികഴിപ്പിക്കുന്നതിനു കുംഭകോണത്തുകാരായ വെള്ളാളചെട്ടീമാർക്ക് അനുമതി കൊടുക്കുകയാൽ തങ്ങളുടെ വീടിനരികെ കോവിൽ പണിയുന്നത് സങ്കടമാണെന്നും കുടിപുറപ്പെട്ടുപോവുകയേ നിവർത്തിയുള്ളെന്നും മുൻപറഞ്ഞ ആഠം തമ്പുരാൻെറ തിരുമുമ്പിൽ സങ്കടമുണർത്തിച്ചു. തൽഫലമായി നിങ്ങാം അപ്രകാരം പോകണ്ടതില്ലെന്നും പള്ളിയും കമ്പോളവും സ്ഥാപിച്ച് താമസി

www.malankaralibrary.com



ച്ചുകൊള്ളണമെന്നും കല്പിക്കുകയുണ്ടായി. ഇതനുസരിച്ചു ആ ആരംക്കു പയിനാപ്പള്ളി ചെട്ടിയാരുടെ വകയും പയിനാപ്പള്ളി പറമ്പിനു പടിഞ്ഞാറും തോട്ടിന്നു കിഴക്കുമായുള്ളതുമായ പയിനാപ്പള്ളി പടിഞ്ഞാറെ മുറി പുരയിടം "സ്ഥാനാംശങ്ങടം അടക്കി എന്നേക്കും അനുഭവിച്ചുകൊള്ളുമാറു്" സർവസ്വാതന്ത്ര്യമായി നൽകുകയും അതിലേക്കു ഒരു തിരുവെഴുത്തു് കല്പിച്ചുകൊടുക്കുകയും ചെയ്തു. പള്ളിയുടെ ഈടുവയ്പിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതും നാനം മോനം ലിപിയിൽ എഴുതപ്പെട്ടിട്ടുള്ളതുമായ പ്രസ്തുത തിരുവെഴുത്തു ഇപ്രകാരമാകുന്നു. "നമ്മുടെ തൊമ്മി മാപ്പിള കണ്ടെന്നോൽ, പയിനാപ്പള്ളി ചെട്ടിയാരോടു് താങ്കരംക്കു നേട്ടമുള്ള പയിനാപ്പള്ളി പടിഞ്ഞാറെ മുറി പറമ്പിൽ പള്ളിയും അങ്ങാടിയും വെച്ചുകൊള്ളുമാറ് കല്പിച്ച ചെയ്ക്കു ഇതു കൊല്ലം 624-ാം മാണ്ട് മേടം ഞായർ 21-ാം കാഞ്ഞിരപ്പള്ളി ഇടത്തിൽ ഇരുന്തരുളി കല്പിച്ച ചെയ്ക്കു ഇതു മേനോൻ എഴുത്തു്".

പ്രസ്തുത ദിനംതന്നെ തമ്പുരാൻ തിരുമനസ്സുകൊണ്ട് ആ പുരയിടത്തിൽ എഴുന്നെള്ളി പള്ളി വെയ്ക്കേണ്ട സ്ഥാനം "തിരുക്കൈ പത്തൽ ഊന്നി" നിർണ്ണയിക്കുകയും തദവസരത്തിൽ തിരുമനസ്സിലേക്കു 1200 രാശി തിരുമുൽക്കാഴ്ച വെയ്ക്കുകയും ചെയ്തു. പ്രസ്തുത സ്ഥാനത്ത് ആദ്യം മരപ്പണിയായി പള്ളിപ്പണി കഴിപ്പിച്ചു. മാർ യൌസേപ്പു് സുറിയാനി മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം പള്ളി കൂദാശയും നടത്തി. നിലയ്ക്കൽ നിന്നു കൊണ്ടു വന്നിരുന്ന ദൈവമാതാവിൻെറ രൂപം സ്ഥാപിച്ചു പള്ളി മാതാവിൻെറ നാമത്തിൽ പ്രതിഷ്ഠിച്ചു. കൊല്ലവർഷം 625-ാമാണ്ട് കന്നിമാസം 4-ാം തീയതി മാതാവിൻെറ ജനനത്തിരുനാരം ദിവസം ആദ്യമായി പള്ളിയിൽ ദിവ്യ പൂജാർപ്പണം ചെയ്തു. ഇപ്രകാരം ചായൽ പള്ളിയുടെ മാതൃകയിൽ കാഞ്ഞിരപ്പള്ളി പള്ളി സ്ഥാപിക്കപ്പെട്ടു.

പള്ളിയിൽ പൂജകർമ്മാദികരം അനുസ്യൂതമായും അഭംഗമായും നടന്നുവരുമ്പോരം കൊല്ലവർഷം 697-ാമാണ്ടു് തെക്കുംകൂർ ഭരിച്ചിരുന്ന തമ്പുരാൻ എഴുന്നെള്ളി പള്ളി

www.malankaralibrary.com



സന്ദർശനം നടത്തി. തദവസരത്തിൽ ദേവാലയത്തിൽ ദീപാഭാവം കാണുകയാൽ ഭരണാധികാരികളോടു് തൽക്കാരണത്തെപ്പററി അന്വേഷിച്ചു. പണദൌർല്ലഭ്യംകൊണ്ടാണെന്നു ബോദ്ധ്യപ്പെട്ട തിരുമേനി തന്നിവാരണാർത്ഥം ഒരു ഓട്ടുചോതന (ഓടുകൊണ്ടു വാർത്തതും ഒരു ചോതന കൊള്ളുന്നതുമായ ഒരളവുപാത്രം) പള്ളിക്കു ദാനം ചെയ്തു. ഈ നാട്ടിലുള്ള നാനാജാതിക്കാരുടേയും എണ്ണ അളവു പ്രസ്തുത പാത്രം കൊണ്ടു നടത്തപ്പെടണമെന്നും ചോതന ഒന്നിനു 2 തുടം എണ്ണ വീതം അളവുകാർ പ്രതിഫലമായി നൽകണമെന്നും, അങ്ങനെ ലഭ്യമാകുന്ന എണ്ണകൊണ്ടു പള്ളിയിൽ നിത്യമായി വിളക്കുവയ്പ് നടത്തണമെന്നും നിശ്ചയിക്കുകയും അതിലേക്കു ഒരു തിരുവെഴുത്തു് കല്പന കൊടുക്കുകയും ചെയ്തു. ഈ കല്പനാനുസരണം സകലരും നടന്നുവരുമ്പോഠ കൊല്ലവർഷം 996-ാമാണ്ടിൽ സ്ഥലത്തെ മഹമ്മദീയർ വേറൊരു ചോതന നിർമ്മിക്കുകയും രാജകല്പനയെ അനാദരിക്കുകയും ചെയ്തു. തന്നിമിത്തം 997-ൽ 23-ാം നമ്പരായി പള്ളിക്കാർ ആലപ്പുഴ കോർട്ടിൽ വ്യവഹാരപ്പെട്ടു വിധി സമ്പാദിക്കുകയും തിരുവിതാംകൂർ ദിവാൻ വെങ്കിട്ടരായരിൽനിന്നു പ്രത്യേക ഉത്തരവുകഠ വാങ്ങി നവീന ചോതന നശിപ്പിച്ചു പൂർവ്വാവകാശം സ്ഥിരപ്പെടുത്തുകയും ചെയ്തതായും രേഖകളാൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഈ പള്ളിയിൽ ഇന്നും എണ്ണ, നെയ്യ് മുതലായ നേർച്ചകഠ സമർപ്പിക്കുന്നതിൽ നാനാജാതിമതസ്ഥരും കൂടുതലായി ഔത്സുക്യം പ്രദർശിപ്പിച്ചുവരുന്നതിൻേറയും അടിസ്ഥാനം ഇതുതന്നെയായിരിക്കാം.

മുൻപ്രസ്താവിച്ചപ്രകാരം പള്ളി പണി കഴിപ്പിച്ച തൊമ്മി എന്ന പൂർവികൻെറ അഞ്ചാം തലമുറ സന്താനവും പഴയവീട്ടിൽ കുടുംബത്തു പാർത്തിരുന്ന ആളുമായ ഈപ്പനെന്നയാഠ ഭാര്യാകുടുംബത്തുനിന്നു ലഭിച്ച അനവധി പണം വ്യയം ചെയ്ത് ഇപ്പോഠ കാണപ്പെടുന്ന രീതിയിൽ പള്ളി കല്പണിയായി തീർത്തിട്ടുള്ളതാണു്. നിലയ്ക്കൽനിന്നു വന്നവരുടെ സന്താനപരമ്പരയിൽ പെട്ടവരും പിന്നീട് മററിടവകകളിൽനിന്നും കുടിയേറിപ്പാർത്തവരുമായ അനേകം

www.malankaralibrary.com



കുടുംബക്കാർ ഏകയോഗക്ഷേമമായി കൊല്ലം 993-ാമാണ്ടു് വരെ പഴയ പള്ളിയിൽക്കൂടി നടന്നുവന്നിരുന്നു. ആ കാലത്തിൽ ഒരു വലിയ വെള്ളപ്പൊക്കമുണ്ടാകയും പള്ളിയിൽ വെള്ളം കയറി ഏതാനും ഭാഗം ഇടിഞ്ഞു പോകയും നിലയ്ക്കൽനിന്നു കൊണ്ടുവന്നു സ്ഥാപിച്ച മാതാവിന്റെ രൂപത്തിനു കേടു ഭവിക്കുകയും ചെയ്തു. തദനന്തരം ഇടവകക്കാർ തമ്മിൽ മത്സരമുണ്ടാകയും രണ്ടു കക്ഷികളായി തിരിഞ്ഞു വികാരി മുതലായി ഏതാനും ആളുകൾ ചേർന്നു പുത്തനായി വേറൊരു പള്ളി വയ്ക്കുന്നതിനു പരിശ്രമിക്കുകയും ചെയ്തതിന്റെ ഫലമായി പുത്തൻ പള്ളി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാകുന്നു.

## 47) കുറവിലങ്ങാടു പരി. മറിയത്തിന്റെ പള്ളി, കുറവിലങ്ങാട്

സ്ഥാപനകാലം എ. ഡി. 335

നാലാം ശതവത്സരത്തിലൊ അഞ്ചാം ശതവർഷത്തിന്റെ ആരംഭദശയിലൊ ആണു ഇവിടെ പള്ളിയുടെ ശിലാസ്ഥാപനകർമ്മം നടന്നിട്ടുള്ളത്. അരുവിത്തുറ, കടുത്തുരുത്തി മുതലായ സ്ഥലങ്ങളിൽ പള്ളികളുണ്ടാകുവാനുള്ള കാരണം അന്യ ദേശങ്ങളിൽനിന്നു ജനങ്ങൾ അവിടെ എത്തി കുടി പാർത്തതാണ്. അതുപോലെ കുറവിലങ്ങാട്ടും പാലൂർ മുതലായ ദിക്കുകളിൽനിന്നും ജനങ്ങൾ വന്നു താമസിക്കുകയുണ്ടായിട്ടുണ്ട്. തോമ്മാശ്ലീഹായിൽനിന്നു ആചാര്യപദം സ്വീകരിച്ചിട്ടുള്ള ശങ്കരപുരി, പകലോമററം, പള്ളി (കള്ളി), കാളിയാങ്ക (അഥവാ കാളികാവ്) എന്ന പ്രസിദ്ധ കുടുംബശാഖകളിലെ ആളുകളും ദേശാന്തരഗാമികളായ ആ ജനങ്ങളിൽ ഉൾപ്പെട്ടിരുന്നു. അവർ സ്വഗോത്രനാമധേയത്തിൽതന്നെ സ്ഥാവരവസ്തുക്കളെ അവിടെ സമ്പാദിച്ചതുകൊണ്ട് ഇക്കാലത്തും പ്രസ്തുത നാലു പേരുകളോടുകൂടി അവിടെ പുരയിടങ്ങളുണ്ട്. ആരംഭത്തിൽ അവർ കടുത്തുരുത്തിയിൽ ഇടവകചേർന്നു സ്വല്പകാലം കഴിഞ്ഞതിൽ പിന്നെയാണ് സ്വനിവാസസ്ഥാനങ്ങളോട് സമീപിച്ചു കുറവിലങ്ങാട്ടു ദേവാലയം പണിയിച്ചത്. പള്ളിയുടെ ഉത്ഭവത്തെ സംബന്ധിച്ചുള്ള ഒരു പാരമ്പര്യം താഴെ പറയുന്നു.

www.malankaralibrary.com



ഇപ്പോഠം പള്ളി സ്ഥിതിചെയ്യുന്ന സ്ഥലത്തിൻെറ സമീപ ത്തുണ്ടായിരുന്ന ഒരു കളരി (സ്കൂഠം) യിൽ ന്രസാണിക്കുട്ടി കഠം അക്ഷരാഭ്യാസം ചെയ്തിരുന്നു. ആ കുട്ടികഠം ഒരിക്കൽ കളരിയിൽനിന്നു വീടുകളിലേക്കു പോകുമ്പോഠം 'കുലക ണ്ടംനിരപ്പ്" എന്ന ദിക്കിൽ വഴിയരികിലുള്ള ഒരു കാട്ടിൽനി ന്നു ഒരു വൃദ്ധ ഇവരെ കൈകാട്ടി വിളിച്ചു, സമീപത്തു കിടന്നിരുന്ന കല്ലുകഠം പെറുക്കി അവർക്കു കൊടുക്കയും തൽക്ഷണം അവ അപ്പങ്ങളായിതീരുകയാൽ അവർ ഭക്ഷിച്ചു സംതൃപ്തരാവുകയും ചെയ്തു. അവർ സ്വഗൃഹങ്ങളിൽ എത്തിയപ്പോഠം വസ്തുത മാതാപിതാക്കന്മാരെ അറിയിച്ചു. അവർ കുട്ടികളുടെ കഥനത്തിൽ എത്രമാത്രം യാഥാർത്ഥ്യ മുണ്ടെന്നറിയുന്നതിനായി കുറേ നേർച്ചയപ്പങ്ങളുമായി പ്ര സ്തുത സ്ഥലത്തെത്തി. തൽക്ഷണം വിശേഷവിധിയായ രൂപലാവണ്യമുള്ള ഒരു വൃദ്ധ കാട്ടിൽനിന്നും ഇറങ്ങി അവരുടെ അടുക്കൽചെന്നു അവിടെ ഒരു ദേവാലയം പണി യിക്കണമെന്നു അവരോടു ഉപദേശിക്കയും അവിടെതന്നെ ഉണ്ടായിരുന്ന ഒരു ഉറവ അവർക്കു കാണിച്ചുകൊടുക്കുകയും ചെയ്തു. ഈ ജലാശയം ഇന്നും അവിടെ കാണാവുന്നതാ ണ്. വൃദ്ധ ഉടനെതന്നെ അന്തർദ്ധാനം ചെയ്തു. ന്രസാ ണികളാവട്ടെ പ്രത്യക്ഷപ്പെട്ട ആ യോഷാരത്നം പരിശുദ്ധ കന്യകമറിയംതന്നെ എന്നു തീർച്ചയാക്കി അവളുടെ നാമ ത്തിൽ ആ സ്ഥലത്തു പള്ളി പണിയിക്കുവാൻ നിശ്ചയി ച്ചു. ഈ സംഭവം നടന്നത് മൂന്നു നോമ്പിൻെറ മദ്ധ്യദിവ സത്തിലായിരുന്നതിനാൽ ആ സുദിനത്തെ കുറവിലങ്ങാട്ടു പള്ളിയിലെ പ്രധാന തിരുനാളായി ആചരിച്ചുവരുന്നു. ആ ദേവാലയത്തിനു ചില പ്രാധാന്യങ്ങഠം ഉണ്ട്. അത് പകലോമററം കുടുംബക്കാരായ ആർച്ചു ഡീക്കന്മാരുടേയും മുകളിൽ പറഞ്ഞിട്ടുള്ള മററു മൂന്നു കുടുംബങ്ങളുടെയും ഇടവകയായിരിക്കുന്നുവെന്നുള്ളതാണ് അവയിൽ ഒന്നാമത്ത ത്. പകലോമററത്തിൻെറ അനേകം ശാഖാ കുടുംബങ്ങഠം അതിരമ്പുഴ, കുടമാളൂർ, പാലാ, തുരുത്തി, ചങ്ങനാശേരി, ചമ്പക്കുളം, തിരുവല്ലാ, ചമ്പക്കര, കൈനകരി മുതലായ സ്ഥലങ്ങളിൽപോയി പാർക്കുന്നുണ്ട്. ചങ്ങനാശേരി വി കാരി അപ്പസ്തോലിക്കാ ആയിരുന്ന കുർയ്യാളശ്ശേരി മാർ

www.malankaralibrary.com



തോമ്മാമെത്രാൻ അവർകളുടെ കുടുംബം കുറവിലങ്ങാട്ടുനിന്നും പിരിഞ്ഞുപോയിട്ടുള്ള പ്രസ്തുത നാലു കുടുംബങ്ങളിൽ ഒന്നാണ്. കുറവിലങ്ങാട്ട് പള്ളിക്കാർ 1913 ഏപ്രിൽ 24-ാം തീയതി മെത്രാൻ അവർകൾക്കു സമർപ്പിച്ച മംഗളപത്രത്തിൽ ഈ സംഗതി പ്രസ്താവിച്ചിട്ടുണ്ട്. ഇനി കുറവിലങ്ങാടിന്റെ രണ്ടാമത്തെ പ്രാധാന്യത്തെപ്പററി പറയാം. മൂന്നു നോമ്പിൽ സംബന്ധിക്കുവാനായി തെക്കൻ ദിക്കുകളിൽനിന്നു പുറപ്പെട്ട ആളുകളുടെകൂട്ടത്തിലുള്ള സാധുവായ ഒരു നസ്രാണി ഒരിക്കൽ എങ്ങനെയോ വഴിതെററി ഏററുമാനൂർ ക്ഷേത്രത്തിൽചെന്നു കയറുവാൻ സംഗതിയായി. കൊല്ലും കൊലയും അടക്കിവാണിരുന്ന ഊരാണ്മക്കാരായ നമ്പൂതിരിമാർ അവനെ കൊല്ലുവാനായി പിടിച്ചു പുലിക്കൂട്ടിൽ ഇട്ടടച്ചു. ഈ വിവരം പള്ളിയിൽ അറിവായ ഉടനെ അവിടെയുണ്ടായിരുന്ന വയോവൃദ്ധനായ ഒരു കത്തനാർ ആ സാധുവിനു പകരം സ്വയമേവ മരണശിക്ഷ അനുഭവിച്ചുകൊള്ളാമെന്നു സമ്മതിച്ചു ഏററുമാനൂരേക്കു ധൃതഗതിയായി പുറപ്പെട്ടു. മൂന്നു നോമ്പിന്റെ ദിവസങ്ങളായിരുന്നതിനാൽ അനവധി ആളുകൾ അദ്ദേഹത്തെ അനുഗമിച്ചു. പുലിക്കൂടുപൊളിച്ചു ആ നസ്രാണിയെ രക്ഷിച്ചുകൊണ്ട് കത്തനാർ പള്ളിയിൽ മടങ്ങി എത്തി. ഊരാണ്മക്കാർ അവർക്കു വന്നു കൂടിയ അവമാനത്തെ പരിഹരിക്കേണ്ടതിനായി മൂന്നു നോമ്പു കഴിഞ്ഞ ഉടനെതന്നെ വളരെ ആളുകളോടും ദേവസ്വം വക കൊമ്പനാനയോടുംകൂടി പള്ളിയിൽചെന്നു. ജനങ്ങൾ ഭയവിഹ്വലരായി നാനാദിക്കുകളിലും ഓടിഒളിച്ചു. വൃദ്ധനായ ആ വൈദികൻ ദേവാലയത്തിൽ പ്രവേശിച്ചു വാതിലുകൾ അടച്ചശേഷം മദ്ബഹായിലുള്ള വിളക്കുകളും മെഴുകുതിരികളും കത്തിച്ചു കൈകൾ വിരിച്ചുപിടിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഊരാണ്മക്കാർ കതകു ഇടിച്ചു പൊളിക്കുവാൻ കരുതി ആനയെക്കൊണ്ട് അതിന്മേൽ കുത്തിച്ചു. അപ്പോൾ കതകിന്റെ വിള്ളലിൽകൂടി ആനയുടെ കൊമ്പു പകുതിവരെ തിങ്ങി അകത്തുകടക്കുകയും വലിച്ചെടുക്കാൻ നിവൃത്തിയില്ലാതെവരികയും ചെയ്കയാൽ ആന മരണവ്യഥയോടുകൂടി നിലവിളിക്കുവാനും 'ഇരണ്ടം' ഇടുവാനും തുടങ്ങി. വിള്ളലിൽകൂടി അവർ അകത്തേക്കുനോക്കിയപ്പോൾ

www.malankaralibrary.com



ജ്വലിച്ചുകൊണ്ടിരിക്കുന്ന തിരികളുടെ മദ്ധ്യേ വൃദ്ധ വൈദികൻ കൈകരം വിരിച്ചു പ്രാർത്ഥിക്കുന്നതുകണ്ട് പരിഭ്രമിക്കുകയും കത്തനാരുടെ തപസ്സ് അഗ്നിയായി പടർന്ന് സകലരേയും ദഹിപ്പിക്കുമെന്നു ഭയപ്പെടുകയും ചെയ്തു. അവർ അങ്ങുമിങ്ങും ഓടി സമീപ സ്ഥലങ്ങളിൽ ഒളിച്ചിരുന്ന ചില കത്തനാരന്മാരെയും ജനങ്ങളെയും വരുത്തി അവരോട് 'മൂത്തകത്തനാര്' തപസ്സുനിറുത്തി വെളിയിൽവന്നു അവരെ രക്ഷിക്കണമെന്നു അപേക്ഷിച്ചു. കത്തനാർ വെളിയിൽ വന്നപ്പോഠം അവർ ചെയ്തുപോയ തെററിനെപററി പശ്ചാത്തപിക്കുന്നെന്നു അദ്ദേഹത്തിൻെറ അടുക്കൽ അറിയിക്കുകയും അവരേയും ആനയേയും പള്ളിയുടെ കോപത്തിൽനിന്നു രക്ഷിക്കണമെന്നു പ്രാർത്ഥിക്കയും ചെയ്തതനുസരിച്ചു വാതിൽ തുറക്കുകയും കൊമ്പു ഊരുകയാൽ ആന രക്ഷപ്പെടുകയും ചെയ്തു. ഊരാണ്മരുടെ പരിഭ്രമവും ഒട്ടെല്ലാം ശമിച്ചു. ആപത്തിൽനിന്നു വിമുക്തരായതിൻെറ നന്ദിയെ സൂചിപ്പിക്കേണ്ടതിനായി പള്ളിയുടെ അടുത്ത് ഏററുമാന്നൂർ ദേവസ്വം വകയായുണ്ടായിരുന്ന 24 പറ നിലം പാച്ചോർ നേർച്ചവകയ്ക്കു പള്ളിക്കു വഴിപാടായി വച്ചൊഴിഞ്ഞു. അതിലേക്കു ആവശ്യമായിരുന്ന പാത്രങ്ങളും ദാനം ചെയ്തു. ഇപ്പോഠം ഈ നിലത്തിൻെറ എനം ദേവസ്വംവകയല്ല. കൂടാതെ മൂന്നു നോമ്പു തിരുനാളിൽ പ്രതിവത്സരം ദേവസ്വം ആനയെ അയച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്കയുമുണ്ടായി. അതിനെ അനുസരിച്ചു ഇക്കാലത്തും നടന്നുവരുന്നു എന്നുള്ളതുതന്നെ ഈ സംഭവത്തിലേക്കു ഒരു ലക്ഷ്യമായിരിക്കുന്നു.

21) കല്ലൂർക്കാട്ടു പരി. മറിയത്തിൻെറ പള്ളി, ചമ്പക്കുളം

സ്ഥാപനകാലം എ. ഡി. 417

ചമ്പക്കുളം അഥവാ കല്ലൂർക്കാട്ടു പള്ളി നിരണത്തുനിന്നും പിരിഞ്ഞതാണ്. കുടിപാർപ്പുമൂലവും മററും ഒരു പള്ളിക്കുവേണ്ട ജനങ്ങഠം അവിടെ ഉണ്ടായ കാലത്താണ് പള്ളി പണിയിക്കപ്പെട്ടത്. ആ ദേവാലയം ആരംഭകാലത്തു അമ്പലപ്പുഴ രാജ്യത്തിൽ ഉഠംപ്പെട്ടിരുന്നു. കേരളീയബ്രാഹ്മണരിൽ ഒരാഠംക്കു അധീനമായിരുന്ന ആ രാജ്യം ക്രിസ്താ

www.malankaralibrary.com



ബ്ദം 1125-ൽ ഭിന്നാധികാരങ്ങളിൽ ആയിത്തീർന്നിരിക്കെ കോഴിക്കോട്ട് രാജാവ് പിരിച്ചയച്ച 300 അകമ്പടിക്കാർ വാളും പരിചയുമായി ദക്ഷിണരാജ്യങ്ങളിലേക്ക് പുറപ്പെട്ടു. അക്കാലത്തു കേവലം ദരിദ്രനായിരുന്ന ചെമ്പകശ്ശേരി നമ്പൂരി ആ ഭടന്മാരുടെ സഹായത്തോടുകൂടി അമ്പലപ്പുഴ രാജ്യം സ്വാധീനമാക്കി. പുറക്കാട്, കുടമാളൂർ മുതലായ പല പള്ളികളെ ക്രിസ്ത്യാനികൾക്കായി സ്ഥാപിച്ചുകൊടുത്തത് ചെമ്പകശ്ശേരി രാജാക്കന്മാരാണ്. ചമ്പക്കുളത്തു പള്ളിക്ക് ചില വസ്തുക്കളെ ദാനമായും പള്ളി ഇരിക്കുന്ന സ്ഥലം കരമൊഴിവായും ആ രാജാക്കന്മാർ കല്പിച്ചു നല്കി. കരമൊഴിവായിരുന്ന പള്ളിപുരയിടത്തിനു കൊല്ലവർഷം 992-ൽ തിരുവിതാംകൂർ സർക്കാരിൽ നിന്നു പാട്ടം കിട്ടുകയും ഇങ്ങനെ നിശ്ചയിച്ച 23¼- പണം സർക്കാരിലേക്കു മുതൽകൂട്ടുകയും ചെയ്തശേഷം ആ സംഖ്യതന്നെ വിളക്കുവയ്പിനായി സർക്കാരിൽ നിന്നും പള്ളിയ്ക്കൊഴിഞ്ഞു കൊടുത്തു. ഇങ്ങനെ ഇന്നോളം നടന്നുവരുന്നു. പിരിവും ചെലവും എഴുതത്തക്കവണ്ണം കല്പിച്ചു നീട്ടെഴുതിയപ്രകാരം പള്ളിപ്പുരയിടം ആയക്കെട്ടിൽ വിളങ്ങി പതിഞ്ഞിട്ടുള്ളതാകുന്നു. കൊല്ലവർഷം 921 മുതൽ 927-വരെ അമ്പലപ്പുഴ രാജ്യത്തെ ഭരിച്ചിരുന്ന ചെമ്പകശ്ശേരി രാജാവു നൂററി എൺപതുപറനിലം പള്ളിക്കു തിരുഅടയാളമായും എൺപത്തെട്ടുപറനിലം വിശേഷാലനുഭവമായും കൊടുത്തിട്ടുണ്ട്. മൂന്നുനോമ്പുദിവസങ്ങളിലെ പാച്ചോറു നേർച്ചയുടെ ചെലവുവകയ്ക്കായിട്ടാണ് ഈ നിലങ്ങൾ ദാനം ചെയ്യപ്പെട്ടിരിക്കുന്നത്.

## 97) മൂഴിക്കുളം പരി. കന്യാസ്ത്രീമറിയത്തിൻെറ പള്ളി, കറുമശ്ശേരി

സ്ഥാപനകാലം ഏ. ഡി. 601.

മൂഴിക്കുളത്തുപള്ളി 7-ാം ശതവത്സരത്തിൻെറ ആരംഭത്തിൽ സ്ഥാപിക്കപ്പെട്ടതാണ്. പറവൂർ രാജാവിൽ നിന്ന് കരമൊഴിവായി കിട്ടിയതാണ് പള്ളി ഇരിക്കുന്ന പുരയിടം. പറവൂർ താലൂക്ക് തിരുവിതാംകൂറിലേക്കു ചേർക്കപ്പെട്ട കാലത്തു പള്ളിപുരയിടത്തിനു ഒമ്പതേമുക്കാൽ പണം കരം

www.malankaralibrary.com



സ്ഥാപിക്കയെുണ്ടായെങ്കിലും ആ സംഖ്യ വിളക്കു വയ്പു വകയ്ക്കു സർക്കാരിൽ നിന്നും വിട്ടുകൊടുത്തിരിക്കുന്നതായി കൊല്ലം 993 തുലാമാസം 18-ാം തീയതി പള്ളിക്കു പതിവുചീട്ടു കിട്ടിയിട്ടുണ്ട്. ഇപ്പോഴത്തെ കണ്ടെഴുത്തുപട്ടയത്തിൽ ഈ സംഗതി കാണിച്ചിട്ടുമുണ്ട്.

## 2) അതിരമ്പുഴ പരിശുദ്ധ മറിയത്തിൻെറ പള്ളി, അതിരമ്പുഴ

സ്ഥാപനകാലം എ. ഡി. 800.

ഈ പള്ളിയുടെ ആദ്യത്തെ പേര് "കാഞ്ഞിരത്തിനാൽ" എന്നായിരുന്നു. കുറവിലങ്ങാട്ടുപള്ളിയിൽ നിന്നും പിരിഞ്ഞു ആ ഇടവകക്കാരായിരുന്ന തെക്കേടം, വടക്കേടം, ഇടം, തടം, മണ്ണാറുകുന്നു, മാത്തൻകുന്നു, വെമ്പേനി തുടങ്ങിയ പ്രധാനപ്പെട്ട വീട്ടുകാർ ഒന്നുചേർന്നു സ്ഥാപിച്ചിട്ടുള്ളതാണ് ആദ്യത്തെ പള്ളി. ആ പള്ളി 1874-ാമാണ്ട് പൊളിച്ചു പണിചെയ്യിപ്പിച്ചിട്ടുള്ളതാണു ഇപ്പോഴത്തെ ദേവാലയം. അന്നു ഇവിടെ വികാരിയായി ജോലിനോക്കിയിരുന്നതു ആലുവാ, മംഗലപ്പുഴ സെമ്മിനാരി മല്പാനായിരുന്ന വന്ദ്യ ദിവ്യശ്രീ പീടിയേക്കൽ മാത്തു യൌസേപ്പ് കത്തനാർ അവർകളായിരുന്നു. അദ്ദേഹം പള്ളിഅകത്തേക്കു ആവശ്യമുള്ള ചില സാധനസാമഗ്രികരം നൽകി പുത്തൻപള്ളിയുടെ പണിക്കു അത്യന്തം ജാഗരൂകത പ്രദർശിപ്പിച്ചിട്ടുണ്ട്. ഇവിടെ മനോഹരങ്ങളും അനേകം വിചിത്രവേലകളാൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതുമായ ചില സ്വരൂപക്കൂടുകളുള്ളതിൻെറ ഫോട്ടോ എടുത്തു റവറണ്ടു ഫാദർ ഹോസ്റ്റൻ എസ്. ജെ. അവർകരം 1925-ാമാണ്ട് റോമ്മായിൽ വച്ചു നടന്ന ജൂബിലി പ്രദർശനത്തിനയച്ചിട്ടുണ്ട്. 1906-ാമാണ്ടു ജർമ്മനിയിൽ നിന്നും വരുത്തിയിട്ടുള്ളതും രണ്ടായിരത്തിലധികം രൂപാ വിലവരുന്നതുമായ മൂന്നു വലിയ മണികളാണു ഇന്ന് ഇവിടെ പ്രയോഗിച്ചുവരുന്നത്. ശിശുക്കളെ സ്നാനപ്പെടുത്തുന്നതിനുള്ള ഇവിടത്തെ കരിങ്കൽ തൊട്ടി വളരെ പുരാതനവും അവരുടെ ശരീരം പൂർണ്ണമായി അതിൽ മുക്കത്തക്കവിധം അത്ര വിസ്തൃതിയുള്ളതുമാകുന്നു. കരിങ്കല്ലിന്മേൽ ലിഖിതങ്ങരം കാണപ്പെടുന്നുണ്ടെങ്കിലും അസ്പഷ്ടങ്ങളാ

www.malankaralibrary.com



കയാൽ അവ വായിക്കുവാൻ പ്രയാസമാണ്. പള്ളിയുടെ പുരോഭാഗത്ത് 8 വട്ടമായി 1 കോൽ പൊക്കത്തിൽ തറ കെട്ടി അത്രയും കോൽ വീതിയിൽ പടികളും നിറുത്തി മദ്ധ്യേ തൂണും അതിൽ കരിങ്കൽ വിളക്കുകളും സ്ഥാപിച്ചു പന്ത്രണ്ടുകോൽ പൊക്കത്തിൽ 18-ാം ശതാബ്ദത്തിൻെറ ആരംഭത്തിൽ പണികഴിപ്പിച്ചിട്ടുള്ള ഒരു വലിയ കരിങ്കൽ കുരിശു നിൽപുണ്ട്. വി. സെബസ്ത്യാനോസിൻെറ തിരുനാളാണ് ഇവിടെ സാഘോഷം കൊണ്ടാടുന്നത്.

ഈ ഇടവകയിൽ സംബന്ധിച്ചുനിന്ന അനേകം 'തെക്കുംഭാഗ' കുടുംബക്കാർ ഇപ്പോഠം ഇതിൻെറ സമീപപ്രദേശത്തു സ്ഥിതിചെയ്യുന്ന കൈപ്പുഴ പള്ളി ഇടവകക്കാർ ആകുന്നു.

## 72) നാഗപ്പുഴ പരി. കന്യാസ്ത്രീമറിയത്തിൻെറ പള്ളി, തൊടുപുഴ

സ്ഥാപനകാലം എ. ഡി. 900

മൈലക്കൊമ്പിൽ നിന്നും പിരിഞ്ഞുണ്ടായ ആ ദേവാലയം വാച്ചാക്കൽ മാപ്പിള എന്നൊരു നസ്രാണിയാണു പണിയിച്ചത്. കാട്ടാനകളുടെ ഉപദ്രവം നിമിത്തം ആ പള്ളി പിന്നീടു ശിഥിലാവസ്ഥയെ പ്രാപിച്ചപ്പോഠം ഏഴാനിക്കാട്ടു യാക്കോബു മല്പാൻ അവർകളുടെ ഉത്സാഹത്താൽ 1800-ൽ ജീർണ്ണോദ്ധാരണം ചെയ്യപ്പെടുകയും ആനകളുടെ ഉപദ്രവത്തെ തടുക്കുന്നതിനായി മതിൽപോലുള്ള കയ്യാലകളും കിടങ്ങുകളും തീർക്കുകയും ചെയ്തു. സെപ്റ്റംബർ 8-ാം നു ആഘോഷിക്കപ്പെടുന്ന ദൈവജനനിയുടെ തിരുനാളിനുമുമ്പുള്ള ദിവസങ്ങളിൽ പല ദിക്കിൽനിന്നും ജനങ്ങഠം ആ പള്ളിയിൽ എത്തി 'എട്ടുനോമ്പ്' ഭക്തിപൂർവ്വം ആചരിക്കുക പതിവാണ്. ആ ദിവസങ്ങളിൽ അവർ ഉപവസിക്കുകയും പ്രാർത്ഥനയിൽ സമയം വ്യയം ചെയ്കയും ചെയ്യുന്നു. നാനാദേശങ്ങളിൽ നിന്നു പ്രതിദിനം ചെന്നു ചേരുന്ന ജനങ്ങളുടെ ശരാശരി കണക്കു ഉദ്ദേശം രണ്ടായിരമാണ് ഹിന്ദുമതസ്ഥന്മാരും ആ ഭജനത്തിൽ സംബന്ധിക്കുന്നുണ്ടെന്നുള്ള സംഗതി വിശേഷിച്ചും പ്രസ്താവ്യമായിരിക്കുന്നു.

www.malankaralibrary.com



26) കടുപ്പാമററം പരി. മറിയത്തിൻെറ പള്ളി, ചേർപ്പുങ്കൽ

സ്ഥാപനകാലം പത്താം ശതാബ്ദം

കോട്ടയം ചെറിയപള്ളി ഇടവക വെള്ളൂർ കുടുംബക്കാരാണ് ഈ പള്ളിയുടെ ആരംഭ സ്ഥാപകന്മാരെന്നു പറയപ്പെടുന്നു. അവർ സ്ഥാപിച്ച ദേവാലയവും മററുള്ള കെട്ടിടങ്ങളും ഇപ്പോഠം കാൺമാനില്ല. അവയൊക്കെയും കാലക്രമത്തിൽ നശിക്കപ്പെട്ടുപോയി. ഇപ്പോഴത്തെ പള്ളി ഉണ്ടായിട്ടു ഉദ്ദേശം 100 വർഷമേ ആയിട്ടുള്ളു. ഈ പ്രദേശം പാണ്ടിയുമായുള്ള കച്ചവടത്തിനു വളരെ പ്രസിദ്ധി നേടിയിരുന്നതായി ഇവിടെ ഇപ്പോഴും അവിടവിടെ കാൺമാനുള്ള ലക്ഷ്യങ്ങളിൽ നിന്നെല്ലാം മനസ്സിലാക്കാം. പള്ളിക്കുതെക്കുവശവും തെക്കുപടിഞ്ഞാറുവശവും ആയിട്ടു പാളയംതട്ട്, ഭഗവതിക്കുന്നു എന്നു പേരുകളുള്ള രണ്ടു പുരയിടം ഉണ്ട്. ഇവയിൽ ഭഗവതിക്കുന്നിലാണ് ഇപ്പോഠം ശവസംസ്ക്കാരം ചെയ്യുന്നതിനുപയോഗിക്കുന്നത്. ഹിന്ദുക്കഠം അനവധിയായി ഇവിടെ ഒരു കാലത്തു വസിച്ചിരുന്നു. എന്നാൽ അവരുടെ വാസം കുറഞ്ഞു, കുറഞ്ഞു ഇപ്പോഠം തീരെ ഇല്ലെന്നു തന്നെയായിരിക്കുന്നു. പള്ളിയിൽനിന്നു ഒരു ഫർലോങ്ങു ദൂരെ പടിഞ്ഞാറുവശമായി 'കത്തനാർ കടവ്' എന്ന പേരിൽ ഒരു കടവുള്ളത് ഇന്നും ആർക്കും കാണാവുന്നതാണ്. കടവിനു പടിഞ്ഞാറു വെടിക്കുന്ന് എന്നു നാമമുള്ള വേറൊരു പുരയിടവും ഉണ്ട്. വെള്ളം ഒഴുകുന്ന ഒരു ഭാഗത്തിനു എരുത്തുപുഴ എന്നു പേരുപറയുന്നു. ഇങ്ങനെ പറയുന്നതിനുള്ള കാരണം പാണ്ടിരാജ്യവുമായി കച്ചവടം നടന്നിരുന്ന കാലത്തു മൃഗങ്ങളെ കുളിപ്പിക്കുന്നതിനും മററും ഉപയോഗിച്ചുവന്നിരുന്നതുമൂലമാണെന്നു ഊഹിക്കപ്പെടുന്നു.

27) കടുത്തുരുത്തി പരി. മറിയത്തിൻെറ പള്ളി,
കടുത്തുരുത്തി

സ്ഥാപനകാലം പത്താം ശതാബ്ദം

മാർ യോഹന്നാൻ മലംകര സഭാപരിവൃഢനായിരുന്ന ദശമ ശതാബ്ദത്തിലാണ് കടത്തുരുത്തി ചെറിയപള്ളി പണിയിക്കപ്പെട്ടത്. മാലാന ഏലി അമ്മ എന്നൊരു പ്രഭ്വിയാണ് അതിൻെറ സ്ഥാപനകർത്രി. പള്ളിയുടെ ആരംഭ

www.malankaralibrary.com



ത്തെ ഉദ്ദേശിച്ചുള്ള ഒരു പരമ്പരാവൃത്താന്തം ഇവിടെ വിവരിക്കാം. കൊടുങ്ങല്ലൂർ പട്ടണം ഒമ്പതാം നൂററാണ്ടിൽ നാമാവശിഷ്ടമായിട്ടുള്ളതാണ്. പുരാതന പ്രസിദ്ധമായ ആ പട്ടണം അധഃപതിച്ചതോടുകൂടി അവിടത്തെ ക്രിസ്ത്യാനികൾ നാനാദേശങ്ങളിലേക്കും ചിതറിയപ്പോൾ അതിലെ കുടിപാർപ്പുകാരായിരുന്ന തെക്കുംഭാഗക്കാർ കടുത്തുരുത്തി ചുങ്കം, ഉദയമ്പേരൂർ മുതലായ സ്ഥലങ്ങളിലെത്തി സ്ഥിരവാസം ഉറപ്പിച്ചു. അതുമുതൽ കടുത്തുരുത്തി വലിയ പള്ളിയിൽ വടക്കുംഭാഗക്കാർ മുന്നണിയിലും തെക്കുഭാഗക്കാർ പിന്നണിയിലുമായി മുട്ടുകുത്തുക നടപ്പായി. അക്കാലത്തു ദക്ഷിണ ഭാരതസഭയെ ഭരിച്ചിരുന്ന മാർ യോഹന്നാൻ ആ രീതിയെ ഭേദപ്പെടുത്തി പള്ളിയിൽ സകല ജനങ്ങളും സമസ്ഥിതിയിൽ മുട്ടുകുത്തേണ്ടതാണെന്നു ആജ്ഞാപിച്ചു. പുരുഷന്മാർ അതിനെ അനുസരിച്ചു എങ്കിലും സ്ത്രീകൾ വിരോധിക്കയാണുണ്ടായത്. മാലാന ഏലി അമ്മ എന്ന പ്രസ്തുത പ്രഭ്വിയായിരുന്നു അവരുടെ നായിക. ആജ്ഞാനുസാരം പ്രവർത്തിക്കുവാൻ മനസ്സില്ലാത്തവർ വേറൊരു പള്ളിവെച്ചു മാറിക്കൊള്ളണമെന്നായിരുന്നു മാർ യോഹന്നന്റെ രണ്ടാമത്തെ കല്പന. അതിനാൽ പ്രഭ്വി സ്വന്ത ചെലവിന്മേൽ ചെറിയ പള്ളി പണിയിക്കുകയും അതിലേക്ക് മാറുകയും ചെയ്തു. കടുത്തുരുത്തിയിൽ തുലോം അടുത്തടുത്തു രണ്ടുപള്ളികൾ ഉണ്ടാകുന്നതിനുള്ള കാരണം ഇതാണ്. ചെറിയ പള്ളിക്കാർക്കു വലിയ പള്ളിയെസംബന്ധിച്ചു പല അവകാശങ്ങളും ഉണ്ടായിരുന്നുവെന്നതിലേക്കുള്ള രേഖകൾ കുറേ അടുത്തകാലംവരെ കടുത്തുരുത്തിയിലെ ഒരു പ്രധാനപ്പെട്ട കടവിൽ കുടുംബത്തിൽ പെട്ട കത്തനാരന്മാരുടെ കൈവശത്തിലുണ്ടായിരുന്നു.

## 5) ആരക്കുഴ പരി. കന്യാസ്ത്രീമറിയത്തിന്റെ പള്ളി, മൂവാററുപുഴ

സ്ഥാപനകാലം എ. ഡി. 999.

മൈലക്കൊമ്പിൽനിന്ന് പിരിഞ്ഞ പള്ളികളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് ആരക്കുഴ. നിത്യകന്യകയും ദൈവമാതാവുമായ പരിശുദ്ധ മറിയത്തിന്റെ അഭിധാന

www.malankaralibrary.com



ത്തിൽ പണിയപ്പെട്ടിരിക്കുന്ന ഈ ദേവാലയത്തിൻെറ ശിലാ
സ്ഥാപനകർമ്മം പത്താമത്തെ വത്സരശതകത്തിലാണ്(999)
നടന്നിട്ടുള്ളത്. 'ആയിരം മാപ്പിള'മാരെ അഥവാ കുടുംബ
ങ്ങളെ ഉദ്ദേശിച്ചായിരുന്നു ഇതിൻെറ സ്ഥാപനം. കീഴ്മട
ങ്ങ് കരയുടെ അത്യന്തം പശ്ചിമഭാഗത്തുള്ള ഒരു ചെറിയ
കുന്നിലാണല്ലോ ഇപ്പോൾ പള്ളി സ്ഥിതിചെയ്യുന്നതു്.
ആദ്യദേവാലയത്തിൻെറ സ്ഥാനം അതല്ല. ആരക്കുഴ എന്ന
സ്ഥലം ഇതിനു നേരെ അടിയിലുള്ള താഴ്വാരത്തിൽ തെ
ക്കുവടക്കായി കിടക്കുന്ന പാടത്തിൻെറ പടിഞ്ഞാറെ കരയാ
ണ്. ഈ കൃഷിനിലങ്ങളോട്ചേർന്ന് പള്ളിവകയായി കു
റെ വിളഭൂമികളുള്ളതിന് മുൻകാലങ്ങളിൽ 'അമ്പലമാരി'
(ലി?) എന്നാണ് പേർ പറഞ്ഞുവന്നത്. സമീപസ്ഥമായി
രുന്ന ഒരു അമ്പലത്തിൽനിന്നാണ് ഈ നാമത്തിൻെറ ഉല്പ
ത്തി. അവിടെനിന്ന് അത്ര അകലെയല്ലാതെ ഇപ്പോഴും ഒരു
പുരയിടം പള്ളിവകയായുണ്ട്. അതായിരുന്നു ആദിമദേ
വാലയത്തിൻെറ ആസ്ഥാനഭൂമി. ഇപ്പോഴത്തെ 'കുരിശിൻ
തൊട്ടി'യുടെ താഴെയുള്ള പ്രസ്തുത താഴ്വാരത്തിന് 'പ
ള്ളി അമ്പലത്തിങ്കൽ' എന്നാണ് പേർ പറയാറുള്ളതു്. മുക
ളിൽ പറഞ്ഞിട്ടുള്ള പുരയിടങ്ങളും നിലങ്ങളും ആരക്കുഴ
ഉണ്ണിയാതിരി എന്ന ഇടപ്രഭു പള്ളിക്കു ദാനംചെയ്തിട്ടുള്ള
വയാണ്. ഉണ്ണിയാതിരിയുടെ വാഴ്ചക്കാലത്ത് പള്ളി
യിൽ അഭയംപ്രാപിച്ച ഒരു കുററക്കാരനെ അദ്ദേഹം ബലാൽ
ക്കാരേണ പിടിച്ചു ശിക്ഷിച്ചതുമൂലം പതിനെട്ട് മാസങ്ങ
ളോളം ആ ദിക്കുകളിൽ മഴപെയ്യാതിരിക്കുകയും രാജ്യം നാ
ശോന്മുഖമായ ഒരവസ്ഥയിൽ എത്തുകയും ചെയ്തു. കു
ടിക്കുന്നതിനുപോലും വെള്ളം ഇല്ലാതെ ജനങ്ങൾ അവർണ്ണ
നീയമായ കഷ്ടതകൾ അനുഭവിച്ചു. ഈ വിധത്തിൽ 18
മാസങ്ങൾ കഴിഞ്ഞപ്പോൾ ഉണ്ണിയാതിരി സ്വന്ത കുററത്തെപ്പ
ററി പശ്ചാത്തപിക്കയും പരിഹാരകർമ്മമായി പള്ളിയിൽ
ഒരു 'പാച്ചോറു നേർച്ച' കഴിച്ചുകൊള്ളാമെന്ന് വഴിപാട്
നിശ്ചയിക്കുകയും ചെയ്തു. മുപ്പതുപറ അരിയും സാ
മാനങ്ങളുമായി അദ്ദേഹം പള്ളിയിൽ എത്തി നേർച്ച നിവർ
ത്തിച്ചതുകൂടാതെ, മേലിൽ പ്രതിവത്സരം ആഗസ്റ്റ് 15-ാം
തീയതി പരിശുദ്ധ കന്യകമറിയത്തിൻെറ സ്വർഗ്ഗാരോപണ

www.malankaralibrary.com



ത്തിരുനാളിൽ അത് മുടങ്ങാതെ നടത്തുന്നതിലേക്ക് ആവശ്യമായ നിലങ്ങളും പുരയിടങ്ങളും അതിലേക്ക് ആവശ്യപ്പെട്ട ആളുകളും പള്ളിക്കായി ഒഴിഞ്ഞ് കൊടുക്കപ്പെടുകയുമുണ്ടായി. വഴിപാട് കഴിഞ്ഞ ഉടനെതന്നെ ധാരാളമായി മഴ പെയ്കയും എല്ലായിടങ്ങളിലും വെള്ളം അത്യധികം പൊങ്ങുകയും ചെയ്കയാൽ ഉണ്ണിയാതിരി പള്ളിയിൽനിന്ന് സ്വഭവനത്തിലേക്ക് വള്ളത്തിലായിരുന്നു മടങ്ങിപ്പോയത്. വരാപ്പുഴ മിസ്സത്തെ ശ്രേയസ്ക്കരമായ വിധത്തിൽ ഭരിച്ചശേഷം 1868-ൽ പരേതനായ ബർണ്ണർദീനോസ് മെത്രാപ്പോലീത്താ അവർകഠം ഈ 'പാച്ചോറ് നേർച്ച' നിറുത്തൽചെയ്യുന്നതിന് ആലോചിച്ച വിവരം ആ ഇടവകക്കാർ അറിഞ്ഞ മാത്രയിൽ അത് നിറുത്തലാക്കാൻ പാടില്ലെന്ന് ഉണ്ണിയാതിരിയുടെ നേർച്ചയുടേയും ദാനത്തിൻേറയും സംഗതികഠം കാണിച്ചുകൊണ്ട് ഹർജി ബോധിപ്പിച്ചു. വസ്തുത മനസ്സിലായപ്പോഠം പാച്ചോറു നേർച്ച കീഴ്നടപ്പുപോലെ മേലിലും നടത്തേണ്ടതാണെന്ന് മെത്രാപ്പോലീത്താ തീർച്ചയാക്കി.

73) നെടിയശാല പരി. കന്യാസ്ത്രീമറിയത്തിൻെറ പള്ളി .തൊടുപുഴ

(സ്ഥാപനകാലം എ. ഡി. 999)

ഉദ്ദേശം ഒരുനൂററി ഇരുപത് കൊല്ലങ്ങഠംക്കുമുമ്പ് പള്ളിയും പരിസരപ്രദേശങ്ങളും കാട്ടാനകളാൽ ഉപദ്രവിക്കപ്പെട്ടിരുന്നു. അവയുടെ എന്തെന്നില്ലാത്ത ശല്യം മൂലം പള്ളി നാമാവശിഷ്ടമായിത്തീരുന്നതിനും വേറൊരു പള്ളി ഇവിടെനിന്നും മൂന്നു മൈൽ പടിഞ്ഞാറ് മാറി സ്ഥാപിക്കുന്നതിനും കാരണമായി. ജനങ്ങഠം അവർക്ക് സൗകര്യമെന്ന് തോന്നിയ ദിക്കുകളിൽ പോയി പാർത്തും തുടങ്ങി. അനന്തരം 1918-മാണ്ടാണ് ഇപ്പോഴത്തെ പള്ളിയുടെ പണി നിർവ്വഹിച്ചിട്ടുള്ളത്. പഴയ പള്ളി സ്ഥാപിതമായ കാലത്ത് ഇവിടെ വലിയ കമ്പോളമുണ്ടായിരുന്നതായി ജനങ്ങഠം ഇപ്പോഴും പ്രസ്താവിക്കുന്നുണ്ട്.

www.malankaralibrary.com



43) കൊട്ടേക്കാട് വി. കർമ്മലമാതാവിൻെറ പള്ളി, മുളങ്കുന്നത്തുകാവ്

സ്ഥാപനകാലം എ. ഡി. 1000.

ഈ പള്ളി ഇടവകക്കാർ ആദ്യം പാലയൂർ പള്ളി ഇടവകയിൽ സംബന്ധിച്ചിരുന്നവർ ആണ്. അനന്തരം അവർ മററംപള്ളി ഇടവകയിൽ തിരികയും അവിടെനിന്ന് കൊട്ടേയ്ക്കാട്ട് പള്ളി ഇടവകക്കാരാവുകയും ചെയ്തിട്ടുള്ളതാകുന്നു. കൊട്ടേയ്ക്കാട്ട് പള്ളി ഇരിക്കുന്ന സ്ഥലം മുൻപ് കൊച്ചി രാജ്യത്തിൽ കച്ചവടത്തിന് വളരെ പ്രസിദ്ധിയുള്ള ഒരു സ്ഥലമായിരുന്നു. തൃശ്ശിവപേരൂര് ഇന്നുള്ള പ്രധാനപ്പെട്ട കച്ചവടക്കാരെല്ലാം ഈ ഇടവകക്കാരായിട്ടാണിരിക്കുന്നത്. ഡോക്ടർ ഠെഡലിക്കോട്ട് തിരുമനസ്സിലെ കാലത്ത് ഈ പള്ളി മേലൂസിൻെറ ശീശ്മയിൽ ഉരംപ്പെട്ടുപോയി. എങ്കിലും കുറേ ആളുകരം കത്തോലിക്കാവിശ്വാസം വിടാതെ ശീശ്മയ്ക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരുന്നു. ഡോക്ടർ മേനാച്ചേരി യോഹന്നാൻ മെത്രാൻ തിരുമനസ്സിലെ ഭരണം ആരംഭിച്ചതോടുകൂടി അവർ ഇരുഭാഗക്കാരും പരസ്പരം ആദ്യത്തേതുപോലെതന്നെ യോജിക്കുകയും അങ്ങനെ പള്ളിക്കാര്യങ്ങരം ശരിയായ വിധം നടന്നുവരികയും ചെയ്യുന്നു. ഈ പള്ളി സ്ഥിതിചെയ്യുന്ന സ്ഥലം ചിററണ്ണൂർ തമ്പുരാൻ കരമൊഴിവായി പള്ളിക്ക് ദാനം കൊടുത്തതെന്നാണ് പറയുന്നത്. പള്ളി പണിചെയ്യുന്നതിന് മുഖ്യമായി പ്രയത്നിച്ചിട്ടുള്ളത്, നീലങ്കാവിൽ, കണ്ണനാക്കിൽ കാഞ്ഞിരപ്പറമ്പൻ, കൊളംപൊറൻ, ആട്ടോക്കാരൻ എന്നീ കുടുംബക്കാരാകുന്നു.

29) കാഞ്ഞൂർ പരി. കന്യാസ്ത്രീമറിയത്തിൻെറ പള്ളി, കാഞ്ഞൂർ

സ്ഥാപനകാലം. എ. ഡി. 1001.

കാഞ്ഞൂർ പള്ളി പതിനൊന്നാം ശതവത്സരത്തിൻെറ ആരംഭദശയിലാണു സ്ഥാപിക്കപ്പെട്ടത്. ആ ദേവാലയം ആദ്യം സ്ഥിതിചെയ്തിരുന്നത് തെക്കുഭാഗത്തു വലിയ വീടു എന്നുപേരുള്ള ഒരു ഗൃഹസ്ഥാനത്തിലായിരുന്നു.

www.malankaralibrary.com



കാഞ്ഞൂർ ദേശത്തിനു സർക്കാർ റിക്കാർട്ടുകളിൽ 'വെള്ളാരപ്പിള്ളി' എന്നാണു പറയുക. ഇതു ആദിമകാലം തുടങ്ങിത്തന്നെ കൊച്ചീ രാജകുടുമ്പത്തിന്റെ ആസ്ഥാനദേശമാണ്. പള്ളിയിൽ നിന്ന് അരമൈൽ അകലെയായി രാജാവിന്റെ ഒരു കോവിലകം സ്ഥിതിചെയ്യുന്നുണ്ട്. കൊച്ചിയിലെ രാജാക്കന്മാർ, മൂപ്പുകിട്ടുന്ന അവസരത്തിൽ അങ്ങാടിക്കാർ മുൻകൂട്ടി കിട്ടുന്ന നീട്ടു അനുസരിച്ചുചെന്നു എതിരേൽക്കുകയും കലവറ സാമാനങ്ങരം എടുത്തുവെക്കുകയും ഇവകരംക്ക് പ്രതിഫലമായി കോവിലകത്തുനിന്നു ഒരു വാർപ്പു പകർച്ചയായി അവർക്കു കല്പിച്ചു നൽകുകയും ചെയ്യുന്നതു പൂർവ്വം മുതലുള്ള ഒരു നടപ്പാണ്. കാഞ്ഞൂർ അങ്ങാടിക്കു കൊച്ചീരാജാവിന്റെ 'കലവറ അടി' അഭിധാനം സിദ്ധിച്ചിട്ടുള്ളതും ഇതിനാലായിരിക്കാം. രാജാവ് കോവിലകത്തു താമസിക്കുന്നകാലത്തു പള്ളി വികാരിയും യോഗക്കാരും ചെന്നു തിരുമുൽക്കാഴ്ച വെച്ചു ഒരിക്കൽ മുഖം കാണിക്കുന്ന സമ്പ്രദായവും പുരാതനം തന്നെ. ആദ്യം അറുപതു പുത്തനായിരുന്നു തിരുമുൽക്കാഴ്ചയുടെ സംഖ്യ. അതു പിന്നീടു അറുപതു ഇരട്ടി പുത്തനായും ഇപ്പോരം അത്രയും രൂപായും ഭേദപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ ദേവാലയം പുതുശ്ശേരി എന്നു ഗൃഹനാമമുണ്ടായിരുന്ന പ്രസിദ്ധനായ കാഞ്ഞൂർ തരകനാൽ ജീർണ്ണോദ്ധാരണം ചെയ്യപ്പെട്ടതാണെന്നു പരമ്പരയാ പറഞ്ഞുവരുന്നു. 'ആനവിളക്കു' എന്നു പറയപ്പെടുന്ന ഒരു കൌതുകവിളക്കു പള്ളിയിൽ ഇക്കാലത്തും കാണാം. ഒരു തുടൽ വിളക്കിന്റെ തട്ടിൽ ആന നിൽക്കുന്നതായിട്ടും അമ്പലത്തിലെ പൂജകന്മാരായ പൂണൂൽ ധരിച്ച എമ്പ്രാന്മാർ ആനപ്പുറത്തു ഇരിക്കുന്നതായിട്ടുമാണു അതിന്റെ ആകൃതി. ക്ഷേത്രഗോപുരങ്ങളിലെ പണിവിശേഷങ്ങരം വിളക്കിന്റെ തുടലിലും മററും ചെയ്യപ്പെട്ടിരിക്കുന്നു. ഇങ്ങനെ ഒരു വിളക്കു എവിടെനിന്നു സിദ്ധിച്ചു എന്നുള്ളതിനെപ്പററി പല വിധത്തിൽ പ്രസ്താവമുണ്ട്. അവയിൽ വിശ്വാസ്യതക്കു അധികം പാത്രതയുള്ളതായി തോന്നുന്നതിനെ താഴെ വിവരിക്കാം. കൊച്ചീരാജാവ് ഒരിക്കൽ പള്ളിയുടെ കിഴക്കുവശത്തുള്ള വഴിയിൽക്കൂടി എഴുന്നള്ളുമ്പോരം പള്ളിവക കിഴക്കേ പടിപ്പുരമാളികയിൽ

www.malankaralibrary.com



നിന്നിരുന്ന ക്രിസ്ത്യാനികൾ എന്തോ ആക്ഷേപവാദം ചെയ്തതായിട്ടോ അനാചാരം ഭാവിച്ചതായിട്ടോ രാജാവിനു സംശയം ജനിക്കുകയാൽ മാളിക ഉടനെ പൊളിച്ചു നീക്കണമെന്ന് കല്പിക്കുകയുണ്ടായി. അതു പൊളിച്ചു നീക്കിയ ക്ഷണത്തിൽ തന്നെ കൊട്ടാരത്തിലെ ആന കോവിലകത്തെ പടിപ്പുരമാളികയും കത്തിനശിച്ചു. രാജാവ് കാഞ്ഞൂർ തരകനെ വരുത്തി സംഗതി സംബന്ധിച്ചു ആലോചിച്ചു. കാഞ്ഞൂർ പുണ്യവാൻ (വി. സെബസ്ത്യനോസ്) മഹാശക്തനും അത്ഭുതപ്രവർത്തകനുമാണെന്നു തരകൻ, തിരുമനസ്സിൽ ധരിപ്പിക്കയാലും മേൽപ്പറഞ്ഞ സംഭവംകൊണ്ടു രാജാവിനു അതു ബോധം വരുകകൊണ്ടും രാജസ്ഥാനത്തു നിന്ന് ഈ ആനവിളക്ക് പള്ളിക്കു വഴിപാടു വെക്കയും പള്ളി ഇരിക്കുന്ന സ്ഥലം കരമൊഴിവാക്കി കല്പിക്കയും ചെയ്തു. പള്ളിപ്പറമ്പു ഇക്കാലത്തും കരമൊഴിവാണ്.

9) ആനക്കല്ലു പരി. മറിയത്തിന്റെ പള്ളി, ഭരണങ്ങാനം

സ്ഥാപനകാലം എ. ഡി. 1004.

അരുവിത്തുറ പള്ളിയിൽ നിന്നും പിരിഞ്ഞ ഈ പള്ളി ആക്കൻ, അറയ്ക്കൻ, ചുണ്ട, പ്രാട്ടിയാനി, വള്ളിയാംതടം ഇങ്ങനെ അഞ്ചു വീട്ടുകാരുടെ പ്രധാന പരിശ്രമം നിമിത്തമാണ് സ്ഥാപിച്ചിരിക്കുന്നത്. പഴയപള്ളി മൂന്നു പ്രാവശ്യം പൊളിച്ചുപണികഴിപ്പിച്ചതിൽ ഒടുവിലത്തെ പ്രാവശ്യം പണികഴിപ്പിച്ചിട്ടുള്ളതാണ് ഇപ്പോൾ കാണുന്ന ദേവാലയം. ഇതു കോട്ടയം ഈരാററുപേട്ട റോഡിനു കിഴക്കുഭാഗത്തു സ്ഥിതി ചെയ്യുന്നു. പാറങ്കുളങ്ങര ദിവ്യശ്രീ മാണി കത്തനാർ അവർകളുടെ ഉത്സാഹഫലമായി ഇതിന്റെ പണി ആരംഭിക്കുകയും പ്രാട്ടിയാനി കുടുംബത്തിലെ ഒരു വൈദികനായ മാറാമററത്തിൽ ദിവ്യശ്രീ മാണി കത്തനാർ അവർകളുടെ പരിശ്രമത്താൽ പ്രസ്തുത പണി പൂർത്തിയാവുകയും ചെയ്തിരിക്കുന്നു.

പള്ളി ഇരിക്കുന്ന സ്ഥലം ചെററകാരിക്കൽ നായർ കുടുംബത്തിൽ നിന്നും ദാനമായി കൊടുത്തിട്ടുള്ളതാണ്. അതുനിമിത്തം പള്ളിയിൽ നടക്കുന്ന കല്യാണം ഒന്നിനു

www.malankaralibrary.com



2 ചക്രം വീതം കണക്കാക്കി ആണ്ടുതോറും ഒരു നല്ല സംഖ്യ സമ്മാനമായി അവർക്കു നല്കിവരുന്നുണ്ട്. അവർ അതിനു പ്രത്യുപകാരമെന്നോണം ആണ്ടുതോറും വി. സെബസ്ത്യാനോസിൻെറ തിരുനാാം ദിവസം നേർച്ചയായി 51 അപ്പവും, 51 പഴവും പള്ളിയിൽ കൊണ്ടുകൊടുക്കുന്നുമുണ്ട്. പള്ളി ആരംഭിച്ച കാലത്തു ഇതു ഇവിടെ സ്ഥാപിക്കാതിരിക്കുന്നതിനു എതിർത്തുനിന്ന നാലു ബ്രാഹ്മണ ഇല്ലങ്ങാം ഇതിനു ചുററിനും ഉണ്ടായിരുന്നു. ആദ്യം കുരിശു സ്ഥാപിച്ചതു ഇവിടെ നിന്നും 2 ഫർലാങ്ങു കിഴക്കുമാറി ആനക്കല്ല് എന്നു പറയുന്ന ഒരു പുരയിടത്തിലായിരുന്നു. അവിടെ ഈ ബ്രാഹ്മണ കുടുംബങ്ങളുടെ ഉപദ്രവം നിമിത്തമാണ് പള്ളി ഇവിടെ മാററി പണികഴിപ്പിക്കുന്നതിനു സംഗതിയായിട്ടുള്ളത്. ആ പുരയിടത്തിൽ പ്രഥമതഃസ്ഥാപനകർമ്മം നടത്തിയതിൻെറ ഓർമ്മയ്ക്കായിട്ടാണ് ഇതിനെ ആനക്കല്ലു പള്ളിയെന്നു ഇപ്പോഴും വിളിച്ചുവരുന്നത്. പള്ളിപ്പുരയിടം ഇന്നും കരമൊഴിവായിരിക്കുന്നു.

## 95) മുട്ടത്തു പരലോകമാതാവിൻെറ പള്ളി, ചേർത്തല

സ്ഥാപനകാലം എ. ഡി. 1023

മാർത്തോമ്മാശ്ലീഹാ എ. ഡി. 52-ൽ കേരളത്തിൽ വന്നു ഏഴു പള്ളികാം സ്ഥാപിച്ചു എന്ന കാര്യം പ്രസിദ്ധമാണല്ലൊ. അതിൽ ഉാംപ്പെട്ടതാണ് ചേർത്തല താലൂക്കിലെ ''കോക്കമംഗലം''. കോക്കമംഗലത്തുനിന്നും മുട്ടത്തേക്കു രണ്ടു മൈലേ ദൂരമുള്ളു. കോക്കമംഗലത്താണ് തോമ്മാശ്ലീഹാ കുരിശു സ്ഥാപിച്ചതെങ്കിലും അതിനോടു ചേർന്ന മുട്ടം, പള്ളിപ്പുറം മുതലായ പുരാതന ഇടവകകളിലും ആ കാലങ്ങളിലെ ക്രിസ്ത്യാനികാം ഉണ്ടായിത്തുടങ്ങി എന്നു ന്യായമായി ഊഹിക്കാം. ഈവിധമാലോചിക്കുമ്പോാം മുട്ടത്തെ ക്രിസ്ത്യാനികളുടെ ആരംഭം മാർത്തോമ്മാ ശ്ലീഹായിൽ നിന്നാണെന്നു വ്യക്തമാകുന്നു.

ഈ പള്ളി സ്ഥാപിക്കുന്നതിനുമുമ്പു മുട്ടത്തുകാർ പള്ളിപ്പുറത്തു പള്ളി ഇടവകക്കാർ ആയിരുന്നു. പതിവുപോലെ ഒരു ഞായറാഴ്ച മുട്ടത്തുകാർ കുർബാന കാണുന്ന

www.malankaralibrary.com



തിനു നാലഞ്ചു മൈൽസു ദൂരമുള്ള പള്ളിപ്പുറത്തുചെന്ന അവസരത്തിൽ മുട്ടത്തുകാരെ ഒന്നു ഇളിഭ്യരാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഇവർ ചെല്ലുന്നതിനു മുമ്പായി കുർബാന ചൊല്ലുകയും ഇവരെ ആക്ഷേപിക്കയും ചെയ്തു. ഇഛാഭംഗത്താലും താപകോപത്താലും വിവശരായ മുട്ടത്തുകാർ പള്ളിപ്പുറത്തുകാരുടെ ശകാരവർഷങ്ങൾകേട്ടു ലജ്ജിച്ചു ഉടൻ മടങ്ങുകയല്ലാ ചെയ്തതു്. തങ്ങളുടെ പൌരുഷം കാട്ടുന്നതിനുള്ള അവസരം ഇതുതന്നെയെന്നു കരുതി ഉടൻ തന്നെ പള്ളിയുടെ അളവെടുക്കുന്നതിനാരംഭിച്ചതിൽ പള്ളിയുടെ വാതിൽ അടച്ചുകളഞ്ഞതിനാൽ പള്ളിയുടെ പുറത്തെ അളവെടുത്തു മടങ്ങുകയും ചെയ്തു.

തങ്ങളുടെ മാതൃദേവാലയമായ പള്ളിപ്പുറത്തു പള്ളിയുടെ പുറത്തെ അളവു അകത്തുണ്ടായിരിക്കത്തക്ക വലിപ്പത്തിൽ മഹാദേവർ പട്ടണത്തായ മുട്ടത്തങ്ങാടിയുടെ വടക്കെ അററത്തു തൽക്കാലത്തേക്കു ഒരു കപ്പേള പണിതു പിറെറ ഞായറാഴ്ച കുർബാന ചൊല്ലിക്കാണുകയും അതോടുകൂടി എന്നന്നേക്കുമായി പള്ളിപ്പുറത്തു പള്ളിയിൽനിന്നു പിരിഞ്ഞുപോരുകയും ചെയ്തു. അക്കാലത്തെ സ്ഥിതിക്കും ഇക്കാലത്തെ സ്ഥിതിക്കും മലയാളത്തെ പള്ളികളിൽ പൊക്കത്തിലും വലുപ്പത്തിലും പ്രാഥമ്യം വഹിക്കുന്ന മുട്ടത്തു പള്ളിയുടെ ആരംഭം ഈവിധമാണ്.

ആദ്യമായി പള്ളി സ്ഥാപിച്ചത് ഇപ്പോൾ ഈ പള്ളിയുടെ വടക്കേക്കുരിശു സ്ഥിതിചെയ്യുന്ന സ്ഥലത്താണ്.

മുട്ടത്തു പള്ളിയിൽനിന്നും തെക്കോട്ടും വടക്കോട്ടും ആയി മുട്ടത്തങ്ങാടി കിടക്കുന്നു. ഇവിടത്തെ ക്രിസ്ത്യാനികൾ അടുത്ത കാലംവരെ എഴുതിവന്നിരുന്നത് "മഹാദേവർ പട്ടണത്തായ മുട്ടത്തങ്ങാടിയിൽ കുടിയിരിക്കും" എന്നായിരുന്നു.

മുട്ടത്തങ്ങാടി പുരാതനകാലത്തു ഒരു യഹൂദവാസകേന്ദ്രമായിരുന്നു. യൂദന്മാർ ഇവിടെ അങ്ങാടി സ്ഥാപിച്ചും പള്ളിവെച്ചും ഗ്രാമങ്ങൾ സ്ഥാപിച്ചും വളരെനാൾ താമസിച്ചിരുന്നതാണ്. ക്രിസ്ത്യാനികളുടെ പള്ളിവെയ്ക്കുകയും അവരുടെ ശക്തി വർദ്ധിക്കുകയും ചെയ്തതോടു

www.malankaralibrary.com



കൂടി യൂദന്മാർ ഇവിടെനിന്നും എറണാകുളും, പറവൂർ മുതലായ സ്ഥലങ്ങളിലേക്കു കുടി പുറപ്പെട്ടുപോയി എന്നു പറഞ്ഞുവരുന്നു. യൂദപ്പള്ളിയുടേയും അവരുടെ വീടുകളുടേയും അവശിഷ്ടങ്ങൾ ഏതാനും കൊല്ലങ്ങൾക്കുമുമ്പുവരെയും ഇവിടെ കാണാമായിരുന്നു. അവർ താമസിച്ചിരുന്ന പറമ്പുകൾക്കു ഇപ്പോഴും യൂദർ പറമ്പ്, യൂദർ അവറോണിപ്പറമ്പ്, യൂദർ മൂസാ പറമ്പ്, യൂദർ ഏലീശാപ്പറമ്പ് എന്നെല്ലാം ഇപ്പോൾ സർക്കാർ ഒഴുകു കണക്കിൽ കാണുന്നു. എറണാകുളത്തും പറവൂരുമുള്ള ചില യൂദന്മാരെ ഇപ്പോഴും മുട്ടത്തുകാരൻ എന്നു പറയാറുണ്ടത്രെ.

വി. ശൌർയ്യാർ പുണ്യവാൻ കൊച്ചി മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചിരുന്ന കാലത്ത് ഇവിടങ്ങളിൽ വന്നതായി ഐതിഹ്യവും മുട്ടത്തുവച്ചു മരിച്ച ഒരു കുട്ടിയെ ഉയർപ്പിച്ചതായി ചരിത്രസാക്ഷ്യവും ഉണ്ട്. കുട്ടിയെ ഉയിർപ്പിച്ച സ്ഥലത്തു അദ്ദേഹത്തിൻെറ ആജ്ഞാനുസരണം ഒരു കുരിശു സ്ഥാപിച്ചെന്നും അവിടെ പിന്നീടു വിശ്വാസികൾ പ്രാർത്ഥനകൾ നടത്തി വന്നിരുന്നു എന്നും ആ കുരിശാണു മുട്ടത്തുപള്ളിയുടെ തെക്കേ കുരിശായി തീർന്നതെന്നും വിശ്വസിക്കപ്പെട്ടുവരുന്നു.

ഉദയമ്പേരൂർ സൂനഹദോസിനു പ്രതിനിധികളെ അയച്ചു സംബന്ധിപ്പിച്ചിട്ടുണ്ട്. സൂനഹദോസിനുശേഷം മെനേസീസു മെത്രാപ്പോലീത്താ മലയാളത്തെ പള്ളികൾ സന്ദർശിച്ച കൂട്ടത്തിൽ ഈ പള്ളിയും സന്ദർശിച്ചിട്ടുണ്ട്. 1600-നു മുമ്പുള്ള യാതൊരു രേഖകളൊ പ്രമാണങ്ങളൊ ഓലകളൊ ഈ പള്ളിയിൽ ഇപ്പോൾ കാണുന്നില്ലാത്തതിനാൽ അവയെല്ലാം മെനേസീസു മെത്രാപ്പോലീത്തായുടെ ആഗമനാവസരത്തിൽ നശിപ്പിക്കപ്പെട്ടുപോയി എന്നു വിശ്വസിക്കുന്നു.

പുത്തൻകൂറു ശീശ്മയുടെ ആരംഭകാലത്തു ആ ശീശ്മയോടു എതിരിടുന്നതിനും അവരെ കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടുത്തുന്നതിനും ഈ പള്ളിയിൽവെച്ചു പല യോഗങ്ങളും നടത്തപ്പെട്ടിട്ടുണ്ട്. ആ കാലത്തും പിൽക്കാലത്തും കത്തോലിക്കാ വിശ്വാസത്തിൽനിന്നും അണുപോലും തെററാതെയും പരിശുദ്ധ സിംഹാസനത്തിനു

www.malankaralibrary.com



കീഴ്‌വഴങ്ങിയും മേൽപ്പട്ടക്കാരോടു ഭയഭക്തിയായും വർത്തിച്ചുപോന്നിട്ടുള്ള ചുരുക്കം ഇടവകകളിൽ ഒന്നു ഈ ഇടവകയാണ്. പുത്തൻകൂർ ശീശ്മയുടെ ആരംഭകാലത്തു മാർപ്പാപ്പായുടെ പ്രതിനിധിയായി അയക്കപ്പെട്ട വാഴ്ത്തപ്പെട്ട ജോസഫ് സെബസ്ത്യാനി പലപ്പോഴും ഈ പള്ളിയിൽ വന്നു താമസിക്കയും അദ്ദേഹത്തിൻെറ അദ്ധ്യക്ഷതയിൽ പല യോഗങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം രണ്ടുപ്രാവശ്യം മലയാളത്തിൽ വന്നിരുന്നപ്പോഴും അദ്ദേഹത്തിൻെറ ഒരു സ്ഥിരവാസസ്ഥലം മുട്ടത്തുപള്ളിയായിരുന്നു എന്നു പറയത്തക്കവിധം അദ്ദേഹം ഇവിടെ പരിചയപ്പെട്ടിട്ടുണ്ട്. "മുട്ടത്തുപള്ളിയിൽ കണ്ട വണക്കവും പക്ഷവും ഭക്തിയും മററു യാതൊരു പള്ളിയിലും കണ്ടിട്ടില്ല" എന്നു ആ മഹാത്മാവിനാൽ പ്രശംസിക്കപ്പെടത്തക്കവിധം ഈ പള്ളി ഇടവകക്കാർ അത്രമേൽ പട്ടക്കാരോടു ഭക്തിയുള്ളവരായിരുന്നു.

ഈ പള്ളിയുടെ സ്ഥാപനത്തിൽ പ്രധാന ഭാഗഭാക്കുകളായ കുടുംബങ്ങൾ ഇപ്പോൾ തീരെ ക്ഷയിച്ചുപോയി. ചിലവ നാമാവശേഷമായിത്തീർന്നിട്ടുണ്ട്. പള്ളിവയ്ക്കുന്ന കാര്യത്തിൽ പ്രധാനമായി ശ്രമിച്ചതും പണം ചെലവിട്ടതും "ഇടവഴിക്കൽ" എന്ന കുടുംബക്കാരായിരുന്നു, ആ കുടുംബം ഇപ്പോഴുമുണ്ട്. ഇതുകൂടാതെ പൊൻവാണി, കരിമ്പടം, പഞ്ചസാര, തെക്കേത്തലയ്ക്കൽ തരകൻ, കുർയ്യേപ്പു തരകൻ മുതലായ കുടുംബക്കാർ പഴയകാലത്തു പ്രതാപവാന്മാരായിരുന്നുവെങ്കിലും അവരും നിശ്ശേഷം നാമാവശേഷമായിപ്പോയി.

ഈ പള്ളിയുടെ സമീപത്തായി മുട്ടത്തുകായലിൻെറ കിഴക്കുവശം പറങ്കികൾ ഒരു കുരിശു സ്ഥാപിക്കുകയും അവരുടെ പിൻമാററത്തോടുകൂടെ കോട്ടൂർ കുടുംബക്കാർ അതു കപ്പേളയായി പണികഴിപ്പിക്കുകയും ഇന്നും ഇതിനെ കോട്ടൂർ കുരിശുപള്ളി എന്നു വിളിച്ചുവരികയുംചെയ്യുന്നു.

അതിവിസ്തീർണ്ണമായ ഈ ഇടവകയിൽനിന്നും പല ദേശക്കാരും പിരിഞ്ഞു സ്വന്തമായി പള്ളിവെച്ചു ഇടവകക്കാരായിത്തീർന്നിട്ടുണ്ട്. ലത്തീൻ മിസ്സത്തിൽ ഒരു പ്രധാന

www.malankaralibrary.com



പ്പെട്ട പള്ളിയായ അർത്തുങ്കൽ കുറെ പഴയകാലത്തുതന്നെ ഇതിൽനിന്നും പിരിഞ്ഞുപോയിട്ടുള്ളതാണെന്നു പറയപ്പെടുന്നു. അതിൻെറശേഷം അടുത്തകാലത്തിൽ ചാലിൽ, കുന്നുമ്പുറം, ഉഴുവ, കോക്കമംഗലം എന്നീ പള്ളിയിൽനിന്നും പിരിഞ്ഞുപോയിട്ടുള്ളതാണ്.

ഈ ഇടവകക്കാരനായി "ഭഗവതി തരകൻ" എന്ന പേരിൽ ഒരു നസ്രാണി കുടുംബക്കാർ ഇവിടെ ഉണ്ടായിരുന്നെങ്കിലും അവരുടെ കുടുംബം ഇപ്പോൾ ക്ഷയിച്ചിരിക്കുകയാണ്. ചേർത്തല കാർത്ത്യായനി ക്ഷേത്രത്തിൽ ഈ കുടുംബക്കാർക്കു ചില അവകാശങ്ങളും അധികാരങ്ങളും ഈ അടുത്തകാലംവരെ ഉണ്ടായിരുന്നു. ക്ഷേത്രത്തിൽ ഹാജരായി ഈവക കാര്യങ്ങളിൽ പങ്കുകൊള്ളരുതെന്നുള്ള മേല്പട്ടക്കാരൻെറ ആജ്ഞമൂലം ഇവർ ഇതിൽനിന്നും മാറി എങ്കിലും പ്രസ്തുത ക്ഷേത്രത്തിൽ പ്രധാന ഉത്സവമായ പൂരത്തിനു കൊടിയേറുമ്പോൾ "ഭഗവതി തരകാ കൊടിയേററട്ടെ" എന്നു ഇപ്പോഴും വിളിച്ചു ചോദിക്കുക പതിവുണ്ട്.

ഈ പള്ളിക്കു കല്ലിട്ടപ്പോൾ ആദ്യമായി കഴിച്ച പെരുന്നാൾ വി. യോഹന്നാൻ മാംദാനായുടേതായിരുന്നു. അക്കാലം മുതൽ ഇന്നേവരെ പ്രസ്തുത തിരുനാൾ വലിയ ആഡംബരമായും ഉത്സാഹജനകമായും കൊണ്ടാടിവരുന്നു. ആദ്യകാലങ്ങളിൽ ആ പെരുന്നാൾ കഴിക്കുന്നതിലേക്ക് അക്കാലത്തെ ഇവിടത്തെ ഇടപ്രഭുക്കന്മാരായ കോവിലധികാരികളിൽനിന്നും പല സഹായസഹകരണങ്ങളും കിട്ടിവന്നിരുന്നതായി ഐതിഹ്യമുണ്ട്. എറണാകുളം മിസ്സം സ്ഥാപിച്ചപ്പോൾ ആദ്യമായി നിയമിച്ച വികാരി ജനറാളായ വന്ദ്യ ദിവ്യശ്രീ (വളമങ്ങലത്തു) യൌസേഫ് കത്തനാരുടേയും മാടമ്പാകത്തു ബർണ്ണാർദ് ഗീവറുഗീസു കത്തനാർ അവർകളുടേയും ആസ്ഥാനങ്ങൾ മുട്ടത്തുപള്ളിയായിരുന്നു. ഇവരിൽ പ്രഥമൻ 35 കൊല്ലവും ദ്വിതീയൻ 7 കൊല്ലവും ഈ പള്ളിയെ ഭരിച്ചിട്ടുണ്ട്. രണ്ടുപേരും മരിച്ചു ഈ പള്ളിയിൽതന്നെ സംസ്കരിക്കപ്പെട്ടു. പെ. ബ. വളമങ്ങലത്തു യൌസേപ്പച്ചനെ ജനങ്ങൾ ഒരു "വിശുദ്ധൻ" എന്ന നിലയിൽ സ്മരിച്ചുവരുന്നു. ആധുനികകാലത്തിൽ ഈ പള്ളി സന്ദർശിച്ച

www.malankaralibrary.com



വരുടെ കൂട്ടത്തിൽ കോട്ടയം വികാരി അപ്പസ്തോലിക്കാ ആയിരുന്ന ഡോക്ടർ ലവീഞ്ഞു, ഇൻഡ്യയുടെ ഡലിഗററ് അപ്പസ്തോലിക്കാ ആയിരുന്ന മോൺസിഞ്ഞോർ മൈയ്ക്കൽ സലേസ്ക്കി, സുപ്രസിദ്ധ ചരിത്രകാരനായ റവ. ഫാദർ ഹേസ്റ്റൻ, തിരുവിതാംകൂർ ദിവാൻജിമാരായ ദിവാൻ ബഹദൂർ കൃഷ്ണസ്വാമിറാവു, ദിവാൻ ബഹദൂർ കൃഷ്ണൻ നായർ, മി. എം. ഇ. വാട്സ്, മദ്രാസിലെ മന്ത്രിയായിരുന്ന ദിവാൻ ബഹദൂർ ആർ. എൻ. ആരോഗ്യസ്വാമി മുതലിയാർ മുതലായവരുടെ പേരുകൾ പ്രത്യേകം പ്രസ്താവയോഗ്യമാണ്.

## 14) എറണാകുളം പരി. തുറമുഖമാതാവിൻെറ പള്ളി, എറണാകുളം

സ്ഥാപനകാലം 1112

## 66) ചങ്ങനാശേരി പരി. മറിയത്തിൻെറ പള്ളി, ചങ്ങനാശേരി

സ്ഥാപനകാലം ഏ. ഡി. 1117.

ഈ പള്ളി നിരണത്തുനിന്നും പിരിഞ്ഞതാണ്. പന്ത്രണ്ടാം ശതവത്സരത്തിൻെറ ആരംഭത്തിലാണ് അതു സ്ഥാപിതമായത്. തെക്കുംകൂർ രാജാക്കന്മാരുടെ കൊട്ടാരത്തോട് അടുത്ത് കല്ലറ, കടവു മുതലായ ചില നസ്രാണികുടുംബങ്ങൾ നിവസിച്ചിരുന്നു. അവർ രാജസേവകന്മാരും രാജാവിൻെറ ഇഷ്ടജനങ്ങളുമായിരുന്നതിനാൽ കരമൊഴിവായി ചില വസ്തുക്കൾ രാജസ്ഥാനത്തു നിന്നും അവർക്കു കൊടുത്തിട്ടുമുണ്ടായിരുന്നു. നിരണത്തുചെന്നു ആരാധനക്രമങ്ങളെ സാധിക്കുന്നതിനുള്ള പ്രയാസത്തെപ്പററി അവർ ഒരിക്കൽ രാജാവിൻെറ അടുക്കൽ പ്രസ്താവിക്കുകയുണ്ടായി. ചങ്ങനാശ്ശേരിയിൽ ഒരു ദേവാലയം പണിയിക്കണമെന്നും അതിനു ആവശ്യപ്പെടുന്ന സ്ഥലം കരമൊഴിവായി കൊടുക്കാമെന്നും രാജാവ് അതിനു മറുപടി കല്പിച്ചു. താമസിയാതെ തന്നെ പള്ളിപണി നടന്നു. ഉദ്ദേശം ആയിരം ക്രിസ്ത്യാനി കുടുംബങ്ങൾ ആ പള്ളിയിൽ ക്രമേണ ഇടവകക്കാരായി ചേർന്നുനടന്നു. തെക്കുംകൂർ രാജ്യം തിരുവി

www.malankaralibrary.com



താംകൂറിൽ ലയിച്ചുപോയതുവരെ പ്രസ്തുത ഭൂമി കരമൊഴിവായിതന്നെയാണ് പള്ളി അനുഭവിച്ചുവന്നത്. എന്നാൽ കൊല്ലവർഷം 923-ൽ തെക്കുംകൂർ തിരുവിതാംകൂറിനു അധീനമായപ്പോൾ കരമൊഴിവായി പള്ളിക്കുണ്ടായിരുന്ന മേൽപറഞ്ഞ സ്ഥലത്തിനു കരംചുമത്തി എങ്കിലും അതിനു പ്രതിഫലമായി പള്ളിക്കു വിളക്കുവെയ്പ്പുവകയ്ക്ക് അന്നുമുതൽ ഇരുപത്തൊന്നു പണംവീതം ആണ്ടുതോറും സർക്കാരിൽ നിന്നു കൊടുത്തുവരുന്നുണ്ട്.

79) പള്ളുരുത്തി പരി. കന്യാസ്ത്രീമഠത്തിൻെറ പള്ളി, പള്ളുരുത്തി.

സ്ഥാപനകാലം എ. ഡി. 1191.

9) ആലങ്ങാട്ടു പരി. അമലോത്ഭവമാതാവിൻെറ പള്ളി, ആലുവാ.

സ്ഥാപനകാലം എ. ഡി. 1300

ആലങ്ങാട്ടു രാജാവു പള്ളിക്കു നിലങ്ങളും പുരയിടങ്ങളും ദാനം ചെയ്കയും മററു ചില കാണിക്കകളെ സമർപ്പിക്കുകയുമുണ്ടായിട്ടുണ്ട്. പള്ളി ഇരിക്കുന്ന പുരയിടങ്ങൾ രണ്ടും തദുദ്ദേശത്തിനായിത്തന്നെ രാജസ്ഥാനത്തു നിന്നു കല്പിച്ചുകൊടുത്തിട്ടുള്ളവയും ഇപ്പോൾ 'അടിമ' ഇനത്തിൽ പട്ടയം ലഭിച്ചിട്ടുള്ളവയുമാണ്. ഇതിനും പുറമെ വിളക്കുവെപ്പു വകയ്ക്കു അഞ്ചു സ്ഥലങ്ങളിലായി അറുപതുപറ നിലവും രാജാവു വെച്ചൊഴിഞ്ഞുകൊടുത്തിട്ടുണ്ട്. ഈ നിലങ്ങൾക്ക് ഇപ്പോൾ ഒററിയായിട്ടാണ് പട്ടയം ലഭിച്ചിരിക്കുന്നത്. ഇതിൽ ഉൾപ്പെട്ട പതിമ്മൂന്നുപറ നിലത്തിനു 'തലക്കുത്തുനിലം' എന്നു പേർ പറഞ്ഞുവരുന്നു. അതു ആലങ്ങാടം തമ്പുരാട്ടിക്ക് കഠിനമായ ഒരു തലവേദനയുണ്ടായപ്പോൾ പള്ളിക്കു വഴിപാടായി വെച്ച നിലമാകയാലാണ് ഇങ്ങനെ ഒരു പേർ നടപ്പായത്. രണ്ടരകോൽ ഉയരമുള്ളതും തട്ടുകളോടുകൂടിയതുമായി രാജകൊട്ടാരത്തിൽനിന്നു പള്ളിക്കു ദാനം ചെയ്തിട്ടുണ്ടായിരുന്ന ഒരു ഓട്ടുവിളക്കു, പള്ളിമണി മുതലായതുകൾ വാർക്കുന്നതിനായി ഉടച്ചുകളഞ്ഞിട്ടു

www.malankaralibrary.com



അധികകാലമായിട്ടില്ല. ഇപ്പോഴും ജീവിച്ചിരിക്കുന്ന വൃദ്ധന്മാർ ആ വിളക്കു കണ്ടിട്ടുള്ളതാണ്. മേൽപറഞ്ഞിട്ടുള്ളതിനും പുറമെ പള്ളിമുററം അടിച്ചുവൃത്തിയാക്കേണ്ടവകക്കു പതിനാറുപറനിലം രാജാവു ഒരു ഹിന്ദു കുടുംബക്കാർക്കു ഒഴിഞ്ഞുകൊടുത്തിരുന്നു. എന്നാൽ ആ കുടുംബക്കാർ അതിനുള്ള സംഖ്യ ഇടക്കാലത്തു പള്ളിക്കു കൊടുത്തതു നിമിത്തം ഇപ്പോഴും അവർ ആ ജോലി നിർവഹിക്കുന്നില്ല.

46) കൊരട്ടി പരി. കന്യാസ്ത്രീമറിയത്തിൻെറ പള്ളി, കൊരട്ടി.

സ്ഥാപനകാലം എ. ഡി. 1381.

പാക്കാട്ടിൽ ഇടപ്രഭുവാണു ഇതിൻെറ സ്ഥാപനകർത്താവ്. ഹിന്ദുമതസ്ഥനായ ആ പ്രഭു ക്രിസ്ത്യാനികൾക്കായി സ്വന്ത ചെലവിന്മേൽ ദേവാലയം പണിയിക്കയും പള്ളിപുരയിടം കരമൊഴിവാക്കി വിട്ടുകൊടുക്കയും ചെയ്തു എന്നുള്ളതിലേക്ക് പള്ളിയിൽ പ്രമാണങ്ങളുണ്ടായിരുന്നു. അവയെല്ലാം ടിപ്പു സുൽത്താൻെറ ആക്രമണം മൂലം നഷ്ടമായിപ്പോയി. ആ ഇടപ്രഭുവിൻെറ കുടുംബം ഏതാവൽപര്യന്തം നിലനില്ക്കുന്നു. പള്ളിയിൽ നിന്നു അത്ര അകലെ അല്ല ആ കുടുംബം സ്ഥിതി ചെയ്യുന്നത്. ഒരു രോഗശാന്തിയെപ്പററിയുള്ള നന്ദിസൂചകമായി വേറൊരു ഹിന്ദു, പള്ളിക്കു ദാനം ചെയ്തിട്ടുള്ള 'പാലത്തുങ്കുഴി' നിലം ഇക്കാലത്തും പള്ളിയുടെ അനുഭവത്തിൽ ഇരിക്കുന്നു.

48) കുടമാളൂർ പരി. മറിയത്തിൻെറ പള്ളി, മാന്നാനം.

സ്ഥാപനകാലം എ. ഡി. 1425

കുടമാളൂർ അഥവാ കൊടുവാളൂർ പള്ളി പണിയിച്ചത് ചെമ്പകശ്ശേരി രാജാവാണ്. തെക്കുംകൂർ രാജ്യാതിർത്തികളിൽ ഉൾപ്പെട്ട കൊടുവാളൂരിൽ അമ്പലപ്പുഴ രാജാവായ ചെമ്പകശ്ശേരി തമ്പുരാൻ ക്രിസ്ത്യാനികൾക്കായി ഒരു ദേവാലയം സ്ഥാപിച്ചത് എങ്ങനെയെന്നും അങ്ങനെ പണിയിക്കുന്നതിലേക്കുള്ള കാരണമെന്തെന്നും അറിയുവാൻ പലർക്കും ആഗ്രഹം ജനിച്ചേക്കാം. ചെമ്പകശ്ശേരി രാജാവ് കുമാരനല്ലൂർക്കാരനായ ഒരു നമ്പൂരിയും, കുമാരനല്ലൂർ, തെക്കുംകൂർ രാജ്യത്തിൽ ഉൾപ്പെട്ട ഒരു ദേശവുമായിരുന്നു. അവിടെ

www.malankaralibrary.com



പ്രസിദ്ധമായ ഒരു ക്ഷേത്രമുണ്ട്. ക്ഷേത്രങ്ങൾക്കു മദ്ധ്യശതവത്സരങ്ങളിൽ സങ്കേതങ്ങൾ (ക്ഷേത്രത്തിൻെറ ഭരണത്തിൽ ഉൾപ്പെട്ട ദിക്കുകൾ) ഉണ്ടായിരുന്നു. സങ്കേതങ്ങളിലെ സകല രാജാധികാരങ്ങളും ക്ഷേത്രാധികാരികളായ ഊരാൺമക്കാരാണ് നടത്തിവന്നത്. കുമാരനല്ലൂർ, തെക്കുംകൂർ രാജ്യത്തിലെ എത്രയും പ്രബലമായിരുന്ന ഒരു സങ്കേതസ്ഥാനമായിരുന്നു. കുമാരനല്ലൂർ ക്ഷേത്രത്തിൻെറ വടക്കേഗോപുരത്തിനു വടക്കുപടിഞ്ഞാറായിരുന്നു ചെമ്പകശ്ശേരിപുരയിടം. ഇക്കാലത്തും അവിടെ കാണാം. കൊല്ലവർഷം 1012-ൽ ഈ പുരയിടമല്ലാതെ പണ്ടാരപാട്ടമായി കുമാരനല്ലൂർ സമീപത്ത് മററൊരു പുരയിടവുമില്ലായിരുന്നു. കഴിഞ്ഞ സെററിൽമെൻറുവരെ മററു വസ്തുക്കളെല്ലാം ബ്രഹ്മസ്വമോ ദേവസ്വമോ ആയിട്ടാണ് ഇരുന്നിരുന്നത്. ദരിദ്രമായ ചെമ്പകശ്ശേരി ഇല്ലത്തിലെ ഒരു നമ്പൂരി സമാവർത്തനം കഴിഞ്ഞ്, കുമാരനല്ലൂർ നമ്പൂരിമാരുടെ ഇടയിൽ ഇക്കാലത്തും നടപ്പുള്ളതുപോലെ, ക്ഷേത്രത്തിൽ സംവത്സരഭജനം പാർത്തിരുന്നു. വിദ്യാഭ്യാസപൂർത്തിക്കുവേണ്ടികൂടിയാണ് ആ ഭജനകാലം ഉദ്ദേശിക്കപ്പെട്ടിരുന്നത്. ഈ പതനത്തിൽ കൊല്ലവർഷം 300-നു ക്രിസ്താബ്ദം 1125-ാമാണ്ട് കോഴിക്കോട്ടു രാജാവ് സൈന്യത്തിൽനിന്നും പിരിച്ചയച്ച ഒരു കൂട്ടം നായർഭടന്മാർ കുമാരനല്ലൂരിൽ എത്തി, അവർ ക്ഷേത്രാധികാരികളോട് ഒരു നേരത്തെ ആഹാരത്തിനു അപേക്ഷിച്ചാറെ, ഭജനക്കാരൻ ചെമ്പകശ്ശേരി നമ്പൂരിയാണ് ക്ഷേത്രാധികാരിയെന്നു വെറുതേ പറഞ്ഞു അവരെ കബളിപ്പിച്ചു. അകത്തു മണ്ഡപത്തിൽ ജപിച്ചുനിന്നിരുന്ന ചെമ്പകശ്ശേരി ഈ സമയത്തു പുറത്തിറങ്ങിവന്നത് ഭടൻമാർ കണ്ടു ഒന്നു ചേർന്ന് താണു തൊഴുകയും അവർ പ്രദക്ഷിണമായി നമ്പൂരിയെ ഉപചാരപൂർവ്വം അനുഗമിക്കയും ചെയ്തു. വടക്കേനടയിൽ എത്തിയപ്പോൾ ഭടന്മാരോട് എന്തിനുവന്നു എന്നു ചോദിച്ചാറെ അവർ ജോലിയിൽനിന്നു പിരിച്ചുവിടപ്പെട്ട ഭടന്മാരാണെന്നു പ്രസ്താവിക്കയും ഒരു നേരത്തെ ആഹാരം കൊടുക്കണമെന്നു അപേക്ഷിക്കയും ചെയ്തു. പടികൽ ചെന്നപ്പോൾതന്നെ ജീർണ്ണപ്പെട്ട ഓലമേച്ചിലുള്ള ഇല്ലം നമ്പൂരിയുടെ കഷ്ടസ്ഥിതിയെ ഭടൻമാർക്കു കാണിച്ചുകൊടുത്തതി

www.malankaralibrary.com



നാൽ ഊരാണ്മക്കാർ കബളിപ്പിച്ചതാണെന്നു അവർക്കു മനസ്സിലായി. എങ്കിലും നമ്പൂരി മിണ്ടാതിരുന്നതുകൊണ്ട് അല്പനേരം പടിക്കൽ കാത്തുനിന്നു. ഇതിനിടക്കു നമ്പൂരി ഇല്ലത്തു കടന്നു തന്റെ സമാവർത്തനംവരെ കഴുത്തിൽ കെട്ടിയിരുന്ന പുലിനഖ മോതിരം എടുത്തു അവർക്കു കൊടുത്തുകൊണ്ട് അത് വിററു ഭക്ഷണം കഴിക്കുവാൻ അവരോടു പറഞ്ഞു. ഉദാരനും ദരിദ്രനും ആയ നമ്പൂരിയെ സഹായിക്കണമെന്നു അതു മുതൽ അവർ ഉറച്ചു. വലിയ സ്വത്തുകാരും സൽക്കാര്യങ്ങളിൽ ധനത്തെ വ്യയം ചെയ്യാത്തവരുമായ ആളുകളുടെ മുതൽ അവർ കൂട്ടംചേർന്നു കുത്തിക്കവർന്ന് നമ്പൂരിക്കു കൊടുത്ത് അദ്ദേഹത്തെ സഹായിച്ചു. ചെമ്പകശ്ശേരി ഉയർന്നുവരുന്നതു ക്ഷേത്രാധികാരികൾക്ക് രസിക്കാഞ്ഞതിനാൽ ഭടന്മാരെ ഓടിച്ചുവിടുവാനായി അവർ തെക്കുംകൂർ രാജാവിന്റെഅടുക്കൽ ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം തൽക്കാലം ഇക്കൂട്ടരോടു എതിർക്കുവാൻ വിചാരിച്ചില്ല. തങ്ങൾക്കു ഉപകാരം ചെയ്ത നമ്പൂരിക്കു പൂവും നീരോടുംകൂടി കുറേ സ്ഥലം ദാനം ചെയ്താൽ മേലിൽ യാതൊരു ശല്യവും ചെയ്കയില്ലെന്നും ഭടന്മാർ അറിയിച്ചു. ഒരു ദിവസംകൊണ്ടു ഒരാറ വെട്ടി അതിരുതിരിക്കുന്ന ഭൂമിയെ ചെമ്പകശ്ശേരിക്കു തെക്കുംകൂർ രാജാവ് ദാനമായികൊടുത്തു. ഇങ്ങനെ ഒരു കൊടുവാറ (വളഞ്ഞ വാറ) കൊണ്ടു ഭടന്മാർ കാടുവെട്ടി തിരിച്ച സ്ഥലത്തിനു കൊടുവാളൂർ (കുടമാളൂർ) എന്നു പേരുണ്ടായി. അവിടെ ഭടന്മാർ ക്രമേണ കോട്ടയും കിടങ്ങും ഉറപ്പിച്ചു. നമ്പൂരിയുടെ താമസവും അവിടെയാക്കി. കുമാരനല്ലൂർ നമ്പൂരിമാർക്കു ഇതു രസിക്കാതെവന്നതിനാൽ പ്രസ്തുത സ്ഥലം (കൊടുവാളൂർ) സങ്കേതമാണെന്നും അതിനെ ദാനം ചെയ്വാൻ രാജാവിനു അധികാരമില്ലെന്നും വാദിക്കയും ദേവസ്വം ജീവനക്കാർചെന്ന് കോട്ടകത്തു വിലക്കുകയുമുണ്ടായി. വിലക്കു വാചകം പറഞ്ഞു ശംഖുവിളിച്ചു, പുളിയായി മാരാരെ ഭടന്മാർ കോട്ടയോടുചേർത്ത് മണ്ണിട്ടുകുത്തി. ഈ മാരാരുടെ ശ്രാർദ്ധത്തിനു ഇന്നും ദേവസ്വത്തിൽനിന്നു മുതൽ കൊടുത്തുവരുന്നു. ചെമ്പകശ്ശേരി നമ്പൂരിക്കു കുമാരനല്ലൂർ ദേവസ്വത്തോടെതിർക്കുന്നതിനു ശക്തിയില്ലാഞ്ഞിട്ടോ മനസ്സില്ലാ

www.malankaralibrary.com



ഞ്ഞിട്ടോ കൊടുവാളൂർവിട്ടു ഭടൻമാരുമൊരുമിച്ചു ആദ്യം തിരുവല്ലായ്ക്കും പിന്നീട് അമ്പലപ്പുഴയ്ക്കും പോയി. അക്കാലത്ത് പലരുടെ അധീനത്തിൽ ഇരുന്നിരുന്ന അമ്പലപ്പുഴ രാജ്യം ഭടന്മാർ മൂലം പിടിച്ചടക്കി അവിടത്തെ രാജാവായി പ്രഖ്യാപനം ചെയ്യപ്പെട്ടു. അമ്പലപ്പുഴയുള്ള നായന്മാരിൽ വലിയഭാഗം ഈ ഭടന്മാരുടേയും ഇവരുടെ ചാർച്ചക്കാരായി വടക്കുനിന്നു പിന്നീടു വന്നവരുടേയും സന്താനങ്ങളാണ്. ഇങ്ങനെ രാജാവായിതീർന്ന ചെമ്പകശ്ശേരി വംശത്തിലെ ഇല്ലവും സ്വദേശവും കുടമാളൂർ ആയിരുന്നതിനാൽ ആണ് ചെമ്പകശ്ശേരി രാജാവ് ക്രിസ്ത്യാനികൾക്കായി അവിടെ (കുടമാളൂർ) ഒരു ദേവാലയം പണിയിച്ചുകൊടുത്തത്. പള്ളിക്കു അനുഭവമായി അറുപതുപറ നിലം ചെമ്പകശ്ശേരി രാജവംശത്തിൽനിന്നു ദാനംചെയ്തിട്ടുണ്ട്. ഇതു പള്ളി ആരംഭിച്ചു വളരെ സംവത്സരങ്ങൾ കഴിഞ്ഞശേഷം 923-ൽ ആണ് നടന്നിട്ടുള്ളത്. ചെമ്പകശ്ശേരി വംശത്തിലെ ആദ്യ രാജാവ് ഊരാൺമക്കാരിൽ ചിലരെയെല്ലാം കൊല്ലിച്ചതിനാലുണ്ടായ ദോഷങ്ങളെ പരിഹരിക്കുന്നതിനായി 1505-ൽ പള്ളി പണിയിച്ചതാണെന്നും കൊച്ചി കോട്ടയിലെ പറങ്കി പ്രധാനിവഴി വിദഗ്ദ്ധന്മാരായ ശില്പികളെ അദ്ദേഹത്തിനു ലഭിച്ചു എന്നും പരമ്പരാഗതങ്ങളായ രേഖകളിൽനിന്നു പ്രത്യക്ഷപ്പെടുന്നു. ചെമ്പകശ്ശേരി രാജവംശത്തിൻെറ ഉല്പത്തി പന്ത്രണ്ടാംശതവത്സരത്തിലാകയാൽ പള്ളി പണിയിച്ചത് ആദ്യരാജാവാണെന്നു പറയുന്ന ഭാഗം ശരിയാണെന്നു സമ്മതിക്കുന്ന പക്ഷം പള്ളിയുടെ ആരംഭവും ആ നൂററാണ്ടിലാണെന്നു സമ്മതിക്കേണ്ടിവരും. 1505-ൽ പള്ളി സ്ഥാപിക്കപ്പെട്ടു എന്നു പറയുന്നതു ഒരു പക്ഷേ ആ കാലത്തു അത് ജീർണ്ണോദ്ധാരണം ചെയ്യപ്പെടുകയും പാരമ്പര്യം അതിനെ ആദ്യ സ്ഥാപനത്തോടു സമ്മിശ്രമാക്കുകയും ചെയ്തതായിരിക്കാം. രാജകൊട്ടാരത്തിൽനിന്നു ആ ദേവാലയത്തിൽ ചില വഴിപാടുകൾ നടത്തീട്ടുണ്ടെന്നുള്ളതിലേക്കു ഇന്നും ലക്ഷ്യങ്ങൾ കാണാവുന്നതാണ്. കുരിശിനു ചുററിലും വിളക്കുവെച്ചിരുന്നതും സന്താനമില്ലാതെവന്ന അവസര

www.malankaralibrary.com



ത്തിൽ പായസ നേർച്ച നടത്തിയതുമാണ് അവയിൽ പ്രധാനപ്പെട്ടവ. ബഹുജനങ്ങരം ഈ വഴിപാടുകളെ ഇക്കാലത്തും ഭക്തിപൂർവം നടത്തിവരുന്നു.

## 39) കുടവെച്ചൂർ പരി. കന്യാസ്ത്രീമറിയത്തിൻെറ പള്ളി, വെച്ചൂർ

സ്ഥാപനകാലം എ. ഡി. 1493

കേരളീയ സിറിയൻ ക്രിസ്ത്യാനികളുടെ ഇടയിൽ ഒരു മഹനീയ സ്ഥാനത്തെ അലങ്കരിച്ചിരുന്ന ആദ്യത്തെ 'ആർച്ചുഡീക്കൻ' എന്ന ദേഹമാണു ഈ പള്ളി സ്ഥാപിച്ചിട്ടുള്ളതെന്നു പറയപ്പെടുന്നു. ഇന്നു കൊതവറ പള്ളി ഇടവകയിൽ പെട്ട 'വല്ല്യ', 'കീരിയാകം' ഇങ്ങനെ രണ്ടു കുടുംബക്കാർ അന്നു ഈ ഇടവകയിൽ പ്രധാനന്മാരും ധനികന്മാരും ആയിരുന്നു. കൊതവറ ഒരു ഇടവകപ്പള്ളിയായിത്തീർന്നപ്പോരം പ്രസ്തുത വീട്ടുകാർ ഇവിടെനിന്നും ഇടവക തിരിഞ്ഞിട്ടുള്ളതാണ്. പള്ളിയിൽ പ്രധാന പീഠത്തിന്മേൽ സ്ഥാപിച്ചിട്ടുള്ള പരി. കന്യാസ്ത്രീമറിയത്തിൻെറ പലകയിൽ എഴുതിയിട്ടുള്ള സ്വരൂപം വി. ലൂക്കാ (എവൻഗലീസ്താ) യാൽ ചിത്രീകരിക്കപ്പെട്ടു യൂറോപ്പിൽ സൂക്ഷിച്ചിട്ടുള്ള സ്വരൂപത്തിൽനിന്നും മേൽ പ്രസ്താവിച്ച 'ആർച്ചുഡീക്കൻ' എഴുതിച്ചു വരുത്തിയിട്ടുള്ള ഏഴു സ്വരൂപങ്ങളിൽ പ്രധാനപ്പെട്ടതാകുന്നു. പ്രസ്തുത സ്വരൂപം യഥാസമയം എഴുതി പൂർത്തിയാവാഞ്ഞതിനാൽ വെറും 'ഔട്ട് ലൈൻ' മാത്രം വരച്ചു മററതിൻെറകൂടെ വെച്ചു അവിടെനിന്നും അയച്ചിട്ടുള്ളതും അതു ഇവിടെ എത്തിയപ്പോരം എങ്ങനെയോ അത്ഭുതകരമായ വിധത്തിൽ പരിപൂർത്തിയായി കാണപ്പെട്ടിട്ടുള്ളതും അത്രെ. കൂടെ വെച്ചു അത്ഭുതകരമായവിധം പരിപൂർത്തിയായ സ്വരൂപം ലഭിച്ചതിനാൽ ഇവിടെ പള്ളി ഇരിക്കുന്ന തെക്കു കിഴക്കു ഭാഗത്തിനു കുടവെച്ചൂർ എന്നു പേരുണ്ടായി. ടിപ്പുവിൻെറ ആക്രമണകാലത്തു അയാളുടെ യുദ്ധം ഭയന്നു മുൻ പറഞ്ഞ 'വല്ല്യ'യിൽ ഇസ്സഹാക്കു മുതൽ പേർ ആ സ്വരൂപം ഇവിടത്തെ പള്ളിയിൽനിന്നെടുത്തു ഇടക്കൊച്ചി പള്ളിയിൽ 'മുന്തിരിക്കപ്പിത്താൻെറ' അധീനത്തിൽ

www.malankaralibrary.com



ഏൽപ്പിച്ചു സൂക്ഷിച്ചിരുന്നു. അതു പിന്നീടു ആവശ്യപ്പെട്ടതിൽ ലഭിക്കായ്കയാൽ കൊച്ചീക്കോട്ടയിലെ ബിസ്ക്കാരം എന്ന ഒരു ഉദ്യോഗസ്ഥൻ മുഖാന്തരം തിരിയെ വാങ്ങിച്ചു പൂർവ്വസ്ഥിതിയിൽ ഇവിടത്തെ പള്ളിയിൽ സ്ഥാപിച്ചിട്ടുള്ളതാകുന്നു.

ഇപ്പോഴത്തെ ബ്രഹ്മാണ്ഡമായ പള്ളിയുടെ പണി കഴിഞ്ഞിട്ടു 60 വർഷങ്ങളേ ആയിട്ടുള്ളു. 55 കോൽ നീളം 20 കോൽ വീതി 22 കോൽ പൊക്കമുള്ള ഈ പള്ളിയുടെ മനോഹരമായ കാഴ്ച അത്യന്തം നേത്രാനന്ദകരമായിട്ടുള്ളതാകുന്നു. ഉദ്ദേശം മുപ്പത്താറു കോൽ പൊക്കമുള്ള ഈ പള്ളിയുടെ മണിമാളിക ആരുടേയും സവിശേഷമായ ദൃഷ്ടിക്കു പാത്രീഭവിക്കത്തക്കതു തന്നെയാണ്. മുഹമ്മ പള്ളി ഇവിടെനിന്നും പിരിഞ്ഞുപോയിട്ടുള്ളതാകുന്നു.

www.malankaralibrary.com

# VIII

# മലങ്കര സഭയിലെ മരിയൻ ദേവാലയങ്ങൾ*

## തിരുവനന്തപുരം അതിരൂപത

മുഖ്യദേവാലയം—അതിഭദ്രാസനപള്ളി

സെൻറ് മേരീസ് കത്തീഡ്രൽ, പട്ടം.

അതിരൂപതയിലെ സഭാഭരണപരമായി തിരിച്ചിട്ടുള്ള 14 ഡിസ്ട്രിക്ടുകളിലെ മരിയൻ ദേവാലയങ്ങളാണ് യഥാക്രമം താഴെ ചേർക്കുന്നത്. ഓരോ ഡിസ്ട്രിക്ടിലും കൊടുത്തിട്ടുള്ള പട്ടികയനുസരിച്ചുള്ള നമ്പരാണ് ദേവാലയത്തോടൊപ്പം കൊടുത്തിട്ടുള്ളത്. സ്ഥാപനവർഷവും അതോടുകൂടി കാണിച്ചിട്ടുണ്ട്.

### 1. അടൂർ

| | | | |
|---|---|---|---|
| 2 | ആനന്ദപ്പള്ളി | ലൂർദ്ദുമാതാവ് | 1958 |
| 4 | അന്തിച്ചിറ | പരിശുദ്ധ മറിയം | 1962 |
| 5 | ചന്ദനപ്പള്ളി | ,, | 1931 |
| 12 | കരിന്തോട്ടുവാ | ,, | 1962 |
| 16 | കുരമ്പാല | ,, | 1955 |
| 17 | കുരമ്പാല തെക്ക് | ,, | 1988 |
| 18 | മഞ്ചാടിമുക്ക് | ,, | 1963 |
| 24 | പറക്കോട് | കർമ്മലമാതാവ് | 1969 |
| 29 | പൊങ്ങലടി കിഴക്ക് | പരിശുദ്ധ മറിയം | 1962 |
| 34 | ശൂരനാട് വടക്ക് | ,, | 1961 |
| 39 | തുവയൂർ പടിഞ്ഞാറ് | ,, | 1947 |
| 41 | വയലാ | ,, | 1956 |

* The Syro-Malankara Catholic Church Directory 1989—'90. Printed at St. Mary's Press, Trivandrum-4.

www.malankaralibrary.com



## 2. ആയൂർ

| | | | |
|---|---|---|---|
| 43 | അഞ്ചൽ | പരിശുദ്ധ മറിയം | 1934 |
| 44 | ആയൂർ | സ്വർഗ്ഗാരോപിതമാതാവ് | 1951 |
| 53 | കട്ടിളപ്പാറ | നിത്യസഹായമാതാവ് | 1967 |
| 54 | കുളത്തൂപ്പുഴ | പരിശുദ്ധ മറിയം | 1957 |
| 56 | മണലിൽ | ,, | 1967 |
| 58 | മീൻകുളം | ,, | 1950 |
| 67 | വേങ്ങൂർ | ,, | 1956 |

## 3. ചെങ്ങന്നൂർ

| | | | |
|---|---|---|---|
| 78 | കുറിച്ചിമുട്ടം | പരിശുദ്ധ മറിയം | 1936 |
| 79 | മെഴുവേലി കിഴക്ക് | ,, | 1980 |
| 80 | മെഴുവേലി പടിഞ്ഞാറ് | ,, | 1956 |
| 84 | പുത്തൻകാവ് | നിത്യസഹായമാതാവ് | 1935 |

## 4. കളിയിക്കാവിള

| | | | |
|---|---|---|---|
| 91 | ചെറുവാരക്കോണം | പരിശുദ്ധ മറിയം | 1965 |
| 95 | കുഴിഞ്ഞാംവിള | ,, | 1964 |
| 98 | മരിയാഗിരി | സ്വർഗ്ഗാരോപിതമാതാവ് | 1944 |
| 101 | പിൻകുളം | പരിശുദ്ധ മറിയം | 1944 |

## 5. കോന്നി

| | | | |
|---|---|---|---|
| 105 | ആഞ്ഞിലികുന്ന് | ,, | 1941 |
| 107 | അതുമ്പുംകുളം | ,, | 1979 |
| 125 | മുള്ളന്തറ | ,, | 1946 |
| 128 | ഊട്ടുപാറ | ,, | 1956 |
| 130 | പൂങ്കാവ് | ,, | 1947 |
| 131 | തണ്ണിത്തോട് | ,, | 1952 |
| 132 | തേക്കുതോട് | ,, | 1961 |
| 133 | വകയാർ | ,, | 1944 |

## 6. കൊട്ടാരക്കര

| | | | |
|---|---|---|---|
| 137 | അമ്പലക്കര | ,, | 1965 |
| 138 | ആറാട്ടുപുഴ | സഭയുടെ അമ്മ | 1950 |
| 139 | ആവണീശ്വരം | വ്യാകുലമാതാവ് | 1966 |

www.malankaralibrary.com



| | | | |
|---|---|---|---|
| 142 | കൂര (മൈലം കിഴക്ക്) | പരിശുദ്ധ മറിയം | 1980 |
| 143 | കലയപുരം കിഴക്ക് | ” | 1930 |
| 144 | കലയപുരം പടിഞ്ഞാറ് | ” | 1931 |
| 145 | കരിക്കം | ” | 1942 |
| 150 | മഞ്ഞക്കാല | അമലോത്ഭവമാതാവ് | 1945 |
| 153 | നടുത്തേരി | പരിശുദ്ധ മറിയം | 1975 |
| 154 | ഞാറയ്ക്കാട് | ” | 1953 |
| 155 | ഓടനാവട്ടം | ” | 1949 |
| 158 | പാണ്ടിത്തിട്ട | ” | 1933 |
| 159 | പരുത്തിയറ | ” | 1974 |
| 161 | പട്ടാഴി പടിഞ്ഞാറ് | ” | 1958 |
| 163 | പൊടിയാട്ടുവിള | ” | 1939 |
| 165 | തലച്ചിറ | ” | 1961 |
| 170 | വാളകം | ” | 1945 |
| 171 | വാപ്പാല | ” | 1960 |
| 172 | വിലങ്ങറ | ” | 1963 |

## 7. മാർത്താണ്ഡം

| | | | |
|---|---|---|---|
| 174 | അൻപാർകോയിൽ | അമലോത്ഭവമാതാവ് | 1976 |
| 180 | ചെറുപ്പാലൂർ | യേശു - മേരി വിമലഹൃദയം | 1978 |
| 164 | കപ്പിയറ (കാട്ടുവിള) | സ്വർഗ്ഗാരോപിതമാതാവ് | 1979 |
| 185 | കട്ടച്ചിവിള | അമലോത്ഭവമാതാവ് | 1984 |
| 188 | കുഴിത്തുറ | പരിശുദ്ധ മറിയം | 1958 |
| 200 | പ്ലാങ്കാല | സ്വർഗ്ഗാരോപിതമാതാവ് | 1975 |

## 8. മാവേലിക്കര

| | | | |
|---|---|---|---|
| 207 | ചാരുമ്മൂട് | പരിശുദ്ധ മറിയം | 1953 |
| 209 | ചെറുതന | ” | 1975 |
| 213 | ഹരിപ്പാട് | അമലോത്ഭവമാതാവ് | 1931 |
| 216 | കരിമുളയ്ക്കൽ | പരിശുദ്ധ മറിയം | 1976 |
| 217 | കാർത്തികപ്പള്ളി | വരപ്രസാദത്തിന്റെ മാതാവ് | 1932 |
| 224 | നൂറനാട് | കർമ്മലമാതാവ് | 1953 |
| 226 | പണയിൽ | പരിശുദ്ധ മറിയം | 1981 |
| 230 | പുന്നമൂട് | സ്വർഗ്ഗാരോപിതമാതാവ് | 1930 |
| 233 | ശൂരനാട് | പരിശുദ്ധ മറിയം | 1951 |

www.malankaralibrary.com



## 9. നെയ്യാററിൻകര

| | | | |
|---|---|---|---|
| 239 | അമ്പൂരി | പരിശുദ്ധ മറിയം | 1954 |
| 245 | അരുവിക്കുഴി | ,, | 1980 |
| 252 | ചൊവ്വര | അമലോത്ഭവമാതാവ് | 1938 |
| 255 | എടയിക്കൽ | പരിശുദ്ധ മറിയം | 1985 |
| 258 | കാക്കമുകരം | ഫാത്തിമാമാതാവ് | 1985 |
| 259 | കക്കാട്ടുകോണം | പരിശുദ്ധ മറിയം | 1984 |
| 260 | കല്ലാമം | ,, | 1975 |
| 261 | കണ്ടള | ഫാത്തിമാമാതാവ് | 1967 |
| 267 | കാട്ടാക്കട | പരിശുദ്ധ മറിയം | 1983 |
| 273 | കോട്ടൂർ | ,, | 1980 |
| 275 | കുടയാൽ | ജപമാലരാജ്ഞി | 1947 |
| 278 | കുട്ടമല | അമലോത്ഭവമാതാവ് | 1980 |
| 281 | മഞ്ചവിളാകം | പരിശുദ്ധ മറിയം | 1979 |
| 286 | മീനാങ്കൽ | ,, | 1983 |
| 300 | പനയറയ്ക്കൽ | ,, | 1979 |
| 301 | പനയമ്മൂല | ലൂർദ്ദുമാതാവ് | 1980 |
| 303 | പാപ്പനംകോട് | പരിശുദ്ധ മറിയം | 1960 |
| 304 | പാറശാല | ,, | 1935 |
| 313 | പൊററയിൽ | ,, | 1973 |
| 316 | പുന്നാവൂർ | ,, | 1971 |
| 319 | സൽപുരം | ,, | 1970 |
| 320 | തെങ്കർകോണം | ,, | 1970 |
| 324 | വണ്ടന്നൂർ | ,, | 1951 |
| 328 | വെള്ളൂർക്കോണം | പരിശുദ്ധമറിയം | 1977 |
| 332 | ഉച്ചക്കട | ,, | 1961 |

## 10. പത്തനംതിട്ട

| | | | |
|---|---|---|---|
| 338 | കരുമ്പേക്കൽ | ,, | 1961 |
| 342 | മുട്ടത്തുകോണം | ,, | 1953 |
| 344 | നാരങ്ങാനം | അമലോത്ഭവമാതാവ് | 1935 |
| 346 | പമ്പുമല | ,, | 1930 |
| 348 | പ്രക്കാനം | പരിശുദ്ധമറിയം | 1934 |
| 351 | തോന്നിയാമല | ,, | 1956 |
| 354 | വയലത്തല | നിത്യസഹായമാതാവ് | 1936 |

www.malankaralibrary.com



## 11. പുനലൂർ

| | | | |
|---|---|---|---|
| 358 | ചെമ്പുമല | അമലോത്ഭവമാതാവ് | 1939 |
| 360 | ഇടമൺ | പരിശുദ്ധമറിയം | 1955 |
| 362 | കടയ്ക്കാമൺ | ,, | 1944 |
| 363 | കരവാളൂർ | ,, | 1954 |
| 364 | കറവൂർ | ,, | 1946 |
| 370 | ഒററക്കൽ | നിത്യസഹായമാതാവ് | 1985 |
| 376 | തിരുവാഴി | ലൂർദ്ദുമാതാവ് | 1975 |
| 377 | ഉറുകുന്ന് | ,, | 1956 |
| 388 | വിളക്കുവട്ടം | പരിശുദ്ധമറിയം | 1957 |

## 12. കൊല്ലം

| | | | |
|---|---|---|---|
| 380 | അമ്പലപ്പുറം | ,, | 1982 |
| 386 | എടനാട് | അത്ഭുതമാതാവ് | 1986 |
| 388 | കല്ലട കിഴക്ക് | നിത്യസഹായമാതാവ് | 1980 |
| 395 | കുമ്മല്ലൂർ | പരിശുദ്ധമറിയം | 1950 |
| 396 | മാറനാട് | നിത്യസഹായമാതാവ് | 1962 |
| 397 | മരുതൂർ | പരിശുദ്ധമറിയം | 1980 |
| 398 | മരുതമൺ പള്ളി | ,, | 1970 |
| 401 | നല്ലില | നല്ലമാതാ | 1955 |
| 405 | പൊരിയക്കോട് | പരിശുദ്ധമറിയം | 1961 |
| 407 | പുത്തൂർ | വ്യാകുലമാതാവ് | 1932 |
| 408 | പൂയപ്പള്ളി | പരിശുദധമറിയം | 1974 |

## 13. റാന്നി—പെരുനാട്

| | | | |
|---|---|---|---|
| 417 | കൊച്ചുകുളം | പരിശുദ്ധമറിയം | 1960 |
| 419 | കുമ്പഴ | ,, | 1933 |
| 420 | കുമ്പളാംപൊയ്ക | ,, | 1968 |
| 421 | ളാഹ | വേളാങ്കണ്ണിമാതാവ് | 1982 |
| 422 | മണിയാർ | പരിശുദ്ധമറിയം | 1973 |
| 424 | മേക്കൊഴൂർ | ,, | 1933 |
| 425 | മൂലക്കയം | ,, | 1977 |
| 428 | പമ്പിനി | നമ്മുടെ പരിശുദ്ധ അമ്മ | 1978 |
| 429 | പെരുനാട് (മാമ്പാറ) | അമലോത്ഭവ മാതാവ് | 1932 |
| 431 | പുതുക്കുളം | നമ്മുടെ പരിശുദ്ധ അമ്മ | 1961 |

www.malankaralibrary.com



| | | | |
|---|---|---|---|
| 433 | സീതത്തോട് | പരിശുദ്ധമറിയം | 1955 |
| 435 | തോണിക്കടവ് | ,, | 1932 |
| 437 | ഉതിമൂട് | ,, | 1962 |
| 439 | വടശേരിക്കര | ,, | 1934 |

## 14. തിരുവനന്തപുരം

| | | | |
|---|---|---|---|
| 445 | ചാല | ഫാത്തിമാമാതാവ് | 1959 |
| 448 | ഗുണ്ടമൻകടവ് (വലിയവിള) | സ്വർഗ്ഗാരോപിത മാതാവ് | 1962 |
| 456 | മൺവിള | മറിയത്തിന്റെ വിമലഹൃദയം | 1962 |
| 458 | മുട്ടത്തറ | പരിശുദ്ധമറിയം | 1956 |
| 461 | പാളയം | ,, | 1932 |
| 463 | പേരൂർക്കട ടൗൺ | ,, | |

## 14. B കഴക്കൂട്ടം സബ്ഡിസ്ട്രിക്ട്

| | | | |
|---|---|---|---|
| 476 | ചാന്നാൻകര | പരിശുദ്ധമറിയം | 1961 |
| 477 | ചേമ്പുംകുഴി | ,, | 1952 |
| 478 | ഇളമ്പ | ,, | 1970 |
| 480 | കാര്യവട്ടം | ബോധജ്ഞാനത്തിന്റെ സിംഹാസനം | 1961 |
| 482 | കഴക്കൂട്ടം | പരിശുദ്ധമറിയം | 1949 |
| 483 | കീരിക്കുഴി | ,, | 1962 |
| 486 | കാരംമൂട് (മംഗലപുരം) | ,, | 1962 |
| 491 | പോത്തൻകോട് | ,, | 1962 |

## 14. C കിളിമാനൂർ സബ്ഡിസ്ട്രിക്ട്

| | | | |
|---|---|---|---|
| 517 | മടത്തറ | പരിശുദ്ധമറിയം | 1952 |
| 520 | മഞ്ഞപ്പാറ | ,, | 1967 |
| 531 | പാപ്പാല | ,, | 1967 |
| 537 | തട്ടത്തുമല | നിത്യസഹായമാതാവ് | 1967 |

## 14. D നെടുമങ്ങാട് സബ്ഡിസ്ട്രിക്ട്

| | | | |
|---|---|---|---|
| 541 | ആനപ്പെട്ടി | ക്രിസ്ത്യാനികളുടെ സഹായമായ മറിയം | 1970 |
| 544 | ആര്യനാട് | പരിശുദ്ധമറിയം | 1958 |
| 547 | കള്ളിയൽ | നിത്യസഹായമാതാവ് | 1966 |

www.malankaralibrary.com



| | | | |
|---|---|---|---|
| 548 | കരകുളം | സ്വർഗ്ഗാരോപിത മാതാവ് | 1933 |
| 550 | കാവടിത്തല | പ. മറിയത്തിന്റെ വിമല ഹൃദയം | 1974 |
| 562 | വെള്ളൂർക്കോണം | സലേററിലെ പരിശുദ്ധ കന്യക | 1954 |
| 563 | വെമ്പായം | പരിശുദ്ധമറിയം | 1934 |

ആകെ 571 പള്ളികളും മിഷനുകളും ഉണ്ട്. അവയിൽ 161 എണ്ണം പരിശുദ്ധമാതാവിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു.

## II തിരുവല്ലാ രൂപത

### I. തിരുവല്ലാ ഡിസ്ട്രിക്ട്

| | | | |
|---|---|---|---|
| 2 | ചാത്തംകരി | പരിശുദ്ധമറിയം | 1975 |
| 8 | പെരിങ്ങറ | ,, | 1933 |
| 9 | തിരുമൂലപുരം | ,, | 1930 |
| 11 | തോട്ടഭാഗം | ,, | 1931 |
| 12 | വേങ്ങൽ | ,, | 1942 |

### 2. കോട്ടയം

| | | | |
|---|---|---|---|
| 13 | അമയന്നൂർ | ,, | 1941 |
| 14 | അഞ്ചേരി | ,, | 1956 |
| 22 | കുമരകം | ,, | 1982 |
| 23 | മാളം | ,, | 1974 |
| 28 | പാമ്പാടി | ,, | 1940 |
| 29 | പാതമുട്ടം | ,, | 1980 |

### 3. കുമിളി

| | | | |
|---|---|---|---|
| 35 | ബാലഗ്രാം | ,, | 1973 |
| 36 | ചക്കുപള്ളം | ,, | 1960 |
| 37 | ചേററുകുഴി | ,, | 1967 |
| 44 | കുമിളി | ,, | 1958 |
| 45 | മേരിഗിരി | ,, | 1976 |
| 50 | രാമകൽമേട് | ,, | 1963 |
| 51 | വണ്ടൻമേട് | ,, | 1971 |

www.malankaralibrary.com



## 4. കുന്നംകുളം

| | | | |
|---|---|---|---|
| 52 | അടിപെരണ്ട | പരിശുദ്ധ മറിയം | 1979 |
| 55 | ചേലക്കര | ,, | 1950 |
| 60 | കല്ലേപ്പാടം | ,, | 1984 |
| 62 | കട്ടിലപ്പൂവം | ,, | 1978 |
| 63 | കരിമ്പ | ,, | 1968 |
| 66 | കൊമ്പഴ | ,, | 1958 |
| 67 | കുന്നംകുളം | ,, | 1930 |
| 68 | കൂത്തുപാറ | ,, | 1986 |
| 69 | മന്നമംഗലം | ,, | 1961 |
| 71 | പറലിക്കാട് | ,, | 1962 |

## 5. മല്ലപ്പള്ളി

| | | | |
|---|---|---|---|
| 81 | മഞ്ഞത്താനം | പരിശുദ്ധ മറിയം | 1957 |
| 83 | മുണ്ടുകുഴി | ,, | 1967 |
| 84 | നൂറോമ്മാവ് | ,, | 1958 |

## 6. മൂവാററുപുഴ

| | | | |
|---|---|---|---|
| 88 | അഞ്ചൽപെട്ടി | ,, | 1932 |
| 95 | കോതമംഗലം | ,, | 1967 |
| 97 | കോട്ടപ്പുറം | ,, | 1979 |
| 99 | മഴുവണ്ണൂർ | ,, | 1972 |
| 104 | ഓണക്കൂർ | ,, | 1978 |
| 108 | പിറവം | ,, | 1939 |
| 109 | പോത്താനിക്കാട് | ദേവമാതാ | 1961 |
| 115 | വെങ്ങോല | പരി. മറിയം | 1943 |
| 116 | വെട്ടിക്കൽ | ,, | 1970 |

## 7. നിരണം

| | | | |
|---|---|---|---|
| 119 | ആലപ്പുഴ | ,, | 1979 |
| 120 | അമിച്ചകരി | ,, | 1956 |
| 121 | ആനപ്രമ്പാൽ തെക്ക് | നിത്യസഹായമാതാ | 1962 |
| 123 | മാന്നാർ കിഴക്ക് | പരിശുദ്ധ മറിയം | 1933 |
| 126 | നിരണം കിഴക്ക് | ,, | 1931 |
| 130 | തലവടി തെക്ക് | ,, | 1956 |

www.malankaralibrary.com



## 8. റാന്നി

| | | | |
|---|---|---|---|
| 143 | മുക്കൂട്ടുതറ | പരിശുദ്ധ മറിയം | 1974 |
| 148 | തൃക്കോമല | ,, | 1959 |

## 9. വെണ്ണിക്കുളം

| | | | |
|---|---|---|---|
| 151 | അമ്പാട്ടുഭാഗം | ,, | 1963 |
| 156 | കുമ്പളന്താനം | ,, | 1948 |
| 157 | കുരിശുമുട്ടം | ,, | 1957 |
| 160 | പൂവത്തൂർ | ,, | 1963 |
| 162 | പുറമറ്റം | ,, | 1965 |

നൂററിഅറുപത്തേഴുപള്ളികളിൽ 53 എണ്ണം പരിശുദ്ധ ദേവമാതാവിന്റെ നാമത്തിലാണ് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളത്.

# III ബത്തേരി രൂപത

## 1. ബത്തേരി

| | | | |
|---|---|---|---|
| 3 | അമ്പുകുത്തി | പരിശുദ്ധ മറിയം | 1985 |
| 4 | ബത്തേരി | ,, | 1980 |
| 5 | ചീരാൽ | ,, | 1980 |
| 6 | ചെളിവയൽ | ,, | 1980 |
| 7 | ചേരൂർ | ,, | 1962 |
| 8 | ചേതാലയം | ,, | 1959 |
| 10 | ചിങ്ങേരി | ,, | 1958 |
| 13 | കള്ളിച്ചാൽ | ,, | 1980 |
| 16 | കയ്യൂന്നി | ,, | 1984 |
| 18 | കോറോം | ,, | 1961 |
| 19 | മങ്ങാട്ട് | ,, | 1980 |
| 22 | മീനങ്ങാടി | ,, | 1958 |
| 30 | ശശിമല | ,, | 1979 |
| 32 | വെൺമണി | ,, | 1980 |
| 33 | വള്ളുവടി | ,, | 1986 |

www.malankaralibrary.com



## 2. കോഴിക്കോട്

| | | | |
|---|---|---|---|
| 34 | കാരാററുപാറ | ,, | 1982 |
| 35 | മണൽവയൽ | ,, | 1979 |

## 3. കണ്ണൂർ

| | | | |
|---|---|---|---|
| 46 | ഏററുകുടുക്ക | ലൂർദ്ദുമാതാ | 1977 |
| 48 | കൊററയാട് | പരിശുദ്ധ മറിയം | 1978 |
| 51 | തിരുമേനി | ,, | 1959 |

## 4. നിലമ്പൂർ

| | | | |
|---|---|---|---|
| 57 | എരുമാമുണ്ട | ,, | 1976 |
| 59 | കരുളായ് | ,, | 1958 |
| 61 | മാമംകര | ,, | 1961 |
| 62 | മൂത്തേടം | ,, | 1972 |

## 5. സൌത്ത് കാനറ

| | | | |
|---|---|---|---|
| 71 | അദ്ദാഹോളെ | ,, | 1980 |
| 73 | കർമായ് | ,, | 1979 |
| 76 | കുത്തറപടി | ,, | 1988 |
| 78 | നൂജിബൽത്തില | ,, | 1967 |
| 81 | ഷിമോഗ | ,, | 1989 |

ആകെ 82 പള്ളികളുള്ളതിൽ 29 എണ്ണം പരിശുദ്ധ കന്യകമറിയാമിന്റെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു.

**1930-ൽ** ആരംഭിച്ച മലങ്കര കത്തോലിക്കാ സഭയിൽ ആകെ 820 ഇടവകകളും മിഷനുകളും ഉണ്ടു്. അവയിൽ 243 എണ്ണം പരിശുദ്ധ കന്യകമറിയത്തിന്റെ നാമത്തിലാണ് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതു്. ഏകദേശം നാലിലൊന്നു പള്ളികൾ, പരിശുദ്ധ മാതാവിനോട് മലങ്കരമക്കൾക്കുള്ള അതീവ സ്നേഹത്തിന്റെയും അത്യാദരവുകളുടേയും പ്രതീകങ്ങളായി മലങ്കരസഭയിൽ ഈ ദേവാലയങ്ങൾ തല ഉയർത്തി നില്ക്കും എന്നതിൽ തെല്ലും സംശയമില്ല.

www.malankaralibrary.com



## മറിയത്തിന്റെ നാമത്തിലുള്ള സ്ഥാപനങ്ങൾ, സമൂഹങ്ങൾ

ഈ പള്ളികൾ മാത്രമല്ലാതെ പരിശുദ്ധ മറിയത്തിന്റെ പേരിൽ അനേകം സ്ഥാപനങ്ങളുണ്ട്. അവയിൽ ഏററം മുന്നിട്ടു നില്ക്കുന്നതു് സ്കൂളുകളാണ്. നഴ്സറി, പ്രൈമറി, സെക്കണ്ടറി സ്കൂളുകൾ പരിശുദ്ധ മറിയത്തിന്റെ പേരും പേറിക്കൊണ്ട് ഭാരതത്തിന്റെ ഒരററം മുതൽ മറേറ അററം വരെ, അല്ല, എവിടെയെല്ലാം മലങ്കരമക്കൾ ഇടവക സമൂഹങ്ങളായി രൂപപ്പെട്ടിട്ടുണ്ടോ അവിടെയെല്ലാം, വിശുദ്ധിയുടേയും വിജ്ഞാനത്തിന്റേയും കൊടി ഉയർത്തിക്കൊണ്ട് സമൂഹത്തിൽ നന്മയുടെ വിത്തുകൾ പാകിക്കൊണ്ടിരിക്കുന്നു. അവയ്ക്കു പുറമേ, സാമൂഹികോന്നമനം ലക്ഷ്യമാക്കിക്കൊണ്ട് കന്യകമറിയത്തിന്റെ പേരിൽ നിരവധി പ്രത്യേക പരിശീലനകളരികൾ പ്രവർത്തിക്കുന്നുണ്ടു്.

പരിശുദ്ധ മറിയത്തിന്റെ വിശുദ്ധ നാമം അനശ്വരമാക്കുന്ന ഒന്നാണ് മലങ്കരമക്കൾക്കുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള മേജർ സെമിനാരി. മനോഹരമായ നാലാഞ്ചിറക്കുന്നിന്റെ മുകളിൽ ശിരസ്സുയർത്തി നില്ക്കുന്ന സെൻറ് മേരീസ് മേജർ സെമിനാരി മലങ്കരസഭയ്ക്കു് എന്നും അഭിമാനസ്തംഭമായി നിലകൊള്ളട്ടെയെന്നാശിക്കുന്നു. ഒരിക്കലും മറക്കാനാവാത്ത മാതൃസ്മരണയുർത്തുന്ന ഒരു സന്യാസിനീസമൂഹം മലങ്കരയുടെ അഴകായി മാർത്താണ്ഡത്ത് ആരംഭിച്ചത് ഇന്നു് മലങ്കരയ്ക്കു മാത്രമല്ല, ഭാരതത്തിനും ആഴിയ്ക്കപ്പുറമുള്ള ദേശങ്ങൾക്കും സേവനത്തിന്റേയും സാഹോദര്യത്തിന്റേയും നീർച്ചാലുകൾ തുറന്നുകൊടുത്തുകൊണ്ടു് മുന്നേറുകയാണ്—മേരീമക്കൾ സമൂഹം. ഈ സമൂഹത്തിന്റെ മഠങ്ങളും മന്ദിരങ്ങളും എവിടെയെല്ലാം സ്ഥാപിക്കപ്പെടുന്നുവോ ആ ദേശങ്ങളിലെല്ലാം മലങ്കരയുടെ മേരീമക്കൾ പരിശുദ്ധ മറിയത്തിന്റെ കണ്ണുകളായി, കരങ്ങളായി, കരളുകളായി ജനതതികളുടെ ഇടയിലേക്കു സുവിശേഷത്തിന്റെ മാസ്മരശക്തി പ്രവഹിപ്പിക്കുന്നു. പരിശുദ്ധ അമ്മയുടെ നാമം എന്നെന്നും ജനതകൾക്കു് ആവേശം പകരുന്നതും ഉത്തേജനം നൽകുന്നതും നന്മയുടേയും രക്ഷയുടേയും സ്രോതസിലേക്കു് അവരെ നയിക്കുന്നതും ആയിത്തീർക്കുവാൻ മേരീമക്കൾ സമൂഹം കരുവായിതീരട്ടെയെന്നും പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# IX

# മരിയൻ ഭക്തിചൈതന്യം മലങ്കരസഭയുടെ ഔദ്യോഗിക പ്രാർത്ഥനകളിൽ

മലങ്കരസഭയിലെ മാർ̣ത്തോമ്മാമക്കരം കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ തിരുസഭയുടെ അരുമസന്താനങ്ങരം തന്നെയാണ്. കത്തോലിക്കാ തിരുസഭയിൽ വിവിധ റീത്തുകളും അവയ്ക്കനുസരണവും അനുയോജ്യവുമായ ആരാധനക്രമങ്ങളുമുണ്ടു്. പ്രസ്തുത ആരാധനക്രമങ്ങരം കാലോചിതമായി നവീകരിക്കപ്പെടുന്നുവെങ്കിലും ശ്ലൈഹികമായും പാരമ്പര്യത്തിൽനിന്നും ഉടലെടുത്തിട്ടുള്ളതാകയാൽ ഘടനാപരമായ സമൂല മാററങ്ങരം അവയിൽ വരുത്തുവാൻ സാദ്ധ്യമല്ല. ക്രിസ്തീയസഭയുടെ ആദ്യ ശതാബ്ദങ്ങളിൽ രൂപം കൊണ്ടിട്ടുള്ള ഈ ആരാധനക്രമങ്ങരം ഒരേ വിശ്വാസചൈതന്യം പുലർത്തുന്നവയാണെങ്കിലും പ്രാദേശികവും ഭാഷാപരവുമായ വ്യതിയാനങ്ങളും അതാതു ദേശങ്ങളിലെ ജനങ്ങളുടെ ജീവിത ചിന്താശൈലികളും ഉരംക്കൊണ്ട് വൈവിധ്യമാർന്നവയായി നിലകൊള്ളുകയും ചെയ്യുന്നു. തങ്ങരം സ്വീകരിച്ചിരുന്ന വിശ്വാസം ഒരു ജനത്തിൻെറ ചിന്താ-മേധാശക്തികളെയും പ്രവർത്തന ജീവിതശൈലികളെയും അടിസ്ഥാനപരമായി സ്വാധീനിക്കും എന്നുള്ളതിനു സംശയമില്ല. ക്രിസ്തുവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഈ വിശ്വാസം തങ്ങളുടെ അനുദിന ആരാധനയിലും പ്രാർത്ഥനകളിലും അലിഞ്ഞുചേരുന്നതുകൊണ്ട് ക്രിസ്തീയ ജീവിതവും സംസ്കാരവുമെല്ലാം താഴെ പറയുന്ന രണ്ടു ഘടകങ്ങളെ സുപ്രധാനമായി ആശ്രയിച്ചിരിക്കും. ആദ്ധ്യാത്മികത ഊട്ടി വളർത്തുന്ന ആരാധനക്രമവും പ്രസ്തുത ആദ്ധ്യാത്മികത പ്രതിഫലിപ്പിക്കുന്ന സാമൂഹിക ജീവിതവും.

www.malankaralibrary.com



മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആദ്ധ്യാമികതയുടെയും ജീവിത-സാംസ്കാരിക ശൈലിയുടേയും പ്രത്യേക സ്രോതസ് ആർഷ ഭാരതീയ പശ്ചാത്തലം, കേരളീയത, മാർത്തോമ്മായിൽനിന്നും ലഭിച്ച ശ്ലൈഹിക വിശ്വാസവും പാരമ്പര്യവും,കത്തോലിക്കാസഭയുടെഅടിസ്ഥാനപ്രബോധനങ്ങൾ, കൽദായ അന്തിയോക്യൻ ആരാധനക്രമങ്ങളുടെ പ്രത്യേക ശൈലീഭാവം ഇവയെല്ലാം ഇഴുകിചേർന്ന ഒന്നാണു്. കൂനൻകുരിശിനുശേഷമാണ് അന്തിയോക്യൻ ആരാധനക്രമം കേരളത്തിൽ ആദ്യമായി സമാരംഭിക്കുന്നതു്. അതിനു മുമ്പ് മാർത്തോമ്മാക്രിസ്ത്യാനികൾ പൊതുവിൽ കൽദായ സുറിയാനി ആരാധനക്രമമാണ് സ്വീകരിച്ചിരുന്നതു്. കൂനൻകുരിശിനുശേഷവും മാർത്തോമ്മാക്രിസ്ത്യാനികളിൽ ഒരു നല്ല പങ്ക് "പഴയകൂററുകാരായി" അറിയപ്പെടുകയും അവർ സ്വീകരിച്ചുവന്നിരുന്ന കൽദായസുറിയാനി ആരാധനക്രമംതന്നെ തുടർന്നു വരികയും ചെയ്യുന്നു. "സീറോ മലബാർ" റീത്തു് എന്നറിയപ്പെടുന്ന ഈ പൂർവ്വികറീത്ത് ചരിത്രപരവും സഭാപരവുമായ പല സംഭവവികാസങ്ങളുടെയും നടുച്ചുഴിയിൽപ്പെട്ടു പല രൂപാന്തരങ്ങളും പ്രാപിച്ചു—ഇപ്പോൾ വീണ്ടും പൂർവ്വ സ്ഥിതിയിലേക്കു് വരുന്നതിനുള്ള ഒരു പരിശ്രമം പലരുടെ ഇടയിൽ ആരംഭിച്ചിട്ടുണ്ടു്. പോർത്തുഗീസുകാരുടെ അതീവ തീക്ഷ്ണതയാണ് ലത്തിനീകരണത്തിനും തദ്വാരാ, കൂനൻകുരിശിനും പിളർപ്പിനും കാരണമായിട്ടുള്ളതു്. പോർത്തുഗീസ് ആധിപത്യവും സഭാഭരണവും വെറുത്ത ഒരു ഭാഗം മാർത്തോമ്മാമക്കളാണ് പുത്തൻകൂററുകാരായി അറിയപ്പെടുന്നതു്. പിളർപ്പിനുശേഷം തങ്ങൾക്കു പ്രിയംകരമായ ആരാധനക്രമം നിലനിർത്തുന്നതിനു ശ്രമിച്ചുവെങ്കിലും മററു സാഹചര്യങ്ങൾ പ്രതികൂലമായി ഭവിച്ചതുനിമിത്തം യാക്കോബായ പാത്രിയർക്കീസിന്റെ ആധിപത്യം അംഗീകരിക്കുന്നതിനു ഇടയായി. ഇതോടുകൂടിയാണ് അന്തിയോക്യൻ ആരാധനക്രമം കേരളത്തിൽ ആരംഭിച്ചതു്. അങ്ങനെ നൂററാണ്ടുകളിലൂടെ അന്തിയോക്യൻ ആരാധനക്രമം സ്വീകരിച്ച് അതിന്റെ സവിശേഷതകൾ സ്വായത്തമാക്കി, പ്രസ്തുത ആരാധനക്രമത്തിനും മാർത്തോമ്മാശ്ലീഹായുടെ പൈതൃക

www.malankaralibrary.com



ത്തിനും ആർഷഭാരതത്തിൻെറ പാരമ്പര്യത്തിനും അനു യോജ്യമായി, സഭാപരവും സാമൂഹികവുമായ ഒരു ജീവിത ശൈലി അനുവർത്തിച്ചുവന്ന ഒരു ജനസമൂഹമാണ്, കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ തിരുസഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പ തിരുമനസ്സിലെ പരമാധികാരം അംഗീകരിച്ചുകൊണ്ട് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടതു്. ഇരുപതാം നൂററാണ്ടിലെ ഐതിഹാസികമായ പുനരൈക്യപ്രസ്ഥാനത്തിനു നേതൃത്വം നൽകിയതു് കർമ്മകുശലനും സർവ്വാദരണീയനുമായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ടാണ്. പുനരൈക്യപെടുന്നതുസംബന്ധിച്ചു് റോമുമായുള്ള ദീർഘമായ കത്തുകളിൽ അദ്ദേഹം മുന്നോട്ടു വച്ചിട്ടുള്ള ഏററവും പ്രഥമവും പ്രധാനവുമായ വ്യവസ്ഥ തങ്ങൾ പരിചയിച്ചുവന്ന ആരാധനക്രമം നിലനിറുത്തുന്നതിന് അനുവാദം നല്കണമെന്നാണു്. ആരാധനക്രമം ഏതൊരു ഉത്തമ വിശ്വാസിയുടേയും ക്രിസ്തീയ ജീവിതത്തിൻെറയും അനിഷേധ്യഭാഗമാണു്. "ലെക്സ് ഒരാൻഡി ലെക്സ് ക്രെഡെൻഡി" എന്ന് ലത്തീൻ ഭാഷയിൽ പറയുന്നതു്എത്രയോവസ്തുനിഷ്ഠമാണു്. "പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിൻെറ നിയമം" എന്നത് അർത്ഥ സമ്പൂർണ്ണമാണ്. പ്രാർത്ഥനാജീവിതത്തിലൂടെ വിശ്വാസം പ്രതിഫലിക്കുന്നു; വിശ്വാസത്തിൻെറ ഉത്തമമായ നിദർശനമാണ് പ്രാർത്ഥന.

പരിശുദ്ധ കന്യകമറിയാമിനു വളരെ ഉന്നതമായ സ്ഥാനമാണ് അന്തിയോക്യൻ ആരാധനാപ്രാർത്ഥനക്രമങ്ങളിൽ നൽകിയിട്ടുള്ളത്. യാക്കോബായ ഓർത്തഡോക്സ് സഭാവിഭാഗങ്ങൾ ഈ അന്തിയോക്യൻ ആരാധനക്രമം സ്വീകരിച്ചതുകൊണ്ട് പരിശുദ്ധമറിയാമിനെ പ്രത്യേകം സ്മരിക്കുന്നു, ആദരിക്കുന്നു, അവളുടെ വിവിധ തിരുനാളുകൾ ആഘോഷിക്കുന്നു. രണ്ടു തിരുനാളുകളുടെ ആഘോഷങ്ങൾക്കു് ഒരുക്കമായി നോമ്പുകൾ ആചരിക്കുന്നു. അവരുടെ നമസ്കാരക്രമങ്ങളിൽ പരിശുദ്ധ കന്യകമാതാവിനു പ്രത്യേക പദവിയും സ്ഥാനവും നൽകുന്നു, അവളുടെ

www.malankaralibrary.com



പ്രത്യേക മാദ്ധ്യസ്ഥം യാചിക്കുന്നു. മലങ്കരകത്തോലിക്കാവിശ്വാസികളും യാക്കോബായ - ഓർത്തഡോക്സ് സഭാവിഭാഗങ്ങ൯ അന്തിയോക്യൻ റീത്തനുസരിച്ചു് നൽകുന്ന രീതിയിലുള്ള ബഹുമാനവും ആദരവും മാതാവിനു നൽകുന്നു. യാക്കോബായക്കാരുടെ ആരാധനക്രമത്തിലും നമസ്കാരക്രമങ്ങളിലും കടന്നുകൂടിയിട്ടുള്ള ചില തെററായ പ്രയോഗങ്ങ൯ ദൂരീകരിച്ചുകൊണ്ടു്, അതേ പ്രാർത്ഥനക്രമങ്ങളും ആരാധനരീതിയും പിന്തുടരുന്നു. കൂടാതെ, കത്തോലിക്കാ വിശ്വാസത്തിനും പാരമ്പര്യത്തിനും ചേർന്ന ഭക്ത്യാഭ്യാസങ്ങളും മലങ്കര കത്തോലിക്കാ വിശ്വാസികൾ സ്വീകരിച്ചിട്ടുണ്ട്. കാലാന്തരത്തിൽ പരിശുദ്ധമാതാവിൻെറ നാമത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഭക്തസംഘടനകളും മലങ്കര കത്തോലിക്കാവിശ്വാസികളുടെയിടയിൽ സ്ഥാനം പിടിച്ചിട്ടുണ്ടു്. കന്യകമറിയം യേശുവിൻെറ അമ്മയാണു്, തങ്ങളുടെയും; ഏതു പ്രതിസന്ധിയിലും ഓടിയെത്തുന്നതിനും ആശ്രയം കണ്ടെത്തുന്നതിനും തങ്ങൾക്കു് ഒരഭയസ്ഥാനമുണ്ടെന്നുള്ളതു് ഏററവും വലിയ ആശ്വാസകാരണമാണ്. ഇതാണ് വേദനയുടേയും കണ്ണീരിൻേറയും താഴ്വരയിൽക്കൂടി കടന്നു പോകുന്ന എല്ലാ വിശ്വാസികളും കന്യകമറിയാമിനെ ഇത്രമാത്രം സ്നേഹിക്കുന്നതിനും ആദരിക്കുന്നതിനും നിദാനം.

വേദപുസ്തകം പഴയ പുതിയ നിയമങ്ങളിലുള്ള സൂചനകൾ ആധാരമാക്കി വിശുദ്ധ അപ്പോസ്തോലന്മാരും സഭാപിതാക്കന്മാരും നൽകിയിട്ടുള്ള പ്രബോധനങ്ങളും നൂററാണ്ടുകളിലൂടെ നമുക്കു കൈവന്നിട്ടുള്ള സഭയുടെ ഔദ്യോഗിക ഉദ്ബോധനങ്ങളും പരിശുദ്ധമാതാവിന് രക്ഷാകര പദ്ധതിയിലുള്ള ഉന്നതമായ സ്ഥാനത്തെ വെളിപ്പെടുത്തുന്നു. പരിശുദ്ധ ജനനിയോട് സഭാമക്കളായ നാം എത്രമാത്രം കടപ്പെട്ടിരിക്കുന്നു വെന്ന് സഭാപാരമ്പര്യം നമ്മെ പഠിപ്പിക്കുന്നു. നന്മനിറഞ്ഞമറിയത്തെക്കുറിച്ചുള്ള വർണ്ണനകൾ, അവളുടെ സാദൃശ്യരൂപങ്ങൾ, പരിശുദ്ധ ത്രിത്വത്തോടും പ്രത്യേകിച്ച് ഓമനമകനായ യേശുവിനോടുമുള്ള ആ അമ്മയുടെ അനവദ്യമായ സ്നേഹം, ആ സ്നേ

www.malankaralibrary.com



ഹബന്ധത്തിൽ നിന്നും നിർഗ്ഗളിക്കുന്ന അവളുടെ അവാച്യമായ മാദ്ധ്യസ്ഥശക്തി ഇവയെല്ലാം അനുസ്മരിച്ചുകൊണ്ടുള്ള പ്രാർത്ഥനകരം അന്തിയോക്യൻ ആരാധന, നമസ്കാരക്രമങ്ങളുടേയും തദ്വാരാ മലങ്കരസഭയുടെ ആരാധന, നമസ്കാര ക്രമങ്ങളുടേയും അന്തസത്തയാണ്.

ശീഹ്മോനമസ്കാരം സഭയുടെ ഔദ്യോഗികമായ പ്രാർത്ഥനയാണ്. ഓരോയാമത്തിനും പ്രത്യേകം പ്രത്യേകമുള്ള പ്രാർത്ഥനകളിൽ പരിശുദ്ധകന്യകാംബികയെ അനുസ്മരിക്കുകയും അവളുടെ ശക്തമായ മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്യുന്നു. കന്യകമറിയത്തിന്റെ ഗുണഗണങ്ങരം ഓരോന്നായി നിരത്തിവയ്ക്കുകയും വർണ്ണിക്കുകയും ചെയ്യുന്ന സഭ ദൈവം അവരംക്കു നൽകിയ ഉന്നത പദവിക്കും നന്മകരംക്കും അവിടുത്തെ സ്തുതിക്കുന്നു. പരിശുദ്ധ കന്യകമറിയാമിന്റെ തിരുനാളുകളനുബന്ധിച്ചുള്ള പ്രുമിയോൻ—സെദറാ പ്രാർത്ഥനകളും മറിയത്തിന്റെ ഉന്നതസ്ഥാനത്തെയും ദൈവത്തിന്റെ പക്കൽ അവരംക്കുള്ള മാദ്ധ്യസ്ഥശക്തിയേയും ഓർമ്മിക്കുകയും അഗതികളായ മനുഷ്യർക്കുവേണ്ടി അവളുടെ സഹായം അപേക്ഷിക്കുകയും ചെയ്യുന്നവയാണ്.

സഭാപിതാക്കൻമാർ നൂററാണ്ടുകളിലൂടെ കോർത്തിണക്കിയിട്ടുള്ള പ്രാർത്ഥനകരം അവരുടെ ഭക്തിപാരവശ്യത്തേയും ആത്മീയ ജ്ഞാനത്തേയും ഭാവനാശക്തിയേയും പ്രതിഫലിപ്പിക്കുന്നവയാണ്ു്. മനോഹരങ്ങളായ ഈ പ്രാർത്ഥനകളും അനുസ്മരണകളും വിശ്വാസികളുടെ ഹൃദയങ്ങളെ ചൈതന്യവത്താക്കുമെന്നതിൽ തെല്ലും സംശയിക്കേണ്ടതില്ല. ഈ പ്രാർത്ഥനകളിൽ ഹൃദയം അർപ്പിക്കുന്നവർക്കുവേണ്ടി തീർച്ചയായും പരിശുദ്ധ മാതാവിന്റെ പക്കൽനിന്നും ആശ്വാസത്തിന്റെ നീർച്ചാലുകരം പൊട്ടി ഒഴുകും.

www.malankaralibrary.com



## പ്രതിദിനനമസ്കാരം

ശീഹ്മോ: ശുബഹോ—മെനഓലം.

മലങ്കര കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രാർത്ഥനകളിൽ ദൈവമാതാവിനെക്കുറിച്ചുആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിക്കുന്ന കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ വിശ്വാസം ഇതാണ്: നസ്രസിലെ കന്യകയായ ബാലിക, യോവാക്കിമിൻെറ മകൾ ചെറുപ്രായത്തിൽ തന്നെ ദൈവാലയത്തിൽ ആചാര്യൻമാരുടെ സംരക്ഷണത്തിലാണ് വളർന്നതു്.

''ബാലികകന്യകമാർ
തലമുറകളിലില്ലയോവാക്കീംസുതയാകും
മറിയാമിനുതുല്യം
കാഞ്ചന കാന്തിയതും സുന്ദരമല്ലിതുപോൽ
ഹാ–ഹാ- വേറില്ലഴകിതുപോൽ''
(മെനഓലം- വെള്ളിയാഴ്ച സന്ധ്യ. പേജ് 192)

''മാതൃപിതൃക്കൾ മരിച്ച ഗതിയുമായ് മറിയാം
ദൈവാലയമുള്ളിൽ ഉപശിക്ഷണമാർന്നാൾ
മൂശാനിയമം പോൽ ആചാര്യർ വളർത്തി
നിബിനാഥനിറങ്ങി, വാഴ്വുമവൾക്കേകി
ഹാ—അവൾ പ്രാർത്ഥനകോട്ടയുമഭയവുമാകട്ടെ'
(മെനഓലം—വെള്ളി പ്രഭാതം പേജ്. 222

''ഭാഗ്യം മറിയാമേ ദൈവത്താൽ ബാല്യമതിൽ നീ
തെരഞ്ഞെടുക്കപ്പെട്ടു.
കാഴ്ചയണച്ചീടും അപ്പത്താൽ പോററപ്പെട്ടു
ആചാര്യന്മാരും ബഹുമാനിച്ചു....''
(വെള്ളിയാഴ്ച പേജ്. 272)

സൗന്ദര്യവതിയും എളിമയുടേയും മററെല്ലാ പുണ്യങ്ങളുടേയും നിറകുടവുമായ മറിയാമിനെ ദീർഘദർശിമാർ ഓരോ സൂചനകളിലൂടെ മുൻകൂട്ടി അറിയിച്ചു: മനുഷ്യാവതാര രഹസ്യവുമായി ബന്ധപ്പെട്ടവയാണു് ഈ സൂചനകളും പ്രതിരൂപങ്ങളുമെല്ലാം.

www.malankaralibrary.com



"ദാവീദിൻ സുതയേ! രഹസ്യംപേടകമുരം
നിൻ സുന്ദരച്ചിത്രം നിബിയർ എഴുതിയിതാ
ലിഖിതങ്ങളിൽ വച്ചൂ, ചിന്തിക്കുന്നോർക്കായ്
പുതിയ കുടം നിൻെറ സാദൃശ്യംകാട്ടി.
അതിനുരം സൂക്ഷിക്കും ലവണം നിൻസുതനാം
നാശമതീന്നുലകം സംരക്ഷിക്കുന്നോൻ"

(ശുബഹോ, വ്യാഴാഴ്ച രാത്രി
ഒന്നാം കൗമാ—എക്ബോ പേജ്. 208)

"മൂശാനിബിയാൽ സ്ഥാപിതപേടകമേ
മറിയാമേ സ്വസ്തി
ജീവജലത്തെയുരംക്കൊള്ളും
റൂഹായിൻ ആവരണം നീ
ഈശ്ശായിസുതനാം ദാവീദ്
പാടിയബലമേറുംപുരി നീ
ഈശൻ നിൻ-മടിയീന്നുംവന്നാൻ"

(ശുബഹോ. ബുധൻ ഉച്ച പേജ്. 189)

"ദാവീദിൻ മകളാം കന്യാ–
മറിയാമ്മിന്നായിട്ടേകി
സുന്ദരനാമങ്ങരം, ആദിമ നീതിഷ്ഠർ
ഹസ്കീയേൽ: ബന്ധിതവാതിൽ
ശ്ലോമ്മോൻ: ആവൃതതോട്ടം, മുദ്രിതമാമുറവ
ദാവീദ്—ശോഭിതപട്ടണമെന്നായ്
വിതചെയ്യാതവളിൽ മുളച്ചാ
ചെടിയല്ലോ സുതനാം മിശിഹാ........"

(ശുബഹോ, ബുധൻ രാത്രി ഒന്നാം കൗമ്മാ
(പേജ് 160)

"ദാവീദിൻ വംശത്തിൽ നിന്നൊരു കന്യകമറിയാം
പാരിൽ വാഹകനെപ്പേറും രഥമായിതീർന്നാരം
ഹസ്കീയേൽ താൻ ദർശിച്ചുള്ളോരാ
രഥമതിലധികം ശ്രേഷ്ഠതയുള്ളവരം താൻ
വാചാലതയുള്ളൊരു മുഖചക്രങ്ങളതിനുണ്ടായ്
നാഥാ നിൻ സ്തുതിപാടും മറിയാമ്മിൻവായ് ശ്രേഷ്ഠം".
(ശുബഹോ, തിങ്കരം രാത്രി ഒന്നാം കൗമ്മാ കോലോ pg. 70)

www.malankaralibrary.com



"പാവനമാതാതൻ രൂപം നിയമങ്ങളിലും
പ്രവചനമതിലും കാട്ടിയൊരിൽ ശ്രേഷ്ഠൻ നിബി മൂശ
നിയമപ്പേടകമതിനാലും മന്നാച്ചെപ്പാൽ
ക്ദൂശ്കുദിശീനിൽ തളിരിട്ടോരഹറോൻ വടിയാലും
ഏലീശാതൻ നവകുംഭത്താൽ
ഏശായാ വേഗമെഴും മുകിലാൽ
ഗിദയോൻ മഞ്ഞുപതിഞ്ഞൊരു രോമക്കെട്ടാലും കാട്ടി"

(ശുബഹോ, ബുധൻ സന്ധ്യ, കോലോ pg. 153)

"ഭാഗ്യവതീ, മറിയാമേ, ഞാനെങ്ങിനെ നിന്നെ
വിളിക്കണമീശാംബികകന്യ, തനു പൂണ്ടൊരു മേഘം.
നീതിക്കതിരോൻ പ്രഭ വിതറും വിമലാകാശം
മോശയണിഞ്ഞൊരു വദനാവരണം നിൻ രഹസ്യമതായ്
ദിവിധരകരം വാഹകനെപ്പേറും
നല്ലൊരു ശാരീരിക രഥവും നീ
ദൈവഹിതാൽ തൻ മാതാവാം ഈശൻ ദാസി നീ".

(മെനഓലം ബുധൻ സന്ധ്യ കോലോ pg. 97)

"ഹസ്കീയേൽ കണ്ടൊരു രഥമോ
നിന്നൊടുപമിപ്പാൻപോരാ
പാവനകന്യേ-ക്രോബകളാം
ജീവികളതിൽ ബന്ധിതമായ്
അന്യോന്യം വ്യത്യസ്തമതാം ചതുർമുഖമവയിൽ കാൺമൂ
സിംഹം, കാള, കഴുകൻ, നരനിവൻ തൻ രൂപങ്ങൾ
മാതേ നിൻ മുട്ടുകൾ രഥമായ്
കൈകൾ ചക്രങ്ങളുമായ്
നിൻവദനം സ്തുതി പാടുന്നു
ഹസ്കിയേലിൻ രഥമതിലും
സൗന്ദര്യത്തിൽ നീ ശ്രേഷ്ഠം
പരിശുദ്ധിയെഴും കന്യേ.......".

(മെനഓലം രാത്രി ഒന്നാം കൗമ്മാ കോലോ, pg. 110)

"അമ്മാനുവേൽ
അത്ഭുതനാം ശിശുവേ
കന്യക ഗർഭിണിയായ്
പെററെന്നോതിയ സത്യത്തിൽ

www.malankaralibrary.com



പ്രാസംഗികനാമേശായ
ചൊന്നൊരു കന്യക മറിയാമിൽ
നിന്നിഹ-ശിശുവായ് വന്നവനെ
സ്തുതിയും സ്തോത്രവുമങ്ങേക്കായ്''.

(മെനഓലം ബുധൻ പ്രഭാതം കോലോ pg. 123)

''ഏലീശാ തൻ നവകുംഭം
ഗിദയോൻ കമ്പിളി, പനിമഞ്ഞും പാവനകന്യേ
നിൻ സാദൃശ്യമതായ്
തരുനിരയിൽ സർപ്പം രോഷാൽ
മനുജനെ വീഴ്ത്തിയ വിഷമതു നിന്നാൽ
മധുരമതായ് മാറി!
വിൺവൃഷ്ടിയെ നീ കൈക്കൊണ്ടു
മോദത്തിൻ നീർച്ചാൽ ഒഴുകി....ഹാലേലുയ്യാ
സൃഷ്ടിയെ നിറവാക്കി''.

(മെനഓലം ബുധൻ മൂന്നാംമണി pg 136.)

''സ്ത്രീകളിലേററം സൗന്ദര്യവതിയേ സ്വസ്തി നിനക്കായ്
സൃഷ്ടിയതിൻമേലാവൃതമായോരാവരണം നീ
മാലിന്യമെഴാത്തവളേ സ്വസ്തി,അമ്മാനുയേൽ
തന്നെ പ്രസവിച്ചവളായുള്ളൊരു ഹവ്വാ നീയേ
പ്രഭയിൻ പ്രഭുവെ പ്രസവിക്കവളെ സ്വസ്തി നിനക്കായ്
നിബിയർ നാഥൻ നിന്നിൽ വസിച്ച പ്രവാചകി നീയേ....''

(മെനഓലം, വ്യാഴാഴ്ച രാത്രി ബോവൂസാ pg. 160)

''മരുവിൽ പാറയിൽനിന്നൊഴുകി-
നദികളതല്ലോ നിൻ സാദൃശ്യം, മറിയാമേ
ധന്യേ കന്യകയേ
നിന്നിൽനിന്നും ദൈവസുതൻ
ജാതംചെയ്താൻ അവനത്രേ ശില സത്യത്തിൽ
പൗലോസ് ചൊന്നതുപോൽ''.

(ശുബഹോ, ശനി പ്രഭാതം pg. 306)

പരിശുദ്ധകന്യകമറിയാമിൻെറ വ്യക്തിപരമായ ജീവിതത്തിൻേറയും പാപികളായ നമ്മുടെ പരിത്രാണനകർമ്മത്തിൻേറയും ഏററംപരിശുദ്ധമായതും അനർഘമായതുമായ

www.malankaralibrary.com



നിമിഷമാണ് ഗബ്രിയേൽ ദൂതൻ മുഖാന്തിരമുള്ള വചനിപ്പ്. എത്ര വർണ്ണിച്ചാലും മതിയാവാത്ത ഭാവനാസമ്പന്നമായ പ്രാർത്ഥനയുടെ രൂപത്തിൽ പ്രസ്തുത അതുല്യമായ നിമിഷങ്ങൾ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

"കായിതമെഴുതിയയച്ചു പിതാ
ദൂതൻവഴി നസറേത്തിങ്കൽ
ലോകം രക്ഷിപ്പാൻ
വന്നൊരു സൂനു തൻ
മാതാവായി നിയോഗിച്ച
കന്യകമറിയാമ്മിൻ പേർക്കായ്"

(മെനഓലം, ബുധനാഴ്ച രാത്രി ഒന്നാം കൗമ്മാ pg. 110)

ലിഖിതമല്ലാത്തൊരു കത്തും-
പേറിയണ—ഞ്ഞാൻ ഗബ്റീ—യേൽ
മറിയാം സവിധേ
ശ്ലോമ്മോ നിറയുമതിൽ
ചൊന്നാൻ—മറിയാമേ സ്വസ്തി
സകലത്തിന്നും രക്ഷകനായോൻ നിന്നിൽനി-
ന്നുദയം ചെയ്തീടും".

(ശുബഹോ, ശനി പ്രഭാതം pg. 306.

"അഗ്നിമയൻ തീജ്ജ്വാലകളെ
തരണംചെയ്തുകടന്നൊരു തേരിൽ
വായുവിനെ ഭേദിച്ചെത്തി
നസറേത്തിൽ മറിയാം സവിധേ
ധന്യയവൾക്കേകി സ്വസ്തി
നമ്മുടെ നാഥൻ നിന്നുദരേ
ആദാമ്യകുലത്തിൻ ശാപമശേഷം മാററുന്നോൻ".

(ശുബഹോ. ശനി പ്രഭാതം pg. 310)

"കന്യക കണ്ടാൾ—ജ്വാലയണിഞ്ഞവനാം
വാനവനെ—അധികഭയത്തോടു നിന്നി-
ട്ടുടനുരചെയ്തേവം വിനയത്തോടെ
പുംസംബന്ധമെഴാ ഗർഭമതെങ്ങനെ ഭവ്യം?

www.malankaralibrary.com



യുക്തിയതെന്നെ ഗ്രഹിപ്പിക്കൂ—വിശ്വാസം വിഷമം
ഞാ—നോ—കന്യകയാം, വൈവാഹിക
വാഞ്ഛയതില്ലാത്തോൾ''.
(മെനഓലം. വ്യാഴാഴ്ച സന്ധ്യ. pg. 142)

കന്യകമറിയാം ഗബ്രിയേൽ ദൂതനോട് സംശയനിവാരണം നടത്തുന്ന ഭാഗമാണ് മേലുദ്ധരിക്കപ്പെട്ടതു്. ഒരിക്കൽക്കൂടി പ്രസ്തുത രംഗം ചിത്രീകരിക്കുന്നതോടൊപ്പം, വേദപുസ്തകത്തിൽ ലൂക്കായുടെ സുവിശേഷത്തിലുള്ള പ്രസ്തുത ചിത്രവും ഭാവനയുടെ ചിറകുകളിൽ പറന്നുയരുന്ന ദൈവവിശ്വാസി മറിയാമിനെക്കുറിച്ച് നല്കുന്ന തൂലികാചിത്രവും സങ്കലനപ്പെടുത്തി പ്രാർത്ഥനയുടെ ഈരടികളായി നാം ചൊല്ലുന്നു:

''മറിയാമോതി
ദൂതവരൻ ഗബറിയേലിനോടായ്
എങ്ങനെ ഭവ്യം ദൂതതുപോലെ
സംയോഗമെഴാ-
തെങ്ങിനെ കന്യക ഗർഭിണിയാകും
കേട്ടിട്ടില്ലേൻ; ദൂതനുരച്ചേവം
''പരിശുദ്ധാത്മാ
ആവാസം ചെയ്തീടും നിന്നിൽ
ഉയരോൻ ശക്തി നിൻമേൽ വാണീടും
ഹാലേലുയ്യാ
തൻജനിയാലുലകം രക്ഷിക്കും
അത്ഭുതശിശുവേ നീ പ്രസവിച്ചീടും''.
ബാറെക്...ശുബഹോ....

''മറിയാമോതി
തൻ സഖികാം കന്യകമാരോടായ്
വലുതാം മോദം ചേർന്നീടുന്നെന്നിൽ
ഈറയർ ദൂതർ
സേവിപ്പോൻ ഭൂ പേറുന്നവനെ
പേറീടുന്നേൻ, പാടും അവന്നായി
മാനവരേ താൻ
സംഗീതം പഠിപ്പിച്ചവനല്ലേ,

www.malankaralibrary.com



തൻമഹിമാവേയഗ്നി വലംവയ്പ്പു
ഹാലേലുയ്യാ
കാദീശെന്നവരാർത്തീടുന്നു
തൻ മഹിമയതോ എന്നേക്കും സ്തുത്യം".

(മെനഓലം. വ്യാഴാഴ്ച രാത്രി pg. 159)

കന്യകമറിയാമിനു ലഭിച്ചിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കും നിദാനം അവളുടെ ദൈവമാതൃത്വം ആണു്. മനുഷ്യമനസ്സിന് ഒരു രീതിയിലും സങ്കല്പിക്കാൻ പാടില്ലാത്ത ഒന്നാണ് ദൈവമാതൃത്വവും രക്ഷാകര മനുഷ്യാവതാരവും. ദൈനംദിനം ആവർത്തിച്ചു ആലപിക്കുന്ന ഗീതങ്ങളിലൂടെ വിശ്വാസത്തിൻെറ പ്രതിധ്വനി ഹൃദയാന്തർഭാഗത്ത് മുഴങ്ങുകയും പ്രാർത്ഥിക്കുന്ന സമൂഹം ചൈതന്യവത്തായ വിശ്വാസത്തിൻെറ പൊൻകതിരുകളാൽ ഉത്തേജിക്കപ്പെടുകയും ചെയ്യുന്നു.

പ്രാർത്ഥിക്കുന്നവ്യക്തി ഒരു വശത്തു് ദൈവമാതൃത്വത്തിൻെറ അഗ്രാഹ്യതയെക്കുറിച്ചു പാടുന്നു. ദൈവത്തിൻെറ കൃപ അതു മനസ്സിലാക്കാൻ അനുപേക്ഷണീയമാണു്.

"കന്യകമറിയാ-മേ നിന്നുടെ
ചരിതമവർണ്ണ്യമതല്ലോ-സൃഷ്ടികരം തൻ
........ഉടയവനുടെ മാതാവായി നീ"

(ശുബഹോ, ചൊവ്വ സന്ധ്യ pg. 49)

"കന്യക വിളി ചെയ്‌വൂ
നിൻ ചരിതമുരപ്പാൻ
വിസ്മിതനായ് ഞാൻ
ദൈവസുതാ നീ നൽകുകവചനം
കൃപയാൽ നിറവാക്കെന്നുടെ വീണ
നന്മകരം നിറയുന്ന
നിന്നുടെ മാതാവെ
വർണ്ണിപ്പാനായ്"

(ശൂബഹോ, ചൊവ്വാ രാത്രി pg. 64)

www.malankaralibrary.com



അതേസമയം കന്യകമാതാവിൻെറ ദൈവമാതൃത്വത്തെ നിഷേധിക്കുന്നവൻ വേദവിരോധിയും ശാപാർഹനുമാണെന്നു ഉറച്ചു പ്രഖ്യാപിക്കുകയും ചെയ്യുന്നു.

''പ്രസവിച്ചാരം മറിയം ദൈവത്തെ
എന്നേല്ക്കാത്തോൻ ശാപാർഹൻ
അവനീശൻ—ഈശന്നാത്മജനും
എന്നേററരുളാത്തോരെല്ലാം
വേദവിരോധികളാകുന്നു.
താതൻ മറിയാമിവരിൽ നി-
ന്നാദിയതില്ലാതിഹകാലേ
വന്നൊരുവന്ദ്യൻ സുതനൊന്നെ-
ന്നേല്ക്കാതുള്ളോൻ ശാപാർഹൻ''

(മെനഓലം. ബുധൻ സന്ധ്യ pg. 127-128)

ഗബ്രിയേൽ മാലാഖയുടെ വചനിപ്പനുസരിച്ച് കന്യകമറിയാം ദൈവതിരുമനസ്സിനു് സ്വയം അർപ്പിക്കുന്നു. തദവസരത്തിൽ വചനമായ ദൈവം മറിയാമിൻെറ കന്യാത്വത്തിനു ഭംഗംവരാത്തരീതിയിൽ അവളുടെ ഉദരത്തിൽ പ്രവേശിച്ചുവെന്നും ശ്രോത്രത്തിലൂടെയാണു് അതു നിർവ്വഹിച്ചതെന്നും വിശ്വസിക്കപ്പെടുന്നു.

''തൻ ദയയീന്നിഷ്ടം പോലുദരേ
വന്നുവസിച്ചവനേ സ്തുതിതേ!
സ്തോത്രം തേ-മാതിൻ കന്യാത്വം
ഭഞ്ജിക്കാതിഹവന്നവനെ
അടിയാർ രക്ഷയ്ക്കായ് സ്വയമായ്
താഴ്ന്നങ്ങേ താതനു് സുതരും
റൂഹാതന്നനുബന്ധിതരും
ആയിട്ടടിയാരെമാററാൻ
നരനായവനെ സ്തോത്രംതേ!

(മെനഓലം ബുധൻ പ്രഭാതം പേജ് 127)

''ദാവീദിൻ സുതയെ നിന്നെ
എങ്ങിനെ വിളിച്ചെയ്‌വേൻ
എന്നൊരു നാമം നൽകീടും

www.malankaralibrary.com



ചൊൽവാനുമശക്തൻ
കന്യകയെങ്കിൽ, പാൽ നുകരും സൂനു,
മാതാവെന്നോ കന്യകയല്ലോ നീ
അതിനാൽ ദൈവാംബികയെന്നായ്
നിന്നെ വിളി ചെയ്‌വേൻ
താർക്കികരും വിജ്ഞാനികളും ലജ്ജിച്ചീടട്ടെ
ഹാ—ശപ്തൻ ശോധിപ്പാൻ''

(മെനഓലം ....തിങ്കൾ രാത്രി ഒന്നാംകൗമ്മാ പേജ് 18)

''കന്യക ദൈവത്തെപ്പെററാം
സന്ദേഹിച്ചീടിൽ
സത്യമതിന്നന്യൻ
ചിന്തയതിൽ സംശയമേറിൽ
യൂ-ദാ-പോൽ നരകം പൂകും....

(മെനഓലം....തിങ്കൾ രാത്രിഒന്നാംകൗമ്മാ പേജ് 17)

''പാവനയാം കന്യകതൻ പരിപാവനഗർഭേ
നിന്നുമുദിപ്പാൻ മനസ്സായൊരു ദൈവസുതാ-
സ്തോത്രം
ശ്രോത്രത്താലവളേററവനെ മുദ്രിതയുദരെ
ആഗമനാലജ്ഞാനികളെ ലജ്ജാകുലരാക്കി
''സ്തോത്രംതേ തവതാഴ്മയ്ക്കായ്
സ്തോത്രംതേ മാനുഷനായവനേ
സ്തോത്രം സഭതൻരക്ഷകനായ് സ്തോത്രംപാടുന്നു''

(ശുബഹോ .. ബുധൻ സന്ധ്യ പേജ് 148)

''മുൾമരമെരിയാതെരിതീതൻ നടുവിൽ
കണ്ടതുപോൽ
ചിന്മയനമ്മറിയാമ്മിൽ വസിച്ചു ശരീരം പൂണ്ടു
അതിനാൽ ഭംഗവുമാ—കന്യ-
വ്രതമുദ്രയ്ക്കുണ്ടായില്ല''

(ശുബഹോ-തിങ്കൾ പ്രഭാതം പേജ് 84)

''കന്യകയെന്നെവിളിച്ചിന്നാളിൽ ഭാഷിച്ചീടാൻ
വ്രതഹാനിഭവിക്കാത്തവൾചരിതം ശ്രദ്ധിച്ചീടാം.
രണ്ടാം സ്വർഗ്ഗമതാമവളുദരേ ജാതൻവന്നു

www.malankaralibrary.com



ഭൂവിന്നിരുളിനെനീക്കാനവളീണ്ടുദയം ചെയ്തവൻ
ദൈവാത്മജമാതാവായിതീർന്ന നിർദ്ധനപുത്രി
നിർദ്ധനഭൂമിക്കേകിധനമവരാം ജീവൻ നേടാൻ
പിതൃസൗഭാഗ്യനിധികരംപേറും
പടവായ്തീർന്നാരം
ഫലശൂന്യമതായ്തീർന്നൊരുധരയെ ധന്യമതാക്കി.''
(ശുബഹോ....തിങ്കരം രാത്രി പേജ് 71)

ഈ സുന്ദരിയും സുഭഗയും അനുഗൃഹീതയുമായ കന്യകയുടെ ഓർമ്മ സർവ്വലോകങ്ങളിലും സാമോദം സാഘോഷം കൊണ്ടാടപ്പെടുന്നു.

''ഭാഗ്യവതീ, നിന്നോർമ്മയതിൻ ദിനമെത്ര
മോഹനമഭികാമ്യവുമല്ലോ നാനാദിശകളിലും
........'' പള്ളികരം ദയറാകളുമൊന്നായ്-
സ്തുതി പാടുന്നു.
കരയും കടലും മോദമോടെ ഘോഷിച്ചീടുന്നു
(ശുബഹോ....ചൊവ്വാ രാത്രി പേജ് 116)

''വാനിലുമീഭൂമിയിലും—ഹാലേലുയ്യാ
നാനാദിശിയുളവാകണമെ കന്യകയാകും
മറിയാമ്മിന്നായ് നല്ലോർമ്മ ദയറാപള്ളികളിൽ
പാവന പരിശുദ്ധിയെഴുന്നവരം കന്യാതചത്തിൽ
നൃപരാജനിറങ്ങി വസിപ്പാൻ കാരുണ്യം തോന്നി
ഭൂവാനങ്ങളിൽ മാതൃസ്മരണ
തന്നുടെ പ്രാർത്ഥനയെൻ കോട്ടയുമാം
നാഥാ നിൻജനനീസ്മരണേ ചേർത്തീടടിയാരെ.''
(ശുബഹോ....ബുധൻ സന്ധ്യ പേജ് 148)

പരിശുദ്ധ കന്യകമറിയാമിനെ നിരന്തരം വാഴ്ത്തി സ്തുതിക്കുന്നതിന് ഒരു പ്രത്യേക ലക്ഷ്യമുണ്ട്.

''പാവനയാം കന്യേ—സുതനോടർത്ഥിക്കൂ
ശാന്തിയയച്ചിവർമേൽ—കാരുണ്യം ചെയ്വാൻ''
(ശുബഹോ....ബുധൻ സന്ധ്യ പേജ്. 147)

www.malankaralibrary.com



"മേലുയരത്തിൽ അദ്ധ്യാത്മീയന്മാർ നാവുകളും
ധരയിതിലുള്ളോരെല്ലാവംശങ്ങളുമവരം
ചൊന്നതുപോൽ ഭാഗ്യം
നൽകട്ടെയവരക്കായ് സർവ്വേശ്വരനെ
അവളുടെ പ്രാർത്ഥനയാൽ ദയവായ്
ഓർമ്മയെ ബഹുമാനിച്ചോർക്കായ്
ഋണപാപങ്ങരം തൻമോചനമേകീടണമെ"

(ശുബഹോ. വ്യാഴം സന്ധ്യ. പേജ് 192)

"സംയോഗമതെന്യേ ശുദ്ധിയിൽ, ദൈവത്തിൽ
മാതാവായൊരുധന്യേ, നിന്നോർമ്മയതിങ്കൽ
മൃതരായോർക്കാശ്വാസം ജീവിപ്പോർക്കായ്
ശരണവുമുണ്ടായിടുവാനർത്ഥിക്കണമെ"

(ശുബഹോ....വ്യാഴാഴ്ച സന്ധ്യ. പേജ് 197)

"നിൻ പ്രാർത്ഥന കേട്ടയിവർക്കായ്
എല്ലാ-വംശങ്ങളിൽനിന്നുമെടുക്കപ്പെട്ടവളാം
ദൈവജനനീമറിയാമേ
കന്യേ-ഇവർ മേൽ നിൻ പ്രാർത്ഥനയാൽ
കൃപ ചെയ്തീടാൻ
ഏകാത്മജനോടർത്ഥിക്ക"

(ശുബഹോ വെള്ളി സന്ധ്യ പേജ് 237)

ഈ മനോഹരമായ പ്രാർത്ഥനകരം മാർ യാക്കോബിന്റെ അപേക്ഷയോടുകൂടെ നമുക്കു പരിശുദ്ധ മാതാവിന്റെ തൃപ്പാദങ്ങളിൽ സമർപ്പിക്കാം. ഇവിടെ രണ്ട് ബോവൂസാകളാണ് ഉദ്ധരിക്കപ്പെടുക. ആദ്യത്തേത് മറിയാമിനെ ഭാവനാചൈതന്യത്തോടുകൂടെ വിശുദ്ധ ലിഖിതങ്ങളുടെ പശ്ചാത്തലത്തിൽ വർണ്ണിക്കുന്നു, രണ്ടാമത്തേത് ഭക്തജനങ്ങളെ ആഹ്വാനംചെയ്യുകയാണ്, ഈ അമ്മയുടെ ഓർമ്മ ആഘോഷിക്കുന്നതിന്.

"വാഴ്ത്തപ്പെട്ടവളായോരം കന്യേ പ്രാർത്ഥനചെയ്ക
നാഥൻ ഞങ്ങരംമേൽ കാരുണ്യം ചെയ്തീടാനായ്
വരിക സമാധാനത്താലെ നവജീവൻ പേറും
പടവേ സ്വസ്തി! രാജാധീശനികേതനമാം നീ

www.malankaralibrary.com



നീട്ടപ്പെട്ടൊരു ചെങ്കോലുള്ളൊരുദ്യാനം നീ
രഹസ്യം സൂക്ഷിച്ചീടും മന്ദിരമേ, തേ സ്വസ്തി!
വരിക സമാധാനത്താലെ, സൗന്ദര്യം നിറയും
കന്യകയേ! രാജാളിയെ പോററിയ മാടപ്രാവേ!
വൈവാഹികബന്ധം കൂടാത്തൊരു വധുവേ സ്വസ്തി
ലോകത്തിൻ തുറമുഖമേ, വിശ്രമകേന്ദ്രം നീയേ,
ദൈവാത്മജനേ, ഒൻപതു മാസം നിന്നെ വഹിച്ചോറം
പ്രാർത്ഥനയാലെ ക്രോധത്തിൻവഴികറം
മായ്ക്കണമേ''.

(ശുബഹോ വ്യാഴാഴ്ച രാത്രി pg. 210)

''വാഴ്ത്തപ്പെട്ടവളായൊരു
കന്യേ പ്രാർത്ഥന ചെയ്തീടണമെ.
നാഥൻ ഞങ്ങളുടെ മേൽ കൃപചെയ്തീടാൻ.
വിശ്വാസസ്നേഹത്താൽ വരുവിൻ വിവേകികളെ
വാഴ്ത്തപ്പെട്ടവറം മറിയാം ഓർമ്മയെ മാനിച്ചീടാം,
ജാഗരണം പ്രാർത്ഥനയിവയാൽ
ആഘോഷിച്ചീടാൻ
ഭക്തന്മാർക്കായ് പ്രതിഫലം ഏകീടുന്നവളധികം
താവകബഹുമാനത്തിന്നിവരെ ശക്തന്മാരാക്ക
പ്രഭയിൻ മണവറയതിലേയ്ക്കിവരെ പൂകിയ്ക്കണമേ
പ്രാർത്ഥന ഭയം തേടിപ്പെരുനാറം ഘോഷിച്ചിവരെ
നിദ്രിതരേയും നാഥൻ ഈറേർ നിരചേർക്കേണം
ദൈവാത്മജനേ ഒൻപതുമാസം നിന്നെ വഹിച്ചോറം
പ്രാർത്ഥനയാലെ ക്രോധത്തിൻെറ വടികളെ മായിക്ക.

(ശുബഹോ. ശനി രാത്രി ഒന്നാം കൗമ്മാ. pg. 297)

www.malankaralibrary.com



# X

# മലങ്കര സഭയുടെ ആരാധനക്രമം തിരുനാളുകൾ *

പരിശുദ്ധ കന്യകമറിയാമുമായി ബന്ധപ്പെട്ട് പ്രത്യേക തിരുനാളുകളായി ആഘോഷിക്കപ്പെടുന്നവയിൽ മുഖ്യമായും നമ്മുടെ കർത്താവിൻെറ ജനനത്തിരുനാൾ, പെന്തിക്കൊസ്തിത്തിരുനാൾ, ദൈവമാതാവിൻെറ സ്വർഗ്ഗാരോപണത്തിരുനാൾ ഇവ ഉൾപ്പെടുന്നു.

നമ്മുടെ കർത്താവിൻെറ ജനനത്തിരുനാൾ സംബന്ധിച്ചുള്ള സന്ധ്യ, രാത്രി, പ്രഭാതം എന്നീ യാമങ്ങൾക്കുവേണ്ടി ക്രമീകരിക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനകളും ക്രിസ്തുമസിൻെറ പ്രത്യേക ശുശ്രൂഷയുമായി ബന്ധപ്പെട്ട പ്രാർത്ഥനകളും അതീവ മനോഹരങ്ങളാണ്. ഗീതങ്ങളിലൂടെ, പ്രുമിയോൻ സെദറാകളിലൂടെ നമ്മുടെ കർത്താവിൻെറ ദൈവത്വം, മനുഷ്യത്വം മനുഷ്യവംശത്തിൻെറ വീഴ്ച, രക്ഷാകരപദ്ധതിയുടെ ആരംഭം, പരിശുദ്ധ കന്യാമറിയത്തിൻെറ തെരഞ്ഞെടുപ്പ്, അവളുടെ പാപമില്ലായ്മ, കന്യാത്വം ദൈവതിരുമനസ്സിനോടുള്ള അവളുടെ പരിപൂർണ്ണമായ കീഴ്വഴക്കം, ഇവയെല്ലാം ഭാവനാസമ്പന്നമായും പ്രതീകാത്മകമായും വർണ്ണിച്ചിരിക്കുന്നത് വിശ്വാസത്തിൻെറ നീർച്ചാലുകൾ ഏതൊരു പാപിയുടേയും വിശ്വാസിയുടേയും ജീവിതത്തെ ധന്യമാക്കുന്നതിന് ഉപകരിക്കുന്ന തരത്തിലാണ്.

ക്രിസ്തുമസിൻെറ സന്ധ്യാപ്രാർത്ഥന ആരംഭിക്കുന്ന എനിയോനോയുടെ ആദ്യത്തെപാദം ഇപ്രകാരമാണ്:

"മാതാവിൻ കന്യാമുദ്രയ്ക്കൂനം
വന്നീടാ-തെ ജാതം ചെയ്തോനെ
ദേവാ കൃപചെയ്തടിയാരിൽ"

* ആണ്ടുതക്സാ. സെൻറ് മേരീസ് പ്രസ്, പട്ടം. 1976

www.malankaralibrary.com



അതുപോലെ മേരീസുതൻ ദൈവസുതൻ തന്നെയാണ്

"ശാശ്വതമാം താതനിൽ നിന്നുത്ഭൂതം
കാലത്തികവിൽ മേരീസുതനായോൻ...."

മലങ്കരസഭയുടെ ആരാധനകളിൽ പ്രത്യക്ഷപ്പെടുന്ന സെദറാ എല്ലായ്പോഴും ക്ലിപ്തവും ക്ലിഷ്ടവുമായ വിശ്വാസ പ്രഖ്യാപനമാണ്.

"സാരാംശപ്രകാരം വേർതിരിക്കപ്പെടാൻ പാടില്ലാത്ത മൂന്നു വിശുദ്ധ ക്നൂമ്മാകളിൽ ഒരുവനും പിതാവിനോടും പരിശുദ്ധാത്മാവിനോടും ഒരുമിച്ചു ഏകസത്തയായി സ്ഥിതി ചെയ്യുന്നവനുമായിരിക്കെ, നിർമ്മലയായ കന്യകയിൽ നിന്ന് ജനിച്ചവനും പിതാവിൻെറ ഏകജാതനുമായ ശിശുവേ, നിനക്കു സ്തുതി...."

...."വിശുദ്ധ കന്യകയിൽ നിന്നുള്ള നിൻെറ മനുഷ്യാവതാരത്തെ ആത്മീയ നയനങ്ങളാൽ അവർ മുൻകൂട്ടി കണ്ടു........"

"ന്യായ പ്രമാണത്തിൽ സൂചിപ്പിക്കുകയും ദീർഘദർശിമാർ അറിയിക്കുകയും ചെയ്തവയെല്ലാം ഇന്നു നിറവേറി.

"മുടംപ്പടർപ്പിൽ ജനിച്ചവൻ ഇന്നു കന്യകയിൽ നിന്നു ആവിർഭവിച്ചു. രോമക്കെട്ടിലെ മഞ്ഞുതുള്ളികളാൽ തൻെറ രഹസ്യത്തെ സൂചിപ്പിച്ചവൻ ഇന്ന് ഉദയം ചെയ്തു. ദക്ഷിണദേശത്തുനിന്നുവരുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നവൻ ഇന്നു പ്രത്യക്ഷനായി. 'വലത്തു വശത്തിരിക്കുന്ന പുത്രൻ' എന്നു ദാവീദിനാൽ വിളിക്കപ്പെട്ടവൻ ഇന്നു ജനിച്ചു. ഇന്നു ആശ്വാസവൃഷ്ടി ഉണ്ടാകുകയും കല്ലടാവിൽ സസ്യം മുളയ്ക്കുകയും ചെയ്തു. ഈശായിയുടെ കുററിയിൽ നിന്ന് ഒരു മുള ഇന്നു തളിർത്തുവരികയും ചെങ്കോൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. ഇന്നു നമ്മുക്കായി ഒരു ശിശുജാതനാകുകയും പുത്രൻ നൽകപ്പെടുകയും ചെയ്തിരിക്കുന്നു. ലോകൈകശൂരനെ ഇന്നു കന്യക പ്രവസവിക്കുകയും അത്ഭുതമെന്ന് അവൻ വിളിക്കപ്പെടുകയും ചെയ്തു. യഹൂദിയായിലെ ബേത്ലഹേമിൽ നിന്ന് ജീവൻെറ അപ്പം

www.malankaralibrary.com



ഇന്നു ആവിർഭവിച്ചു. ഇന്നു വാതിലും അതിൽകൂടി പ്രവേശിക്കുന്ന കർത്താവും പ്രത്യക്ഷപ്പെട്ടു. ദിവ്യരഹസ്യങ്ങൾ ഇന്നു നിറവേറി''....

## ഗീതം :

''ദാവീദിന്റെ പുത്രിയായ കന്യക ശിശുവിനെ വഹിച്ചുകൊണ്ടു ജനക്കൂട്ടത്തിൽ നിൽക്കുന്നു. താർക്കികർ അവനെ വലയം ചെയ്തിരിക്കുന്നു. ഒരുവൻ അവനെ പരിശോധിക്കുന്നു. വേറൊരുവൻ അവനെപ്പററി ആരായുന്നു. ഇനി മറെറാരുവനാകട്ടെ, അവൻ ദൈവമാണെന്ന് ഏററു പറയുന്നു.

''ദാവീദിന്റെ പുത്രിയായ കന്യക നിഷ്കളങ്ക സ്നേഹത്തോടുകൂടെ അവളുടെ വിരുന്നുശാലയിലേക്ക് ഇന്നു നമ്മെ വിളിച്ചിരിക്കുന്നു. വരുവിൻ, അവളുടെ വിരുന്നിൽ നമ്മുക്കും സന്തോഷിക്കാം. അവളുടെ ഉദരഫലം ദൈവമാണെന്ന് നമ്മുക്കും അവളോടൊപ്പം ഉദ്ഘോഷിക്കാം. കന്യകയായിതന്നെ സ്ഥിതി ചെയ്തുകൊണ്ടു തന്നെ ശിശുവിനെ പ്രസവിച്ചവൾ സ്ത്രീകളിലാരുണ്ട്? പുരുഷസംസർഗ്ഗം കൂടാതെയുള്ള മാതൃത്വം ആരു ദർശിച്ചിട്ടുണ്ട്? എന്തൊരത്ഭുതം! എന്തൊരതിശയം! താർക്കികർ മൗനമവലംബിക്കട്ടെ.

സ്ലീബാ ആഘോഷസമയത്തുള്ള പ്രാർത്ഥനയിൽ വീണ്ടും വീണ്ടും ഊന്നിപ്പറയുന്നത് ദൈവതിരുക്കുമാരന്റെ തിരുജനനം കന്യാത്വത്തിന്റെ സൗന്ദര്യത്തിനും പരിമളത്തിനും യാതൊരു രീതിയിലും ഭംഗം വരുത്തിയില്ലായെന്നുള്ള സത്യമാണ്.

## എക്ബോ

''ദൈവമാതാവേ, കർത്താവായ ദൈവത്തിൽ നിന്റെ ആത്മാവ് ഉൽക്കർഷം പ്രാപിക്കുകയും മനസ് സന്തോഷിക്കയും ചെയ്തു. എന്തെന്നാൽ നിന്നിൽ നിന്നവതീർണ്ണനായ വചനമായ ദൈവം ജനനത്തിനുശേഷം നിന്നെ കന്യാത്വത്തിൽ പരിരക്ഷിച്ചു.'' (pg. 67)

www.malankaralibrary.com



**പ്രാർത്ഥന**

"അനാദ്യന്ത പിതാവിന്റെ പുത്രനും വചനവുമായ കർത്താവേ, തിരുവിഷ്ടപ്രകാരം ജനനത്തിനായി നീ എഴുന്നെള്ളി വന്നു. എന്നാൽ നിന്റെ ജനനം കൊണ്ട് നിന്റെ മാതാവിന്റെ കന്യാവ്രതത്തിനോ മുദ്രയ്ക്കോ നീ ഭംഗം വരുത്തിയില്ലാ. നീ ദൈവം തന്നെയാകുന്നുവെന്നു സംശയ രഹിതമായി ഗ്രഹിക്കുവാൻ ഞങ്ങൾക്കു കൃപ നൽകണമെ." (pg. 67)

പ്രഭാത നമസ്ക്കാരത്തിൽ ഒരിക്കൽകൂടി വിശ്വാസികളെ സഭ പ്രാർത്ഥന വഴി മനുഷ്യാവതാരത്തിന്റെ മഹൽ രഹസ്യത്തെക്കുറിച്ചു അനുസ്മരിപ്പിക്കുന്നു.

"സഹോദരങ്ങളെ, വചനമായ ദൈവം മറിയാമ്മിൽ വസിച്ചുശരീരിയായി എന്നത് ഒരു മഹാത്ഭുതമാകുന്നു. അവൻ ശ്രവണം വഴി ആത്മീയമായി പ്രവേശിച്ചതിനാൽ അവൾക്കു യാതൊരു ഭംഗവുമുണ്ടായില്ല. അവൻ ഉദരത്തിൽ വച്ചു ശരീരം ധരിക്കുകയും ആ ശരീരത്തോടുകൂടെ പ്രത്യക്ഷനാകുകയും ചെയ്തു. അവനു തിരുമനസ്സായി അവളിൽ നിന്നു ജനിക്കുകയും അവളുടെ കന്യാത്വമുദ്ര പരിരക്ഷിക്കുകയും ചെയ്തു, മാതാവിൽകൂടിയുള്ള അവന്റെ ഉത്പാദനം അത്ഭുതകരവും ജനനം അത്യാശ്ചര്യകരവുമാകുന്നു. എഴുന്നെള്ളിവരികയും നമ്മിൽനിന്നു സ്വീകരിച്ച ശരീരം വഴി നമ്മെ രക്ഷിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു" (pg. 91).

**എത്രോ**

"വിത്തും നനവും കൂടാതെ അത്ഭുതകരമായി മുളച്ചു വരുന്ന സസ്യംപോലെ മറിയാമാകുന്ന ദാഹാർത്തയായ ഭൂമിയിൽ നിന്നുണ്ടായ നിർമ്മലനാവും അനുഗൃഹീതഫലവും പരിമളവുമായ കർത്താവേ......."

മറിയാമിന്റെ കന്യാത്വത്തെ സൂചിപ്പിക്കുന്നതാണ് "ദാഹാർത്തയായ ഭൂമി"യെന്നു പറയപ്പെടുന്നത്. വിത്തും നനവും കൂടാതെ എന്ന സൂചന പുരുഷബീജമോ സംയോഗമോ കൂടാതെ എന്ന അർത്ഥത്തിലാണ്. എത്ര മനോഹര

www.malankaralibrary.com



മായിട്ടാണ് നമ്മുക്ക് വിശ്വാസത്തിൻെറ മഹാ രഹസ്യങ്ങൾ വ്യക്തമാക്കിത്തന്നിട്ടുള്ളതെന്നോർക്കുമ്പോൾ നന്ദിനിറഞ്ഞ ഹൃദയങ്ങളോടുകൂടെ ദൈവത്തെ നാം സ്തുതിക്കണം.

### പെന്തിക്കോസ്തിയുടെ ശുശ്രൂഷ

മൂന്നാം ഭാഗത്ത് പരിശുദ്ധ മാതാവിനെക്കുറിച്ചുള്ള അനുസ്മരണയുണ്ട്. ഇപ്രകാരമാണ് പ്രാർത്ഥന: "രാജ്ഞി, മാതാവേ, കന്യകകളുടെയെല്ലാം പരിവേഷമേ, നിനക്കു സമാധാനം, സംസാരിക്കുവാനും പാടുവാനും പാടവമുള്ള യാതൊരു നാവിനും യോഗ്യമാംവിധം അങ്ങയെ പുകഴ്ത്തുവാൻ പ്രാപ്തിയില്ല. വർണ്ണനാതീതമായ അങ്ങയുടെ ഗർഭധാരണത്തെ മനസിലാക്കുവാൻ ശ്രമിക്കുന്ന ഏതൊരു മനസ്സും നിഷ്പ്രഭമായിപ്പോകുന്നു.

ദൈവം പരിപാലിച്ചു വളർത്തിയ കന്യക നൈർമ്മല്യം നേടി; പിതാവിൻെറ വലത്തു ഭാഗത്തിരിക്കുന്ന പുത്രൻ മുഖാന്തരം മൺമയരായ നമ്മുടെ വർഗ്ഗത്തിനു അവൾ പുതുജീവൻെറ ഔഷധമായിത്തീർന്നു" (pg. 303)

## ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ പെങ്കീസാ നമസ്കാരങ്ങൾക്കുള്ള പ്രുമിയോൻ*

***ദൈവമാതാവിൻെറ വാങ്ങിപ്പിൻെറ ഓർമ്മ***

### പ്രുമിയോൻ

"തൻെറ ഇഷ്ടത്താൽ പരിശുദ്ധ കന്യകയുടെ ഗർഭത്തിൽ ഇറങ്ങി വിവാഹബന്ധമുണ്ടാകാത്ത അവളുടെ നിർമ്മലകന്യാവ്രതത്തിനും ഭംഗം വരാതെ അവളിൽ ജനിക്കുകയും അവളെ സത്യവിശ്വാസികൾക്ക് കീഴ്പെടാത്ത കോട്ടയും അഭിമാനപാത്രവുമാക്കുകയും....." (pg. 232 സന്ധ്യ)

### സെദറാ

"ഭാഗ്യപൂർണ്ണയും പരിശുദ്ധതയുടെ അറയുമായിരിക്കുന്ന നിർമ്മലകന്യകയായിരിക്കുന്ന മാതാവേ, നിൻെറ സു

* Second Edition Nalatha Printers, Fr. K. Vigherghse.

www.malankaralibrary.com



കൃതങ്ങളെ വർണ്ണിപ്പാൻ ഏതൊരു വായിയ്ക്കോ ഏതൊരു നാവിനോ കഴിയും? നിന്നിൽനിന്നും അവതാരം ചെയ്ത ദൈവത്തിനു നീ മാതാവായിത്തീർന്നു. സ്തുത്യമായ നിന്റെ മഹിമയെ പ്രസ്താവിപ്പാൻ ഞങ്ങളുടെ ബോധം മയങ്ങുന്നു, വിവേകം ദ്രവിക്കുന്നു. നീ രണ്ടാമത് ഒരു സ്വർഗ്ഗവും ഹെസക്കിയേൽ കണ്ട ജഡികരഥവുമാകുന്നു. ഖെറുബുകളുടെ നിയന്താവിനെ ജഡപ്രകാരം നിന്റെ മടിയിൽ ആഘോഷിച്ചു വളർത്തി. സ്ഫടികസിംഹാസനമെന്നവണ്ണം നീ തന്നെ വഹിപ്പാൻ ഇഷ്ടപ്പെട്ടതുകൊണ്ട് നിന്റെ ഉൽകൃഷ്ട ഭംഗിയിൽ മാലാഖമാരും പ്രധാന മാലാഖമാരും വിസ്മയിക്കുന്നു. പുത്രനോടൊന്നിച്ച് സ്വർഗ്ഗത്തിൽ വിശ്രമിപ്പാൻവേണ്ടി താതന്റെ നിയോഗത്താലും കൃപയാലും തന്റെ സന്നിധിയിലേക്ക് നീ നീക്കപ്പെട്ടു. ഇന്ന് സ്വർഗ്ഗീയസേനകളുടെ കൂട്ടങ്ങൾ വലിയ സന്തോഷത്തോടെ ഉച്ചത്തിൽ പാടിപ്പറയുന്നതാവിത്, രണ്ടാം സ്വർഗ്ഗമേ! സമാധാനത്തോടെ വരിക. അത്യുന്നതമായ ദൈവികസിംഹാസനമേ! സമാധാനത്തോടെ വരിക! ദൈവത്തെ വഹിച്ച ഉദരമേ! സമാധാനത്തോടെ വരിക. ആന്തരീയ മുൾപ്പടർപ്പേ! സമാധാനത്തോടെ വരിക. ഏലീശായുടെ പുതിയ കുടമേ, സമാധാനത്തോടെ വരിക. അഗ്നിശോഭിതദീപസ്തംഭമേ, സമാധാനത്തോടെ വരിക! ആദാമിന്റെ സ്രഷ്ടാവിനെ വഹിച്ച ഹവ്വായുടെ മകളേ, സമാധാനത്തോടെ വരിക! ഇന്നു ജഡപ്രകാരം നിന്നിൽ ജനിച്ച ദൈവം നിന്റെ സന്നിധിയിലേക്ക് നിന്നെ കൊണ്ടുപോകുന്നതിന് ഇഷ്ടപ്പെട്ടു. (pg. 233)

## എത്രോ

"സവിശേഷപരിമളങ്ങളുടെ ഭൂമിയിൽനിന്നും ലോകത്തിലേക്ക് അയയ്ക്കപ്പെടുകയും നിർമ്മലകന്യകയുടെ പരിശുദ്ധ ഗർഭപാത്രമാകുന്ന പാവന ധൂപകലശത്തിൽ വയ്ക്കപ്പെടുകയും തന്റെ സുഗന്ധവാസനയാൽ എല്ലാ ഭാഗങ്ങളേയും ആനന്ദിപ്പിക്കുകയും ചെയ്ത മേൽത്തരപരിമളാദികളുടെ ശ്രീഭണ്ഡാരമായിരിക്കുന്ന കർത്താവേ, നിന്റെ മഹത്തരസ്നേഹത്തിന്റെ പരിമളവാസനയാൽ ഞങ്ങളുടെ ആത്മാക്കളെ മോദിപ്പിക്കണമെ....". (pg. 235)

www.malankaralibrary.com



## രാത്രി ഒന്നാം കൗമ്മാ

''വിനീതയായ ദാവീദ്പുത്രിയെ തനിക്കായി തെരഞ്ഞെടുത്ത പ്രകൃത്യാ അത്യുന്നതവാനും തന്റെ ദാസിയുടെ താഴ്മയെ കണ്ടു തന്റെ ശ്രേഷ്ഠതയ്ക്ക് അവളെ മണവറയാക്കുകയും തന്റെ മാതാവിന്റെ ഓർമ്മ ആകാശത്തിലും ഭൂമിയിലും ബഹുമാനിക്കുകയും....''. (pg. 235)

## സെദറാ

''....നിന്റെ പ്രവർത്തനത്തിനു കാരണമായ മാതാവിന്റേയും വചനാതീതമായ നിന്റെ ഗർഭോല്പാദനത്തിന്റേയും മനുഷ്യപ്രകൃതിയുടേയും ഓർമ്മയെ ലോകമെങ്ങും നീ ആഘോഷിച്ചു പുകഴ്ത്തി. മനുഷ്യരുടെ വായിൽ നീ സ്തോത്രങ്ങളും പുകഴ്ചകളും നിറച്ചു. അവർ മാതാവിനെ ശ്ലാഘിക്കുകയും അവളുടെ മഹിമയെ കീർത്തിക്കുകയും ചെയ്യുന്നു. അവാംക്ക് ഭാഗ്യം കൊടുത്ത് അവളിൽ ചെയ്യപ്പെട്ട അത്ഭുതത്തിൽ സൂക്ഷിച്ചു നോക്കുന്നു. സാക്ഷാൽ കന്യക ഒരു പ്രജയെ ഉാംക്കൊണ്ടിരിക്കുന്നു. വിവാഹബന്ധമുണ്ടാകാത്തവാം തന്റെ കുട്ടിയെ വാത്സല്ല്യിക്കുന്നു. (pg. 236)

## പ്രുമിയോൻ

പുരുഷനെ അറിയാത്തവാം തന്റെ ശിശുവിനെ മുലകുടിപ്പിക്കുന്നു. അവളുടെ കന്യാവ്രതമുദ്ര സുരക്ഷിതമായിരിക്കുന്നു. അവാം സ്വന്ത കുഞ്ഞിനെ താലോലിക്കുന്നു. തന്റെ ഗർഭം അടഞ്ഞതായിരിക്കുന്നു. തന്റെ മുലയിൽ പാൽ നിറഞ്ഞിരിക്കുന്നു. അവാം പുരുഷസ്പർശനം കൂടാതെ മാതാക്കന്മാരിൽ ചേർന്നിരിക്കുന്നു. തന്റെ പുത്രനു കന്യാവ്രതഫലത്തിന്റെ പാൽ കൊടുക്കുന്നു. ദൈവമെന്ന നിലയിൽ അവനെ അവാം വണങ്ങുന്നു. അനവരതം സ്തുതി സ്വീകരിച്ചുകൊണ്ടിരിക്കുന്നവൻ അടങ്ങി ഉറങ്ങുന്നതിനു തന്റെ മടിയിൽ അവാം അവനെ താരാട്ടുപാടുന്നു......'' (pg. 236)

www.malankaralibrary.com



**രാത്രി രണ്ടാം കൗമ്മാ**

**പ്രുമിയോൻ**

"തൻെറ മാതാവിൻെറ ഓർമ്മ എല്ലാ തലമുറകളിലും വലുതാക്കിയ വന്ദ്യജാതനും കന്യാവ്രത മാറിൽനിന്നും മുളച്ചുണ്ടായ മഹത്തര ഫലവും എല്ലാ ഭാഗങ്ങളിലും തൻെറ മാതാവിൻെറ പെരുനാളുകളെ ആഘോഷിക്കുകയും അവളുടെ ശ്രേഷ്ഠതകളെ എല്ലാ സൃഷ്ടികളിലും പുകഴ്ത്തുകയും മഹത്തരമായ അവളുടെ പെരുനാളിൻെറ സന്തോഷം സർവ്വ ജാതികളിലും വർദ്ധിപ്പിക്കുകയും ചെയ്ത ദൈവപുത്രനുമായ കർത്താവിനു സ്തുതി........ (pg. 238)

**സെദറാ**

"സകലത്തിലും ഉൽകൃഷ്ടയും സുകൃതയുമായിരിക്കുന്ന നിർമ്മല കന്യകയും സത്യദൈവത്തിൻെറ മാതാവുമായ മാതാവേ! നിൻെറ പുകഴ്ചകളെ കീർത്തിപ്പാൻ ആരുടെ നാവിനു പ്രാപ്തിയുണ്ട്? നീതിയുടെ സൂര്യനും ആന്തരീയ പ്രകാശവുമായവനെ നീ പ്രസവിച്ചു! ജീവൻെറ ഉറവയും അനുഗൃഹീതവയലുമാകുന്നു. നിൻെറ ശരിയായ ദൃഷ്ടാന്തം അദൃശ്യസംഗതികളെ ദർശിച്ചവരാൽ രൂപീകൃതമായി. .... ജഡീകരഥമേ, നീ ഭാഗ്യവതിയാകുന്നു. ഹെസക്കിയേലിൻെറ നാഥൻ നിൻെറ ഗർഭത്തിൽ വസിപ്പാൻ തൃപ്തനായി. ........ഏശായാ ദർശിച്ച സ്വർഗ്ഗീയ സിംഹാസനമെ നിനക്കു ഭാഗ്യം. ........ആന്തരീയ മുഠപ്പടർപ്പേ, നിനക്കു ഭാഗ്യം. ദൈവികവും പാപവിനാശകവുമായ അഗ്നി നിന്നിൽനിന്നും അങ്കുരിച്ചു. അഹറോന്യദണ്ഡേ, നിനക്കു ഭാഗ്യം. സ്വർഗ്ഗീയഫലം നിന്നിൽനിന്നും മുളച്ചു സംയോജിപ്പിൻെറ ധൂപമായിത്തീർന്ന സ്വർണ്ണചെപ്പേ! നിനക്കു ഭാഗ്യം. നഷ്ടപ്പെട്ടുപോകത്തക്ക മന്നായ്ക്കു പകരം സ്വർഗ്ഗീയ അപ്പം നിന്നിൽ കാണപ്പെട്ടു. ജീവശക്തിയുള്ള ഇത് ഭൂലോകത്തിൻെറ ക്ഷാമത്തിനു പരിഹാരമുണ്ടാക്കി. ഗിതയോന്യരോമക്കെട്ടേ, നിനക്കു ഭാഗ്യം. നിന്നിൽ കുളിർമഞ്ഞു കാണപ്പെടുകയും അതു ലോകത്തിൻെറ ദാഹം ശമിപ്പിക്കയും ചെയ്തു. പരിശുദ്ധത നിറഞ്ഞിരിക്കുന്ന ദീപസ്തംഭമേ നിനക്കു ഭാഗ്യം. സകല സൃഷ്ടിയേയും ശോഭിപ്പിക്കുന്ന അനാ

www.malankaralibrary.com



ദ്യന്ത പ്രകാശം നിന്നിൽ ശോഭിതമായി. പരിമളങ്ങളുടെ തോട്ടമേ, നീ ഭാഗ്യമുള്ളവളാകുന്നു. വാഴ്ത്തപ്പെട്ട ഔഷധവും സ്വർഗ്ഗീയ കതിരും നിന്നിൽ മുളച്ചുണ്ടായി. സ്വർഗ്ഗത്തിൻെറ വാതിലും യാക്കോബിൻെറ ദൈവത്തിൻെറ കൂടാരവുമേ, നീ ഭാഗ്യവതിയാകുന്നു. ലോകത്തിൻെറ പാപംവഹിക്കുന്ന ജീവകര കുഞ്ഞാടിനെ അത്ഭുതകരമായി പ്രസവിച്ച വാഴ്ത്തപ്പെട്ട പെണ്ണാടേ, നീ ഭാഗ്യവതിയാകുന്നു. ദാഹിച്ചിരുന്ന ആത്മാക്കളിന്മേൽ ദൈവീകമഴയെ വീഴ്ത്തിയ സൂക്ഷ്മതര മേഘമേ, നീ ഭാഗ്യവതിയാകുന്നു. ഇസ്രായേലിൻെറ ദൈവം അതിൽ പ്രവേശിച്ചു വസിച്ചു. എങ്കിലും തുറക്കപ്പെടാതെ അടച്ചിരുന്ന വാതിലേ, നീ ഭാഗ്യവതിയാകുന്നു. കൈകരം കൂടാതെ തന്നിൽനിന്നും സ്വർഗ്ഗീയ കല്ല് വെട്ടി എടുക്കപ്പെട്ട പരിശുദ്ധ പർവ്വതമേ, നീ ഭാഗ്യവതിയാകുന്നു....'' (pg. 239)

**പ്രഭാതം**

## പ്രുമിയോൻ

"മരണമുള്ള മാതാവിനെ പരിശുദ്ധാത്മാവിനാൽ പ്രകൃത്യാതീതമായി ശുദ്ധീകരിച്ച് അവളെ സകല പുണ്യത്തിനും വിശുദ്ധിക്കും വാസസ്ഥലമാക്കിക്കൊണ്ട് അവളിൽനിന്നു ജനിച്ചവനും........'' (pg. 241)

**സെദറാ**

എല്ലാ പ്രകാരേണയും സ്തുത്യയായ ദൈവജനനീ,....

**എത്രോ**

ദിവ്യവും പാവനവുമായ തൻെറ കൈകളാൽ രക്ഷയുടെ പരിചാരികയായ തൻെറ മാതാവിൻെറ ആത്മാവിനെ സ്വീകരിച്ച് സ്വർഗ്ഗരാജ്യത്തിലേക്ക് കൊണ്ടുചെന്നു.

മൂന്നാം മണി

**സെദറാ**

''പരിശുദ്ധാത്മാവിനാൽ ആദ്യമെ ശുദ്ധീകരിക്കപ്പെട്ട നിർമ്മലയായ കന്യക മാതാവിൻെറ ഗർഭപാത്രത്തിൽ താൻ ആവസിച്ചു് അവളിൽനിന്നു മനുഷ്യനായി പിറന്നു.

www.malankaralibrary.com



താൻ ആവസിച്ച് അവളിൽനിന്നു മനുഷ്യനായി പിറന്നു. തൻനിമിത്തം അവരം പരിശുദ്ധയും മഹത്വമുള്ളവളും ദൈവമാതാവും ആകുന്നു. ഇതു വെറും ഊഹമോ, മായയോ അല്ലായിരുന്നു. പിന്നെയോ സത്യം മാത്രമായിരുന്നു. മാതാവു സ്വർഗ്ഗത്തെക്കാരം ഉയർന്നവളാകുന്നു...... .......ദൈവിക ദൃഷ്ടാന്തങ്ങളെ ശുശ്രൂഷിച്ച പ്രവാചകന്മാരാൽ ഇവരം മാത്രം ദൈവത്തിൻെറ മാതാവെന്നു വിളിക്കപ്പെട്ടു. ഇവരംക്കു ഭാഗ്യം ചൊല്ലാൻ ഭൂമിയിലെ എല്ലാ ഗോത്രങ്ങളും മതിയായവയല്ല..................."സദാ കന്യകയായ നിൻെറ വിശുദ്ധ മാതാവിൻെറ പെരുനാളുകളെ സ്നേഹത്തോടെ അനുഷ്ഠിച്ച് ഇഹത്തിൽനിന്നും പിരിഞ്ഞുപോയിട്ടുള്ളവർക്കു പാപവിമോചനം നൽകേണമെ.

## എത്രോ

"പുരുഷസ്പർശനം കൂടാതെ ലോകത്തിൻെറ രക്ഷകനെ ഗർഭം ധരിച്ച് സൃഷ്ടികളുടെ രക്ഷകനെ പ്രസവിച്ച് യുഗങ്ങളെ സംരക്ഷിക്കുന്നവനെ മുല കുടിപ്പിച്ച്, മഹത്വത്തിൽ കർത്താവിനെ വളർത്തി, ലോകങ്ങളെ വഹിച്ചിരിക്കുന്നവനെ വഹിച്ച്, മഹത്വവാനായ രാജാവിനെ താലോലിച്ച് കന്യക മണവാട്ടിയായ മാതാവേ......."

## ദൈവമാതാവിനോടുള്ള അറിയിപ്പിൻെറ ഞായർ *

## പ്രാർത്ഥന

ദൈവമാകുന്ന കർത്താവേ, നിൻെറ വരവിനെക്കുറിച്ചും ദാവീദിൻെറ പുത്രിയോടു വചനിച്ച ദൂതനോടൊന്നിച്ചു് നിന്നെ സ്തുതിപ്പാനും നിൻെറ പിതാവിനോടൊന്നിച്ചു് സ്ഥിതി ചെയ്തുകൊണ്ടു് ആരുടെ ഗർഭത്തിൽ നീ വസിച്ചുവോ, ആ കന്യകയോടൊന്നിച്ചു നിന്നെ പുകഴ്ത്തുവാനും നിൻെറ ഉല്പാദനസംഗതിയുടെ രഹസ്യം അറിഞ്ഞ നീതിമാനൊടൊന്നിച്ച് നിന്നെപ്പററി അതിശയിപ്പാനും....... ഞങ്ങളെ യോഗ്യരാക്കണമെ."

---

* കൂദോശ് ഈത്തോ ഞായറാഴ്ച മുതൽ ആനീദേ ഞായറാഴ്ച വരെയുള്ള പെങ്കീസാ നമസ്കാരങ്ങളിലെ പ്രുമിയോൻ, സെദറാകരം. നി. വ. ദി. ശ്രീ. മാർ തിമത്തിയോസ് 1948 പരിഭാഷ.

www.malankaralibrary.com



## പ്രുമിയോൻ

"താൻ ഇറങ്ങിവന്നു് അവളുടെ വിശുദ്ധ ഗർഭപാത്രത്തിൽ വസിക്കയും തന്റെ സ്ഥിതിക്കു വ്യത്യാസം വരാതെയും അവളിൽ നിന്നുള്ള ജനനം മൂലം മാതാവിന്റെ കന്യാവ്രതമുദ്രയ്ക്കു ഹാനി വരാതെയും ശരീരിയായിത്തീരുകയും ചെയ്തു."

## സെദറാ

"……..മാലിന്യമില്ലാത്തവളും വിവാഹസ്പർശത്തിൽ പെടാത്തവളുമായ നിന്റെ മാതാവിനോട് മഹത്തരവും സുഗ്രാഹ്യമല്ലാത്തതുമായ നിന്റെ ഗർഭോല്പാദനത്തെ അറിയിപ്പാൻ ……..ഗബറിയേലിനെ നീ കല്പ്പിച്ചയച്ചു. '…. കന്യകമാതാമിന്റെ നിർമ്മലഗർഭകൊട്ടാരത്തിൽ നീ കടന്നു വസിച്ചു. ഇങ്ങനെ അവളിൽനിന്നും നീ രണ്ടാം ജനനമെടുത്തു് രണ്ടാം ആദാമായി ഗോത്രങ്ങളെയും കുടുംബങ്ങളെയും ഉത്ഭവമാക്കുന്ന നീ കന്യകയിൽ നിന്നും ജനിച്ചതുകൊണ്ട് സ്ത്രീകളുടെ ഗണത്തിനു ബഹുമാനവും മഹത്വവും ഉണ്ടെന്നു കാണിച്ചു.

"……..ആകാശത്തിലെ മഞ്ഞുപോലെ, അപരിമിതനായ പിതാവിന്റെ വചനത്തെ സ്വീകരിച്ച വാഴ്ത്തപ്പെട്ട രോമക്കെട്ടേ, നിനക്കു സമാധാനം……..അശരീരിയായവനെ തന്റെ ഉദരത്തിൽ അടക്കിയ മൺപാത്രമേ, നിനക്കു സമാധാനം…….. മനുഷ്യകരങ്ങൾ കൂടാതെ തന്നിൽനിന്നും കല്ലായവൻ വെട്ടിയെടുക്കപ്പെട്ടു എന്ന പരിശുദ്ധ പർവ്വതമെ, നിനക്കു സമാധാനം……..സ്വർഗ്ഗീയ ആദാം തന്നിൽനിന്നു പുറപ്പെട്ട, മൺമയനായ ആദാമിന്റെ സ്വരൂപമെ, നിനക്കു സമാധാനം കേടില്ലാത്ത മരം കൊണ്ട് ചെയ്യപ്പെട്ട നിയമത്തിൻ പെട്ടകമെ, നിനക്കു സമാധാനം.

"….ആദ്യമെ സന്തോഷവാർത്താദൂതനായ ഗബറിയേലിനെ പിതൃസന്നിധിയിൽ നിന്നും നീ അയച്ചു. സന്തോഷവും ആനന്ദവും നിറഞ്ഞ തിരുവെഴുത്ത് എഴുതിക്കിട്ടിയപ്പോൾ ആത്മചിറകുകളാൽ അതിനിമിഷം, മുദ്രിതമായ എഴുത്തുംകൊണ്ട് അവൻ പറന്നിറങ്ങി."

(രാത്രി ഒന്നാം കൗമ്മാ സെദറാ (pg. 63)

www.malankaralibrary.com



"....അവൻ ഒന്നാമത്തെ ഹവ്വായ്ക്കുണ്ടായ അപകടവചനിപ്പിനുപകരം കന്യകയ്ക്കു സമാധാനവചനിപ്പു നൽകി സന്തോഷിച്ചു...."

(രണ്ടാംകൗമ്മാ സെദറാ pg. 66)

"....കൃപനിറഞ്ഞവളേ, നിനക്കു സമാധാനം. ബലവാനായ കർത്താവ് നിന്നോടുകൂടെ. സകല സൃഷ്ടിയുടേയും നാഥൻെറ വാഴ്ത്തപ്പെട്ട മാതാവേ, നിനക്കു സമാധാനം. പ്രസവത്തിനു മുമ്പും പിമ്പും കന്യകയായിത്തന്നെ സ്ഥിതിചെയ്ത മാതാവേ! നിനക്കു സമാധാനം ..................
.......ലോകത്തിൻെറ കയ്പിനെ പരിഹരിച്ച രുചികരമായ ലവണമെ നിനക്കു ഭാഗ്യം. സകല നിബിയന്മാരുടെയും നാഥനെ പ്രസവിച്ച ദീർഘദർശിനിയെ നിനക്കു ഭാഗ്യം. ലോകത്തിൻെറ ദാഹത്തെ തീർത്ത കരുണാനദിയെ! നിനക്കു ഭാഗ്യം........ഏദൻതോട്ടത്തിലേക്കു ഞങ്ങളെ പിന്തിരിപ്പിച്ച അത്യുന്നതപറുദീസായെ! നിനക്കു സമാധാനം.

(മൂന്നാംമണി സെദറാ pg. 74)

"....തന്നിൽ സ്ഥിതി ചെയ്ത നിക്ഷേപത്താൽ സർവ്വലോകത്തേയും ഐശ്വര്യപ്പെടുത്തിയ കപ്പലേ, നിനക്കു സമാധാനം....ലോകത്തിൻെറ പാപം നീക്കംചെയ്യുന്ന ദൈവത്തിൻെറ കുഞ്ഞാടിനെ വഹിച്ച മഹത്തരമായ മുന്തിരിക്കൊടിയേ നിനക്കു സമാധാനം ഉയരത്തിൽ നിന്നും ഇറങ്ങിവന്ന ദൈവമാകുന്ന പനിമഞ്ഞിനെ സ്വീകരിച്ച വാഴ്ത്തപ്പെട്ട രോമക്കെട്ടേ, നിനക്കു സമാധാനം....തൻെറ കന്യാവ്രതമുദ്രയ്ക്കു ഭംഗം വരാതെ തൻെറ നിയോഗത്താൽ സൃഷ്ടിയെ വഹിച്ചിരിക്കുന്നവനെ തൻെറ ഉദരത്തിൽ വഹിച്ച, വിവാഹസ്പർശനത്തിൽപ്പെടാത്ത നിർമ്മലയെ നിനക്കു സമാധാനം. അശരീരിയും പൂർണ്ണദൈവവുമായവനെ പ്രസവിച്ച മൺപാത്രമെ, സമാധാനം....ദാവീദിൻെറ കർത്താവിനെ പ്രസവിച്ച ദാവീദിൻെറ ഫലമെ! സമാധാനം. രണ്ടാം ആദാം തന്നിൽ നിന്നും ഉദിച്ച ആദാമിൻെറ സ്വരൂപമെ, സമാധാനം.

www.malankaralibrary.com



## ഏലിശുബായുടെ അടുക്കലേക്കുള്ള മറിയാമിൻെറ യാത്ര

"കാലങ്ങൾക്കും ലോകങ്ങൾക്കും മുമ്പു പിതാവിൽ നിന്നും ജനിച്ചിരിക്കെ കാലത്തികവിൽ വിവാഹസ്പർശം ഇല്ലാതെ കന്യകയിൽ നിന്ന് അദൃശ്യമായും അവർണ്ണനീയമായും ഉദിച്ച് ഏകജാതനായ വചനമായ ദൈവമെ, നിനക്കു സ്തുതി.

(രാത്രി ഒന്നാം കൗമ്മാ സെദറാ pg. 81)

"....താൻ വന്നു ജഡം ധരിച്ചപ്പോഴും പിതാവിനോടും പരിശുദ്ധ റൂഹായോടും ഒന്നിച്ച് അതിർത്തികളേയും ഭാഗങ്ങളേയും ഭരിച്ചുകൊണ്ടിരുന്നു. തൻെറ ശ്രേഷ്ഠസ്വരൂപത്തിൻെറ രക്ഷയ്ക്കായി ഇറങ്ങിവന്നപ്പോൾ തൻെറ മഹത്വ സിംഹാസനത്തിൽ നിന്നും മാറുകയോ അതിനെ വിടുകയോ ചെയ്തില്ലാ...."

## യൗസേപ്പിനുണ്ടായ വെളിപാട്

"വാഴ്ത്തപ്പെട്ടവളും സ്തുത്യവും നിർമ്മലകന്യകയും പ്രകാശത്തിൻെറ മാതാവും അത്യുന്നതനെ ഉൾക്കൊണ്ടവളും ദൈവത്തിൻെറ കൊട്ടാരവും സ്വർഗ്ഗീയമണവാളൻെറ മണവറയും പിതാവിൻെറ യഥാർത്ഥപ്രീതി പാത്രവും ഭാഗ്യങ്ങളുടേയും സന്തോഷത്തിൻേറയും ഉറവയും "രക്ഷകനെ ആഘോഷിച്ചവളും ഞങ്ങളുടെ കുലത്തിനു സമാധാനം വരുത്തിയവളും അഖിലാണ്ഡത്തിൻെറ കാന്തിയും പ്രകാശവും അലങ്കാരവും ജാതികളുടെ അഭിമാനവും സന്തോഷവും ആഹ്ലാദവും എല്ലാ വിശ്വാസികളുടേയും കിരീടവും പ്രശംസാപാത്രവും മഹത്വവും പുണ്യവതിയും ശുദ്ധിമതിയും കർത്താവിൻെറ അലംകൃതഗൃഹവും, വിനീതയും അഴകു നിറഞ്ഞവളും ജീവൻെറ വചനത്തെ പെററുവളർത്തിയവളും പ്രവാചകന്മാരാൽ ദൃഷ്ടാന്തീകരിക്കപ്പെട്ടിരുന്നവളും, പണ്ടത്തെ തലമുറകളിൽ ഉദാഹരിക്കപ്പെട്ടിരുന്നവളും, നീതിമാനായ നോഹിൻെറ സ്തുത്യപെട്ടകവും മൽക്കിസദേക്കിൻെറ പരിശുദ്ധ കാഴ്ചയും അബ്രഹാമിൻെറ അനുഗൃഹീത സന്തതിയും ഇസഹാക്കിൻെറ പരിമളവാസനയുള്ള വയലും

www.malankaralibrary.com



യാക്കോബിന്റെ ഗോവണിയും മോശയുടെ തങ്കപ്പെട്ടകവും അഹറോന്റെ മന്നാച്ചെപ്പും, അഗ്നി കാളിക്കൊണ്ടിരുന്ന സജീവമുൾച്ചെടിയും യോശുവായുടെ സാക്ഷിസ്തംഭവും ഗിദയോന്റെ മഞ്ഞുനിറഞ്ഞരോമക്കെട്ടും ശ്മൂയേലിന്റെ സഹായക്കല്ലും ഇസ്രായേൽ ഗോത്രങ്ങളുടെ കിണറും ഈശായിസുതന്റെ പ്രൗഢമായ വിശുദ്ധ സ്ഥലവും ഏലീയായുടെ പുതിയ കുടവും എശയ്യായുടെ വരണ്ടഭൂമിയും സഖറിയായുടെ വിശുദ്ധ വിളക്കും, ഹസ്കിയേലിന്റെ അടച്ചിരുന്ന വാതിലും ദാനീയേലിന്റെ ഉയർന്ന പർവ്വതവും ആയിരിക്കുന്ന ദൈവമാതാവേ! സകല സൃഷ്ടിയും നിന്റെ യോഗ്യതയെ യുക്തമാംവണ്ണം പുകഴ്ത്തുന്നു .... ....
.... .... .... .... ....
ഇഹത്തിലെ ഞങ്ങളുടെ വാസകാലത്തൊക്കെയും പ്രിയംകരമായ നിന്റെ പെരുനാളുകളെ എല്ലാ ആത്മീയക്രമത്തിലും അനുഷ്ഠിക്കുകയും മഹത്തരമായി ഘോഷിക്കുകയും ചെയ്യുമാറാകണമെ. നിന്റെ പെരുനാളുകളെ ആഘോഷിക്കുന്നവർക്കായി സമൃദ്ധമായ നൽവരങ്ങളും പൂർണ്ണസഹായങ്ങളും ശാന്തിയും സമാധാനവും സ്നേഹവും ശരിയായ സംരക്ഷയും ജീവന്റെ ശാന്തതയും അടക്കവും വിശുദ്ധിയും സമൃദ്ധിയായ നല്ല ജീവിതവും വലത്തേതിനടുത്ത ആശ്വാസവും പല പ്രകാരത്തിൽ ആരോഗ്യവും നിർമ്മലതയും സൽപ്രവർത്തികൾക്കുള്ള കിരീടവും ജീവിതപ്രകാശവും സ്ഫുടതയും ശരിയായ ഐകമത്യവും ഭിന്നിക്കാത്ത ഒരുമയും സമാധാനപരമായ ഏകബന്ധവും ഫലസമൃദ്ധിയും സകല ഗുണാനുഭവവും സിദ്ധിക്കുമാറാകണമെ. ഇവയ്ക്കുപുറമെ, സമാധാനപരവും ലജ്ജാരഹിതവുമായ നിര്യാണവും ഞങ്ങൾക്കു കിട്ടേണമെ.

(യൽദാ രാത്രി-രണ്ടാം കൗമ്മാ സെദറാ pg. 158)

"....മനുഷ്യാവതാരമുണ്ടായതു തനിക്കുവേണ്ടിയല്ല, പിന്നെയോ മനുഷ്യരോടുള്ള സ്നേഹം നിമിത്തം ഞങ്ങളെ പ്രതിയായിരുന്നു. മറിയാം പരിപൂർണ്ണശരീരത്തിലും അവളുടെ സ്വഭാവത്തിലും പ്രസവിച്ചിട്ടുള്ളവൻ പൂർണ്ണ ദൈവമാകയാൽ അവൾ ദൈവമാതവാകുന്നു. കന്യക പ്രസവത്തെ വിസമ്മതിച്ചില്ല; പ്രസവം അവളുടെ കന്യാവ്രതത്തിനു ഭംഗംവരുത്തിയുമില്ല.

www.malankaralibrary.com



## ദൈവമാതാവിൻെറ പുകഴ്ച

"....മാലിന്യമില്ലാത്തവളും പരിശുദ്ധയുമായ ദൈവ മാതാവിൻെറ പ്രിയതരമായ ഓർമ്മയുടെ പരിശുദ്ധ പെരുനാളിൽ ഞങ്ങൾ സന്തോഷപൂർവ്വം അവളെ പുകഴ്ത്തുന്നു. എന്തെന്നാൽ നിൻെറ കൃപയുടെ വ്യാപാരത്താൽ അവളെ നീ തെരഞ്ഞെടുത്തു. നിൻെറ ശക്തിയാൽ അവളെ ശുദ്ധീകരിച്ചു; പരിശുദ്ധ ദാനത്താൽ ബഹുമാനിച്ചു. നിൻെറ പ്രവേശനത്താൽ അവളെ ഉൽകൃഷ്ടയാക്കി. നിൻെറ ജനനത്താൽ അലങ്കരിച്ചു. അവളുടെ ഗർഭത്തിൽനിന്നുള്ള നിൻെറ ഉദയത്താൽ അവൾ ശ്ലാഘിക്കപ്പെട്ടു. അവൾ നിൻെറ മഹിമയ്ക്കു രഥമായി. ദയാലുവായ നിൻെറ പനിമഞ്ഞിനു മേഘമായി സ്വയംഭൂവായ നിൻെറ ശ്രേഷ്ഠതയെ അവൾ സ്വീകരിച്ചു. അവൾ വിശുദ്ധിയുടെ ഉറവയും നിർമ്മലതയുടെ ഒഴുക്കും കന്യാവ്രതത്തിൻെറ മുദ്രയും പരിപാകതയുടെ നിക്ഷേപവും ഭണ്ഡാഗാരവുമാകുന്നു. അവൾ പ്രകാശത്തിൻെറ ഭവനവും പുതുജീവൻെറ അറയും ഉയരത്തിലെ രാജാവിൻെറ കൊട്ടാരവും സ്വർഗ്ഗീയമണവാളൻെറ മണവറയുമായിത്തീർന്നു. (സന്ധ്യ സെദറാ pg. 192)

"....അവൾ സ്തുതിക്കപ്പെട്ട മഹാപുരോഹിതൻെറ മഹാശുദ്ധസ്ഥലവും സംയോജിപ്പിൻെറ ധൂപവും പരിശുദ്ധസഭയുടെ കിരീടവും സത്യവിശ്വാസികളുടെ പ്രഭയുമാകുന്നു. അവൾ ആദ്യപാപത്തിനു പരിഹാരമാർഗ്ഗവും ദാവീദുഗൃഹത്തിനു ഭരണം കൈവരുത്തിയവളും പ്രവാചകന്മാരുടെ ദൃഷ്ടാന്തങ്ങളെ നിറവേററിയവളും ഉപമകളെ അർത്ഥവത്താക്കിയവളും ജാതികൾക്കു സമാധാനം കൈവരുത്തിയവളുമാകുന്നു. അവളിൽ സ്വർഗ്ഗീയർ സന്തോഷിക്കുന്നു; എല്ലാ വിശുദ്ധന്മാരും ആനന്ദിക്കുന്നു; വിശ്വാസികളെല്ലാം അഭിമാനംകൊള്ളുന്നു. അനുതാപികൾ ധൈര്യം പ്രാപിക്കുന്നു. ഞങ്ങളും അവളുടെ പ്രാർത്ഥനകളിൽ ആശ്രയിച്ച് അവളേയും നിൻെറ ഇഷ്ടന്മാരെല്ലാവരേയും നിൻെറ സന്നിധിയിൽ മദ്ധ്യസ്ഥരായി സമർപ്പിക്കുന്നു..."

(പുകഴ്ച സെദറാ pg. 192)

www.malankaralibrary.com



# XI

# മാർ ഈവാനിയോസും കന്യകമറിയാമിനോടുള്ള ഭക്തിയും

ആധുനിക സഭാചരിത്രത്തിൽ ഏററവും മഹത്തും ബൃഹത്തുമായ പുനരൈക്യപ്രസ്ഥാനത്തിന് രൂപകല്പന നൽകിയ കർമ്മകുശലനും വിചാരവിചക്ഷണനും സർവ്വാദരണീയ സമ്പന്നനുമായ മാർ ഈവാനിയോസ് തിരുമേനി അകമഴിഞ്ഞ മരിയഭക്തനായിരുന്നു. അദ്ദേഹത്തിൻെറ സംഭവബഹുലമായ ജീവിതത്തിലെ പല അനർഘനിമിഷങ്ങളും കന്യകമറിയത്തിൻെറ തിരുനാളുകളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മാർ ഈവാനിയോസ് തിരുമനസ്സിലെ ജനനത്തെക്കുറിച്ച് അദ്ദേഹത്തിൻെറ ജീവചരിത്രത്തിൽ ഇപ്രകാരം പ്രതിപാദ്യമുണ്ട്: "അനേക തലമുറകളിലായി മാതൃകുടുംബത്തിൽ പുരുഷസന്താനങ്ങൾ ഇല്ലാതിരുന്നതിനാൽ ഒരു പുരുഷസന്താനലബ്ധിക്കായി ദൈവഭക്തയായ അന്നമ്മ ജഗദീശസന്നിധിയിൽ കണ്ണുനീരോടുകൂടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പരിശുദ്ധ ദൈവമാതാവിൻെറ മാദ്ധ്യസ്ഥം ഇതിനുവേണ്ടി അവർ അപേക്ഷിക്കുകയും ഗർഭസ്ഥനായ ശിശുവിനെ ദൈവമാതാവിനായി പ്രതിഷ്ഠിക്കുകയും ചെയ്തു. തൽഫലമായി ദൈവമാതാവിൻെറ ജനനത്തിരുനാളിൽത്തന്നെ ഒരോമനശിശുവിനെ ലഭിക്കുന്നതിനുള്ള ഭാഗ്യവും അവർക്കു ലഭിച്ചു. ആയുഷ്പര്യന്തം ദൈവമാതൃഭക്തനായി ജീവിച്ച കഥാപുരുഷൻ ജനിച്ചത് പരിശുദ്ധ കന്യകമറിയത്തിൻെറ പിറവിത്തിരുനാളിലും, ശെമ്മാശ്പട്ടം സ്വീകരിച്ചത് ദൈവമാതാവിൻെറ പുകഴ്ചയുടെ ദിവസവും വൈദികപദവിയിലേക്കുയർത്തപ്പെട്ടത് കന്യകമറിയത്തിൻെറ സ്വർഗ്ഗാരോപണദിവസവും ചരമമടഞ്ഞത് പരിശുദ്ധ കർമ്മലമാതാവിൻെറ പെരുനാളിൻെറ തലേരാത്രിയിലും ആയിരുന്നു എന്നുള്ളത് ഇവിടെ പ്രത്യേകം സ്മരണീയമാണ്"[1].

1. ഫാ. തോമസ് ഇഞ്ചക്കലോടി മാർ ഈവാനിയോസ് Vol. I pg. 21

www.malankaralibrary.com



വൈദികജീവിതാന്തസ്സ് തെരഞ്ഞെടുത്തതു മുതൽ ക്രിസ്തീയസഭയുടെ അടിസ്ഥാനപ്രമാണങ്ങളെക്കുറിച്ചും മനുഷ്യരക്ഷയെക്കുറിച്ചും സഭയ്ക്കും കൂദാശകൾക്കും ക്രിസ്തീയ ജീവിതത്തിലുള്ള സ്ഥാനത്തെക്കുറിച്ചുമെല്ലാം പി. ററി. ഗീവർഗീസ് ശെമ്മാശൻ (മാർ ഈവാനിയോസ്) പ്രബന്ധങ്ങളെഴുതിയിട്ടുണ്ട്; ശ്രദ്ധേയമായ പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്.

"മിശിഹായുടെ മനുഷ്യത്വംവഴിയായിട്ടല്ലാതെ ദൈവത്വത്തിൽ യോജിക്കുന്നതിനു നമുക്കു സാധിക്കുന്നതാണെങ്കിൽ മനുഷ്യാവതാരത്തിൻെറ ആവശ്യം എന്ത്? മനുഷ്യത്വത്തെ ദൈവം സ്വീകരിച്ചതിൻെറ പ്രയോജനമെന്ത്? നമുക്കു ദൈവദത്തമായിരിക്കുന്ന ഈശ്വരാകാംക്ഷ സഫലീകരിക്കുന്നതിനുവേണ്ടി നമ്മെ ദൈവത്തിൽ ചേർക്കുന്നതിനു ദൈവം മനുഷ്യാവതാരം ചെയ്തിട്ടുണ്ടെങ്കിൽ, അതു പത്തൊൻപതു ശതവർഷം മുമ്പ് ബേതലഹേമിൽ വി. കന്യകമറിയത്തിൻെറ പുത്രനായി ജനിച്ചു വളർന്നു, സ്ലീബാമേൽ മരിച്ചു ഉയിർത്തെഴുന്നേററ സാക്ഷാൽ യേശുമിശിഹാതന്നെ ആയിരിക്കാനേ നിവൃത്തിയുള്ളൂ"[2]. ക്രിസ്തീയസഭയുടെ അടിസ്ഥാനപരമായ വിശ്വാസപ്രമാണത്തെ ഉച്ചൈസ്തരം ഘോഷിക്കയാണ് ഗീവർഗ്ഗീസ് ശെമ്മാശൻ. കന്യകമറിയാം ദൈവപുത്രൻെറ അമ്മതന്നെയാണ്, ദൈവമാതാവാണ് എന്നുള്ള വിഖ്യാതമായ എഫേസൂസ് സുന്നഹദോസിൻെറ വിളംബരത്തിൻെറ ചുവടുപിടിച്ചുകൊണ്ട് കുരിശിൽ തൂങ്ങി മരിച്ച് ഉയിർത്തെഴുന്നേററ മിശിഹാതന്നെയാണ് ദൈവപുത്രൻ; അവിടുന്ന് പരിശുദ്ധ കന്യകമറിയാമിൽനിന്നും മനുഷ്യനായി അവതരിച്ചു എന്നു ശെമ്മാശൻ സമർത്ഥിക്കുന്നതിൻെറ ധ്വനി അതാണ്.

ശെമ്മാശനായിരിക്കുമ്പോൾതന്നെ മാർ ഈവാനിയോസ് എല്ലാവരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമാകത്തക്കവിധം ഒരിംഗ്ലീഷ് പ്രബന്ധം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ചരിത്രപരമായ ഒരന്വേഷണത്തിൻേറയും പഠനത്തിൻേറയും പരിസമാപ്തിയാണ് പ്രസ്തുത

2. ഫാ. തോമസ് ഇഞ്ചക്കലോടി മാർ ഇവാനിയോസ് Vol. I pg. 56.

www.malankaralibrary.com



പ്രബന്ധം: "സുറിയാനിക്രിസ്ത്യാനികൾ നെസ്തോറിയരായിരുന്നുവോ?" പാശ്ചാത്യചരിത്രകാരന്മാരിൽ ചിലർ നടത്തിയിട്ടുള്ള പരാമർശങ്ങളേയും പഠനങ്ങളേയും നിശിതമായി വിമർശിച്ചുകൊണ്ടും മാർത്തോമ്മാക്രിസ്ത്യാനികൾ നെസ്തോറിയരായിരുന്നില്ല എന്നു തർക്കമററ രീതിയിൽ സ്ഥാപിച്ചുകൊണ്ടും എഴുതിയിട്ടുള്ള ഈ ഗ്രന്ഥം മലങ്കര സുറിയാനി സഭാചരിത്രപഠനത്തിന് ഒരു മുതൽക്കൂട്ടാണെന്ന് അന്ന് ഏവരും പ്രശംസിച്ചിരുന്നു.

പ്രസ്തുത ഗ്രന്ഥത്തിന്റെ പ്രധാനതന്തു പരിശുദ്ധ കന്യകമറിയത്തെക്കുറിച്ചും യേശുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചുമാണെന്നുള്ളതിന് യാതൊരു തർക്കവുമില്ല. തന്റെ സഭാസേവനത്തിന്റെ ആരംഭത്തിൽതന്നെ തുടങ്ങിവച്ച ഈ മഹത്തായ മരിയൻസേവനം ജീവിതസായാഹ്നത്തിലും അദ്ദേഹം തുടർന്നുവെന്നത് അത്ഭുതജന്യമത്രേ. ഇതേക്കുറിച്ച് അന്യത്ര പ്രതിപാദിക്കുന്നതാണ്.

മാർ ഈവാനിയോസ് തിരുമേനിയെക്കുറിച്ച് അദ്ദേഹത്തിന്റെ മരണാനന്തരം എഴുതിയിട്ടുള്ള ലേഖനങ്ങളിലും പുസ്തകങ്ങളിലുമെല്ലാം പ്രത്യേകം പ്രസ്താവിക്കപ്പെട്ടു കാണുന്നത്, പരിശുദ്ധ കന്യകമറിയത്തോട് അദ്ദേഹത്തിനുണ്ടായിരുന്ന സവിശേഷമായ ഭക്തിയെക്കുറിച്ചാണ്, "മാർ ഈവാനിയോസിന്റെ ആദ്ധ്യാത്മിക ജീവിതം" (The spiritual life of Mar Ivanios) എന്ന പേരിൽ ബഥനി ആശ്രമത്തിലെ പെരിയ ബഹു. ലൂയിസ് മൂലേവീട്ടിലച്ചൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗ്രന്ഥത്തിൽ അഭിവന്ദ്യ പിതാവിന്റെ മരിയഭക്തിയെക്കുറിച്ചു ഒരദ്ധ്യായംതന്നെ രചിച്ചിട്ടുണ്ട്. പല ഉദ്ധരണികളും നിരത്തിവച്ചുകൊണ്ട്, മാർ ഈവാനിയോസ് തിരുമേനിയുടെ ആദ്ധ്യാത്മികതയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകമാണ് "മരിയഭക്തി" എന്നദ്ദേഹം സമർത്ഥിക്കുന്നുണ്ട്.

മാർഗ്ഗരററ് ഗിബ്ബൺസ് എന്ന ഐറിഷ് വനിത മാർ ഈവാനിയോസിനെക്കുറിച്ചെഴുതിയ ഗ്രന്ഥത്തിൽ, അദ്ദേഹത്തിന്റെ മരണാനന്തര ചടങ്ങുകളെക്കുറിച്ചു എഴുതിയ

www.malankaralibrary.com



അദ്ധ്യായം *. ആരംഭിക്കുന്നത് മാർ ഈവാനിയോസിൻെറ മരിയഭക്തിയെ വിവരിച്ചുകൊണ്ടാണ്.

"വ്യാകുലമാതാവിനോടുള്ള പ്രാർത്ഥനയായിരുന്നു അദ്ദേഹത്തിൻെറ അവസാനത്തെ ബോധപൂർവ്വമായ പ്രാർത്ഥന".

"പരിശുദ്ധകന്യക അവളുടെ എല്ലാ മാദ്ധ്യസ്ഥ റോളുകളിലും സദാ അദ്ദേഹത്തിൻെറ മനസിലുണ്ടായിരുന്നു. കലാപരമായ വാസന അദ്ദേഹത്തിൽ കുടികൊണ്ടിരുന്നതു കാരണം, പൗരസ്ത്യസഭകൾക്കു പൊതുവിൽ പ്രതിമകളോടുള്ള മുൻവിധി കണക്കിലെടുക്കാതെ, പരിശുദ്ധ കന്യകയുടെ ഏറ്റം മനോഹരമായ ഒരു പ്രതിമ വാങ്ങി, അദ്ദേഹത്തിൻെറ ഒരു താല്ക്കാലിക ഭവനത്തിനു സമീപം ഒരു കുന്നിൽ സ്ഥാപിച്ചു. പട്ടത്ത് അതിമെത്രാസന അരമനയുടെ കാമ്പസിൽ "പുനരൈക്യത്തിൻ മാതാവ്" എന്ന പേരിൽ അത് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു"

മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടത് 1930 സെപ്തംബർ 20-ാം തീയതിയാണ്. അതേ വർഷം ഡിസംബർ മാസത്തിൽ മാതാവിനെക്കുറിച്ചെഴുതിയ ഒരു ഗ്രന്ഥത്തിന് അവതാരിക അദ്ദേഹം എഴുതിക്കൊടുത്തിരിക്കുന്നത് മനോഹരമായ ഒന്നാണ്, പ്രസ്തുത അവതാരിക അതേപടി ഇവിടെ ഉദ്ധരിക്കുക വഴി മാർ ഈവാനിയോസ് തിരുമേനിക്ക് പരിശുദ്ധ മാതാവിനെക്കുറിച്ചുണ്ടായിരുന്ന വിശ്വാസവും ദർശനവുമെന്തായിരുന്നുവെന്ന് ഗ്രഹിക്കാൻ പ്രയാസമുണ്ടാകുകയില്ല.

"നമ്മുടെ രക്ഷിതാവായ മിശിഹാതമ്പുരാനോടു സ്നേഹവും ഭക്തിയുമുള്ള ജനങ്ങൾക്ക് അവിടുത്തെ ജനനിയായ വിശുദ്ധ കന്യക മർത്തമറിയാമിനെ നിഷ്കർഷപൂർവ്വം ആദരിക്കാതിരിപ്പാൻ നിർവ്വാഹമുള്ളതല്ല. ശെമ്മാശന് വിശുദ്ധ മാതാവിനോടുള്ള നിർവ്യളീകമായ ഭക്തിബഹുമാനത്തിൻെറ സുപ്രശസ്ത പ്രകടനമാണ് ഇപ്പുസ്തകമെന്നു നാം വിചാരിക്കുന്നു. 'മറിയം' എന്ന പദത്തിൽ നാനാർത്ഥങ്ങൾ അന്തർലീനമായിട്ടുണ്ട്. 'മൊറിയോ' (ഉട

* M. Gibbons, Mar Ivanios Chapter 21, The Obsequies pg. 127

www.malankaralibrary.com



യവൻ, നാഥൻ, കർത്താവ്) എന്ന പദത്തോടു 'മറിയാമി'നുള്ള ബന്ധം അന്യാദൃശമത്രേ. സർവ്വേശ്വരനായ ദൈവത്തിന്റെ മനുഷ്യാവതാര വ്യാപാരത്തിൽ അവിടുത്തെ മാതാവായി തീർന്നവരം സർവ്വചരാചരങ്ങളുടേയും സ്വർഗ്ഗീയരുടേയും ഭൗമികരുടേയും ലോകൈകമാതാവായ മറിയാംതന്നെ. "മറിയാ"മിന്നു 'മർ' അഥവാ "മാറാ" (കൈപ്പ്, ദുഃസഹമായ ദുഃഖം, പങ്കപ്പാട്) എന്ന പദത്തോടുള്ള ബന്ധം അവിഭിന്നമാകുന്നു. യേശുമിശിഹായ്ക്ക് ലോകോദ്ധാരണാർത്ഥം സഹിക്കേണ്ടിവന്ന സർവ്വവിധ പങ്കപ്പാടുകളിലും ആദ്യന്തം പങ്കുകൊള്ളുവാനും തദ്വിഷയത്തിൽ അവിടുത്തെ നിത്യ സഹകാരിണിയായിരിക്കുന്നതിനും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളായ മറിയാം സർവ്വർക്കും അഭിമാന സർവ്വസ്വം തന്നെ. 'രണ്ടാമത്തെ സ്വർഗ്ഗം', 'നിത്യകന്യക', 'മാലിന്യരഹിത', 'സ്വർഗ്ഗത്തിലേക്കുള്ള ഗോവേണി', 'ഇസ്രായേൽ രാജാവ് എഴുന്നരുളിയ കൊട്ടാരം', മന്നാ അടങ്ങിയ കനകച്ചെപ്പ്', 'സ്വർഗ്ഗീയ നാഥന്റെ രഥം' ഇത്യാദി വിശിഷ്ടനാമങ്ങളാൽ ദൈവമാതാവായ വിശുദ്ധ മറിയം അഭിസംബോധനം ചെയ്യപ്പെട്ടുവരുന്നു[3].

പരിശുദ്ധ കന്യകമറിയാമിനെക്കുറിച്ചുള്ള മാർ ഈവാനിയോസ് തിരുമേനിയുടെ ദർശനം വേദപുസ്തകത്തിൽ അധിഷ്ഠിതവും പാരമ്പര്യത്തിൽ അടിയുറച്ചതും വിശ്വാസത്താൽ ഉദ്ദീപ്തമായതുമാണ്. പരിശുദ്ധ കന്യകമറിയത്തെക്കുറിച്ചുള്ള വേദശാസ്ത്രത്തിന്റെ ഒരു സമ്യക്ക പതിപ്പാണ് മേലുദ്ധരിച്ച അവതാരികയിൽ നാം കാണുക.

"അദ്ദേഹത്തിന്റെ വൈദിക ജീവിതത്തിൽ, സ്വപ്രബോധനങ്ങളും പ്രഭാഷണങ്ങളും വഴി, മറിയാമിന്റെ ശക്തിയേറിയ മാദ്ധ്യസ്ഥം, പാപികളെ സ്വീകരിക്കുന്നതിൽ അവരക്കുള്ള ഔദാര്യം, ഓരോരുവന്റേയും മരണസമയത്തു അവരം നൽകുന്ന മാതൃനിർവ്വിശേഷമായ സഹായം ഇവയെക്കുറിച്ചു വിശ്വാസികളിൽ വേണ്ടത്ര ബോധ്യം പകർന്നിരുന്നു"[4].

3. (Daniels Ridicule of the Marian Devotion, Crushed by the World Known Illustrious Protertants Marian Praise by Fr. Jos Mavunkal. Dec. 1930).
4. Louis Mooleveetil op cit. pg. 100.

www.malankaralibrary.com



"പ്രായം ചെല്ലുന്തോറും മാർ ഈവാനിയോസിന് പരിശുദ്ധ കന്യകമറിയത്തോടുണ്ടായിരുന്ന ഭക്തിക്ക് ആഴം വർദ്ധിച്ചു. അദ്ദേഹത്തിന്റെ ധ്യാനങ്ങളിൽ മറിയാമിന്റെ വ്യാകുലങ്ങളെപ്പററി ചിന്തിക്കുമായിരുന്നു, അതോടൊപ്പം യേശുവിന്റെ പാടു പീഡകൾ അവയുടെ വിവിധ തലങ്ങളിൽ നിരീക്ഷിച്ചു ചിന്തയിൽ യേശുവിനെ അനുഗമിക്കുകയും അമ്മയോടുകൂടി അവളുടെ പുത്രന്റെ നഷ്ടത്തിൽ കരയുകയും ചെയ്യുമായിരുന്നു"[5].

പരിശുദ്ധ കന്യകമറിയാമിനോടുണ്ടായിരുന്ന അദ്ദേഹത്തിന്റെ ഭക്തിയും സ്നേഹവും പ്രകടമാക്കുന്ന ഒരു ചെറിയ ധ്യാനഗ്രന്ഥം അദ്ദേഹം കത്തോലിക്കാ സഭയിലേക്കു ചേരുന്നതിനു മുമ്പ് പ്രസിദ്ധീകരിച്ചിരുന്നു. സന്യസ്തർക്കും സാധാരണ വിശ്വാസികൾക്കും അനായാസം വായിച്ചു ധ്യാനിക്കുന്നതിനു സഹായകമായ രീതിയിലാണ് പ്രസ്തുത ഗ്രന്ഥം രചിച്ചിരിക്കുന്നത്. എട്ടു ധ്യാനങ്ങൾ എട്ടു നോമ്പുദിവസങ്ങളിലേക്ക് ക്രമീകരിച്ചിട്ടുള്ളതാണെന്നു തോന്നുന്നു.

ഓരോ ധ്യാനത്തിന്റേയും ഘടനയിൽ പ്രബോധനമായി നൽകിയിട്ടുള്ള ഭാഗം പരിശുദ്ധ മാതാവിനെക്കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന ദർശനത്തിന്റേയും ചിന്തയുടേയും ആകെത്തുകയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ വേദപുസ്തകത്തിൽ അധിഷ്ഠിതമായ ആശയങ്ങൾ, പാരമ്പര്യത്തിൽനിന്നുമുള്ള പിതാക്കന്മാരുടെ ഉൽകൃഷ്ടമായ പ്രബോധനങ്ങൾ, സ്വന്തം ചിന്തയിൽനിന്നും ഉരുത്തിരിഞ്ഞിട്ടുള്ള ആദ്ധ്യാത്മിക നുറുങ്ങുകൾ ഇവയെല്ലാം ഇഴുകിച്ചേർന്നു മനോഹരമായിട്ടുള്ള മാതൃസ്തവങ്ങളും ചിന്താകുസുമങ്ങളും ആദ്ധ്യാത്മിക പരിമളം ചിന്തുന്നവയാണ്.

ഓരോ ധ്യാനത്തിന്റേയും തന്തു ഇപ്രകാരമാണ്:

## 1. നമ്മുടെ രക്ഷിതാവിന്റെ അമ്മ— വിശുദ്ധ കന്യക മർത്തമറിയാം

ശുദ്ധിമാന്മാരുടെ രാജ്ഞി എന്നു പറയത്തക്കവണ്ണം എല്ലാ മനുഷ്യരെക്കാളും അതി പരിശുദ്ധതയുള്ളവളായി

5. Louis Mooleveetil op cit. pg. 100.

www.malankaralibrary.com



രുന്നു. ഈ വിശുദ്ധ കന്യകയാകുന്നു. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളും ആത്മശരീരങ്ങളെ മുഴുവനായി ദൈവത്തിനു പ്രതിഷ്ഠിച്ച നിർമ്മലയായി ജീവിച്ചവളും എത്രയും പരിശുദ്ധമായും നിത്യമായും കന്യാവ്രതം പാലിച്ചിട്ടുള്ളവളും ആകുന്നു. ഈ വിശുദ്ധ സ്ത്രീയുടെ സർവ്വോൽകൃഷ്ടവും നിത്യവുമായ ലക്ഷണം അമേദവും നിർമ്മലവുമായ കന്യത്വമാകുന്നു"[6].

ഈ വിശുദ്ധ സ്ത്രീ "മർത്തമറിയാം" എന്നു വിളിക്കപ്പെടുന്നു. മർത്തമറിയാം" എന്നുവച്ചാൽ "സ്വാമിനി മറിയാം എന്നത്രേ.

"ഈ ശുദ്ധിമതിയെ മർത്തമറിയാം എന്നു വിശുദ്ധ സഭ വിളിക്കുന്നത് എന്തുകൊണ്ട്? നമ്മുടെ കർത്താവിനോട് മററു സകല സൃഷ്ടികളെക്കാളും അധികം അടുത്തവളും നമ്മുടെ കർത്താവു സർവ്വ സൃഷ്ടികളേക്കാളും അധികം സ്നേഹിച്ചിട്ടുള്ളവളും ഇവളാകുന്നു. മനുഷ്യനായി അവതരിപ്പാൻ അവിടേക്കു തിരുവിഷ്ടമായപ്പോാം മാതാവായിരിക്കത്തക്ക പാത്രത വിശുദ്ധ മറിയാമിലാണ് ദൈവം കണ്ടത്. ഇവാം എല്ലാ സ്ത്രീകാംക്കും പുരുഷന്മാർക്കും സ്വാമിനിതന്നെ. ദൈവം ഇവളിൽനിന്നു ജന്മമെടുത്തു മനുഷ്യനായി അവതരിച്ചു. സർവ്വ ലോകനിയന്താവായ ദൈവം ഒൻപതുമാസം ഈ കന്യകയുടെ ഗർഭത്തിൽ ശിശുവായി പാർത്തു. ആത്മപ്രകാരവും ശരീരപ്രകാരവും ഇവളോട് അടുത്തിട്ടുള്ളതുപോലെ ദൈവം ആരോട് അടുത്തിട്ടുണ്ട്? ഇവാം എൻെറ സ്വാമിനിതന്നെ....... "മർത്തേ" (സ്വാമിനി) എന്നതു, ബഹുമാനപുരസ്സരം കുഞ്ഞുങ്ങാം മാതാവിനെ വിളിച്ചുവന്ന പേരായിരുന്നു. "അമ്മെ, അമ്മച്ചി, മർത്തേ" എന്നിങ്ങനെ നമ്മുടെ കർത്താവ് വിളിച്ചിട്ടുള്ള ആ വിശുദ്ധ മാതാവിനെ എനിക്കും അപ്രകാരം അഭിസംബോധന ചെയ്തു ബഹുമാനിക്കണം"[7].

## 2. ഉദയകാലനക്ഷത്രം

"സൂര്യോദയത്തിന് അല്പംമുമ്പ് കിഴക്ക് ഒരു നക്ഷത്രം ഉദിച്ചിട്ടുള്ളതായി കാണാം. ഇതിനു 'ഉദയനക്ഷത്രം'

6. വി. മാതാവ് ബഥനി പ്രസ് തിരുവല്ല. 1928 pg. 2.
7. വി. മാതാവ് pg. 2, 3.

www.malankaralibrary.com



'പെരുമീൻ' എന്നു പറയുന്നു. നീതിയിൻ മഹാസൂര്യനായ യേശുമിശിഹായ്ക്കുമുമ്പേ ഉദിച്ച പെരുമീൻ വിശുദ്ധ മറിയാം ആകുന്നു. ഇങ്ങനെ സംഭവിക്കുമെന്നു ദീർഘദർശി മുൻകൂട്ടി പ്രവചിച്ചിരുന്നു. യുയാക്കീമും (യോനാക്കീർ) ഭാര്യ അന്നാ (ഹന്നാ)യും മുഖാന്തരം ദൈവം ഭൂലോകമണ്ഡലത്തിൽ ഉദിപ്പിച്ച പെരുമീൻ ഈ വിശുദ്ധ കന്യകയാകുന്നു. ഇവരം യറമിയായെപ്പോലെയും യോഹന്നാനെപ്പോലെയും ഗർഭത്തിൽ വച്ചുതന്നെ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളാകുന്നു. ദൈവമാതാവു ജനനം മുതൽതന്നെ ദൈവത്തിൻെറ വാത്സല്യഭാജനമായിരുന്നു. പഴയനിയമത്തിൽ ദൈവമാതാവിൻെറ ദൃഷ്ടാന്തമായും മുൻകുറികളായും അനേകകാര്യങ്ങരം പറഞ്ഞിട്ടുണ്ട്. ദൈവം മുൻകൂട്ടി ദൈവമാതാവിനെ ശുദ്ധമതിയായും നിത്യകന്യകയായും ഒരുക്കി. ഈ മാതാവിൻെറ മഹിമ എത്ര ശ്രേഷ്ഠമാകുന്നു''[8].

''ഇവരം കന്യകമാരുടെ കൂട്ടത്തിൽ കന്യക, പാപം തീണ്ടിട്ടില്ലാത്തവരം''[9].

........ദൈവം, എഴുന്നെള്ളിപാർക്കുന്നതിനു ഒരു കൊട്ടാരം തെരഞ്ഞെടുത്തു, രാജകൊട്ടാരം, വേണ്ടവിധമെല്ലാം അതിനെ സജ്ജീകരിച്ച് സർവ്വ സൃഷ്ടികളിൽനിന്നും ദൈവം അവിടുത്തേക്കു വിശുദ്ധാലയമായിരിക്കാൻ തെരഞ്ഞെടുത്തതു നിർമ്മല കന്യകയായ വാഴ്ത്തപ്പെട്ട മറിയാമിനെ ആയിരുന്നു. ദൈവം സ്വർഗ്ഗത്തിൽ പാർക്കുന്നു. ദൈവം എവിടെ പാർത്താലും അതു സ്വർഗ്ഗമാകുന്നു. ഹേ! മറിയാമേ! സകലത്തിൻേറയും ഉടയവനായ ദൈവം പാർക്കുന്ന രണ്ടാമത്തെ സ്വർഗ്ഗം നീയാകുന്നു എന്നു ഒരു വിശുദ്ധ പിതാവു പറഞ്ഞിരിക്കുന്നു''[10].

## 3. രണ്ടാമത്തെഹവ്വാ

വിശുദ്ധ മാതാവു രണ്ടാമത്തെ ഹവ്വായാകുന്നു. ഒന്നാമത്തെ ഹവ്വാ അനുസരണക്കേടിനാൽ പാപത്തിനു അടിമപ്പെട്ടു. എന്നാൽ രണ്ടാമത്തെ ഹവ്വായോ പൂർണ്ണ അനുസരണ

8. ibid pg. 4, 7.
9. ibid pg. 8.
10. ibid pg. 9.

www.malankaralibrary.com



ത്താൽ വീണ്ടെടുപ്പിനു വഴിതെളിച്ചു. ഒന്നാമത്തെ ഹവ്വാ ദുരാഗ്രഹം നിമിത്തം പാപം ചെയ്ത് നാശവും അരിഷ്ടതയും മനുഷ്യവർഗ്ഗത്തിന്മേൽ വരുത്തിവച്ചു. രണ്ടാമത്തെ ഹവ്വായോ കന്യാവ്രതത്തിൽ രക്ഷിതാവിൻെറ മാതാവായി തീർന്നതിനാൽ മനുഷ്യവർഗ്ഗത്തിനു രക്ഷയും വീണ്ടെടുപ്പും സമ്പാദിച്ചു. ഹവ്വാ സ്വാഭാവികമായി സർവ്വമനുഷ്യരുടേയും മാതാവത്രേ.''[11]

''സൂര്യനെ അണിഞ്ഞൊരു സ്ത്രീ, അവരം സകല ജാതികളേയും ഇരുമ്പുകോൽ കൊണ്ടു മേയിക്കുവാനുള്ളൊരു ആൺകുട്ടിയെ പ്രസവിച്ചു (വെളി. 12/15) ആൺകുട്ടിയെ പ്രസവിച്ച ആ സ്ത്രീയെ മഹാസർപ്പം ഉപദ്രവിച്ചുതുടങ്ങി (വെളി. 12/13) മഹാസർപ്പം സ്ത്രീയോടു കോപിച്ചു (വെളി. 12/17). മഹാസർപ്പം എന്നു പറഞ്ഞിരിക്കുന്നത് സാത്താനെക്കുറിച്ചാകുന്നു. വിശുദ്ധ മറിയാം എത്രമാത്രം കഷ്ടതകളും ദുരിതങ്ങളും സഹിച്ചു എന്നു ഈ വാക്യം പ്രസ്താവിക്കുന്നു.''[12]

(''ഉൽപത്തി 3/1-6 വരെയുള്ള വാക്യങ്ങളും താരതമ്യപ്പെടുത്തിനോക്കുക)'' ഒരു സ്ത്രീ ഒരു പുരുഷൻ ഒരു സർപ്പം, ഇങ്ങനെ മൂന്നു വ്യക്തികരം രണ്ടു കഥകളിലും കാണുന്നു. ഉല്പത്തി പുസ്തകത്തിൽ മനുഷ്യൻെറ വീഴ്ചയെപ്പററിയും വെളിപാടുപുസ്തകത്തിൽ മനുഷ്യൻെറ വീണ്ടെടുപ്പിനെപ്പററിയും വിവരിച്ചിരിക്കുന്നു.''[13]

## 4. വിശുദ്ധ മാതാവ്—ഉത്തമമാതൃക

''സ്ത്രീ ലോകത്തിൻെറ കിരീടമായിരിക്കുന്നവളെ നീ എത്ര മഹത്വമുള്ളവരം. ദൈവത്തിൻെറ തേജസ്സുകൊണ്ട് നീ ശോഭിക്കുന്നുവല്ലോ. വിശുദ്ധ കന്യകയെ നിൻെറ കന്യാവ്രതം എത്ര അനുഗ്രഹിക്കപ്പെട്ടത്. പാപത്തെ രുചി നോക്കാതെയും അശുദ്ധിയിൽ മലിനപ്പെടാതെയും ദൈവകൃപയിൽ നിന്നെ സൂക്ഷിച്ചുകൊള്ളുവാൻ ദിനംപ്രതി

11. വിശുദ്ധ മാതാവ് pg. 13
12. ibid pg. 13
13. ibid pg. 15

www.malankaralibrary.com


ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ജീവിച്ചത് നിനക്കു എത്ര ഭാഗ്യം. നീ മാലാഖമാരേക്കാരം അധികം നിർമ്മലയും വിശുദ്ധയും ആയി കാണപ്പെട്ടു. നിന്നിൽ എഴുന്നെള്ളി പാർപ്പാൻ ദൈവത്തിനു തിരുവിഷ്ടം തോന്നി. നിൻെറ ശരീരം എത്ര പരിശുദ്ധം.'' [14]

## 5. ''ഇതാ ഞാൻ കർത്താവിൻെറ ദാസി''

''നീ കന്യാവ്രതത്തിൽ തന്നെ മാതാവാകേണ്ടിയിരിക്കുന്നു.''[15]

''ഇതാ ഞാൻ കർത്താവിൻെറ ദാസി, നിൻെറ വചനം പോലെ എന്നിൽ ഭവിക്കട്ടെ'' ഈ വചനങ്ങരം അവരം ഉച്ചരിച്ചുകഴിഞ്ഞപ്പോരം സർവ്വലോകവും സമാശ്വസിച്ചു. പരിശുദ്ധാത്മാവിൻെറ ശക്തി അവളുടെ മേൽ നിഴലിട്ടു. വചനമായ ദൈവം അവളിൽ ഉരുവായി. വിശുദ്ധ കന്യക ഇതാ ദൈവമാതാവായിതീർന്നിരിക്കുന്നു. സർവ്വലോകവും അവളെ ബഹുമാനിക്കേണ്ടത് എത്ര ആവശ്യം. അവരം ഏററം ശുദ്ധമുള്ള കന്യക! ഏററം ശുദ്ധമുള്ള കന്യക! ഏററം ശുദ്ധമുള്ള മാതാവ്! .... വിശുദ്ധ മറിയാമിൻെറ വിശ്വാസവും കന്യാവ്രതനിഷ്ഠയും താഴ്മയും ഈ സന്ദർഭത്തിൽ വെളിപ്പെട്ടു. ദൈവം മനുഷ്യനായി തീരുമെന്നുതന്നെയല്ല, ഇവരം ദൈവത്തിൻെറ മാതാവായി ഭവിക്കുമെന്നു—എന്നുതന്നെയുമല്ല, കന്യാവ്രതത്തിനു ഭേദംവരാതെ ഗർഭംധരിക്കുമെന്നു—മാലാഖ പറഞ്ഞു. ഇതെന്തൊരത്ഭുതം! ഇതു വിശ്വസിപ്പാൻ ആർക്കു കഴിയും!''[16]

## 6. ദൈവമാതാവ്

''വിശുദ്ധ കന്യകമറിയാമിനെ ദൈവമാതാവ് എന്നു വിശുദ്ധ സഭ വിളിക്കുന്നു. തിയോട്ടക്കോസ് (ദൈവത്തെ വഹിച്ചവരം) ദെയിപാരാ (ദൈവത്തെ പ്രസവിച്ചവരം)

''യോൽദാസ് ആലോഹോ'' (ദൈവമാതാവ്) ഈ പദങ്ങളെല്ലാം വിശുദ്ധ മാതാവിനു പരിശുദ്ധ റുഹായുടെ

14. ibid pg. 17, 18
15. ibid pg. 23, 24
16. ibid pg. 25

www.malankaralibrary.com



നിശ്വാസപ്രകാരം ഉപയോഗിച്ചുവരുന്ന പേരുകളാണ്. യേശുമിശിഹായുടെ അമ്മയായിരിക്കുന്നത് എത്ര വലിയ പദവി, മനുഷ്യകുലത്തിൽ മററാർക്കും ഈ പദവി ലഭിച്ചിട്ടില്ല, ലഭിക്കയുമില്ല. സൃഷ്ടാവിനെ ഇവരം പ്രസവിച്ചു വളർത്തി, സ്വാമിയും കർത്താവുമായിരിക്കുന്നവനെ കാത്തു സൂക്ഷിച്ചു. എന്തൊരത്ഭുതം! എന്തൊരു ഭാഗ്യം!''[17]

''ക്രിസ്തുയേശു നമ്മെ സഹോദരന്മാർ എന്നു വിളിപ്പാൻ ലജ്ജിച്ചില്ല''. (എബ്രാ. 2/11) നാം അവിടുത്തെ സഹോദരന്മാർ ആകുന്നു. എന്നാൽ അവിടുത്തെ മാതാവ് നമ്മുടേയും മാതാവല്ലയോ? അവിടുന്നു കുരിശിൽ കിടന്നപ്പോരം വാത്സല്യ ശിഷ്യനായ യോഹന്നാനോട് ''ഇതാ നിന്റെ അമ്മ എന്നു പറഞ്ഞു'' (യോഹ. 19/27) ആ ശിഷ്യന്റെ അമ്മ നിനക്കും അമ്മ തന്നെ.''[18]

''വിശുദ്ധ മറിയാമിന്റെ കളങ്കമില്ലാത്ത സ്വഭാവം എത്ര അനുകരണീയമാകുന്നു. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെകാണും (മത്താ. 5/8). വിശുദ്ധ മാതാവ് ഹൃദയശുദ്ധിയുള്ളവരം ആയിരുന്നു. അവരം തുടരെ ദൈവത്തെ കണ്ടുകൊണ്ടു ജീവിച്ചു.''[19]

## 7. വിശുദ്ധകുടുംബം[20]

''വിശുദ്ധ മർത്തമറിയാം സാക്ഷാൽ മാതാവായിരുന്നു. മാതാവിന്റെ ധർമ്മമെന്ത്? കുടംബത്തിലുള്ളവർക്കുവേണ്ടി സ്വന്തസുഖവും ആശ്വാസവും ഉപേക്ഷിച്ചു ശുശ്രൂഷ ചെയ്യുന്നതല്ലയോ? നല്ലമാതാവിൽ സ്നേഹത്തിനല്ല ത്യാഗത്തിനുമാത്രമേ സ്ഥാനമുള്ളൂ. നല്ല മാതാവ് ദൈവത്തെ സ്നേഹിക്കുന്നു, സ്നേഹം നിമിത്തം മററുള്ളവർക്കുവേണ്ടി കഷ്ടപ്പെടുന്നവളും ദൈവമഹത്വത്തിനായി തന്നത്താൻ വെ

17. ibid pg. 29
18. ibid pg. 29
19. ibid pg. 30
20. ibid pg. 33

www.malankaralibrary.com



റുക്കുന്നവളുമായിരിക്കും. അവരം പ്രശംസിക്കയില്ല, നിഗളിക്കയില്ല, മടിച്ചിരിക്കയില്ല, അയൽക്കാരുമായി വ്യർത്ഥ സംസാരത്തിൽ സമയം ചെലവിടുകയില്ല, ദൈവത്തെമറന്നു ലോകകാര്യങ്ങളിൽ മനസ്സുവയ്ക്കുകയില്ല. നല്ലമാതാവു കുഞ്ഞുങ്ങരംക്കുവേണ്ടി ജീവനെ വയ്ക്കുന്നു എന്നു കർത്താവ് വിശുദ്ധ മറിയാമിൻെറ ദൃഷ്ടാന്തം കണ്ടുമനസിലാക്കി. നല്ലഇടയൻ ആടുകരംക്കുവേണ്ടി ജീവനെ വെയ്ക്കുന്നു. (വിശുദ്ധയോഹന്നാൻ 10/11) മാതാവിൻെറ ദൃഷ്ടാന്തം ഓർക്കുമ്പോരം കർത്താവിനു പറവാനും ആ തത്വത്തിനനുസരണമായി പ്രവൃത്തിപ്പാനും പ്രയാസമില്ലായിരുന്നു.''[21]

## 8. 'കന്യാവ്രതം'[22]

'മറിയാം ജനിക്കുന്നതിനു മുമ്പേ മാതാപിതാക്കരം കുഞ്ഞിനെ ദൈവത്തിൽ നേർച്ച കൊടുത്തു. ചെറുപ്പത്തിൽ അവർ മരിച്ചുപോയതുകൊണ്ട് കുഞ്ഞിനെ ദൈവാലയത്തിൽ ഏല്പിക്കയും അവിടെ വളർത്തപ്പെടുകയും ചെയ്തു. പന്ത്രണ്ടാമത്തെ വയസ്സുവരെയും ദൈവാലയത്തിലെ കാഴ്ച അപ്പങ്ങരംകൊണ്ട് ഈ വിശുദ്ധ ബാലിക വളർന്നു വന്നു എന്നു സുറിയാനി ഗ്രന്ഥങ്ങളിൽ കാണുന്നു. നോമ്പു നമസ്ക്കാരം, ദൈവസേവനം ആതുരസംരക്ഷണം ആദിയായ സൽപ്രവർത്തികരം ചെയ്തുകൊണ്ടു ദൈവാലയത്തിൽ വ്രതമനുഷ്ടിച്ച വിധവകരം ഈ ബാലികയെ ദൈവഭക്തിയിലും വിശുദ്ധിയിലും വളർത്തി. വൃദ്ധയായ ഹന്നാ ഈ കൂട്ടത്തിൽ ഒരാളായിരുന്നു (ലൂക്കാ 2/36, 37) ഈ കന്യക അകമെയും പുറമെയും കന്യാവ്രതനിഷ്ഠകരം താല്പര്യമായി പാലിച്ചു.''[23]

പരിശുദ്ധ കന്യകമറിയാമിനെക്കുറിച്ച് ഈ ലഘുഗ്രന്ധത്തിൽ അവതരിപ്പിച്ചിട്ടുള്ള ആശയങ്ങരം അതിമനോഹരങ്ങളും ശ്രദ്ധാർഹങ്ങളുമാണ്. സഭാപാരമ്പര്യത്തിൽ അടിയുറച്ചുനിന്നുകൊണ്ട് പരിശുദ്ധ മറിയത്തിൻെറ സ്ഥാന പദവിയെക്കുറിച്ചും അവളിൽ ദൈവം ചെയ്തിട്ടുള്ള മഹൽ

21. ibid pg. 35
22. ibid pg. 38
23. ibid pg. 40

www.malankaralibrary.com



പ്രവർത്തികളെക്കുറിച്ചും അവളുടെ കന്യാവ്രതത്തെക്കുറിച്ചും അത് പാലിക്കുന്നതിന് മറിയാം അനുഷ്ഠിച്ചിട്ടുള്ള ത്യാഗങ്ങളെക്കുറിച്ചുമെല്ലാം ആകർഷണീയമായി ഈ ചെറിയ ഗ്രന്ഥം പ്രസ്താവിക്കുന്നുണ്ട്. കത്തോലിക്കാവിശ്വാസത്തിനു വിപരീതമായ യാതൊരാശയവും ഈ പ്രബോധനങ്ങളിലും ധ്യാനചിന്തകളിലുമില്ല. യാക്കോബായക്കാർ അമലോത്ഭവമെന്ന സത്യം ഔപചാരികമായി ഏററുപറയാത്ത ഒന്നായതുകൊണ്ട് ഈ പുസ്തകത്തിലും അപ്രകാരം പറയുന്നില്ല. അതിനോടു സാമ്യമായതും അതിലേക്ക് നയിക്കുന്നതുമായ ആശയങ്ങളൊക്കെ അവതരിപ്പിച്ചിട്ടുണ്ടു്. യാക്കോബായ സഭയിലുള്ള ഏതോ പണ്ഡിതനെഴുതിയതാണ് ഈ പുസ്തകമെന്ന് അതിനാൽ തെളിയുന്നു. കത്തോലിക്കാഗ്രന്ഥം നന്നായി പഠിച്ചിട്ടുള്ള വ്യക്തിയാണെന്നും പുസ്തക വായനയിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ധ്യാനശൈലിതന്നെ കത്തോലിക്കരുടേതാണ്. അവസാനലുത്തിനിയായും ഓരോ ധ്യാനത്തിന്റേയും അന്ത്യത്തിൽ കൊടുത്തിട്ടുള്ള ചിന്തകളും സുകൃതപ്രാർത്ഥനകളും ഗ്രന്ഥകാരന് കത്തോലിക്കാരീതികൾ ഭംഗിയായി അറിയാമെന്നും വ്യക്തമാക്കുന്നു. ബഥനി സന്യാസിനികൾക്കും ബഥനി അനാഥകുഞ്ഞുങ്ങൾക്കും വേണ്ടിയുള്ള അനുസ്മരണയും പ്രാർത്ഥനയുമെല്ലാം ഗ്രന്ഥത്തിൽ ഉടനീളം കാണുന്നതു കൊണ്ടും ബഥനി മുദ്രാലയത്തിൽ അച്ചടിച്ചതായതുകൊണ്ടും ബഥനിപ്രസ്ഥാനങ്ങളുമായി അഗാധമായി ബന്ധപ്പെട്ട ആരെങ്കിലും ആയിരിക്കും ഇതിന്റെ ഗ്രന്ഥകർത്താവ് എന്ന് അനുമാനിക്കുന്നതിലും തെററില്ല. മേലുദ്ധരിച്ച കാരണങ്ങൾവച്ച് നോക്കുമ്പോൾ ബഥനിയുടെ മാർ ഈവാനിയോസ് തിരുമേനിതന്നെ രചിച്ചതാണീ ഗ്രന്ഥമെന്ന് സുവ്യക്തമാകുന്നു. 1930-ലാണ് മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നത്. ഈ ചെറുഗ്രന്ഥം രചിച്ചിട്ടുള്ളത് 1928-ലാണ്. കത്തോലിക്കാവിശ്വാസസത്യങ്ങൾ വായിച്ചും പഠിച്ചുമിരിക്കുന്ന അവസരം, ബഥനി സന്യാസസമൂഹങ്ങൾ സ്ഥാപിച്ച് അവയുടെ നടത്തിപ്പിനുവേണ്ടി തീവ്രമായി പരിശ്രമിക്കുന്ന കാലം. 1929-ലാണ് അദ്ദേഹം "ഗിരി

www.malankaralibrary.com



ദീപം'' എന്ന വിഖ്യാതമായ ഗ്രന്ഥം അച്ചടിക്കുന്നത്. അതിൻെറ ആമുഖത്തിൽ കൊടുത്തിട്ടുള്ള പ്രാർത്ഥനയും പരിശുദ്ധ മാതാവിനെക്കുറിച്ചുള്ള ധ്യാനഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ള പ്രാർത്ഥനയും ഒരേ ശൈലി തന്നെ, ഒന്നുതന്നെ. ഇതെല്ലാം തെളിയിക്കുന്നത് മാർ ഈവാനിയോസ് തിരുമേനി തന്നെയാണ് ഈ ധ്യാനഗ്രന്ഥത്തിൻെറയും കർത്താവ് എന്നാണ്. കൂടാതെ മാർ ഈവാനിയോസ് തിരുമേനി ബഥനി സന്യാസിനീസമൂഹം സ്ഥാപിച്ച ആദ്യകാലങ്ങളിൽ പ്രസ്തുത സന്യാസിനീസമൂഹത്തിൽ ചേർന്നിട്ടുള്ളതിൽ ശ്രദ്ധേയയായ ഒരു വ്യക്തിയാണ് പെരിയ ബഹുമാനപ്പെട്ട മദർ ബാസിം. ദീർഘനാളായി പാളയത്ത് പെൺകുട്ടികൾക്കായി നടത്തപ്പെടുന്ന ബഥനി ഹോസ്ററലിൻെറ ചാർജ്ജ് വഹിക്കുന്നു. ഈ മദർ ഈ ഗ്രന്ഥം നന്നായി തിരിച്ചറിഞ്ഞു. ആരംഭകാലങ്ങളിൽ ധ്യാനം നടത്തുന്നതിനു് പ്രസ്തുത ഗ്രന്ഥം ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും ഇതിൻെറ ഗ്രന്ഥകർത്താവ് മാർ ഈവാനിയോസ് തിരുമേനി തന്നെയാണെന്നും അവർ സാക്ഷ്യപ്പെടുത്തുകയുണ്ടായി. ഒരു നിരൂപണം ഈ ഗ്രന്ഥത്തെക്കുറിച്ച് നടത്തിയതു് പ്രസ്തുത ഗ്രന്ഥം അനർഘമായതുകൊണ്ടും അതിൽ പ്രതിപാദിച്ചിട്ടുള്ള ആശയങ്ങൾ മഹത്തായതുകൊണ്ടും അതിൻെറ കർത്താവ് മാർ ഈവാനിയോസ് തിരുമേനിയല്ലാതെ മററാരാകാനും സാദ്ധ്യതയില്ലായെന്നു ബോദ്ധ്യമായതുകൊണ്ടുമാണു്.

മാർ ഈവാനിയോസ് തിരുമേനിക്ക് പരിശുദ്ധ മാതാവിനോടുണ്ടായിരുന്ന സ്നേഹം നിഷ്കളങ്കവും ഭക്തി അതിരററതുമായിരുന്നു. എല്ലാ കാര്യങ്ങളിലും മാതാവിൻെറ മാദ്ധ്യസ്ഥം യാചിക്കുകയും ഏതു വിഷമ സന്ധിയിലും അവളുടെ സഹായം തേടുകയും ചെയ്യുമായിരുന്നു. അവൾക്കു എല്ലാം സാദ്ധ്യമാണെന്നു അദ്ദേഹം ചിന്തിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു. അവൾക്കു് ദൈവം നൽകിയ മഹോന്നതസ്ഥാനം എല്ലാവരാലും അംഗീകരിക്കപ്പെടണമെന്നും അദ്ദേഹം ആഗ്രഹിച്ചു. 1950 കത്തോലിക്കാസഭയെ സംബന്ധിച്ച് അതിപ്രധാനമായ ഒരു വർഷമായിരുന്നു—ജൂബിലി വർഷം. അതോടൊപ്പം ഭാഗ്യസ്മ

www.malankaralibrary.com



രണാർഹനായ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പരിശുദ്ധ കന്യകമാതാവിൻെറ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. സഭാമക്കളുടെ സന്തോഷത്തിനും വിശ്വാസസ്ഥിരീകരണത്തിനും പരിശുദ്ധ മാതാവിൻെറ ഔന്നത്യത്തെ ലോകം അംഗീകരിക്കുന്നതിനും ഈ പ്രഖ്യാപനം ഉതകിയെന്നതിൽ തെല്ലും സംശയമില്ല. ഈ വിശ്വാസസത്യം പ്രഖ്യാപിക്കുന്നതിനു മുമ്പ് പരിശുദ്ധ മാർപാപ്പാ തിരുമേനി ലോകമൊക്കെയിലുമുള്ള കത്തോലിക്കാമെത്രാന്മാരുടെയും മററു പ്രതിനിധികളുടെയും തദ്വിഷയത്തെക്കുറിച്ചുള്ള അഭിപ്രായം ആരായുകയുണ്ടായി.

മാർ ഈവാനിയോസ് തിരുമേനിയോടും അഭിപ്രായം ആരാഞ്ഞിരുന്നു. അദ്ദേഹം വളരെ ദീർഘമായ ഒരു കത്താണ് തൽസംബന്ധമായി മാർപ്പാപ്പായ്ക്കയച്ചുകൊടുത്തതു്. പരിശുദ്ധ മാതാവിൻെറ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കുന്നതിൻെറ സാംഗത്യവും പ്രയോജനവുമെത്രമാത്രമുണ്ടെന്നു അദ്ദേഹം ഊന്നിപ്പറഞ്ഞു; പൗരസ്ത്യസഭയുടെ പാരമ്പര്യവും വിശ്വാസവും ഏതൽ വിഷയത്തിൽ എപ്രകാരമാണെന്നും മാർ ഈവാനിയോസ് തിരുമേനി പ്രതിനിധാനം ചെയ്യുന്ന മലങ്കരസഭയുടെ വിശ്വാസമെന്താണെന്നും നമ്മുടെ പ്രാർത്ഥനകളിലും മററും ഈ വിശ്വാസം എങ്ങനെ പ്രതിഫലിച്ചിട്ടുണ്ടെന്നും മററും അദ്ദേഹം ഭക്ത്യാദരപുരസ്സരം മാർപ്പാപ്പായ്ക്കെഴുതി. പരിശുദ്ധ അമ്മയുടെ മഹത്വത്തെ എത്രമാത്രം കീർത്തിച്ചാലും മതിയാകയില്ലായെന്നുതന്നെയായിരുന്നു മാർ ഈവാനിയോസ് തിരുമേനിയുടെ ചിന്ത.

"പരിശുദ്ധപിതാവേ! താഴെ കൈയ്യൊപ്പിട്ടിട്ടുള്ള ക്രിസ്തുവിൽ അങ്ങയുടെ വിധേയത്വമുള്ള പുത്രനും മലങ്കര സുറിയാനി അന്ത്യോക്യാ റീത്തിൽ ഉൾപ്പെട്ട തിരുവനന്തപുരം മെത്രപ്പോലീത്തയും ആയ മാർ ഈവാനിയോസായ ഞാൻ പരിശുദ്ധ കന്യകമറിയാം, ശരീരവും ആത്മാവുമായി സ്വർഗ്ഗാരോപിതയായി എന്നതിനെക്കുറിച്ചു എൻെറ അഭിപ്രായവും തീരുമാവും നൽകുന്നതിനു ആഗ്രഹിക്കുന്നു. ദയവായി എന്നെ അനുവദിച്ചാലും! 1946 മേയ് ഒന്നാം

www.malankaralibrary.com



തീയതി അങ്ങ് സാർവ്വത്രിക കത്തോലിക്കാ സഭയിലെ എല്ലാ പാത്രിയർക്കീസന്മാർക്കും പ്രധാന മെത്രാപ്പോലീത്തന്മാർക്കും മററു പ്രാദേശിക മെത്രാപ്പോലീത്തന്മാർക്കും മെത്രാന്മാർക്കും മററു മേലദ്ധ്യക്ഷന്മാർക്കും സദയം അയച്ച സർക്കുലറിനുള്ള മറുപടിയായിട്ടാണ് ഇതെഴുന്നത്.

അങ്ങയുടെ പരിശുദ്ധവും സാർവ്വത്രികവും പത്രോസിനടുത്തതുമായ അധികാരത്തിൻകീഴിൽ മലങ്കര സീറോ അന്ത്യോക്യൻ റീത്തിൽപെട്ട തിരുവനന്തപുരം അതിരൂപതയുടെ മേലദ്ധ്യക്ഷനായി ഞാൻ കഴിയുന്നു. വിശുദ്ധ പത്രോസിന്റെ സിംഹാസനവുമായി പുനരൈക്യപ്പെട്ടു രണ്ടുവർഷം കഴിഞ്ഞ് 1932-ൽ ഈ അതിരൂപത നിലവിൽ വന്നു. എന്റെ അതിരൂപതയിലെ വിശ്വാസികൾ താഴെ പറയുന്ന വിഭാഗങ്ങളിൽ നിന്നും സഭയിലേക്കു സ്വീകരിക്കപ്പെട്ടവരാണ്—യാക്കോബായക്കാർ, മാർത്തോമ്മക്കാർ (നവീകരണയാക്കോബായക്കാർ) മററു ശീശ്മകളിൽപെട്ടവർ, കൂടാതെ വിവിധ ജാതികളിലും വിശ്വാസങ്ങളിലുംപെട്ട അക്രൈസ്തവർ. എന്നെപ്പോലെ മലങ്കര ശീശ്മസഭയിൽ പട്ടം സ്വീകരിച്ചവർ എന്റെ വൈദികരുടെയിടയിലുണ്ട്, എന്റെ പുനരൈക്യത്തിനുശേഷം വ്യവസ്ഥയിൻ കീഴിൽ ഞാൻ വീണ്ടും വൈദികാഭിഷേകം നൽകിയ പുരോഹിതന്മാരുണ്ട്. കത്തോലിക്കാവൈദികന്മാർ നടത്തുന്ന മേജർ സെമിനാരികളിൽ നിലവിലുള്ള ദൈവശാസ്ത്ര പഠനം നടത്തി പട്ടം സ്വീകരിച്ചവരുമുണ്ട് അക്കൂട്ടത്തിൽ; ഇവരുടെ ഇടയിൽ, പുനരൈക്യപ്പെട്ടവരും നേരത്തെ സീറോമലബാർ കത്തോലിക്കരായിരുന്ന യുവാക്കന്മാരും ഉൾപ്പെടുന്നു. സീറോ മലബാർ മൂന്നാം കർമ്മലീത്താ സമൂഹത്തിന്റെ പ്രിയോർ ജനറാളച്ചനും സീറോ-മലബാർ മെത്രാന്മാരും വിട്ടുതന്നിട്ടുള്ള വൈദികരും എന്റെ കീഴിലുണ്ട്.

പരിശുദ്ധകന്യകമറിയം അവളുടെ ശാരീരികമായ മരണത്തിനുശേഷം, ശരീരവും ആത്മാവുമായി, സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെന്ന് ഞാനും എന്റെ വൈദികരും വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. പുരാതന കാലം മുതൽ തന്നെ പാരമ്പര്യമായി ഞങ്ങൾക്കു കൈവന്നി

www.malankaralibrary.com



ട്ടുള്ളതാണ് ഈ വിശ്വാസമെന്ന്, കത്തോലിക്കാസഭയിൽ ജനിച്ചുവളർന്നിട്ടുള്ള എൻെറ വൈദികർ കരുതുന്നു. യാക്കോബായ സഭയിൽനിന്നും പുനരൈക്യപ്പെട്ടിട്ടുള്ള വൈദികരേയും അത്മായരേയും കുറിച്ചു അസന്നിഗ്ധമായി പറയുവാൻ കഴിയും, ഈ പ്രബോധനം അവർ യാക്കോബായ ശീശ്മ സഭയിലായിരുന്നപ്പോഠം വിശ്വസിച്ചതിൽ നിന്നും വ്യത്യസ്തമല്ല. മാർത്തോമ്മാ വിഭാഗത്തിൽനിന്നോ, അതിനു സമാനമായ മററു വിഭാഗങ്ങളിൽ നിന്നോ പുനരൈക്യപ്പെട്ടിട്ടുള്ളവർക്കു ഇതെക്കുറിച്ചു യാതൊരറിവും ഉണ്ടാകുവാൻ വഴിയില്ല, കാരണം പരിശുദ്ധകന്യകമറിയാമിനെ താഴ്ത്തികെട്ടുന്നതായിരുന്നു അവരുടെ പഴയ പ്രവണത.

സിറിയായിലും മലങ്കരയിലുമുള്ള യാക്കോബായ സഭ ആഗസ്റ്റ് പതിനഞ്ചിന് പരിശുദ്ധ കന്യകമറിയാമിൻെറ "കടന്നുപോക്ക്" (ശൂനോയോ) ആചരിക്കുന്നു, ഇതിനൊരുക്കമായി, പതിനഞ്ചു ദിവസത്തെ നോമ്പ് നോക്കുന്നു, പതിനഞ്ചാം ദിവസം തിരുനാഠം ദിനമായി ആഘോഷിക്കുന്നു.

കന്യകമറിയാമിൻെറ മരണസമയത്ത് അവളുടെ ആത്മാവ് ശരീരത്തിൽനിന്നു വേർപെട്ടുവെന്നും മരണശേഷം ആത്മാവും ശരീരവും ഒരുപോലെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെന്നും സ്പഷ്ടമായ ഭാഷയിൽ തിരുനാളനുബന്ധിച്ചുള്ള പ്രാർത്ഥനക്രമത്തിലും അതിന് മുമ്പും പിമ്പുമുള്ള നമസ്ക്കാരങ്ങളിലും പറഞ്ഞിരിക്കുന്നു. ഈ ഭാഗങ്ങഠം ഉഠംക്കൊള്ളുന്ന പുരാതന സുറിയാനി പ്രാർത്ഥനക്രമം "പെങ്കീസോ എന്നു വിളിക്കപ്പെടുന്നു. സിറിയായിലെ യാക്കോബായക്കാരുടെ പക്കൽ അതിൻെറ കയ്യെഴുത്തു പ്രതികഠം മാത്രമേ ലഭ്യമായുള്ളൂ. തന്നിമിത്തം മലങ്കര യാക്കോബായക്കാരുടെ കൈവശം വളരെ കുറച്ച് സുറിയാനി കയ്യെഴുത്തുപ്രതികളെ കാണുകയുള്ളു. എന്നിരുന്നാലും യാക്കോബായ കോർ എപ്പിസ്കോപ്പാ കോനാട്ട് മത്തായി മല്പാൻ (1875-ൽ മലബാർ സന്ദർശിച്ച യാക്കോബായ പാത്രിയർക്കീസ് പത്രോസ് മൂന്നാമൻ ഇദ്ദേഹത്തെ മലങ്കരയുടെ മല്പാനായി—ദൈവശാസ്ത്രപണ്ഡിതനായി നിയമിച്ചു) സുറിയാനി പെങ്കീസോയിലെ കുറേ ഭാഗങ്ങഠം തെര

www.malankaralibrary.com



ഞ്ഞെടുത്ത് മലയാളത്തിൽ വിവർത്തനം ചെയ്ത് വിശ്വാസികളുടെ സാധാരണ പ്രാർത്ഥനക്രമമായി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. 1910-ൽ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അബ്ദള്ള മലങ്കര സന്ദർശിച്ച അവസരത്തിൽ ഈ വിവർത്തനം അംഗീകരിക്കുകയും അൽമായരുടെ ഉപയോഗത്തിനായി കല്പിച്ചുകൊടുക്കുകയും ചെയ്തു. 1927-ൽ മുളന്തുരുത്തി സെൻറ് തോമസ് പ്രസ്സിൽനിന്നും അത് വീണ്ടും പ്രസിദ്ധീകരിക്കപ്പെട്ടു. ഇപ്പോൾ മലങ്കര യാക്കോബായസഭയിൽ രണ്ടു കക്ഷികളുണ്ട്—പാത്രിയർക്കീസിൻെറ അനുയായികളും കാതോലിക്കോസിൻെറ അനുയായികളും. വിശ്വാസസംബന്ധമായ കാര്യങ്ങളിൽ രണ്ടു കക്ഷികളും തമ്മിൽ വ്യത്യാസങ്ങളൊന്നുമില്ല. രണ്ടുവിഭാഗങ്ങളിലുമുള്ള യാക്കോബായക്കാർ പെങ്കീസോയും തെരഞ്ഞെടുക്കപ്പെട്ട പ്രാർത്ഥനകളോടുകൂടിയ മലയാളം പുസ്തകവും ഉപയോഗിക്കുന്നു. മലയാളത്തിൽ അല്മായരുടെ ഉപയോഗത്തിനായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള പുസ്തകം കൂടുതൽ പ്രാധാന്യം അർഹിക്കുന്നു. കാരണം അത്മായവിശ്വാസികളുടെ പ്രാർത്ഥനയുടെ ഭാഗമായി, അവരുടെ സാധാരണ ഭാഷയായ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നുവെന്നതുതന്നെ. കന്യകമറിയാമിൻെറ സ്വർഗ്ഗാരോപണത്തിനു തെളിവായ ഭാഗങ്ങൾ യാക്കോബായ സഭയിലെ വൈദികരുടേയും അത്മായരുടേയും വിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നതായി നാം കരുതണം. മലങ്കരയുടെ ഭാഷയായ മലയാളത്തിൽനിന്നും പ്രസക്തഭാഗങ്ങൾ വിവർത്തനംചെയ്ത് ഞാൻ ഉദ്ധരിച്ചുകൊള്ളട്ടെ.

### "മലങ്കരയിലെ യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രാർത്ഥനക്രമം"

(രണ്ടാം പതിപ്പ്—1927)

പേജ് 211-ൽ ഈ ശീർഷകത്തോടുകൂടെ താഴെ പറയുന്ന ഭാഗങ്ങൾ ചേർത്തിരിക്കുന്നു. "സ്വർഗ്ഗാരോപണത്തിരുനാളിനുമുമ്പായി ആഗസ്റ്റ് ഒന്നുമുതൽ ആരംഭിക്കുന്ന പതിനഞ്ച് നോമ്പിൽ എല്ലാ ദിവസവും വൈകുന്നേരത്തെ പ്രാർത്ഥനയോടുകൂടെ ചൊല്ലേണ്ട പ്രാർത്ഥന".

www.malankaralibrary.com



പേജ് 230: കർത്താവേ, മാലാഖമാർ, പ്രവാചകന്മാർ, സഹദേന്മാർ, പൂർവ്വപിതാക്കന്മാർ എന്നിവരുടെ ഗണങ്ങളോടുകൂടെ അവിടുന്ന് താഴേക്കിറങ്ങിവന്ന്, അവിടുത്തെ അമ്മയുടെ മരണസമയത്ത് അവളുടെ ആത്മാവിനെ കൈക്കൊണ്ടപ്രകാരം, ഇപ്പോഠം ഞങ്ങളുടെമേൽ കരുണയോടെ വീക്ഷിച്ച് ഞങ്ങളുടെ നോമ്പുകളേയും പ്രാർത്ഥനകളേയും കൈക്കൊള്ളണമെ. മാലാഖമാരുടേയും സകല വിശുദ്ധന്മാരുടേയും കീർത്തനങ്ങളുടേയും ആഘോഷപൂർവ്വമായ സ്വീകരണത്തിന്റേയും മദ്ധ്യേ അവളുടെ ശരീരം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതുപോലെ, സ്വർഗ്ഗത്തിൽ അവിടുത്തെ സന്നിധിയിലേക്ക് ഞങ്ങളുടെ നോമ്പുകളും പ്രാർത്ഥനകളും കരേററുമാറാകണമെ''.

## August 15, തിരുനാൾദിനം—സന്ധ്യാപ്രാർത്ഥന

''ദൈവമായ യേശുവേ, ജീവിച്ചിരിക്കുന്നവരും വാങ്ങിപ്പോയവരുമായ, ദീർഘദർശിമാരുടേയും ശ്ലീഹന്മാരുടേയും എല്ലാ സ്വർഗ്ഗീയ സേനകളുടേയും ഗീതാലാപനങ്ങളോടെ നിന്റെ മാതാവിന്റെ ശരീരം നീ ബഹുമാനപുരസരം സ്വർഗ്ഗത്തിലേക്കു കരേററിയല്ലോ. കർത്താവേ, നിന്റെ അമ്മയുടെ പ്രാർത്ഥന ഞങ്ങഠംക്കു കോട്ടയായിരിക്കട്ടെ. സ്വർഗ്ഗത്തിലേക്കു അവഠം കരേറിയതുവഴി, അന്തരീക്ഷം ശുദ്ധമാക്കപ്പെടുകയും ഭൂമി അനുഗൃഹീതമാകുകയും ചെയ്തു.''
''ദൈവത്തിന്റെ പരിശുദ്ധമാതാവേ, നീ ഭാഗ്യവതിയാകുന്നു, കാരണം നീ ദൈവത്തിന്റെ സിംഹാസനമായിതീർന്നു. ദൈവപുത്രന്റെ മാലാഖമാർ, ദീർഘദർശിമാർ, അവിടുത്തേക്ക് പ്രിയങ്കരരായിരുന്ന ശ്ലീഹന്മാർ ഇവരാൽ ദൈവത്തിന്റെ സിംഹാസനമായ പരിശുദ്ധ കന്യകമറിയാം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതിനെ അനുയോജ്യമായി ആർക്കു വിവരിപ്പാൻ കഴിയും? ഓ, കന്യകമാതാവേ, നിന്റെ പരിശുദ്ധവും ആനന്ദകരവുമായ സ്ഥിതിയെ സന്തോഷത്തോടെ മഹത്വപ്പെടുത്തുവാനും നിനക്കു സാമ്യരായിതീരുവാനും നിന്റെ പ്രാർത്ഥന ഞങ്ങളെ സഹായിക്കട്ടെ'' (pg. 216)

www.malankaralibrary.com



## തിരുനാൾദിനം—പ്രഭാതപ്രാർത്ഥന

"അവരം ജീവിച്ചിരുന്നപ്പോഴും അവളുടെ ആത്മാവ് ശരീരത്തിൽനിന്ന് വേർപെട്ടശേഷവും അവളുടെ കട്ടിൽ, കിടക്ക വസ്ത്രങ്ങരം ഇവയിൽകൂടി അവരം പ്രവർത്തിച്ച അത്ഭുതങ്ങളും നൽകിയ സഹായങ്ങളും വർണ്ണനാതീതങ്ങളാണ്. പരിശുദ്ധ അമ്മേ, നിന്റെ പ്രാർത്ഥനകരം നീ പ്രസവിച്ച ദൈവപുത്രന് അനുപമമായി സ്വീകാര്യമായതുകൊണ്ട് ഞങ്ങരംക്കുവേണ്ടി പ്രാർത്ഥിപ്പാൻ കനിവുതോന്നേണമെ". (pg. 218)

"ഓ ദൈവമാതാവേ, നിന്റെ മരണവും നിന്റെ സ്വർഗ്ഗാരോപണവും വഴി, നീ സത്യമായും ദൈവമാതാവും ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും രാജ്ഞിയും ക്രിസ്ത്യാനികളുടെ അഭിമാനവുമാണെന്ന് നിന്റെ ഏകജാതൻ സ്പഷ്ടമായി തെളിയിച്ചുവല്ലോ".

"മാലാഖമാരുടെ ഗണങ്ങരം, നീതിമാന്മാർ, വിശുദ്ധന്മാർ, ശുദ്ധിമതികരം, ദീർഘദർശിമാർ, ശ്ലീഹന്മാർ, പരിശുദ്ധ പിതാക്കന്മാർ, മല്പാന്മാർ ഇവർ ഒരുമിച്ചു കീർത്തനങ്ങരം ആലപിച്ചും ഗണങ്ങളായി നിന്നുകൊണ്ടും ആഘോഷപൂർവ്വം സ്തോത്രങ്ങരം പാടിക്കൊണ്ടും അവളുടെ ശരീരത്തെ ആദരവോടും സ്തുതിപ്പുകളോടുംകൂടെ ഉയർത്തി."

"കർത്താവേ, സമാധാനത്തിന്റെ ദൂതന്മാരെ അയച്ച് സന്തോഷത്തിന്റേയും ആശ്വാസത്തിന്റേയും ഇടങ്ങളിലേക്കു ഞങ്ങളെ നയിക്കുവാൻ അനുഗ്രഹം നൽകുമാറാകണമെ."

മലങ്കരയിൽ മൂന്നു നൂററാണ്ടുകരംക്കുമുമ്പ് പ്രചാരത്തിലായ ഈ യാക്കോബായ പ്രാർത്ഥന, ആറാം നൂററാണ്ടിൽ സിറിയായിൽ ആരംഭിച്ച യാക്കോബായ സഭയുടെ പുരാതന വിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നു. പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിലുള്ള വിശ്വാസം യാക്കോബായക്കാർ പുതുതായി ഒരിക്കലും കണ്ടുപിടിച്ചിട്ടുള്ളതല്ല. എല്ലാ പുരാതന ക്രിസ്തീയസഭകളുടേയും പൊതുവായ പൈതൃകമാണ്. യാക്കോബായക്കാർ അതു പുതുതായി കണ്ടുപിടിക്കുകയും പ്രചരിപ്പിക്കുകയും ചെ

www.malankaralibrary.com



യ്തിട്ടുള്ളതായിരുന്നെങ്കിൽ, തീർച്ചയായും മററു ക്രിസ്തീയ വിഭാഗങ്ങരം ഇക്കാര്യത്തിൽ അവരെ കുററപ്പെടുത്തിയേനേം. മററുള്ളവിഭാഗങ്ങരം ഇത് ഏതെങ്കിലും സമയത്ത് സ്വയം പ്രചരിപ്പിച്ചതാണെങ്കിൽ യാക്കോബായക്കാരും അവരെ കുററപ്പെടുത്തുമായിരുന്നു. യാക്കോബായക്കാരുടെ തൊട്ടയൽവാസികളും അവരുടെ ഏററവും വലിയ ശത്രുക്കളുമായ നെസ്തോറിയർപോലും യാക്കോബായക്കാരെ ഈ വിശ്വാസത്തിൽ കുററപ്പെടുത്തുന്നില്ല, അതിൻെറ അർത്ഥം ഈ പ്രബോധനം നെസ്തോറിയനു മുമ്പുണ്ടായിരുന്നുവെന്നാണ്; സുറിയാനിസഭ നെസ്തോറിയനെന്നും യാക്കോബായയെന്നും രണ്ടായി പിളരുന്നതിനു മുമ്പുതന്നെ ഈ വിശ്വാസം സുറിയാനി പാരമ്പര്യത്തിൽപെട്ടിരുന്നുവെന്നു കരുതാം. സ്വർഗ്ഗാരോപണതിരുനാരം നെസ്തോറിയരും ആഗസ്റ്റ് 15-ാം തീയതി ആചരിക്കുന്നു, അതിനൊരുക്കമായി പതിനഞ്ചുനോമ്പും അനുഷ്ഠിക്കുന്നു. സുറിയാനിക്കാർ രണ്ടു വിഭാഗമായി തിരിയുന്നതിനു മുമ്പുതന്നെ, കന്യകമറിയാമിൻെറ സ്വർഗ്ഗത്തിലേക്കുള്ള കടന്നുപോക്കലിലുള്ള വിശ്വാസവും അവളോടുള്ള വണക്കവും പാരമ്പര്യത്തിൽ ഉണ്ടായിരുന്നുവെന്നതിൻെറ വ്യക്തമായ തെളിവാണത്. സഭയുടെ ചരിത്രത്തിൽ ഇന്നകാലത്താണ് പരിശുദ്ധ കന്യകമറിയാമിൻെറ കടന്നുപോക്കലിലുള്ള വിശ്വാസം ആരംഭിച്ചതെന്ന് പറയുവാൻ സാധിക്കാത്തിടത്തോളം കാലം ശ്ലീഹന്മാരുടെ കാലത്തുതന്നെ ഈ വിശ്വാസം നിലവിൽനിന്നുവെന്നുവേണം പറയുവാൻ. മലങ്കര (മലബാർ) യിലെ മാർത്തോമ്മായുടെ സുറിയാനിസഭയിൽ പിളർപ്പുണ്ടാകുന്നത്, പൗരസ്ത്യസഭയുടെ ആരാധനയിലും അനുഷ്ഠാനങ്ങളിലും ലത്തീൻ ആചാരങ്ങരം ആരംഭിക്കുന്നതിന് മിഷ്യനറിമാർ ശ്രമിച്ചപ്പോഴാണ്. 1663-ൽ ഒരു യാക്കോബായ മെത്രാനെ മലബാറിൽ ശീശ്മവിഭാഗത്തിൽപ്പെട്ടവർ സ്വാഗതം ചെയ്തു. പരിശുദ്ധ കന്യകയുടെ സ്വർഗ്ഗാരോപണത്തെക്കുറിച്ചുള്ള യാക്കോബായക്കാരുടെ പ്രബോധനത്തിൽ ശീശ്മക്കാർക്കു എതിർപ്പുണ്ടാകേണ്ട കാര്യമില്ല. ഇത് പ്രസ്പഷ്ടമാക്കുവാൻ, മലങ്കരയിലെ മാർതോമ്മായുടെ അവിഭക്ത സുറിയാനിസഭയുടെ ചരിത്രത്തിലേക്ക് ഒന്നെത്തിനോക്കാൻ അനുവദിക്കണമെ.

www.malankaralibrary.com



1653 വരെ മലങ്കരയിലെ അപ്പസ്തോലിക സുറിയാനി സഭ ഒന്നായിരുന്നു; സീറോ-കൽദ്ദായ റീത്ത് അനുഷ്ഠിച്ചിരുന്നു. A. D. 1600 മുതൽ 1653 വരെ (ഈ വർഷമാണ് പിളർപ്പുണ്ടായത്) എല്ലാ മാർത്തോമ്മാ ക്രിസ്ത്യാനികളും ലത്തീൻ മേലദ്ധ്യക്ഷന്മാരുടെ അധികാരത്തിൻകീഴിലായിരുന്നു; ഇക്കാലത്തിനുമുമ്പ് സഭയിൽ അധികാരം സീറോ-കൽദ്ദായ മെത്രാന്മാർക്കായിരുന്നു. മലങ്കരയിലെ (മലബാറിലെ) സീറോ-കൽദ്ദായ സഭയിൽ വിപ്ലവാത്മകമായ മാററങ്ങൾ വരുത്തിയ 1599-ലെ ഉദയംപേരൂർ സുന്നഹദ്ദോസ്, അതിൻെറ എട്ടാം സെഷൻ 10-ാം ഡിക്രിയിൽ ഇപ്രകാരം പറയുന്നു: കൂടാതെ ഈ സുന്നഹദ്ദോസ്, പരിശുദ്ധ മാതാവിൻെറ സ്വർഗ്ഗാരോപണതിരുനാളിനു മുന്നോടിയായി (ആഗസ്റ്റ് ഒന്നുമുതൽ തിരുനാറം ദിനംവരെ) ആചരിക്കപ്പെടുന്ന നോമ്പ്, അംഗീകരിക്കുന്നു.''

1599-നു മുമ്പുതന്നെ മലങ്കരയിലെ (മലബാറിലെ) സുറിയാനിസഭ പരിശുദ്ധ കന്യകമറിയാമിൻെറ സ്വർഗ്ഗാരോപണത്തിൻെറ തിരുനാളും അതിനൊരുക്കമായുള്ള നോമ്പും അനുഷ്ഠിച്ചിരുന്നു.

ആയതിനാൽ പരിശുദ്ധ കന്യകമറിയാമിൻെറ ശാരീരികമായ സ്വർഗ്ഗാരോപണം കത്തോലിക്കാസഭയുടെ ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യുന്നത് എനിക്കും എൻെറ വൈദികർക്കും വിശ്വാസികൾക്കും ഒരുപോലെ പ്രിയംകരമായിരിക്കും.

സീറോ-മലബാർ, സീറോ-മലങ്കര സഭാവിഭാഗങ്ങളിൽപെട്ട മലബാർ മാർത്തോമ്മാക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, അവർ പ്രത്യേകമാംവിധത്തിൽ ആദരിക്കുന്ന പരിശുദ്ധ ദൈവമാതാവിനോടുള്ള പുത്രനിർവ്വിശേഷമായ ഭക്തിക്ക് ആക്കംകൂട്ടും. ഈ ലോകത്ത് അവർ മാത്രമാണ് പരിശുദ്ധ കന്യകയുടെ ജനനത്തിരുനാളിനൊരുക്കമായി എട്ടുദിവസത്തെ നോമ്പുനോക്കുന്നത്, ഇത് അവർക്ക് അവളോടുള്ള പ്രത്യേക ഭക്തിയെ വ്യക്തമാക്കുന്നു. ഒൻപതാം നൂററാണ്ടിൽ ആരംഭിച്ചതാണത്രേ ഈ നോമ്പ്; ഇതിൻെറ പ്രത്യേകത, മലബാറിൽ ചില പ്രദേശങ്ങളിൽ അക്രൈ

www.malankaralibrary.com



സ്തവ പെൺകുട്ടികൾപോലും ഇതു കാക്കുകയും നേർച്ച കൾ ക്രിസ്തീയപള്ളികളിൽ അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നുവെന്നതാണ്, ഉദാഹരണമായി, കോട്ടയത്ത് യാക്കോബായസഭയിൽപെട്ട മണർക്കാട്ടും സീറോ-മലബാർസഭയിലെ എറണാകുളം അതിരൂപതയിലെ നാഗപ്പുഴ പള്ളിയിലും, അവിവാഹിതരായ പെൺകുട്ടികളും, വിവാഹിതരെങ്കിലും കുട്ടികളില്ലാത്ത സ്ത്രീകളും ഈ നോമ്പുകാലത്ത് പള്ളിയിൽ കൂടുകയും പകൽമുഴുവൻ പ്രാർത്ഥനയിലും നോമ്പിലും സമയം ചെലവഴിക്കുകയും ചെയ്യുന്നു.

ദൈവമാതാവിൻെറ സ്വർഗ്ഗാരോപണത്തെക്കുറിച്ചുള്ള പ്രബോധനം സഭയുടെ ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കണമെന്ന് ഞാനും എൻെറ വൈദികരും വിശ്വാസികളും എളിമയോടെ പരിശുദ്ധപിതാവേ, അങ്ങയോട് അപേക്ഷിക്കുന്നു. ഇത് അനുവദനീയം, മാതൃകാപരം, പ്രയോജനപ്രദം.

അങ്ങയുടെ തൃപ്പാദങ്ങൾ ചുംബിച്ചുകൊണ്ടും, അനുഗ്രഹങ്ങൾ അപേക്ഷിച്ചുകൊണ്ടും,

ക്രിസ്തുവിൽ അങ്ങയുടെ
വിശ്വസ്ത മകൻ
മാർ ഈവാനിയോസ്.

മലങ്കര കത്തോലിക്കാസഭയുടെ വിശ്വാസസ്പന്ദനമാണ് മേലുദ്ധരിച്ച നീണ്ടകത്തിൽ ഉടനീളം പ്രതിഫലിക്കുന്നത്. പരിശുദ്ധ കന്യകമാതാവ് ശരീരവും ആത്മാവുമായി സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടുവെന്ന് പൗരാണികകാലം മുതൽ മലങ്കരയിലെ മാർതോമ്മാ ക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നുവെന്ന് സാർവ്വത്രിക സഭയുടെ ദൃശ്യതലവന് ഈ നീണ്ട കത്തിൽ നിന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടാവണം. ഇതിൽ പ്രതിഫലിച്ചിട്ടുള്ള വിശ്വാസദാർഢ്യം ഒരളവുവരെ പീയൂസ് പന്ത്രണ്ടാമൻ മാർപ്പാപ്പായ്ക്ക് മാതാവിൻെറ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിക്കുന്നതിന്

www.malankaralibrary.com



പ്രചോദനം നൽകിയിട്ടുണ്ടാവും. പുനരൈക്യപ്പെട്ട മലങ്കര സഭയാകുന്ന നൗക പത്രോസിൻെറ നൗക തന്നെ. അതിലിരുന്നുകൊണ്ടാണല്ലോ അന്ന് ഗലീലിയാ കടലോരങ്ങളിൽ തിങ്ങിക്കൂടിയ ആളുകളെ മറിയാമിൻെറ മകനായി നസ്രസിലെ യേശു പഠിപ്പിച്ചിരുന്നത്. ഇന്ന്അതേ നൗകയിലിരുന്നുകൊണ്ട് വിശ്വാസികളെ അവിടുന്നു പഠിപ്പിക്കുന്നു. യേശുവിൻെറ സാന്നിദ്ധ്യമാണ് നമുക്ക് ഉറപ്പ്. മകൻ എവിടെയുണ്ടോ അവിടെ അമ്മയുമുണ്ടാകും. കാനായിലുണ്ടായിരുന്നു, ഗോഗുൽത്തായിലേക്കുള്ള വഴിമദ്ധ്യേ ഉണ്ടായിരുന്നു കുരിശിൽ ചുവട്ടിലുണ്ടായിരുന്നു; എവിടെ മകൻ മഹത്വപ്പെടുത്തപ്പെടുന്നുവോ, അവിടെ അമ്മയും മഹത്വപ്പെടുത്തപ്പെടും. മകനേയും അമ്മയേയും സ്വജീവിതത്തിലൂടെയും ദൃഷ്ടാന്തങ്ങളിലൂടെയും പ്രബോധനങ്ങളിലൂടെയും ത്യാഗനിർഭരമായ സാക്ഷ്യത്തിലൂടെയും മഹത്വപ്പെടുത്തുന്നതിനുള്ള തീവ്രയത്നത്തിലായിരുന്നു മാർ ഈവാനിയോസ് തിരുമേനി. ഉദയകാലനക്ഷത്രമായ കന്യകമേരിയുടെ ജന്മനാളിൽ ജനിച്ച് മരിയഭക്തനായി ജീവിച്ചു്, കന്യക മറിയത്തോടുള്ള ആദരവിൻേറയും സ്നേഹത്തിൻേറയും പ്രഭാപൂരം അനുയായികളിൽ ചൊരിഞ്ഞ് കൃതകൃത്യകൃതാർത്ഥനായി ദിവ്യമകൻേറയും സ്വർഗ്ഗീയ അമ്മയുടേയും സന്നിധിയണഞ്ഞിരിക്കുന്ന ആ ത്യാഗമൂർത്തി മരിച്ചിട്ടും ജീവിക്കുന്നു, പുനരൈക്യസ്മരണകളിലൂടെ, മരിയ ഭക്തിയിലൂടെ, പുനരൈക്യമാതാവിലൂടെ. അവിടുത്തെ അനുയായികരം, മലങ്കരയിലെ പുത്തൻകൂർ മാർത്തോമ്മാമക്കരം പൗരാണിക കാലം മുതൽ തങ്ങരംക്കു പൈതൃകമായി ലഭിച്ചിട്ടുള്ള ദൈവമാതൃഭക്തി അഭംഗുരം കാത്തു സൂക്ഷിക്കുകയും വിവിധ തലങ്ങളിൽ അതിനു് പ്രകാശനം നൽകുകയും ചെയ്യുന്നു. ലത്തീൻ സഭയിൽ സമാരംഭിച്ചതെങ്കിലും വിശ്വാകർഷണം ലഭ്യമായതുമൂലം പരിശുദ്ധ മാതാവിൻെറ നാമത്തിലുള്ള മരിയസൈന്യം, സൊഡാലിററി എന്നീ ഭക്ത സംഘടനകരംക്ക് മലങ്കരസഭയിൽ പ്രചുരപ്രചാരം ലഭിച്ചിട്ടുണ്ട്. മാർ ഈവാനിയോസ് തിരുമേനിയുടെ പിൻഗാമിയായ മാർ ഗ്രിഗോറിയോസ് തിരുമനസ്സുകൊണ്ടാണ് ഈ

www.malankaralibrary.com



ഭക്തസംഘടനകൾക്ക് പ്രവർത്തനമണ്ഡലങ്ങൾ ആവും വിധം തുറന്നു കൊടുത്തതു്. മാർ ഈവാനിയോസു് തിരുമേനിയുടെ അന്തിമാഭിലാഷങ്ങളിൽ ഒന്നായിരുന്നു ലീജിയൻ ഓഫ് മേരിയുടെ പ്രവർത്തനം അതിരൂപതയിൽ സുദൃഢമാക്കണമെന്നു്.

ഈ സംഘടനകൾ ലത്തീൻകാരുടേതെന്നോ സുറിയാനിക്കാരുടേതെന്നോ അദ്ദേഹം പരിഗണിച്ചില്ല. അദ്ദേഹത്തിന്റെ വിശാലമരിയദർശനത്തിനു് പാശ്ചാത്യതയുടേയോ പൗരസ്ത്യതയുടേയോ അതിർവരമ്പുകളില്ലായിരുന്നു. ദൈവമാതൃഭക്തി വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമായ സംഘടനകൾക്ക് അദ്ദേഹം അയിത്തം, അസ്പർശ്യത കല്പിച്ചിരുന്നുമില്ല, "മേരിയിൽക്കൂടി മാത്രമേ യേശുവിലേക്ക്" എന്ന ബോദ്ധ്യം അദ്ദേഹത്തിൽ മുററിനിന്നിരുന്നു.

## മാർ ഈവാനിയോസ് തിരുമേനി പരിശുദ്ധ കന്യകമറിയാമിനോട് സുറിയാനി ഭാഷയിൽ രചിച്ച പ്രാർത്ഥനയുടെ മലയാളപരിഭാഷ

ജീവന്റെ പനിമഞ്ഞ് പൊഴിച്ച മേഘമേ, സൂര്യൻ ആരുടെ മുഖകമലത്തിലൂടെ പ്രഭവിതറുന്നുവോ, ആ പെൺകൊടിയേ, നീ ഭൂമിതൻ തലമുറകളിലൂടെ ഉയർന്നു നില്ക്കുകയും അതിനെ ആവരണം ചെയ്യുന്ന അന്ധകാരത്തെ ദൂരീകരിക്കുകയും ചെയ്യുന്നു. സ്വർഗ്ഗനാഥന്റെ മകുടത്തിൽ ചാർത്തിയ മുഖ്യരത്നമാണു നീ. പ്രപഞ്ചത്തിന്റെ നാലു കോണുകളിലേക്കും സ്വപുത്രന്റെ പ്രകാശരശ്മികൾ നീ ചൊരിയുന്നു. ഉപകരണങ്ങൾ ഉപയോഗിച്ചു തയ്യാറാക്കപ്പെടാത്ത, കരങ്ങൾ ഒരുക്കാത്ത വാതിലാണ് നീ; എന്നെന്നേക്കും അടയ്ക്കപ്പെട്ടിരിക്കുന്നതുമാണത്. മഹത്വമുള്ളവനായ രാജാവ് ഒരിക്കൽ അതിൽകൂടി പ്രവേശിച്ചു. പിതാവിന്റെ ഭണ്ഡാരത്തിൽനിന്നും ഞങ്ങളുടെ പക്കലേക്ക് സമ്പത്തുവഹിച്ച നൗകയാണ് നീ, സമാധാനരാജൻ ഓടിച്ച കുററമററതും എന്നും കടൽ-സഞ്ചാരത്തിനു യോഗ്യവുമായ യാനപാത്ര

www.malankaralibrary.com



മാണു നീ. പർവ്വതങ്ങളുടെ ഉച്ചിയിലേക്കെത്തിപ്പിടിച്ച ലതയാണ് നീ; നീ ജീവൻെറ ഫലത്തെ ഉളവാക്കി, ദൈവപുത്രനെത്തന്നെ.

അമ്മേ, ദുഃഖിതർ നിൻെറ മടിയിൽ ആശ്വാസം കണ്ടെത്തുന്നു, പാപികരം പ്രത്യാശയും വിശുദ്ധർ ആനന്ദവും.

കോറസ് : ഞങ്ങരംക്കായി പ്രാർത്ഥിക്കണമെ

മറിയമേ, പരിശുദ്ധ മറിയമേ,

മറിയമേ, അമലോത്ഭവയേ,

മറിയമേ, നിത്യകന്യകയേ,

മറിയമേ, രക്ഷതൻ ഹവ്വയേ.

മറിയമേ, ദൈവത്തിൻ മാതാവേ,

മറിയമേ, രണ്ടാം സ്വർഗ്ഗമേ,

മറിയമേ, എന്നമ്മേ,

ഹാല്ലേലുയ്യാ....

www.malankaralibrary.com

# XII

# മാർ ഗ്രിഗോറിയോസ് തിരുമേനിയും മരിയഭക്തിയും

മലങ്കര കത്തോലിക്കാസഭയുടെ പ്രഥമ മേലദ്ധ്യക്ഷനായിരുന്ന മാർ ഈവാനിയോസ് തിരുമേനി പരിശുദ്ധ കന്യകമറിയാമിന്റെ ജനനത്തിരുനാരം ദിവസത്തിലാണു് ജാതനായതു്. അദ്ദേഹത്തിന്റെ പിൻഗാമി പരിശുദ്ധ മാതാവിന്റെ ദേവാലയപ്രവേശനത്തിരുനാളിന്റെ തലേനാളാണു് ആദ്യമായി സൂര്യോദയം കാണുന്നതു്. കുലീനമായ ഒരു കുടുംബത്തിൽ ജനിച്ച് വത്സല മാതാപിതാക്കളുടെ ശിക്ഷണമേററു് ഒരു തികഞ്ഞ ഭക്തബാലനായിട്ടാണ് വളർന്നതു്. യാക്കോബായസഭയിൽ ജനിച്ചുവളർന്ന അദ്ദേഹം പരിശുദ്ധ കന്യകമറിയത്തോടുള്ള ഭക്തിയിലും സ്നേഹത്തിലും ഒട്ടും പുറകോട്ടായിരുന്നില്ല. പരിശുദ്ധ കന്യകമറിയത്തിന്റെ പ്രത്യേക പ്രേരണയായിരുന്നിരിക്കാം മാതാപിതാക്കരം മനസ്സു വയ്ക്കാഞ്ഞിട്ടും ഒററയ്ക്കു് കത്തോലിക്കാ സഭാമാതാവിന്റെ മടിത്തട്ടിൽ ഓടിയെത്തുന്നതിനു് അദ്ദേഹത്തിനു പ്രചോദനം നൽകിയതു്. ബഥനിയിൽ ചേർന്നു ഒരുത്തമ സന്യാസിയും വൈദികനുമാകുന്നതിനു അദ്ദേഹത്തിനു എന്നും പ്രചോദനമായി നിന്നിട്ടുള്ളതു് പരിശുദ്ധ കന്യകമാതാവായിരിക്കണം. വൈദികനായശേഷം പാളയം സെൻറ് മേരീസ് പള്ളിയിൽ താല്ക്കാലികമായി താമസം തുടങ്ങിയതുമുതൽ ഇങ്ങോട്ടു്— നാല്പത്തിയഞ്ച് വർഷത്തിനുശേഷം അതേ പാളയം സെൻറു് മേരീസ് പള്ളി അതിന്റെ പൗരാണിക ജീർണ്ണാവസ്ഥയിൽ നിന്നു് മോചനം നേടി സമാധാനരാജ്ഞിയുടെ മണികോവിലായി രൂപം കൊള്ളുന്ന ഇന്നുവരെ മെത്രാനായും മെത്രാപ്പോലീത്തായായും തിരുവനന്തപുരം അതിരൂപതയെ ആത്മീയതയുടെ ഉത്തുംഗശൃംഗങ്ങളിലേക്കാനയിക്കുന്നതിനു് അദ്ദേഹം നൽകിയ വിലപിടിച്ച സേവനത്തിൽ

www.malankaralibrary.com



മുൻതുക്കം ലഭിക്കുന്നതു് മരിയ ഭക്തിയുടെ പ്രോത്സാഹനത്തിനാണ്. കഴിഞ്ഞ അദ്ധ്യായത്തിൽ സൂചിപ്പിച്ചതുപോലെ, മാർ ഈവാനിയോസ് തിരുമേനിയുടെ ചിരകാലാഭിലാഷമായിരുന്നു അതിരൂപതയിൽ മരിയ സൈന്യത്തിന്റെ വേരൂന്നൽ. അതു നിറവേററുന്നതിനുള്ള ചുമതല അദ്ദേഹത്തിന്റെ പിൻഗാമിയായ മാർ ഗ്രിഗോറിയോസ് തിരുമേനിക്കാണു് കൈവന്നതു്. അതിരൂപതയുടെ ഭരണഭാരം 1953-ൽ കൈയ്യേററതുമുതൽ മരിയസൈന്യത്തിന്റെ പ്രവർത്തനവിജയത്തിനുവേണ്ടി നിരന്തരം യത്നിച്ചു. വളരെ ശ്ലാഘനീയമായ വിധത്തിൽ മരിയസൈന്യം അതിരൂപതയിലെ നല്ല ശതമാനം ഇടവകകളിൽ പ്രവർത്തനം ആരംഭിച്ചു. പരിശുദ്ധ കന്യകമറിയത്തിന്റെ അദൃശ്യസാന്നിദ്ധ്യം പുനരൈക്യപ്രസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും അനിഷേധ്യമായ സ്വാധീനം ചെലുത്തിയ അനുഭവം ഏവർക്കും ഉണ്ടായി. മരിയ സൈന്യത്തിന്റെ പ്രവർത്തനഫലമായി ഇടവകകൾ തന്നെ രൂപം കൊണ്ടു; മാനസാന്തരങ്ങളുടെ ഒഴുക്കു ശക്തമായി അനുഭവപ്പെട്ടു. പുനരൈക്യനൗകയുടെ പുതിയ മാലുമി മരിയഭക്തിയുടെ ഓളങ്ങളിൽ സുരക്ഷിതത്വം കണ്ടെത്തി, അനേകായിരങ്ങൾ പ്രസ്തുത നൗകയിലേക്കു കടന്നുവന്നു.

1954-ൽ ബോംബെയിൽവച്ച് നടന്ന മരിയൻ കോൺഗ്രസിലേക്കു മാർ ഗ്രിഗോറിയോസ് തിരുമേനി അദ്ദേഹത്തിന്റെ അധികാരത്തിൽ കീഴിലുള്ള അനേകം വൈദികരേയും അത്മായരേയും അയച്ചു—മരിയഭക്തിയുടെ സാക്ഷ്യത്തിനായി, പുനരൈക്യപ്പെട്ടവരുടെ ദൈവമാതൃഭക്തി ഉത്തരോത്തരം വർദ്ധിക്കുന്നതിനുവേണ്ടി.

മാർ ഗ്രിഗോറിയോസ് തിരുമേനി തിരുവനന്തപുരം അതിരൂപതയുടെ ഭരണം കയ്യേററിട്ടു് നാല്പത്തഞ്ചു സംവത്സരങ്ങൾ പിന്നിട്ടുകഴിഞ്ഞു. പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ അനേകം ദൈവാലയങ്ങൾ പണിതുയർത്തിയിട്ടുണ്ടു്. വിവിധ അവസരങ്ങളിലായി പരിശുദ്ധ കന്യകമാതാവിനോടുള്ള ഭക്തിയെക്കുറിച്ചു വളരെ വിശദമായി ഇടയലേഖനങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെ

www.malankaralibrary.com



യും വിശ്വാസികളെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. എന്താണ ദൈവമാതൃഭക്തിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനം എന്നറിയുന്നതിനു് ഇക്കഴിഞ്ഞ മരിയൻ ജൂബിലിയോടനുബന്ധിച്ച് അദ്ദേഹം എഴുതിയ ചില സർക്കുലറുകളും ഇടയലേഖനങ്ങളും പര്യാപ്തമാണു്. അവയിൽ പ്രധാനപ്പെട്ടതു് ചുവടെ ചേർക്കുന്നു.*

"പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ഒരു ജൂബിലി നാം ഇപ്പോൾ ആഘോഷിക്കുകയാണല്ലൊ. ഈ ജൂബിലി സംബന്ധിച്ച് ഇതിനകം പല പ്രാവശ്യം ഞാൻ നിങ്ങളോട് സംസാരിക്കുകയും, എഴുതുകയും ചെയ്തിട്ടുണ്ട്. ഈ ആണ്ടിൽ പെന്തക്കുസ്തിദിവസം ആരംഭിച്ച് അടുത്ത ആണ്ട് ആഗസ്റ്റ് 15 വരെ നീണ്ടു നിൽക്കുന്ന ഈ ജൂബിലി നമ്മുടെ ഭദ്രാസന ദേവാലയത്തിൽ വച്ച് അത്യുന്നത കർദ്ദിനാൾ ലൂർദ്ദുസ്വാമി തിരുമനസ്സുകൊണ്ട് ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഈ ലേഖനം വഴിയായി ജൂബിലിയെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

നമ്മുടെ ദിവ്യരക്ഷകനായ യേശുക്രിസ്തുവിനെ 'നീതിയിൻ സൂര്യൻ' എന്ന് നാം വിളിക്കുന്നു. ഈ പ്രപഞ്ചത്തിൽ സൂര്യൻ എല്ലാജീവജാലങ്ങൾക്കും വെളിച്ചവും, ചൂടും, ചൈതന്യവും നൽകുന്നു. ആദ്ധ്യാത്മികമണ്ഡലത്തിൽ യേശുതമ്പുരാനാണ് നമ്മുടെ ജീവന് ആധാരം. ഇനിയും 13 വർഷങ്ങൾ കഴിയുമ്പോൾ യേശു ജനിച്ചിട്ട് 2000 വർഷങ്ങൾ തികയും. അനുഗ്രഹപൂർണ്ണമായ ആ അവസരത്തിനുവേണ്ടി ഇപ്പോൾ തന്നെ പ്രതീക്ഷകളോടുകൂടെ നാം ഒരുങ്ങുകയാണ്. രാത്രിയുടെ അന്ധകാരം നീങ്ങി മനുഷ്യഹൃദയങ്ങളിൽ പ്രതീക്ഷ ഉയർത്തിക്കൊണ്ട് സൂര്യനുമുമ്പ് പ്രഭാതനക്ഷത്രം ഉദിക്കുന്നു. നീതിയിൻ സൂര്യനുമുമ്പ് ഉദിച്ച പ്രഭാതനക്ഷത്രവും, നമ്മുടെ ആനന്ദത്തിന്റെ കാരണവുമാണ് പരിശുദ്ധ കന്യകമറിയം. അവളുടെ ഉദയത്തിനുശേഷം ഇപ്പോൾ രണ്ടായിരം വർഷം

---

* മാർ ഗ്രിഗോറിയോസ് സർക്കുലർ 21 Sept. 1987.

www.malankaralibrary.com



കഴിഞ്ഞിരിക്കുകയാണ്. ഈ സ്വർഗ്ഗീയമാതാവിൻെറ 2000-ാം ജന്മവാർഷികം കൊണ്ടാടുകയാണ് ജൂബിലി ആഘോഷത്തിൻെറ ലക്ഷ്യം. ദൈവമാതാവും നമ്മുടെ ഓരോരുത്തരുടെയും സ്വർഗ്ഗീയ അമ്മയുമായ പരിശുദ്ധ കന്യകമറിയാമിൻെറ ഈ ജന്മവാർഷികം ധാരാളമായ അനുഗ്രഹങ്ങളുടെയും സന്തോഷത്തിൻെറയും ഒരവസരമാണ്. വ്യക്തികളായും സമൂഹമായും നമുക്ക് ഈ ജൂബിലി യഥോചിതം ആചരിച്ച് പരിശുദ്ധ കന്യകയെ ബഹുമാനിക്കുകയും അവരം വഴിയായി ദൈവാനുഗ്രഹങ്ങരം പ്രാപിക്കുയും ചെയ്യാം.

"സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും" എന്നാണല്ലൊ ആ കന്യകതന്നെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ഉദ്ഘോഷിച്ചത്. മിശിഹാ നിറവേററിയ രക്ഷയുടെ ഫലം ഏററം പൂർണ്ണമായി അനുഭവിച്ച വ്യക്തിയാണ് മറിയം. രക്ഷകൻെറ നൽവരങ്ങരം മുൻകൂട്ടി നൽകികൊണ്ട്, പ്രവാചകനായ യെരമ്യായെ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ വിശുദ്ധീകരിക്കുകയും, മുന്നോടിയായ യോഹന്നാനെ ജനനത്തിനു മുമ്പുതന്നെ പരിശുദ്ധാത്മാവുകൊണ്ടു നിറയ്ക്കുകയും ചെയ്ത ദൈവം, അതേ നൽവരങ്ങരം നൽകികൊണ്ട് തൻെറ പുത്രന് മാതാവായി തിരഞ്ഞെടുത്ത ആ കന്യകയെ അവളുടെ അസ്തിത്വത്തിൻെറ ആരംഭം മുതൽതന്നെ നന്മ നിറഞ്ഞവരം" ആക്കിത്തീർത്തു.

"ഇതാ ഞാൻ കർത്താവിൻെറ ദാസി. നിൻെറ വചനം പോലെ എന്നിൽ ഭവിക്കട്ടെ" എന്നുച്ചരിച്ചുകൊണ്ട് ദൈവതിരുമനസ്സിന് പരിപൂർണ്ണമായി സ്വയം അർപ്പിച്ച അവളിൽ, വചനം മാംസമായി അവതരിച്ചു. ആ നിമിഷം മുതൽ അവരം ദൈവപുത്രന് നിരന്തരം കൂടുതൽ അനുരൂപയായിത്തീർന്നു. യേശു തൻെറ രക്ഷണീയമായ ദൗത്യത്തിൻെറ അടയാളമായി കാനായിലെ കല്യാണ വിരുന്നിൻെറ അവസരത്തിൽ ഒന്നാമത്തെ അത്ഭുതം പ്രവർത്തിച്ചത്, തൻെറ മാതാവിൻെറ ആഗ്രഹപ്രകാരമാണ്. ലോകാരംഭം മുതൽ കുരൽ അറക്കപ്പെട്ട ദൈവ കുഞ്ഞാടായ രക്ഷകൻെറ കുരിശിനു ചുവട്ടിൽ നിന്നുകൊണ്ട് പരമമായ ആ ബലിയോട് അവരം സ്വയം അലിഞ്ഞുചേർന്നു. ഉയിർപ്പിനുശേഷം സ്വമാതാവി

www.malankaralibrary.com



നാണ് രക്ഷകൻ ആദ്യമായി പ്രത്യക്ഷപ്പെട്ടതെന്ന് സഭ എന്നും വിശ്വസിച്ചുവരുന്നു. യേശുവിൻെറ സ്വർഗ്ഗാരോഹണത്തിനുശേഷം സെഹിയോൻ മാളികയിൽ പരിശുദ്ധ മാതാവിനു ചുററും ശ്ലീഹന്മാർ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് പരിശുദ്ധാത്മാവ് അവരുടെ മേൽ ആവസിക്കുകയും മിശിഹായുടെ മണവാട്ടിയായ സഭ പ്രത്യക്ഷമായി പ്രവർത്തിക്കുവാൻ തുടങ്ങുകയും ചെയ്തത്.

സഭയുടെ ശൈശവദശയിൽ ശിഷ്യന്മാരെയും ആദിമ വിശ്വാസികളെയും മാതൃനിർവിശേഷമായ വാത്സല്യത്തോടെ പരിപാലിച്ചു വളർത്തിയശേഷം, അവരം ഉയിർപ്പിൻ ആദ്യഫലമായി, ആത്മശരീരങ്ങളോടെ സ്വപുത്രൻെറ സന്നിധിയിലേക്ക് സ്വീകരിക്കപ്പെട്ടു.

കുരിശിൽ കിടന്നുകൊണ്ട് ദിവ്യരക്ഷകൻ എല്ലാ മനുഷ്യർക്കും പരിശുദ്ധകന്യകയെ, യോഹന്നാനിൽകൂടി അമ്മയായി നൽകിയിരുന്നു. വീണ്ടെടുപ്പിൻഫലം അനുഭവിക്കുന്നവരുടെ അടയാളമാണ്, യോഹന്നാനെപ്പോലെ ദൈവമാതാവിനെ ആദരവോടും മക്കരംക്കടുത്ത സ്നേഹത്തോടും കൂടി സ്വീകരിക്കുകയെന്നത്. ആരംഭംമുതൽ ഇന്നോളം സഭയും അവളുടെ മക്കളും ആ പരിശുദ്ധ കന്യകയുടെ വാൽസല്യവും പരിപാലനയും അനുഭവിച്ചിട്ടുണ്ട്. ആ അമ്മയിലുള്ള സവിശേഷമായ ആശ്രയം പൗരസ്ത്യ സഭകളുടെ പ്രത്യേകമായ ഒരു മുദ്രയാണ്.

ഭാരതത്തിൻെറ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ദേവാലയങ്ങളെല്ലാം പരിശുദ്ധ കന്യകമറിയാമിൻെറ നാമത്തിലായിരുന്നു. ഈ പാരമ്പര്യം എന്നും നിലനിർത്തിക്കൊണ്ട് മാർത്തോമ്മാ ശ്ലീഹായുടെ മക്കരം പരിശുദ്ധ കന്യകയെ എന്നും തീക്ഷ്ണമായി സ്നേഹിക്കുകയും ആ അമ്മയിൽ അഭയം തേടുകയും ചെയ്തുവരുന്നു. നമ്മുടെ അതിരൂപതയിൽ, ഭദ്രാസന ദേവാലയമുരംപ്പെടെ മാതാവിൻെറ നാമത്തിൽ പ്രതിഷ്ഠിതമായ 153 ദേവാലയങ്ങളുണ്ട്.

പരിശുദ്ധ കന്യകയോടുള്ള ഭക്തിയും സ്നേഹവും പ്രകടിപ്പിക്കുന്നതിന് ബാഹ്യമായ സംവിധാനങ്ങരം സഹാ

www.malankaralibrary.com



യിക്കുന്നു. എന്നാൽ നിഷ്ക്കളങ്കമായ ദൈവമാതൃഭക്തി അടങ്ങിയിരിക്കുന്നത് പ്രധാനമായി പരിശുദ്ധ അമ്മയുടെ ജീവിതമാതൃക അനുകരിക്കുന്നതിലാണ്.

"എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിക്കുന്നു". പരിശുദ്ധ കന്യകയുടെ ചിന്തയുടേയും സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും കേന്ദ്രം ദൈവമായിരുന്നു. മാലാഖയുടെ സന്ദർശന സമയത്തു മാത്രമല്ല, ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും, വിശേഷ വിധിയായി അവളുടെ ഹൃദയത്തിൽകൂടി ഒരു വാൾ കടന്നുപോയ ക്രൂശിലെ പരമബലിയുടെ സന്ദർഭത്തിലും "ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എനിക്ക് ഭവക്കിട്ടെ" എന്ന് അവൾ ആവർത്തിച്ചു പറഞ്ഞിരുന്നു. പ്രാർത്ഥനയിൽ ഏകാഗ്രതയോടുകൂടി ദൈവസംസർഗ്ഗം ചെയ്യുവാനും ജീവതത്തിന്റെ സുഖകരവും അസുഖകരവുമായ എല്ലാ അനുഭവങ്ങളിലും ദൈവതിരുവിഷ്ടത്തിന് വിധേയരാകുവനും ദൈവമാതാവ് നമ്മെ പഠിപ്പിക്കുന്നു. ദൈവാനുഗ്രഹം പ്രാപിക്കുന്നതിന് അവൾ നമുക്ക് ചൂണ്ടിക്കാണിക്കുന്ന മാർഗ്ഗവും അതുതന്നെയാണ്.

"അവൻ നിങ്ങളോടെന്തെങ്കിലും കല്പിച്ചാൽ അത് ചെയ്യുവിൻ" ഇതാണ് പരിശുദ്ധ മറിയം ഇന്നും നമുക്ക് നൽകുന്ന ഉപദേശം.

തന്റെ ഇളയമ്മയായ ഏലിശുബായ്ക്ക് സഹായം ആവശ്യമുണ്ടെന്നറിഞ്ഞ് മറിയാം ബദ്ധപ്പെട്ട് അവളുടെ ഭവനത്തിലേക്കു പോവുകയും മൂന്നു മാസത്തോളം അവൾക്ക് സേവനം അനുഷ്ഠിക്കുകയും ചെയ്തു. സ്നേഹനിർഭരമായ സേവനത്തിൽ കൂടിയാണ് നാം ദൈവത്തെ പ്രസാദിപ്പിക്കേണ്ടതെന്ന് പരിശുദ്ധ കന്യക നമ്മെ പഠിപ്പിക്കുകയാണ്. നസ്രേത്തിലെ ഭവനം ഒരു ഗാർഹികദേവാലയവും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഒരു വിദ്യാലയവുമായിരുന്നു. നസ്രത്തിലെ ഭവനം നമ്മുടെ ഭവനങ്ങൾക്കും മാതൃകയായിരിക്കട്ടെ. അനുദിനജീവിതത്തിന്റെ അദ്ധ്വാനങ്ങളും ക്ലേശങ്ങളും ദൈവത്തിന് സ്വീകാര്യമായ ബലി

www.malankaralibrary.com



യാണെന്ന് പരിശുദ്ധ കന്യക നമുക്ക് കാട്ടിത്തരുന്നു. ഉജ്ജ്വലമായ ഈ മാതൃക അനുകരിക്കുകയായിരിക്കട്ടെ നമ്മുടെ ജൂബിലി ആഘോഷത്തിന്റെ പ്രധാന ലക്ഷ്യം.

ജൂബിലി ആഘോഷത്തിന്റെ ചില പ്രത്യേകപരിപാടികൾ ഞാൻ നിർദ്ദേശിക്കുകയാണ്:

1. ജൂബിലിയുടെ പ്രത്യേകമായ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിന് നമ്മുടെ അതിരൂപതയിൽ ഓരോ വൈദികജില്ലയിലും പ്രത്യേകം നിർദ്ദേശിക്കുന്ന ദേവാലയങ്ങൾ സന്ദർശിക്കുകയും പരിശുദ്ധ മാതാവിന്റെ ബഹുമാനത്തിനായി പ്രാർത്ഥിക്കുകയും ഭക്തകൃത്യങ്ങൾ നടത്തുകയും ചെയ്യുക. പള്ളികളുടെ ലിസ്റ്റ്: തിരുവനന്തപുരം സെൻറ് മേരീസ് ഭദ്രാസനപള്ളി, അടൂർ തിരുഹൃദയപള്ളി ആയൂർ സ്വർഗ്ഗാരോപിതമാതാവിന്റെ പള്ളി, ചെങ്ങന്നൂർ സെൻറ് തോമസ് പള്ളി, മരിയാഗിരി സ്വർഗ്ഗാരോപിതമാതാവിന്റെ പള്ളി, വകയാർ സെൻറ് മേരീസ് പള്ളി, കിഴക്കേത്തെരുവ് തിരുകുടുംബപള്ളി, മാർത്താണ്ഡം ക്രിസ്തുരാജപള്ളി, പുന്നമൂട് സ്വർഗ്ഗാരോപിതമാതാവിന്റെ പള്ളി, ബാലരാമപുരം സെൻറ് ജോസഫ് പള്ളി, പത്തനംതിട്ട സെൻറ് പീറ്റേഴ്സ്പള്ളി, പുനലൂർ സെൻറ് ജോസഫ്സ് പള്ളി, പുത്തൂർ വ്യാകുലമാതാവിന്റെ പള്ളി, കൊല്ലം സെൻറ് തോമസ് പള്ളി, പെരുനാട് അമലോത്ഭവമാതാവിന്റെ പള്ളി, നെടുമങ്ങാട് സെൻറ് ജറോം പള്ളി, കന്യാകുമാരി ദിവ്യകാരുണ്യദേവാലയം.

2. ഈ വർഷം കുടുംബനവീകരണവർഷമായി ആചരിക്കുക.

3. ജൂബിലിവർഷത്തേക്കുള്ള പ്രത്യേകമായ പ്രാർത്ഥന ഓരോ ദിവസവും ദേവാലയങ്ങളിൽവച്ചോ, ഭവനങ്ങളിൽ വച്ചോ നടത്തുക.

4. മാതാവിന്റെ നാമത്തിലുള്ള തിരുനാളുകൾ: നവംബർ 21 പരിശുദ്ധ മാതാവിന്റെ ദേവാലയപ്രവേശന തിരുനാൾ. നവംബർ 29 (ഞായർ) പരിശുദ്ധ കന്യക എലിസബത്തിനെ സന്ദർശിച്ചത്. സെപ്റ്റംബർ 8 മാതാ

www.malankaralibrary.com



വിൻെറ ജനനത്തിരുനാാം, ഡിസംബർ 26 മാതാവിൻെറ പുകഴ്ചയുടെ തിരുനാാം, ജനുവരി 15 വിത്തുകളെപ്രതി ദൈവമാതാവിൻെറ ഓർമ്മത്തിരുനാാം, ഫെബ്രുവരി 2 ദേവാലയപ്രവേശനത്തിരുനാാം, മാർച്ച് 25 വചനിപ്പു തിരുനാാം മേയ് 15 കതിരുകളെപ്രതി ദൈവമാതാവിൻെറ ഓർമ്മത്തിരുനാാം, ആഗസ്റ്റ് 15 സ്വർഗ്ഗാരോപണത്തിരുനാാം ഏററം ഭക്തിപൂർവ്വം ആചരിക്കുക.

ഈ തിരുനാാം ദിവസങ്ങളിലെല്ലാം, ദൈവമാതാവിൻെറ നാമത്തിലുള്ള തിരുവനന്തപുരത്തെ നമ്മുടെ ഭദ്രാസനദേവാലയത്തിൽ രാവിലെ 11 മണിക്ക് ആഘോഷമായ വിശുദ്ധ കുർബാനയുണ്ടായിരിക്കുന്നതാണ്. അതിരൂപതയിലെ ഓരോ ഭാഗങ്ങളിൽ നിന്നും തദവസരത്തിൽ വിശ്വാസികാം ഈ ദേവാലയത്തിലേക്ക് തീർത്ഥയാത്ര നടത്തുകയും, വിശുദ്ധ കുർബാനയിൽ സംബന്ധിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്യാവുന്നതാണ്. തീർത്ഥാടകർക്കുവേണ്ട എല്ലാ സൗകര്യങ്ങളും ഇവിടെ ക്രമീകരിക്കുന്നതാണ്.

ബുധനാഴ്ച ദിവസങ്ങാം പൗരസ്ത്യ പാരമ്പര്യമനുസരിച്ച് ദൈവമാതാവിന് പ്രതിഷ്ഠിക്കപ്പെട്ട ദിവസമാണ് അന്ന് വിശുദ്ധ കുർബാനയിൽ സംബന്ധിക്കുകയും എന്തെങ്കിലും ത്യാഗപ്രവർത്തികാം അനുഷ്ഠിക്കുകയും ചെയ്യുക.

5. മാതാവിനെക്കുറിച്ചുള്ള വേദഭാഗങ്ങാം, വത്തിക്കാൻ സൂന്നഹദോസിൻെറ ഉപദേശങ്ങാം (പ്രത്യേകിച്ച് "തിരുസഭ" 8-ാം അദ്ധ്യായം), "രക്ഷകൻെറ മാതാവ്" എന്ന പരിശുദ്ധ പിതാവിൻെറ ചാക്രിക ലേഖനം മുതലായവ വായിക്കുകയും പഠിക്കുകയും ചെയ്യുക.

6. ത്രികാലജപം, ജപമാല ഈ പ്രാർത്ഥനകാം ഭക്തിപൂർവ്വം നടത്തുക.

7. ലീജിയൻ ഓഫ് മേരിയുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

www.malankaralibrary.com


8. എലിസബത്തിനെ അവളുടെ ആവശ്യങ്ങളിൽ സഹായിച്ച പരിശുദ്ധ കന്യകയുടെ മാതൃക അനുകരിച്ച് ദരിദ്രരും അവശരുമായ സഹോദരങ്ങളെ സ്നേഹപൂർവ്വം സഹായിക്കുക.''

മരിയൻജൂബിലി വളരെ സമുചിതമായി മലങ്കര സഭാമക്കൾ വിവിധ ഡിസ്ട്രിക്ടുകളിലായി ആഘോഷിച്ചു; അതിൻെറ പരിസമാപ്തിയായി 1988 ആഗസ്റ്റ് പതിനാലാം തീയതി തിരുവനന്തപുരത്തെ മൂന്നു റീത്തുകളും ചേർന്ന് ഏറ്റം മോടിയായി ആഘോഷപരിപാടികൾ സംഘടിപ്പിച്ചു. പരിശുദ്ധ കന്യക മാതാവിനോടുള്ള സ്നേഹബഹുമാനാദരവുകൾ ഒരിക്കൽകൂടി പ്രകടിപ്പിക്കുന്നതിനു മാർത്തോമ്മാമക്കൾക്കു ലഭിച്ച സുവർണ്ണാവസരമായിരുന്നു ജൂബിലിയുടെ സമാപനം. മരിയൻജൂബിലിയിൽ മാർത്തോമ്മാമക്കൾക്കു, പ്രത്യേകിച്ചു മലങ്കരസഭാമക്കൾക്കുള്ള പങ്കും സ്ഥാനവും സാർവത്രികമായി അംഗീകരിക്കപ്പെടുന്നതിനുള്ള ഒരവസരം മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായ്ക്കു കൈവന്നു. അദ്ദേഹം ഒരു സർക്കുലർവഴി 27-1-1988-ൽ വിശ്വാസികളെ ഇപ്രകാരം അറിയിച്ചു: ''മരിയൻ ജൂബിലിവർഷത്തിൻെറ ഭാഗമായി നമ്മുടെ കർത്താവിൻെറ ദേവാലയപ്രവേശനത്തിരുനാളിൽ (ഫെബ്രുവരി 2) പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ അന്ത്യോക്യൻ സുറിയാനിക്രമമനുസരിച്ച് റോമിൽ വി. കുർബാന അർപ്പിക്കുന്നതാണ്. മലങ്കര സുറിയാനിസമൂഹം ഈ വി. കുർബാനയിൽ ഫലപ്രദമായി പങ്കുചേരണമെന്ന് പരിശുദ്ധ പിതാവ് അതിയായി ആഗ്രഹിക്കുന്നു. ''അത്യുൽക്കൃഷ്ടമായ പൗരസ്ത്യക്രിസ്തീയപാരമ്പര്യത്തിലൂടെ കന്യകമാതാവിനെ ബഹുമാനിക്കുവാൻ'' ആണ് പരിശുദ്ധ പിതാവ് ഇപ്രകാരം ചെയ്യുന്നത്. ഏററം അനുഗ്രഹിക്കപ്പെട്ട ഈ സന്ദർഭം പ്രാർത്ഥനയുടെ ഒരവസരമായി സഭ മുഴുവൻ, പ്രത്യേകിച്ച് അന്ത്യോക്യൻ പാരമ്പര്യത്തിൽപെട്ടവർ, പ്രയോജനപ്പെടുത്തേണ്ടതാണ്.''

''ശിശുവായ യേശുവിനെ നമ്മുടെ ബലിവസ്തുവായി ദേവാലയത്തിൽ കാഴ്ച വയ്ക്കുകയും, അതോടൊപ്പം അത്യഗാധമായ വിനയത്തോടും ദൈവതിരുമനസ്സിനുള്ള

www.malankaralibrary.com



പരിപൂർണ്ണമായ വിധേയത്വത്തോടുംകൂടെ സ്വയം സമർപ്പിക്കുകയും ചെയ്ത പരിശുദ്ധ മാതാവിനോടൊത്ത് നമ്മെ ഓരോരുത്തരേയും നമ്മുടെ കുടുംബങ്ങളേയും നമ്മുടെ സമൂഹത്തെ മുഴുവനുമായും പരിശുദ്ധ കന്യക വഴിയായി ദൈവതൃക്കരങ്ങളിൽ നമുക്കു ഭരമേല്പിക്കാം.''

''വിജാതീയർക്കു വെളിപാടും സ്വന്തജനമായ ഇസ്രായേലിനു മഹിമയുമായി, സകല ജനതകൾക്കും വേണ്ടി ദൈവം ഒരുക്കിയിരുന്ന രക്ഷ കുരിശിലെ ബലി വഴിയായിട്ടാണല്ലോ നിറവേറിയത്. ആ രക്ഷാകരകർമ്മത്തിൽ പങ്കുചേർന്ന ദൈവജനനിയും, ആ ബലിയോടു നിരന്തരം യോജിച്ചുകൊണ്ടും കുരിശിലെ ബലിയോടു പരിപൂർണ്ണമായി സാധർമ്മ്യം പ്രാപിച്ചുകൊണ്ടുമാണ് തന്റെ ദൗത്യം നിറവേററിയത്. 'അവളുടെ ഹൃദയത്തിൽകൂടി ഒരു വാൾ തുളച്ചുകയറുക'യുണ്ടായി.

''സജീവമായ വിശ്വാസത്തിൻേറയും നിരന്തരമായ ത്യാഗത്തിൻേറയും വഴിയിൽകൂടിമാത്രമേ മലങ്കരസഭാംഗങ്ങൾക്കു അവരുടെ ദൗത്യം നിറവേററാനാകുകയുള്ളൂ. നമ്മെ സംബന്ധിച്ചിടത്തോളം പരിശുദ്ധ കന്യകയുടെ ആഗ്രഹം ക്രിസ്തീയഐക്യം പൂർണ്ണമാകുകയും, അവളുടെ മക്കളായ നാം യേശുവിനെപ്പോലെ ജ്ഞാനത്തിലും ദൈവത്തിൻേറയും മനുഷ്യരുടേയും പ്രീതിയിലും വളർന്നുവരികയും ചെയ്യണമെന്നുള്ളതാണ്. ഈ ജൂബിലിയുടെ ശേഷിക്കുന്ന ദിനങ്ങളിൽ ഇതായിരിക്കട്ടെ നമ്മുടെ ജീവിതത്തിന്റെ സർവ്വപ്രധാനമായ ലക്ഷ്യം.''

മരിയൻ ജൂബിലി ആഘോഷിക്കുന്നതിന് വളരെമുമ്പായി, പുനരൈക്യജൂബിലിയോടനുബന്ധിച്ച് മലങ്കര സഭയിലെ മൂന്നു രൂപതകളിലേയും മേലദ്ധ്യക്ഷന്മാർ വിശ്വാസികൾക്കായി അയച്ച ഒരു സംയുക്തഇടയലേഖനത്തിൽ ഒരുഖണ്ഡിക പരിശുദ്ധ കന്യകമറിയത്തെക്കുറിച്ചും മാർ ഈവാനിയോസ് തിരുമേനിക്ക് പരിശുദ്ധ അമ്മയോടുണ്ടായിരുന്ന പ്രത്യേകസ്നേഹത്തെക്കുറിച്ചുമായിരുന്നു.

www.malankaralibrary.com



"പരിശുദ്ധ കന്യകമറിയാമിനോടുള്ള പുത്രനിർവ്വിശേഷമായ സ്നേഹം, മാർ ഈവാനിയോസ് പിതാവിൻെറ ജീവിതത്തിൽ സവിശേഷമായി പ്രകാശിപ്പിച്ചിരുന്നു. അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ സഫലമാകുന്നതിനുള്ള ഒരു പ്രധാനകാരണവും ഇതായിരുന്നു. പരിശുദ്ധ കന്യക സാക്ഷാൽ ദൈവമാതാവാണെന്നുള്ള സത്യം എഫേസോസിൽ കൂടിയ പൊതുസൂന്നഹദോസ് പ്രഖ്യാപിച്ചിട്ട് ഇപ്പോൾ 1550 വർഷം തികയുകയാണ്. ഈ ജൂബിലി സംബന്ധിച്ച് റോമിൽനടന്ന ആഘോഷങ്ങളിൽ മലങ്കരസഭയുടെ പ്രതിനിധികൾ ശ്രദ്ധേയമായ പങ്ക് വഹിച്ചു. നാം ഇപ്പോൾ ആഘോഷിക്കുന്ന ജൂബിലിയുടെ എല്ലാ പരിപാടികളും ആ നല്ല അമ്മയുടെ കൈകളിൽ നമുക്കു ഭരമേല്പിക്കാം. ഐക്യത്തിൻെറ പൂർണ്ണതയിലേക്ക് ആ വത്സല മാതാവ് നമ്മെയും എല്ലാമനുഷ്യരേയും ആനയിക്കട്ടെ." (സംയുക്ത ഇടയലേഖനം 14/9/1981)

മുകളിൽ സൂചിപ്പിച്ച എഫേസൂസ് സൂന്നഹദോസിൻെറ 16-ാം ശതാബ്ദിയാഘോഷങ്ങളെ പരാമർശിച്ചുകൊണ്ട് 20-5-'81-ൽ അഭിവന്ദ്യ പിതാവ് അയച്ച സർക്കുലറിൽ രണ്ടാംഭാഗത്ത് കന്യക മാതാവിനെക്കുറിച്ചു പറയുന്ന ഭാഗം വളരെയേറെ ശ്രദ്ധാർഹമാണ്. "പരിശുദ്ധ കന്യകമറിയം ദൈവമാതാവാകുന്നു (തെയോതോക്കോസ് = ദൈവജനനി) എന്നു വ്യക്തമായി പഠിപ്പിച്ച മൂന്നാം സാർവത്രികസൂന്നഹദോസ് എഫേസൂസിൽ ക്രിസ്തുവർഷം 431-ാം മാണ്ടാണു നടന്നത്. ആ വർഷം ജൂൺ ഏഴാം തീയതി പെന്തിക്കൊസ്തി ഞായറാഴ്ചയായിരുന്നു സൂന്നഹദോസിനു നിശ്ചയിച്ചിരുന്ന ദിവസം. എഫേസോസ് സാർവത്രിക സൂന്നഹദോസിൻെറ 1550-ാം വാർഷികം സമാഗതമായിരിക്കുന്നു. ഈയാണ്ടിലും പെന്തിക്കൊസ്തി ജൂൺ 7-ാം തീയതിയാണെന്നുള്ളതു ശ്രദ്ധേയമാണ്."

1981-ലെ ക്രിസ്തുമസ് സന്ദേശത്തിലും മാർ ഗ്രിഗോറിയോസ് തിരുമേനി പരിശുദ്ധ കന്യകമാതാവിനെക്കുറിച്ചാണ് പ്രതിപാദിച്ചിട്ടുള്ളത്. എഫേസൂസ് സൂന്നഹദോസിൻെറ ശതാബ്ദിയാഘോഷങ്ങളുടെ പശ്ചാത്തലത്തിൽ

www.malankaralibrary.com



നൽകുന്ന സന്ദേശമായതുകൊണ്ടാവാം, ഇത്രമാത്രം ദീർഘമായി പരിശുദ്ധ കന്യകമറിയാമിനെക്കുറിച്ചു തന്നെ ഈ ക്രിസ്തുമസ് സന്ദേശത്തിൽ പ്രസ്താവിക്കുന്നത്.

''എല്ലാ മനുഷ്യർക്കും ഉണ്ടാകുവാനുള്ള വലിയ സന്തോഷത്തിന്റെ ദാതാവായി ലോകത്തിലേക്കു വന്ന ദിവ്യരക്ഷകന്റെ ജനനത്തെപ്പററി, മാലാഖ ആ ദിവ്യപുരുഷന്റെ മാതാവായി തെരഞ്ഞെടുക്കപ്പെട്ട കന്യകയോട് ഇങ്ങനെയാണ് അറിയിച്ചത് ''പരിശുദ്ധാത്മാവ് നിന്റെ മേൽ വരും.... അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ ജനിക്കുവാനിരിക്കുന്ന പരിശുദ്ധൻ ദൈവപുത്രനെന്നു വിളിക്കപ്പെടും'', ഈ സത്യം അനുദിനം പല പ്രാവശ്യം നാമെല്ലാവരും ഏററുപറയുന്നുണ്ട്.'' ''ദൈവത്തിന്റെ ഏകപുത്രൻ മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽ നിന്നും ശരീരിയായിത്തീർന്നു മനുഷ്യനായി.'' നമ്മുടെ രക്ഷയുടെ ആരംഭമായ ഈ വിശ്വാസം വ്യക്തമായും നിശ്ചിതമായും വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ഒരു പ്രമാണരേഖയായി എല്ലാ തലമുറകൾക്കുമായി നൽകുകയും ചെയ്തത് ആദ്യത്തെ സാർവ്വത്രികസുന്നഹദോസുകളാണ്.

''.......പരിശുദ്ധ കന്യകമറിയം മനുഷ്യനായി അവതരിച്ച വചനമായ ദൈവത്തിന്റെ മാതാവാകുന്നുവെന്നു്, അസന്നിഗ്ധമായി പഠിപ്പിച്ചത് എഫേസൂസിലെ സുന്നഹദോസാണു്........പൗരസ്ത്യ പിതാക്കൻമാരായിരുന്നു ഈ സുന്നഹദോസുകളിൽ വിശ്വാസസത്യങ്ങൾ വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്തത്. അവർ ഈ വിധത്തിൽ നമുക്കു നല്കിയിരിക്കുന്ന അമൂല്യമായ പൈതൃകം അനുഭവവേദ്യമാക്കുവാൻ മററാരേയുംകാൾ പൗരസ്ത്യസഭാംഗങ്ങളായ നാം ബാദ്ധ്യസ്ഥരാണു്. മാത്രമല്ല, അതു നമ്മുടെ പദവിയായി നാം കരുതുകയും വേണം . ........''

''പരിശുദ്ധ കന്യകമറിയാം പാപത്തിന്റെ എല്ലാ സാഹചര്യങ്ങളിൽനിന്നും അകന്നു് ദൈവസംസർഗ്ഗത്തിൽ ജീവിച്ചു. അവരം മഹത്വവും ആനന്ദവും കണ്ടെത്തിയതു്

www.malankaralibrary.com



രക്ഷകനായ ദൈവത്തിലായിരുന്നു. ആ അമ്മയുടെ മാതൃക അനുസരിച്ച് ജാഗ്രതയോടും ഇന്ദ്രിയ നിഗ്രഹത്തോടും കൂടി നമ്മുടെ ശരീരങ്ങളെ വിശുദ്ധിയിൽ സംരക്ഷിക്കുന്നതിനു നാം നിസ്തന്ദ്രമായി പരിശ്രമിക്കേണ്ടതാണു്. അപ്പോഠം ദൈവം തൻെറ പരിശുദ്ധാത്മാവിനെ നമുക്കു നൽകുകയും നമ്മുടെ ഹൃദയങ്ങഠം ദൈവസ്നേഹത്താൽ നിറയ്ക്കുകയും ചെയ്യും."

"പരിശുദ്ധ കന്യക തൻെറ ബാല്യകാലം മഹാപുരോഹിതൻെറ സംരക്ഷണയിൽ ദേവാലയത്തിൽ ചെലവഴിക്കുകയും നസ്രേത്തിൽ തിരിച്ചുവന്നു് ദൈവവചനം വായിക്കുന്നതിലും പ്രാർത്ഥനവഴിയായി ദൈവസംസർഗ്ഗത്തിൽ ജീവിക്കുന്നതിലും ഉററിരുന്നു."

മേലുദ്ധരിച്ച ഇടയ ലേഖനങ്ങളിൽ നിന്നും സർക്കുലറുകളിൽനിന്നും വ്യക്തമാകുന്ന ഒരു വസ്തുതയുണ്ടു്. പരിശുദ്ധമാതാവിനെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ പ്രബോധനങ്ങഠം അതേപടി സ്വീകരിക്കുകയും മലങ്കര മക്കഠംക്കു അവരുടെ ആദ്ധ്യാത്മിക ജീവിതത്തിനും ക്രിസ്തീയ ജീവിതത്തിൻെറ മുഖ്യധാരയിൽ ഇഴുകിച്ചേരുന്നതിനും പ്രയോജനപ്പെടുന്ന രീതിയിൽ വ്യാഖ്യാനിച്ചുകൊടുക്കുകയും ചെയ്യുന്നതിൽ മാർ ഗ്രിഗോറിയോസ് തിരുമേനി വളരെയേറെ ശ്രദ്ധ പതിക്കുകയും ചെയ്യുന്നു. കന്യക മറിയാം ദൈവത്തിൻെറ അമ്മയാണെന്നു ഉറച്ചു പ്രഖ്യാപിക്കുന്നതോടൊപ്പം ദൈവവചനം ഉഠംക്കൊണ്ടുകൊണ്ടു് ആ വചനത്തിനു ശുശ്രൂഷ ചെയ്ത അവളുടെ ഉദാത്തമായ മാതൃക എല്ലാ വിശ്വാസികഠംക്കും അനുകരണീയമാണെന്നും അദ്ദേഹം മാർത്തോമ്മാ മക്കളെ പഠിപ്പിക്കുന്നു. ആദ്യത്തെ ക്രിസ്തുമസ്സ് ദൈവമാതാവിന് അലൗകികവും സനാതനവുമായ ഒരനുഭവമായിത്തീർന്നതുപോലെ യേശുവിനെ ആന്തരികമായി ഉഠംക്കൊള്ളുന്ന നമുക്കും അവിടുത്തെ സാന്നിദ്ധ്യം അലൗകികവും സനാതനവുമായ അനുഭവമായി ഭവിക്കട്ടെയെന്നദ്ദേഹം ആശംസിക്കുമ്പോഠം, ക്രിസ്തീയ ജീവിതത്തിൻെറ പരമോന്നത ലക്ഷ്യം നാം ദർശിക്കുകയായി.

മരിയൻ ജൂബിലിയോടനുബന്ധിച്ച് കേരള തലസ്ഥാനനഗരിയിൽ പാളയത്തു് "സമാധാനരാജ്ഞിയുടെ" നാമ

www.malankaralibrary.com



ത്തിൽ പഴയ സെൻറ് മേരീസ് ദേവാലയം പുതുക്കി പുനഃപ്രതിഷ്ഠിക്കണമെന്നു് അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനിക്ക് ഉൽക്കടമായ ആഗ്രഹം ഉണ്ടായിരുന്നു. ഇതേക്കുറിച്ചു അതിരൂപതയിലെ എല്ലാവിശ്വാസികളേയും വന്ദ്യ തിരുമേനി 5-4-1988-ൽ അയച്ച ഒരു സർക്കുലർ വഴി ബോദ്ധ്യപ്പെടുത്തുകയുണ്ടായി.

"തലസ്ഥാനനഗരിയിൽ രൂപം കൊള്ളുന്ന ഈ ദേവാലയം അതിവിശാലമല്ലായെങ്കിലും നമ്മുടെ എല്ലാവരുടേയും ദൈവമാതൃഭക്തിയുടെ പ്രതീകമെന്നനിലയിൽ, മനോഹരവും എല്ലാവിധത്തിലുംഅനുയോജ്യവുമായിരിക്കണമല്ലോ. ഈ അതിഭദ്രാസനത്തിലെ ഓരോ വ്യക്തിയുടേയും നാമത്തിൽ ഒരു കല്ലെങ്കിലും ഈ ദേവാലയത്തിനു സംഭാവന നൽകേണ്ടതാണു്. സ്നേഹനിധിയായ നമ്മുടെ സ്വർഗ്ഗീയ മാതാവിനു് അവളുടെ വത്സലമക്കളായ നമ്മുടെ പൊതുവായ ഒരു കാഴ്ചയായിരിക്കട്ടെ ഈ ആലയം."

തിരുവനന്തപുരം പട്ടണത്തിൻെറ വളർച്ചയെ സൂചിപ്പിച്ചശേഷം അഭിവന്ദ്യ തിരുമേനി പറയുന്നു.... "ഈ വളർച്ചയും മാററങ്ങളുമെല്ലാം നേരായ വഴിയിലും അനുഗ്രഹപ്രദമായ രീതിയിലും ആയിരിക്കുന്നതിനു് ദൈവമാതാവിൻെറ സാന്നിദ്ധ്യവും മാദ്ധ്യസ്ഥവും അനിവാര്യമാണു്. ആരംഭംമുതൽ തന്നെ ഈ പ്രാർത്ഥനാകേന്ദ്രം അനേകമാളുകാംക്കു് ദിവ്യമായ ആശ്വാസത്തിൻേറയും സവിശേഷമായ ദൈവാനുഗ്രഹത്തിൻേറയും ഒരു സങ്കേതമായിരുന്നുവെന്നതു് എല്ലാവർക്കും അനുഭവവേദ്യമാണു്. പൂർവ്വാധികം സമൃദ്ധമായ സ്വർഗ്ഗീയ നന്മകളുടെ ഒരു സ്രോതസ്സായി ഈ ദേവാലയം തുടരുമെന്നു് നമുക്കു് ന്യായമായി പ്രതീക്ഷിക്കാം."

പട്ടം കേശവദാസപുരം റൂട്ടിൽ വിശാലമായ കുന്നിൽ പുറത്തു് തലയുയർത്തി നില്ക്കുന്ന തിരുവനന്തപുരം അതിരൂപതയുടെ അതിഭദ്രാസന ദേവാലയം പരിശുദ്ധ കന്യകമറിയാമിൻെറ നാമത്തിലുള്ളതാണു്. ഈ ദേവാലയത്തിലെ ക്രിപ്ററിൽ ഈ ഭദ്രാസന ദേവാലയത്തിനു രൂപകല്പന നൽകിയ പുനരൈക്യ ശില്പിയുടെ ഭൗതികാവശിഷ്ടങ്ങാം അന്തിമവിശ്രമം കൊള്ളുന്നു. മലങ്കരമക്കാംക്ക് സദാ ഉണർവും ഉത്തേജനവും പ്രദാനം ചെയ്യുന്ന ഒരു

www.malankaralibrary.com



തീർത്ഥാടന കേന്ദ്രമായിത്തീർന്നിരിക്കുകയാണ് സെൻറ് മേരീസ് കത്തീഡ്രൽ ദേവാലയം. അനന്തപുരിയുടെ നടുവിൽ മാർ ഈവാനിയോസ് തിരുമേനി സ്ഥാപിച്ച മലങ്കര സഭയുടെ ആദ്യത്തെ ദേവാലയം പുനർജന്മം പ്രാപിച്ചുവരികയാണു്. അതും പരിശുദ്ധ കന്യകമറിയത്തിൻെറ നാമത്തിൽ പുനഃപ്രതിഷ്ഠിക്കപ്പെടും. അനന്തപുരിയിൽതന്നെ പരിശുദ്ധ ദൈവമാതാവിനു് പ്രതിഷ്ഠിക്കപ്പെട്ട രണ്ടു മനോഹര ദേവാലയങ്ങൾ. മലങ്കരമക്കളുടെ സവിശേഷമായ ദൈവമാതൃഭക്തിക്ക് രണ്ട് ഉന്നത സ്മാരകങ്ങൾ! മലംപ്രദേശമായ നിലയ്ക്കലിൽ നിന്നു് തൊമ്മിയെന്ന കാരണവർ അവിടത്തെ ദൈവാലയത്തിൽനിന്നും പരിശുദ്ധ കന്യകമറിയത്തിൻെറ രൂപവും എടുത്തുകൊണ്ടു ആറാം നൂററാണ്ടിൽ പലായനം ചെയ്തു കാഞ്ഞിരപ്പള്ളിയിൽ എത്തിച്ചേർന്നുവെന്നു പുരാവൃത്തം. പാണ്ടിപ്പറയരുടെ ആക്രമണത്തിൽ നിന്നു രക്ഷപ്പെടുവാനാണിപ്രകാരം ഓടിയതെന്നു് ഐതിഹ്യം. പതിനാലു നൂററാണ്ടുകൾ കഴിഞ്ഞപ്പോൾ അനന്തപുരിക്കു് പരിശുദ്ധ കന്യകമറിയത്തിൻെറ കാവൽ! അവളുടെ മനോഹരമായ ചിത്രങ്ങൾ പട്ടത്തും പാളയത്തും ചിരപ്രതിഷ്ഠ നേടിയിരിക്കുന്നു. മാർത്തോമ്മാമക്കൾക്കു് മരിയാംബികയോടുള്ള നിസ്സീമമായ ഭക്തി അക്രൈസ്തവർക്കുപോലും അനുകരണീയമായിതീർന്നിരിക്കുന്നു. മാതാവിൻെറ ഈ ഛായാചിത്രങ്ങളുടേയും പ്രതിരൂപങ്ങളുടെയും സവിധത്തിൽ പൂമാലകൾ ചാർത്തിയും മെഴുകുതിരികൾ കത്തിച്ചും ദീർഘമായ പ്രാർത്ഥനകൾ ഉരുവിട്ടും പരിശുദ്ധ മാതാവിൻെറ പ്രാർത്ഥനാസഹായങ്ങൾ തേടുന്ന അനേകായിരം വിശ്വാസികളും അവിശ്വാസികളും ക്രൈസ്തവരും അക്രൈസ്തവരും ഇന്നു് അനന്തപുരിയിലുണ്ടു്. ഇവരുടെ അനന്തപ്രവാഹത്തെ ദർശിച്ചുകൊണ്ടു് അനന്തതയിൽ മരിയഭക്തനായ മലങ്കര സഭാനൗകയുടെ പ്രഥമ മാലുമി കൃതാർത്ഥതയടയുന്നുണ്ടാവും. മലങ്കര സഭാനൗകയെ ചുറുചുറുക്കോടും തീക്ഷ്ണതയോടും നയിക്കുന്ന ദ്വിതീയ മാലുമി നന്ദിയുടേയും സ്തോത്രത്തിൻെറയും നിർമ്മല സ്നേഹത്തിൻേറയും പൂച്ചെണ്ടുകൾ ആ സ്വർഗ്ഗീയ അമ്മയുടെ പാദാരവിന്ദങ്ങളിൽ അർപ്പിക്കുന്നുണ്ടാവും.

www.malankaralibrary.com

# XIII

# പരിശുദ്ധ കന്യകമാതാവിനെ സംബന്ധിച്ചുള്ള വേദശാസ്ത്രം

ദൈവത്തിൻെറ വഴികഠം അഗ്രാഹ്യങ്ങളും പലപ്പോഴും അദൃശ്യങ്ങളുമാണ്. ആദിമസ്ത്രീയെ ആദാമിൻെറ വാരിയെല്ലിൽനിന്നു രൂപപ്പെടുത്തുക; അവഠം, ആദ്യഹവ്വാ, ആദാമിൻെറ വീഴ്ചയ്ക്ക് കളമൊരുക്കുക, സമയത്തിൻെറ പൂർണ്ണതയിൽ ഒരു ഗ്രാമീണകന്യകയെ രണ്ടാം ഹവ്വായായി പ്രതിഷ്ഠിക്കുക, രണ്ടാം ആദാം രണ്ടാം ഹവ്വായിൽനിന്നു ജനിക്കുക, അതുവഴി വീണ ആദാമും സന്താനപരമ്പരയും മരണത്തിൽനിന്നു ജീവനിലേക്ക് കടക്കുക—ഇവയെല്ലാം ദൈവത്തിന് നിഷ്പ്രയാസമാണെങ്കിലും മനുഷ്യബുദ്ധിക്ക് അതീതങ്ങളും അഗ്രാഹ്യങ്ങളുമാണ്. എങ്കിലും വേദപുസ്തകം സാക്ഷിക്കുന്നതുപോലെ ഇവയെല്ലാം സമയത്തിൻെറ തികവിൽ, ദൈവതിരുമനസ്സിൻെറ മികവിൽ നിറവേറി.

ഗ്രാമീണകന്യക, യോവാക്കീമിൻേറയും ഹന്നായുടേയും മകഠം മറിയാം, അത്ഭുതപരതന്ത്രയായി ചോദിക്കുന്നു, ഇതെങ്ങനെ സംഭവിക്കും? ദൈവപുത്രൻെറ മനുഷ്യാവതാര രഹസ്യം കന്യകമറിയാമിൻെറ മുമ്പിൽ അവതരിപ്പിക്കുന്ന മാലാഖയോടുള്ള ചോദ്യമാണത്! ഉത്തരം വളരെ വേഗം നൽകിക്കഴിഞ്ഞു: ദൈവത്തിന് അസാദ്ധ്യമായി ഒന്നുംതന്നെയില്ലല്ലോ. മനുഷ്യാവതാരരഹസ്യമെന്നതുപോലെ രക്ഷണീയ രഹസ്യവും അവിടെയാണ് സമാരംഭിക്കുക; അവിടെയാണ് അത് സാക്ഷാത്കരിക്കപ്പെടുന്നതിൻെറ ആരംഭം കുറിക്കുക. അന്നുമുതൽ തുടങ്ങിയതാണ് മറിയത്തിൻെറ ദൈവമാതൃത്വം, അതിനെ തുടർന്ന് അവളുടെ വേദനകളും വ്യാകുലങ്ങളും! ഒന്നിനുപുറകെ ഒന്നായി ഓരോ പ്രതിസന്ധികളിൽ കൂടിയാണ് ദൈവതിരുമനസ്സ് അവഠംക്ക് വെളിപ്പെട്ടത്. മുപ്പത്തിമൂന്നു വർഷങ്ങളോളം എടുത്തു വ്യക്തമായി അവ

www.malankaralibrary.com



ളുടെ പദവിയും പങ്കും മനസ്സിലാക്കുവാൻ. പരിശുദ്ധ കന്യകയെ സംബന്ധിച്ചിടത്തോളം രക്ഷാകരപദ്ധതി പൂർണ്ണമായി അവളും ഗ്രഹിക്കുന്നത് പെന്തിക്കൊസ്തി തിരുനാളോടുകൂടിയാണ് എന്നതിനു തെല്ലും സംശയമില്ല. ദൈവത്തിന് അനന്തതയിൽ ഗതകാലവും വർത്തമാനകാലവും ഭാവികാലവും നിത്യതയോട് ലയിച്ചു ഒന്നാകുന്നുവെങ്കിലും, മനുഷ്യരുടെ ഇടയിൽ, കന്യക മറിയം അതിനൊരപവാദമല്ല, മൂന്നു കാലങ്ങളും വ്യതിരിക്തങ്ങളും വ്യത്യസ്തങ്ങളുമാണ്. തന്മൂലം ദൈവത്തിന്റെ വെളിപാട് സാക്ഷാത്കരിക്കപ്പെടുമ്പോഴ് മാത്രമാണ് നാം അറിയുക. കന്യകമറിയാം തന്റെ ആദ്യത്തെ "ഭവിക്കട്ടെ" നസ്രസിലെ ഒരു അടച്ച കൊച്ചുമുറിയിൽ വച്ചു പറഞ്ഞപ്പോഴ് അതിനു അവൾ നൽകിയ അർത്ഥത്തിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു, ഭൂമിയുടെ ഉച്ചിയിൽ, ഗോഗുൽത്തായിൽ, തുറസ്സായ സ്ഥലത്ത് കുരിശിൻകീഴിൽ, സ്വയമായി 'ഭവിക്കട്ടെ' എന്ന പദം ദൈവതിരുക്കുമാരന് അമ്മയാകുന്നതിന് ഉതകുന്നതായിരുന്നുവെങ്കിൽ, ഗോഗുൽത്തായിൽ സ്വയം, മററാരും കേൾക്കാതെ പറഞ്ഞ 'ഭവിക്കട്ടെ' എന്ന പദംകൊണ്ട് 'മനുഷ്യപുത്രർക്ക്' അമ്മയാകുന്നതിനു ഉതകുന്നതായിതീർന്നു. മുപ്പത്തിമൂന്നു വർഷങ്ങൾകൊണ്ട് അവൾക്കു കൈവന്ന രൂപാന്തരം!

കന്യകമറിയാമിനെക്കുറിച്ച് സഭയ്ക്കുണ്ടായിരുന്ന ധാരണയും രണ്ടായിരം വർഷമെടുത്തു വളരുവാനും വികസിക്കുവാനും; വിശുദ്ധ ത്രിത്വത്തെക്കുറിച്ചും പുത്രൻ തമ്പുരാനെക്കുറിച്ചും വ്യക്തമായ ആശയങ്ങളും വിശ്വാസങ്ങളും രൂപപ്പെടുത്തുന്നതിന് ആദ്യത്തെ സാർവ്വത്രിക സുന്നഹദ്ദോസുകൾ സഹായിച്ചു. പാഷണ്ഡതകളെ ഒന്നൊന്നായി സാർവ്വത്രിക സുന്നഹദ്ദോസുകൾ പിച്ചിചീന്തി. പരിശുദ്ധകന്യകമറിയത്തെക്കുറിച്ചുള്ള അടിസ്ഥാനചിന്ത—ദൈവമാതാവ് എന്ന സംജ്ഞ—രൂപം കൊണ്ടത് എഫേസൂസ് സാർവ്വത്രിക സുന്നഹദ്ദോസിൽവച്ചാണ്. നെസ്തോറും സഹചാരികളും എതിർത്തു, അവരുടെ എതിർപ്പുകളെ തകർത്തുകൊണ്ട്, മറിയത്തിന്റെ സ്ഥാനം ക്രിസ്തു വിശ്വാസികൾ ഉച്ചൈ

www.malankaralibrary.com



സ്തരം പ്രഘോഷിച്ചു; 'ദൈവത്തിൻെറ അമ്മ'. അതിനു ശേഷമുള്ള പതിനഞ്ചുനൂററാണ്ടുകളിലൂടെ സഭവളർന്നു, മറിയത്തിൻെറ സവിശേഷ പദവി ഉന്നതത്തിൽ നിന്നും ഉന്നതത്തിലേക്കുയർന്നു. എഫേസൂസ് സുന്നഹദ്ദോസ് "ദൈവമാതാവായി" പ്രഖ്യാപിച്ച പരിശുദ്ധ കന്യകമറിയാമിനെ ഇരുപതാം നൂററാണ്ടിലെ രണ്ടാം വത്തിക്കാൻ കൗൺസിൽ 'സഭയുടെ അമ്മയായി' പ്രഖ്യാപിച്ചു. ഗ്രാമീണ കന്യക ത്രിലോക രാജ്ഞിയായി നേരത്തെതന്നെ അംഗീകരിക്കപ്പെട്ടിരുന്നു; അവളുടെ രാജ്ഞീപദം അനുസ്മരിക്കുന്നതിന് പ്രത്യേകം തിരുനാളായി. ഒന്നാം നൂററാണ്ടിൻെറ ആരംഭത്തിൽ നന്മനിറഞ്ഞവളെയെന്നു മാലാഖാ സംബോധന ചെയ്ത മറിയാമിനെ പത്തൊൻപതാം നൂററാണ്ടിൽ അമലോത്ഭവയായി സഭ പ്രഖ്യാപിച്ചു. ഇരുപതാം നൂററാണ്ടിൻെറ ഉത്തരഭാഗത്ത് അവരം 'സ്വർഗ്ഗാരോപിത'യാണെന്ന് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ വിശ്വാസികളെ പഠിപ്പിച്ചു, കന്യകമറിയാമിനെക്കുറിച്ചുള്ള വേദശാസ്ത്രം നൂററാണ്ടുകളിലൂടെ വളരുകയായി. സ്വർഗ്ഗരാജ്യത്തെ കടുകുമണിയോടുപമിച്ച കർത്താവിൻെറ അമ്മയെക്കുറിച്ചുള്ള വേദശാസ്ത്രം കടുകുമണിയെപ്പോലെ ആദിമനൂററാണ്ടിൽ മുളച്ചു, നൂററാണ്ടുകളിലൂടെ അതൊരു വൻവൃക്ഷമായി പരിണമിക്കുകയുണ്ടായി.

മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ സ്ഥാപിച്ച എല്ലാദേവാലയങ്ങളും പരിശുദ്ധ ദൈവമാതാവിൻെറ നാമത്തിലായിരുന്നു. അന്ന് മാനസാന്തരപ്പെട്ട് ക്രിസ്ത്യാനികളായവരുടെ ഹൃദയങ്ങളിൽ ദൈവമാതാവിനെക്കുറിച്ചുള്ള ജ്ഞാനം ഒരു കടുകുമണിപോലെയായിരുന്നു. പക്ഷേ, വിശ്വാസത്തിൻെറ വളക്കൂറുള്ള അവരുടെ ഹൃദയഭൂവിൽ കടുകുമണി മുളച്ചു, നൂററാണ്ടുകളിലൂടെ വളർന്നു വികസിച്ചു. ശ്ലൈഹിക പാരമ്പര്യം ഒരു പ്രതിരോധമായി നിന്ന് പ്രസ്തുത തരുവിനെ സംരക്ഷിച്ചുവെങ്കിലും ബാഹ്യമായി പാഷണ്ഡതകളാകുന്ന കീടങ്ങരം തരുവിനെ ബലഹീനമാക്കുന്നതിനു ശ്രമിച്ചിട്ടുണ്ട്; എങ്കിലും ശ്ലൈഹിക ഐക്യവും പാരമ്പര്യം പ്രതിരോധമായി നിന്ന് മരിയ വേദശാസ്ത്രമാകുന്ന തരു

www.malankaralibrary.com



വിനെ സംരക്ഷിച്ചുവളർത്തി. മാർത്തോമ്മാ മക്കൾ തങ്ങളുടെ പൈതൃകമായ വിശ്വാസത്തെ—മർത്തമറിയം മിശിഹായുടെ അമ്മ മാത്രമല്ല, ദൈവത്തിന്റെ അമ്മ തന്നെയെന്ന വിശ്വാസ സത്യത്തെ—മുറുകെപിടിച്ചുകൊണ്ട്, യേശുവിന്റെ അമ്മ യോടുള്ള സ്നേഹത്തിലും ഭക്തിയിലും ഉറച്ചുനിന്നു, വളർന്നു. യേശുവിന്റെ അടുക്കലെത്തണമെങ്കിൽ ആ അമ്മ യെ അമ്മയായി സ്വീകരിക്കണമെന്ന നിഗമനത്തിൽ എത്തി ചേർന്നു അവർ, തങ്ങളുടെ പിതാവായ മാർത്തോമ്മായെപ്പോ ലെ ദേവാലയങ്ങൾ സ്ഥാപിച്ച് അവളുടെ ഓർമ്മ നില നിർത്തി; ആ അമ്മയുടെ കീർത്തനങ്ങളും സ്തോത്രഗീത ങ്ങളും ആരാധനാജീവിതത്തിലെന്നപോലെ അനുദിന ജീവി തത്തിലും ഏററുപാടി; സഭാപാരമ്പര്യത്തിന്റെ തണലിൽ, വിശ്വാസികൾ ആ അമ്മയോടു ആവർത്തിച്ചാവർത്തിച്ചു പ്രാർത്ഥിച്ചു; "തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾ ക്കുവേണ്ടി ഇപ്പോഴും എപ്പോഴും അപേക്ഷിക്കണമെ".

അമ്മയുടെ ഓർമ്മനിലനിർത്തുന്നതിന് പാശ്ചാത്യ പൗരസ്ത്യ പാരമ്പര്യങ്ങൾ അവർ കൂട്ടിഇണക്കി; പൗര സ്ത്യ പാരമ്പര്യത്തിൽനിന്നുള്ള എട്ടുനോമ്പും പതിനഞ്ചു നോമ്പും അനുഷ്ഠിച്ചു; മാതാവിന്റെ വിവിധ തിരുനാളു കൾ കൊണ്ടാടി. പാശ്ചാത്യ പാരമ്പര്യത്തിൽനിന്നും മാതാ വിന്റെ വണക്കമാസങ്ങളും മററു തിരുനാളുകളും ആചരി ച്ചു; ജപമാല പ്രാർത്ഥനയിൽ ആശ്വാസം കണ്ടെത്തി, മരി യസൈന്യശാഖകൾ സ്ഥാപിച്ച് ഇടവകകളിൽ സ്വർഗ്ഗീയ അമ്മയോടുള്ള കൂറുപുലർത്തി. കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ അംഗീകരിച്ചു, സ്വവിശ്വാസ ത്തിന്റെ അംശമാക്കി മാററി. മരിയൻ വേദശാസ്ത്രം വള രുന്നതനുസരിച്ച് മാർത്തോമ്മാമക്കളുടെ മരിയൻ വിശ്വാസ വും വളർന്നുകൊണ്ടിരിക്കുന്നു.

മരിയൻ തീർത്ഥാടനകേന്ദ്രങ്ങൾ സ്ഥാപിച്ചും മരി യൻ കോൺഗ്രസ്സുകൾ സംഘടിപ്പിച്ചും പരിശുദ്ധ കന്യക മറിയത്തോടുള്ള ഭക്തിയും സ്നേഹവും ശാശ്വതമാണെ ന്നും മാർത്തോമ്മാമക്കൾ സാർവ്വത്രികസഭയിലെ അപരവി

www.malankaralibrary.com



ശ്ലീഹന്മാരോടൊപ്പം മറിയത്തെ തങ്ങളുടെ വാത്സല്യനിധി യായ സ്വർഗ്ഗീയ മാതാവായി പ്രഖ്യാപിക്കുന്നെന്നും തെളി യിച്ചിരിക്കുന്നു.

നീതിസൂര്യനായ യേശുവിൻെറ മുന്നോടിയായ ഉദയ കാലനക്ഷത്രം തങ്ങളുടെ അന്ധകാരമായ ജീവിതത്തിന് പ്രത്യാശയും പ്രകാശവും പകരുമെന്നുള്ള തീവ്രമായ വി ശ്വാസമാണ് മാർത്തോമ്മാമക്കൾക്ക് ''എത്രയും ദയയുള്ള മാതാവേ'' എന്ന മനോഹരമായ പ്രാർത്ഥന ആവർത്തിച്ചു രുവിടുവാൻ പ്രചോദനം നൽകുന്നത്.

മരിയൻ വേദശാസ്ത്രത്തിൻെറ രത്നച്ചുരുക്കം ഇതാ ണ്: മറിയം ദൈവമാതാവാണ്, അതുമൂലം അവൾ എല്ലാ സൃഷ്ടികൾക്കും ഉപരിയാണ്, എല്ലാ നൽവരങ്ങളുംകൊ ണ്ട് അവൾ നിറഞ്ഞിരിക്കുന്നു, അവൾ അമലോത്ഭവയാ ണ്, പാപക്കറ യാതൊരുവിധത്തിലും തീണ്ടിയിട്ടില്ല, എങ്കി ലും അവൾ മനുഷ്യപുത്രിയായതുനിമിത്തം മരണം യേശു വിനെപ്പോലെ അനുഭവിച്ചു; പാപത്തിനു വിധേയയല്ലാതാ യിരുന്നതുകൊണ്ട് ശരീരം അഴുകുന്നതിനനുവദിക്കപ്പെട്ടില്ല. യേശുവിൻെറ രക്ഷണീയകർമ്മത്തെയും അതുവഴി അവിടു ന്നു സമ്പാദിച്ച നന്മകളെയും പ്രതി മറിയം മുൻകൂട്ടി പാപ ത്തിൽ വീഴാതെ സൂക്ഷിക്കപ്പെട്ടതുപോലെ, അവൾ എല്ലാ സൃഷ്ടികൾക്കും മുമ്പായി ഉയിർപ്പിക്കപ്പെട്ടു; സ്വർഗ്ഗത്തി ലേക്കു കരേററപ്പെട്ടതിനുശേഷം അവൾ ത്രിലോകരാജ്ഞി യായി മുടിധരിപ്പിക്കപ്പെട്ടു. അവൾ രണ്ടാം ഹവ്വായാണ്, യേശു രണ്ടാം ആദാമും. ഒരു സ്ത്രീവഴി പാപവും മരണ വും ലോകത്തിൽ പ്രവേശിച്ചെങ്കിൽ മററൊരു സ്ത്രീവഴി പാപവും മരണവും ഉന്മൂലനം ചെയ്യപ്പെട്ടു. യേശുവിനോ ട് ചേർന്നു അവൾ രക്ഷണീയകർമ്മത്തിൽ പങ്കാളിയാകുന്നു. യേശു ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥനാ യതുപോലെ, അവൾ യേശുവിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥയാണ്. അവൾവഴി എല്ലാ അനുഗ്രഹങ്ങളും നൽകപ്പെടുന്നു. മറിയം യേശുവിൻെറ അമ്മയായതുപോ

www.malankaralibrary.com



ലെ മററു മനുഷ്യരുടേയും അമ്മയാംന്, യേശു എല്ലാവർക്കും മുൻപുള്ളവനാണെങ്കിലും അവിടുന്നു എല്ലാ മനുഷ്യർക്കും സമനായി, സഹോദരനായി.

"ഇതുമുതൽ സകല വംശങ്ങളും എന്നെ ഭാഗ്യവതിയെന്നു കീർത്തിക്കും" എന്നു മറിയാം മുൻകൂട്ടി പ്രവചിച്ചു. അവളുടെ പ്രവചനം നൂററാണ്ടുകളിലൂടെ നിറവേറിക്കൊണ്ടിരിക്കുന്നു. മാർത്തോമ്മാശ്ലീഹായുടെ പൈതൃകം സ്വീകരിച്ച മലങ്കരമക്കളും ഒരേ സ്വരത്തിൽ കീർത്തിക്കുന്നു:

ദൈവജനനീ,
ധന്യേ കന്യകയേ,
പരിമള ധൂപത്തോ,
ടൊന്നിച്ചെന്നും നിന്നോർമ്മ.

മാതേ നിന്നുടെ പ്രാർത്ഥനയാൽ
ലോകവ്യാപകമാംശാന്തി
തിരുസഭതന്നിൽ സംപ്രീതി
ഇവയെല്ലാം ഉളവാക്കീടണമേ.